# പച്ചപ്പിന്റെ
# കണ്ണൂർ ഗാഥ

## പരിസ്ഥിതി പുനസ്ഥാപനത്തിന്റെ പത്തുവർഷം

**കണ്ണൂർ ജില്ല**

ഹരിതകേരളം മിഷൻ

നവ കേരളം കർമപദ്ധതി

ചീഫ് എഡിറ്റർ
**ഡോ. ടി.എൻ. സീമ**
കോർഡിനേറ്റർ, നവകേരളം കർമപദ്ധതി-2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

എഡിറ്റർ
**ഇ.കെ. സോമശേഖരൻ**
ജില്ലാ കോർഡിനേറ്റർ

സമാഹരണം, ഏകോപനം
**ഹരിതകേരളം മിഷൻ ടീം**

പ്രസിദ്ധീകരണം
**ഹരിതകേരളം മിഷൻ**
ഫെബ്രുവരി 2026

ഹരിത കേരളം മിഷൻ
മൂന്നാം നില, ബി.എസ്.എൻ.എൽ. ഭവൻ
ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം-695001
ഫോൺ : 0471-2449939
Email: navakeralamgok@gmail.com
www.haritham.kerala.gov.in



കേരള സർക്കാർ

പിണറായി വിജയൻ

മുഖ്യമന്ത്രി

# സന്ദേശം

കേരളത്തിന്റെ വികസന ചരിത്രത്തിൽ പരിസ്ഥിതി സൗഹൃദമായ ഒരു നവകേരള നിർമ്മിതിക്ക് അടിത്തറയിട്ട ദൗത്യമാണ് ഹരിതകേരളം മിഷൻ. ശുചിത്വവും ജലസമൃദ്ധിയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനവും ലക്ഷ്യമിട്ടുള്ള ഹരിതകേരളം മിഷൻ, ഒരു സർക്കാർ ദൗത്യം എന്നതിലുപരി ഒരു ജനകീയ സംസ്കാരമായി മാറിയിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഗോള വെല്ലുവിളികളെ നേരിടാൻ ഹരിതകേരളം മിഷൻ നടത്തുന്ന പ്രാദേശിക ഇടപെടലുകൾ നാടിന്റെ പാരിസ്ഥിതിക സുസ്ഥിതി ഉറപ്പാക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുക യാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ചുകൊണ്ട് നടത്തിയ ഈ പ്രവർത്തനങ്ങൾ രാജ്യത്തിനുതന്നെ മാതൃകയാണ്. ജില്ലയുടെ സവിശേഷ പാരിസ്ഥിതിക സാഹചര്യവും മിഷന്റെ നേതൃത്വത്തിൽ നടന്ന ഒരു ദശാബ്ദക്കാലത്തെ പ്രവർത്തനങ്ങളും നേട്ടങ്ങളും ഭാവിയിലേ ക്കുള്ള ദിശാ സൂചനകളും ഉൾക്കൊള്ളുന്ന ഈ പുസ്തകം പരിസ്ഥിതി പ്രവർത്തകർക്കും ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ഒരു പോലെ ഉപകാരപ്പെടുമെന്ന് പ്രത്യാശിക്കുന്നു. എല്ലാവിധ ആശംസകളും നേരുന്നു.

പിണറായി വിജയൻ



# അവതാരിക

സംസ്ഥാനത്തിന്റെ പാരിസ്ഥിതിക വീണ്ടെടുപ്പിന് പുത്തൻ ദിശാബോധമാണ് ഹരിതകേരളം മിഷൻ നൽകിയത്. കേവലം ഒരു സർക്കാർ ദൗത്യം എന്നതിലുപരി തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകൈയിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രായോഗിക പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ നേതൃപരമായ പങ്കുവഹിക്കാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്. കേരളം നേരിട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ശാസ്ത്രീയ പരിഹാര മാർഗ്ഗങ്ങളാണ് ഹരിതകേരളം മിഷൻ ആവിഷ്കരിച്ചതും നടപ്പാക്കിയതും. ഏകോപനവും സംയോജനവും ഉറപ്പാക്കിക്കൊണ്ടുള്ള ആസൂത്രണത്തിലും പദ്ധതികൾ ജനകീയ പങ്കാളിത്തത്തോടെ കർമപഥത്തിലെത്തിച്ചതിലും കാട്ടിയ മികവ് ഈ മിഷനെ ദേശീയ ശ്രദ്ധയാകർഷിച്ച ഒരു ബദൽ വികസന മാതൃകയാക്കിമാറ്റി.

കേരളം പ്രകൃതി സൗന്ദര്യത്തിലും ജൈവവൈവിധ്യത്തിലും സമ്പന്നമായ നാടാണ്. പച്ചപ്പിന്റെ പാരമ്പര്യവും ജലസമ്പത്തിന്റെ സമൃദ്ധിയും ഗ്രാമീണ കാർഷിക സംസ്കാരവും ചേർന്നതാണ് കേരളത്തിന്റെ സത്ത. എന്നാൽ കാലാവസ്ഥാ മാറ്റം, അതിവേഗത്തിലുള്ള നഗരവൽക്കരണം, മാലിന്യപ്രശ്നങ്ങൾ, ജലസ്രോതസ്സുകളുടെ ക്ഷയം, കൃഷിഭൂമികൾ തരിശാവുന്നത് തുടങ്ങിയ വെല്ലുവിളികൾ പരിസ്ഥിതി സന്തുലിതാവസ്ഥയെ ബാധിച്ചു. ഈ പശ്ചാത്തലത്തിലാണ് 2016ൽ ഹരിതകേരളം മിഷൻ രൂപീകൃതമാവുന്നത്. ഒരു ദശാബ്ദക്കാലത്തെ പ്രവർത്തനം കൊണ്ട് പരിസ്ഥിതി മേഖലയിൽ ശ്രദ്ധേയങ്ങളായ മാറ്റങ്ങൾ കൊണ്ടുവരാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്. സുസ്ഥിര വികസനമെന്നത് കേവലം വാക്കുകളല്ല മറിച്ച് പ്രായോഗികമായ പ്രവർത്തനങ്ങളാണെന്ന് ഈ മിഷൻ തെളിയിച്ചു. പദ്ധതി പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നേതൃത്വം, മറ്റ് വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും സന്നദ്ധസംഘടനകളുടെയും സഹകരണം തുടങ്ങിയവ മിഷൻ പ്രവർത്തനങ്ങൾക്ക് ഊർജമായി.

സംസ്ഥാനമൊട്ടാകെ നടപ്പാക്കിയവയാണ് മിക്ക പദ്ധതികളും ക്യാമ്പയിനുകളും. അതോടൊപ്പം ജില്ലകളുടെ സവിശേഷ ഇടപെടലുകളുടെ ഭാഗമായുള്ള പ്രവർത്തനങ്ങളും നടന്നു. ശുചിത്വവും മാലിന്യസംസ്കരണവും, ജലസംരക്ഷണവും ജലസ്രോതസ്സുകളുടെ പുനരുജ്ജീവനവും, കൃഷി വ്യാപനവും ജൈവവൈവിധ്യ സംരക്ഷണവും തുടങ്ങി വിവിധ മേഖലകൾ കേന്ദ്രീകരിച്ച് നടപ്പാക്കിയ പദ്ധതികളും ക്യാമ്പയിനുകളും വിജയം കണ്ടു. ബോധവൽക്കരണ പ്രവർത്തനങ്ങളെല്ലാം ശക്തമായ ജനകീയ വിദ്യാഭ്യാസമായി മാറി. സംസ്ഥാനമൊട്ടാകെ നടന്ന പ്രവർത്തനങ്ങൾ ജില്ലാടിസ്ഥാനത്തിൽ വിലയിരുത്തുകയാണ് ഈ പുസ്തകത്തിലൂടെ. കണ്ണൂർ ജില്ലയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭീഷണി നേരിടുന്ന കേരളത്തിന്റെ പരിസ്ഥിതി നിലനില്പിന് ഈ പ്രവർത്തനങ്ങളുടെ തുടർച്ച അനിവാര്യമാണ്. പ്രകൃതിയോട് ചേർന്നുള്ള വികസനം സാധ്യമാക്കി, പരിസ്ഥിതി സംരക്ഷണത്തെ ജീവിത ശൈലിയായി മാറ്റി ഹരിതസമൃദ്ധ നവകേരളം യാഥാർത്ഥ്യമാക്കാനാവും.

**ഡോ. ടി.എൻ. സീമ**
കോർഡിനേറ്റർ, നവകേരളം കർമപദ്ധതി-2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

# ഉള്ളടക്കം

ആമുഖം ....................7
ജില്ലയുടെ പാരിസ്ഥിതിക സവിശേഷതകളും വെല്ലുവിളികളും....................9
പരിസ്ഥിതി പ്രശ്നങ്ങളിലെ ഇടപെടൽ സാധ്യതകൾ.................... 34
ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകളും നേട്ടങ്ങളും....................41
സൃഷ്ടിക്കപ്പെട്ട മാതൃകകൾ : കണ്ണൂരിന്റെ ഹരിത ശുചിത്വ മാതൃകകൾ.................... 94
മിഷൻ നേട്ടങ്ങളുടെ പ്രവർത്തന വഴികൾ....................161
ഹരിതകേരളം മിഷനിലൂടെ സാധ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ
ശാക്തീകരണം....................217
സുസ്ഥിര പരിസ്ഥിതിക്കായുള്ള ഭാവി പ്രവർത്തനങ്ങൾ .................... 226

# ആമുഖം

വികസനമോ? പരിസ്ഥിതിയോ? വളരെ പഴയ ചോദ്യമാണിതെങ്കിലും ഏകാഭിപ്രായ സ്വഭാവമുള്ള ഉത്തരം ഇപ്പോഴുമില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരം ശുദ്ധമായ പരിസ്ഥിതി, ശുചിത്വം, മലിനീകരണ രഹിത വായു, വെള്ളം എന്നിവയ്ക്കുള്ള അവകാശം മൗലികാവകാശങ്ങളാണെന്ന് സുപ്രീം കോടതി പലതവണ അംഗീകരിച്ചിട്ടുണ്ട്.

ചരിത്ര പ്രസിദ്ധമായ ഡൂൺവാലി കേസിൽ നാൽപ്പത് വർഷങ്ങൾക്കു മുമ്പ് ബഹു.സുപ്രീം കോടതി ആർട്ടിക്കിൾ 21 നെ വ്യാഖ്യാനിച്ചതിൽ തുടങ്ങി സുപ്രധാനമായ വിധികൾ ഈ മേഖലയിലുണ്ടായിട്ടുണ്ടെങ്കിലും മികച്ച പരിസ്ഥിതിയിൽ ജീവിക്കാനുള്ള പൗരന്മാരുടെ അവകാശംഭരണ സംവിധാനങ്ങളുടെ പരിഗണനയിൽ മുഖ്യ പ്രാധാന്യത്തോടെ ഇന്നും കടന്നു വന്നിട്ടില്ല എന്നതാണ് പൊതു സ്ഥിതി.

ഇൻഡോറിലേതുപോലെ നഗര കേന്ദ്രീകൃതമായ ചില മാലിന്യ സംസ്കരണ സംവിധാനങ്ങൾ, തെലുങ്കാനയിലെ ഹരിതഹാരം പോലെ ചില വൃക്ഷവത്ക്കരണ പ്രവർത്തനങ്ങൾ, രാലിഗാൻ സിദ്ദി ഗ്രാമത്തിലേതുപോലെ ചില ജലസംരക്ഷണ ഇടപെടലുകൾ എന്നിങ്ങനെ പ്രാദേശികമായി നടപ്പാക്കിയ കുറേ മാതൃകകൾക്കപ്പുറം സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പാക്കപ്പെട്ട പരിസ്ഥിതി ഇടപെടലുകൾ രാജ്യത്തെവിടെയും ഇല്ല എന്നതായിരുന്നു സ്ഥിതി.

2016 ൽ കേരളത്തിൽ അധികാരത്തിൽ വന്ന സർക്കാർ ആർട്ടിക്കിൾ 21 അതിന്റെ വിപുലമായ അർത്ഥത്തിൽ നടപ്പാക്കാനായി പുതിയൊരു കർമപദ്ധതിക്ക് തുടക്കം കുറിച്ചത് രാജ്യത്തു തന്നെ സമാനതകൾ ചൂണ്ടിക്കാണിക്കാനില്ലാത്ത ലക്ഷ്യങ്ങളോടെയായിരുന്നു. ജീവിക്കാനുള്ള അവകാശത്തിന്റെ വിപുലമായ വ്യാഖ്യാനം വിദ്യാഭ്യാസം, ഉപജീവനമാർഗ്ഗം, പാർപ്പിടം, ആരോഗ്യം പരിസ്ഥിതി എന്നിവയിലെല്ലാമൂന്നുന്ന ഒരു പുതിയ സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതിയെ അനിവാര്യമാക്കുന്നു എന്ന് തിരിച്ചറിഞ്ഞാണ് ഇവയുമായി ബന്ധപ്പെട്ട 4 മിഷനുകളുമായി നവകേരളം കർമ്മ പദ്ധതിക്ക് 2016 ൽ തുടക്കം കുറിച്ചത്.

നവകേരളം കർമ്മപദ്ധതിയുടേയും അതിലുൾച്ചേർന്ന മിഷനുകളുടേയും പ്രവർത്തന പരിധിയായി ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയോ പ്രദേശങ്ങളേയോ നിശ്ചയിക്കുകയല്ല ചെയ്തത് എന്നതാണ് ഈ പ്രവർത്തനത്തെ അതുല്യമാക്കി മാറ്റിയത്. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തും ഗ്രാമ - നഗര വ്യത്യാസമില്ലാതെ നടപ്പാക്കാനായാണ് ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം എന്നീ നാലു മിഷനുകളും വിഭാവനം ചെയ്യപ്പെട്ടത്.

തുടക്കത്തിൽ ഉന്നയിച്ച ചോദ്യത്തിന് ഒരു സംസ്ഥാന സർക്കാർ മുന്നോട്ടു വച്ച ഏറ്റവും ശക്തമായ മറുപടിയായിരുന്നു ഹരിതകേരളം മിഷൻ. 'വികസനമോ പരിസ്ഥിതിയോ' എന്ന



ചോദ്യത്തിന് 'വികസനവും പരിസ്ഥിതിയും' എന്ന ആ മറുപടി അത്ര ലളിതമായി നടപ്പാക്കാൻ സാധിക്കുന്നതായിരുന്നില്ല. ഉയർന്ന പർവ്വതപ്രദേശങ്ങളും, കായലും കടലുമെല്ലാം ചേർന്ന തീര പ്രദേശവും, ആയിരക്കണക്കിന് ചെറുനീർച്ചാലുകളുടെ സാന്നിദ്ധ്യവും, ഉയർന്ന ജനസാന്ദ്രതയുമെല്ലാം ചേർന്ന കേരളത്തിന്റെ സവിശേഷ സ്ഥിതി, പരിസ്ഥിതി സംബന്ധമായ ഏത് ഇടപെടലിനേയും സങ്കീർണമാക്കുന്നതായിരുന്നു. ഗോത്രവർഗ ഗ്രാമങ്ങൾ മുതൽ മെട്രോ നഗരങ്ങൾ വരെയുള്ള വൈജാത്യവും വെല്ലുവിളിയായി നിന്നിരുന്നു. ഈ സങ്കീർണതകൾക്കിടയിലും സംസ്ഥാനത്തെ മുഴുവൻ പ്രദേശങ്ങളിലും പരിസ്ഥിതി പുനസ്ഥാപനത്തിന്റെ പുതിയ അദ്ധ്യായം കുറിച്ചു എന്നതാണ് ഹരിതകേരളം മിഷനെ രാജ്യത്തിന്റെ തന്നെ ശ്രദ്ധയിലേയ്ക്കുയർത്തുന്നത്.

"വെള്ളം, വൃത്തി, വിളവ് " എന്ന പരിസ്ഥിതി മുദ്രാവാക്യം ഹരിതകേരളം മിഷൻ കേരളീയ ജനമനസുകളിലേയ്ക്ക് കടത്തിവിട്ടു. പ്രാദേശിക സർക്കാരുകളും ജനങ്ങളും അതേറ്റെടുത്തപ്പോൾ മാലിന്യക്കൂനകൾ മാഞ്ഞു , മാലിന്യ ശേഖരണസംസ്കരണ സംവിധാനങ്ങൾ ഉണ്ടായി വന്നു, നീർച്ചാലുകൾ വീണ്ടെടുക്കപ്പെട്ടു, തരിശു നിലങ്ങളിൽ കൃഷി തിരിച്ചെത്തി, ഹരിത പെരുമാറ്റച്ചട്ടവും ഹരിത ടൂറിസവും ഹരിതവിദ്യാലയവും ഹരിത കലാലയവുമെല്ലാം ചേരുന്ന ഹരിത ജീവിത രീതിയുടെ മാതൃകയായി കേരളം മാറാൻ തുടങ്ങി.

ജലസംരക്ഷണം, മാലിന്യ സംസ്കരണം, കൃഷി - പരിസ്ഥിതി പുനസ്ഥാപനം എന്നീ സുപ്രധാനമായ മൂന്ന് പരിസ്ഥിതി മേഖലകളിലെയും പ്രശ്നങ്ങൾക്ക് ശാസ്ത്രീയവും സുസ്ഥിരവുമായ പരിഹാരമാർഗങ്ങളാണ് ഹരിതകേരളം മിഷൻ മുന്നോട്ടു വച്ചത്. അവ നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതായിരുന്നു മിഷന്റെ പ്രവർത്തന സമീപനം. പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ജനങ്ങളുടെ ശീലവത്ക്കരണം സുപ്രധാന ഘടകമായതിനാൽ ജനകീയതയെയാണ് ഈ പ്രവർത്തനങ്ങളിലെ മുഖ്യ മൂലധനമായി പ്രയോജനപ്പെടുത്തിയത്. നേട്ടങ്ങളിലെ സുസ്ഥിരത ഉറപ്പുവരുത്താനും ജനകീയതയുടെ പിൻബലമാണ് പ്രയോജനപ്പെടുത്തിയത്. ഈ ജനകീയതയിലും പ്രാദേശിക സർക്കാരുകളുടെ ശാക്തീകരണത്തിലും കഴിഞ്ഞ പത്തു വർഷക്കാലം നടന്ന ക്യാമ്പയിനുകളും അവയിലൂടെ സൃഷ്ടിച്ച മാറ്റങ്ങളും വരും തലമുറകൾക്ക് പ്രചോദനമായും പഠനവിഷയമായും മാറാനായി രേഖപ്പെടുത്തി വയ്ക്കേണ്ടതുണ്ടെന്ന ചിന്തയിലാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

കണ്ണൂർ ജില്ലയിൽ കഴിഞ്ഞ പത്ത് വർഷക്കാലം ഹരിതകേരളം മിഷന്റെ നേരിട്ടും അല്ലാതെയുമുള്ള ഇടപെടലിൽ നടന്ന പരിസ്ഥിതി സംരക്ഷണ-പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ മുഴുവൻ ഈ പുസ്തകത്തിൽ സംഗ്രഹിക്കുക സുസാധ്യമല്ല. അതിനാൽ ഏറ്റവും മാതൃകാപരമായവയ്ക്ക് മുൻഗണന നൽകുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

കണ്ണൂർ ജില്ലയുടെ ഈ ഹരിതപുസ്തകം കൂടുതൽ പാരിസ്ഥിതിക സുസ്ഥിരതയുള്ള നവകേരളത്തിലേയ്ക്ക് വഴിതെളിക്കുമെന്ന് പ്രത്യാശിക്കുന്നു.





# ജില്ലയുടെ പാരിസ്ഥിതിക സവിശേഷതകളും വെല്ലുവിളികളും

കേരള സംസ്ഥാനത്തിന്റെ വടക്കേ അറ്റത്തുനിന്നും രണ്ടാമതായി സ്ഥിതി ചെയ്യുന്ന ജില്ലയാണ് കണ്ണൂർ. 1957 ജനുവരി 1 നാണ് കണ്ണൂർ ജില്ല രൂപീകൃതമായത്. മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ ജില്ലയിലെ കോട്ടയം, ചിറക്കൽ, കുറുമ്പ്രനാട് താലൂക്കുകളും കാസർഗോഡ് താലൂക്കും ചേർത്താണ് കണ്ണൂർ ജില്ല രൂപം കൊണ്ടത്. ആദ്യകാലത്ത് കാസർഗോഡ്, ഹോസ്ദുർഗ്, തളിപ്പറമ്പ്, കണ്ണൂർ, തലശ്ശേരി, വടക്കേ വയനാട്, തെക്കേ വയനാട് എന്നീ താലൂക്കുകളാണ് ഉണ്ടായിരുന്നത്. 1957 ലെ പൊതു തെരഞ്ഞെടുപ്പിനു ശേഷം തെക്കേ വയനാട് താലൂക്കിനെ കോഴിക്കോട് ജില്ലയുടെ ഭാഗമാക്കി മാറ്റി. വയനാട് ജില്ലയുടെ രൂപീകരണത്തെ തുടർന്ന് വടക്കേ വയനാട് താലൂക്കും കാസർഗോഡ് ജില്ല നിലവിൽ വന്നതോടെ കാസർഗോഡ്, ഹോസ്ദുർഗ് താലൂക്കുകളും കണ്ണൂർ ജില്ലയിൽ നിന്നും വേർപെടുത്തപ്പെട്ടു. പിന്നീട് രൂപീകരിക്കപ്പെട്ട ഇരിട്ടി, പയ്യന്നൂർ താലൂക്കുകളും ആദ്യം മുതലുള്ള തളിപ്പറമ്പ്, കണ്ണൂർ, തലശ്ശേരി എന്നിവയും ചേർന്ന് 5 താലൂക്കുകളാണ് ഇപ്പോൾ ജില്ലയിലുള്ളത്.

### കണ്ണൂർ ജില്ലയിലെ താലൂക്കുകൾ

ചരിത്രാതീതകാലം മുതൽ തന്നെ കണ്ണൂർ ജില്ലയിലും മനുഷ്യാധിവാസം ഉണ്ടായിരുന്നുവെന്ന് സൂചിപ്പിക്കുന്ന കല്ലറകളും മറ്റു തെളിവുകളും പുരാവസ്തു ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. തൃച്ചംബരം, കുറ്റ്യേരി എന്നിവിടങ്ങളിൽ വില്യം ലോഗൻ കണ്ടെത്തിയ ശിലാഗുഹകൾ മഹാശിലായുഗത്തിലേതാണെന്ന് കരുതപ്പെടുന്നു. ജില്ലയിലെ പല സ്ഥലങ്ങളിലും പ്രാചീന കാലത്തെ അവശേഷിപ്പുകളായ ഗുഹകളും ശവക്കല്ലറകളും കൽമേശകളും കണ്ടെത്തിയിട്ടുണ്ട്. ഇവയെല്ലാം മഹാശിലായുഗത്തിലെ നിർമ്മിതികളാണെന്നാണ് വിദഗ്ധവാദം.

തറികളുടേയും തിറകളുടേയും നാടായി അറിയപ്പെടുന്ന കണ്ണൂരിന്റെ കലാ- സാംസ്കാരിക മേഖലയിലെ സംഭാവനകളാണ് തെയ്യവും പൂരക്കളിയും കോൽക്കളിയും. കൃഷ്ണഗാഥയുടെ രചയിതാവായ ചെറുശ്ശേരി മുതൽ ജീവിച്ചിരിക്കുന്നവരിൽ ഏറ്റവും പ്രമുഖനായ ചെറുകഥാകൃത്ത്






ടി.പത്മനാഭൻ വരെ അനേകം സാംസകാരിക നായകന്മാർക്കും, പാവങ്ങളുടെ പടത്തലവനായ മഹാനായ എ.കെ.ജി മുതൽ സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയൻ വരെ പ്രശസ്തരായ സാമൂഹ്യ പരിഷ്കർത്താക്കൾക്കും ജന്മം നൽകിയ നാടാണ് കണ്ണൂർ.

## ഭൂപ്രകൃതി

ജില്ലയുടെ ആകെ വിസ്തൃതി 2966ച.കി. മീറ്ററാണ്. സംസ്ഥാന ഭൂപ്രകൃതിയുടെ സവിശേഷതയായ മലനാട്, ഇടനാട്, തീര സമതലം (തീരപ്രദേശം) എന്നീ മൂന്ന് ഭൂരൂപങ്ങളും കണ്ണൂർ ജില്ലയിലും ഉൾപ്പെടുന്നുണ്ട്. ഈ മൂന്ന് മേഖലകളിലുമുള്ള പ്രദേശങ്ങൾ ഉൾപ്പെടുന്ന ഏക താലൂക്ക് പയ്യന്നൂരാണ്




(ഭൂപടം : തയ്യാറാക്കിയത് - കൃഷി വിജ്ഞാന കേന്ദ്ര, കണ്ണൂർ ( KAU ) Source : NBSS &LUB

## മലനാട്

തീരരേഖക്ക് ഏതാണ്ട് സമാന്തരമായി ജില്ലയുടെ കിഴക്ക് ഭാഗത്ത് നീണ്ടു കിടക്കുന്ന സഹ്യപർവ്വത നിരകൾക്ക് ജില്ലയുടെ വടക്ക് ഭാഗത്ത് ഉയരം കുറവായും തെക്കോട്ട് പോകും തോറും ഉയരം ഏറിവരുന്നതായും കണ്ടു വരുന്നു. വയനാടൻ പീഠപ്രദേശത്തിനോട് ചേർന്ന് കിടക്കുന്ന ഈ പ്രദേശം സമുദ്രനിരപ്പിൽ നിന്നും 1000- 1200 മീറ്റർ വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളാണ്. ഇവിടങ്ങളിൽ ഭൂരിഭാഗവും മഴക്കാടുകൾ നിറഞ്ഞ വനമേഖലയാണ്. മറ്റു ഭാഗങ്ങളിൽ ജനസാന്ദ്രത ജില്ലാ ശരാശരിയായ 813 ച കി മീ. നേക്കാൾ താരതമ്യേന കുറവാണ്. വന പ്രദേശങ്ങൾ ഒഴിവാക്കിയാൽ അവശേഷിക്കുന്ന പ്രദേശങ്ങളാവട്ടെ ഫലഭൂയിഷ്ഠവും കൃഷിക്കനുയോജ്യവുമാണ്. കണ്ണൂർ ഒഴികെയുള്ള എല്ലാ താലൂക്കുകളിലും മലനാട് വ്യാപിച്ചു കിടക്കുന്നുണ്ട്.

മലയോര പ്രദേശത്ത് സ്ഥിതിചെയ്യുന്ന പൈതൽമല, പാലക്കയം തട്ട്, കാഞ്ഞിരക്കൊല്ലി, ശശിപ്പാറ, മാട്ടറ കാലാങ്കി, കൊട്ടിയൂർ, പാലുകാച്ചിമല, മാലൂരിലെ പാലുകാച്ചിപ്പാറ എന്നീ സ്ഥലങ്ങൾ പ്രകൃതി സൗന്ദര്യം ആസ്വദിക്കാനും ശുദ്ധവായു ശ്വസിക്കാനുമായി വന്നുചേരുന്ന സഞ്ചാരികൾക്ക് ഹൃദയഹാരിയായ കാഴ്ചകളാണ് സമ്മാനിക്കുന്നത്. കടൽ തീരത്തെന്ന പോലെ സൂര്യോദയത്തിന്റേയും അസ്തമയത്തിന്റെയും സുന്ദര ദൃശ്യങ്ങൾ ആവോളം ആസ്വദിക്കുന്നതിന് ഇവിടങ്ങളിൽ വന്നെത്തുന്ന ആളുകളുടെ എണ്ണം അനുദിനം വർദ്ധിച്ചു വരികയാണ്. ആറളം വന്യജീവി സങ്കേതവും തീർത്ഥാടന ടൂറിസത്തിന് അന്തർസംസ്ഥാന പ്രശസ്തി നേടിയ കൊട്ടിയൂർ ശിവക്ഷേത്രവും കുന്നത്തൂർ മുത്തപ്പൻ മടപ്പുരയും സ്ഥിതി ചെയ്യുന്നതും മലനാട് വിഭാഗത്തിൽ പെട്ട പ്രദേശത്ത് തന്നെയാണ്. ഒരു മാസക്കാലം നീണ്ടുനിൽക്കുന്ന കൊട്ടിയൂർ ഉത്സവം ഹരിത ഉത്സവമായി നടത്തിക്കുന്നതിനും ദിവസേന വന്നെത്തുന്ന ലക്ഷക്കണക്കിന് സന്ദർശകരും പ്രദേശത്തെ വാണിജ്യ സ്ഥാപനങ്ങളും ഉണ്ടാക്കുന്ന മാലിന്യങ്ങളും അതതു ദിവസം തന്നെ ശേഖരിച്ച് സംസ്കരണകേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നതിനും ഹരിതകേരളം മിഷനും ഗ്രാമപഞ്ചായത്തും ദേവസ്വം ബോർഡും ചേർന്ന് ഹരിതകർമ്മസേനക്ക് നൽകി വരുന്ന പിൻതുണാ സംവിധാനം ജില്ലയിലെ മറ്റു പ്രദേശങ്ങളിലെ ഉത്സവനടത്തിപ്പിന് ഇതിനോടകം തന്നെ മാതൃകയായി തീർന്നിട്ടുണ്ട്. ഇത്തരം വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മതിയായ ശുചിത്വ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താത്തതിനാൽ മാലിന്യം അലക്ഷ്യമായി വലിച്ചെറിയുന്ന പ്രവണത കണ്ടുവരുന്നു. ഇവിടങ്ങളിൽ സഞ്ചാരികൾക്ക് ആവശ്യത്തിന് ടോയ്‌ലറ്റുകളും ശുദ്ധമായ കുടിവെള്ളവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഇല്ലാത്തത് ആ പ്രദേശത്തെ ശുചിത്വത്തെ ബാധിക്കുന്നു. ഇത്തരം കേന്ദ്രങ്ങളിൽ ഒറ്റ തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകളുടെ ബാഹുല്യം കണ്ടുവരുന്നു. ശുചിത്വ പരിപാലനത്തിന് സുസ്ഥിരമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്.

## തീരപ്രദേശം

87 കി.മീ ദൈർഘ്യമുള്ള കടലോരം ജില്ലയിലുണ്ട്. സമുദ്രനിരപ്പിൽ നിന്നും 7.5 മീറ്റർ വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളെയാണ് തീരപ്രദേശങ്ങൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. പയ്യന്നൂർ, കണ്ണൂർ, തലശ്ശേരി താലൂക്കുകളിലാണ് തീര സമതലങ്ങൾ ഉൾപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തു തന്നെ ഏറ്റവും കൂടുതൽ കണ്ടൽ വനങ്ങൾ ഉള്ള പ്രദേശവും ഇവിടെയാണ്. ചതുപ്പുകളും കോൾനിലങ്ങളും ഉപ്പുവെള്ളത്തെ ആശ്രയിച്ചുള്ള കൈപ്പാട് കൃഷിയുമൊക്കെയാണ് ഇവിടങ്ങളിലെ പ്രത്യേകതയായി പറയാവുന്നത്. ജനസാന്ദ്രത വളരെ കൂടുതലുള്ള പ്രദേശങ്ങളാണ് ഇത്. ഒരു കാലത്ത് നാളികേരം ഏറ്റവും നന്നായി കൃഷി ചെയ്ത പ്രദേശങ്ങളായിരുന്നു തീരദേശ സമതലങ്ങൾ. ടൂറിസം കേന്ദ്രങ്ങളായി വികസിച്ചിട്ടുള്ള അനേകം ബീച്ചുകളും കടൽ തീരങ്ങളും കണ്ണൂർ ജില്ലയിൽ ഉണ്ട്. കവ്വായി, എട്ടിക്കുളം, അഴീക്കോട് ചാലിൽ, മീൻകുന്ന്, പയ്യാമ്പലം , കണ്ണൂർ സെന്റ് ആഞ്ചലോ കോട്ട, കണ്ണൂർ കിഴുന്ന, ഏഴര കടപ്പുറം, മുഴപ്പിലങ്ങാട്, ധർമ്മടം, തലശ്ശേരി എന്നീ പ്രധാന കടലോര ടൂറിസം കേന്ദ്രങ്ങൾ ഓരോന്നും വ്യത്യസ്തതയാൽ സന്ദർശകരെ ആകർഷിക്കുന്ന സ്ഥലങ്ങളായി മാറിയിട്ടുണ്ട്. അന്തർദേശീയ നിലവാരത്തിൽ പണിതൊരുക്കിയിട്ടുള്ള ഏഷ്യയിലെ ഏറ്റവും ദൈർഘ്യമേറിയ

ഡ്രൈവ് -ഇൻ- ബീച്ചായ മുഴപ്പിലങ്ങാട് ബീച്ച്, രണ്ടര കിലോ മീറ്ററിലധികം ദൂരത്തിൽ നീണ്ടുകിടക്കുന്ന മണൽപ്പരപ്പോടു കൂടിയ പയ്യാമ്പലം ബീച്ച്, തലശ്ശേരി കടൽപ്പാലം മുതലായവ ഇതിൽ പ്രധാനപ്പെട്ട ചില കേന്ദ്രങ്ങൾ മാത്രമാണ്. ചാൽ ബീച്ചിനാണെങ്കിൽ ശുചിത്വ പരിപാലനത്തിനും സൗന്ദര്യം, പരിസ്ഥിതി, സുസ്ഥിരത എന്നിവ ഒരുക്കുന്നതിനുമുള്ള ഫൗണ്ടേഷൻ ഫോർ എൻവയോൺമെന്റ് ആന്റ് എഡ്യൂക്കേഷൻ ഇൻ ഡെമാർക്ക് ( FEE ) നൽകുന്ന ആഗോള അംഗീകാരമായി ബ്ലൂ ഫ്ലാഗ് സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ളതുമാണ്. ജില്ലയിലെ മറ്റെല്ലാ ബീച്ചുകളും ടൂറിസം കേന്ദ്രങ്ങളും ഇതുപോലുള്ള ഉയർന്ന ശുചിത്വനിലവാരത്തിലേക്ക് എത്തേണ്ടതായിട്ടുണ്ട്. വയലപ്ര പാർക്ക്, വെള്ളിക്കീൽ ടൂറിസം പദ്ധതി എന്നിവയും ഈ മേഖലയിലെ പുഴകളും കായലുകളുമായി ബന്ധപ്പെട്ടു കിടക്കുന്ന പ്രധാന വിനോദസഞ്ചാര ക്രേന്ദങ്ങളാണ്.

## കടൽക്ഷോഭം

കണ്ണൂർ ജില്ലയിലെ വലിയ കടപ്പുറം, ചൂട്ടാട്, പുതിയങ്ങാടി, മാട്ടൂൽ സൗത്ത്, അഴിക്കൽ, മീൻകുന്ന് കടപ്പുറം, നീർക്കടവ്, പയ്യാമ്പലം, തയ്യിൽ മൈതാനിപ്പള്ളി, കിഴുന്ന, ഏഴര കടപ്പുറം , മുഴപ്പിലങ്ങാട് ബീച്ച്, കൊടുവള്ളി മണിക്ക ദ്വീപ്, പാലിശ്ശേരി, തലശ്ശേരി ജനറൽ ആശുപത്രി പരിസരം, തലശ്ശേരി മാർക്കറ്റ്, കടൽ പാലം, പരിമടം പ്രസ്സ് വളവ് എന്നീ പ്രദേശങ്ങളിൽ ശക്തമായ തിരമാലകളിൽ കടൽ വെള്ളം കരയിലേക്ക് ഇരച്ചു കയറുന്ന അവസ്ഥ പതിവായി കണ്ടുവരുന്നു. തൽഫലമായി നിലവിലുള്ള കടൽ ഭിത്തിക്ക് സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇത്തരം സ്ഥലങ്ങളിൽ കടൽ ഭിത്തികളുടെ പുനരുദ്ധാരണവും കടൽഭിത്തി നിലവിലില്ലാത്ത പ്രദേശങ്ങളിൽ പുതിയ കടൽഭിത്തിയുടെ നിർമ്മാണവും അത്യന്താപേക്ഷിതമാണ്. ഏതാണ്ട് 5 കി.മീ നീളത്തിൽ കടൽഭിത്തിയുടെ പുനർനിർമ്മാണ പ്രവൃത്തി അടിയന്തിരമായി ഏറ്റെടുക്കേണ്ടതായുണ്ട്. ജില്ലയിൽ 14.724 കി.മീറ്റർ നീളത്തിൽ കടൽഭിത്തി ഇല്ലാത്ത തീരം ഉണ്ട്. ഇതിൽ ഏഴര കടപ്പുറം ( 255 മീ ), കടലായി-കപ്പത്തൂൺ( 75 മീ), പുതിയങ്ങാടി ചൂട്ടാട് (660 മീ) അഴീക്കൽ മീൻകുന്ന് - ചാൽ ബീച്ച് (1082മീ), നീർക്കടവ് (72മീ) എന്നിങ്ങനെ 2.144 കി. മീ നീളത്തിൽ അടിയന്തിരമായി പുതിയ കടൽഭിത്തി നിർമ്മിക്കേണ്ടതുണ്ട്. അഴി, പൊഴി, ക്ലിഫ് തുടങ്ങി കടലിന്റെയും പുഴകളുടെയും സംഗമസ്ഥാനങ്ങളിൽ പലപ്പോഴും ശക്തമായ വേലിയേറ്റത്തിൽ മണൽ വന്ന് നദീമുഖം(അഴിമുഖം) അടയുകയും ഒഴുക്ക് തടസ്സപ്പെടുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാവാറുണ്ട്. ഇത്തരം മണൽത്തിട്ടകളിൽ മത്സ്യബന്ധന ബോട്ടുകളും തോണികളും വന്നിടിക്കുകയും ബോട്ടുകൾക്ക് അപകടവും തൊഴിലാളികൾക്ക് ജീവഹാനിയും സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം മണൽത്തിട്ടകൾ മുറിച്ച് മാറ്റി നീരൊഴുക്ക് സുഗമമാക്കാനുള്ള പ്രവർത്തനത്തിൽ ഏർപ്പെട്ട ആളുകൾ ശക്തമായ ഒഴുക്കിൽപെട്ട് മരിക്കാനിടയായ സംഭവവും ഉണ്ടായിട്ടുണ്ട്. ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കാനായി അപകടകരമായ സാഹചര്യങ്ങൾ ഉടലെടുക്കുന്ന ചൂട്ടാട് അഴിമുഖത്തും കാനാമ്പുഴയുടെ അഴിമുഖമായ കിഴുന്ന കടപ്പുറത്തും പുലിമുട്ടുകൾ നിർമ്മിച്ച് ദുരന്ത സാധ്യതകൾ ഒഴിവാക്കേണ്ടതുണ്ട്.

## ഇടനാട്

സമുദ്രനിരപ്പിൽ നിന്നും 7.5 മീറ്റർ മുതൽ 75 മീറ്റർ വരെ ഉയരത്തിൽ കിടക്കുന്ന പ്രദേശത്തെയാണ് ഇടനാട് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജില്ലയിലെ എല്ലാ താലൂക്കുകളിലും ഏറിയും കുറഞ്ഞും ഇടനാട് എന്ന പ്രദേശം ഉൾപ്പെട്ടിട്ടുണ്ട്. മലമടക്കുകളും താഴ്ന്ന ഇടങ്ങളും സമതലങ്ങളും ചേർന്ന് നിമ്നോന്നതമാണെങ്കിലും വർദ്ധിച്ച ജനസാന്ദ്രതയാണ് ഈ പ്രദേശങ്ങളിൽ കാണാൻ കഴിയുക. ജില്ലയുടെ ആകെ ഭൂവിസ്തൃതിയിൽ പകുതിയോളം ഭാഗം ഈ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. ജില്ലയെ ഹരിതാഭമാക്കുന്നതിൽ വലിയ പങ്കു വഹിക്കുന്ന അർധ നിത്യഹരിത വനങ്ങളാണ് ഈ പ്രദേശങ്ങളുടെ പ്രധാന പ്രത്യേകത. വിദേശികൾ ഉൾപ്പെടെ വളരെയധികം വിനോദ സഞ്ചാരികളും തീർത്ഥാടകരും വന്നെത്തുന്ന, കേരളത്തിലാകെ അറിയപ്പെടുന്ന തീർത്ഥാടന ടൂറിസം കേന്ദ്രമായ പറശ്ശിനിക്കടവ് ശ്രീ മുത്തപ്പൻ ക്ഷേത്രം, പുരാതനമായ ചുവർചിത്രങ്ങൾക്ക് പേരുകേട്ട തൊടിക്കുളം

ശിവ ക്ഷേത്രം എന്നീ സ്ഥലങ്ങൾ സ്ഥിതിചെയ്യുന്നത് ഇടനാട് വിഭാഗത്തിൽ പെട്ട സ്ഥലത്താണ്.

## ഖനന പ്രവർത്തനങ്ങൾ

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കണ്ണൂർ കൃഷി വിജ്ഞാൻ കേന്ദ്ര കണ്ണൂർ ജില്ലയെ ആറ് കാർഷിക പാരിസ്ഥിതിക പ്രദേശങ്ങളായി തരം തിരിച്ചിട്ടുണ്ട്. തീരസമതലം, കൈപ്പാട് നിലം, ഇടനാടൻ ചെങ്കൽ പ്രദേശം, മലയടിവാരം, മലയോരമേഖല , ജലാശയം എന്നിവയാണ് ഈ പ്രദേശങ്ങൾ. ഇതുപ്രകാരം ജില്ലയിൽ 36.99 % ഇടനാടൻ ചെങ്കൽ പ്രദേശങ്ങളാണ്. പെരിങ്ങോം - വയക്കര, കാങ്കോൽ - ആലപ്പടമ്പ്, എരമം- കുറ്റൂർ, കടന്നപ്പള്ളി - പാണപ്പുഴ,ചപ്പാപ്പടവ്, പരിയാരം , കുറുമാത്തൂർ, ചെങ്ങളായി, മലപ്പട്ടം, ഇരിക്കൂർ, കൂടാളി, കുറ്റ്യാട്ടൂർ, കീഴല്ലൂർ, മുണ്ടേരി, അഞ്ചരക്കണ്ടി, ചെമ്പിലോട്, കടമ്പൂർ, പെരളശേരി, വേങ്ങാട്, മാങ്ങാട്ടിടം, കോട്ടയം, പിണറായി, കതിരൂർ, മൊകേരി, പന്ന്യന്നൂർ, കുന്നത്തുപറമ്പ്, തൃപ്രങ്ങോട്ടൂർ എന്നീ ഗ്രാമ പഞ്ചായത്തുകളും തളിപ്പറമ്പ്, ആന്തൂർ, മട്ടന്നൂർ, കൂത്തുപറമ്പ് എന്നീ നഗരസഭകളും പാനൂർ നഗരസഭയുടെ കരിയാട് ഒഴികെയുള്ള ഭാഗങ്ങളും കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷന്റെ ചേലോറ പ്രദേശവും ഈ മേഖലയിലാണ് സ്ഥിതിചെയ്യുന്നത്. ഈ പ്രദേശങ്ങളിൽ വ്യാപകമായി വെട്ടുകല്ലിന്റെ വലിയ തോതിലുള്ള നിക്ഷേപങ്ങളുണ്ടായിരുന്നു. സ്കോട്ലാന്റിൽ നിന്നെത്തിയ ഭിഷഗ്വരനും സഞ്ചാരിയും സഞ്ചാര സാഹിത്യകാരനുമായ ഫ്രാൻസിസ് ബുക്കാനിൻ അദ്ദേഹത്തിന്റെ 1807 ൽ രചിച്ച എ ജേർണി ത്രൂ മൈസൂർ, മലബാർ ആന്റ് കാനറ എന്ന ഗ്രന്ഥത്തിൽ കണ്ണൂർ ജില്ലയിൽ വ്യാപകമായുള്ള വെട്ടുകല്ലിനെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇദ്ദേഹമാണ് ഈ ഇനം ശിലകൾക്ക് ഇഷ്ടിക എന്നർത്ഥം വരുന്ന ലാറ്റർ എന്ന ലത്തീൻ പദത്തിൽ നിന്ന് ലാറ്ററേറ്റ് എന്ന ശിലാനാമം നൽകിയത്. കെട്ടിട നിർമ്മാണാവശ്യങ്ങൾക്കായി നൂറ്റാണ്ടുകൾക്കു മുമ്പു മുതൽ തന്നെ വെട്ടുകല്ല് ഉപയോഗിച്ചിരുന്നതായി കാണാൻ സാധിക്കും. മനുഷ്യൻ അവന്റെ കായികാധ്വാനം ഉപയോഗപ്പെടുത്തിക്കൊണ്ടായിരുന്നു കഴിഞ്ഞ 3 ദശകങ്ങൾ മുമ്പുവരെയും ഭൂമിയിൽ നിന്നും വെട്ടുകല്ല് ഖനനം ചെയ്തിരുന്നത്. ഈ പ്രവർത്തനങ്ങൾ കൊണ്ട് പ്രകൃതിക്ക് വലിയ തോതിലുള്ള ദോഷങ്ങൾ സംഭവിച്ചിരുന്നില്ല. ഏതാണ്ട് മൂന്നു പതിറ്റാണ്ടുകൾക്കുള്ളിൽ വെട്ടുകല്ല് ഖനനം ചെയ്യുന്ന മേഖല പൂർണ്ണമായും യന്ത്രവൽക്കരിക്കപ്പെട്ടു. ഒരേ സമയത്ത് വലിയ അളവിൽ ചെങ്കല്ല് ഖനനം ചെയ്യുന്ന പ്രവർത്തനം നടക്കാനും ഇടയായി. ഇത് വലിയ തോതിലുള്ള ആഘാതമാണ് പ്രകൃതിക്കുണ്ടാക്കിയത്. മഴവെള്ളത്തെ വലിയ അളവോളം പ്രദേശത്തു തന്നെ ആഗിരണം ചെയ്യുന്നതിന് ലാറ്ററേറ്റ് പ്രദേശത്തെ പാറകൾക്ക് സാധിക്കുമായിരുന്നു. ഉറപ്പുള്ള പാറയുടെ ഉൾഭാഗത്തെ സുഷിരങ്ങളിലും വിടവുകളിലും അടുക്കുകളിലും സ്പോഞ്ച് പോലെ വെള്ളത്തെ ആഗിരണം ചെയ്യാനും മഴക്കാലം അവസാനിച്ചാലും ദീർഘ നാളത്തേക്ക് സമീപ പ്രദേശങ്ങളിൽ ജല ലഭ്യത ഉറപ്പാക്കാനും ഈ പാറകൾക്ക് സാധിച്ചിരുന്നു. വിശാലമായ പ്രദേശങ്ങളിൽ ഒറ്റയടിക്ക് തന്നെ യന്ത്ര ഖനന പ്രവർത്തനം നടക്കുന്നതിനാൽ ആ പ്രദേശത്തെ മരങ്ങളും കുറ്റിച്ചെടികളും സസ്യ ആവരണങ്ങളും വളക്കൂറുള്ള മേൽമണ്ണിന്റെ പാളിയും പൂർണ്ണമായും തുടച്ചുനീക്കപ്പെടുന്നു. പ്രസ്തുത പ്രദേശം ആഴ്ചകൾക്കകം തന്നെ മീറ്ററുകൾ ആഴത്തിൽ കല്ല് വെട്ടിമാറ്റപ്പെട്ട വലിയ കുഴികളായി രൂപം മാറുന്നു. ഒന്നിലേറെ യന്ത്രങ്ങൾ ഒരേ സമയം പ്രദേശത്ത് പ്രവർത്തിക്കുമ്പോഴുണ്ടാവുന്ന പൊടിപടലങ്ങളും പെട്രോളിയം ഉൽപ്പന്നങ്ങൾ ഇന്ധനമായി ഉപയോഗിക്കുന്നതു മൂലമുണ്ടാകുന്ന പുകയും പ്രദേശത്ത് അന്തരീക്ഷ താപനിലയിലും വായു ഗുണനിലവാരത്തിലും ദോഷകരമായ മാറ്റങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യാനിടവരുത്തിയിട്ടുണ്ട്. മാത്രമല്ല പ്രദേശത്ത് വലിയതോതിലുള്ള മണ്ണൊലിപ്പിനും വരൾച്ചക്കും ചെങ്കൽ ഖനനം കാരണമായി മാറുകയും ചെയ്യുന്നു.

## മഴ ലഭ്യത

മലയാളിക്ക് മഴ അലങ്കാരവും അഹങ്കാരവുമൊക്കെയായിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. എന്നാൽ സമീപ കാലഘട്ടങ്ങളിൽ മഴ ആകുലതയും അപകടവുമാണ് ഏറെയും സമ്മാനിക്കുന്നത്. കണ്ണൂരിൽ ലഭിക്കുന്ന മഴയുടെ ശരാശരി 2758 മില്ലീ മീറ്റർ ആണെന്ന് കാലാവസ്ഥാ വകുപ്പ് അവരുടെ

രേഖകളിൽ വ്യക്തമാക്കിയിട്ടുണ്ട്. വാർഷിക മൊത്തം അളവ് ഉയർന്നതാണെങ്കിലും ചില മാസങ്ങളിൽ തീരെ മഴദിവസങ്ങളില്ലാത്തതായും മറ്റു ചില മാസങ്ങളിൽ മഴദിവസങ്ങളുടെ എണ്ണത്തിൽ വലിയ തോതിലുള്ള ഉയർച്ച ഉള്ളതായും അനുഭവപ്പെടുന്നു എന്ന സ്ഥിതി വിശേഷവും നിലവിലുണ്ട്. ഡിസംബർ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ മഴ ദിവസങ്ങൾ കുറഞ്ഞും ജൂൺ, ജൂലായ്, ആഗസ്ത് മാസങ്ങളിൽ വളരെയധികം കൂടിയും മറ്റു മാസങ്ങളിൽ പകുതി ദിവസങ്ങളിൽ താഴെ മാത്രം മഴ ലഭ്യതയുണ്ടാവുകയും ചെയ്യുന്നതായാണ് സാധാരണ അനുഭവപ്പെടുന്നത്. ഓരോ മാസത്തെയും ശരാശരി മഴ ദിനങ്ങളുടെ കണക്ക് സൂചിപ്പിക്കുന്ന പട്ടിക ഗ്രാഫ് രൂപത്തിൽ താഴെ ചേർത്തിരിക്കുന്നു.

വർഷത്തിൽ 6 മാസം മഴയും 6 മാസം വേനലും എന്നായിരുന്നു പഴമക്കാർ പറഞ്ഞിരുന്നത്. എന്നാൽ 3 ഘട്ടങ്ങളായിട്ടാണ് ജില്ലയിൽ മഴ ലഭിക്കുന്നത് എന്നതാണ് യഥാർത്ഥ വസ്തുത. ജില്ലയിൽ ആകെ ലഭ്യമാകുന്ന മഴയുടെ 70% ജൂൺ മുതൽ സെപ്തംബർ വരെയുള്ള കാലയളവിൽ പെയ്യുന്ന തെക്കുപടിഞ്ഞാറൻ മൺസൂൺ അഥവാ കാലവർഷത്തിന്റെ ഭാഗമായും (ഇടവപ്പാതി) 20% ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ വടക്കുകിഴക്കൻ മൺസൂൺ അഥവാ തുലാവർഷത്തിന്റെ ഭാഗമായും ശേഷിക്കുന്ന 10% വേനൽ മഴയായും ലഭിക്കുന്ന രീതിയാണ് ഉണ്ടായിരുന്നത്. ആഗോള താപനത്തിന്റെയും പ്രാദേശിക കാലാവസ്ഥാ മാറ്റത്തിന്റെയുമൊക്കെ ഫലമായി സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലെന്നതു പോലെ കണ്ണൂർ ജില്ലയിലും കഴിഞ്ഞ കുറച്ചു കാലമായി ലഭിച്ചു കൊണ്ടിരിക്കുന്ന മഴയുടെ അളവിൽ വലിയതോതിലുള്ള ഏറ്റക്കുറച്ചിലുകളാണ് ദൃശ്യമാകുന്നത്. 2010 മുതൽ 2025 വരെയുള്ള ഓരോ വർഷത്തേയും വാർഷിക മഴ ലഭ്യതയുടേയും മഴദിവസങ്ങളുടെയും ശരാശരി കണക്ക് പരിശോധനാ വിധേയമാക്കിയാൽ ഈ കാര്യം നമുക്ക് വ്യക്തമാകും.

ഇക്കാലയളവില് തന്നെ വലിയ വരൾച്ചയും മഹാ പ്രളയവും നമുക്ക് അനുഭവപ്പെട്ടിട്ടുണ്ട്.




അവലംബം : വേൾഡ് വെതർ API




അവലംബം: വേൾഡ് വെതർ API (വർഷം 2024)

2016ലാണ് ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ വരൾച്ച അനുഭവപ്പെട്ടത്. ആ വർഷം ആകെ 131 മഴദിവസങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്. ലഭ്യമായ മഴയാണെങ്കിൽ 2000 മി. മീ. എന്ന ഏറ്റവും കുറഞ്ഞ തോതിലുള്ളതും. കേരളത്തിൽ ആകെ മഹാപ്രളയം അനുഭവപ്പെട്ട 2018 ലാണ് ജില്ലയിൽ ഏറ്റവും ഉയർന്ന മഴ ലഭ്യമായത് ; 5170 മി. മീ . 2018 ലെ പേമാരിയും പ്രളയവും തെക്കൻ കേരളത്തിൽ വൻ നാശനഷ്ടങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളത്. നമ്മുടെ ജില്ലയിലും വലിയ തോതിലുള്ള നാശനഷ്ടം ഉണ്ടായി . ജില്ലയുടെ അതിർത്തിയായ കൊട്ടിയൂർ അമ്പായത്തോടിൽ വലിയ തോതിലുള്ള ഉരുൾ പൊട്ടലും മണ്ണിടിച്ചിലും സംഭവിച്ചത് ഈ പ്രളയ കാലത്താണ്. 2018 ജൂലൈ ഒന്നിന് ജില്ലയിൽ 450 മി. മീ. മഴ ലഭിച്ചതായിട്ടാണ് കണക്കുകൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു വർഷം ലഭിക്കേണ്ട ആകെ ശരാശരി മഴയുടെ 15% ആണ് ഒറ്റ ദിവസം കൊണ്ട് പെയ്തത് എന്ന വസ്തുത ഭീതിദമായ സംഗതിയായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. എന്നാൽ 2019 ൽ കണ്ണൂർ ജില്ലയിൽ അനുഭവപ്പെട്ട പ്രളയത്തിന്റെ നാശനഷ്ടങ്ങൾ അനുഭവിക്കാത്ത പ്രദേശങ്ങളും ആളുകളും വിരളമായിരിക്കും. 182 മഴ ദിവസങ്ങളിലായി 4170 മി. മീ മഴയാണ് ആ വർഷം ലഭിച്ചത് . ഇത് മുൻ വർഷത്തെ അപേക്ഷിച്ച് കുറഞ്ഞ അളവാണെങ്കിലും പ്രദേശത്ത് അതിതീവ്രമഴ അനുഭവപ്പെട്ടതിന്റെ ഫലമായാണ് വ്യാപകമായ ഉരുൾ പൊട്ടലും മണ്ണിടിച്ചിലും വെള്ളപ്പൊക്കവും പ്രളയവും മറ്റു നാശനഷ്ടങ്ങളും ഉണ്ടായത് . ചെറിയ പ്രദേശത്ത് ചെറിയ സമയത്തിനുള്ളിൽ വർദ്ധിച്ചതോതിലുള്ള മഴ എന്നതാണ് പുതിയ രീതി. തുടര്ന്നുള്ള എല്ലാ വർഷങ്ങളിലും ജില്ലയിൽ മഴലഭ്യത കുറഞ്ഞു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പിന്നീട് 2025ൽ മാത്രമാണ് സംസ്ഥാന ശരാശരിയിലും കൂടിയതോതിലുള്ള മഴ ലഭിച്ചിട്ടുള്ളത്.

ജില്ലയിൽ എല്ലാ ഭാഗത്തും ഒരേ തോതിലുള്ള മഴയല്ല ലഭിക്കുന്നത് എന്ന കാര്യം കണക്കുകൾ പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഇടവപ്പാതിയുടെ കാര്യത്തിലായാലും തുലാമഴയുടെ ലഭ്യതയിലായാലും വേനൽ മഴയുടെ വിന്യാസത്തിലായാലും ഈ അന്തരം ദൃശ്യമാണ്. വർഷത്തിൽ എല്ലാ ഘട്ടത്തിലും കൂടിയ തോതിലുള്ള മഴ ലഭ്യതയും കൂടിയ മഴ ദിവസങ്ങളും അനുഭവപ്പെടുന്നത് മലനാട് പ്രദേശങ്ങളിലാണ്. തീരപ്രദേശങ്ങളിലും താരതമ്യേന ഉയർന്ന തോതിൽ മഴ ലഭ്യമാവുന്നതായി കാണാൻ സാധിക്കും. എന്നാൽ ഇടനാടൻ സമതലങ്ങളിൽ ജില്ലാ ശരാശരിയേക്കാളും കുറഞ്ഞതോതിലുള്ള മഴലഭ്യതയും മഴദിവസങ്ങളും മാത്രമാണ് ഉണ്ടാവുന്നത്. ഇത് ഈ പ്രദേശത്ത് ഉയർന്ന തോതിലുള്ള വരൾച്ച അനുഭവപ്പെടുന്നതിനും കാർഷിക വിളകളുടെ മാറ്റത്തിനും കാരണമാകുന്നു.

| Year | JAN | FEB | MAR | APR | MAY | JUN | JUL | AUG | SEPT | OCT | NOV | DEC | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 2014 | 2.3 | 8.4 | 0 | 23.2 | 253.4 | 634.2 | 1027.2 | 876 | 325 | 256.8 | 97.4 | 29.6 | 3533.5 |
| 2015 | 5 | 0 | 12.3 | 93.9 | 172.5 | 696.6 | 803 | 352.9 | 317.2 | 331.5 | 167.3 | 28.6 | 2980.8 |
| 2016 | 0 | 0 | 0.8 | 1 | 138.4 | 801.8 | 616.1 | 436.5 | 136.6 | 45.1 | 22 | 17.3 | 2215.6 |
| 2017 | 11.5 | 0 | 6.1 | 48.2 | 181.2 | 694.3 | 623.6 | 553 | 430.4 | 170.9 | 69.4 | 5.9 | 2794.5 |
| 2018 | 2 | 0 | 12.6 | 86.2 | 346.1 | 975.3 | 969.5 | 685.4 | 11.9 | 256 | 25.6 | 23 | 3393.6 |
| 2019 | 0 | 0 | 0.8 | 31.9 | 40.2 | 516.9 | 1020.1 | 1107.2 | 489.9 | 416.7 | 127.6 | 65.8 | 3393.6 |
| 2020 | 0 | 1 | 4.3 | 56.4 | 154.2 | 987.8 | 856.2 | 803.7 | 718.2 | 259.1 | 39 | 46.5 | 3926.4 |
| 2021 | 64.7 | 15.1 | 10.6 | 114.9 | 514.6 | 502.9 | 653.7 | 530.9 | 383.1 | 546.2 | 297.7 | 14.6 | 3649 |

അവലംബം : ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്

## പ്രകൃതി ദുരന്തങ്ങൾ കഴിഞ്ഞ 10 വർഷങ്ങളിൽ

### 2016 ലെ വരൾച്ച

ദീർഘകാല ജലക്ഷാമം ഉണ്ടാകുന്ന ഒരു സംഭവത്തെയാണ് വരൾച്ച എന്ന് വിളിക്കുന്നത്. ഒരു പ്രദേശത്ത് വർഷത്തിൽ ലഭിക്കേണ്ട ശരാശരി മഴയുടെ 25% കുറവ് മാത്രം മഴ ലഭിക്കുകയാണെങ്കിൽ ആ പ്രദേശത്ത് ആ വർഷം വരൾച്ച അനുഭവപ്പെടും എന്നാണ് കാലാവസ്ഥാ വിദഗ്ധർ പറയുന്നത്. ഇത് തണ്ണീർതടങ്ങൾ അപ്രത്യക്ഷമാകുന്നതിനും ഭൂഗർഭജല ശോഷണത്തിനും ജലത്തിന്റെ ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്നതിനും ഇടയാക്കുന്നു. ജില്ലയിലെ കാർഷിക മേഖലയെയാണ് വരൾച്ച

ഏറ്റവും ദോഷകരമായി ബാധിക്കുന്നത്. കാർഷിക വിളകളുടെ നാശവും ഗണ്യമായ തോതിലുള്ള വിളവ്യതിയാനവും വിളശോഷണവും അനുഭവപ്പെടാൻ വരൾച്ച കാരണമായി മാറുന്നു. 2016 ൽ അത്യന്തം ഗുരുതരമായ ഒരു വരൾച്ചയെയാണ് കണ്ണൂർ ജില്ല അഭിമുഖീകരിച്ചത്. 2000 മില്ലീമീറ്റർ മഴ മാത്രമാണ് ആ വർഷം ജില്ലയിൽ ലഭ്യമായത്. ഇത് ആകെ ലഭിക്കേണ്ട ശരാശരിമഴയുടെ 65% ത്തോളം മാത്രമേ വരികയുള്ളൂ. 35% മഴക്കുറവാണ് ആ വർഷം അനുഭവപ്പെട്ടത് . ഇക്കാലയളവിൽ വ്യാപകമായ കുടിവെള്ള ക്ഷാമവും കൃഷിനാശവും ജില്ലയുടെ വിവിധ ഭാഗങ്ങളിലായി റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. പിന്നീട് 2023 ലും ജില്ലയിൽ രൂക്ഷമായ വരൾച്ച അനുഭവപ്പെട്ടു. പെയ്ത മഴയുടെ അളവിൽ പത്ത് ശതമാനത്തിനടുത്ത് മാത്രമാണ് കുറവ് വന്നതെങ്കിലും മഴദിനങ്ങളുടെ എണ്ണത്തിൽ, വലിയ കുറവ് തന്നെയാണ് ആ വർഷം സംഭവിച്ചത്. ശരാശരി 160 ദിവസത്തിനുമേൽ മഴ ലഭിക്കേണ്ടിയിരുന്ന സ്ഥാനത്ത് 90 ദിവസം മാത്രമാണ് 2023 ൽ മഴ പെയ്തത്. ഇത് വലിയ തോതിലുള്ള വരൾച്ചക്കും കൃഷിനാശത്തിനും കാരണമായി. വരൾച്ച പ്രതിരോധത്തിന്റെ ഭാഗമായി ജില്ലയിലെ വിവിധ ഭാഗങ്ങളിലായി ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തുകയാണ് ഉണ്ടായത്.

വർഷം തോറും കോടിക്കണക്കിന് ലിറ്റർ മഴ വെള്ളമാണ് നമ്മുടെ ജില്ലയിൽ നിന്നുമാത്രം പാഴാക്കിക്കളയുന്നത്. ശരാശരി വലിപ്പമുള്ള ഒരു വീടിന്റെ മേൽക്കൂരയിൽ ഒരു വർഷം പതിക്കുന്ന മഴ വെള്ളത്തിന്റെ അളവ് 3 ലക്ഷം ലിറ്റർ മുതൽ 4.5 ലക്ഷം ലിറ്റർ വരെയാണ്. 10 സെന്റ് വിസ്തൃതിയുള്ള പാടത്ത് ഒരു വർഷം ഒരു കോടി ഇരുപത് ലക്ഷം ലിറ്റർ മഴവെള്ളം പതിക്കുന്നുണ്ട്. അതുപോലെ ഒരു ഹെക്ടർ വനഭൂമിയിൽ ഒരു വർഷം പെയ്യുന്ന മഴവെള്ളത്തിന്റെ അളവ് ഏറ്റവും ചുരുങ്ങിയത് നൂറ് കോടി ലിറ്ററെങ്കിലും വരും. ഇത്രയും വലിയ അളവിൽ നമുക്ക് ലഭിക്കുന്ന ശുദ്ധജലം വരൾച്ച അനുഭവപ്പെടുന്ന കാലയളവിലേക്ക് കരുതി സംഭരിച്ച് വയ്ക്കുവാൻ കാര്യമായ നടപടികളൊന്നും തന്നെ ആരുടെ ഭാഗത്തു നിന്നും ഉണ്ടാവുന്നില്ല.

### 2018- അമ്പായത്തോട് ഉരുൾപൊട്ടൽ

കണ്ണൂർ ജില്ലയുടെ കിഴക്കൻ അതിർത്തിയിൽ വയനാടൻ മലനിരകളോട് ചേർന്ന് സ്ഥിതിചെയ്യുന്ന കൊട്ടിയൂർ അമ്പായത്തോടിൽ 2018 ആഗസ്റ്റ് 16 ന് ഉണ്ടായിട്ടുള്ള ഉരുൾപൊട്ടൽ മൂലം ജില്ലയിലെ പലഭാഗങ്ങളിലും വലിയ തോതിലുള്ള നാശനഷ്ടങ്ങളാണ് സംഭവിച്ചത്. സഹ്യപർവ്വതത്തിന്റെ ഭാഗമായ കൊട്ടിയൂർ മലനിരകളിൽ സമുദ്രനിരപ്പിൽ നിന്നും ഏതാണ്ട് 3000 അടി ഉയരത്തിൽ പാലുകാച്ചിമല, പന്നിയാമ്മല വനമേഖലയിൽ നിന്നും രൂപപ്പെട്ട മണ്ണിടിച്ചിലും മഴവെള്ളപ്പാച്ചിലും താഴേക്ക് വരും തോറും ശക്തി പ്രാപിക്കുകയും ഉരുൾപൊട്ടലായി രൂപാന്തരപ്പെട്ട് വയനാടൻ മലനിരകളിൽ നിന്നും ഉദ്ഭവിച്ച് അമ്പായത്തോടിലൂടെ ഒഴുകുന്ന വളപട്ടണം പുഴയുടെ കൈവഴിയായ ബാവലിപ്പുഴയിലേക്ക് പതിക്കുകയുമാണ് ഉണ്ടായത്. വനമേഖലയിലെ വൻ വൃക്ഷങ്ങളും വലിയ പാറക്കല്ലുകളും മണ്ണും ചെളിയും വെള്ളവും എല്ലാം പുഴയിലും താഴെ ഭാഗത്തുള്ള പാലങ്ങളുടെ തൂണുകളിലും തടഞ്ഞ് നിൽക്കുകയും ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെട്ട് സമീപ പ്രദേശങ്ങളിൽ പ്രളയ സമാനമായ സാഹചര്യം ഉടലെടുക്കുകയുമാണ് ഉണ്ടായത്. ഉരുൾപൊട്ടലിനെ തുടർന്ന് മണ്ണിടിച്ചിലുണ്ടായ നൂറുകണക്കിന് ഏക്കർ വിസ്തൃതിയുള്ള വനഭൂമിയിലെ മേൽ മണ്ണും ജൈവ സമ്പത്തും കുത്തി ഒലിച്ചു പോവുകയും വെള്ളം ഒഴുകിപ്പോയ സ്ഥലം യാതൊരുവിധ ജൈവാവശിഷ്ടങ്ങളും ഇല്ലാത്ത മൊട്ടക്കുന്നായി രൂപാന്തരപ്പെടുകയുമുണ്ടായി. ഉരുൾപൊട്ടലിന്റെ ഫലമായി വളപട്ടണം പുഴയിലും കൈവഴിയായ ചീങ്കണ്ണിപ്പുഴയിലും വലിയതോതിലുള്ള വെള്ളപ്പൊക്കം അനുഭവപ്പെടുകയും പുഴയുടെ തീരപ്രദേശങ്ങളിലുള്ള താഴ്ന്ന സ്ഥലങ്ങളെല്ലാം വെള്ളത്തിനടിയിലാവുകയും പ്രദേശവാസികളെ മാറ്റിപാർപ്പിക്കുകയും ചെയ്തു. വ്യാപകമായ തോതിലുള്ള കൃഷിനാശവും അനുഭവപ്പെട്ടു. മാത്രമല്ല, പ്രളയത്തിൽ ഒഴുകി വന്ന കല്ലും മണ്ണും ചെളിയും പുഴയുടെ അടിത്തട്ടിൽ അടിഞ്ഞു കൂടിയത് കൊട്ടിയൂർ, ആറളം, ഇരിട്ടി മേഖലകളിൽ പുഴയുടെ ആഴം ഗണ്യമായി കുറയാനും ചിലയിടങ്ങളിലെങ്കിലും പുഴയുടെ ഗതി മാറി ഒഴുകാനും ഇടയാവുകയും ചെയ്തു. പുഴയുടെ ജലസംഭരണ ശേഷിയിൽ

കുറവ് സംഭവിച്ചതിനാൽ കൊട്ടിയൂർ, ആറളം മേഖലകളിൽ വേനൽക്കാലാരംഭത്തിൽ തന്നെ പുഴ വറ്റുകയും സമീപപ്രദേശങ്ങളിൽ വരൾച്ചയും കുടിവെള്ളക്ഷാമവും കൃഷിനാശവും അനുഭവപ്പെടുന്ന സ്ഥിതി ഉണ്ടാകുകയും ചെയ്തു. ഉരുൾപൊട്ടൽ മൂലം ആൾ നാശവും ജീവഹാനിയും സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.



അമ്പായത്തോട് ഉരുൾ പൊട്ടൽ

### 2019- പേമാരിയും പ്രളയവും

കേരളത്തെ നടുക്കിയ മഹാപ്രളയം 2018ൽ തെക്കൻ കേരളത്തെയാകെ തകർത്തു കളഞ്ഞെങ്കിലും ഉത്തരകേരളത്തിൽ താരതമ്യേന നാശനഷ്ടങ്ങൾ കുറവായിരുന്നു. അമ്പായത്തോട് ഉരുൾ പൊട്ടലിനെ തുടർന്ന് വളപട്ടണം പുഴയിലും തീര പ്രദേശങ്ങളിലും ഉണ്ടായ വെള്ളപൊക്കവും ഒഴിച്ചു നിർത്തിയാൽ കണ്ണൂർ ജില്ലയിൽ 2018ലെ പ്രളയത്തിന്റെ ഭാഗമായി വലിയ തോതിലുള്ള നാശനഷ്ടങ്ങൾ ഒന്നും സംഭവിച്ചിട്ടില്ല എന്നു പറയാം.

എന്നാൽ 2019 ൽ മൺസൂൺ കാലത്ത് കണ്ണൂരിലും സമീപ ജില്ലകളിലുമാണ് അതി തീവ്ര മഴയും വെള്ളപ്പൊക്കവും അനുഭവപ്പെട്ടത്. ജില്ലയിലെ എല്ലാ നദികളും കരകവിഞ്ഞൊഴുകി. പതിനായിരക്കണക്കിന് ആളുകളെ പുനരധിവസിപ്പിക്കുന്നതിനായി 72 ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുകയുണ്ടായി. അനേകം ആളുകളെ ബന്ധു വീടുകളിലേക്കും മറ്റു സുരക്ഷിത സ്ഥാനങ്ങളിലേക്കും മാറ്റിപ്പാർപ്പിക്കുകയും ചെയ്തു.

### 2022- നെടുംപൊയിൽ - കൊട്ടിയൂർ ഉരുൾപൊട്ടലുകൾ

2022ലെ കാലവർഷത്തിൽ ആഗസ്റ്റ്- 1 ന് കാണിച്ചാർ, കോളയാട് ഗ്രാമ പഞ്ചായത്തുകളുടെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന വിവിധ പ്രദേശങ്ങളിൽ ഉരുൾപൊട്ടൽ ഉണ്ടായി. നെടുംപുറംചാൽ പ്രദേശത്തുണ്ടായ ഉരുൾപൊട്ടലിൽ രണ്ടര വയസ്സുള്ള ഒരു കുട്ടി ഉൾപ്പെടെ മൂന്ന് പേർക്ക് ജീവഹാനി സംഭവിച്ചു. കാണിച്ചാർ ഗ്രാമപഞ്ചായത്തിലെ കാളക്കാട് കുരിശുമല, ഏല്പ്പീടിക, പൂളക്കുറ്റി, തുടിയാട്

എന്നീ സ്ഥലങ്ങളിലും കേളകം ഗ്രാമ പഞ്ചായത്തിലെ കണ്ടം തോടിലും ചെക്കേരി കോളനിക്ക് സമീപം പുളക്കുണ്ടിലം സമീപ പ്രദേശങ്ങളിലും ഉരുൾപൊട്ടൽ ഉണ്ടായി. നെടുംപൊയിൽ, നെടും പുറംചാൽ, തൊണ്ടിയിൽ ടൗണുകളിൽ വെള്ളം കയറുകയും വൻനാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു. കാഞ്ഞിരപ്പുഴ, നെല്ലാനി തോട്, നെടുംപൊയിൽ തോട് എന്നിവ കരകവിഞ്ഞൊഴുകി. കാഞ്ഞിരപ്പുഴയോരത്തെ വീടുകളിലും കോളയാട് കൊമ്മേരിയിലും വെള്ളം കയറി. സ്വകാര്യ ഫാമിലെ ഇരുപതോളം വളർത്തുമൃഗങ്ങൾ ഒലിച്ചുപോയി. അടിച്ചുറ്റിപ്പാറ ആദിവാസി ഉന്നതിയിലെ അന്തേവാസികളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി പാർപ്പിച്ചു. 50ലേറെ കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്കുമാറ്റി . മൂന്നാഴ്ചക്കുശേഷം ആഗസ്റ്റ് - 27 ന് ഏലപ്പീടികക്ക് സമീപം 21-ാം മൈലിലും വെള്ളറ പ്രദേശത്തും വനാന്തർഭാഗത്ത് വീണ്ടും ഉരുൾപൊട്ടൽ ഉണ്ടാവുകയും കാഞ്ഞിരപ്പുഴ കരകവിഞ്ഞൊഴുകുകയും ചെയ്തു. ഉരുൾപൊട്ടൽ സംഭവിച്ച പ്രദേശങ്ങൾക്കെല്ലാം സമീപത്തായി അനേകം ക്വാറികൾ പ്രവർത്തിച്ചു വരുന്നുണ്ടെന്ന വസ്തുതയും ശ്രദ്ധിക്കപ്പെട്ടേണ്ടതാണ്.



2022- നെടുംപൊയിൽ - കൊട്ടിയൂർ ഉരുൾപൊട്ടലുകൾ

ആഗസ്റ്റ് മാസം 24 ന് കൊട്ടിയൂർ മലയിൽ വന്യമൃഗ സംരക്ഷണ മേഖലയിൽ ഉരുൾപൊട്ടൽ ഉണ്ടാവുകയും കൊട്ടിയൂർ പാമ്പറപ്പാൻ പാലവും സമീപ പ്രദേശങ്ങളും വെള്ളത്തിനടിയിലാവുകയും ചെയ്തു. ഇതോടെ ബാവലിപ്പുഴ കരകവിഞ്ഞൊഴുകി. വലിയ തോതിലുള്ള കൃഷിനാശവും മറ്റ് നാശനഷ്ടങ്ങളും ഈ സംഭവത്തിന്റെ ഭാഗമായി ഉണ്ടായിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. വനാന്തർഭാഗത്ത് ഉണ്ടായ സംഭവമായതുകാരണം എത്രത്തോളം പ്രദേശത്ത് ഉരുൾപൊട്ടൽ മൂലം നാശനഷ്ടം സംഭവിച്ചിട്ടുണ്ട് എന്ന കാര്യത്തിൽ കൃത്യത വരുത്താൻ സാധിച്ചിട്ടില്ല.

### 2022 ലും 2023 ലും ചെറുപുഴയിലുണ്ടായ ഉരുൾപൊട്ടലുകൾ

ചെറുപുഴ ഗ്രാമപഞ്ചായത്തിലെ രാജഗിരി മരുതുംതട്ടിൽ സ്വകാര്യ വ്യക്തിയുടെ കൃഷി ഭൂമിയിൽ 2022 ജൂലൈ ഒന്നിന് ഉണ്ടായ ഉരുൾപൊട്ടലിനെ തുടർന്ന് താഴത്ത് ഭാഗമായി സ്ഥിതിചെയ്തിരുന്ന പത്തോളം കർഷകരുടെ ഭൂമിയിൽ ഉൾപ്പെടെ വ്യാപകമായ കൃഷി നാശമാണ് സംഭവിച്ചത്.

2023 ജൂലൈ 6ന് ചെറുപുഴ ഉദയംകാണാകുണ്ടിൽ സ്വകാര്യ വ്യക്തിയുടെ കൃഷിയിടത്തിലുണ്ടായ ഉരുൾപൊട്ടലിനെ തുടർന്ന് നൂറ് മീറ്ററോളം നീളത്തിൽ റോഡ് ഒലിച്ചു പോയി. സമീപ സ്ഥലങ്ങളിൽ

വ്യാപകമായ കൃഷിനാശവും കാര്യങ്കോട് പുഴയിൽ വെള്ളപ്പൊക്കവും അനുഭവപ്പെട്ടു. എട്ട് കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു.

ഉദയഗിരി പഞ്ചായത്തിലെ കാപ്പിമലയിൽ വൈതൽകുണ്ട് വെള്ളച്ചാട്ടത്തിന് സമീപത്താണ് ഉരുൾപൊട്ടൽ ഉണ്ടായത്. കർണ്ണാടക വനമേഖലയിൽ പെയ്ത കനത്ത മഴയാണ് ഈ ഉരുൾപൊട്ടലിന് കാരണമായത്. വലിയ തോതിലുള്ള കൃഷിനാശമാണ് ഈ പ്രദേശങ്ങളിൽ സംഭവിച്ചത്. ആലക്കോട് ഭാഗങ്ങളിൽ പുഴകൾ കരകവിഞ്ഞൊഴുകി. നടുവിൽ പഞ്ചായത്തിലെ കരുവഞ്ചാൽ ടൗൺ വെള്ളത്തിനടിയിലായി.

ഓരോ തവണ ഉരുൾപൊട്ടൽ സംഭവിക്കുമ്പോഴും ആ പ്രദേശത്തെ ജൈവ സമ്പത്തിന്റെ വലിയ തോതിലുള്ള ശോഷണമാണ് സംഭവിക്കുന്നത്. ദുരന്ത ഭൂമിയുടെ ഉപരിതലത്തിൽ നിന്നും സസ്യജന്തുജാലങ്ങൾ പൂർണ്ണമായും തുടച്ചുമാറ്റപ്പെടുന്നു. നൂറുകണക്കിന് വർഷമെടുത്ത് രൂപം പ്രാപിക്കുന്ന ജൈവ സമ്പുഷ്ടമായ മേൽ മണ്ണ് പൂർണ്ണമായും ഒഴുകിപ്പോകുകയും വർഷങ്ങളോളം ദുരന്ത ഭൂമിയിൽ യാതൊരുവിധ സസ്യജാലങ്ങളും മുളച്ചു വരാത്ത തരത്തിലേക്ക് മാറ്റപ്പെടുകയും ചെയ്യുന്നു. വൃക്ഷ മേലാപ്പ് നഷ്ടപ്പെടുന്നതിനാൽ പ്രദേശത്ത് കടുത്ത വരൾച്ച അനുഭവപ്പെടുന്നതിനും ഇടയാവുന്നു. സ്വത്തും ജീവനോപാധികളും നഷ്ടപ്പെടുന്ന വ്യക്തികൾക്കുണ്ടാവുന്ന നഷ്ടത്തേക്കാൾ എത്രയോ വർദ്ധിച്ചതോതിലുള്ളതും വിലമതിക്കാനാവാത്തതുമാണ് ഇപ്രകാരം സംഭവിക്കുന്ന നഷ്ടങ്ങൾ. പ്രകൃതിക്ഷോഭങ്ങൾ കാരണം സംഭവിക്കുന്ന ഇത്തരം നഷ്ടങ്ങൾ പരിഹരിച്ച് പ്രദേശം പൂർവ്വ സ്ഥിതി പ്രാപിക്കാൻ അനേകം വർഷങ്ങളുടെ കാത്തിരിപ്പ് വേണ്ടിവരും.

## ജില്ലയിലെ ജലസമ്പത്ത്

കേരളത്തിലെ 44 നദികളിൽ 7 എണ്ണം സ്ഥിതിചെയ്യുന്നത് കണ്ണൂർ ജില്ലയിലാണ്. ജില്ലയുടെ ഉപരിതല ജലസമ്പത്തിന്റെ സിംഹഭാഗവും ഈ നദികളിൽ നിന്നും അവയുടെ കൈവഴികളിൽ നിന്നുമാണ് ലഭിക്കുന്നത്. ഈ നദികളെല്ലാം തന്നെ പടിഞ്ഞാറോട്ടൊഴുകി അറബിക്കടലിൽ ചേരുന്നവയാണ്. പെരുമ്പ പുഴ, രാമപുരം പുഴ, കുപ്പം പുഴ, വളപട്ടണം പുഴ, അഞ്ചരക്കണ്ടി പുഴ, തലശ്ശേരി പുഴ, മാഹിപ്പുഴ എന്നിവയാണ് ജില്ലയിലെ നദികൾ.

### പെരുമ്പ പുഴ

കണ്ണൂർ ജില്ലയിലെ പുഴകളിൽ ഏറ്റവും വടക്ക് ഭാഗത്തുള്ള പുഴയാണ് പെരുമ്പ പുഴ. പെരുമ്പുഴ, പെരുവേമ്പ പുഴ, പയ്യന്നൂർ പുഴ എന്നിങ്ങനെ പലപേരുകളിൽ അറിയപ്പെടുന്ന ഈ പുഴയുടെ നീളം 51 കിലോ മീറ്ററാണ്. പയ്യന്നൂർ പട്ടണത്തിനു സമീപത്തുകൂടിയാണ് ഈ പുഴ കടന്നു പോകുന്നത്. സംഘകൃതികളിൽ പെരും കാനം എന്ന പേരിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതും ഈ പുഴ തന്നെയാണ്. പഴയകാല മലയാളത്തിൽ കാനം എന്നാൽ പുഴ എന്നായിരുന്നു അർത്ഥം. വണ്ണാത്തിപ്പുഴ (പാണപ്പുഴ), പാങ്ങടം തോട് എന്നിവ പ്രധാന കൈവഴികളാണ്. പെരിങ്ങോം-വയക്കര പഞ്ചായത്തിലെ തിമിരിക്ക് സമീപം പശ്ചിമഘട്ട മലനിരകളിലെ വനത്തിൽ നിന്നും ഉത്ഭവിച്ച് വെള്ളോറ, പാണപ്പുഴ, മാതമംഗലം, കടന്നപ്പള്ളി , കാനായി , പയ്യന്നൂർ എന്നീ പ്രദേശങ്ങളിലൂടെ ഒഴുകി കുഞ്ഞിമംഗലത്ത് വെച്ച് രണ്ടായി പിരിയുകയും വടക്കു ഭാഗത്തെ കൈവഴി കവ്വായി കായലിലേക്കും തെക്കുഭാഗത്തെ കൈവഴി അറബിക്കടലിലേക്കും പതിക്കുന്നു. പണ്ട് കാലങ്ങളിൽ ഈ നദിയിലൂടെയുള്ള ചരക്ക് ഗതാഗതം പ്രദേശത്തിന്റെ വാണിജ്യപരമായ പുരോഗതിക്ക് വഴിവെച്ചിരുന്നു. ഈ പുഴയുടെ പയ്യന്നൂർ വരെയുള്ള ഭാഗങ്ങളിൽ കടലിൽ നിന്നുള്ള ഉപ്പു വെള്ളം കയറുന്നുണ്ട്, അതിനു മുകളിലുള്ള ഭാഗത്തെല്ലാം ശുദ്ധജലം ഒഴുകുന്ന പ്രദേശമാണ്. പയ്യന്നൂർ ടൗണിന് ചേർന്ന് ഒഴുകുന്നതിനാൽ ടൗണിൽ നിന്നുള്ള ഖര - ദ്രവ മാലിന്യങ്ങൾ വലിയതോതിൽ പുഴയിലേക്ക് നിക്ഷേപിക്കപ്പെടുന്നതായി കണ്ടു വരുന്നു. ഇത് കാരണം നദിയിലെ ജലം മലിനമാവാനിടയാവുകയും ചെയ്യുന്നുണ്ട് . ദേശീയ ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം കേരളത്തിലെ 44 നദികളിൽ മാലിന്യത്തിന്റെ തോത് നിർണ്ണയിക്കുന്നതിനായി നടത്തിയ പരിശോധനയിൽ 21 നദികളെ അവയുടെ ശുചിത്വം വീണ്ടെടുക്കുന്നുതിനുള്ള പ്രവർത്തനം

ഏറ്റെടുത്തു നടപ്പിലാക്കാനായി തെരഞ്ഞെടുക്കപ്പെട്ടു. ഇതിൽ കണ്ണൂർ ജില്ലയിൽ നിന്നും ഉൾപ്പെട്ട മൂന്ന് നദികളിൽ ഒന്നാണ് പെരുമ്പ പുഴ.

### രാമപുരം പുഴ

കണ്ണൂർ ജില്ലയിലെ ഏറ്റവും ചെറിയ നദിയാണ് രാമപുരം പുഴ. 19 കി. മീറ്ററാണ് ഈ പുഴയുടെ നീളം. ചെറുതാഴം പഞ്ചായത്തിന്റെ അതിർത്തിയിലെ ഇരിങ്ങൽ എന്ന ഗ്രാമത്തിലെ കുന്നിൻ മുകളിൽ നിന്നാണ് ഈ നദിയുടെ ഉദ്ഭവം. നിരവധി ദേശാടന പക്ഷികൾ ചേക്കേറുന്ന കണ്ടൽ കാടുകൾ ഉൾപ്പെടെയുള്ള പ്രദേശമാണ് ഈ നദീതടം. പയ്യന്നൂരിനടുത്ത് കവ്വായി കായലിലാണ് ഈ പുഴ ഒഴുകി ചെല്ലുന്നത്. ഈ പുഴയിലെ ഗ്രാമീണ ടൂറിസം സാധ്യതകൾ തിരിച്ചറിഞ്ഞ് ചെറുതാഴം ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിവിധങ്ങളായ പുഴ സംരക്ഷണ പ്രവർത്തനങ്ങളും നദീതട വികസന പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. കടലിന്റെയും കായലിന്റെയും സാമീപ്യം കാരണം ഈ പുഴയുടെ ഏറിയ ഭാഗത്തും ഉപ്പുവെള്ളമാണ് കാണപ്പെടുന്നത്. ദേശീയ ഹരിത ട്രൈബ്യൂണൽ അതിന്റെ പരിശോധനയിൽ ജില്ലയിലെ മാലിന്യമേറിയ പുഴയായി രാമപുരം പുഴയെ കണക്കാക്കിയതിനെ തുടർന്ന് അടിയന്തിര പരിഹാരനടപടികൾ സ്വീകരിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.



### കുപ്പം പുഴ

കേരളത്തിലെ ഏറ്റവും ആഴം കൂടിയ നദിയായ കുപ്പം പുഴ കർണ്ണാടക വന മേഖലയിലെ പാടിനെൽക്കാട് എന്ന സ്ഥലത്തുനിന്നും ഉത്ഭവിച്ച് അഴീക്കൽ വെച്ച് വളപട്ടണം പുഴയുമായി ചേർന്ന് അറബിക്കടലിൽ പതിക്കുന്നു. 1887 ൽ ഇംഗ്ലീഷ് ചരിത്രകാരൻ വില്യം ലോഗൻ അദ്ദേഹത്തിന്റെ പുസ്തകമായ മലബാർ മാന്വലിൽ ഈ പുഴയെ തളിപ്പറമ്പ് പുഴ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ജില്ലയിലെ ഏറ്റവും ആഴം കൂടിയ ഈ പുഴയ്ക്ക് 88 കി. മീ നീളമുണ്ട്. കുറ്റിക്കോൽ പുഴ, മൂക്കട്ടംതോട്, ആലക്കോട് തോട്, പാക്കത്തു പുഴ എന്നിവ ഈ പുഴയുടെ പ്രധാന പോഷക നദികളാണ്. അഴിമുഖത്തു

നിന്നും കുപ്പം പാലം വരെയുള്ള ഭാഗത്ത് പുഴയിലൂടെ ഉപ്പുവെള്ളം കയറുന്നതായി കണ്ടു വരുന്നു . നല്ല വേനൽക്കാലത്ത് പുഴയിൽ ഒഴുക്കു കുറഞ്ഞാൽ കൂവേരി കടവ് വരെ ഉപ്പുവെള്ളം എത്താറുണ്ട്. ജില്ലയിൽ ഏറ്റവും കൂടുതൽ ഇ-കോളി ബാക്ടീരിയയുടെ സാന്നിധ്യം അനുഭവപ്പെടുന്നതായി ദേശീയ ഹരിത ട്രൈബ്യൂണൽ കണ്ടെത്തിയിട്ടുള്ളതും ഈ പുഴയിലെ വെള്ളത്തിലാണ്. വർധിച്ചതോതിൽ കക്കൂസ് മാലിന്യം, വ്യാവസായിക മാലിന്യം, അറവ് മാലിന്യം എന്നിവ പുഴയിലേക്ക് ഒഴുക്കി വിടുന്നതായും പരിശോധനയിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

### വളപട്ടണം പുഴ

കണ്ണൂർ ജില്ലയിലെ ഏറ്റവും നീളമേറിയതും വീതി കൂടിയതുമായ നദിയാണ് വളപട്ടണം പുഴ. 110.5 കി. മീറ്ററാണ് പുഴയുടെ നീളം. വെള്ളത്തിന്റെ അളവിൽ കേരളത്തിൽ നാലാം സ്ഥാനവും നീളത്തിൽ സംസ്ഥാനത്ത് പത്താം സ്ഥാനവുമാണ് ഈ നദിക്കുള്ളത്. കർണ്ണാടകത്തിലെ കുടക് ജില്ലയിലുള്ള ബ്രഹ്മഗിരി മലനിരകളിലെ വനമേഖലയിൽ നിന്നും ഉദ്ഭവിച്ച് കൂട്ടുപുഴ വഴി ഒഴുകുന്ന ചീങ്കണ്ണിപ്പുഴയും , വയനാട് ജില്ലയിലെ മാനന്തവാടിക്കടുത്ത് ബാവലി എന്ന ഗ്രാമത്തിൽ നിന്നും ഉദ്ഭവിക്കുന്ന ബാവലിപ്പുഴയും ഇരിട്ടിപാലത്തിനുത്ത് കല്ലുമുട്ടി എന്ന സ്ഥലത്തുവെച്ച് കൂടിച്ചേർന്നാണ് വളപട്ടണം പുഴ രൂപപ്പെടുന്നത്. വില്യം ലോഗന്റെ മലബാർ മാന്വലിൽ കാട്ടിക്കുളം കാട്ടിലൂടെയുള്ള തന്റെ യാത്രയിൽ ബാവലി പുഴയിൽ നിന്നും മീൻ പിടിച്ചതും പഴശ്ശി പടയാളികളും ബ്രിട്ടീഷ് പട്ടാളവും തമ്മിൽ ബാവലിയിൽ വെച്ച് ഏറ്റു മുട്ടിയതും വിശദീകരിക്കുന്നുണ്ട്. കർണ്ണാടക വനത്തോടു ചേർന്നു കിടക്കുന്ന വൈതൽ മലയിൽ നിന്നും ഉദ്ഭവിച്ച് ശ്രീകണ്ഠപുരം വഴി മലപ്പട്ടം മുനമ്പ് കടവിൽ വെച്ച് പ്രധാന നദിയുമായി ചേരുന്ന ശ്രീകണ്ഠപുരം പുഴയും ഈ പുഴയുടെ പോഷക നദിയാണ്.

പാമ്പുരുത്തി, തേർളായി, കോറളായി, ഭഗത്സിങ്ങ് ഐലന്റ് എന്നിവ വളപട്ടണം പുഴയുടെ അകത്തായി സ്ഥിതിചെയ്യുന്ന ചെറു തുരുത്തുകളാണ്. കൂടാതെ കാട്ടാമ്പള്ളി മുതൽ വ്യാപിച്ചുകിടക്കുന്ന വിശാലമായ ഒരു തണ്ണീർത്തട പ്രദേശവും വളപട്ടണം പുഴയുടെ ഭാഗമായി സ്ഥിതി ചെയ്യുന്നു. കാട്ടാമ്പള്ളിയിൽ നിർമ്മിച്ചിട്ടുള്ള അണക്കെട്ടാണ് പുഴയെയും തണ്ണീർതടത്തെയും തമ്മിൽ വേർതിരിക്കുന്നത്.

ഏഷ്യയിലെ തന്നെ ഏറ്റവും വലിയ തണ്ണീർത്തട പക്ഷി സങ്കേതം സ്ഥിതി ചെയ്യുന്ന ഈ തണ്ണിർതടത്തോടു ചേർന്ന പ്രദേശത്താണ് അപൂർവ്വ ഇനം ദേശാടന പക്ഷികളുടേയും നാടൻ പക്ഷികളുടേയും ആവാസ കേന്ദ്രമായ മുണ്ടേരി കടവ്. ഹിമാലയ സാനുക്കൾ, സൈബീരിയ, ആഫ്രിക്ക എന്നിവിടങ്ങളിൽ നിന്നു വരെ പക്ഷികൾ ഇവിടെ എത്താറുണ്ട്. വലിയ പുള്ളി പരുന്ത്, ചെറിയ പുള്ളി പരുന്ത് , ആൽബട്രോസ് തുടങ്ങിയ 200 ലധികം ഇനത്തിൽ പെട്ട പക്ഷികളുടെയും കരിമീൻ, ചെമ്പല്ലി, തിരുത തുടങ്ങിയ 50 ലധികം ഇനം മത്സ്യങ്ങളുടെയും വിവിധതരം ഞണ്ടുകൾ, ചെമ്മീനുകൾ, കക്ക,എളമ്പക്ക,മുരു തുടങ്ങിയ ജല ജീവികളുടെയും ആവാസ കേന്ദ്രമാണ് ഇവിടം. നെൽകൃഷിക്കു പുറമെ വിവിധതരം ഔഷധസസ്യങ്ങളും ഇവിടെ ധാരാളമായി വളരുന്നു. പൂകൈത, ഒതളം, മുഞ്ഞ, വാതം കൊല്ലി, ചൂത് ,നെയ്യാമ്പൽ, തുടങ്ങിയ ഈനം സസ്യജാലങ്ങൾ ഇവിടെ സമൃദ്ധമായി വളരുന്നു. വിവിധ ഇനം കണ്ടലുകൾ വളരുന്ന വിശാലമായ കണ്ടൽ വനങ്ങളും പ്രദേശത്ത് ദൃശ്യമാണ്. ഇതിനു പുറമെ ഹരിതകേരളം മിഷന്റെ സഹായത്തോടെ മുണ്ടേരി ഗ്രാമ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആയിരക്കണക്കിനു കണ്ടൽ ചെടികൾ നട്ടു വളർത്തുന്ന കണ്ടൽ തുരുത്തും ഇവിടെ പരിപാലിച്ചു വരുന്നു. ഈ പ്രദേശം 2014 ൽ പക്ഷി സങ്കേതമായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇതുവരെയും കാര്യമായ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല.

പണ്ടു കാലങ്ങളിൽ വളപട്ടണത്തു നിന്നു പാവന്നൂർ കടവുവരെയും മലപ്പട്ടം മുനമ്പ് കടവ് വഴി ചെങ്ങളായി വരെയും യാത്രാ ബോട്ടുകൾ സർവ്വീസ് നടത്തിയിരുന്നു. കണ്ണൂർ പട്ടണത്തിനു സമീപത്ത് സ്ഥിതി ചെയ്യുന്ന കക്കാട് വരെയും ബോട്ട്സർവ്വീസ് ഉണ്ടായിരുന്നു. ഉൾനാടൻ ജല ഗതാഗതം സജീവമായിരുന്ന ആ കാലഘട്ടത്തിൽ മലയോര പ്രദേശത്തെ പ്രധാന വാണിജ്യ കേന്ദ്രങ്ങളായ ശ്രീകണ്ഠപുരം, ചെങ്ങളായി എന്നീ സ്ഥലങ്ങളിൽ നിന്നും ചരക്കുകൾ കൊണ്ടു പോയിരുന്നതും ഈ

പുഴയിലൂടെയായിരുന്നു. തടി വ്യവസായത്തിന്റെ പ്രധാന കേന്ദ്രമായ വളപട്ടണത്തേക്ക് മലയോര മേഖലയിൽ നിന്നും മരങ്ങൾ മുറിച്ച് കടത്തിയിരുന്നതും പുഴയിലൂടെയായിരുന്നു. ഇപ്പോൾ വളപട്ടണത്ത് നിന്നും പറശ്ശിനിക്കടവ് വരെ മാത്രമാണ് ബോട്ട് സർവ്വീസ് നിലവിലുള്ളത്. പുഴയുടെ ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയിൽ ഉൾപ്പെടുത്തി വളപട്ടണം മുതൽ മലപ്പട്ടം മുനമ്പ് കടവ് വരെ പ്രധാന കേന്ദ്രങ്ങളിൽ ബോട്ടുജെട്ടികൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെങ്കിലും പുഴയുടെ ആഴക്കുറവ് കാരണം ബോട്ടുകൾ സർവ്വീസ് നടത്താൻ സന്നദ്ധമാകാത്ത സാഹചര്യം നിലവിലുണ്ട്. പുഴക്കരയിൽ പല സ്ഥലങ്ങളിലും കരയിടിച്ചിൽ ഭീഷണിയും നിലനിൽക്കുന്നുണ്ട്. പുഴയുടെ നടുക്കായി സ്ഥിതി ചെയ്യുന്ന ചെറുദ്വീപുകളായ പാമ്പുരുത്തി, ഭഗത് സിംഗ് അയലന്റ് എന്നിവിടങ്ങളിൽ കരയിടിഞ്ഞ് ദ്വീപിന്റെ വിസ്തൃതി അനുദിനം ശോഷിച്ചു കൊണ്ടിരിക്കുകയാണ്.

വളപട്ടണം പുഴയുടെ കൈവഴിയായ ശ്രീകണ്ഠപുരം പുഴയിൽ മടമ്പം, ചമതച്ചാൽ എന്നീ സ്ഥലങ്ങളിൽ സമീപകാലത്തായി 2 റഗുലേറ്റർ കം ബ്രിഡ്ജാണ് നിർമിച്ചിട്ടുള്ളത് . കാർഷിക ജലസേചനത്തിനു വേണ്ടി നിർമ്മിക്കപ്പെട്ടിട്ടുള്ള ഇവയിലെ ഷട്ടറുകൾ വേനലാരംഭത്തോടെ അടയ്ക്കുന്നതിനാൽ താഴത്തെക്കുള്ള നീരൊഴുക്ക് ഏതാണ്ട് പൂർണ്ണമായും തടസ്സപ്പെടുന്ന സാഹചര്യം സംജാതമായിരിക്കുകയാണ്. മുകൾ ഭാഗത്തു നിന്നുള്ള ഒഴുക്കിന് ശക്തി കുറയുന്നതിനാൽ വേലിയേറ്റ സമയത്ത് പുഴയിൽ ഉപ്പുവെള്ളം കയറുന്ന സ്ഥിതിവിശേഷവും ഉടലെടുത്തിട്ടുണ്ട്. മഴക്കാലം അവസാനിക്കുന്നതോടെ പഴശ്ശി പദ്ധതിയുടെ ഷട്ടർ അടയ്ക്കുന്നതിനാൽ വേനൽക്കാലത്ത് പാവന്നൂർകടവു വരെ ഉപ്പുവെള്ളം കയറുന്ന പതിവുണ്ട്. ശ്രീകണ്ഠംപുരം പുഴയിൽ നിന്നുള്ള ഒഴുക്ക് ശക്തമായതിനാൽ ആ ഭാഗത്തേക്ക് ഉപ്പുവെള്ളത്തിന്റെ സാന്നിദ്ധ്യം അനുഭവപ്പെട്ടിരുന്നില്ല. എന്നാൽ, റഗുലേറ്റർ കം ബ്രിഡ്ജ് പ്രവർത്തന ക്ഷമമായതോടെ ശ്രീകണ്ഠപുരം പാലത്തിനു താഴെ വരെ ഉപ്പുവെള്ളം കയറാൻ തുടങ്ങിയിരിക്കുന്നു. ശുദ്ധജല മത്സ്യങ്ങളുടേയും മറ്റ് ജലജീവികളുടേയും ആവാസ വ്യവസ്ഥയാണ് ഇതുമൂലം നഷ്ടമായിരിക്കുന്നുത്. പ്രദേശത്തെ കൃഷിയേയും സമീപഭാവിയിൽ ദോഷകരമായി ബാധിച്ചേക്കാവുന്ന ഒരു സംഗതിയായി ഇതിനെ പരിഗണിക്കപ്പെടേണ്ടതാണ്.



### അഞ്ചരക്കണ്ടി പുഴ

കണ്ണൂർ ജില്ലയിലെ കണ്ണവം വനമേഖലയിലെ കുറ്റിമലയുടെ താഴ്‌വാരത്തുനിന്നും ഉദ്ഭവിക്കുന്ന നദിയാണ് അഞ്ചരക്കണ്ടി പുഴ. ഈ നദിയുടെ ആകെ ദൈർഘ്യം 48 കിലോ മീറ്ററാണ്. ഉദ്ഭവസ്ഥാനത്തുനിന്നും 18 കി.മീറ്റർ വനത്തിലൂടെ ഒഴുകിയ ശേഷം എടയാറിനടുത്തു വെച്ചാണ് ഈ പുഴ ജനവാസ കേന്ദ്രത്തിലൂടെ ഒഴുകാൻ തുടങ്ങുന്നത്. ഇതു പിന്നീട് മമ്മാക്കുന്ന് പാലത്തിനടുത്ത് വെച്ച് രണ്ടായി പിരിയുന്നു. ഇതിൽ പ്രധാന തിരിവ് മേലൂർ, ചിറക്കുനി വഴി മൊയ്തുപാലത്തിനടുത്ത് വെച്ചും രണ്ടാമത്തെ തിരിവ് പാറപ്രം, അണ്ടല്ലൂർ വഴി ഒഴുകി ധർമ്മടം പാലത്തിനടുത്ത് വെച്ചും അറബിക്കടലിൽ ചേരുന്നു. ഈ രണ്ടു പതന സ്ഥാനങ്ങൾക്കിടയിലുള്ള പ്രസിദ്ധമായ ദ്വീപാണ് ധർമ്മടം പഞ്ചായത്ത്. അഴിമുഖത്തോട് ചേർന്ന് ചെറുതും വലുതുമായ നിരവധി കണ്ടൽ തുരുത്തുകളുമുണ്ട്. ഇതിൽ ഏറ്റവും വലിയ തുരുത്താണ് വിനോദസഞ്ചാരികളുടെ ഇഷ്ട സന്ദർശന കേന്ദ്രമായ ധർമ്മടം തുരുത്ത്. കരയിൽ നിന്നും നൂറ് മീറ്റർ മാറിയാണ് ഈ തുരുത്ത് സ്ഥിതി ചെയ്യുന്നത്. ഈ പുഴയിലൂടെ അഞ്ചരക്കണ്ടി വരെ ഒരുകാലത്ത് ഉൾനാടൻ ഗതാഗതം വളരെ സജീവമായിരുന്നു. ചരിത്രത്തിൽ വളരെയധികം പ്രാധാന്യമുള്ള സ്ഥലങ്ങളാണ് ധർമ്മടവും അഞ്ചരക്കണ്ടിയും. ബ്രിട്ടീഷ് ഈസ്റ്റ് ഇൻഡ്യാ കമ്പനി 18-ാം നൂറ്റാണ്ടിൽ സ്ഥാപിച്ച ഏഷ്യയിലെ ഏറ്റവും വലിയ കറപ്പത്തോട്ടം സ്ഥിതി ചെയ്തിരുന്നത് അഞ്ചരക്കണ്ടിയിലാണ്. കൂടാതെ കുരുമുളക് വ്യാപാരത്തിന്റെ പ്രധാന കേന്ദ്രമായും ഈ പ്രദേശം അറിയപ്പെട്ടിരുന്നു. ഇക്കാരണങ്ങളാൽ അഞ്ചരക്കണ്ടി പുഴയുടെ വാണിജ്യ പ്രാധാന്യം ഏറെയായിരുന്നു. പുഴയിൽ ഉപ്പുവെള്ളം കയറി സമീപപ്രദേശത്തെ വയലുകളിലെ കൃഷി നശിക്കുന്ന പ്രശ്നം പ്രദേശത്ത് ദീർഘകാലമായി നിലനിന്നിരുന്നു. പാറപ്രം ഭാഗത്ത് റഗുലേറ്റർ സ്ഥാപിതമായതോടെ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തിയിരിക്കുകയാണ്. മാത്രമല്ല പ്രദേശത്ത് വലിയതോതിലുള്ള ടൂറിസം വികസന സാധ്യതയും തെളിഞ്ഞു വന്നിരിക്കുകയാണ്. പുഴയുടെ തീരം ഏറെയും കുത്തനെയുള്ളതും താരതമ്യേന വീതി കുറഞ്ഞതും ആഴമേറിയ പ്രദേശവുമായതിനാൽ മഴക്കാലത്ത് ശക്തമായ ഒഴുക്കാണ് അനുഭവപ്പെടുന്നത്. അതിനാൽ തീരത്ത് കരയിടിച്ചിൽ ഭീഷണി നിലനിൽക്കുന്ന സ്ഥലങ്ങൾ ഏറെയുണ്ട്. അഞ്ചരക്കണ്ടി, വേങ്ങാട്, പെരളശേരി പഞ്ചായത്തുകളിലാണ് ഇത്തരം പ്രദേശങ്ങൾ കൂടുതലുള്ളത്.

### തലശ്ശേരി പുഴ

തലശ്ശേരി പുഴക്ക് കൂയ്യാലിപുഴ എന്നും പേരുണ്ട്. പാട്യം പഞ്ചായത്തിന്റെ കിഴക്കൻ അതിർത്തിയിലുള്ള മലനിരകളിൽനിന്ന് ഉത്ഭവിച്ചു ചെറുവാഞ്ചേരി, മുതിയങ്ങ, മൊകേരി, പന്തക്കൽ വഴി ഒഴുകി തലശ്ശേരി നഗരത്തെ വലം വെച്ച് കൊടുവള്ളി പാലത്തിനു സമീപം അറബിക്കടലിൽ ചേരുന്നു. ഈ പുഴക്ക് 28 കി. മീറ്റർ നീളമുണ്ട്. പുഴയോട് ചേർന്ന് വിശാലമായ തണ്ണീർതടങ്ങളും കണ്ടൽ കാടുകളും നിറഞ്ഞ പ്രദേശങ്ങൾ ഏറെയുണ്ട്. മത്സ്യകൃഷിക്കും ഉൾനാടൻ മത്സ്യബന്ധനത്തിനും ഏറെ പ്രാധാന്യവും സാധ്യതയുള്ള ഒരു പുഴയാണ് തലശ്ശേരിപ്പുഴ. റോഡ് വികസനത്തിന്റെ ഫലമായും കെട്ടിട നിർമാണത്തിനായി ഭൂമി തരംമാറ്റുന്നത് കാരണമായും ഈ പ്രദേശത്തെ കണ്ടൽ വിസ്തൃതി അനുദിനം ശോഷിച്ച് വരുന്നു. തലശ്ശേരി നഗരസഭയെ വലംവച്ച് ഒഴുകുന്ന നദി ആയതിനാൽ വലിയതോതിലുള്ള നഗര മാലിന്യങ്ങൾ നദിയിലൂടെ ഒഴുക്കിവിടുന്നതും നദിയുടെ സ്വഭാവികമായ നീരൊഴുക്കിനെ ഉൾപ്പെടെ ബാധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്.

### മാഹിപ്പുഴ

മയ്യഴിപ്പുഴ എന്ന പേരിലാണ് ഈ പുഴ ഏറെ പ്രശസ്തമായിട്ടുള്ളത്. മലയാള സാഹിത്യ മേഖലയിലെ പ്രശസ്തനായ നോവലിസ്റ്റ് എം. മുകുന്ദൻ, അദ്ദേഹത്തിന്റെ കൃതികളിലൂടെ ഈ പുഴയുടെ പ്രശസ്തി ലോകമെമ്പാടും എത്തിച്ചിട്ടുണ്ട്. ഫ്രഞ്ച് അധീന പ്രദേശമായിരുന്ന മയ്യഴിയെ ബ്രിട്ടീഷ് അധീന പ്രദേശങ്ങളിൽ നിന്നും വേർപ്പെടുത്തുന്ന പുഴയായതിനാൽ പഴയകാലത്ത് ഇംഗ്ലീഷ് ചാനൽ എന്നും ഈ പുഴക്ക് പേരുണ്ടായിരുന്നു. പശ്ചിമഘട്ട മലനിരകളിൽ നിന്നും ഉദ്ഭവിച്ച് കോഴിക്കോട് ജില്ലയിലൂടെ ഒഴുകി കണ്ണൂർ ജില്ലയുടെ തെക്കേ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ന്യൂമാഹി പഞ്ചായത്തിനും

പുതുച്ചേരി സംസ്ഥാനത്തിന്റെ ഭാഗമായ മാഹി (മയ്യഴി) ക്കും ഇടയിലൂടെ അറബിക്കടലിൽ ചേരുന്നു. 54 കി.മീറ്ററാണ് ഈ പുഴയുടെ ദൈർഘ്യം. ഉൾനാടൻ പ്രദേശങ്ങളിലേക്കുള്ള യാത്രക്കും ചരക്ക് ഗതാഗതത്തിനും പണ്ട് പുഴയെ ആശ്രയിച്ചിരുന്നു. വിനോദസഞ്ചാര സാധ്യതകൾ ഏറെയുള്ള ഒരു പുഴയാണ് ഇത്. പുഴയിലൂടെ ഉപ്പുവെള്ളം കയറുന്നതുമൂലമുള്ള കൃഷി നാശവും സമീപ പ്രദേശങ്ങളിലെ കിണറുകളിൽ ഉപ്പു വെള്ളം കയറുന്നതുമാണ് ഈ പുഴയുമായി ബന്ധപ്പെട്ട് അനുഭവപ്പെടുന്ന പ്രധാന പ്രശ്നം.

### കാനാമ്പുഴ

സംസ്ഥാനത്തെ 44 നദികളുടെ പട്ടികയിലോ ജില്ലയിലെ മറ്റു പുഴകളുടെ പട്ടികയിലോ ഇടം പിടിച്ചിട്ടില്ലാത്ത ഒരു ചെറിയ പുഴയാണ് കാനാമ്പുഴ. കണ്ണൂരിന്റെ പേരുമായി ബന്ധപ്പെട്ടു കിടക്കുന്നതും കണ്ണൂർ പട്ടണത്തിന് തൊട്ടുരുമ്മി ഒഴുകുന്നതമായ ഈ പുഴയുടെ ദൈർഘ്യം കേവലം 10 കി. മീറ്റർ മാത്രമാണ്. പട്ടണത്തിന്റെ പ്രാന്ത പ്രദേശങ്ങളിൽ മാലിന്യങ്ങൾ നിറഞ്ഞ് ഒഴുക്ക് നിലച്ച് നാശോന്മുഖമായിക്കൊണ്ടിരുന്ന ഒരു പുഴയായിരുന്നു ഇത്. മുണ്ടേരി പഞ്ചായത്തിലെ അയ്യപ്പൻമല എന്ന പ്രദേശത്തു നിന്നും ഉത്ഭവിച്ച് മാച്ചേരി, കാപ്പാട്, തിലാന്നൂർ, താഴെചൊവ്വ, കുറുവ, ആദികടലായി എന്നീ പ്രദേശങ്ങളിലൂടെ ഒഴുകി കിഴുന്ന ബീച്ചിന് സമീപത്തു വെച്ച് കടലിൽ ചേരുന്നു. പണ്ടുകാലത്ത് അഴിമുഖം മുതൽ തിലാന്നൂർ വരെ തോണികളിൽ ഈ പുഴയിലൂടെ ചരക്കുകളുടെ നീക്കവും ജനങ്ങളുടെ യാത്രയും യഥേഷ്ടം നടന്നിരുന്നു. അയ്യപ്പൻ മല, കണ്ടെമ്പേത്ത്, കൂടത്തും താഴെ, മുരടിക്കൽ താഴെ എന്നീ നാലു നീർത്തടങ്ങളിൽ നിന്നുള്ള വെള്ളം ഒഴുകിച്ചേന്നാണ് പുഴ രൂപപ്പെടുന്നത്. സമീപത്തെ പാടശേഖരങ്ങളിലും തീരങ്ങളിലും കയ്യേറ്റങ്ങളും കരയിടിച്ചിലും മറ്റും ഉണ്ടാവുകയും പുഴയിൽ മാലിന്യം കുമിഞ്ഞുകൂടുകയും ചെയ്തതിന്റെ ഫലമായി വേനൽക്കാലത്ത് പുഴ വറ്റുകയും പുഴയിലെ മത്സ്യസമ്പത്ത് നശിക്കുകയും ചെയ്തു.

മേൽ പറഞ്ഞ പുഴകൾക്കു പുറമെ ഓരോ പ്രദേശത്തും പെയ്യുന്ന മഴവെള്ളവും മഴയെ തുടർന്ന് ഭൂമിയിൽ നിന്നും ഉത്ഭവിക്കുന്ന നീരുറവകളും ഒക്കെ ചേർന്ന് രൂപപ്പെടുന്ന ചെറിയ അരുവികളും, അരുവികൾ കൂടിച്ചേർന്നുണ്ടാവുന്ന തോടുകളും ഒന്നിലേറെ ചെറു തോടുകൾ പല സ്ഥലങ്ങളിൽ നിന്നായി ചേർന്ന് രൂപപ്പെടുന്ന വലിയ തോടുകളും എല്ലാം കൂടിച്ചേർന്ന ഒരു വലിയ ശൃംഖല



തന്നെ ജലസമ്പത്തുമായി ബന്ധപ്പെട്ട് ജില്ലയിൽ നിലവിലുണ്ട്. ഇതിൽ ഭൂരിഭാഗവും വേനൽ ആരംഭിക്കുന്നതോടെ വറ്റി പോകുന്നതാണ്.

### പ്രധാന കുളങ്ങൾ

മനുഷ്യ നിർമ്മിതമായ ഒന്നിലേറെ വലിയ ചിറകളും കുളങ്ങളും നമുക്കുണ്ട്. ഇവയിൽ ഏറ്റവും പ്രധാനമാണ് ചിറക്കൽ ചിറ. കേരളത്തിലെ ഏറ്റവും വലിയ മനുഷ്യ നിർമ്മിതമായ കുളമാണ് ഇത്. 15 ഏക്കറോളം വിസ്തൃതമായ ഈ കുളം 350 ലേറെ വർഷങ്ങൾക്കു മുമ്പ് ചിറക്കൽ രാജാക്കന്മാരാണ് പണി കഴിപ്പിച്ചത്. 1662ൽ ബെമ്മാഞ്ചേരി വയലിന്റെ നടുക്കായി സ്ഥിതി ചെയ്തിരുന്ന ചെറിയ കുളം വിസ്തൃതി കൂട്ടിയാണ് ഈ ചിറ നിർമ്മിച്ചത്. ഈ ചിറയുമായി ബന്ധപ്പെടുത്തിയാണ് ഈ പ്രദേശത്തിന് ചിറക്കൽ എന്ന പേര് വന്നത് എന്നാണ് ഒരു ഐതിഹ്യം. കാലപ്പഴക്കത്താൽ ചിറയുടെ പടവുകൾ ഇടിഞ്ഞു താഴുകയും സമീപത്ത് നിന്നും മലിനജലവും മണ്ണും ഒഴുകി വന്ന് ചിറയിൽ നിറയുകയും ചിറ നാശോന്മുഖമാവുകയും ചെയ്തു.



ചിറക്കൽ ചിറ

മാടായിപ്പാറയിൽ സ്ഥിതിചെയ്യുന്ന വർഷം മുഴുവൻ വറ്റാത്ത ഒരു ജലാശയം ജില്ലയിലുണ്ട്. മാടായി വടുകുന്ദ ശിവാക്ഷേത്രത്തോടു ചേർന്നാണ് ഈ തടാകം സ്ഥിതി ചെയ്യുന്നത് . സമുദ്ര നിരപ്പിൽ നിന്നും 150 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ ശുദ്ധജല തടാകത്തിൽ ഏതു സമയത്തും വറ്റാത്ത വെള്ളം സംഭരിക്കപ്പെടുന്നതു കാരണം മാടായിപ്പാറയുടെ താഴ്‌വാരങ്ങളിലെ വീടുകൾക്ക് വർഷം മുഴുവൻ ജലലഭ്യത ഉറപ്പാണ് എന്നതും ശ്രദ്ധേയമായ വസ്തുതയാണ്. ഇതൊഴികെ മറ്റു പ്രകൃതിദത്തമായ താടാകങ്ങൾ ഒന്നും തന്നെ ജില്ലയിൽ ഇല്ല.

ഇത്ര തന്നെ വലിയതല്ലെങ്കിലും തളിപ്പറമ്പ് ശ്രീ രാജ രാജേശ്വര ക്ഷേത്രം, തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രം , ചെറുകുന്ന് അന്നപൂർണേശ്വരി ക്ഷേത്രം, മക്രേരി അമ്പലം, മട്ടന്നൂർ പെരിഞ്ചേരി ക്ഷേത്രം, മുഴക്കുന്ന് മൃദംഗ ശൈലേശ്വരി ക്ഷേത്രം, തലശ്ശേരി ജഗന്നാഥ ക്ഷേത്രം എന്നീ സ്ഥലങ്ങളിലും വിശാലമായ അമ്പലക്കുളങ്ങളാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്. അതുപോലെ ദേശീയ പൈതൃക പട്ടികയിൽ ഇടംനേടിയ 1500 വർഷം പഴക്കമുള്ള ഒരു കുളമാണ് പെരളശ്ശേരി സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിലെ കുളം. 62 സെന്റ് വിസ്തൃതിയിൽ 19 മീറ്റർ ആഴമുള്ള കുളം, ഉത്തരേന്ത്യൻ വാസ്തുവിദ്യാ ശൈലിയിലാണ്

പണികഴിപ്പിക്കപ്പെട്ടിട്ടുള്ളത്. കേന്ദ്ര ജല ശക്തി മന്ത്രാലയം സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തിന്റെ ഭാഗമായി ചരിത്ര പ്രാധാന്യമുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി തെരഞ്ഞെടുത്ത 75 ജലസ്രോതസ്സുകളിൽ കേരളത്തിൽ നിന്ന് ഇടം പിടിച്ച രണ്ട് എണ്ണത്തിൽ ഒന്നാണ് ഇത്.




പെരളശേരികുളം

## ജലസേചന പദ്ധതികൾ

### പഴശ്ശി പ്രോജക്ട്

ജില്ലയിൽ കാർഷിക ജലസേചനാവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള പഴശ്ശി ജലസേചന പദ്ധതിയുടെ അണക്കെട്ട് പണികഴിപ്പിക്കപ്പെട്ടത് വളപട്ടണം പുഴയിൽ കുയിലൂർ എന്ന സ്ഥലത്താണ്. 46.26 കി മീ ദൈർഘ്യമുള്ള ഒരു പ്രധാന കനാലിലൂടെയും 76 കി മീ ദൈർഘ്യം വരുന്ന 7 ഉപകനാലുകളിലൂടെയും ജില്ലയുടെ നാനാ ഭാഗത്തേക്കും വെള്ളം എത്തിച്ച് കാർഷിക ജലസേചന ആവശ്യം നിർവഹിക്കാനായിരുന്നു പഴശ്ശി പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ കാർഷിക ജലസേചനം പേരിനു മാത്രം നടത്തപ്പെടുന്ന സ്ഥിതിയാണ് ഇപ്പോൾ ഉള്ളത്. പദ്ധതിയുടെ ഭാഗമായ ചെറു കനാലുകളും മിക്കവാറും സ്ഥലങ്ങളിൽ നികത്തപ്പെടുകയും കയ്യേറ്റം നടത്തി മറ്റ് നിർമ്മാണങ്ങൾ നടത്തുകയും ചെയ്തതായി കാണാൻ സാധിക്കും. ജില്ലയിലെ കുടിവെള്ള പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ സിംഹഭാഗവും ഇപ്പോൾ പമ്പ് ചെയ്യുന്നത് പഴശ്ശി പദ്ധതിയുടെ റിസർവോയറിനകത്ത് നിർമ്മിച്ചിട്ടുള്ള കിണറുകളിൽ നിന്നാണ്. 2018 ലെ അമ്പായത്തോട് ഉരുൾപൊട്ടലും 2019ലെ പ്രളയവും 2022, 2023 വർഷങ്ങളിൽ കൊട്ടിയൂർ വന മേഖലയിൽ ഉണ്ടായിട്ടുള്ള ഉരുൾപൊട്ടലുകളും വളപട്ടണം പുഴയുടെ ജല സംഭരണ ശേഷിയിൽ വലിയ തോതിൽ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഉരുൾപൊട്ടലിനെയും പേമാരിയെയും തുടർന്ന് ഒഴുകിവരുന്ന കല്ലുകളും മണ്ണും മണലും പുഴയുടെ അടിത്തട്ടിൽ നിക്ഷേപിക്കപ്പെടുകയും തദ്വാരാ പുഴയുടെ സംഭരണ ശേഷി വലിയ കുറവു വരികയും ചെയ്തിട്ടുണ്ട്. പുഴയിൽ മണൽ വാരൽ നിരോധനം നിലവിലുള്ളതിനാൽ വർഷങ്ങളായി ഉണ്ടായിട്ടുള്ള മണൽ നിക്ഷേപം നീക്കം ചെയ്യപ്പെടാതെ കിടക്കുകയാണ്. പുഴയുടെ ജലം ഉൾക്കൊള്ളാനുള്ള ശേഷി കുറഞ്ഞതിനാൽ ചെറിയ മഴ പെയ്താൽ പോലും പുഴ കരകവിയുന്ന സ്ഥിതിയാണ് ഇപ്പോൾ നിലവിലുള്ളത്.

### കാട്ടാമ്പള്ളി പദ്ധതി

കാട്ടാമ്പള്ളി തണ്ണീർത്തടത്തോട് ചേർന്നു കിടക്കുന്ന പുല്ലൂപ്പി, ചിറക്കൽ, നാറാത്ത്, വാരംകടവ്, മുണ്ടേരിക്കടവ്, കുറ്റ്യാട്ടൂർ തുടങ്ങിയ വിശാലമായ വയൽ പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറി നെൽകൃഷി നശിക്കാൻ ഇടയായ സാഹചര്യത്തിൽ 1966 ലാണ് കാട്ടാമ്പള്ളി റെഗുലേറ്റർ പദ്ധതി കമ്മീഷൻ ചെയ്തത്. റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഷട്ടറുകൾ കാലപ്പഴക്കത്താൽ തുരുമ്പിച്ച് നശിച്ചു പോയിരിക്കുന്ന സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്.

### ജില്ലയിലെ കുളങ്ങളും കിണറുകളും

ജില്ലയിൽ 1136 കുളങ്ങളും 522467 കുടിവെള്ളക്കിണറുകളും ഉണ്ട്. ഇവയിൽ 3178 കിണറുകൾ പൊതു സ്ഥാപനങ്ങളുടെ കിണറുകളാണ്. 5615 കിണറുകൾ പൊതു കിണറുകളുമാണ്. (അവലംബം: ആസൂത്രണ ബോർഡ്, വാർഷിക റിപ്പോർട്ട് 2023)

## കാർഷിക മേഖല

കാർഷിക മേഖലക്ക് പ്രാധാന്യമുള്ള ജില്ലയായ കണ്ണൂരിൽ 70.6% ഭൂമിയും കൃഷിക്ക് അനുയോജ്യമാണ് എന്നാണ് കൃഷി വകുപ്പിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. വിള വൈവിധ്യം കൊണ്ട് അനുഗ്രഹീതമായ പ്രദേശമാണ് കണ്ണൂർ ജില്ല. തെങ്ങും കവുങ്ങും കശുമാവും റബ്ബറും വാഴയും പച്ചക്കറികളും എല്ലാം സമൃദ്ധമായി കൃഷി ചെയ്തിരുന്ന ഒരു കാലഘട്ടം നമുക്ക് ഉണ്ടായിരുന്നു. നെൽകൃഷിക്കും ജില്ലയിൽ വളരെ അധികം പ്രാധാന്യം ഉണ്ടായിരുന്നു. കൃഷി ചെയുന്ന സ്ഥലത്തിന്റെ വിസ്തൃതി വർഷം തോറും കുറഞ്ഞു വരുകയാണ്. കൃഷി യോഗ്യമായ ഭൂമിയുടെ 20%ൽ ഏറെ ഭാഗം തരിശിടുകയാണ്. വയലുകൾ തരിശിടുന്നത് പോലെ തന്നെ കരഭൂമിയും പ്രത്യേക വിളകൾ ഒന്നും കൃഷി ചെയ്യാതെ തരിശിടുന്ന പ്രവണത ഏറിവരുന്നു. വിവിധ കാരണങ്ങളാലാണ് കർഷകർ ഭൂമി തരിശിടുന്നത്. തൊഴിലാളി ക്ഷാമം, യന്ത്രവൽകരണത്തിന്റെ അഭാവം, വരൾച്ച, ജലസേചന സൗകര്യം ഇല്ലായ്മ, കാർഷിക ഉല്പന്നങ്ങളുടെ വിപണി ഇടിവ്, വന്യമൃഗ ശല്യം എന്നിവ ഇവയിൽ ചിലത് മാത്രമാണ്.

## അധിനിവേശ സസ്യങ്ങളും അധിനിവേശ ജീവികളും

അധിനിവേശ സസ്യങ്ങളുടെയും ജീവികളുടെയും പെരുപ്പം കണ്ണൂർ ജില്ലയിലും തുടരുന്ന പ്രതിഭാസമാണ്. തരിശ് ഭൂമിയിലും കൃഷി സ്ഥലങ്ങളിൽ പോലും വലിയതോതിൽ വളരുന്ന അധിനിവേശ സസ്യങ്ങൾ തനത് സസ്യങ്ങളുമായി മത്സരിച്ച് അവയുടെ നിലനിൽപ്പിന് ഭീഷണിയായി മാറുന്ന അവസ്ഥയാണ്. വയൽ പ്രദേശങ്ങളിലും ചതുപ്പു ഭൂമിയിലും കഴിഞ്ഞ 25 വർഷത്തിനിടെ വ്യാപകമായി കണ്ടുവരുന്ന അധിനിവേശ ചെടിയാണ് കമ്മൽ പൂവ് അഥവാ സിങ്കപ്പൂർ ഡെയ്സി. ജില്ലയുടെ എല്ലാ ഭാഗത്തും ഈ അധിനിവേശ സസ്യത്തെ കണ്ടുവരുന്നുണ്ട്.

- കുളവാഴ: നാറാത്ത്, കണ്ണപുരം, ചെറുകുന്ന്, ഏഴോം, രാമന്തളി, പട്ടുവം, തുടങ്ങിയ പ്രദേശങ്ങളിലാണ് ഈ അധിനിവേശ സസ്യത്തെ കണ്ടുവരുന്നത്. നെൽകൃഷിയെയാണ് ഇത് ബാധിക്കുന്നത്.
- ആനത്തൊട്ടാവാടി: കരഭൂമിയിലെ കൃഷി ഉപയുക്തങ്ങളെ മുഴുവൻ നശിപ്പിക്കുന്ന അധിനി വേശ സസ്യമാണ് ആനത്തൊട്ടാവാടി. ജില്ലയിൽ തലശ്ശേരി, മുഴപ്പിലങ്ങാട്, ധർമ്മടം, അഴീക്കോട്, രാമന്തളി, കണ്ണൂർ കോർപറേഷൻ, ചിറക്കൽ തുടങ്ങിയ തദ്ദേശസ്ഥാപന പരിധിയിലാണ് വ്യാപകമായി കണ്ടുവരുന്നത്.
- മൂടില്ലാതാളി: 2010 ന് ശേഷം ജില്ലയിൽ വ്യാപകമായ അധിനിവേശ സസ്യമാണ് മൂടില്ലാത്താളി. മൊകേരി, പാനൂർ, കതിരൂർ, കീഴല്ലൂർ, അഞ്ചരക്കണ്ടി, പിണറായി, വേങ്ങാട്, കൂത്തുപറമ്പ്, തുടങ്ങിയവിടങ്ങളിൽ ഇത് വ്യാപകമായുണ്ട്.
- മഞ്ഞ കൊന്ന: ആറളം, കണ്ണവം, കൊട്ടിയൂർ, തുടങ്ങിയ വനങ്ങളിലാണ് ഈ വൃക്ഷ തൈ വളരുന്നത്. ആദ്യ ഘട്ടത്തിൽ ഇത് നട്ടുവളർത്തിയതായിരുന്നു. ജില്ലയിൽ 2014 മുതൽ മഞ്ഞ കൊന്ന വ്യാപിച്ചിട്ടുണ്ട്.
- അക്കേഷ്യ: ചെറുതാഴം, കടന്നപ്പള്ളി, പട്ടുവം, പെരിങ്ങോം വയക്കര, എരമം കുറ്റൂർ, ചെറുപുഴ, പരിയാരം, കുറുമാത്തൂർ, മയിൽ, കുറ്റ്യാട്ടൂർ, മലപ്പട്ടം, ശ്രീകണ്ഠാപുരം നഗരസഭ, ഉളിക്കൽ, ഇരിക്കൂർ, പടിയൂർ കല്യാട്, പായം, മുഴക്കുന്ന്, കേളകം, കണ്ണൂർ കോർപറേഷൻ, തളിപ്പറമ്പ് നഗരസഭ, ആന്തൂർ നഗരസഭ തുടങ്ങിയ പ്രദേശങ്ങളിലാണ് അക്കേഷ്യ വനങ്ങൾ ഉള്ളത്.
- പടിയൂർ പഞ്ചായത്തിലെ കല്ല്യാട് ലാറ്ററൈറ്റ് പീഠഭൂമിയിൽ നടത്തിയ പഠനങ്ങളിൽ 20-ഓളം അധിനിവേശ സസ്യങ്ങളെ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ കല്യാശ്ശേരി പഞ്ചായത്തിലെ സർവ്വേയിലും ഇത്തരം സസ്യങ്ങളുടെ വ്യാപനം രേഖപ്പെടുത്തിയിട്ടുണ്ട്.
- അധിനിവേശ സസ്യങ്ങൾ പോലെ തന്നെ സ്വാഭാവിക ആവാസവ്യവസ്ഥയ്ക്ക് ഭീഷണി ഉയർത്തുന്ന മറ്റൊരു വിഭാഗമാണ് അധിനിവേശ ജീവികൾ.
- ആഫ്രിക്കൻ ഒച്ചുകൾ (Giant African Snail):- കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ വ്യാപിച്ചിരിക്കുന്ന അധിനിവേശ ജീവിയാണ് ആഫ്രിക്കൻ ഒച്ചുകൾ.

## അജൈവ മാലിന്യങ്ങൾ

| ക്രമ നമ്പർ | ഇനം | എണ്ണം | രൂപപ്പെടുന്ന ആകെ മാലിന്യം ( ടൺ ) |
|---|---|---|---|
| 1 | പാർപ്പിടം | 660153 | 1716 |
| 2 | വാണിജ്യം (100 ച മീ വരെ) | 166531 | 4044 |
| 3 | വാണിജ്യം (100-200 ച മീ വരെ) | 12243 | 734 |

| | | | |
|---|---|---|---|
| 4 | വാണിജ്യം (200 ച മീ മുകളിൽ മാൾ) | 561 | 2132 |
| 5 | വാണിജ്യം (ബങ്കുകൾ, പെട്ടിക്കടകൾ ) | 795 | 29 |
| 6 | ഓഫീസ് കെട്ടിടങ്ങൾ | 11620 | 69 |
| 7 | വിദ്യാഭ്യാസ സ്ഥാപനങ്ങൾ | 2309 | 115 |
| 8 | ആശുപത്രികൾ | 777 | 46 |
| 9 | അസംബ്ളി ഹാൾ, ഓഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ | 2352 | 1429 |
| 10 | കയർ, കൈത്തറി, ബീഡി വ്യവസായ ഷെഡ്ഡുകൾ | 7711 | 227 |
| 11 | ഇതര വ്യവസായങ്ങൾ | 2644 | 159 |
| 12 | റിസോർട്ടുകൾ | 53 | 3 |
| 13 | അമ്യൂസ്മെന്റ് പാർക്കുകൾ | 4 | 2 |
| 14 | ആരാധനാലയങ്ങൾ | 6905 | 68 |
| 15 | ഹോം സ്റ്റേ, ഹോസ്റ്റൽ | 39 | 2 |
| 16 | അംഗണവാടികൾ | 2025 | 121 |
| 17 | ഗ്രന്ഥശാലകൾ | 2231 | 15 |
| | | ആകെ | 11161 |

ഇതിൽ ജില്ലയിൽ നിലവിലുണ്ടായിരുന്ന സംസ്കരണ സംവിധാനങ്ങളുടെ കണക്കും പരിശോധന വിധേയമാക്കി. അതിലൂടെ ലഭ്യമായ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

1. വിവിധ റീസൈക്കിൾ യൂണിറ്റുകളിൽ വച്ച് റീസൈക്കിൾ ചെയ്യപ്പെട്ടത് - 600 ടൺ
2. സ്ക്രാപ്പ് ഡീലർമാർ മുഖേന കയറ്റി അയക്കപ്പെട്ടത് -5720 ടൺ
3. ഇമേജിനു കൈ മാറിയ ആശുപത്രി മാലിന്യങ്ങൾ - 46 ടൺ

   ആകെ 6366 ടൺ.

ആകെ രൂപപ്പെട്ടിട്ടുള്ള 11161 ടൺ അജൈവമാലിന്യങ്ങളിൽ 6366 ടൺ വിവിധ രൂപത്തിൽ സംസ്കരണ വിധേയമാക്കപ്പെട്ടപ്പോൾ ബാക്കി വന്ന 4795 ടൺ അജൈവമാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലേക്കോ ജലാശയങ്ങളിലേക്കോ വലിച്ചെറിയപ്പെടുകയോ കത്തിക്കുകയോ ചെയ്യുന്ന സാഹചര്യമാണ് നിലവിൽ ഉണ്ടായിരുന്നത്. ഇത് ആകെ അജൈവ മാലിന്യത്തിന്റെ 43% ത്തോളം വരും.

## മൈക്രോ പ്ലാസ്റ്റിക്

പ്ലാസ്റ്റിക്കിന്റെ വളരെ ചെറിയ കണങ്ങളായ മൈക്രോ പ്ലാസ്റ്റിക്, പല രൂപത്തിലായി മനുഷ്യ ശരീരത്തിൽ എത്തി മാരക രോഗങ്ങൾക്ക് കാരണമായി മാറുന്നുണ്ട്. വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക്കുകൾ പൊടിഞ്ഞ് ജലത്തിലും മണ്ണിലും വ്യാപിക്കുന്നു. അതുപോലെ പ്ലാസ്റ്റിക് കണ്ടെയ്നറുകളും കവറുകളും ടൂത്ത് പേസ്റ്റുകളും സൗന്ദര്യ വർധക വസ്തുകളും വിഘടിച്ചാണ് ഇവ രൂപപ്പെടുന്നത്. ഇത് മനുഷ്യ ശരീരത്തിനും പരിസ്ഥിതിക്കും ഇതര ജീവജലങ്ങൾക്കും ഒരുപോലെ ദോഷകരമാണ്. മൈക്രോ പ്ലാസ്റ്റിക്കിന്റെ ദൂഷ്യ ഫലങ്ങളെ കുറിച്ച് സമൂഹത്തിനെ ബോധവൽകരിക്കുകയും ഇവയുടെ ഉപയോഗം കുറക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

## ജൈവമാലിന്യം

ജൈവ മാലിന്യ സംസ്കരണത്തിന്റെ സ്ഥിതിയും ജില്ലയിൽ വ്യത്യസ്തമായിരുന്നില്ല. 2017 നു മുൻപ് ജില്ലയിലെ 60% വീടുകളിലും യാതൊരു വിധ ജൈവ മാലിന്യ സംസ്കരണ ഉപാധികളും നിലവിലുണ്ടായിരുന്നില്ല. ഹോട്ടലുകളുടെയും വൻതോതിൽ മാലിന്യ ഉൽപാദിപ്പിക്കുന്ന ഓഡിറ്റോറിയങ്ങൾ കല്യാണമണ്ഡപങ്ങൾ, അസംബ്ലി ഹാളുകൾ, ആശുപത്രികൾ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയങ്ങൾ, ഹോസ്റ്റലുകൾ മുതലായ സ്ഥലങ്ങളുടെയും മതിയായ അളവിലുള്ള ജൈവമാലിന്യ സംസ്കരണ സംവിധാനം നിലവിൽ ഉണ്ടായിരുന്നില്ല. വലിയതോതിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്നവർ ( bulk waste generators) എന്ന വിഭാഗത്തിൽപ്പെടുന്നു. ഈ കൂട്ടരിൽ അഞ്ച് ശതമാനത്തിൽ താഴെവരുന്ന സ്ഥാപനങ്ങൾക്ക് മാത്രമേ ഏതെങ്കിലും ശാസ്ത്രീയ മാലിന്യ സംസ്കരണം സംവിധാനം നിലവിൽ ഉണ്ടായിരുന്നുള്ളൂ. ഇതിനുപുറമേ വിവാഹങ്ങൾ ഗൃഹ പ്രവേശം വീടുകളിൽ നടക്കുന്ന മറ്റു ചടങ്ങുകൾ എന്നിവയുടെ ഭാഗമായി രൂപപ്പെടുന്ന മാലിന്യങ്ങളും കൂടി കണക്കിൽ എടുക്കേണ്ടതുണ്ടായിരുന്നു. വിവരശേഖരണം നടന്ന കാലയളവിന് തൊട്ടു മുൻപുള്ള 5 വർഷങ്ങളിൽ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ട വിവാഹങ്ങളുടെ എണ്ണം പരിശോധിച്ചതിൽ വാർഷിക ശരാശരി 18500 ആണ്. ഒരു വിവാഹത്തിന് വരന്റെ വീട്ടിലും വധു ഗൃഹത്തിലും ശരാശരി 400 പേർ വീതം പങ്കെടുക്കുന്നതായി കണക്കാക്കിയാൽ ആള് ഒന്നിന് 50 ഗ്രാം മാലിന്യം എന്ന തോതിൽ കണക്കാക്കിയാൽ 740 ടൺ മാലിന്യമാണ് ഈ ഇനത്തിൽ ഒരു വർഷം കൊണ്ട് രൂപപ്പെടുന്നത്. വർഷത്തിൽ 5000ത്തിലധികം ഗൃഹപ്രവേശനവും മറ്റു ചടങ്ങുകളും നടക്കുന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇതിലൂടെ 150 ടണ്ണിൽ അധികം മാലിന്യം രൂപപ്പെടുന്നുണ്ട്. ഇവയെല്ലാം തന്നെ ശാസ്ത്രീയമായ സംസ്കരണ രീതിക്ക് വിധേയമാക്കാതെ മണ്ണിൽ കുഴിച്ചു മൂടുകയോ ജലാശയങ്ങളിൽ ഒഴുക്കി വിടുകയോ പൊതു സ്ഥലങ്ങളിൽ വലിച്ചെറിയുകയോ ചെയ്യുന്ന സ്ഥിതിയാണ് ആ കാലത്ത് ഉണ്ടായിരുന്നത്. ശാസ്ത്രീയ മാലിന്യ സംസ്കരണം രീതികളെക്കുറിച്ചോ അതിന്റെ ആവശ്യകതകളെ കുറിച്ചോ അവയുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമവ്യവസ്ഥകളെപ്പറ്റിയോ അത്തരം നിയമങ്ങൾ ലംഘിച്ചാൽ ഉണ്ടാകുന്ന ശിക്ഷകളെയും പിഴയേയും കുറിച്ചോ പൊതുജനങ്ങൾക്കോ വളർന്നുവരുന്ന യുവാക്കളും കുട്ടികളും അടങ്ങിയ പുതുതലമുറക്കോ വേണ്ടത്ര അവബോധം ഉണ്ടായിരുന്നില്ല എന്ന പ്രശ്നവും ആ കാലത്ത് നിലവിൽ ഉണ്ടായിരുന്നു.

## കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷൻ വേസ്റ്റ്

ജലാശയങ്ങളും തണ്ണീർ തടങ്ങളും നികന്നു പോകുന്നതിനും മലിനീകരിക്കപ്പെടുന്നതിനും കാരണമായി വർത്തിക്കുന്ന മറ്റൊരു പ്രധാന ഘടകമാണ് കെട്ടിട നിർമ്മാണ മാലിന്യങ്ങൾ കൺസ്ടക്ഷൻ ആന്റ് ഡിമോളിഷൻ വേസ്റ്റ് (C and D Waste.) കെട്ടിടങ്ങൾ നിർമ്മിക്കുമ്പോഴും പൊളിക്കുമ്പോഴും ഉണ്ടാവുന്ന മാലിന്യങ്ങൾ മിക്കപ്പോഴും ശാസ്ത്രീയമായി സംസ്കരിക്കപ്പെടാതെ വഴിയരികിലും ജലാശയങ്ങളുടെ വശങ്ങളിലും തണ്ണീർത്തടങ്ങളിലും മറ്റുമായി ഉപേക്ഷിക്കുന്ന രീതിയാണ് മിക്കയിടങ്ങളിലും കണ്ടുവരുന്നത്. ഇവ മഴക്കാലത്ത് ഒഴുകി ജലാശയങ്ങളുടെ അടിത്തട്ടിൽ എത്തിച്ചേരുകയും ഇതുമൂലം ജലാശയങ്ങളുടെ സംഭരണശേഷി നഷ്ടമാവുകയും വെള്ളപ്പൊക്കത്തിനു വരെ കാരണമാവുകയും ചെയ്യുന്നു. സി ആന്റ്

ഡി മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായുള്ള പ്രത്യേക മാനദണ്ഡങ്ങളും ചട്ടങ്ങളും നേരത്തെ തന്നെ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പഴയ കെട്ടിടങ്ങൾ പൊളിക്കുമ്പോഴും പുതിയവ നിർമ്മിക്കുമ്പോഴും രൂപപ്പെടുന്ന അവശിഷ്ടങ്ങൾ തരംതിരിച്ച് ഗുണമേന്മയുള്ള എല്ലാ വസ്തുക്കളും പുനരുപയോഗത്തിന് വിധേയമാക്കണമെന്ന് ചട്ടത്തിൽ അനുശാസിക്കുന്നുണ്ട്. പുനരുപയോഗ സാധ്യമല്ലാത്ത വസ്തുക്കൾ ലാന്റ്ഫില്ലിങ്ങിന് ഉപയോഗപ്പെടുത്തണം . ഇത്തരം സാധനങ്ങൾ പുനരുപയോഗ സാധ്യമാകും വരെ സൂക്ഷിച്ചുവെക്കാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പ്രത്യേകമായി യാർഡുകൾ ഒരുക്കണമെന്നും ചട്ടങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. അപൂർവം ചില തദ്ദേശ സ്ഥാപനങ്ങൾ ഇത്തരം ഒരു സംവിധാനം ജില്ലയിൽ ഒരുക്കിയിട്ടുണ്ട്. (ഉദാ: മട്ടന്നൂർ നഗരസഭ)

## ജല മലിനീകരണം

2023- 24 ൽ ആരോഗ്യവകുപ്പും കുടുംബശ്രീയും ജലജീവൻ മിഷനും പഞ്ചായത്ത് തലത്തിൽ നടത്തിയിട്ടുള്ള ജല പരിശോധനയിൽ തോടുകളിലും കിണറുകളിലും വലിയതോതിൽ മാലിന്യം കലർന്നിരിക്കുന്നതായി കണ്ടെത്തുകയുണ്ടായി. മിക്ക തോടുകളിലൂടെയും ഒഴുകുന്ന വെള്ളത്തിൽ മനുഷ്യ വിസർജ്യത്തിന്റെ അവശിഷ്ടങ്ങളും ഇ-കോളിയുടെ സാന്നിദ്ധ്യവും കാണാൻ സാധിച്ചു. പരിശോധനാ വിധേയമാക്കിയ മിക്ക കിണറുകളിലയും വെള്ളം കുടിക്കാൻ യോഗ്യമല്ലെന്നും ഇ-കളി കലർന്നതാണെന്നും കണ്ടെത്താനും സാധിച്ചു. വയലുകളുടെയും തോടുകളുടേയും സമീപത്തുള്ള കിണറുകളിലാണ് ഇപ്രകാരം മാലിന്യം കലർന്ന വെള്ളം കാണാൻ സാധിച്ചത്. ഇത്തരം വെള്ളം കുടിക്കാൻ ഉപയോഗിക്കുന്നതു കാരണം ജില്ലയിലെ പല ഭാഗങ്ങളിലും മഞ്ഞപ്പിത്തം ഉൾപ്പെടെയുള്ള ജലജന്യ രോഗങ്ങൾ ഇടക്കിടെ പടർന്നു പിടിക്കുന്നതായും റിപ്പോർട്ട് ചെയ്യപ്പെടാറുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിൽ പ്രവർത്തിക്കുന്ന ഇന്റഗ്രേറ്റഡ് ഡിസീസ് സർവെയിലൻസ് പ്രോജക്ട് ( IDSP) മുഖേന ലഭ്യമായ കണക്കുകൾ പരിശോധിച്ചാൽ സമീപ വർഷങ്ങളിൽ ജല ജന്യ രോഗങ്ങളുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ള വർധനവ് നമുക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും. ഓരോ വർഷവും 50000 ത്തിലേറെ പേരാണ് വയറിളക്കം ബാധിച്ച് ജില്ലയിൽ ചികിത്സ തേടുന്നത്. ഹെപ്പറ്റൈറ്റിസ് - എ എന്നരോഗം പിടിപെട്ട ആളുകളുടെ എണ്ണം 2024ൽ 303 ആയിരുന്നുവെങ്കിൽ 2025ൽ രോഗം സ്ഥിരീകരിച്ചവരുടെ എണ്ണം 846 ആണ്. ഇതിനുപുറമെ 2154 ആളുകൾക്ക് രോഗലക്ഷണങ്ങൾ കാണുകയും രോഗം പിടിപെട്ടതാണെന്ന് സംശയിക്കുകയും ചെയ്യുന്ന കേസുകളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞവർഷം ജില്ലയിൽ 126 ആളുകൾ ടൈഫോയിഡ് രോഗ ലക്ഷണങ്ങൾ കണ്ടതിനെ തുടർന്ന് ചികിത്സ തേടുകയും ഇതിൽ ഒരാളുടെ രോഗം സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. 2025ൽ സപ്തംബർ മാസം വരെ 5 പേർക്കാണ് രോഗം സ്ഥിരീകരിച്ചത്. 79 പേർ രോഗലക്ഷണങ്ങൾ കണ്ടതിനെ തുടർന്ന് ചികിത്സ തേടുകയുമുണ്ടായി . ഇതിനുപുറമെ എലിപ്പനി പോലുള്ള രോഗങ്ങളും ജില്ലയുടെ പലഭാഗങ്ങളിലും പലപ്പോഴായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

ജില്ലയിലെ മലിനജല സംസ്കരണ സംവിധാനങ്ങളുടെ അപര്യാപ്തതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ചില തദ്ദേശസ്ഥാപനങ്ങളുടെ അധീനതയിൽ ദ്രവ മാലിന്യ സംസ്കരണ പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രതിദിന സംസ്കരണ ശേഷി ജില്ലയ്ക്ക് ആകെ ആവശ്യമായ അളവിലും തുലോം കുറവാണ്. ജില്ലയിൽ രൂപപ്പെടുന്ന ആകെ ദ്രവ മാലിന്യത്തിന്റെ വളരെ ചെറിയ ഒരു ഭാഗം മാത്രമേ ഇവയിലെല്ലാം കൂടി കൈകാര്യം ചെയ്യാൻ ആകുന്നുള്ളൂ . കക്കൂസ് മാലിന്യം സംസ്കരിക്കാൻ നിലവിൽ ജില്ലയ്ക്കകത്ത് എവിടെയും സംസ്കരണ പ്ലാന്റുകൾ സജ്ജമാക്കിയിട്ടില്ല. ഇക്കാരണത്താൽ തന്നെ ഇവ കൈകാര്യം ചെയ്യുന്ന സ്വകാര്യ വാഹനക്കാരും ടാങ്കർ ലോറിക്കാരും ഇരുട്ടിന്റെ മറവിൽ ഇത്തരം മാലിന്യങ്ങൾ പുഴയിലേക്കോ, തണ്ണീർത്തടങ്ങളിലേക്കോ, തുറസ്സായ സ്ഥലങ്ങളിലെക്കോ ഒഴുക്കിവിടുന്ന രീതിയാണ് കണ്ടുവരുന്നത് . നമ്മുടെ ജല സ്രോതസ്സുകളും കുടിവെള്ള സ്രോതസ്സുകളും മലിനമാകുന്നതിന് ഇത് പ്രധാന കാരണമായി തീർന്നിട്ടുണ്ട്. അതുപോലെതന്നെ കുടിവെള്ളം മലിനമാകുന്നതുമായി ബന്ധപ്പെട്ട് ഗൗരവമേറിയ മറ്റൊരു ഘടകമാണ് മനുഷ്യ വിസർജ്യത്തിന്റെ സംസ്കരണവുമായി ബന്ധപ്പെട്ട് നാം അനുവർത്തിച്ചു പോരുന്ന രീതിയിലെ അശാസ്ത്രീയത. മിക്ക

വീടുകളിലും ടോയ്‌ലറ്റിനോടനുബന്ധിച്ച് നിർമ്മിക്കപ്പെട്ടിട്ടുള്ള ടാങ്കുകൾ ആവശ്യത്തിലേറെ ആഴവും വലിപ്പവുമുള്ള ഒറ്റക്കുഴികളാണ്. ഇത്തരം ടാങ്കുകളിൽ വിസർജ്യമാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരണത്തിനു വിധേയമാകുന്നില്ല. ഇവിടങ്ങളിൽ വർഷങ്ങളായി സംഭരിക്കപ്പെടുന്ന മാലിന്യങ്ങൾ ക്രമേണ സമീപത്തുള്ള കുടിവെള്ള സ്രോതസ്സുകളിലേക്ക് വ്യാപിക്കുന്നതായി കണ്ടുവരുന്നു. ഇപ്രകാരം അശാസ്ത്രീയമായി പണികഴിപ്പിച്ചിട്ടുള്ള ടോയ്‌ലറ്റ് ടാങ്കുകൾ സെപ്റ്റിക്ടാങ്കുകളാക്കി മാറ്റി പണിയേണ്ടതുണ്ട്.

പൊതു ശൗചാലയങ്ങളുടെ അപര്യാപ്തതയാണ് നാം അഭിമുഖീകരിച്ച മറ്റൊരു പ്രശ്നം. ബസ് സ്റ്റാന്റുകൾ, സ്കൂളുകൾ തുടങ്ങി ആളുകൾ കൂടുതലായി എത്തുന്ന സ്ഥലങ്ങളിൽ ആവശ്യമായ എണ്ണം ശൗചാലയങ്ങൾ ഉണ്ടായിരുന്നില്ല. മാത്രമല്ല ഉള്ളവയുടെ സൗകര്യങ്ങൾ വളരെ പരിമിതമായിരുന്നു. വൃത്തിയില്ലായ്മ, ജല ലഭ്യത കുറവ് അടച്ചുറപ്പുള്ള വാതിലുകളുടെ അഭാവം എന്നിവ ഇത്തരം സ്ഥാനങ്ങളിലെ ശൗചാലയങ്ങളിൽ സാധാരണമായിരുന്നു.

## അറവുമാലിന്യം

ജലാശയങ്ങൾ മലിനമാകുന്നതിന് കാരണമായിത്തീർന്നിട്ടുള്ള മറ്റൊരു ഘടകമാണ് അറവുമാലിന്യം. ജില്ലയിൽ ശാസ്ത്രീയമായ അറവു ശാലകൾ നിലവിലില്ല. അറവു മാലിന്യത്തിന്റെ സംസ്കരണവുമായി ബന്ധപ്പെട്ട് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് ചിക്കൻ റെന്ററിംഗ് പ്ലാന്റുകൾ ഉണ്ടെങ്കിലും വലിയ മൃഗങ്ങളുടെ അറവ് മാലിന്യം സംസ്കാരിക്കാൻ ജില്ലയിൽ നിലവിൽ സംവിധാനമില്ല. ചിക്കൻ റെന്ററിങ് പ്ലാന്റുകൾ (മട്ടന്നൂർ, പാപ്പിനിശ്ശേരി) നല്ല നിലയിൽ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. . ജില്ലയിലെ ഓരോ മേഖലകളിൽ നിന്നും ചിക്കൻ റെന്ററിങ് പ്ലാന്റുകൾ കോഴിയിറച്ചി മാലിന്യങ്ങൾ ശേഖരിച്ച് സ്വന്തം പ്ലാന്റുകളിൽ സംസ്കരിക്കുകയാണ് ചെയ്യുവരുന്നത്. ഈ പ്ലാന്റുകൾ പ്രവർത്തന ക്ഷമമായതോടെ അറവ് മാലിന്യം കൈകാര്യം ചെയ്യുന്നതിന് ജില്ലയിൽ ഒരു സ്ഥിര സംവിധാനം നിലവിൽ വരികയുണ്ടായി.

## മുടി മാലിന്യം

മാലിന്യസംസ്കരണ മേഖലയിൽ ജില്ല അഭിമുഖീകരിക്കുന്ന മറ്റൊരു പ്രതിസന്ധിയാണ് മുടി മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ജില്ലക്കകത്ത് ഒരു സംവിധാനം ഒരുക്കാൻ സാധിച്ചിട്ടില്ല എന്ന കാര്യം. അന്യ ജില്ലയിൽ നിന്നും അന്യസംസ്ഥാനത്തു നിന്നുമെല്ലാം ഈ മേഖലയിൽ പ്രവർത്തിക്കുന്ന ചില സ്വകാര്യ ഏജൻസികൾ ജില്ലയുടെ ചില ഭാഗങ്ങളിൽ വന്ന് ഇത്തരം മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ടെങ്കിലും അത് വിശ്വാസ്യതയുള്ള ഒരു സ്ഥിരം സംവിധാനമായി മാറിയിട്ടില്ല.

## ബൾക്ക് മാലിന്യം

ജില്ലയിൽ മാലിന്യ സംസ്കരണ മേഖലയിൽ സംസ്ഥാനത്തെ ഇതര മേഖലകളെ അപേക്ഷിച്ച് നല്ല മുന്നേറ്റമുണ്ടാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട് എന്ന് അഭിമാനിക്കുന്ന സന്ദർഭത്തിലും പൊതുസ്ഥലങ്ങൾ പൂർണ്ണമായും മാലിന്യ മുക്തമാക്കി മാറ്റുന്നതിനും മാലിന്യ മുക്തമാക്കി മാറ്റിയ പ്രദേശങ്ങൾ വീണ്ടും മാലിന്യം നിക്ഷേപിക്കുന്ന സ്ഥലങ്ങളായി മാറാതെ സ്ഥായിയായ ശുചിത്വം നിലനിർത്തുന്നതിനും സാധിക്കാത്ത സ്ഥിതി നിലവിലുണ്ട്. കൂടുതൽ അളവിൽ മാലിന്യങ്ങൾ രൂപപ്പെടുന്ന ഓഡിറ്റോറിയങ്ങൾ, കല്യാണ മണ്ഡപങ്ങൾ, വലിയ അളവിൽ രോഗികളെ കിടത്തി ചികിത്സിക്കുന്ന ആശുപത്രികൾ, കൂടുതൽ ആളുകൾക്ക് ഭക്ഷണ വിതരണം നടത്തുന്ന ആരാധനാലയങ്ങൾ, വൻകിട ഹോട്ടലുകൾ, സ്കൂളുകൾ, പൊതു- സ്വകാര്യ മാർക്കറ്റുകൾ , വൻകിട മാളുകൾ എന്നിവിടങ്ങളിൽ അവർ രൂപപ്പെടുത്തുന്ന എല്ലാ വിഭാഗം മാലിന്യങ്ങളും ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ മിക്കപ്പോഴും പര്യാപ്തമല്ലെന്നാണ് കാണാൻ സാധിക്കുന്നത്. ഇത്തരം സ്ഥലങ്ങളിൽ രൂപപ്പെടുന്ന മാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കപ്പെടാതെ പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്ന പ്രവണത നിലനിൽക്കുന്നതു കൊണ്ട് കൂടിയാണ് സമ്പൂർണ്ണ മാലിന്യ മുക്ത പൊതുഇടം എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാൻ സാധ്യമാകാത്തത്.

## സാനിറ്ററി മാലിന്യം

സാനിറ്ററി നാപ്കിൻ, ഉപയോഗ ശേഷം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് നിലവിൽ സംവിധാനം ഒരുക്കാൻ നമുക്ക് സാധിച്ചിട്ടില്ല. സാനിറ്ററി മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും നിലവിൽ കൃത്യമായ സംവിധാനമില്ലാത്തതിനാൽ ഇവയെല്ലാം വലിച്ചെറിയപ്പെടുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഇങ്ങനെ വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലും അവിടെ നിന്നും ജലാശയങ്ങളിലും എത്തിച്ചേരുകയും ജല മലിനീകരണത്തിന് കാരണമാവുകയും ചെയ്യുന്നു.

## വായു ഗുണനിലവാരം

മനുഷ്യന്റെ ആരോഗ്യകരമായ നിലനിൽപ്പിന് കുടിവെള്ളത്തെപ്പോലെയോ അതിനെക്കാളേറെയോ പ്രാധാന്യം അന്തരീക്ഷവായുവിനും ഉണ്ട്. മാലിന്യം കലരാത്ത ശുദ്ധവായു ശ്വസിക്കുന്നത് മൂലം ശരീരത്തിന് ലഭിക്കുന്ന ഉന്മേഷവും ഉണർവും പറഞ്ഞറിയിക്കാൻ സാധിക്കാത്തതാണ്. ശുദ്ധമായ പ്രാണവായു ശ്വസിക്കാൻ സാധിക്കാത്തത്തിനാൽ കഷ്ടതകൾ അനുഭവിക്കുന്ന ഒരു വലിയ വിഭാഗം ജനത അധിവസിക്കുന്ന നാടായി ഇന്ത്യയും മാറിയിരിക്കുന്നു. ഇന്ത്യയിലെ മറ്റു പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കണ്ണൂർ ജില്ലയിൽ വായു മലിനീകരണത്തിന്റെ തോത് കുറവാണെന്ന് പറയാം. പക്ഷേ ജില്ലക്കകത്തു തന്നെ ചില മേഖലകളിൽ വായു മലിനീകരണത്തിന്റെ തോത് ദോഷകരമായ രീതിയിലേക്ക് ഉയർന്നിട്ടുണ്ട്. ഗ്രാമ പ്രദേശങ്ങളിലെ വായു ഗുണനിലവാര സൂചിക (AQI) ശരാശരി 50 ന് അടുത്താണ്. എങ്കിലും കണ്ണൂർ പട്ടണത്തിലും സമീപ പ്രദേശങ്ങളിലും സൂചിക ചില ഘട്ടങ്ങളിൽ 100 ലും ഉയർന്ന നിലയിലേക്ക് എത്താറുണ്ട്. നഗരത്തിലെത്തുന്ന വാഹനങ്ങൾ അന്തരീക്ഷത്തിലേക്ക് ഉയർത്തി വിടുന്ന പുകയും പൊടി പടലങ്ങളും കോൺക്രീറ്റ് കെട്ടിടങ്ങൾ പുറന്തള്ളുന്ന ചൂടും എല്ലാം തന്നെ വായു ഗുണനിലവാരത്തെ മോശമായി ബാധിക്കുന്ന ഘടകങ്ങളാണ്. മരങ്ങളുടെയും പച്ചപ്പിന്റെയും കുറവ് മറ്റൊരു പ്രധാന കാരണമാണ്. അന്തരീക്ഷ വായു ഗുണനിലവാരം മോശമായ ജില്ലയിലെ മറ്റൊരു പ്രദേശമാണ് ആന്തൂർ നഗരസഭയിലെ ധർമ്മശാലക്ക് സമീപം മാങ്ങാട്ട് പറമ്പിലെ വ്യവസായ ശാലകൾ സ്ഥിതിചെയ്യുന്ന മേഖല . ദീർഘകാലമായി ഇവിടെ പ്രവർത്തിക്കുന്ന വ്യവസായശാലകളിൽ നിന്നും അന്തരീക്ഷത്തിലേക്ക് വ്യാപിക്കുന്ന പുകയും പൊടിയും ഇവിടുത്തെ അന്തരീക്ഷ വായുവിനെ ദോഷകരമായി ബാധിക്കാൻ തുടങ്ങിയതായി പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. ഇത്തരം പ്രതികൂല ഘടകങ്ങൾ ഗ്രാമ പ്രദേശങ്ങളിൽ കുറവായതു കൊണ്ടാണ് ഗ്രാമീണ മേഖലകളിൽ വായു ഗുണനിലവാരം മോശമാകാതിരിക്കാൻ കാരണം.

അധ്യായം 2

# പരിസ്ഥിതി പ്രശ്നങ്ങളിലെ ഇടപെടൽ സാധ്യതകൾ

പൊതുസ്ഥലങ്ങളിലെ മാലിന്യപ്രശ്നം, ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യനിക്ഷേപം, വരൾച്ച, വെള്ളപ്പൊക്കം, ജലമലിനീകരണം, മൈക്രോ പ്ലാസ്റ്റിക്, ജൈവമാലിന്യം, അറവുമാലിന്യം, മുടിമാലിന്യം, സാനിറ്ററി മാലിന്യം, കൺസ്ട്രക്ഷൻ മാലിന്യം, ബൾക്ക് വേസ്റ്റ്, വായു ഗുണനിലവാരം, കൃഷിഭൂമി തരിശിടൽ, അധിനിവേശ സസ്യങ്ങൾ എന്നിങ്ങനെ നിരവധിയായ പ്രശ്നങ്ങൾ ജില്ലയിൽ അനുഭവപ്പെടുന്നതായി മുൻ അധ്യായത്തിൽ സൂചിപ്പിച്ചുവല്ലോ. ഇവയിൽ ഒട്ടുമിക്ക പ്രശ്നങ്ങളും മനുഷ്യർ പ്രകൃതിയുടെ മേൽ നടത്തുന്ന കടന്നുകയറ്റത്തിന്റെയും ചിന്താശൂന്യമായ പ്രവൃത്തികളുടെയും ഫലമായി ഉണ്ടായിട്ടുള്ളവയാണ്. ഇത്തരം പ്രശ്നങ്ങളിൽ മിക്കവയും ശാസ്ത്രീയമായ ഇടപെടലുകളിലൂടെ പൂർണ്ണമായും പരിഹരിക്കുന്നതിനോ പ്രശ്നങ്ങളുടെ തീവ്രത ലഘൂകരിക്കുന്നതിനോ സാധിക്കും. മേൽ പരാമർശിച്ച മിക്ക പ്രശ്നങ്ങളും പരിഹരിക്കുന്നതിനോ ലഘൂകരിക്കുന്നതിനോ ഉള്ള ഇടപെടൽ സാധ്യതകളാണ് ഈ അധ്യായത്തിൽ പരാമർശിക്കുന്നത്. കഴിഞ്ഞ ഒരു ദശാബ്ദത്തിനിടയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിൽ നടന്ന പ്രവർത്തനങ്ങളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിലുള്ള ഇടപെടൽ സാധ്യതകളാണ് ഇവിടെ സൂചിപ്പിക്കുന്നത്.

### പൊതുസ്ഥലങ്ങളിലെ മലിനീകരണം

കഴിഞ്ഞ 10 വർഷങ്ങൾക്ക് മുമ്പു വരെ അജൈവ മാലിന്യ സംസ്കരണം വ്യക്തികളുടെ ഉത്തരവാദിത്തമോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അജണ്ടയിലെ ഒരിനമോ ആയിരുന്നില്ല. മാലിന്യങ്ങൾ അനിയന്ത്രിതമായ തോതിൽ പൊതു ഇടങ്ങളിൽ കുമിഞ്ഞു കൂടുന്ന സ്ഥിതിയായിരുന്നു നില നിന്നിരുന്നത്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഹരിതകർമ്മസേനയെ മാലിന്യ ശേഖരണത്തിനായി നിയോഗിച്ചെങ്കിലും ഭൂരിഭാഗം ജനങ്ങളും അജൈവമാലിന്യങ്ങൾ ഹരിതകർമ്മസേനക്ക് നൽകാനും നിശ്ചയിക്കപ്പെട്ട യൂസർഫീ നൽകുന്നതിനും വിമുഖത കാണിക്കുന്ന അവസ്ഥയും അന്ന് ഉണ്ടായിരുന്നു. ജനകീയ വിദ്യാഭ്യാസ



സ്ഥാപനങ്ങളെന്ന നിലയിൽ സമൂഹത്തിൽ പ്രവർത്തിക്കുന്ന വായനശാലകളും ഗ്രന്ഥശാലകളും പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളായ സ്കൂളുകളും കോളേജുകളും അങ്കണവാടികളും ഈ രംഗത്ത് കാര്യമായ ഇടപെടലുകൾ നടത്തിയിരുന്നില്ല. സർക്കാരിന്റെയും ഹരിതകേരളം മിഷന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഘട്ടം ഘട്ടമായുള്ള പ്രവർത്തനങ്ങളുടെ ഫലമായി ഈ അവസ്ഥക്ക് ഇന്ന് വലിയ തോതിലുള്ള മാറ്റം ഉണ്ടായിരിക്കുന്നു. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം എന്ന ബോധ്യത്തിലേക്ക് ഭൂരിഭാഗം ആളുകളും എത്തിച്ചേർന്നിരിക്കുന്നു. എങ്കിലും ഒരു ചെറിയ വിഭാഗം ആളുകൾ ഇപ്പോഴും ഹരിതകർമ്മസേനക്ക് മാലിന്യങ്ങളും യൂസർഫീസും നൽകാൻ വിമുഖത കാണിക്കുന്നവരായി അവശേഷിക്കുന്നു. പ്രതിദിനം വലിയതോതിൽ മാലിന്യം ഉൽപാദിപ്പിക്കുന്ന സ്ഥാപനങ്ങളും മറ്റും മാലിന്യ സംസ്കരണത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടില്ലാത്തതിനാൽ മാലിന്യം അശാസ്ത്രീയമായി സംസ്കരിക്കുകയോ പൊതു ഇടങ്ങളിലേക്ക് വലിച്ചെറിയുകയോ ചെയ്യുന്നതായും കണ്ടുവരുന്നു. മുടി മാലിന്യങ്ങൾ, സാനിറ്ററി മാലിന്യങ്ങൾ എന്നിവയും കൃത്യമായി സംസ്കരിക്കപ്പെടാതെ പൊതു ഇടങ്ങളിൽ ഉപേക്ഷിക്കപ്പെടാനിടയാവുന്നു. പൊതു സ്ഥലങ്ങളിൽ മാലിന്യം പെരുകാൻ ഇത് കാരണമാവുന്നു. മിക്ക ടൗണുകളിലും പൊതു സ്ഥലങ്ങളിലും മാലിന്യം നീക്കം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലോ ജനകീയ കമ്മറ്റികളുടെ കാർമ്മികത്വത്തിലോ സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ നമുക്ക് സാധിക്കും.

### ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യം

അനേകം വിദേശ ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കുന്ന വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ ജില്ലയിലുള്ളതായി അദ്ധ്യായം ഒന്നിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ശരിയായ രീതിയിലുള്ള ശുചിത്വ പരിപാലനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും മാലിന്യ ശേഖരണത്തിന് സുസ്ഥിരമായ സംവിധാനങ്ങൾ ഇല്ലാത്തതുമാണ് മിക്ക കേന്ദ്രങ്ങളിലും കണ്ടുവരുന്ന പ്രശ്നങ്ങൾ. ടൂറിസം കേന്ദ്രങ്ങൾ ഹരിത ശുചിത്വ കേന്ദ്രങ്ങളായി മാറ്റി തീർക്കേണ്ടതുണ്ട്. ഇതിനായി ഓരോ വിനോദസഞ്ചാര കേന്ദ്രങ്ങളിലും കൃത്യമായ ഇടവേളകളിൽ ജൈവ അജൈവ മാലിന്യ ശേഖരണം നടത്തുന്നതിനായി ഹരിത കർമ്മസേനയെയോ അതുപോലുള്ള മറ്റ് ഏതെങ്കിലും ഏജൻസിയെയോ വിന്യസിപ്പിക്കാൻ സാധിക്കും. ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശനം നടത്തുന്ന ആളുകൾക്ക് മാലിന്യം തരംതിരിച്ച് നിക്ഷേപിക്കാൻ ആവശ്യമായ ബിന്നുകളും ബോട്ടിൽ ബൂത്തുകളും ആവശ്യമായ ഇടങ്ങളിലെല്ലാം വിന്യസിക്കുകയും ശുചിത്വ മാർഗ്ഗനിർദേശങ്ങൾ അടങ്ങുന്ന സൂചക ബോർഡുകൾ സ്ഥാപിക്കുകയും ചെയ്ത് ഇത്തരം കേന്ദ്രങ്ങളിലെ വലിച്ചെറിയൽ ഒരു പരിധിവരെ അവസാനിപ്പിക്കാൻ കഴിയും. ഗ്രീൻ ചെക്ക് പോസ്റ്റ് സംവിധാനം ഏർപ്പെടുത്തുന്നതിലൂടെയും പ്ലാസ്റ്റിക് നിരോധിത മേഖലകൾ ആക്കി ടൂറിസം കേന്ദ്രങ്ങളെ പ്രഖ്യാപിച്ച് നടപടികൾ സ്വീകരിക്കുന്നതിലൂടെയും പരിസര ശുചിത്വം നിലനിർത്തും. ടോയിലറ്റുകളുടെ എണ്ണത്തിലുള്ള അപര്യാപ്തത പരിഹരിക്കുകയും അവയുടെ വൃത്തിയും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പു വരുത്തുകയും വേണം. സ്ത്രീകൾ, കുട്ടികൾ, അംഗപരിമിതർ എന്നിവർക്കുള്ള പ്രത്യേക ശുചിമുറികൾ സജ്ജമാക്കേണ്ടതുണ്ട്. ശുചിത്വ പരിപാലനം ഉറപ്പാക്കുന്നതിന് ആവശ്യമായ ജനകീയ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുകയും നിശ്ചിത ഇടവേളകളിൽ ഇത്തരം സമിതികളുടെ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി മുന്നോട്ടു പോകുകയും ചെയ്യുന്ന രീതിയും അനുവർത്തിക്കും.

### വരൾച്ച

ജില്ലയിലെ 70% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഏപ്രിൽ, മെയ് മാസങ്ങളിൽ രൂക്ഷമായ വരൾച്ച അനുഭവപ്പെടുകയും ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യുകയും പതിവായിരുന്നു. വർഷത്തിൽ മൂന്ന് ഘട്ടമായി ഏതാണ്ട് പകുതിയോളം ദിവസം മിക്ക പ്രദേശങ്ങളിലും മഴ ലഭിച്ചിട്ടും മഴക്കാലം അവസാനിച്ച് മാസങ്ങൾക്കകം തോടുകളും കിണറുകളും ജലസ്രോതസ്സുകളും വറ്റുകയും ചെയ്യുന്ന സാഹചര്യത്തെയാണ് നാം വർഷം തോറും അഭിമുഖീകരിച്ചു കൊണ്ടിരുന്നത്. കേരളത്തിൽ ലഭിക്കുന്ന ശരാശരി വാർഷിക മഴയുടെ തോത് വെച്ചു കണക്കാക്കിയാൽ 10 സെന്റ് വിസ്തൃതിയുള്ള

പുരയിടത്തിൽ ഒരു വർഷം നാല് ലക്ഷത്തിമുപ്പത്തിഎട്ടായിരം ലിറ്റർ മഴ പെയ്യുന്നുണ്ട് എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. മഴക്കാലത്ത് കിണറുകളിൽ സംഭരിക്കുന്ന വെള്ളം ശക്തമായ വേനലിൽ വറ്റിപോകുന്നതു കൊണ്ടാണ് നാം വരൾച്ചയെ നേരിടേണ്ടി വരുന്നത്. ഓരോ പ്രദേശത്തും പെയ്യുന്ന മഴവെള്ളത്തെ മുഴുവനായും ഒഴുകിപ്പോകുന്നതിന് അവസരം നൽകാതെ അനുയോജ്യമായ ഇടങ്ങളിൽ പരമാവധി സംഭരിക്കുന്നതിനും ഭൂമിക്കടിയിലേക്ക് ഇറക്കി വിടുന്നതിനും ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കാവുന്നതാണ്. വരൾച്ച കാർഷിക മേഖലയേയും ദോഷകരമായി ബാധിക്കുന്നുണ്ട്. വേനൽക്കാലത്ത് ജലസേചനം ആവശ്യമായി വരുന്ന നെല്ല്, പച്ചക്കറി, വാഴ, തെങ്ങ്, മറ്റ് സ്ഥിരം വിളകൾ എന്നിവയ്ക്ക് നനച്ചു കൊടുക്കേണ്ട സമയത്ത് തോടുകളും കുളങ്ങളും ജലാശയങ്ങളും വറ്റിപ്പോകുന്ന പതിവുണ്ട്. ഈ പരിഹരിക്കുന്നതിനായി വേനൽ ആരംഭത്തിൽ തന്നെ തോടുകളിൽ താൽക്കാലിക തടയണകൾ നിർമ്മിച്ച ഒഴുകിപ്പോകുന്ന ജലത്തെ പരമാവധി തടഞ്ഞുനിർത്തി വരൾച്ചയുടെ തീവ്രത കുറയ്ക്കാനും സാധിക്കും.

## വെള്ളക്കെട്ട്

വേനൽക്കാലത്ത് വരൾച്ച എന്നതുപോലെ തന്നെ മഴക്കാലത്ത് വെള്ളപ്പൊക്കവും പ്രളയവും വെള്ളക്കെട്ടും ജില്ലയിൽ ഭൂരിഭാഗം പ്രദേശങ്ങളിലും അനുഭവപ്പെടുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി സമീപകാലത്ത് കണ്ടുവരുന്ന അതിതീവ്രമഴ, മേഘ വിസ്ഫോടനം, മിന്നൽ പ്രളയം എന്നീ പ്രതിഭാസങ്ങൾ കാരണം ഒരു ചെറിയ പ്രദേശത്ത് ചുരുങ്ങിയ സമയത്തിനുള്ളിൽ വലിയ അളവിലുള്ള മഴയാണ് പെയ്യാനിടയാകുന്നത്. ഇപ്രകാരം പെയ്യുന്ന മഴയെ തുടർന്ന് പ്രദേശത്ത് ലഭിക്കുന്ന വലിയ അളവിലുള്ള മഴ വെള്ളം മറ്റു ഭാഗത്തേക്ക് ഒഴുകി നീങ്ങാൻ ആവശ്യമായ നീർച്ചാലുകളുടെ അഭാവവും ഉള്ളവ തന്നെ അനധികൃത കയ്യേറ്റങ്ങൾ കാരണമോ മാലിന്യങ്ങൾ നിക്ഷേപിച്ച് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ടതു കാരണമോ സുഗമമായ നീരൊഴുക്കിന് വിഘാതം സംഭവിക്കുന്നു. ഈ കാരണത്താൽ ആണ് തോട് കര കവിയുകയും സമീപ പ്രദേശങ്ങളിൽ പ്രളയ സമാനമായ അന്തരീക്ഷം ഉടലെടുക്കുകയും ചെയ്യുന്നത്. ചില സ്ഥലങ്ങളിലെങ്കിലും മണ്ണൊലിപ്പ് കാരണം തോട് നികന്ന് പോവുകയും നീരൊഴുക്ക് തടസ്സപ്പെടുകയും ചെയ്യുന്ന അവസ്ഥയും നിലവിലുണ്ട്. ഇത് തോടിന്റെ കരകളിലുള്ള വയലുകളിൽ വെള്ളക്കെട്ട് രൂപപ്പെടുക, കൃഷി നശിച്ച് പോകുക, കൃഷി ചെയ്യാൻ സാധിക്കാതെയായി മാറുക എന്നിവയ്ക്ക് കാരണമാകുന്നു. തോടുകളിൽ മണ്ണ് വന്നിടിയുകയും തോടിന്റെ ആഴം കുറയുകയും ചെയ്യുന്നതു കാരണം തോടിന്റെ ജല സംഭരണ ശേഷി കുറയുകയും മഴ നിൽക്കുന്നതോടെ തോടുകൾ വറ്റിപ്പോവുകയും ചെയ്യുന്നതായി കണ്ടുവരുന്നു. ഈ രണ്ടു സാഹചര്യങ്ങളും കർഷകരെ കൃഷി ഉപേക്ഷിക്കുന്നതിന്നും ഭൂമി തരിശിടുന്ന ശീലത്തിലേക്കും എത്തിച്ചേരാൻ കാരണമാകുന്നു. തോടുകളിലൂടെയും നീർച്ചാലുകളിലൂടെയുമുള്ള നീരൊഴുക്ക് സുഗമമാക്കുകയും അതിനായി തോടിൽ അടിഞ്ഞു കൂടിയ മാലിന്യങ്ങൾ, ചെളി എന്നിവ നീക്കം ചെയ്യുകയും തോടിന്റെ കരകൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്താൽ പ്രളയ തീവ്രത കുറയ്ക്കാനും തോടുകളിലൂടെയുള്ള നീരൊഴുക്ക് സുഗമമാക്കാനും സാധിക്കും..

## ഉപ്പുവെള്ളത്തിന്റെ സാന്നിദ്ധ്യം

ജില്ലയിലെ പുഴകളിലും തീരപ്രദേശത്തിനോട് ചേർന്നു കിടക്കുന്ന തോടുകളിലും ജലാശയങ്ങളിലും ഉപ്പുവെള്ളത്തിന്റെ സാന്നിദ്ധ്യം രൂക്ഷമാണ്. വളപട്ടണം പുഴയിൽ അഴീക്കൽ അഴിമുഖം മുതൽ ഇരിക്കൂർ പാലം വരെ 38 കി. മീ. ദൂരത്തേക്കും, കുപ്പം പുഴയിൽ അഴീക്കൽ മുതൽ ചപ്പാപ്പടവ് ടൗൺ വരെ ഏകദേശം 40 കി.മീ ദൂരത്തേക്കും, പെരുമ്പുഴയിൽ വലിയപറമ്പ് അഴിമുഖത്തു നിന്നും 22 കി മീ. ദൂരത്തേക്കും, രാമപുരം പുഴയിൽ 7 കി. മീ. മുകൾ ഭാഗത്തേക്ക് വരെയും ഉപ്പുവെള്ളം കയറുന്നതായി അനുഭവപ്പെടാറുണ്ട്. വളപട്ടണം പാലത്തിനു സമീപത്തായി പാപ്പിനിശ്ശേരി പഞ്ചായത്തിലെ തട്ടുപുറം പാടശേഖരം താഴ്ന്ന പ്രദേശമായതിനാൽ ഉപ്പുവെള്ളം കയറി സ്ഥിരമായ വെള്ളക്കെട്ടായി മാറുകയും നെൽകൃഷി അസാധ്യമാവുകയും സ്ഥലം തരിശിടാനിടയാവുകയും ചെയ്ത സാഹചര്യം ഉടലെടുത്തിട്ടുണ്ട്.

മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ തെക്കുമ്പാട് ദ്വീപ് അഴിമുഖത്തു നിന്നും 5. കി. മീ. ദൂരത്ത് സ്ഥിതിചെയ്യുന്ന പ്രദേശമാണ്. ദ്വീപ് നിവാസികൾ പരമ്പരാഗത നെൽകർഷകരാണ്. ദ്വീപിനെ ചുറ്റി ഒഴുകുന്ന കുപ്പം പുഴയിലെ നീരൊഴുക്ക് വേനലിൽ ക്രമാതീതമായി കുറയുന്നതിനാൽ വേലിയേറ്റ സമയങ്ങളിൽ കടലിൽ നിന്നും കയറിവരുന്ന ഉപ്പുവെള്ളം വയലുകളിൽ വ്യാപിക്കുകയും നെൽകൃഷി നശിക്കുകയും ചെയ്തു. സമീപ കാലത്തായി നെൽകൃഷി ഈ പ്രദേശത്ത് നിന്നും അപ്രത്യക്ഷമാവുകയും വയലുകൾ തരിശായി മാറുകയും ചെയ്തിരിക്കുന്നു. അഞ്ചരക്കണ്ടി, തലശ്ശേരി പുഴകളിലും ഉപ്പുവെള്ളം കയറുന്നതു കാരണം സമീപത്തെ പാടശേഖരങ്ങളിലും പിണറായി, വേങ്ങാട്, പെരളശേരി, അഞ്ചരക്കണ്ടി, എരഞ്ഞോളി, ന്യൂമാഹി, ചൊക്ലി പഞ്ചായത്ത് പ്രദേശങ്ങളിലെ പാടശേഖരങ്ങളിലും ഉപ്പുവെള്ളം കയറുന്നതായി കണ്ടു വരുന്നു. ഉപ്പുവെള്ളം കയറുന്ന പ്രദേശങ്ങളിൽ ഇതിനെ നിയന്ത്രിക്കാനായി പുഴയിൽ ആവശ്യമായ സ്ഥലങ്ങളിൽ റഗുലേറ്ററുകൾ സ്ഥാപിച്ചു കൊണ്ട് ഒരു പരിധി വരെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കും.

## കടലാക്രമണ ഭീഷണി

കണ്ണൂർ ജില്ലയിൽ ആകെയുള്ള 87 കിമീ. ദൈർഘ്യം വരുന്ന കടൽ തീരത്തിൽ 5.46. കി. മീ. നീളത്തിലുള്ള തീരം ഏഴിമല നാവിക അക്കാദമിയുടെ അധീനതയിലാണ്. ശേഷിക്കുന്ന 81 കിലോമീറ്ററലേറെയുള്ളതിൽ 40.89 കി.മീ. നീളത്തിൽ കടൽ ഭിത്തി നിർമ്മിച്ചിട്ടുണ്ട്. ജില്ലയിലെ കടൽ തീരം ഏറെ സ്ഥലങ്ങളിലും ശക്തമായ തിരമാലകൾ കരയിലേക്ക് ഇരച്ചു കയറുന്ന സ്ഥലങ്ങളാണ്. എട്ടിക്കുളം മുതൽ മാഹി വരെ വ്യാപിച്ചു കിടക്കുന്ന തീരപ്രദേശത്ത് കടലാക്രമണം ചെറുക്കുവാൻ നിലവിൽ കടൽ ഭിത്തി ഇല്ലാത്ത പ്രദേശങ്ങളിൽ കടൽ ഭിത്തി നിർമ്മിക്കേണ്ടതും നിലവിലുള്ള കടൽ ഭിത്തിക്ക് കേടുപാടുകൾ സംഭവിച്ച് ദുർബലമായി തീർന്നിട്ടുള്ള സ്ഥലങ്ങളിൽ പുനരുദ്ധാരണ പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കേണ്ടതുമാണ്

## ജലമലിനീകരണം

തോടുകളിലെയും പുഴകളിലെയും ജലം ഭീതികരമായ തോതിൽ മലിനമായിരിക്കുന്നു എന്നതാണ് നിലവിലെ സാഹചര്യം. കിണർ വെള്ളം പോലും ശുദ്ധമല്ലാത്ത തരത്തിലേക്ക് ജില്ലയിലെ ഏതാണ്ട് എല്ലാ പ്രദേശങ്ങളും മാറിപ്പോയിരിക്കുന്നു. താഴ്ന്ന പ്രദേശങ്ങളിലും തോടുകളുടേയും നീർച്ചാലുകളുടെയും സമീപത്ത് സ്ഥിതി ചെയ്യുന്നതുമായ കിണറുകളിലാണ് ഇപ്രകാരം മാലിന്യം കലർന്നിരിക്കുന്നതായി ഏറെയും കണ്ടെത്തിയിരിക്കുന്നത്. മനുഷ്യ വിസർജ്യത്തിൽ കണ്ടുവരുന്ന ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം മിക്ക പ്രദേശങ്ങളിലെയും കിണറുകളിലെ ജല പരിശോധന നടത്തിയപ്പോൾ കാണാൻ സാധിച്ചിട്ടുണ്ട്. താഴ്ന്ന പ്രദേശങ്ങളിൽ വാട്ടർ ടേബിൾ താരതമ്യേന ഭൂനിരപ്പിന് ഏറെ അടുത്ത് എത്തുന്ന വിധത്തിലേക്ക് ഉയർന്നു വരുന്നതിനാൽ മഴക്കാലങ്ങളിൽ കിണർ വെള്ളത്തിൽ മറ്റു സമീപ സ്ഥലങ്ങളിൽ നിന്ന് മണ്ണിൽ പടർന്ന് വ്യാപിക്കുന്ന വെള്ളവും മറ്റുമാലിന്യങ്ങളും കലരുന്നതിലൂടെയാണ് കിണർ വെള്ളം പ്രധാനമായും മലിനമാകാനിടയാവുന്നത്. കക്കൂസ് മാലിന്യങ്ങൾ സുരക്ഷിതമല്ലാത്ത രീതിയിൽ, സംഭരിക്കപ്പെടുന്നതു കാരണം സംഭവിക്കുന്ന ഇത്തരം പ്രശ്നങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതാണ്. സുരക്ഷിതമല്ലാത്ത രീതിയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ഒറ്റക്കുഴി, ഇരട്ടക്കുഴി കക്കൂസ് ടാങ്കുകൾ സെപ്റ്റിക് ടാങ്കുകളാക്കി മാറ്റുന്ന പ്രവർത്തനം ഏറിയ പ്രാധാന്യത്തോടെ തന്നെ നടപ്പിലാക്കാൻ സാധിച്ചാൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും. ജില്ലയിൽ ദ്രവമാലിന്യം സംസ്കരണത്തിനും കക്കൂസ് മാലിന്യങ്ങൾ സംസ്കരിക്കാനും ആവശ്യമായ തോതിൽ സംസ്കരണ സംവിധാനം നിലവിലില്ല, ദ്രവമാലിന്യ സംസ്കരണത്തിനായി ശാസ്ത്രീയ സംവിധാനങ്ങൾ സജ്ജമാക്കുന്നതിലൂടെയും കിണറുകൾ വാട്ടർ ടാങ്കുകൾ എന്നിവ നിശ്ചിത ഇടവേളകളിൽ ക്ലോറിനേഷൻ ചെയ്യുന്ന പ്രവർത്തനത്തിൽ മുന്തിയ പരിഗണന നൽകിയും ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കും.

## മൈക്രോ പ്ലാസ്റ്റിക്

കടലിലും കരയിലും മനുഷ്യന്റെ രക്തത്തിലും തലച്ചോറിലും അമ്മയുടെ മുലപ്പാലിലും ജനിച്ചു വീഴുന്ന കുഞ്ഞിന്റെ ശരീരത്തിലും വരെ മൈക്രോ പ്ലാസ്റ്റിക്കിന്റെ സാന്നിധ്യം കണ്ടെത്തിയിരിക്കുന്നു. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളാണ് മൈക്രോ പ്ലാസ്റ്റിക് ശരീരത്തിൽ പ്രവേശിക്കുന്നത് മൂലം ഉണ്ടാവാൻ ഇടയുള്ളത്. പ്ലാസ്റ്റിക്കുകൾ പൊടിഞ്ഞും മനുഷ്യൻ ഉപയോഗിക്കുന്ന സൗന്ദര്യവർദ്ധക വസ്തുക്കളും നിത്യോപയോഗ വസ്തുക്കളും വിഘടിച്ചും മൈക്രോ പ്ലാസ്റ്റിക്കുകൾ രൂപപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരം സാധനങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിലൂടെ മാത്രമേ മൈക്രോ പ്ലാസ്റ്റിക് എന്ന വില്ലൻ സൃഷ്ടിക്കുന്ന ഭീഷണിയെ തടയാൻ സാധിക്കുകയുള്ളൂ. മനുഷ്യന് ദോഷകരമായ പലതരം സൗന്ദര്യവർദ്ധക വസ്തുക്കളുടെയും ചുയിങ്ഗം പോലുള്ള ഉൽപ്പന്നങ്ങളുടെയും ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിലൂടെ മൈക്രോ പ്ലാസ്റ്റിക്കിന്റെ വ്യാപനത്തെ ചെറുത്തു തോൽപ്പിക്കാൻ സാധിക്കും. പ്ലാസ്റ്റിക് മാലിന്യം വലിച്ചെറിയുന്നതും ജലാശയങ്ങളിൽ ഒഴുക്കിവിടുന്നതും അവസാനിപ്പിക്കാൻ സാധിച്ചാൽ മണ്ണിലും ജലത്തിലും പ്ലാസ്റ്റിക്കിന്റെ വ്യാപനം നിയന്ത്രണവിധേയമാക്കാൻ കഴിയും.

## ജൈവ മാലിന്യം

മനുഷ്യന്റെ നിത്യജീവിതവുമായി ബന്ധപ്പെട്ട് രൂപപ്പെടുന്ന മാലിന്യങ്ങളിൽ കൂടുതലും ജൈവ മാലിന്യങ്ങളാണ്. മുൻകാലങ്ങളിൽ ജൈവമാലിന്യ സംസ്കരണം ഒരു പ്രശ്നമായി ആരും കണക്കാക്കിയിരുന്നില്ല. എന്നാൽ കാലാന്തരത്തിൽ ജൈവ മാലിന്യത്തിന്റെ ശാസ്ത്രീയമായ സംസ്കരണ സംവിധാനവും മനുഷ്യന്റെ അത്യന്താപേക്ഷിതമായ ആവശ്യമായി മാറി. അജൈവ മാലിന്യത്തെ പോലെയോ അതിലേറെയോ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ശരിയായ രീതിയിൽ ജൈവമാലിന്യ സംസ്കരണം നടത്താത്തതിനാലും ഉണ്ടാകും എന്ന കാര്യം ഇന്ന് നമുക്കെല്ലാം ബോധ്യമുള്ള സംഗതിയാണ്. ജൈവമാലിന്യ സംസ്കരണത്തിനായി ഉറവിടത്തിൽ തന്നെ അനുയോജ്യമായ ഏതെങ്കിലും ശാസ്ത്രീയ സംവിധാനങ്ങൾ ഒരുക്കുക എന്നത് നിയമപരമായി ഓരോ മാലിന്യ ഉൽപാദകന്റെയും കർത്തവ്യമാണ്. രൂപപ്പെടുന്ന മാലിന്യത്തിന്റെ തോതിനനുസരിച്ചുള്ള സംസ്കരണ സംവിധാനങ്ങൾ സജ്ജമാക്കാൻ ഇന്ന് സാധിക്കും. വീടുകളിലും സ്ഥാപനങ്ങളിലും ആശുപത്രികളിലും ഓഡിറ്റോറിയങ്ങളിലും അനുയോജ്യമായ വ്യത്യസ്ത സംസ്കരണ സംവിധാനങ്ങൾ സജ്ജീകരിക്കാനാണ് ശ്രദ്ധിക്കേണ്ടത്. ഇതിനുപുറമേ കരിയില, ഗാർഡൻ വേസ്റ്റ് എന്നിവയും ശാസ്ത്രീയമായ സംസ്കരണ പ്രക്രിയയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ഇതിനായി ലളിതമായ പല ശാസ്ത്രീയ രീതികളും ഇന്ന് കണ്ണൂർ ജില്ലയിൽ പ്രചാരത്തിൽ കൊണ്ടു വരാനുള്ള ശ്രമത്തിലാണ് ഹരിതകേരളം മിഷനും മറ്റ് മിഷനുകളും. കരിയില കമ്പോസ്റ്റ്, തുമ്പൂർമുഴി മാതൃക കാംബോസ്റ്റിങ് സംവിധാനം എന്നിവ വ്യാപകമായി വന്നു കൊണ്ടിരിക്കുന്നു.

## അറവു മാലിന്യം

ജില്ലയിൽ 1114 ഓളം ചിക്കൻ സ്റ്റാളുകളോ ഇറച്ചി വില്പനശാലകളോ പ്രവർത്തിക്കുന്നതായാണ് കണക്ക്. ഇവയിൽ ദിനംതോറും ശരാശരി 100 ടൺ ഓളം അറവു മാലിന്യങ്ങൾ രൂപപ്പെടുന്നതായി കണക്കാക്കപ്പെടുന്നു. എന്നാൽ ഇവയിൽ ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്ന മാലിന്യങ്ങളുടെ അളവ് പകുതിയിൽ താഴെ മാത്രമാണ്. പന്നി ഫാമുകളിൽ തീറ്റയായി ഉപയോഗിക്കുന്നതിനും കുറച്ചുഭാഗം വിനിയോഗിക്കുന്നുണ്ട് എന്നാൽ ഇതിലൊന്നും പെടാതെ കുറച്ചുപേരെങ്കിലും അറവു മാലിന്യങ്ങൾ മണ്ണിൽ ഉപേക്ഷിക്കുകയോ ജലാശയങ്ങളിലേക്ക് വലിച്ചെറിയുകയോ ചെയ്യുന്നു. ഇത് ഗുരുതരമായ പകർച്ചവ്യാധി വ്യാപനത്തിനും തെരുവുപട്ടികൾ പെരുകുന്നതിനും കാരണമാകുന്നു. മുഴുവൻ അറവു മാലിന്യ ഉൽപാദകരും ശാസ്ത്രീയ മാലിന്യ സംസ്കരണത്തിനായി കൈയൊഴിയും എന്ന കാര്യം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇവയ്ക്ക് പ്രവർത്തന അനുമതി നൽകുമ്പോൾ തന്നെ ഉറപ്പുവരുത്തുകയാണെങ്കിൽ ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും. ആവശ്യമായ വകുപ്പുകളുടെ അംഗീകാരമോ അനുമതിയോ ഇല്ലാതെയും മാലിന്യ സംസ്കരണത്തിനായി

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയും പ്രവർത്തിക്കുന്ന മുഴുവൻ അറവുശാലകളും ഇറച്ചി കടകളും അടച്ചുപൂട്ടാൻ ആവശ്യമായ ഇടപെടൽ നടത്തുകയും ചെയ്യേണ്ടതുണ്ട്.

### മുടി മാലിന്യം

ജില്ലക്കകത്ത് ശാസ്ത്രീയമായ സംസ്കരണ സംവിധാനങ്ങൾ ഒന്നും തന്നെ നിലവിലില്ലാത്തതിനാൽ ചില പ്രത്യേക മാലിന്യങ്ങൾ സംസ്കരിക്കപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ഇവയിൽ പ്രധാനപ്പെട്ടതാണ് മുടിമാലിന്യം. ജില്ലയിൽ 200ലേറെ ഹെയർ കട്ടിംഗ് സലൂണുകളും നൂറിലേറെ ബ്യൂട്ടിപാർലറുകളും പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയിൽ എല്ലാം തന്നെ രൂപപ്പെടുന്ന മുടി മാലിന്യങ്ങൾ ശരിയായി സംസ്കരിക്കപ്പെടുന്നില്ല. ഇവ ജില്ലക്ക് പുറത്തുള്ള ചില ഏജൻസികൾ ശേഖരിച്ചു കൊണ്ടുപോവുകയാണ് ചെയ്യുന്നത്. എന്നാലും പലപ്പോഴും ഇത്തരം ഏജൻസികളുടെ ശേഖരണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കാത്ത സാഹചര്യവും നിലവിലുണ്ട്. മുഴുവൻ മാലിന്യ ഉൽപ്പാദകരും പൂർണ്ണമായ തോതിൽ മാലിന്യം ഇത്തരം ഏജൻസികൾക്ക് കൈമാറാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്. ജില്ലക്ക് അകത്തുതന്നെ മുടിമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കാൻ ആവശ്യമായ സംവിധാനങ്ങൾ വികസിപ്പിച്ചെടുത്തുകൊണ്ട് ഈ പ്രശ്നത്തിനും ശാശ്വത പരിഹാരം കാണാൻ സാധിക്കും.

### സാനിറ്ററി മാലിന്യം

മുടി മാലിന്യം പോലെ തന്നെ സാനിറ്ററി മാലിന്യങ്ങൾ ശേഖരിച്ചു സംസ്കരിക്കുന്നതിനും ജില്ലക്കകത്ത് ആവശ്യമായ സംവിധാനം നിലവിലില്ല. നമ്മുടെ ജില്ലയിലെ പ്രധാന നഗരസഭകളുടെ നേതൃത്വത്തിൽ സാനിറ്ററി മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കാൻ ആവശ്യമായ സംവിധാനം ഒരുക്കി ഇത്തരം മാലിന്യം ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണും.

### സി ആൻഡ് ഡി മാലിന്യങ്ങൾ

പരിസ്ഥിതിക്ക് വലിയതോതിൽ ആഘാതം സൃഷ്ടിക്കുന്ന മാലിന്യങ്ങൾ ആണ് കെട്ടിട നിർമ്മാണ മാലിന്യങ്ങൾ. ഇവ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടെ അടങ്ങുന്ന വിശദമായ മാർഗ്ഗരേഖ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ചിട്ടുമുണ്ട്. ഇത്തരം മാലിന്യങ്ങൾ ഉത്പാദിപ്പിക്കുന്ന ആളുകൾക്ക് അവ ശാസ്ത്രീയമായി കൈയൊഴിയുന്നതിനുള്ള അവബോധം നൽകുന്നതിലൂടെയും ഇതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിന് ആവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്നതിലൂടെയും ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ സാധിക്കും.

### അധിനിവേശ സസ്യങ്ങൾ

അതിവേഗം പടർന്നു പിടിക്കുകയും തദ്ദേശീയമായ സസ്യങ്ങളെയും ജൈവവൈവിധ്യത്തെയും നശിപ്പിക്കുകയും ചെയ്യുന്ന അന്യദേശ സസ്യങ്ങളാണ് അധിനിവേശ സസ്യങ്ങൾ. ഇവയുടെ വളർച്ച നിയന്ത്രിച്ചില്ലെങ്കിൽ പ്രാദേശിക സസ്യങ്ങൾ പലതും നശിച്ചു പോകുകയും മണ്ണിന്റെ ഘടനയിൽ മാറ്റം വരുകയും ചെയ്യും. അതിനാൽ അധിനിവേശ സസ്യങ്ങളുടെ വ്യാപനം തടയുന്നതിന് ആവശ്യമായ നടപടികൾ അടിയന്തര പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ടതുണ്ട്. ഇത്തരം സസ്യങ്ങളെ തിരിച്ചറിഞ്ഞ് നശിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നമുക്ക് സാധിക്കും. ഇവയുടെ വ്യാപനം തടയാനായി വനംവകുപ്പിന്റെയും കൃഷിവകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഓരോ പ്രദേശത്തേയും അധിനിവേശ സസ്യങ്ങൾ മുറിച്ചുമാറ്റി തദ്ദേശീയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാനും പുതുതായി മുളച്ചു വരുന്ന തൈകൾ പിഴുതെറിയാനും ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെ സാധിക്കും.

## കൃഷിഭൂമി തരിശിടൽ

ജില്ലയിൽ വിവിധ കാരണങ്ങളാൽ കൃഷിഭൂമിയുടെ വിസ്തൃതി കുറഞ്ഞു വരികയും തരിശുഭൂമിയുടെ വിസ്തൃതി കൂടി വരികയും ചെയ്യുന്ന സ്ഥിതി വിശേഷം നിലവിലുള്ളതായി മുൻ അധ്യായത്തിൽ സൂചിപ്പിച്ചിരുന്നല്ലോ. തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനായി കൃഷിവകുപ്പിന്റെയും മഹാത്മാഗാന്ധിദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും കീഴിൽ വിവിധങ്ങളായ പദ്ധതികൾ നിലവിൽ ഉണ്ടെങ്കിലും അവയൊന്നും ഉദ്ദേശിക്കുന്ന ലക്ഷ്യത്തിൽ എത്തിച്ചേരുന്നില്ല എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു. പദ്ധതികൾ പലതും കർഷകരുടെ ആവശ്യങ്ങൾക്ക് പരിഹാരം ആകുന്ന രീതിയിലുള്ളതല്ല എന്നതിനാലാണ് അവ ലക്ഷ്യപ്രാപ്തിയിൽ എത്താത്തത്. നെൽവയലുകളിൽ മാത്രമല്ല കരഭൂമിയിലും പരിശീലന പ്രവണത ഏറി വരികയാണ്. നെൽവയലുകളിൽ ആവശ്യമായ രീതിയിലുള്ള ജലസേചന സൗകര്യങ്ങൾ ഒരുക്കുവാനും മറ്റ് അടിസ്ഥാന ആവശ്യങ്ങൾ പരിഹരിക്കാനും ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കിയാൽ തരിശുഭൂമിയുടെ വിസ്തൃതി കുറച്ചു കൊണ്ടുവരാനും കരഭൂമിയിൽ അനുയോജ്യമായ തൃഷി വ്യാപിപ്പിക്കുന്നതിലൂടെ തരിശുകിടക്കുന്ന കരഭൂമിയുടെ വിസ്തൃതി കുറക്കാനും സാധിക്കും.

## കാലാവസ്ഥാ വ്യതിയാനം

അമിതമായ ചൂടും അതികഠിനമായ മഴയുമില്ലാത്ത സുഖകരമായ കാലാവസ്ഥ അനുഭവപ്പെടുന്ന പ്രദേശമായാണ് കേരളം മുൻകാലങ്ങളിൽ അറിയപ്പെട്ടിരുന്നത്. അന്യസംസ്ഥാനക്കാരെയും വിദേശികളായ സഞ്ചാരികളെയയും കേരളത്തിലേക്ക് ആകർഷിച്ചിരുന്ന ഒരു ഘടകം ഇവിടെയുള്ള സുഖകരമായ കാലാവസ്ഥയായിരുന്നു. എന്നാൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി കേരളത്തിലെ കാലാവസ്ഥയിൽ സാരമായ മാറ്റം അനുഭവപ്പെടാൻ തുടങ്ങിയിരിക്കുന്നു. മഴക്കാലമായാൽ അതിതീവ്ര മഴയും പ്രളയവും ; വേനൽക്കാലമായാൽ കഠിനമായ ചൂടും ഉഷ്ണതരംഗവും സൂര്യാഘാതവും. മനുഷ്യരുടെ അമിതമായ തോതിലുള്ള പ്രകൃതി ചൂഷണവും മാലിന്യങ്ങൾ വലിച്ചെറിഞ്ഞ് ഭൂമിയെ കുപ്പത്തൊട്ടിയാക്കി മാറ്റിയ പ്രവർത്തിയുമാണ് ഒരു പരിധിവരെ ഈ മാറ്റങ്ങൾക്ക് കാരണം. നമ്മുടെ ജില്ലയിലും സ്ഥിതി കേരളത്തിലെ പൊതുവായ കാലാവസ്ഥയിൽ നിന്നും ഏറെയൊന്നും വ്യത്യസ്തമല്ല. അതിതീവ്ര മഴയും, ഉഷ്ണ തരംഗവും, ഉരുൾപൊട്ടലും, മണ്ണിടിച്ചിലും, കടൽക്ഷോഭവും എല്ലാം മാറി മാറി നമ്മുടെ ജില്ലയിലെ വിവിധ പ്രദേശങ്ങളിലും ഓരോ സമയങ്ങളിലായി അനുഭവപ്പെടുന്ന സാഹചര്യങ്ങളെയാണ് നമ്മളും ഈയടുത്ത കാലത്തായി അനുഭവിച്ചു കൊണ്ടിരിക്കുന്നത്. കാലാവസ്ഥയിലെ അസ്ഥിരത കാരണം മഴയെ ആശ്രയിച്ച് ചെയ്യുന്ന പല കൃഷികളും നശിച്ച് പോവുകയും ക്രമേണ അത്തരം കൃഷിയിൽ നിന്നും കർഷകർ പിൻമാറുകയും ചെയ്യുന്നു. ഇത്തരം സ്ഥലങ്ങൾ തരിശായി മാറുകയും തരിശു ഭൂമിയുടെ വ്യാപ്തി വർദ്ധിക്കുകയും ചെയ്യുന്നു. ഗ്രാമ പ്രദേശങ്ങളിൽ പോലും അതിവേഗത്തിലുള്ള നഗരവൽകരണമാണ് നടന്നുകൊണ്ടിരിക്കുന്നത്. പച്ചപ്പുള്ള പ്രദേശങ്ങളുടെ വ്യാപ്തി കുറയുകയും കോൺക്രീറ്റ് കെട്ടിടങ്ങളുടെയും മറ്റ് നിർമ്മാണങ്ങളുടേയും വ്യാപ്തി കൂടുകയും ചെയ്യുന്ന അവസ്ഥയിലേക്ക് സാഹചര്യങ്ങൾ മാറിയിരിക്കുന്നു. പച്ചപ്പ് കുറയുന്നത് കാരണം ഗ്രാമ പ്രദേശങ്ങളെ അപേക്ഷിച്ച് നഗരങ്ങളിൽ ചൂട് കൂടുകയും വർദ്ധിച്ച തോതിലുള്ള വാഹനപ്പെരുപ്പവും വ്യവസായശാലകളുടെ സാന്നിദ്ധ്യവും അന്തരീക്ഷത്തിൽ പുകയും പൊടിപടലങ്ങളും ഉയർന്ന തോതിൽ വ്യാപിച്ച് അന്തരീക്ഷ താപനിലയെയും വായു ഗുണ നിലവാരത്തെയും ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. കാർബൺ ബഹിർഗമനത്തിന്റെ തോത് മുമ്പെങ്ങുമില്ലാത്ത വിധം വർധിച്ചു വരുന്നു. ലോകത്തിന്റെ ഇതര ഭാഗങ്ങളിൽ ചെയ്തുവരുന്നതു പോലെ പച്ചപ്പിന്റെ വിസ്തൃതി വർധിപ്പിക്കാനാവശ്യമായ ഇടപെടലുകൾ ശക്തമായ നിലയിൽ ആരംഭിക്കേണ്ടിയിരിക്കുന്നു. വാഹനങ്ങളിൽ ഉപയോഗിക്കുന്ന ഫോസിൽ ഇന്ധനങ്ങളുടെ അളവ് കുറക്കാനും സൗരോർജ്ജം പോലുള്ള പുനരുപയോഗിക്കാവുന്ന ഊർജ്ജ സ്രോതസ്സുകളെ ആശ്രയിക്കുന്ന ശീലത്തിലേയ്ക്ക് മാറുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. കൃഷി ഭൂമി തരിശിടുന്ന പ്രവണത ഒഴിവാക്കാനായി കർഷകരിൽ താല്പര്യം ജനിപ്പിക്കുന്ന തരത്തിലുള്ള നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.



# ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകളും നേട്ടങ്ങളും

പാരിസ്ഥിതിക മേഖലകളിലെ മനുഷ്യ നിർമ്മിതമായ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാനുള്ള വളരെ ശ്രദ്ധേയമായ ഇടപെടലുകൾ നടന്ന പത്ത് വർഷങ്ങളാണ് കടന്നു പോയത്. പ്രശ്നങ്ങൾ കണ്ടെത്തി വിലയിരുത്തി അവ നിയന്ത്രിക്കാനോ പരിഹരിക്കാനോ ഉള്ള ശ്രമങ്ങൾ സമയ ബന്ധിതമായി നടത്തിയാണ് പത്ത് വർഷവും ജില്ല മുന്നോട്ട് പോയത്. മാലിന്യ സംസ്കരണ മേഖലയിൽ ഉണ്ടായ മാറ്റങ്ങളാണ് ഇവയിൽ ഏറ്റവും ശ്രദ്ധേയം. അതിൽ തന്നെ അജൈവ മാലിന്യ സംസ്കരണ മേഖലയിൽ ശക്തമായ ഇടപെടൽ നടത്താനും പത്ത് വർഷത്തിനിടെ സാധിച്ചുവെന്നതിന് ജില്ലയിലെ നഗരങ്ങളും പൊതു ഇടങ്ങളും തന്നെയാണ് ഏറ്റവും നല്ല തെളിവ്. എന്നാൽ ജൈവ മാലിന്യ സംസ്കരണം, മലിന ജല സംസ്കരണം, മുടി മാലിന്യ സംസ്കരണം, കക്കൂസ് മാലിന്യ സംസ്കരണം തുടങ്ങിയ കാര്യങ്ങളിൽ ഇനിയും ഒട്ടേറെ മുന്നോട്ട് പോകാനുണ്ട്.

### അജൈവ മാലിന്യ സംസ്കരണ മേഖല :

2017 ൽ രൂപീകരിച്ച ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളാണ് അജൈവ മാലിന്യങ്ങളുടെ ശേഖരണവും സംസ്കരണവും മികച്ചതാക്കാൻ സഹായിച്ച പ്രധാന ഘടകം.

ജില്ലയിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലും ഹരിതകർമ്മ സേന രൂപീകരിക്കാനും അവയുടെ പ്രവർത്തനം വളരെ മെച്ചപ്പെട്ട രീതിയിലേക്ക് ഉയർത്തി കൊണ്ടുവരാനും കഴിഞ്ഞു.

- ജില്ലയിൽ ആകെ 81 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമായി 2403 ഹരിതകർമ്മ സേനാംഗങ്ങളാണ് ഉള്ളത്.
- വാതിൽപ്പടി മാലിന്യ ശേഖരണ സംസ്കരണ സംവിധാനം സുസ്ഥിരമാക്കാൻ ഹരിതകർമ്മസേന രൂപീകരണവും തുടർ ശേഷി വികസന പ്രവർത്തനങ്ങളും കൊണ്ട് സാധിച്ചു. ഓരോവർഷവും ഏകദേശം 8160.109 ടൺ അജൈവ മാലിന്യമാണ് ജില്ലയിൽ ശേഖരിച്ച് സംസ്കരിക്കപ്പെടുന്നത്.

- പൊതു ചടങ്ങുകൾ സംഘടിപ്പിക്കുമ്പോഴുണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കാനും ഹരിത പെരുമാറ്റ രീതി അവലംബിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താനും ഹരിതകർമ്മസേന രൂപീകരണവും പ്രവർത്തനങ്ങളും കൊണ്ട് സാധിച്ചു.
- ഹരിതകർമ്മസേന പ്രവർത്തനം സജീവമായതോടെ ശേഖരിക്കപ്പെടുന്ന അജൈവ മാലിന്യങ്ങൾ സൂക്ഷിച്ചു വെക്കാനും സംസ്കരണ ഏജൻസികൾക്ക് കൈമാറാനും ഉള്ള സംവിധാനങ്ങൾ (MCF /RRF) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരുക്കാൻ കഴിഞ്ഞു എന്നത് പ്രധാനമാണ്. ഇതിൽ വളപ്പട്ടണം, ധർമ്മടം, ഗ്രാമപഞ്ചായത്തുകളിലൊഴികെ മറ്റെല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും സ്വന്തം ശേഖരണ തരംതിരിവ് സംവിധാനങ്ങൾ ഉണ്ടാക്കാനും സാധിച്ചു. ഹരിതകർമ്മ സേന രൂപീകരണവും പ്രവർത്തനവും മാലിന്യ സംസ്കരണ മേഖലയിൽ മാത്രമല്ല ഗുണം ചെയ്തത് 2403 പേർക്ക് ജീവിതോപാധി നല്കാനും കഴിഞ്ഞു എന്നതും ശ്രദ്ധേയമാണ്.
- "മാലിന്യ മുക്തം നവകേരളം" ജനകീയ ക്യാമ്പിന്റെ ഭാഗമായി ജില്ലയിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ടൗണുകളിലും പൊതു കേന്ദ്രങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളിലും അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനും ഹരിതാഭമാക്കുന്നതിനും സാധിച്ചതും കഴിഞ്ഞ പത്ത് വർഷത്തിനിടയിലാണ്.
- ടൗണുകളെ ഹരിത ടൗണുകളാക്കി സൗന്ദര്യവല്കരിക്കുന്നതിന് നടത്തിയ ശ്രമങ്ങളും ശ്രദ്ധേയമാണ്. മൂന്ന് പെരിയ (പെരളശ്ശേരി), പാനുണ്ട (പിണറായി), കിണവക്കൽ (കോട്ടയം), ഏച്ചൂർ (മുണ്ടേരി), പാച്ചപ്പൊയ്ക (വേങ്ങാട്) തുടങ്ങിയ പട്ടണങ്ങൾ സംസ്ഥാന തലത്തിൽ തന്നെ ഈ കാര്യത്തിൽ ശ്രദ്ധേയമായവയാണ്.
- അങ്കണവാടികളും വിദ്യാലയങ്ങളും കലാലയങ്ങളും കുടുംബശ്രീയും ഹരിതാഭമാക്കി മാറ്റുന്നതിന് വേണ്ടി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്തു തന്നെ മാതൃകാ പ്രവർത്തനമായി ജില്ലയിൽ മാറി. എന്നിരുന്നാലും എല്ലാ തദ്ദേശ ഭരണ പ്രദേശങ്ങളും വലിച്ചെറിയൽ മുക്തമാക്കുന്നതിനുള്ള ശ്രമം പൂർണ്ണമായും വിജയം കൈവരിച്ചിട്ടില്ല.

## ഹരിത ശുചിത്വ ടൗണുകൾ

ജില്ലയിലെ "മാലിന്യ മുക്തം നവകേരളം" ജനകീയ ക്യാമ്പയിന്റെ ശ്രദ്ധേയ പ്രവർത്തനങ്ങളിൽ ഒന്നായിരുന്നു ടൗണുകളെ ഹരിത ശുചിത്വ ടൗണുകളായി പരിവർത്തനപ്പെടുത്തിയെടുക്കൽ. ടൗൺ ശുചീകരണം എന്നതിനപ്പുറം സുസ്ഥിരമായ ഹരിത ശുചിത്വവല്കരണം എന്നതായിരുന്നു ഈ ക്യാമ്പയിനിന്റെ ലക്ഷ്യം. ഘട്ടം ഘട്ടമായ ഇടപെടലിലൂടെ 369 ടൗണുകളെ ഹരിത ശുചിത്വ ടൗണുകളാക്കുക എന്ന സുസ്ഥിര ലക്ഷ്യം നേടാൻ സാധിച്ചു. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ ടീം അംഗങ്ങളുടെയും ചുമതലപ്പെട്ട ബ്ലോക്ക് കോഡിനേറ്ററുടെയും നേതൃത്വത്തിൽ പ്രാദേശിക സംഘാടക സമിതികൾ വിളിച്ചു ചേർക്കുകയും നാട്ടുകാരുടെ കമ്മിറ്റി രൂപീകരിച്ച ചുമതല നൽകുകയും ചെയ്താണ് ഈ മാറ്റം സാധ്യമാക്കിയത്. ടൗണുകളിലെ സ്ഥാപനങ്ങൾ, റോഡുകൾ പൊതു ഇടങ്ങൾ എന്നിവ ശുചീകരിക്കാൻ സ്ഥിരം കൂട്ടായ്മകൾ ഇവിടങ്ങളിൽ രൂപം കൊണ്ടു. സുസ്ഥിര സംവിധാനങ്ങൾ ഒരുക്കാൻ ആവശ്യമായ മൂലധനത്തിന്റ വലിയൊരു ഭാഗം പൊതുജന സംഭാവനയിലൂടെ സമാഹരിച്ചു.

ജില്ലയിലെ ഇത്തരം പ്രവർത്തനങ്ങളുടെ ഉത്തമ മാതൃകകളാണ് പെരളശ്ശേരി ഗ്രാമ പഞ്ചായത്തിലെ മൂന്ന് പെരിയ, വേങ്ങാട് ഗ്രാമ പഞ്ചായത്തിലെ പാച്ച പൊയ്ക, പിണറായി ഗ്രാമ പഞ്ചായത്തിലെ പാനുണ്ട, മുണ്ടേരി ഗ്രാമപഞ്ചായത്തിലെ ഏച്ചൂർ, കോട്ടയം ഗ്രാമപഞ്ചായത്തിലെ കിണവക്കൽ തുടങ്ങിയവ. സുസ്ഥിര ശുചിത്വ ജനകീയ സംവിധാനം രൂപപ്പെട്ട ടൗണുകൾക്ക് പുറമേ ഔദ്യോഗിക ശുചിത്വ സംവിധാനം (ക്ലീനിംഗ് ജീവനക്കാർ, ഏജൻസികൾ എന്നിവരെ ഏർപ്പെടുത്തി ശുചീകരണം നടത്തുന്ന) ഏർപ്പെടുത്തിയ ഒട്ടേറെ ടൗണുകൾ ജില്ലയിൽ ഉണ്ട്. മട്ടന്നൂർ, ഇരിട്ടി, പയ്യന്നൂർ, ശ്രീകണ്ഠാപുരം




തുടങ്ങിയ പട്ടണങ്ങൾ, ചാല(ചെമ്പിലോട് ഗ്രാമ പഞ്ചായത്ത്), പറശ്ശിനി ടൗൺ (ആന്തൂർ നഗരസഭ), ഉളിക്കൽ ടൗൺ (ഉളിക്കൽ പഞ്ചായത്ത്), മാടത്തിൽ(പായം ഗ്രാമപഞ്ചായത്ത്), കീഴറ(കണ്ണപുരം ഗ്രാമപഞ്ചായത്ത്), താവം (ചെറുകുന്ന് ഗ്രാമപഞ്ചായത്ത്), കലാങ്കി(ഉളിക്കൽ ഗ്രാമപഞ്ചായത്ത്) ചാമ്പാട് (വേങ്ങാട് ഗ്രാമപഞ്ചായത്ത്) തുടങ്ങി നിരവധി ടൗണുകളിൽ സൗന്ദര്യവല്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തത് നടപ്പിലാക്കിയത് ശ്രദ്ധേയമായിരുന്നു.

| ബ്ലോക്ക് | ആകെ ടൗൺ | പ്രഖ്യാപനം നടന്ന ഹരിത ടൌണുകൾ |
|---|---|---|
| പയ്യന്നൂർ | 19 | 19 |
| കല്യാശ്ശേരി | 28 | 28 |
| തളിപ്പറമ്പ് | 39 | 39 |
| ഇരിക്കൂർ | 27 | 27 |
| കണ്ണൂർ | 15 | 15 |
| എടക്കാട് | 23 | 23 |
| തലശ്ശേരി | 36 | 36 |
| കൂത്തുപറമ്പ് | 26 | 26 |
| പാനൂർ | 11 | 11 |
| ഇരിട്ടി | 19 | 19 |
| പേരാവൂർ | 22 | 22 |
| തലശ്ശേരി നഗരസഭ | 8 | 8 |

| | | |
|---|---|---|
| മട്ടന്നൂർ നഗരസഭ | 8 | 8 |
| പയ്യന്നൂർ നഗരസഭ | 4 | 4 |
| കൂത്തുപറമ്പ് നഗരസഭ | 3 | 3 |
| തളിപ്പറമ്പ് നഗരസഭ | 13 | 13 |
| ആന്തൂർ നഗരസഭ | 4 | 4 |
| പാനൂർ നഗരസഭ | 3 | 3 |
| ഇരിട്ടി നഗരസഭ | 8 | 8 |
| ശ്രീകണ്ഠപുരം നഗരസഭ | 4 | 4 |

## ഹരിതഗ്രന്ഥശാലകൾ

സാംസ്കാരിക പ്രവർത്തനങ്ങളുടെ ഭാഗമാണ് മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും എന്ന കാഴ്ചപ്പാടോടെയാണ് ജില്ലയിൽ ഹരിത ഗ്രന്ഥശാല എന്ന പ്രവർത്തനം മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി സംഘടിപ്പിച്ചത്. ഹരിത സ്ഥാപനങ്ങൾ സംബന്ധിച്ച ഗ്രേഡിങ് മാനദണ്ഡങ്ങൾ തയ്യാറാക്കി ഗ്രന്ഥശാല ഭാരവാഹികൾക്ക് ബോധവല്ക്കരണം നടത്തിയാണ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. ഇതിനായി മേഖലാ തല യോഗങ്ങൾ ഗ്രന്ഥശാല സംഘം വിളിച്ചു ചേർത്തു. അതോടൊപ്പം ഗ്രേഡിംഗ് പ്രവർത്തനത്തിനായി ജില്ലാ ടീമുകളെയും നിശ്ചയിച്ചു. എ പ്ലസ്, എ, ബി ,സി ഗ്രേഡുകളാണ് നല്കാൻ ധാരണയായത്. ജില്ലയിലെ ഹരിത ഗ്രേഡിംഗ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ഹരിതാഭയിൽ കണ്ണപുരത്തെ ഗ്രന്ഥാലയങ്ങൾ**



ഹരിത കേരള മിഷൻ ജില്ലാ കോ-ഓഡിനേറ്റർ ഇ കെ സോമശേഖരൻ ഹരിത ഗ്രന്ഥശാല സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നു

**കണ്ണപുരം**

ജില്ലയിലെ ആദ്യ ഹരിത ഗ്രന്ഥശാല, വായനശാല പദവി നേടി കണ്ണപുരം പഞ്ചായത്ത്. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി പഞ്ചായത്തിന് കീഴി

റ്റുന്നതിന്റെ ഭാഗമായി അഫിലിയേഷൻ പൂർത്തിയാക്കിയ 17 വായനശാല ആൻഡ് ഗ്രന്ഥാലയങ്ങളാണ് ഹരിത സ്ഥാപനമായി മാറിയത്. ഹരിത കേരള മിഷൻ ജില്ലാ കോ–ഓഡിനേറ്റർ ഇ കെ സോമശേഖരൻ ഹരിത ഗ്രന്ഥശാല സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. കണ്ണപുരം പഞ്ചായത്ത് പ്രസിഡന്റ് കെ രതി, വൈസ് പ്രസിഡന്റ് എം ഗണേശൻ, പി വിദ്യ, എ വി പ്രഭാകരൻ, വി വിനിത, എൻ ശ്രീധരൻ, എം മനോജ്, വി രാജൻ, യു വി സുധാകരൻ എന്നിവർ സംസാരിച്ചു. സിഡിഎസ് ചെയർപേഴ്സൺ എൻ സുനില നന്ദി പറഞ്ഞു.

ഗ്രന്ഥശാലകളിലെ ഇത്തരം ഗ്രേഡിംഗിന്റെ ഫലം ഗ്രന്ഥശാലകൾക്കകത്ത് മാത്രം ഒതുങ്ങി നിന്നില്ല. തൊട്ടടുത്ത വീടുകൾ, സ്ഥാപനങ്ങൾ എന്നിവയിലും ഹരിത പെരുമാറ്റ ചട്ടം വേണമെന്ന സമ്മർദ്ദമായി ഇത് വേഗത്തിൽ മാറി.

| താലൂക്ക് | ആകെ ഗ്രന്ഥാലയങ്ങൾ | ഹരിത ഗ്രന്ഥാലയങ്ങൾ |
|---|---|---|
| തലശ്ശേരി | 264 | 264 |
| കണ്ണൂർ | 221 | 221 |
| പയ്യന്നൂർ | 259 | 259 |
| തളിപ്പറമ്പ് | 305 | 305 |
| ഇരിട്ടി | 135 | 135 |
| ആകെ | 1184 | 1184 |

## ഹരിത വിദ്യാലയം

ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളെയും ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപിക്കാൻ സാധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ സമിതികളുടെയും സ്കൂൾ പി.ടി.എ കമ്മിറ്റികളുടെയും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും, മാനേജ്മെന്റുകളുടെയും പൂർണ്ണ പിന്തുണയും സഹകരണവുമാണ് ഈ നേട്ടം കൈവരിക്കാൻ സഹായകരമായിട്ടുള്ളത്. വിദ്യാലയങ്ങളെ മാലിന്യമുക്ത കലാലയം ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചു കൊണ്ട് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ എല്ലാ വിധ മാലിന്യശേഖരണ സംസ്കരണ ഉപാധികളും സ്ഥാപിച്ചു കൊണ്ടു മികച്ച നിലവാരത്തിലെത്തിക്കാനുള്ള ശ്രമം ഉണ്ടായിട്ടുണ്ട്.

| ബ്ലോക്ക് / നഗരസഭ | ആകെ വിദ്യാലയം | ഹരിത പദവി നേടിയ വിദ്യാലയങ്ങൾ |
|---|---|---|
| പയ്യന്നൂർ | 90 | 90 |
| കല്യാശ്ശേരി | 102 | 102 |
| തളിപ്പറമ്പ് | 128 | 128 |
| ഇരിക്കൂർ | 110 | 110 |
| കണ്ണൂർ | 52 | 52 |
| എടക്കാട് | 99 | 99 |
| തലശ്ശേരി | 126 | 126 |
| കൂത്തുപറമ്പ് | 113 | 113 |
| പാനൂർ | 87 | 87 |
| ഇരിട്ടി | 87 | 87 |
| പേരാവൂർ | 75 | 75 |
| തലശ്ശേരി നഗരസഭ | 65 | 65 |
| മട്ടന്നൂർ നഗരസഭ | 22 | 22 |
| പയ്യന്നൂർ നഗരസഭ | 42 | 42 |
| കൂത്തുപറമ്പ് നഗരസഭ | 23 | 23 |
| തളിപ്പറമ്പ് നഗരസഭ | 32 | 32 |
| ആന്തൂർ നഗരസഭ | 18 | 18 |
| പാനൂർ നഗരസഭ | 39 | 39 |
| ഇരിട്ടി നഗരസഭ | 30 | 30 |
| ശ്രീകണ്ഠപുരം നഗരസഭ | 18 | 18 |







## ഹരിത കലാലയം

മാലിന്യ മുക്തം നവകേരളം കർമ്മ പദ്ധതിയുടെ മറ്റൊരു പ്രധാന ലക്ഷ്യമായിരുന്നു മാലിന്യമുക്തകലാലങ്ങൾ എഞ്ചിനീയറിങ്ങ് കോളേജുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ മാതൃകയാക്കി മാറ്റുകയും മാലിന്യ ഉല്പാദനത്തിൽ ബോധ പൂർവ്വമായ കുറവ് വരുത്തുകയും ചെയ്യുന്ന അവസ്ഥയിലേക്ക് പരിവർത്തന പ്പെടുത്തുക എന്നതായിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം.

കണ്ണൂർ ജില്ലയിൽ ആദ്യഘട്ടത്തിൽ തന്നെ 131 കലാലയങ്ങളെയും ഈ ലക്ഷ്യത്തിലേക്ക് കൊണ്ടുവരാൻ ശ്രമം നടത്തിയിരുന്നു. ഇതിൽ നല്ലൊരു പങ്ക് വഹിച്ചത് നാഷനൽ സർവീസ് സ്കീം വളണ്ടിയർമാരായിരുന്നു.

ഹരിത കലാലയ പ്രഖ്യാപനത്തിന്റെ ഭാഗമായി കർശനമായ പരിശോധന നടത്തിയിരുന്നു ഇതിനായ് മേഖലാ തല ടീമുകൾ രുപീകരിച്ച് എല്ലാ കലാലയങ്ങളും സന്ദർശിച്ചു. 131 കലാലയങ്ങളിൽ 72 എണ്ണം എ ഗ്രേഡ് നേടിയെന്നത് ശ്രദ്ധേയമായ കാര്യമാണ്.

| ബ്ലോക്ക് / നഗരസഭ | ആകെ കലാലയം | പ്രഖ്യാപനം നടന്ന എത്ര കലാലയങ്ങൾ |
|---|---|---|
| പയ്യന്നൂർ | 12 | 12 |
| കല്യാശ്ശേരി | 19 | 19 |
| തളിപ്പറമ്പ് | 9 | 9 |
| ഇരിക്കൂർ | 9 | 9 |
| കണ്ണൂർ | 2 | 2 |
| എടക്കാട് | 7 | 7 |
| തലശ്ശേരി | 13 | 13 |
| കൂത്തുപറമ്പ് | 5 | 5 |
| പാനൂർ | 1 | 1 |
| ഇരിട്ടി | 6 | 6 |
| പേരാവൂർ | 5 | 5 |
| തലശ്ശേരി നഗരസഭ | 4 | 4 |
| മട്ടന്നൂർ നഗരസഭ | 2 | 2 |
| പയ്യന്നൂർ നഗരസഭ | 3 | 3 |
| കൂത്തുപറമ്പ് നഗരസഭ | 2 | 2 |
| തളിപ്പറമ്പ് നഗരസഭ | 5 | 5 |
| ആന്തൂർ നഗരസഭ | 5 | 5 |
| പാനൂർ നഗരസഭ | 0 | 0 |
| ഇരിട്ടി നഗരസഭ | 1 | 1 |
| ശ്രീകണ്ഠപുരം നഗരസഭ | 4 | 4 |

## ഹരിത സ്ഥാപനങ്ങൾ

മാലിന്യ മുക്തം നവകേരളം കർമ്മ പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ് ഹരിത സ്ഥാപനങ്ങൾ. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ മാതൃകയായി മാറുകയും മാലിന്യ ഉല്പാദനത്തിൽ ബോധപൂർവ്വമായ കുറവ് വരുത്തുകയും ചെയ്യുന്ന സ്ഥാപനങ്ങളുടെ എണ്ണം വർധിപ്പിക്കാനാണ് ഇതുകൊണ്ട് ലക്ഷ്യം ഇട്ടിരുന്നത്.

കണ്ണൂർ ജില്ലയിൽ ആദ്യഘട്ടത്തിൽ എല്ലാ സർക്കാർ സ്ഥാപനങ്ങളും അങ്കണ വാടികൾ, വിദ്യാലയങ്ങൾ ഗ്രന്ഥശാലകൾ എന്നിവയുമാണ് ഇതിൽ ഉൾപ്പെടുത്തിയത്. ഇതിനായ് തദ്ദേശ ഭരണ സ്ഥാപന അടിസ്ഥാനത്തിൽ വിവര ശേഖരണം നടത്തി. തുടർന്ന് സ്ഥാപന മേധാവികളുടെ യോഗം തദ്ദേശ സ്ഥാപന തലങ്ങളിൽ വിളിച്ചു ചേർത്തു. ഹരിത സ്ഥാപനമായി ഒരു സ്ഥാപനത്തെ പ്രഖ്യാപിക്കാൻ നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾ വിശദീകരിച്ചു നല്കി. തുടർന്ന് ലക്ഷ്യത്തിലേക്കു

സ്ഥാപനങ്ങൾ നീങ്ങുന്നുണ്ടോ എന്ന കാര്യം കർശനമായി നിരീക്ഷിച്ചു. ലക്ഷ്യം കൈവരിച്ചവ ഹരിത സ്ഥാപന പദവി നേടിയതായി പൊതു ചടങ്ങ് നടത്തി പ്രഖ്യാപിച്ചു.

രണ്ടാം ഘട്ടമായി ദേവാലയങ്ങൾ, കച്ചവട സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ഗോഡൗണുകൾ എന്നിവയെ ഉൾപ്പെടുത്തി വിപുലമായ ശ്രമങ്ങൾ വ്യാപിപ്പിച്ചു. പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ജനപ്രതിനിധികളടങ്ങിയ സമിതികളെ ചുമതലപ്പെടുത്തി. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചവർക്ക് പ്രത്യേക സാക്ഷ്യപത്രങ്ങൾ നല്കി ആദരിച്ചു. റെയിൽവേ സ്റ്റേഷനുകൾ, പൊലീസ് സ്റ്റേഷനുകൾ, ഫയർ ഫോഴ്സ് ഓഫീസുകൾ, സർവ്വകലാശാല ക്യാമ്പസുകൾ, പരിയാരം മെഡിക്കൽ കോളേജ്, അഞ്ചരക്കണ്ടി മെഡിക്കൽ കോളേജ്, പരിയാരം ആയുർവേദ മെഡിക്കൽ കോളേജ് തുടങ്ങിയ വൻകിട സ്ഥാപനങ്ങൾ എന്നിവയെല്ലാം മൂന്നാം ഘട്ടത്തിലുൾപ്പെടുത്തി ലക്ഷ്യത്തിലേക്ക് നീങ്ങി. ജില്ലയിൽ ഒരു തദ്ദേശ സ്ഥാപന പരിധിയിലെ മുഴുവൻ ഗ്രന്ഥശാലകളും ഹരിത പദവിയിലെത്തി പ്രഖ്യാപനം നടത്തിയത് കണ്ണപുരം ഗ്രാമപഞ്ചായത്തിലായിരുന്നു

| ബ്ലോക്ക് | ആകെ സ്ഥാപനം | പ്രഖ്യാപനം നടന്ന ഹരിത സ്ഥാപനങ്ങൾ |
|---|---|---|
| പയ്യന്നൂർ | 499 | 499 |
| കല്യാശ്ശേരി | 450 | 450 |
| തളിപ്പറമ്പ് | 624 | 624 |
| ഇരിക്കൂർ | 486 | 486 |
| കണ്ണൂർ | 253 | 253 |
| എടക്കാട് | 318 | 318 |
| തലശ്ശേരി | 396 | 396 |
| കൂത്തുപറമ്പ് | 322 | 322 |
| പാനൂർ | 249 | 249 |
| ഇരിട്ടി | 306 | 306 |
| പേരാവൂർ | 347 | 347 |
| തലശ്ശേരി നഗരസഭ | 207 | 207 |
| മട്ടന്നൂർ നഗരസഭ | 87 | 87 |
| പയ്യന്നൂർ നഗരസഭ | 117 | 117 |
| കൂത്തുപറമ്പ് നഗരസഭ | 103 | 103 |
| തളിപ്പറമ്പ് നഗരസഭ | 104 | 104 |
| ആന്തൂർ നഗരസഭ | 76 | 76 |
| പാനൂർ നഗരസഭ | 108 | 108 |
| ഇരിട്ടി നഗരസഭ | 92 | 92 |
| ശ്രീകണ്ഠപുരം നഗരസഭ | 54 | 54 |
| ആകെ | 5198 | 5198 |
















## ഹരിത ടൂറിസ്റ്റ് കേന്ദ്രങ്ങൾ

കണ്ണൂർ ജില്ല ടൂറിസം മേഖലയിൽ കുതിച്ചു കൊണ്ടിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. സംസ്ഥാനത്തിനകത്തും പുറത്തു നിന്നുമായി ദിനം പ്രതി നൂറുകണക്കിന് സന്ദർശകരാണ് ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് എത്തുന്നത്. അതുകൊണ്ട് തന്നെ ടൂറിസ്സം കേന്ദ്രങ്ങൾ ഹരിത ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തിയത്.

ജില്ലയിൽ ആകെയുള്ള 34 ടൂറിസം കേന്ദ്രങ്ങളും ഹരിത ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റാൻ സാധിച്ചിട്ടുണ്ട്. ഹരിതകേരളം മിഷനോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, ടൂറിസം വകുപ്പിന്റെയും സോഷ്യൽ ഫോറസ്റ്ററി ഡിപ്പാർട്ട്മെന്റിന്റെയും ഇറിഗേഷൻ തുടങ്ങി വിവിധ വകുപ്പുകളുടെയും സഹകരണവും പിന്തുണയും സഹായവും ലഭിച്ചതു കൊണ്ടാണ് ഇത്തരത്തിൽ ഹരിത ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റാൻ സാധിച്ചത്.

| ബ്ലോക്ക് | ആകെ ടൂറിസം ഡെസ്റ്റിനേഷൻ | പ്രഖ്യാപനം നടന്ന ടൂറിസം ഡെസ്റ്റിനേഷനുകൾ |
|---|---|---|
| പയ്യന്നൂർ | 0 | 0 |
| കല്യാശ്ശേരി | 5 | 5 |
| തളിപ്പറമ്പ് | 2 | 2 |
| ഇരിക്കൂർ | 2 | 2 |
| കണ്ണൂർ | 1 | 1 |
| എടക്കാട് | 1 | 1 |
| തലശ്ശേരി | 2 | 2 |
| കൂത്തുപറമ്പ് | 0 | 0 |
| പാനൂർ | 1 | 1 |
| ഇരിട്ടി | 3 | 3 |
| പേരാവൂർ | 3 | 3 |
| തലശ്ശേരി നഗരസഭ | 3 | 3 |
| മട്ടന്നൂർ നഗരസഭ | 1 | 1 |
| പയ്യന്നൂർ നഗരസഭ | 3 | 3 |
| കൂത്തുപറമ്പ് നഗരസഭ | 0 | 0 |
| തളിപ്പറമ്പ് നഗരസഭ | 0 | 0 |
| ആന്തൂർ നഗരസഭ | 2 | 2 |
| പാനൂർ നഗരസഭ | 0 | 0 |
| ഇരിട്ടി നഗരസഭ | 2 | 2 |
| ശ്രീകണ്ഠപുരം നഗരസഭ | 0 | 0 |

## മാർക്കറ്റ് /പൊതു ഇടങ്ങൾ

നാടിന്റെ കണ്ണാടിയാണ് പൊതു ഇടങ്ങളും മാർക്കറ്റുകളും. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റ ഭാഗമായി ലക്ഷ്യമിട്ട മേഖലകളിൽ മുൻഗണന ഈ മേഖലക്കായിരുന്നു. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി 2018- മുതൽ പ്ലാസ്റ്റിക്ക് മുക്ത ജില്ല എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ക്യാമ്പയിൻ നവകേരളം മാലിന്യ മുക്ത ക്യാമ്പയിനോടെ ശക്തിപ്പെടുകയും പൊതു ഇടങ്ങളുടെ ശുചിത്വമെന്ന ലക്ഷ്യത്തിന് പ്രാധാന്യം ലഭിക്കുകയും ചെയ്തു. പൊതു ഇടങ്ങളുടെ ഭാഗമായി മാർക്കറ്റുകളെയും പരിഗണിച്ചായിരുന്നു ക്യാമ്പയിൻ മുന്നേറിയത്. നഗരസഭകളിലെയും ഗ്രാമ പഞ്ചായത്തുകളിലെയും പൊതു ഇടങ്ങളുടെയും മാർക്കറ്റുകളുടെയും പട്ടിക തയ്യാറാക്കിയായിരുന്നു ജില്ലയിൽ ഈ മേഖലയിൽ പ്രവർത്തനങ്ങൾ ആരംഭിച്ചത്. കച്ചവടക്കാർ, സാമൂഹ്യ പ്രവർത്തകർ, ടാക്സി

ഡ്രൈവർമാർ, ജനനേതാക്കൾ, സന്നദ്ധ പ്രവർത്തകർ, ഗ്രന്ഥശാലാ പ്രവർത്തകർ തുടങ്ങിയവരുടെ സഹായ സഹകരണങ്ങൾ ഈ പ്രവർത്തനങ്ങൾക്ക് ലഭിച്ചു. പൊതു ഇട ശുചിത്വം സുസ്ഥിരമായി ഉറപ്പ് വരുത്താൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നത്.

ജില്ലയിൽ മൂന്ന് പെരിയ മാതൃക ഉൾപ്പെടെ നിരവധി പൊതു മാതൃകകൾ ഇതിന്റെ ഭാഗമായി ഉയർന്നു വന്നു. ബിന്നുകൾ സ്ഥാപിക്കൽ, സൗന്ദര്യ വല്ക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കാവശ്യമായ ധനസമാഹരണം പൊതുജന പങ്കാളിത്തത്തോടെയും സ്ഥാപന പങ്കാളിത്തത്തോടെയുമാണ് സംഘടിപ്പിച്ചത്. പാപ്പിനിശ്ശേരി ഹൈവേയിൽ ഹരിതകേരളം പാർക്ക് തയ്യാറാക്കിയ (ആറോൺ മേഖല) എ.പി.ജെ അബ്ദുൾ കലാം പാർക്കും ഇരിട്ടിയിൽ ഗ്രീൻ ലീഫ് ഒരുക്കിയ പായം പാർക്കും എല്ലാം മാലിന്യങ്ങൾ മാറ്റി ഹരിത ഇടമാക്കി മാറ്റിയതിന് ഉദാഹരണമാണ്. പായത്തെ ഒരുമ റസ്സ്യു ടീം ഒരുക്കിയ പൊതു ഇട പാർക്കുകൾ സംസ്ഥാനത്തിന് തന്നെ മാതൃകയാണ്. ബസ്സ് സ്റ്റാൻഡുകളുടെയും ബസ്സ് കാത്തിരിപ്പു കേന്ദ്രങ്ങളുടെയും ഉൾപ്പെടെയുള്ള ശുചിത്വ പരിപാലനത്തിലെ മികവാണ് മട്ടന്നൂർ നഗരസഭയ്ക്ക് ദേശീയ തലത്തിൽ പുരസ്കാരം നേടികൊടുത്തത്. മാർക്കറ്റുകളുടെ പരിപാലനത്തിൽ ലക്ഷ്യമിട്ട പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. എങ്കിലും ചെറുകിട മാർക്കറ്റുകളിൽ ബിന്നുകൾ, ബോട്ടിൽ ബൂത്തുകൾ, തുടങ്ങിയവ സ്ഥാപിക്കുകയും ശുചീകരണത്തിന് തൊഴിലാളികളെ നിയോഗിക്കുകയും ചെയ്ത ഒട്ടേറെ മാർക്കറ്റുകൾ ജില്ലയിലുണ്ട്. പയ്യന്നൂർ, ഇരിട്ടി, മട്ടന്നൂർ, കൂത്തുപറമ്പ്, നഗരസഭകളിലെ മാർക്കറ്റുകൾ ഇത്തരത്തിൽ ശുചിത്വത്തിന്റെ പുതുമോടികൾ അണിയാൻ തുടങ്ങിയിട്ടുണ്ട്.

| ബ്ലോക്ക്/നഗരസഭ | ആകെ മാർക്കറ്റ്/പൊതുസ്ഥലം | പ്രഖ്യാപിച്ച മാർക്കറ്റ്/പൊതുസ്ഥലം |
|---|---|---|
| പയ്യന്നൂർ | 18 | 18 |
| കല്യാശ്ശേരി | 16 | 16 |
| തളിപ്പറമ്പ് | 23 | 23 |
| ഇരിക്കൂർ | 32 | 32 |
| കണ്ണൂർ | 12 | 12 |
| എടക്കാട് | 17 | 17 |
| തലശ്ശേരി | 22 | 22 |
| കൂത്തുപറമ്പ് | 7 | 7 |
| പാനൂർ | 15 | 15 |
| ഇരിട്ടി | 16 | 16 |
| പേരാവൂർ | 9 | 9 |
| തലശ്ശേരി നഗരസഭ | 6 | 6 |
| മട്ടന്നൂർ നഗരസഭ | 2 | 2 |
| പയ്യന്നൂർ നഗരസഭ | 13 | 13 |
| കൂത്തുപറമ്പ് നഗരസഭ | 6 | 6 |
| തളിപ്പറമ്പ് നഗരസഭ | 7 | 7 |
| ആന്തൂർ നഗരസഭ | 2 | 2 |
| പാനൂർ നഗരസഭ | 5 | 5 |
| ഇരിട്ടി നഗരസഭ | 1 | 1 |
| ശ്രീകണ്ഠപുരം നഗരസഭ | 8 | 8 |



ദേശാഭിമാനി

എടച്ചേരി കനാൽ പരിസരം മുഖംമിനുക്കുന്നു

മാലിന്യക്കൂമ്പാരമ

ഇനി പച്ചത്തുരു

മാലിന്യം തള്ളില്ല

പകരം നേന്ത്രവാഴകൾ തളിർക്കും

## ഹരിത അംഗനവാടികൾ :

ഏറ്റവും പ്രായം കുറഞ്ഞ കുട്ടികൾ എത്തിച്ചേരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളായ അങ്കണവാടികളെ ഹരിതാഭമാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ മികച്ച രീതിയിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ നടന്നിട്ടുണ്ട് അങ്കണവാടി പ്രവർത്തകരുടെയും രക്ഷിതാക്കളുടെയും പൂർണ്ണപിന്തുണ ഈ പ്രവർത്തനത്തിന് ലഭിച്ചിട്ടുണ്ട്.

## ഹരിത മാതൃകാ മദ്രസ്സകൾ :

മതപഠന സ്ഥാപനമാണ് മദ്രസ്സകൾ. ഹരിത സ്ഥാപനങ്ങൾ എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി മദ്രസ്സകളെ കൂടി ഹരിത സ്ഥാപനമായി പരിവർത്തനപ്പെടുത്താൻ ജില്ലയിൽ പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കിയിരുന്നു. ഒന്നു മുതൽ ഹയർ സെക്കണ്ടറി വരെ ക്ലാസുകൾ ഉള്ള മത പഠനമായിരുന്നു മദ്രസ്സകളിൽ നടന്നിരുന്നത്. ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ ശുചിത്വ ക്യാമ്പയിനായ വർണ്ണം പരിപാടിയുടെ ഭാഗമായാണ് മദ്രസ്സകളെ ഹരിത സ്ഥാപനമായി പ്രഖ്യാപിക്കാനുള്ള



കർമ്മ പരിപാടി തയ്യാറാക്കിയത്. പ്രസ്തുത പഞ്ചായത്തിലെ എല്ലാ മദ്രസ്സകളുടെയും ചുമതല ഉള്ള പുരോഹിത അധ്യാപകരുടെ യോഗം ഗ്രാമപഞ്ചായത്ത് വിളിച്ചു ചേർക്കുകയും ഹരിതകേരളം മിഷൻ ജില്ലാ കോഓഡിനേറ്റർ ഉൾപ്പെടെയുള്ളവർ പങ്കെടുക്കുകയും ചെയ്താണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്. ഒരു മാസത്തെ സമയ പരിധിക്കുള്ളിൽ ലക്ഷ്യം കൈവരിക്കുകയും ചെയ്തു. തുടർന്ന് ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിച്ചു. സ്വാഗതാർഹമായ പിന്തുണയാണ് പരിപാടിക്ക് ലഭിച്ചത്. ജില്ലയിൽ 93 മദ്രസ്സകളാണ് ഹരിത സ്ഥാപന പദവി നേടിയത്. ഇവയ്ക്കെല്ലാം ഹരിത സാക്ഷ്യപത്രം നല്കുകയും ചെയ്തു.

## റെന്ററിങ് പ്ലാന്റുകളിൽ നിന്നും കോഴിമാലിന്യമുക്ത ജില്ലയിലേക്ക്

അനുദിനം വർധിച്ചു വരുന്ന കോഴിമാലിന്യം തുടർ പ്രശ്നമായി മാറിയപ്പോഴാണ് ജില്ല റെന്ററിങ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള വഴി തേടിയത്. നിലവിൽ ജില്ലയിൽ രണ്ട് പ്ലാന്റുകൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. കോഴി ഇറച്ചി മാലിന്യ പ്രശ്നം എങ്ങനെ പരിഹരിക്കാം എന്ന ചിന്ത 2017 മുതൽ തന്നെ കണ്ണൂർ ജില്ല വിപുലമായ ചർച്ചയ്ക്ക് വിധേയമാക്കിയിരുന്നു. ഇത്തരത്തിലുള്ള ചർച്ച ചെന്നെത്തിയത് വ്യവസായ സ്റ്റാർട്ടപ്പുകളിലായിരുന്നു. ജില്ലയിൽ ഇത്തരം സ്റ്റാർട്ടപ്പുകൾ തേടിയുള്ള ശ്രമമാണ് റെന്ററിങ് പ്ലാന്റുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തിലേക്ക് നീങ്ങിയത്. തൂവലുകൾ ഉൾപ്പെടെയുള്ള എല്ലാ കോഴി മാലിന്യങ്ങളും ആവിയിൽ വേവിച്ച് പൊടിയാക്കി മാറ്റുന്ന സാങ്കേതിക വിദ്യ സ്റ്റാർട്ടപ്പ് രീതിയിൽ ലഭ്യമായതോടെ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ഭൂമി, മൂലധനം മുടക്കാൻ തയ്യാറുള്ളവർ എന്നിവ കണ്ടെത്താൻ ജില്ലാ ഭരണകൂടം ഹരിതകേരളം മിഷൻ, വ്യവസായ വകുപ്പ് തദ്ദേശ ഭരണവകുപ്പ് എന്നിവ ചേർന്ന് ശ്രമം നടത്തി. അതാണ് പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള ഭൂമിയിൽ റെന്ററിങ് പ്ലാന്റുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തിലേക്ക് നീങ്ങിയത്. പ്രൈവറ്റ് - പൊതു പങ്കാളിത്തത്തോടെ പ്ലാന്റ് സ്ഥാപിക്കാൻ പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് തയ്യാറായി. മൂലധന നിക്ഷേപത്തിന് പ്രവാസികളുടെ കൂട്ടായ്മയായ ക്ലീൻ വെൻച്വർ കണ്ണൂർ എന്ന കമ്പനിയും താമസിയാതെ തയ്യാറായി. അങ്ങിനെ 2019 ൽ സംസ്ഥാനത്ത് തന്നെ ആദ്യമായി പരീക്ഷണാടിസ്ഥാനത്തിൽ പ്ലാന്റ് സ്ഥാപിച്ചു. പ്രതിദിനം 10 ടൺ കോഴി ഇറച്ചി മാലിന്യമായിരുന്നു സംസ്കരണ ശേഷി - പാപ്പിനിശ്ശേരി മാതൃകയുടെ വിജയത്തിന്റെ അടിസ്ഥാനത്തിൽ, 2021 ഒക്ടോബറിൽ തദ്ദേശ സ്വയംഭരണ വകുപ്പ് കോഴി ഇറച്ചി സ്റ്റാളുകൾക്കും കോഴിമാലിന്യ സംസ്കരണ പ്ലാന്റുകൾക്കും ലൈസൻസ് നൽകുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

ജില്ലയെ സമ്പൂർണ കോഴി ഇറച്ചി മാലിന്യ മുക്ത ജില്ലയായി പ്രഖ്യാപിക്കാൻ തീരുമാനിച്ചതോടെ ഒരു പ്ലാന്റ് കൊണ്ട് മാത്രം ജില്ലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന കോഴി ഇറച്ചി മാലിന്യം പൂർണമായി സംസ്കരിക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടാവുമെന്ന വിലയിരുത്തിയതിനെ തുടർന്നാണ് പുതിയൊരു പ്ലാന്റിന്റെ സാധ്യത ചർച്ചയായത്. തുടർന്ന് മട്ടന്നൂർ നഗരസഭയിലെ പൊറോറയിൽ അഞ്ച് ഏക്കർ ഭൂമിയിൽ വിരാട് എന്ന കമ്പനി ചിക്കൻ റെന്ററിങ് പ്ലാന്റ് 2022 മെയ് 16 ന് ആരംഭിച്ചു. 40 ടൺ കോഴി ഇറച്ചി മാലിന്യം സംസ്കരിക്കാൻ പ്ലാന്റിന് ശേഷി ഉണ്ട്. രണ്ട് പ്ലാന്റുകൾ സ്ഥാപിക്കപ്പെട്ടു എന്നതിനപ്പുറം കോഴിക്കടകളിൽ നിന്നുള്ള ഇറച്ചി മാലിന്യം യഥാസമയം ശേഖരിക്കപ്പെടുന്നു എന്ന് ഉറപ്പാക്കാൻ ജില്ലയിൽ ഏർപ്പെടുത്തിയ മോണിറ്ററിംഗ് സംവിധാനം ജില്ലയിലെ കോഴി ഇറച്ചി മാലിന്യ സംസ്കരണ രംഗത്തിന്റെ വിജയത്തിന് വഴിതെളിയിച്ചു. രണ്ടാം പ്ലാന്റ് സ്ഥാപിക്കുന്നതിന് മുന്നേ ഹരിതകർമ്മസേനയുടെ സേവനം ഉപയോഗിച്ച് വിശദമായ കോഴി മാലിന്യ സർവ്വെ ജില്ലാ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത സർവെയുടെ അടിസ്ഥാനത്തിൽ ഓരോ പ്ലാന്റിന്റെയും സേവന മേഖല നിശ്ചയിച്ച് ജില്ലാ കളക്ടർ ഉത്തരവിറക്കിയിരുന്നു. ഇതും കോഴി ഇറച്ചി മാലിന്യ ശേഖരണ - സംസ്ക്കരണ മേഖലയുടെ സുസ്ഥിരമായ നിലനില്പിന് ജില്ലയിൽ സഹായകരമായി. സംസ്ഥാനത്തെ ഏറ്റവും മികച്ച നിലയിൽ പ്ലാന്റുകളും കോഴി ഇറച്ചി മാലിന്യ ശേഖരണ സംവിധാനവും പ്രവർത്തിക്കുന്ന ജില്ലയായി കണ്ണൂരിന് മാറാൻ കഴിഞ്ഞത് ശ്രദ്ധേയമാണ്.



## നീർച്ചാൽ, പുഴ, കുളം, കനാൽ

ജില്ലയിൽ നീരുറവകളുടെ സംരക്ഷണത്തിനും പരിപോഷണത്തിനുമായി നടത്തിയ ഇടപെടലുകൾ ചെറിയൊരളവിലെങ്കിലും ഫലപ്രാപ്തിയിൽ എത്തിയിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ആരംഭ വേളയിൽ തന്നെ ഏറ്റെടുത്ത കാനാമ്പുഴ പുനരുജ്ജീവനം മുതൽ 2025 ൽ ഏറ്റെടുത്ത തോട് സഭകൾ വരെ സമൂഹത്തെ നല്ല ബോധവല്ക്കരണത്തിലേക്ക് നയിക്കാൻ സഹായിച്ചിട്ടുണ്ട്. പേരാവൂർ, പാനൂർ ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്ത ജല സംരക്ഷണ പ്രവർത്തനങ്ങൾ ജനകീയ ക്യാമ്പയിനുകളായി മാറിയിരുന്നു. പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത "ജലാഞ്ജലി" ക്യാമ്പയിൻ മാതൃക പിന്തുടർന്നാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി സംസ്ഥാന തലത്തിൽ "നീരുറവ്" എന്ന പേരിൽ ജല സംരക്ഷണത്തിനായി പുതിയ ക്യാമ്പയിൻ ആരംഭിച്ചത്.

പാനൂർ ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കി നടപ്പിലാക്കിയ "നനവ്" ക്യാമ്പയിൻ ഭൂജല നിരപ്പ് ഉയർത്താൻ ലക്ഷ്യമിട്ടായിരുന്നു. ഇതിന് പുറമേ വിവിധ വകുപ്പുകൾ നടത്തിയ മണ്ണ് -ജല സംരക്ഷണ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ വിവിധ ഇടപെടലുകളുടെ ഭാഗമായി കൂടുതൽ ഫലപ്രദമായി മാറുകയും ചെയ്തു. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങളിൽ നല്കിയ മുൻഗണന ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് നല്കിയ ഊർജ്ജം ചെറുതല്ല. പേരാവൂർ, പാനൂർ ബ്ലോക്ക് പഞ്ചായത്തുകൾ നടത്തിയ ജല സംരക്ഷണ പ്രവർത്തനങ്ങളുടെ മാതൃക പിന്തുടർന്നാണ് നീരുറവ് എന്ന പദ്ധതി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ആവിഷ്കരിച്ചത്. ഇതിന് പുറമേ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും, എം.പിമാർ എം.എൽ.എ മാർ എന്നിവരുടെ വികസന നിധിയിൽ നിന്നും ചെലവഴിച്ച് പൂർത്തീകരിച്ച കുളങ്ങൾ തോടുകൾ, തടയണകൾ ഭൂജല വകുപ്പ്, ഇറിഗേഷൻ വകുപ്പ്, മണ്ണ് ജല സംരക്ഷണ വകുപ്പ് , കൃഷി വകുപ്പ് തുടങ്ങിയ വകുപ്പുകൾ നിർമ്മിച്ച വിവിധ ജലസംരക്ഷണ ഉപാധികൾ എന്നിവയുടെ എണ്ണവും വ്യാപ്തിയും കഴിഞ്ഞ പത്ത് വർഷത്തിനിടെ വലിയ തോതിൽ കൂടിയിട്ടുണ്ട്.

ആയത് ദേശീയതലത്തിൽ പോലും വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. പായം ഗ്രാമപഞ്ചായത്തിന് ലഭിച്ച ദേശീയ അംഗീകാരം ഇതിന്റെ തെളിവാണ്.

മട്ടന്നൂർ നഗരസഭയിൽ 14 കുളങ്ങൾ പുതുതായി നിർമ്മിച്ചുകൊണ്ടും നിലവിലുള്ള കുളങ്ങളെ സംരക്ഷിച്ചുകൊണ്ടുമുള്ള പ്രവർത്തനങ്ങൾ 'നഗരസഞ്ജയ' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയതും പയ്യന്നൂർ നഗരസഭയിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ 15 കുളങ്ങൾ പുനരുദ്ധരിച്ചതും ഈ കാലയളവിൽ ആണ്. ആന്തൂർ നഗരസഭയിൽ 16 കുളങ്ങളാണ് പുനരുദ്ധരിച്ചത്. ഇരിട്ടിയിൽ ആറ് കുളങ്ങൾക്കാണ് പുനർജനി നല്കിയത്. പശ്ചിമഘട്ടത്തിൽ ഉൾപ്പെടുന്ന ജില്ലയിലെ 18 പഞ്ചായത്തുകളിൽ മാപ്പത്തോൺ പ്രവർത്തനം നടത്തുകയും മാപ്പ് തയ്യാറാക്കി പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ട് പരിഹാര മാർഗ്ഗങ്ങൾ ചെയ്യുന്നതിനുവേണ്ടി അതാത് സ്ഥാപനങ്ങൾ തയ്യാറായി വരുകയുമാണ്. അതുകൊണ്ടുതന്നെ നഷ്ടപ്പെട്ടുപോകുന്ന ജലാശയങ്ങളെ വീണ്ടെടുക്കാനുള്ള പ്രവർത്തനം ഇതിന്റെ ഭാഗമായി നടത്തി വരുന്നുണ്ട്.

തൊഴിലുറപ്പ് പദ്ധതിയിലും മണ്ണ് സംരക്ഷണ പദ്ധതിയിലും നടത്തിയ ഇടപെടലുകൾ വർദ്ധന ഉണ്ടാക്കിയത് ശ്രദ്ധേയമാണ്. കുടിവെള്ള വിതരണത്തിലും ജലസേചനത്തിനും ക്ഷാമം നേരിടുന്നതിനുള്ള പരിഹാരം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. എല്ലാ തദ്ദേശ സ്ഥാപനങ്ങളും വരൾച്ചാ സമയത്ത് കുടിവെള്ളത്തിനു വേണ്ടി വീടുകളിലേക്ക് ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്ന പതിവ് ഗണ്യമായി കുറഞ്ഞ് വന്നിട്ടുണ്ട് എന്നാണ് കാണാൻ കഴിയുന്നത്. അതോടൊപ്പം തന്നെ കൃഷി ഇടങ്ങളിൽ കാർഷിക മേഖലയിൽ ഈ ഒരു പ്രവർത്തനത്തിന്റെ ഫലമായി കൃത്യമായി വെള്ളം നനക്കാനുള്ള സൗകര്യം ഉണ്ടാക്കിയെടുക്കാൻ വേണ്ടി സാധിക്കുന്നുണ്ട്. ഹരിതകേരളം മിഷന്റെ തെങ്ങിന് തടം മണ്ണിന് ജലം എന്ന പദ്ധതി നടപ്പിലാക്കിയതിലൂടെയും മഴക്കുഴികൾ, മഴവെള്ള സംഭരണികൾ സ്ഥാപിച്ചതിലൂടെയും ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിന് സാധിച്ചു.



| ജില്ലയിലെ ജലസംരക്ഷണ പ്രവർത്തങ്ങൾ | |
|---|---|
| പുനരുജ്ജീവിപ്പിച്ച നീർചാലുകൾ | 4031.13 km |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | 606 |
| നിർമ്മിച്ച കുളങ്ങൾ | 565 |
| റീച്ചാർജ് ചെയ്ത കിണറുകൾ | 2905 |
| നിർമ്മിച്ച കിണറുകൾ | 1631 |
| നിർമ്മിച്ച തടയണകൾ | 113 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ | 11486 |

## ജനം അണി നിരന്നു, കാനാമ്പുഴ ഒഴുകി; ശാന്തമായി

മാലിന്യങ്ങൾ നിറഞ്ഞ് ഒഴുക്ക് നിലച്ച്, വറ്റി വരണ്ട കാനാമ്പുഴ ഒഴുകുകയാണ്; പതിറ്റാണ്ടുകൾക്ക് ശേഷം. കണ്ണൂർ നിയമസഭാ മണ്ഡലത്തിലെ പ്രധാന ജല സ്രോതസും കാർഷിക മേഖലയുടെ ജീവനാഡിയുമായ കാനാമ്പുഴയുടെ പുനർജനിയുടെ കാലമായിരുന്നു 2017 മുതലുള്ള കാലം. പണ്ട് സമൃദ്ധമായി ഒഴുകിയിരുന്ന കാനാമ്പുഴയെന്ന പുഴ മാലിന്യ നിക്ഷേപത്താലും കാട് നിറഞ്ഞും നാശത്തിന്റെ വക്കിലായിരുന്നു. 10 കിലോമീറ്ററോളം ദൈർഘ്യമുള്ള ഈ പുഴ മുണ്ടേരിയിലെ അയ്യപ്പൻ മലയിൽ നിന്നാണ് ഒഴുകി തുടങ്ങുന്നത്. പുഴയുടെ കരയിടിഞ്ഞും മാലിന്യക്കൂനകൾ നിറഞ്ഞു കാട്



നിറഞ്ഞും നീരൊഴുക്ക് തടസ്സപ്പെട്ട പുഴയുടെ പ്രശ്നം കണ്ണൂർ കാലത്തിനൊപ്പം എന്ന കണ്ണൂർ മണ്ഡലം പ്രത്യേക ക്യാമ്പയിനിലാണ് ചർച്ചയായി ഉയർന്ന് വന്നത്. ബഹു. രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി നേതൃത്വം നല്കുന്ന ക്യാമ്പയിനാണ് കണ്ണൂർ കാലത്തിനൊപ്പം. എം എൽ എ ഫണ്ടും ഇറിഗേഷൻ വകുപ്പിന്റെ ഫണ്ടും ജനകീയ സമിതിയുടെ കൂട്ടായ പിന്തുണയും മന്ത്രിയുടെ നേതൃത്വവും ഒത്തു ചേർന്നപ്പോൾ കാനാമ്പുഴ തെളിവെള്ളം നിറഞ്ഞ പുഴയായും മനോഹരമായ



ടൂറിസം കേന്ദ്രമായും നിറഞ്ഞ വയലേലയായും മാറി. 2024 ഡിസംബർ 29 ന് ബഹു മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി തിങ്ങി നിറഞ്ഞ ജനതിയെ സാക്ഷി നിർത്തി കാനാമ്പുഴയെ നാട്ടിന് സമർപ്പിച്ചു.

### പഴശ്ശി ജലസേചന പദ്ധതി: സഫലമായത് ജില്ലയുടെ ചിരകാല സ്വപ്നം

കേരള സംസ്ഥാന രൂപീകരണ വേള മുതൽ ജില്ല ഏറെ പ്രതീക്ഷയോടെ കാത്തിരുന്ന ഒന്നായിരുന്നു പഴശ്ശി ജല സേചന പദ്ധതി. ജില്ലയുടെ വിശാലമായ നെൽപാടങ്ങളേയും കര പ്രദേശങ്ങളെയും കൃഷി നിബിഡമാക്കാൻ പ്രയോജനപ്പെടുന്ന ജലസേചന പദ്ധതി എന്ന നിലയിൽ പഴശ്ശി ജന ഹൃദയങ്ങളിൽ നിറഞ്ഞു നിന്നു.

1961 ലാണ് പഴശ്ശി ജലസേചന പദ്ധതിയുടെ തറക്കല്ലിട്ടത്. നീണ്ട 17 വർഷത്തെ നിർമ്മാണ പ്രക്രിയക്ക് ശേഷം 1978 ൽ അന്നത്തെ പ്രധാനമന്ത്രി മൊറാർജി ദേശായി പദ്ധതി ഉദ്ഘാടനം ചെയ്തു. പക്ഷേ കനാലുകളിൽ കൂടി പത്ത് കി.മി. ദൂരത്തിൽ വെള്ള മൊഴുകി എത്താൻ 2022 വരെ കാത്തിരിക്കേണ്ടി വന്നു. തുടർന്ന് രണ്ടാം ഘട്ട ടെസ്റ്റ്റൺ 2023 ലും മൂന്നാം ഘട്ട ടെസ്റ്റ്റൺ 2024 ലും വിജയകരമായി പൂർത്തീകരിച്ചു. ഇതിലൂടെ 700 ഹെക്ടർ പാടശേഖരങ്ങൾക്കാണ് ജലം നല്കിയത്. കനാലുകൾക്ക് കാലപ്പഴക്കത്തിൽ കേട് പാടുകൾ സംഭവിച്ചു എങ്കിലും 2020 മുതൽ 2025 വരെ തുടർച്ചയായി റിപ്പയർ പ്രവൃത്തി ഏറ്റെടുത്തു ഇറിഗേഷൻ വകുപ്പ് ജാഗ്രത പുലർത്തിയതോടെ ഫെബ്രുവരി, മാർച്ച്, മാസങ്ങളിൽ കനാലുകളിൽ തുടർച്ചയായ ഒഴുക്കോടെ ജലം ഒഴുകി എത്തി. ഇത് കനാലുകൾക്ക് സമീപമുള്ള പ്രദേശങ്ങളിലെ ഭൂമിയിലെ ജലനിരപ്പ് വർധിപ്പിക്കാൻ ഒട്ടേറെ സഹായിച്ചു. 6024 കിണറുകൾ, 207 കുളങ്ങൾ എന്നിവയിൽ സ്വാഭാവിക റീചാർജ്ജിന് കനാലിലെ ജലമൊഴുക്ക് സഹായകമായതാണ് ഇറിഗേഷൻ വകുപ്പിന്റെ കണക്ക് കൂട്ടൽ. കനാൽ പ്രദേശങ്ങളിൽ വാഹനങ്ങളിൽ കുടിവെള്ള വിതരണം ഒഴിവാക്കാൻ ഇതു മൂലം സാധിച്ചുവെന്നതും ശ്രദ്ധേയമാണ്.

### കൃഷി പുനസ്ഥാപന പ്രവർത്തനം

കൃഷി ഭൂമി തരിശിടുന്ന പതിവ് ജില്ലയിലും വർദ്ധിച്ചു വരികയാണ്. എന്നാൽ ജില്ലയിലെ ചില തദ്ദേശ ഭരണ സ്ഥാപനങ്ങൾ തരിശ് രഹിത പ്രവർത്തങ്ങൾ എറ്റെടുക്കുന്നതിൽ കുറെ വർഷങ്ങളായി മുന്നിലാണ്. പായം, തില്ലങ്കേരി, കൂടാളി, പെരളശ്ശേരി, ആന്തൂർ നഗരസഭ, മയ്യിൽ, കുറുമാത്തൂർ, ചപ്പാരപ്പടവ്, ചെറുതാഴം, കണ്ണപുരം, ഏഴോം, കരിവെള്ളൂർ പെരളം, പന്ന്യന്നൂർ, തുടങ്ങിയ തദ്ദേശ

ഭരണ സ്ഥാപനങ്ങൾ കാർഷിക മേഖലയെ സജീവമാക്കാനുള്ള കഠിന ശ്രമം നടത്തി വരുന്നുണ്ട്.

കരനെൽ കൃഷി വർദ്ധിപ്പിക്കുന്നതിനും ചെറു ധാന്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. വ്യക്തികൾ ഉൾപ്പെടെ കാർഷിക മേഖലയിൽ അവരുടെ മികവാർന്ന പ്രവർത്തനം കൊണ്ട് കാർഷിക ഉല്പാദനകുറവ് മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. എള്ള്, മുത്താറി തുടങ്ങിയ ചെറുധാന്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു ഇതിന്റെ ഭാഗമായി സാധിച്ചിട്ടുണ്ട്. ഹരിത സമൃദ്ധി വാർഡ് പദ്ധതിയുടെ ഭാഗമായി പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ പച്ചക്കറി കൃഷിയുടെയുടേത് അടക്കം ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൊറോണ കാലത്ത് ജില്ലയിൽ കാർഷിക മേഖലയിലെ ഇടപെടൽ വർദ്ധിച്ചിരുന്നു എന്നത് ശ്രദ്ധേയമാണ്.

കാലാവസ്ഥ വ്യതിയാനം അനുസരിച്ചുള്ള കൃഷി രീതികളുടെ വികസനവും മണ്ണ് ജല സംരക്ഷണവും പ്രധാന മുൻഗണനാ വിഷയം തന്നെയാണ്. പരിസ്ഥിതി സംരക്ഷണവും ഭക്ഷ്യസുരക്ഷയും ആരോഗ്യസുരക്ഷയും ലക്ഷ്യമാക്കിയുള്ള കർമ്മ പദ്ധതികൾ പോഷകസമൃദ്ധി മിഷൻ, ജൈവകാർഷിക മിഷൻ തുടങ്ങിയവ വഴി നടപ്പാക്കി വരികയാണ്.

### കൈപ്പാട് കൃഷി

കടലിനോടോ പുഴയോടോ ചേർന്ന് കാണപ്പെടുന്ന ഉപ്പുവെള്ളം നിറഞ്ഞ് ചതുപ്പ് നിലങ്ങളാണ് കൈപ്പാട് നിലങ്ങൾ. വടക്കൻ കേരളത്തിൽ ഉപ്പുവെള്ളം കയറുന്ന പ്രദേശങ്ങളിലെ പരമ്പരാഗത കൃഷി രീതിയാണ് കൈപ്പാട് കൃഷി. ശാസ്ത്രീയമായ കൃഷി രീതികളിലൂടെ ഇത്തരം മേഖലകളിൽ കാർഷിക പരീക്ഷണങ്ങൾ സംഘടിപ്പിക്കുകയും വിജയം കൈവരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലയിൽ ഏഴോം, പട്ടുവം, ചിറക്കൽ, കണ്ണപുരം, ചെറുകുന്ന്, കൊളച്ചേരി, നാറാത്ത്, കുഞ്ഞിമംഗലം, മുണ്ടേരി എന്നീ പഞ്ചായത്തുകളിലും കണ്ണൂർ കോർപ്പറേഷൻ പരിധിയിലുള്ള പുഴാതി എന്ന പ്രദേശത്തും കൈപ്പാട് കൃഷി ചെയ്തുവരുന്നു. വളപ്രയോഗമില്ലാതെ 120 ദിവസം കൊണ്ട് വിളവെടുക്കാവുന്ന നെല്ല് കൃഷി എന്നതിനൊപ്പം സ്വാഭാവിക മീൻ കൃഷിയുടെയും പ്രധാന കേന്ദ്രമാണ് കൈപ്പാട്.



| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനം | കൃഷി ചെയ്യുന്ന പ്രദേശത്തിന്റെ വിസ്തൃതി(ഹെക്ടർ) |
|---|---|---|
| 1 | കുഞ്ഞിമംഗലം | 6 |
| 2 | ചിറക്കൽ | 8 |
| 3 | മുണ്ടേരി | 8 |
| 4 | നാറാത്ത് | 12 |
| 5 | കൊളച്ചേരി | 18 |
| 6 | ചെറുകുന്ന് | 46 |
| 7 | കണ്ണപുരം | 36 |
| 8 | പട്ടുവം | 50 |
| 9 | ഏഴോം | 60 |
| 10 | പായം | 75 |
| 11 | ചിറ്റാരിപ്പറമ്പ് | 10 |
| 12 | മാങ്ങാട്ടിടം | 10.5 |
| 13 | കണ്ണൂർ കോർപ്പറേഷൻ | 3 |

കണ്ണൂർ ജില്ലയിലെ കൈപ്പാട് കൃഷി - വിസ്തൃതി 2025 വരെ

## ഉപ്പു വെള്ളം ബാധിക്കുന്ന പ്രദേശങ്ങൾ

കണ്ണൂർ ജില്ലയിൽ പ്രധാനമായും ഉപ്പ് വെള്ളം കയറുന്നത് എട്ടിക്കുളം, പാലക്കോട്, ചൂട്ടാട്, മാട്ടൂൽ നോർത്ത്, മാട്ടൂൽ അഴിമുഖം - അഴീക്കൽ, കടലായി, ധർമ്മടം, കൊടുവള്ളി, മാഹി എന്നീ സ്ഥലങ്ങളിലാണ്. ജില്ലയിലെ പ്രധാന നദികളായ പെരുമ്പ, രാമപുരം, കുപ്പം, വളപട്ടണം, അഞ്ചരക്കണ്ടി, തലശ്ശേരി, മാഹി എന്നിവയിൽ വേനൽക്കാലങ്ങളിൽ ഉപ്പ് വെള്ളം കയറി കുടിവെള്ളത്തെയും കൃഷിയെയും സാരമായി ബാധിക്കുന്നുണ്ട്. അഞ്ചരക്കണ്ടി പുഴയിൽ തീരങ്ങൾക്കിരുവശത്തുമായി 4 ച.കി.മീറ്റർ വിസ്തീർണത്തിലും, തലശ്ശേരി പുഴയിൽ 0.3 ച.കി. മീറ്റർ വിസ്തീർണത്തിലും, മാഹി പുഴയിൽ 3.2 ച.കി.മീറ്റർ വിസ്തീർണത്തിലും, കാനാമ്പുഴയിൽ 0.8 ച.കി. മീറ്റർ വിസ്തീർണത്തിലും ഉപ്പ് വെള്ളം കയറി ഇറങ്ങുന്നുണ്ട്. പല സ്ഥലങ്ങളിലും ഉപ്പ് വെള്ളം കയറി കൃഷി സ്ഥലം ഉപയോഗശൂന്യമായി കിടക്കുകയാണ്. ഈ പ്രദേശങ്ങളിലെ ജനങ്ങൾ കുടിവെള്ളത്തിനു വേണ്ടി കിണർ വെള്ളത്തിനു പകരം മറ്റ് മാർഗങ്ങൾ സ്വീകരിക്കേണ്ട അവസ്ഥയാണ് വരുന്നത്.

വളപട്ടണം പുഴയിൽ അഴീക്കൽ അഴിമുഖം മുതൽ ഇരിക്കൂർ പാലം വരെ ഏകദേശം 38 കി.മീറ്റർ നീളത്തിലും, കുപ്പം പുഴയിൽ അഴീക്കൽ മുതൽ ചപ്പാരപ്പടവ് ടൗൺവരെ ഏകദേശം 40 കി.മീറ്റർ നീളത്തിലും, പെരുമ്പ പുഴയിൽ വലിയപറമ്പ് അഴിമുഖത്തിൽ നിന്ന് 22 കി.മീറ്റർ നീളത്തിൽ മുകൾ ഭാഗത്തായും, പാലക്കോട് അഴിയിൽ നിന്നും 15 കി.മീറ്റർ നീളത്തിൽ മുകൾ ഭാഗത്തായും, രാമപുരം പുഴയിൽ മുകൾ ഭാഗത്തായി 7 കി.മീറ്റർ നീളത്തിലും ഉപ്പ് വെള്ളം കയറുന്നുണ്ട്.

പാപ്പിനിശ്ശേരി പഞ്ചായത്തിൽ പാപ്പിനിശ്ശേരി കടവിന് 500 മീറ്റർ അകലെയായി വളപട്ടണം പാലത്തിന്റെ 1 കി.മീറ്റർ താഴെ ഭാഗം തട്ടുപറത്ത് താഴ്ന്ന പ്രദേശമായതിനാൽ ഉപ്പ് വെള്ളം കയറി കൃഷി സ്ഥലം കഴിഞ്ഞ കുറെ വർഷങ്ങളായി കൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥയിലാണുള്ളത്.

കണ്ണൂർ ജില്ലയിലെ വടക്ക് പടിഞ്ഞാറ് സ്ഥിതി ചെയ്യുന്നതും കുപ്പം നദിയുടെ കൈവഴികളാൽ ചുറ്റപ്പെട്ട് കിടക്കുന്നതുമായ തെക്കുമ്പാട് ദ്വീപ് മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്നു. പ്രസ്തുത

ദ്വീപ് അറബിക്കടലിന്റെ അഴിമുഖത്ത് നിന്നും ഉദ്ദേശം 5 കി.മീ ദൂരത്ത് വ്യാപിച്ചു കിടക്കുന്നു. തെക്കുമ്പാട് ദ്വീപിലെ ഭൂരിഭാഗം ജനങ്ങളും പാരമ്പര്യമായി കർഷകരാണ്. എല്ലാ വർഷങ്ങളിലും ഡിസംബർ മുതൽ ഏപ്രിൽ വരെ കുപ്പം പുഴയിലെ നീരൊഴുക്കിന്റെ കുറവ് കാരണം വേലിയേറ്റ സമയത്ത് കൃഷിസ്ഥലങ്ങളിൽ ഉപ്പ് വെള്ളം കയറുകയും തന്മൂലം പാടങ്ങളിൽ വിളവിറക്കാൻ പറ്റാത്ത അവസ്ഥയുമാണ് സംജാതമാകുന്നത്. സമീപ കാലത്തായി നെൽകൃഷി ഈ പ്രദേശങ്ങളിൽ അന്യം നിന്ന് പോയിക്കൊണ്ടിരിക്കുകയാണ്.

ജില്ലയിലെ ചെറുതാഴം പഞ്ചായത്ത് ഫലഭൂയിഷ്ഠമായ മണ്ണാലും പ്രകൃതിദത്തമായ നീരൊഴുക്കിനാലും സമ്പന്നമാണ്. പെരുമ്പ പുഴയിൽ നിന്നും ഉപ്പ് വെള്ളം കയറുന്നത് കാരണം ഇവിടെയുള്ള കൃഷിക്കാർക്ക് പുഴയിൽ നിന്നും വളരെ അകലെയുള്ള നിലങ്ങളിൽ മാത്രമേ രണ്ടാം വിള നെൽകൃഷി ചെയ്യുവാൻ സാധിക്കുന്നുള്ളൂ. ഉപ്പ് വെള്ളം കയറുന്നത് നെല്ലുത്പാദനത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

മോന്താൽ റഗുലേറ്റർ കം ബ്രിഡ്ജ് കണ്ണൂർ ജില്ലയിലെ പാനൂർ മുനിസിപ്പാലിറ്റിയെയും കോഴിക്കോട് ജില്ലയിലെ അഴിയൂർ പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് മാഹിപ്പുഴയ്ക്ക് കുറുകെ മോന്താലിൽ 1973 ൽ ആണ് പണി കഴിപ്പിച്ചത്. റഗുലേറ്റർ കം ബ്രിഡ്ജായാണ് പ്രവൃത്തി വിഭാവനം ചെയ്തതെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പാലത്തിന്റെ പ്രവൃത്തി മാത്രമേ അന്ന് പൂർത്തീകരിച്ചുള്ളു. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പ്രകാരം പാലത്തിന് ഷട്ടർ സ്ഥാപിക്കുന്നതിനുള്ള ശേഷി ഇല്ലാത്തതിനാൽ പ്രസ്തുത പാലത്തിന് സമീപം അനുയോജ്യമായി സ്ഥലത്ത് ഇൻലാന്റ് നാവിഗേഷനുമായി കൂടിയാലോചിച്ച് നാവിഗേഷൻ ലോക്കോടുകൂടിയ റഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കാൻ ജലസേചന വകുപ്പ് ശ്രമം തുടങ്ങിയിട്ടുണ്ട്.

ചെറുകുന്ന് പഞ്ചായത്തിലെ ഏകദേശം 427 ഹെക്ടർ കൃഷി സ്ഥലത്ത് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് വേണ്ടി 1968 ലാണ് മുട്ടിൽകാപ്പ് റഗുലേറ്റർ നിർമ്മിച്ചത്. വർഷങ്ങളായുള്ള ഉപ്പുവെള്ളവുമായുള്ള സമ്പർക്കം കാരണം റെഗുലേറ്ററിന്റെ ഷട്ടറുകൾ പൂർണമായി തുരുമ്പെടുക്കുകയും അറ്റകുറ്റപ്പണികൾ നടത്താനാകാത്ത വിധത്തിൽ പ്രസ്തുത നിർമ്മിതി പൂർണ്ണമായും തകരാറിലാവുകയും ചെയ്തു. തുടർന്ന് പ്രസ്തുത സ്ഥലത്ത് പുതുതായി റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് വേണ്ടിയുള്ള പര്യവേഷണ പ്രവൃത്തി ചെറുകിട ജല സേചന വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

കല്ല്യാശ്ശേരി, കണ്ണപുരം പഞ്ചായത്തുകളിൽ ഏകദേശം 188 ഹെക്ടർ കൃഷി സ്ഥലത്ത് ഉപ്പുവെള്ളം കയറുന്നത് തടയാൻ വേണ്ടി 1964 ലാണ് ഇരിണാവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിച്ചത്. കാലപ്പഴക്കത്താലും ഉപ്പുവെള്ളവുമായുള്ള സമ്പർക്കം കാരണവും പ്രസ്തുത നിർമ്മിതി ഇപ്പോൾ പ്രവർത്തനരഹിതമായി കിടക്കുകയാണ്. നിലവിൽ പൊതുമരാമത്ത് വകുപ്പ് പ്രസ്തുത ആർസിബി ക്ക് മുകൾ ഭാഗത്തായി പാലം നിർമ്മിച്ചിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള ആർ.സി.ബി റഗുലേറ്റർ മാത്രമായി നില നിർത്തിയാൽ മതിയാകും. എന്നാൽ നശിച്ച് ഉപയോഗ ശൂന്യമായ ഷട്ടർ മാറ്റി സ്ഥാപിക്കണമെങ്കിൽ നിലവിലുള്ള ആർ.സി.ബി യുടെ ബലക്ഷയം പരിശോധിക്കേണ്ടതുണ്ട്. ഇതിനായി ചെറുകിട ജലസേചന വകുപ്പ് തുടർനടപടികൾ ആരംഭിച്ചിട്ടുണ്ട്.

കുപ്പം, വളപട്ടണം, പെരുമ്പ, അഞ്ചരക്കണ്ടി പുഴകളിൽ വേണ്ടത്ര ചെക്ക് ഡാമുകളോ, റഗുലേറ്ററുകളോ നിർമ്മിക്കപ്പെട്ടിട്ടില്ല. കാലപ്പഴക്കത്താൽ തോടുകളിൽ നിർമ്മിച്ച വി.സി.ബി കളുടെ തകർച്ചയും ഷട്ടറുകൾ യഥാസമയം റിപ്പയർ ചെയ്യാത്തതും മൂലം ചെക്ക് ഡാമുകളിൽ മണ്ണും മാലിന്യങ്ങളു അടിഞ്ഞ് ഉപയോഗപ്രദമാകാത്ത അവസ്ഥയിലാണ്. ജലസേചന പദ്ധതികളിൽ ജലസേചനത്തിനാവശ്യമായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ അഭാവം നിലനൽക്കുന്നുണ്ട്.

## പ്രളയ മാലിന്യങ്ങൾ

2018,2019 കാലയളവിലാണ് പ്രളയമാലിന്യങ്ങൾ ഉണ്ടായിട്ടുള്ളത്. എന്നാൽ കണ്ണൂർ ജില്ലയിൽ 2019 ലാണ് ഈ ഒരു പ്രശ്നം കൂടുതലായി അനുഭവപ്പെട്ടത്. പ്രത്യേകിച്ച് പുഴയോര പഞ്ചായത്തുകളിൽ ഉണ്ടായിട്ടുള്ള അതിരൂക്ഷമായിട്ടുള്ള പ്രളയം കാരണം വീടുകളിലും സ്ഥാപനങ്ങളിലും മാലിന്യങ്ങൾ

വന്ന് കുമിഞ്ഞു കൂടുകയും അത് ഒഴിവാക്കാൻ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ജനകീയ കൂട്ടായ്മയുടെ പ്രവർത്തനമാണ് മികച്ചു നിൽക്കുന്നത്. അതുകൂടാതെ കാലാകാലങ്ങളിൽ ഉണ്ടായിട്ടുള്ള മാലിന്യങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി വിവിധ സന്നദ്ധ സംഘടനകൾ മികച്ച രീതിയിൽ ഉള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. എസ്.പി.സി, എൻ.എസ്.എസ് വളണ്ടിയർമാരുടെ സേവനം ഇതിൽ പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. കൂടാതെ ജല പരിശോധന സംവിധാനം ഒരുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുത്തിട്ടുണ്ട് ക്ലോറിനേഷൻ സൂപ്പർ ക്ലോറിനേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ ഈയൊരു കാലയളവിൽ ചെയ്തത് കൊണ്ട് തന്നെ ജലജന്യ രോഗങ്ങളിൽ നിന്നും രക്ഷ നേടുന്നതിനും സഹായകരമായി. ജില്ലയിൽ അമീബിക് മസ്തിഷ്ക ജ്വരം മഞ്ഞപ്പിത്തം തുടങ്ങിയ ജല ജന്യ രോഗങ്ങളുടെ വ്യാപനം കുറയ്ക്കുന്നതിന് വേണ്ടി ജലമാണ് ജീവൻ ക്യാമ്പയിൻ നടന്നുവരികയാണ്.

## മാലിന്യം കത്തിക്കുന്നതിലുള്ള കുറവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജനകീയ ക്യാമ്പയിന്റെ ഭാഗമായി നിരവധി ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. മാലിന്യം കത്തിക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന ദൂഷ്യവശങ്ങൾ വിദ്യാർത്ഥികളിലും ജനങ്ങളിലും എത്തിക്കാൻ നടത്തിയിട്ടുള്ള ബോധവൽക്കരണ പരിപാടിയിലൂടെ ഈ പ്രവണത കുറച്ചു കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ മാത്രമല്ല മറ്റു മാലിന്യങ്ങളും കത്തിക്കരുത് എന്ന ബോധം ജനങ്ങൾ ഉണ്ടാക്കി എടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയതുകൊണ്ട് തന്നെ ഇതിൽ വലിയൊരു കുറവ് വന്നിട്ടുണ്ട്. അതുകൂടാതെ പിഴ ഉൾപ്പെടെയുള്ള കടുത്ത ശിക്ഷാനടപടികളും മാലിന്യം കത്തിക്കുന്നവർക്കെതിരെ ഉണ്ടായത് ഇതിന് ഏറെ പ്രയോജനകരമായി.

## ജില്ലയുടെ തനത് പ്രവർത്തനങ്ങൾ

### സാമൂഹിക സാമ്പത്തിക സർവ്വേ.

കണ്ണൂർ ജില്ലാ ഹരിതകേരളം മിഷന്റെയും, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെയും, ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റേയും കുടുംബശ്രീയുടെയും സംയുക്ത ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് ആദ്യമായി സാമൂഹിക സാമ്പത്തിക സർവ്വേ നടത്തുകയും സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്ത പഞ്ചായത്താണ് കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്ത്. 263 വ്യത്യസ്ത വിഭാഗത്തിൽ ഉള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തി 78 വളണ്ടിയർമാരെ ഉപയോഗിച്ചാണ് പഞ്ചായത്തു പ്രദേശത്തെ



മുഴുവൻ വീട്ടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് വിവരശേഖരണ പ്രവർത്തനം നടത്തിയത്. വിവരശേഖരണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി സന്നദ്ധ പ്രവർത്തകരുടെ വിപുലമായ യോഗങ്ങളും വളണ്ടിയർമാർക്കുള്ള പരിശീലന പരിപാടികളും സംഘടിപ്പിക്കപ്പെട്ടു. വിവര ശേഖരണത്തെ തുടർന്ന് പ്രദേശത്തെ കാർഷികം, വ്യാവസായികം, തൊഴിൽ, സാമ്പത്തികം, പരിസ്ഥിതി, ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകളിലെ വിശദമായ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പഞ്ചായത്തിന്റെ തുടർന്നുള്ള കാലങ്ങളിലെ പദ്ധതി ആസൂത്രണപ്രക്രിയക്കും ആരോഗ്യ ശുചിത്വ കുടിവെള്ള മേഖലകളിലെ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനും ഈ റിപ്പോർട്ട് മുതൽക്കൂട്ടായി മാറും.

### ശുചിത്വ DPR തയാറാക്കൽ :

പതിനാലാം പഞ്ചവത്സരപദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ആസൂത്രണം ചെയ്യുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ് പുറപ്പെടുവിച്ച ആസൂത്രണ മാർഗ്ഗരേഖയിൽ മാലിന്യ പ്രതിസന്ധി പരിഹരിക്കാൻ ഓരോ തദ്ദേശസ്ഥാപനങ്ങളും സ്വന്തമായി വിശദമായ പദ്ധതിരേഖ തയ്യാറാക്കി പ്രശ്നപരിഹാരത്തിന് പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണെന്ന നിർദ്ദേശവും ഉൾപ്പെട്ടിട്ടുണ്ടായിരുന്നു. ഇതുപ്രകാരം സംസ്ഥാനത്ത് ആദ്യമായി ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് സഹായകമായ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കിയത് കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമ പഞ്ചായത്താണ്. ജല പ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, യുവജന മഹിളാ സംഘടനകൾ, രാഷ്ട്രീയ സാമൂഹ്യ സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സഹായത്തോടെ വിവരശേഖരണ പ്രവർത്തനം നടത്തിയാണ് ഇതിനാവശ്യമായ സർവ്വേ പ്രവർത്തനം പൂർത്തിയാക്കിയത്. ഹരിതകേരളം ജില്ലാമിഷന്റെ ഉപദേശ നിർദ്ദേശങ്ങളും സാങ്കേതിക സഹായവും പ്രയോജനപ്പെടുത്തിയാണ് പഞ്ചായത്ത് DPR തയ്യാറാക്കിയത്. ഇതിന്റെ ഭാഗമായി ജലസംരംക്ഷണം, ശുചിത്വം, മാലിന്യ സംസ്കരണം എന്നി മേഖലകളിലെ നിലവിലെ അവസ്ഥാ പഠനം നടത്തിയാണ് ഡി.പി. ആർ തയ്യാറാക്കിയത്.



3 വർഷം കൊണ്ട് ഡി. പി ആറിൽ നിർദ്ദേശിച്ച പ്രവർത്തനങ്ങൾ പൂർത്തികരിച്ച് മാലിന്യ മുക്ത പഞ്ചായത്തായി മാറുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. 2021 ആഗസ്റ്റ് 23 നു ബഹു കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ DPR പ്രകാശനം ചെയ്തു. പിന്നിട്ട 3 വർഷത്തെ പ്രവർത്തനങ്ങളെ തുടർന്ന് പെരളശ്ശേരി ഗ്രാമപഞ്ചായത്ത് ജില്ലയിൽ ആദ്യത്തെ വലിച്ചെറിയൽ മുക്ത പഞ്ചായത്തായി മാറുകയുണ്ടായി.

പെരളശ്ശേരി പഞ്ചായത്തിന്റെ ഈ പ്രവർത്തനത്തെ മാതൃകയാക്കി ജില്ലയിലെ മറ്റു 15 ഗ്രാമ പഞ്ചായത്തുകൾ കൂടി ശുചിത്വ മാലിന്യ സംസ്കരണത്തിനായി DPR തയ്യാറാക്കുകയും ഇവയിൽ കണ്ണപുരം, ചപ്പാരപ്പടവ്, മലപ്പട്ടം എന്നീ പഞ്ചായത്തുകൾ DPR നിർദ്ദേശങ്ങൾ പൂർത്തീകരിച്ച് ഇതിനോടകം പ്രഖ്യാപനം നടത്തുകയും ചെയ്തിട്ടുണ്ട്.

### നാട്ടുപച്ച

കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിന്റെ ആരംഭിച്ച പദ്ധതിയാണ് നാട്ടുപച്ച. ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 8 പഞ്ചായത്തുകളിലും ഒരു വാർഡ് തെരഞ്ഞെടുത്താണ് പദ്ധതി നടപ്പിലാക്കുന്നത്. വാർഡിലെ ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ജൈവ - അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ജലസംരക്ഷണ സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കുക, റോഡ് അരികുകൾ മാലിന്യരഹിതവും പൂച്ചെടികളും ഫലവൃക്ഷ ഹരിത വീഥികൾ ആക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ആണ് വാർഡ് തലത്തിൽ ഏറ്റെടുത്തു നടപ്പിലാക്കിയത്.

## വെള്ളം, വൃത്തി, വിളവ് മേഖലകളിൽ

### കഴിഞ്ഞ പത്ത് വർഷത്തിനിടെ ജില്ല കൈവരിച്ച നേട്ടങ്ങൾ

പത്ത് വർഷത്തെ ഹരിതകേരളം മിഷൻ ഇടപെടലുകൾ വ്യത്യസ്ത തലങ്ങളിലാണ് പ്രതിഫലിച്ചു കൊണ്ടിരിക്കുന്നത്. മിഷൻ ഇടപെടലുകളിൽ പലതും വർഷങ്ങൾക്ക് ശേഷമായിരിക്കും ഫലങ്ങളായി





മാറുക. അതുകൊണ്ട് തന്നെ എല്ലാ നേട്ടങ്ങളെയും അക്കങ്ങളായോ അക്ഷരങ്ങളായോ തിട്ടപ്പെടുത്താൻ കഴിയണമെന്നില്ല.

എന്നാൽ പ്രത്യക്ഷത്തിൽ അനുഭവപ്പെടുന്ന ചില നേട്ടങ്ങൾ നമ്മുടെ മുന്നിലുണ്ട്. അവയെ രേഖപ്പെടുത്താനുള്ള ശ്രമങ്ങളാണിവിടെ നടത്തുന്നത്.

ജില്ലയിലെ ആകെ കുളങ്ങളുടെ എണ്ണം - 2665

ഇതിൽ പുനരുജ്ജീവിപ്പിച്ച കുളങ്ങളുടെ എണ്ണം - 606

മാപ്പത്തോൺ നടത്തി മാപ്പിംഗ് പൂർത്തീകരിച്ച തോടുകളുടെ എണ്ണം – 258

തോടുകളുടെ നീളം – 419.7

ഒഴുക്ക് വീണ്ടെടുത്ത പുഴകളുടെ എണ്ണം - ഒന്ന് കാനാമ്പുഴ

10 വർഷത്തിനിടെ റീച്ചാർജ് ചെയ്ത കിണറുകളുടെ എണ്ണം – 2905

ജില്ലയിൽ നിർമിക്കുന്ന ഉപ്പുവെള്ള പ്രതിരോധ ബണ്ടുകളുടെ വിശദാംശങ്ങൾ കൃഷി സ്ഥലത്ത് ഉപ്പുവെള്ളം കയറുന്നത് തടഞ്ഞ് കൃഷി യോഗ്യമാക്കുന്നതിന് വേണ്ടിയാണ് ഉപ്പുവെള്ള പ്രതിരോധ ബണ്ടുകൾ നിർമ്മിക്കുന്നത്.

| ക്രമ നം | പേര് | പുഴയുടെ പേര് | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | ജലസേചനം സാധ്യമാക്കുന്ന വിസ്തൃതി ഹെക്ടറിൽ |
|---|---|---|---|---|
| 1 | വയലപ്ര റഗുലേറ്റർ കം ബ്രിഡ്ജ് | രാമപുരം പുഴ | ചെറുതാഴം പഞ്ചായത്ത് | 432 |
| 2 | മുപ്പോട് തോട് ഉപ്പുവെള്ള പ്രതിരോധ ബണ്ട് | മുപ്പോട് തോട് (പെരുമ്പ) | പയ്യന്നൂർ മുനിസിപ്പാലിറ്റി | 65.72 |
| 3 | വെള്ളിക്കീൽ പഞ്ചലായി ഉപ്പുവെള്ള പ്രതിരോധ ബണ്ട് | വെള്ളിക്കീൽ പുഴ (കുപ്പം) | പട്ടുവം പഞ്ചായത്ത് | 70.08 |
| 4 | പോത്താട മുട്ടുകണ്ടി ഉപ്പുവെള്ള പ്രതിരോധ ബണ്ട് | പട്ടുവം പുഴ (കുപ്പം) | പട്ടുവം പഞ്ചായത്ത് | 76.41 |
| 5 | പറനൂൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട് | പട്ടുവം പുഴ (കുപ്പം) | പട്ടുവം പഞ്ചായത്ത് | 52.47 |
| 6 | മൂലക്കീൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട് | രാമപുരം പുഴ | മാടായി പഞ്ചായത്ത് | 86.33 |
| 7 | കുനിയൻ പടിഞ്ഞാറെ തോട് ഉപ്പുവെള്ള പ്രതിരോധ ബണ്ട് | കവ്വായി പുഴ | കരിവെള്ളൂർ-പെരളം പഞ്ചായത്ത് | 62.3 |
| 8 | വട്ടകുളം തോട് ഉപ്പുവെള്ള പ്രതിരോധ ബണ്ട് | പെരുമ്പ പുഴ | പയ്യന്നൂർ മുനിസിപ്പാലിറ്റി | 25.00 |
| 9 | കാര തോട് ഉപ്പുവെള്ള പ്രതിരോധ ബണ്ട് | പെരുമ്പ പുഴ | പയ്യന്നൂർ മുനിസിപ്പാലിറ്റി | 25.00 |
| 10 | പത്താൻ തോട് ഉപ്പുവെള്ള പ്രതിരോധ ബണ്ട് | വളപട്ടണം പുഴ | മാട്ടൂൽ പഞ്ചായത്ത് | 20.00 |
| 11 | പറക്കോട്ട് കാനച്ചേരി ഉപ്പുവെള്ള പ്രതിരോധ ബണ്ട് | വളപട്ടണം പുഴ | മുണ്ടേരി പഞ്ചായത്ത് | 35.00 |

| | | | | |
|---|---|---|---|---|
| 12 | കാക്കത്തോട് ഉപ്പുവെള്ള പ്രതിരോധ ബണ്ട് | കുപ്പം പുഴ | ചെറുകുന്ന് പഞ്ചായത്ത് | 19.00 |
| 13 | പള്ളിക്കര പത്തൊന്നിൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട് | കുപ്പം പുഴ | ചെറുകുന്ന് പഞ്ചായത്ത് | 21.00 |
| 14 | ചൂട്ടാക്കിൽക്കണ്ടി ഉപ്പുവെള്ള പ്രതിരോധ ബണ്ട് | കുപ്പം പുഴ | കണ്ണപുരം പഞ്ചായത്ത് | 23.00 |
| 15 | മോന്താൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട് | മാഹി പുഴ | ചൊക്ലി പഞ്ചായത്ത് | 17.00 |
| 16 | മുളിയിൽ ചിറ ഉപ്പുവെള്ള പ്രതിരോധ ബണ്ട് | അഞ്ചരക്കണ്ടി പുഴ | പെരളശ്ശേരി പഞ്ചായത്ത് | 20.00 |

## പച്ചത്തുരുത്ത്

ജില്ലയിലെ പരിസ്ഥിതി പുനഃസ്ഥാപന പ്രക്രിയയിലെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നായിരുന്നു പച്ചത്തുരുത്ത് ഒരുക്കൽ. 2018 മുതൽ 2025 വരെ ജില്ലയിൽ 346.8 ഏക്കറിലായി 309 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു.






## ജില്ലയിലെ വിദ്യാലയങ്ങളിലെ ശലഭോദ്യാനങ്ങൾ

പ്രകൃതിയുടെ മനോഹാരിതയും വൈവിധ്യവും വിദ്യാലയ മുറ്റത്തേക്ക് ആനയിക്കുന്നതിന്റെ ഭാഗമായി വേങ്ങാട് ഗ്രാമ പഞ്ചായത്തിലെ കുരിയോട് എൽ പി സ്കൂൾ, മലപ്പട്ടം ഗ്രാമ പഞ്ചായത്തിലെ മലപ്പട്ടം ഹയർ സെക്കന്ററി സ്കൂൾ, പടിയൂർ പഞ്ചായത്തിലെ ശ്രീനാരായണ യു പി സ്കൂൾ, കോട്ടയം പഞ്ചായത്തിലെ ഓലായിക്കര എൽ പി സ്കൂൾ, കീഴല്ലൂർ പഞ്ചായത്തിലെ വെള്ളിയാംപറമ്പ് എൽ. പി. സ്കൂളിൾ, കാനാട് എൽ പി സ്കൂൾ, പാപ്പിനിശ്ശേരി പഞ്ചായത്തിലെ എ പി ജെ അബ്ദുൾ കലാം പാർക്ക്, ആഴിക്കോട് പഞ്ചായത്തിലെ ചാൽ ബീച്ച്, കണ്ണൂർ കോർപ്പറേഷനിലെ സെൻട്രൽ ജയിൽ, ചെമ്പിലോട് പഞ്ചായത്തിലെ അംഗനവാടി, അഞ്ചരക്കണ്ടി പഞ്ചായത്തിലെ അഞ്ചരക്കണ്ടി എഫ് എച്ച് സി എന്നിവിടങ്ങളിലാണ് മനോഹരമായ ശലഭോദ്യാനങ്ങൾ ഒരുങ്ങിയത്. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്ന 'പച്ചത്തുരുത്ത്' പദ്ധതിയുടെ ഭാഗമായാണ് ഈ ഉദ്യമം.



നാശോന്മുഖമാകുന്ന ജൈവ ആവാസവ്യവസ്ഥയെ വീണ്ടെടുക്കുക, ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ആഘാതം കുറയ്ക്കുക, കാർബൺ ബഹിർഗമനം കുറച്ച് പ്രകൃതി സൗഹൃദമായ ഒരു കേരളത്തെ സൃഷ്ടിക്കുക എന്ന സർക്കാർ ലക്ഷ്യത്തിന് കരുത്തേകുക എന്നീ നേട്ടങ്ങൾ ഈ പ്രവർത്തനത്തിന്റെ ഭാഗമായി നേടാൻ സാധിച്ചു.

വരുംതലമുറയ്ക്ക് പ്രകൃതിയെ തൊട്ടറിഞ്ഞു വളരാൻ ഈ ശലഭോദ്യാനം ഒരു വലിയ പാഠപുസ്തകമായി മാറും.








## എം സി എഫ്, മിനി എം സി എഫ്, ബോട്ടിൽ ബൂത്ത് വിവരങ്ങൾ

അജൈവ മാലിന്യങ്ങളുടെ താൽക്കാലിക ശേഖരണ സംവിധാനമാണ് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകളും മിനി മെറ്റീരിയൽ ഫെസിലിറ്റി സെന്ററുകളും . ജില്ലയിലെ എം സി എഫ്, മിനി എം സി എഫ്, ബോട്ടിൽ ബൂത്ത് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | നഗര സഭ |
|---|---|
| എം സി എഫ് – 17 | എം സി എഫ് – 15 |
| മിനി എം സി എഫ് – 4246 | മിനി എം സി എഫ് – 384 |
| ബോട്ടിൽ ബൂത്ത് - 4953 | ബോട്ടിൽ ബൂത്ത് - 505 |
| ആർ ആർ എഫ് – 11 | ആർ ആർ എഫ് – 9 |

വിവരങ്ങൾ ശേഖരിച്ചത്: ശുചിത്വ മിഷൻ





## ഹരിതകർമ്മസേന

വാതിൽപ്പടി പാഴ്‌വസ്തു ശേഖരണത്തിന് നേതൃത്വം നൽകുന്നവരാണ് ഹരിത കർമ്മസേനാംഗങ്ങൾ. 2018 മുതലാണ് ജില്ലയിൽ ഹരിതകർമ്മസേന പ്രവർത്തനം തുടങ്ങിയത് .

2025 ഡിസംബർ 31 വരെ ജില്ലയിൽ നിലവിലുള്ള ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.



| ഗ്രാമ പഞ്ചായത്ത് | ഹരിതകർമ്മസേന അംഗങ്ങളുടെ എണ്ണം |
|---|---|
| ആഴിക്കോട് | 22 |
| ഉളിക്കൽ | 57 |
| നടുവിൽ | 25 |
| പിണറായി | 27 |
| എരഞ്ഞോളി | 21 |
| പാട്യം | 26 |
| വളപട്ടണം | 2 |
| തൃപ്പങ്ങോട്ടൂർ | 36 |
| മുഴപ്പിലങ്ങാട് | 15 |
| രാമന്തളി | 27 |
| മാടായി | 37 |
| ചങ്ങളായി | 27 |
| മുണ്ടേരി | 24 |
| കോട്ടയം | 43 |
| കോളയാട് | 28 |
| ആലക്കോട് | 34 |
| മലപ്പട്ടം | 13 |
| ചെറുതാഴം | 31 |
| കേളകം | 13 |
| ചെറുപുഴ | 38 |
| നാറാത്ത് | 22 |
| കരിവെള്ളൂർ പെരളം | 32 |
| കൂടാളി | 32 |
| പടിയൂർ-കല്യാട് | 30 |
| കുറുമാത്തൂർ | 32 |
| കണ്ണപുരം | 22 |
| കുറ്റിയാട്ടൂർ | 40 |
| കാങ്കോൽ ആലമ്പടമ്പ് | 28 |
| കുന്നോത്തുപറമ്പ് | 45 |
| ചപ്പാരപ്പടവ് | 29 |
| എരുവേശ്ശി | 30 |
| മൊകേരി | 25 |
| കൊളച്ചേരി | 34 |
| കടന്നപ്പള്ളി പാണപ്പുഴ | 28 |
| പെരിങ്ങോം വയക്കര | 32 |
| മാങ്ങാട്ടിടം | 42 |
| കുഞ്ഞിമംഗലം | 28 |
| കടമ്പൂർ | 30 |
| ചിറക്കൽ | 24 |
| ചെറുകുന്ന് | 20 |

| | |
|---|---|
| പെരളശ്ശേരി | 28 |
| ന്യൂ മാഹി | 26 |
| പായം | 36 |
| പട്ടുവം | 17 |
| ഉദയഗിരി | 16 |
| അയ്യങ്കുന്ന് | 32 |
| ധർമ്മടം | 18 |
| ഏഴോം | 28 |
| ചിറ്റാരിപ്പറമ്പ് | 41 |
| മയ്യിൽ | 34 |
| പേരാവൂർ | 24 |
| ചൊക്ലി | 34 |
| മുഴക്കുന്ന് | 22 |
| ഇരിക്കൂർ | 12 |
| പരിയാരം | 42 |
| അഞ്ചരക്കണ്ടി | 15 |
| കണിച്ചാർ | 13 |
| കതിരൂർ | 22 |
| ചെമ്പിലോട് | 20 |
| മാലൂർ | 31 |
| കല്യാശ്ശേരി | 48 |
| കീഴല്ലൂർ | 28 |
| മാട്ടൂൽ | 32 |
| കൊട്ടിയൂർ | 15 |
| വേങ്ങാട് | 32 |
| പാപ്പിനിശ്ശേരി | 20 |
| തില്ലങ്കേരി | 31 |
| ആറളം | 34 |
| പന്ന്യന്നൂർ | 15 |
| എരമം കുറ്റൂർ | 38 |
| പയ്യാവൂർ | 30 |

| മുൻസിപ്പാലിറ്റി | ഹരിത കർമ്മ സേന അംഗങ്ങളുടെ എണ്ണം |
|---|---|
| തലശ്ശേരി | 49 |
| തളിപ്പറമ്പ് | 34 |
| കൂത്തുപറമ്പ് | 41 |
| ആന്തൂർ | 28 |
| പാനൂർ | 27 |
| ശ്രീകണ്ഠാപുരം | 30 |
| പയ്യന്നൂർ | 52 |
| ഇരിട്ടി | 36 |
| മട്ടന്നൂർ | 55 |
| കണ്ണൂർ | 109 |
| ആകെ | 2420 |



## അധ്യായം 4

# സൃഷ്ടിക്കപ്പെട്ട മാതൃകകൾ

### കാനാമ്പുഴ : പുഴ പുനരുജ്ജീവനത്തിന്റെ കേരള മാതൃക

കണ്ണൂർ നഗരത്തിന്റെയും പ്രാന്തപ്രദേശത്തിന്റേയും മാലിന്യങ്ങൾ നിറഞ്ഞ് വർഷങ്ങളോളം ഒഴുക്ക് നിലച്ച ഒരു പുഴയെ പുനരുജ്ജീവിപ്പിച്ച മാതൃകയും കണ്ണൂരിന് പറയാനുണ്ട്. ജില്ലയിൽ മുണ്ടേരി ഗ്രാമപഞ്ചായത്തിലെ അയ്യപ്പൻ മലയിൽ നിന്ന് ഉത്ഭവിച്ച കണ്ണൂർ കോർപറേഷനിലൂടെ ഒഴുകി ആദികടലായിയിൽ വെച്ച് അറബിക്കടലിൽ ചേരുന്ന 9.5 കി. മീറ്റർ നീളമുള്ള കാനാമ്പുഴയാണ് സംസ്ഥാന സർക്കാരിന്റെ പുനരുജ്ജീവനത്തിന്റെ കൂട്ടായ്മയിലൂടെ കണ്ണൂരിന് തിരിച്ചു കിട്ടിയത്.

ഉത്ഭവ സ്ഥലത്ത് ഏകദേശം രണ്ട് മീറ്ററും ആദികടലായിയിൽ ഏകദേശം 50 മീറ്ററും വീതിയുള്ള കാനാമ്പുഴ കണ്ണൂർ നഗരത്തിലെ പ്രധാന ജലസ്രോതസ്സാണ്. ഏറെ ചരിത്ര പ്രാധാന്യമുള്ളതും, മുണ്ടേരി ഗ്രാമപഞ്ചായത്തിലുടെയും ഏറെ ഭാഗം കണ്ണൂർ നഗരസഭയിലൂടെയും ഒഴുകുന്ന ഈ പുഴ നഗരവൽക്കരണം സൃഷ്ടിച്ച എല്ലാ പ്രശ്നങ്ങളും



അഭിമുഖീകരിച്ചിരുന്നു. പല സ്ഥലങ്ങളിലും പുഴ ഒഴുക്ക് നിലച്ച് വറ്റിവരണ്ട നിലയിലായിരുന്നു. മാലിന്യവാഹിയായി മാറിയ ഈ പുഴയുടെ ഓരങ്ങളിലെ വയലുകളിൽ കൃഷി പൂർണമായും ഇല്ലാതായ അവസ്ഥയിലുമായിരുന്നു. ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ ജില്ലയിൽ ആരംഭിച്ച കാലത്ത് കണ്ണൂർ മണ്ഡലത്തിലെ പ്രധാന ചർച്ചകളിൽ ഒന്നായിരുന്നു കാനാമ്പുഴയുടെ പരിതാപകരമായ അവസ്ഥ.



"കണ്ണൂർ കാലത്തിനൊപ്പം" എന്ന പേരിൽ 2016 ഡിസംബർ 7 ന് നടന്ന കണ്ണൂർ മണ്ഡലം വികസന സെമിനാറിൽ കാനാമ്പുഴയുടെ അന്നത്തെ അവസ്ഥയും പുഴയുടെ പുനരുജ്ജീവന സാധ്യതകളും ചർച്ച ചെയ്തു. ഹരിതകേരളം മിഷൻ ഇടപെടലുകളെ തുടർന്ന് പുഴ പുനരുജ്ജീവനത്തിനായി പരിപാടി തയ്യാറാക്കുകയും കാനാമ്പുഴ അതിജീവന സമിതി രൂപീകരിക്കുകയും ചെയ്തു.

## ജനകീയ പ്രവർത്തനങ്ങൾ

ഒമ്പത് സ്ഥലങ്ങളിൽ ഒരേ ദിവസം പ്രാദേശിക യോഗങ്ങൾ നടത്തിക്കൊണ്ടാണ് ഈ ജനകീയ പ്രവർത്തനങ്ങൾ ആരംഭിച്ചത്. തുടർന്ന് നടന്ന എല്ലാ പ്രവർത്തനങ്ങളിലും കാനാമ്പുഴ അതിജീവന സമിതിയുടെ നേതൃത്വത്തിൽ ഈ പ്രാദേശിക സമിതികളുടെ പങ്കാളിത്തം ഉണ്ടായിരുന്നു. കാനാമ്പുഴയെ അറിയാൻ 2017 മെയ് ഏഴിന് കണ്ടേമ്പത്ത് നിന്നും ആദികടലായി വരെ ആയിരങ്ങൾ പങ്കെടുത്ത "പുഴയെ അറിയാൻ" - ജനകീയ പഠന പരിപാടി - ഏറെ ശ്രദ്ധേയമായിരുന്നു. തുടർന്ന് 2017 മെയ് 14ന് 5200 വളണ്ടിയർമാർ പങ്കെടുത്ത ജനകീയ ശുചീകരണ പരിപാടി സംഘടിപ്പിച്ചു.

2017 ജൂൺ അഞ്ചിന് പരിസ്ഥിതി ദിനത്തിൽ നദീതീരത്ത് 5343 വൃക്ഷ തൈകൾ നട്ടു പിടിപ്പിച്ചു. മന്ത്രിമാർ, ജനപ്രതിനിധികൾ, വിവിധ സംഘടനകൾ, നാട്ടുകാർ മുതൽ കുട്ടികൾ വരെ പത്തു കിലോമീറ്റർ ദൂരത്തിൽ നടന്ന ഈ മഹായജ്ഞത്തിൽ പങ്കാളികളായി. DPR തയ്യാറാക്കാൻ ജില്ലയിലെ എൻജിനീയറിങ്ങ് കോളേജ്, പോളിടെക്നിക് എന്നീ സാങ്കേതിക സ്ഥാപനങ്ങൾ മുൻകൈയെടുത്തു. 155 വിദഗ്ധരുൾപ്പെടെ പങ്കെടുത്ത് നീർത്തട നടത്തം സംഘടിപ്പിച്ചു.

ഹരിതകേരളം മിഷൻ സംസ്ഥാന ആസ്ഥാനത്ത് DPR അവതരണ ശില്പശാല സംഘടിപ്പിച്ചു. അന്നത്തെ നിയമസഭാ സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തു. കാനാമ്പുഴ അതിജീവന സപ്ലിമെന്റ് പ്രകാശനം - ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവ്വഹിച്ചു. 2017 മെയ് 7 ന് അയ്യപ്പൻമല മുതൽ 10 കി.മീ. ദൂരത്തിൽ കുറുവ അഴിമുഖം വരെ ആയിരത്തിലേറെ ആളുകളുടെ പങ്കാളിത്തോടെ പുഴയറിയാൻ പദയാത്ര നടത്തി.



2017 മെയ് 14 ന് ബഹുജന പങ്കാളിത്തത്തോട് കൂടി ജനകീയ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. പ്രസ്തുത പരിപാടി അന്നത്തെ ധനകാര്യ വകുപ്പു മന്ത്രി ഡോ.ടി.എം.തോമസ് ഐസക് ഉദ്ഘാടനം ചെയ്തു. തുടർന്ന് ജൂൺ 5 ന് അയ്യായിരത്തിലേറെ വൃക്ഷത്തൈകൾ പ്രദേശങ്ങളിൽ നട്ടു കൊണ്ട് ലോക പരിസ്ഥിതി ദിനം ജനകീയമാക്കി ആഘോഷിച്ചു. 2023 ജൂൺ 4 ന് പുഴയറിയാൻ പുഴ നടത്തവും സംഘടിപ്പിച്ചു.

### കാനാമ്പുഴ പുനരുജ്ജീവനത്തിന് മാസ്റ്റർ പ്ലാൻ :

കാനാമ്പുഴയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 2017 ജൂലൈ 10ന് പുഴ പഠന സംഗമവും, ആഗസ്റ്റ് 17 ന് വിദഗ്ധരുടെ കൂടിച്ചേരലും നടത്തി നിർദ്ദേശങ്ങൾ തയ്യാറാക്കി. കർഷകർ, വിദഗ്ധർ, ജനപ്രതിനിധികൾ, വിവിധ വകുപ്പതല ഉദ്യോഗസ്ഥർ തുടങ്ങി 324 പേരുടെ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. വിശദമായ ചർച്ചകളുടേയും, ഫീൽഡ് സന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ 73.75 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി. നരങ്ങലാട്ട്, കൂടത്തുംതാഴെ, തയ്യിൽ, കാനാമ്പുഴ എന്നീ നീർത്തടങ്ങളുടെ വികസനം ലക്ഷ്യമാക്കി തയ്യാറാക്കിയ മാസ്റ്റർപ്ലാൻ നിർവഹണത്തിനായി നീർത്തട സമിതികളും, സൂക്ഷ്മ നീർത്തട സമിതികളും രൂപീകരിച്ചു. ഈ നീർത്തട സമിതികളുടെ നേതൃത്വത്തിൽ 10 കുളങ്ങൾ ജനകീയമായി പുനരുജ്ജീവിപ്പിച്ചു. കാനാമ്പുഴയിൽ നീരൊഴുക്ക് സാധ്യമായതോടെ സമീപപ്രദേശങ്ങളിൽ വെള്ളപ്പൊക്കമൊഴിഞ്ഞു. നാല് കിലോ മീറ്റർ നീളത്തിൽ കൃഷി വകുപ്പിന്റെ സഹായത്തോടെ പച്ചക്കറി തോട്ടങ്ങൾ നട്ടു വിളവെടുത്ത് തുടങ്ങിയതോടെ കാനാമ്പുഴ പുനരുജ്ജീവനത്തിന്റെ ഫലം ജനങ്ങൾ കണ്ടറിഞ്ഞു. തുടർന്ന് തരിശ്ശിടങ്ങളിൽ നെൽകൃഷി ആരംഭിച്ചു.

### പുനരുജ്ജീവന പ്രവൃത്തികൾ

ഹരിതകേരളം ശീർഷകത്തിൽ ജലസേചന വകുപ്പിന് അനുവദിച്ച 4.40 കോടി രൂപ, ബഹു. പുരാവസ്തു വകുപ്പ് മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 2 കോടി രൂപ, എന്നിവ ഉപയോഗിച്ച് പുഴയിലെ ചെളിയും മാലിന്യങ്ങളും നീക്കംചെയ്യൽ, പാർശ്വഭിത്തികളുടെ നിർമ്മാണം, പുഴയോരത്ത് ബണ്ട്, നടപ്പാത, കയർ ഭൂവസ്ത്രം, നടപ്പാതയിൽ സൗര വിളക്കുകൾ സ്ഥാപിക്കാൻ തുടങ്ങിയവ പൂർത്തീകരിച്ചു. സൗന്ദര്യവൽക്കരണ പ്രവൃത്തികളും പൂർത്തീകരിച്ചു.



പുഴയിലേക്കുള്ള നീരൊഴുക്ക് വർധിപ്പിക്കുന്നതിന് നബാർഡ് സഹായത്തോടെ മണ്ണ് സംരക്ഷണ പ്രവൃത്തികളും ഏറ്റെടുത്തു. നിലവിൽ 168 ഏക്കർ സ്ഥലത്ത് രണ്ടുവിളകളിലായി നെൽ കൃഷി, പച്ചക്കറി കൃഷി എന്നിവ സജീവമായി പുരോഗമിക്കുന്നു. കുടുംബശ്രീയുടെ നേതൃത്വത്തിൽ കാനാമ്പുഴയോരം കഫേ ആരംഭിച്ചു. കർഷകരുടെ നേതൃത്വത്തിൽ കാർഷിക ഉല്പന്നങ്ങളുടെ വിപണന ചന്തകളും ഇവിടെ നടന്നുവരുന്നു. 2024 ഡിസംബർ 29 നാണ് പദ്ധതി നാടിന് സമർപ്പിച്ചത്. പുരാവസ്തു - രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയും കണ്ണൂർ മണ്ഡലം എം എൽ എയുമായ രാമചന്ദ്രൻ കടന്നപ്പള്ളിയാണ് പദ്ധതി നാടിന് സമർപ്പിച്ചത്.

## "ജലാഞ്ജലി"

കണ്ണൂർ ജില്ലയിലെ മലയോര ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന ബ്ലോക്ക് ആണ് പേരാവൂർ ബ്ലോക്ക് പഞ്ചായത്ത്. ചെറുതും വലുതും ആയ രണ്ടായിരത്തി ഇരുപത് നീർച്ചാലുകൾ ഉൾക്കൊള്ളുന്ന ഈ ഗ്രാമ പഞ്ചായത്തുകൾ കണ്ണൂർ ജില്ലയുടെ പരിസ്ഥിതി സന്തുലനാവസ്ഥയിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നവയാണ്. പശ്ചിമഘട്ട മലനിരകൾ ഉൾകൊള്ളുന്ന പേരാവൂർ ബ്ലോക്കിന്റെ പരിസ്ഥിതി ആവാസ വ്യവസ്ഥകളിൽ നിർണായക സ്വാധീനം ചെലുത്തുന്ന ഒന്നാണ് ബാവലിപ്പുഴ. കേരളത്തിലെ നദികളിൽ നീളം കൊണ്ട് 9 -ാം സ്ഥാനവും നദീപ്രവാഹത്തിൽ നാലാം സ്ഥാനവുമുള്ള വളപട്ടണം പുഴയുടെ പ്രധാന ശാഖകളിലൊന്ന് ബാവലിപ്പുഴയാണ്. കൊട്ടിയൂർ പഞ്ചായത്തിന്റെ മറുചെരിവായ വയനാട് വള്ളിത്തോടിൽ നിന്നുള്ള ഒരു കൈവഴി വരയാലിലൂടെ ഒഴുകി ചെകുത്താൻ തോട് എന്ന പേരിൽ കണ്ണൂർ ജില്ലയിലേക്ക് ഒഴുകിയെത്തുകയും അത് വാളാട് റോഡിലെ പടിഞ്ഞാറ് ഭാഗത്ത് കൂടി ഒഴുകിവരുന്ന ശ്രീലങ്കൻ തോടുമായി ചേർന്നാണ് ബാവലി പുഴയായി രൂപപ്പെടുന്നത്.

കർണ്ണാടക വനത്തിൽ നിന്ന് ഉദ്ഭവിക്കുന്ന ചീങ്കണ്ണിപ്പുഴയും അടക്കാത്തോട് വഴി ഒഴുകി കാളികയത്ത് എത്തി ബാവലിയുമായി ചേരുന്നു. പേര്യ ചുരത്തിൽ നിന്ന് ആരംഭിച്ച് തുണ്ടി വഴി ഒഴുകിയെത്തുന്ന കാഞ്ഞിരപ്പുഴ മുഴക്കുന്ന് -കണിച്ചാർ പഞ്ചായത്ത് അതിർത്തിയിൽ വച്ച് ഇതേ ബാവലി പുഴയിൽ ചേരുന്നു.ഇങ്ങനെ വിശാലമായ നീരൊഴുക്കുകളെ പുഴയായി മാറ്റുന്ന ബാവലിപ്പുഴ പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കൊട്ടിയൂർ, കേളകം, കണിച്ചാർ, മുഴക്കുന്ന് എന്നീ നാല് പഞ്ചായത്തുകളിലൂടെ പൂർണ്ണമായും ഒഴുകുന്നു. ബാവലിയിലേക്ക് ഒഴുകി എത്തുന്ന പ്രധാന കൈവഴിപുഴയായ കാഞ്ഞിരപ്പുഴ, പേരാവൂരിലൂടേയും അല്പ ഭാഗം കോളയാടിലൂടേയും ഒഴുകുക

വഴി ബാവലിപുഴ , കണ്ണൂർ ജില്ലയുടെ വിശിഷ്യാ പേരാവൂർ ബ്ലോക്കിൻറെ ജല വിഭവത്തിലും ആവാസ വ്യവസ്ഥയിലും നിർണ്ണായക സ്വാധീനം ചെലുത്തുന്നു.

2020ൽ പ്രദേശത്തെ DYFI എന്ന യുവജന പ്രസ്ഥാനം ഹരിതകേരളം മിഷനുമായും തദ്ദേശ സ്ഥാപനങ്ങളുമായും സഹകരിച്ച് ജനകീയ ക്യാമ്പെയിനായി "ഗ്രീൻ മലയോര മിഷൻ" എന്ന പേരിൽ ബാവലിപ്പുഴയുടെ ശുചീകരണം നടത്തിയിരുന്നു. പ്രദേശത്തെ 3500 പേർ ഒറ്റ ദിവസം ശുചീകരണത്തിനിറങ്ങുകയും ഇതിലൂടെ 18 ലോഡ് മാലിന്യം നീക്കം ചെയ്യുകയുമുണ്ടായി. ഈ പ്രവൃത്തി സർക്കാരിന്റെ ശ്രദ്ധ ആകർഷിക്കുകയും പ്രദേശത്തെ തോടുകളുടെയും പുഴകളുടെയും ശുചീകരണത്തിന് ഈ മാതൃക അവലംബിച്ച് പദ്ധതി തയ്യാറാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതേ തുടർന്ന് പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പുഴയുടെ സംരക്ഷണത്തിനായി "എന്റെ ബാവലി" എന്ന പേരിൽ 2021 ൽ ഏറ്റെടുക്കുക്കാൻ തീരുമാനിച്ചു. ബ്ലോക്ക് പരിധിയിലെ കോളയാട്, മാലൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത പദ്ധതി വികസിപ്പിക്കുകയും "ജലാഞ്ജലി" എന്ന പേര് പദ്ധതിക്ക് നൽകുകയും ചെയ്തു. പദ്ധതിയുടെ ഭാഗമായി ജനകീയ ഇടപെടലിലൂടെ ഒട്ടേറെ പ്രവർത്തനങ്ങൾ പേരാവൂർ ബ്ലോക്ക് പരിധിയിൽ സംഘടിപ്പിച്ചു.



### നേട്ടങ്ങൾ

- പേരാവൂർ ബ്ലോക്ക് പഞ്ചായത്തിലെ ജലലഭ്യത, ജല ആവശ്യകത, ജല മിച്ചം എന്നിവ സംബന്ധിച്ചു ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കോഴിക്കോട് സി ഡബ്ലിയു ഡി ആർ ഡി എം ന്റെ സഹായത്തോടെ ശാസ്ത്രീയ പഠന ഗവേഷണം നടത്തി ജല ബജറ്റ് തയ്യാറാക്കി. ബ്ലോക്ക് പരിധികൾ ഉൾപ്പെടുത്തി സംസ്ഥാനത്ത് തയ്യാറാക്കിയ ആദ്യ ജല ബജറ്റാണ് ഇത്.
- പുഴയോര ഗ്രാമ സഭകൾ, കുട്ടികൾക്ക് ജല സാക്ഷരത ക്യാമ്പയിൻ എന്നിവയും സംഘടിപ്പിച്ചു.
- "ജല ബാലോത്സവം" എന്ന പേരിൽ അഞ്ചാം തരം മുതൽ എട്ടാം തരം വരെ ഉള്ള കുട്ടികൾക്ക് ജലസംരക്ഷണ ബോധവൽക്കരണ ക്യാമ്പ് സംഘടിപ്പിച്ചു. ജല ബാലോത്സവം ഏഴു ഗ്രാമ പഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്തിലും നടത്തിയതിൽ എണ്ണായിരത്തിലധികം കുട്ടികളെ പങ്കെടുപ്പിക്കാൻ കഴിഞ്ഞു.

- നീർച്ചാലുകളുടെ പുരുദ്ധാരണത്തിന്റെ ഭാഗമായി 173655 മീറ്റർ നീളത്തിൽ നീർച്ചാലുകൾ പുരുജ്ജീവിപ്പിക്കാൻ സാധിച്ചു. ഇതിൽ ഗുണ്ടിക തോടിന്റെ പുരുദ്ധാരണം പ്രത്യേകം എടുത്തു പറയേണ്ടതാണ്. പേരാവൂർ ബ്ലോക്ക് പരിധിയിൽ വേനൽക്കാലത്തു അനുഭവപ്പെടുന്ന ജല ദൗർലഭ്യം നേരിടുന്നതിൽ ജലാഞ്ജലി നീരുറവ് പദ്ധതിയിൽ നിർമ്മിച്ച തടയണകൾ വളരെ ഫലപ്രദവും പൊതുജനങ്ങളിൽ മതിപ്പുളവാക്കിയിട്ടുള്ളതുമാണ്. 2022 മുതൽ 2025 വരെ 46000 മീറ്റർ നീളത്തിൽ തടയണകൾ നിർമ്മിച്ചു. ഇതിൽ 2023-24 വർഷം മാത്രം 5165 തടയണകൾ നിർമ്മിക്കുകയുണ്ടായി. പദ്ധതികളുടെ ഭാഗമായി നൂറ്റി നാൽപ്പതിയെട്ടു കിണറുകൾ റീചാർജ് ചെയ്യുകയുണ്ടായി.
- പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഏഴ് ഗ്രാമപഞ്ചായത്തുകളിലും ചുവടെ പറയുന്ന ഓരോ നീർച്ചാൽ ഏറ്റെടുത്തുകൊണ്ട് ആയതിന്റെ ക്യാച്ച്മെന്റ് ഏരിയ ഉൾപ്പെടെ സമഗ്ര ജല സംരക്ഷണ പുനരുജ്ജീവന ഉപജീവന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.

| പഞ്ചായത്ത് | ഏറ്റെടുത്ത നീർച്ചാൽ |
|---|---|
| കണിച്ചാർ | ആറ്റാംചേരി മുല്ലപ്പള്ളി തോട് |
| | കേളകം |
| | നിരപ്പത്ത്പടി പൂവത്തുംചോല തോട് |
| കോളയാട് | കൊളത്തായി ആലച്ചേരി തോട് |
| കൊട്ടിയൂർ | കോലാഞ്ചി തോട് |
| മാലൂർ | കാഞ്ഞിരവയൽ തോട് |
| മുഴക്കുന്ന് | ഗുണ്ണിക കടുക്കാപ്പാലം തോട് |
| പേരാവൂർ | വളയങ്ങാട് തോട് |

## നനവ് -പാനൂർ ബ്ലോക്ക്

വരൾച്ച പ്രതിരോധത്തിനും ഭൂജല സുരക്ഷയ്ക്കും കാർഷിക വിള വർദ്ധനവിനും ഉതകുന്ന വിധത്തിൽ ഹരിതകേരളം മിഷന്റെയും മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ പാനൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ നാല് പഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തിന്റെയും നേതൃത്വത്തിൽ നടപ്പിലാക്കിയ സമ്പൂർണ്ണ ജല സംരക്ഷണ പദ്ധതിയാണ് നനവ്. ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും കൃഷിയും ഉൽപാദന ക്ഷമതയും വർദ്ധിപ്പിക്കുകയാണ് ഈ മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യമിട്ടത്.



കാർഷിക മേഖലയ്ക്ക് പ്രാധാന്യമുള്ള ഈ ബ്ലോക്ക് പഞ്ചായത്തിൽ വ്യാപകമായി അനുഭവപ്പെട്ടു തുടങ്ങിയിരിക്കുന്ന ജലക്ഷാമവും ജലമലിനീകരണവും കൃഷിലെ പിന്നോട്ട് പോകും പരിഹരിക്കുന്നതിന് കുളങ്ങൾ, തോടുകൾ, കനാലുകൾ, കിണറുകൾ, മറ്റ് ജലസ്രോതസ്സുകൾ ഇവ നവീകരിക്കുക, ശുചീകരിക്കുക, നീരൊഴുക്ക് സുഗമമാക്കുക, ജലസംരക്ഷണത്തിനാവശ്യമായ തടയണകൾ നിർമ്മിക്കുക, 450 ഹെക്ടർ തരിശായി കിടക്കുന്ന പ്രദേശം കൃഷിക്കുയുക്തമാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ഇവയിൽ ഏറ്റെടുത്തത്.

## തോട് സഭയും ഇതിന്റെ നേട്ടങ്ങളും

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജലസംരക്ഷണവും ജലസുരക്ഷയും ഉറപ്പുവരുത്തുന്നതിനായി "നനവ്" ക്യാമ്പയിൻ ആരംഭിച്ച ഭാഗമായാണ് പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ ജില്ലയിൽ ആദ്യമായി തോട്സഭകൾ ആരംഭിച്ചത്.. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ജല സുരക്ഷയുമായി ബന്ധപ്പെട്ട് ശുചീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. തോടുകളും കുളങ്ങളും ജലാശയങ്ങളും സംരക്ഷിക്കുന്നതിന്റെ പഠന പ്രവർത്തനങ്ങളും ബോധവൽക്കരണവും തോടു സഭ ലക്ഷ്യമിടുന്നു. കുടിവെള്ള ലഭ്യത വർധിപ്പിക്കുന്നതിനും കൃഷിയെ പരിപോഷിപ്പിക്കുന്നതിനും വെള്ളത്തിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും തോടു സഭ സംഘടിപ്പിച്ചത്. ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ, തൊഴിലുറപ്പ് പ്രവർത്തകർ, കുടുംബശ്രീ, ഹരിത കർമ്മസേനാഗങ്ങൾ, നാട്ടുകാർ പൊതു പ്രവർത്തകർ തുടങ്ങിയവരാണ് തോടുസഭകളിൽ പങ്കെടുത്തത്.

## ഹരിത പദവിയിൽ വ്യത്യസ്തതയോടെ

### കണ്ണൂർ സിവിൽ സ്റ്റേഷൻ

ഹരിതകേരളം മിഷന്റെ നേതൃത്വത്തിലുള്ള ഹരിത വല്ക്കരണ ശുചിത്വവല്ക്കരണ പ്രവർത്തനങ്ങൾ ആദ്യം ഏറ്റെടുത്ത സിവിൽ സ്റ്റേഷനാണ് കണ്ണൂർ. സ്വകാര്യ സ്ഥാപനങ്ങളുടെ പിന്തുണയോടെ അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ സംവിധാനം ഏർപ്പെടുത്തുകയും കലക്ട്രേറ്റ് - കോമ്പൗണ്ടിനകത്ത് പ്ലാസ്റ്റിക്ക് ഉപയോഗത്തിൽ നിയന്ത്രണങ്ങൾ കൊണ്ടുവരികയും ചെയ്താണ് മാതൃകാ സിവിൽ സ്റ്റേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചത്.

തുടർന്ന് കളക്ട്രേറ്റിലേയും അനുബന്ധ കളക്ട്രേറ്റിലേയും മരങ്ങളുടെയും ചെടികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി, അതോടൊപ്പം ക്യു.ആർ. കോഡുള്ള ബോർഡുകൾ ചെടികളിൽ സ്ഥാപിച്ചു കൊണ്ടാണ് ഹരിതവല്ക്കരണ പ്രവർത്തനങ്ങൾ ഇവിടെ തുടങ്ങിയത്.

21/12/2024 ൽ സിവിൽ സ്റ്റേഷനിലെ 72 ഓഫീസുകളിൽ ശുചിത്വ സൗകര്യ കണക്കെടുപ്പ് നടത്തി. പ്രസ്തുത റിപ്പോർട്ട് ബഹു ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയായിരുന്നു .രണ്ടാം ഘട്ടമായി ചെയ്തത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിലാണ് ഈ പ്രവർത്തനം നടന്നത്. അതിൽ ശുചിത്വമിഷൻ, കളക്ട്രേറ്റ് സർജന്റ് എന്നിവരുടെ സഹായങ്ങളും ലഭിച്ചു .

ശുചിത്വ കണക്കെടുപ്പിൽ കണ്ടെത്തിയ പോരായ്മകൾ 17.02.2025 ബഹു ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജീവനക്കാരുടെ യോഗം വിളിച്ചു ചർച്ചചെയ്തു. ന്യൂനതകൾ പരിഹരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി. ഹരിതശുചിത്വ സിവിൽ സ്റ്റേഷൻ എന്ന ലക്ഷ്യത്തിനായി ജൈവ മാലിന്യങ്ങൾ സംസ്കരിക്കാനുള്ള തുമ്പൂർമുഴി മാതൃകാ ജൈവ മാലിന്യ സംസ്കരണ സംവിധാനം കണ്ണൂർ കോർപറേഷന്റെയും ജില്ലാ ശുചിത്വ മിഷന്റെയും സഹായത്തോടെ അനുബന്ധ സിവിൽ സ്റ്റേഷനിൽ ഒരുക്കി.

ഓഫീസുകളിൽ നിന്ന് അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ ഹരിതകർമ്മസേനയുമായി കരാർ ഉണ്ടാക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിക്കുകയും ചെയ്യുന്ന സാഹചര്യവും ഇവിടെ ഉണ്ടായി. കളക്ട്രേറ്റ് - അനുബന്ധ കളക്ട്രേറ്റ് ക്യാമ്പസിലെ ജൈവ മാലിന്യങ്ങൾ നിയന്ത്രിക്കാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.



ഈ പ്രവർത്തനങ്ങൾ കൂടി പൂർത്തിയായതോടെ 2025 മാർച്ച് 28 ന് കളക്ട്രേറ്റ് അങ്കണത്തിൽ ചേർന്ന ചടങ്ങിൽ വെച്ച് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, കണ്ണൂർ കളക്ട്രേറ്റ് - അനുബന്ധ കളക്ട്രേറ്റ് എന്നിവയെ ഹരിത സിവിൽ സ്റ്റേഷനായി പ്രഖ്യാപിച്ചു. സംസ്ഥാനത്ത് തന്നെ ആദ്യം ഹരിത സിവിൽ സ്റ്റേഷനായി മാറിയത് കണ്ണൂർ സിവിൽ സ്റ്റേഷനാണ് .

## കണ്ണപുരം - ആദ്യത്തെ ഹരിത റെയിൽവേ സ്റ്റേഷൻ

പൊതുഗതാഗത സംവിധാനങ്ങൾ പ്രത്യേകിച്ച് റെയിൽവേ സ്റ്റേഷനുകൾ, പലപ്പോഴും മാലിന്യങ്ങളുടെയും അസൗകര്യങ്ങളുടെയും പര്യായമായാണ് കണക്കാക്കപ്പെടാറുള്ളത്. എന്നാൽ, ആ ധാരണകളെ തിരുത്തിക്കുറിക്കുകയാണ് കണ്ണൂരിലെ കണ്ണപുരം റെയിൽവേ സ്റ്റേഷൻ സംസ്ഥാനത്തെ ആദ്യത്തെ 'ഹരിത റെയിൽവേ സ്റ്റേഷൻ' എന്ന ബഹുമതി സ്വന്തമാക്കിയിരിക്കുകയാണ് റെയിൽവേ സ്റ്റേഷൻ

'മാലിന്യമുക്തം നവകേരളം' എന്ന ജനകീയ ക്യാമ്പയിന്റെ ഭാഗമായി സർക്കാർ മുന്നോട്ടുവെച്ച ആശയങ്ങളെ പ്രായോഗികമായി നടപ്പിലാക്കിയതിന്റെ ഉത്തമ ഉദാഹരണമാണ് ഈ നേട്ടം. 2025 മാർച്ച് 22 ന് കണ്ണൂർ ജില്ലാ കളക്ടർ ശ്രീ. അരുൺ കെ.വിജയൻ ഔദ്യോഗിക പ്രഖ്യാപനം നടത്തി.

മാലിന്യ സംസ്കരണത്തിൽ കൃത്യമായ ആസൂത്രണമാണ് സ്റ്റേഷന്റെ വിജയരഹസ്യം. ജൈവ-അജൈവ മാലിന്യങ്ങളെ വേർതിരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്:

ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി 'റിംഗ് കമ്പോസ്റ്റ്' സംവിധാനങ്ങൾ ഏർപ്പെടുത്തി. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിക്കാനും സൂക്ഷിക്കാനും പ്രത്യേക മുറി തന്നെ തയ്യാറാക്കി. യാത്രക്കാർ ഉപയോഗിച്ച ശേഷം വലിച്ചെറിയുന്ന കുപ്പികൾ ശേഖരിക്കാൻ പ്രത്യേക 'ബോട്ടിൽ ബൂത്തുകളും പ്ലാസ്റ്റിക്കും മറ്റു മാലിന്യങ്ങളും അലക്ഷ്യമായി വലിച്ചെറിയാതിരിക്കാൻ സ്റ്റേഷന്റെ പല ഭാഗങ്ങളിലായി ബിന്നുകളും സ്ഥാപിച്ചിട്ടുണ്ട്.

വെറും മാലിന്യ സംസ്കരണം മാത്രമല്ല, സ്റ്റേഷന്റെ സൗന്ദര്യവൽക്കരണവും അധികൃതർ ഉറപ്പാക്കി. ലഭ്യമായ സ്ഥലങ്ങളിലെല്ലാം ചെറിയ പൂന്തോട്ടങ്ങളും ചെടിച്ചട്ടികളും വെച്ച് സ്റ്റേഷനെ മനോഹരമാക്കി. ശുചിമുറികൾ എപ്പോഴും വൃത്തിയായി സൂക്ഷിക്കുന്നുവെന്ന് ഉറപ്പാക്കാനും ദിവസേനയുള്ള ശുചീകരണത്തിന്നും തൊഴിലാളികളെയും നിയോഗിച്ചിട്ടുണ്ട്.

'അനുകരണീയ മാതൃക' എന്ന് വിശേഷിപ്പിക്കാവുന്ന കണ്ണപുരം റെയിൽവേ സ്റ്റേഷൻ, യാത്രക്കാർക്ക് നൽകുന്നത് ശുചിത്വത്തിന്റെയും പ്രകൃതിസ്നേഹത്തിന്റെയും പുതിയൊരു അനുഭവമാണ്. വരുംകാലങ്ങളിൽ കേരളത്തിലെ മറ്റ് സ്റ്റേഷനുകൾക്കും ഇതൊരു വഴികാട്ടിയാകുമെന്നതിൽ സംശയമില്ല.

## മൂന്നുപെരിയ - ഇച്ഛാശക്തിയുടെ വിജയം

ഒരു നാടിന്റെ മുഖച്ഛായ മാറ്റാൻ വലിയ പദ്ധതികളേക്കാൾ ആവശ്യം ആ നാടിന്റെ ഇച്ഛാശക്തിയാണെന്ന് തെളിയിക്കുകയാണ് ജില്ലയിലെ മൂന്നുപെരിയ. ധർമ്മടം നിയോജക മണ്ഡലത്തിൽ, പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഈ ചെറുപട്ടണം ഇന്ന് കേരളത്തിന് തന്നെ മാതൃകയാണ്. മഹാനായ എ.കെ.ജിയുടെ ജന്മനാട് എന്ന ചരിത്രപ്രാധാന്യമുള്ള ഈ പ്രദേശം, ഇന്ന് അറിയപ്പെടുന്നത് ശുചിത്വത്തിന്റെയും സൗന്ദര്യവൽക്കരണത്തിന്റെയും പേരിൽ കൂടിയാണ്.

കേരള സർക്കാരിന്റെ 'ചെറുപട്ടണങ്ങൾ സൗന്ദര്യവൽക്കരിക്കുന്ന പദ്ധതി'യിൽ ഉൾപ്പെടുത്തിയാണ് മൂന്നുപെരിയയുടെ നവീകരണം ആരംഭിക്കുന്നത്. കണ്ണൂർ-കൂത്തുപറമ്പ് സംസ്ഥാന പാതയോരത്തെ ഈ പ്രദേശം ഇന്ന് ആരെയും ആകർഷിക്കുന്ന വിധത്തിൽ മനോഹരമാണ്. റോഡിന് ഇരുവശവും ഓവുചാലുകൾ, സുഗമമായ നടപ്പാതകൾ, നടപ്പാതകൾക്ക് ഇരുവശവും കൈവരികൾ, അലങ്കാര വിളക്കുകൾ എന്നിവ നഗരത്തിന് ആധുനിക ഛായ നൽകി.

വെറും നിർമ്മാണങ്ങൾക്കപ്പുറം പ്രകൃതിയുമായി ഇഴചേർന്ന സൗന്ദര്യവൽക്കരണമാണ് ഇവിടെ നടന്നത്. കൈവരികളിൽ 200-ലധികം പൂച്ചെട്ടികൾ സ്ഥാപിച്ചു. പഴയ പൊതു കിണർ ശുചീകരിച്ച്, പൂക്കൊട്ടയുടെ ആകൃതിയിൽ മനോഹരമായ ആൾമറ നിർമ്മിച്ചു. പക്ഷേ ഇത്തരം നിർമ്മാണങ്ങളേക്കാൾ മൂന്നു പെരിയ മാതൃകയാവുന്നത് സുസ്ഥിര ജന പങ്കാളിത്തത്തിലൂടെയാണ്.

മൂന്നുപെരിയ മാതൃകയുടെ നട്ടെല്ല് ജനകീയ പങ്കാളിത്തമാണ്. പെരളശ്ശേരി ഗ്രാമപഞ്ചായത്ത്, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ എന്നിവർക്കൊപ്പം എ.കെ.ജി വായനശാലാ പ്രവർത്തകരും വ്യാപാരികളും പൊതുജനങ്ങളും കൈകോർത്തു. ഒരു ദിവസമായി ഒതുങ്ങി നിൽക്കാതെ തുടർച്ചയായി എ കെ ജി വായനശാലയുടെയും, വ്യാപാര സംഘടനയുടെയും നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ശുചിത്വ വളണ്ടിയർമാരാണ് ഈ വിജയത്തിന്റെ കാവൽ ഭടന്മാർ.






ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേന വഴി എം.സി.എഫിൽ എത്തിക്കുന്നു. മാലിന്യം വലിച്ചെറിയേണ്ടതല്ലെന്ന സന്ദേശം ജനങ്ങളിൽ എത്തിക്കാൻ ഈയൊരു നഗരത്തിന് നന്നായി സാധിക്കുന്നു.

ഇതിനെല്ലാം പുറമെ മൂന്നുപെരിയയിലൊരു ബസ് കാത്തിരിപ്പ് കേന്ദ്രം ഉണ്ട്. ഒരു ബസ് കാത്തിരിപ്പ് കേന്ദ്രം എങ്ങനെ ജനസൗഹൃദമാക്കാം എന്നതിന് ഉത്തരം കൂടിയാണ് മൂന്നുപെരിയ. പാട്ട് കേൾക്കാൻ റേഡിയോ, വായിക്കാൻ പത്രങ്ങളും മാസികകളും അടങ്ങിയ മിനി ലൈബ്രറി, ഫസ്റ്റ് എയ്ഡ് ബോക്സ്, ഫയർ എക്സ്റ്റിംഗ്യൂഷർ, അപകട ഇൻഷുറൻസ് പരിരക്ഷയുള്ള വളണ്ടിയർമാർ, ദാഹമകറ്റാൻ ചൂടുവെള്ളം (വാട്ടർ പ്യൂരിഫയർ), ക്ലോക്ക്, അക്വേറിയം, സെൽഫി പോയിന്റ് ഇങ്ങനെ പലതും.

ഞായറാഴ്ചകളിലും അവധി ദിവസങ്ങളിലും വനിതകളും ശുചീകരണത്തിന് നേതൃത്വം നൽകാൻ എത്തും. ശുചീകരണ തൊഴിലിൽ ഏർപ്പെടുന്നവർക്ക് ചായയും ലഘുഭക്ഷണവും നാട്ടുകാർ നൽകും. മത്സ്യ വിപണന കേന്ദ്രത്തിൽ തുണിസഞ്ചി വിതരണം തുടങ്ങിയവ ഈ മാതൃകയുടെ കരുതൽ മുഖമാണ്. സ്പോൺസർഷിപ്പിലൂടെയാണ് പല ഉപകരണങ്ങളും കണ്ടെത്തിയത് എന്നത് കൂട്ടായ്മയുടെ വിജയത്തെ സൂചിപ്പിക്കുന്നു.

വികസനം എന്നാൽ നിർമ്മാണം മാത്രമല്ല, പരിപാലനം കൂടിയാണെന്ന് മൂന്നുപെരിയ ഓർമ്മിപ്പിക്കുന്നു. കോട്ടം, വെള്ളച്ചാൽ, കീഴറ, പാനുണ്ട, എച്ചൂർ, പാച്ചപൊയ്ക തുടങ്ങിയ മറ്റ് ടൗണുകളിലേക്കും ഈ മാതൃക വ്യാപിച്ചുകഴിഞ്ഞു. തദ്ദേശസ്വയംഭരണ വകുപ്പ് സംസ്ഥാനത്തുടനീളം നടപ്പിലാക്കാൻ നിർദ്ദേശിച്ച ഈ 'മൂന്നുപെരിയ മാതൃക', സുസ്ഥിര വികസനം ജനപങ്കാളിത്തത്തിലൂടെ എങ്ങനെ സാധ്യമാക്കാം എന്നതിന്റെ ഉജ്ജ്വല ഉദാഹരണമാണ്.



## മുല്ലക്കൊടി മാതൃക - കുരുന്നുകൾ വീണ്ടെടുത്ത 32,360 ബസ് ടിക്കറ്റുകൾ

വലുപ്പത്തിൽ ചെറുതാണെങ്കിലും പ്രകൃതിക്ക് വലിയ നഷ്ടം വരുത്തുന്നവയാണ് ഒറ്റത്തവണ ഉപയോഗത്തിന് ശേഷം നാം അലക്ഷ്യമായി വലിച്ചെറിയുന്ന ബസ് ടിക്കറ്റുകൾ. എന്നാൽ, ഈ ചെറിയ തുണ്ട് കടലാസുകൾ വലിയൊരു പാരിസ്ഥിതിക പ്രശ്നമാണെന്ന് തിരിച്ചറിയുകയും, അതിനെതിരെ മാതൃകാപരമായ പ്രവർത്തനം കാഴ്ചവെക്കുകയും ചെയ്തിരിക്കുകയാണ് കണ്ണൂർ മയ്യിൽ ഗ്രാമപഞ്ചായത്തിലെ മുല്ലക്കൊടി യു.പി. സ്കൂളിലെ വിദ്യാർത്ഥികൾ. സംസ്ഥാനത്ത് തന്നെ ആദ്യമായി ബസ് ടിക്കറ്റുകൾ ശേഖരിച്ച് സംസ്കരണത്തിന് നൽകിയ സ്കൂൾ എന്ന ഖ്യാതി ഇവർ സ്വന്തമാക്കി.

2024 ഒക്ടോബർ മാസത്തിൽ സ്കൂളിൽ നടന്ന ഒരു ചടങ്ങിലാണ് ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ബസ് ടിക്കറ്റ് ശേഖരണം എന്ന നൂതനമായ ആശയം കുട്ടികളുമായി പങ്കുവെച്ചത്. യാത്ര കഴിഞ്ഞാൽ വലിച്ചെറിയപ്പെടുന്ന ടിക്കറ്റുകൾ എങ്ങനെ ശേഖരിക്കാമെന്നും സംസ്കരിക്കാമെന്നും ഉള്ള ചിന്ത കുട്ടികളിൽ ആവേശം നിറച്ചു. തുടർന്നുള്ള അഞ്ച് മാസക്കാലം മുല്ലക്കൊടി എ.യു.പി സ്കൂളിലെ വിദ്യാർത്ഥികളുടെ പ്രധാന ദൗത്യം ഈ ടിക്കറ്റ് വേട്ടയായിരുന്നു.

ഈ അഞ്ച് മാസക്കാലം മുല്ലക്കൊടിയിലെ കുട്ടികൾക്ക് ബസ് ടിക്കറ്റ് വെറുമൊരു യാത്രാരേഖയായിരുന്നില്ല, മറിച്ച് പ്രകൃതിയെ രക്ഷിക്കാനുള്ള ആയുധമായിരുന്നു. സ്കൂളിലേക്കും തിരിച്ചുമുള്ള യാത്രകളിൽ തങ്ങൾക്ക് ലഭിക്കുന്ന ടിക്കറ്റുകൾക്ക് പുറമേ, സഹയാത്രികരായ മുതിർന്നവരോടും അധ്യാപകരോടും രക്ഷിതാക്കളോടും ചോദിച്ച് അവർ ടിക്കറ്റുകൾ ശേഖരിച്ചു. ബസ്സിലെ അപരിചിതരായ യാത്രക്കാരുടെ മുന്നിൽ കൈനീട്ടി ടിക്കറ്റ് ചോദിച്ചുവാങ്ങുന്ന കുട്ടികൾ നാടിനൊരു കൗതുകക്കാഴ്ചയായി മാറി.

കുട്ടികളുടെ അശ്രാന്ത പരിശ്രമത്തിനൊടുവിൽ ശേഖരിച്ചത് 32,360 ബസ് ടിക്കറ്റുകളാണ്. 2025 മാർച്ച് 17 തിങ്കളാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് സ്കൂളിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ വെച്ച് ഈ ടിക്കറ്റുകൾ സംസ്കരണ ഏജൻസിക്ക് കൈമാറാനായി ഹരിതകേരളം മിഷനെ ഏൽപ്പിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എം.വി. അജിത ടിക്കറ്റുകൾ ഏറ്റുവാങ്ങി.

വാശിയേറിയ ടിക്കറ്റ് ശേഖരണത്തിൽ ക്ലാസുകൾ തമ്മിലുള്ള മത്സരവും നടന്നു.

8,274 ടിക്കറ്റുകൾ ശേഖരിച്ച അഞ്ചാം തരം 'എ' ഡിവിഷൻ ഒന്നാം സ്ഥാനവും 6,000 ടിക്കറ്റുകൾ ശേഖരിച്ച ആറാം തരം 'എ' ഡിവിഷൻ രണ്ടാം സ്ഥാനവും 4,974 ടിക്കറ്റുകൾ ശേഖരിച്ച ആറാം തരം 'ബി' ഡിവിഷൻ മൂന്നാം സ്ഥാനവും നേടി. മുതിർന്നവർ പലപ്പോഴും അവഗണിക്കുന്ന ചെറിയ കാര്യങ്ങൾ പോലും പ്രകൃതി സംരക്ഷണത്തിൽ എത്രത്തോളം പ്രധാനമാണെന്ന് മുല്ലക്കൊടിയിലെ




കൊച്ചു കൂട്ടുകാർ നമ്മെ ഓർമ്മിപ്പിക്കുന്നു.

## മാതൃകാ ഹരിത ടൂറിസം കേന്ദ്രങ്ങൾ

### എരുവേശ്ശി ഗ്രാമ പഞ്ചായത്ത് - ഏഴരക്കുണ്ട് വെള്ളച്ചാട്ടം

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് നേതൃത്വം കൊടുത്തു ഏഴരക്കുണ്ട് വെള്ളച്ചാട്ടത്തിനെ ഹരിത ടൂറിസം കേന്ദ്രമായി മാറ്റുന്നതിനു നടത്തിയ ഇടപെടൽ വൻ വിജയമായിരുന്നു. മാനേജ്മെന്റ് ഭാഗത്ത് നിന്നും വളരെ ക്രിയാത്മകവും സമയബന്ധിതവുമായി ഇടപെടൽ നടത്തിയതിന്റെ അടിസ്ഥാനത്തിൽ 2024 നവംബർ 24 ബഹു.ഇരിക്കൂർ എം.എൽ.എ. അഡ്വ. സജീവ് ജോസഫ് ഏഴരകുണ്ടിനെ ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു.

കണ്ണൂർ ജില്ലയിലെ മലയോര കുടിയേറ്റ കാർഷിക മേഖലയാണ് ഏരുവേശ്ശി ഗ്രാമപഞ്ചായത്ത്. വടക്ക് കിഴക്ക് അതിരുകളിൽ തലയുയർത്തി നിൽക്കുന്ന പശ്ചിമഘട്ട മലനിരകളും കിഴക്ക് അതിർത്തി പങ്കിടുന്ന കർണാടക സംസ്ഥാനവും തെക്കുപടിഞ്ഞാറ് അതിർത്തിയിൽ പയ്യാവൂർ ഗ്രാമ പഞ്ചായത്തും ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റിയും നടുവിൽ ഗ്രാമ പഞ്ചായത്തും ആണ്. എരുവേശ്ശി ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽപ്പെട്ട പൈതൽ മലയിൽ നിന്നും കർണാടക വനത്തിൽ നിന്നും ഉത്ഭവിക്കുന്ന രണ്ട് നീർച്ചാലുകൾ ഏഴരക്കുണ്ട് സംഗമിച്ച് ചെങ്കുത്തായ പാറക്കൂട്ടത്തിൽ കൂടിയൊഴുകി ഏഴരക്കുണ്ടിൽ പതിക്കുകയും ചെയ്യുന്നു. ഏഴ് വലിയ കുണ്ടും ഒരു അരക്കുണ്ടും ചേരുന്നതിന് ആണ് ഏഴരക്കുണ്ട് എന്ന പേര് ലഭിച്ചത് .പ്രകൃതി കനിഞ്ഞു നൽകിയ ഈ വെള്ളച്ചാട്ടത്തെ സാഹസിക ടൂറിസത്തിന് അനുയോജ്യമായതുകൊണ്ട് 2016ൽ ആരംഭിച്ച ഈ ടൂറിസം കേന്ദ്രം ഏറെ ജനശ്രദ്ധയാകാർഷിക്കുന്ന വ്യത്യസ്ത ആഴത്തിലും വലിപ്പത്തിലും പ്രകൃതിദത്തമായ വെള്ളച്ചാട്ടങ്ങൾ സ്ഫടിക രൂപത്തിൽ പതിക്കുന്നത് ആവേശകരമായ കാഴ്ചയാക്കുന്നു. പാറകളിൽ ചിതറിത്തെറിച്ച് നുരഞ്ഞു പതഞ്ഞ് ഒഴുകുന്നതാണ് ഏഴരക്കുണ്ട് വെള്ളച്ചാട്ടം. കണ്ണൂർ ടൗണിൽ നിന്നും ഏഴരക്കുണ്ട് വെള്ളച്ചാട്ടം സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് 55 കിലോമീറ്റർ ദൂരമുണ്ട്.

ജൈവമാലിന്യ സംസ്കരണത്തിന് ഇവിടെ മൂന്ന് റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ട്. അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനായി (പേപ്പർ, പ്ലാസ്റ്റിക് കവറുകൾ, പ്ലാസ്റ്റിക് ബോട്ടിലുകൾ)വ്യത്യസ്തതയിടങ്ങളിലായി

16 ബിന്നുകൾ സ്ഥാപിച്ചു. ദ്രവമാലിന്യ സംസ്കരണത്തിന് സോക് പിറ്റ് സ്ഥാപിച്ച് മലിനീകരണം ഒഴിവാക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വൃത്തിയുള്ളതും ആവശ്യത്തിന് വെള്ളം ലഭ്യമായതുമായ 6 ശുചി മുറികൾ സ്ഥാപിച്ചിട്ടുണ്ട് ദിവസവും രാവിലെയും വൈകുന്നേരവും ശുചിമുറി കഴുകി വൃത്തിയാക്കുന്നുണ്ട്. ടൂറിസം കേന്ദ്രവും പരിസരപ്രദേശവും വൃത്തിയാക്കുന്നതിന് രണ്ട് ക്ലീനിങ് സ്റ്റാഫ്, ചായ ഭക്ഷണം എന്നിവ പാചകം ചെയ്യാൻ ഒരാൾ 13 ലൈഫ് എന്നിങ്ങനെ 16 പേർ അവിടെ ജോലി ചെയ്യുന്നുണ്ട് എല്ലാവരും പ്രദേശവാസികൾ ആയതുകൊണ്ട് ടൂറിസം കേന്ദ്രം വൃത്തിയായി നിലനിർത്തുന്നതിന് ശ്രദ്ധ ചെലുത്തുന്നുണ്ട് അവർക്ക് ശുചീകരണം സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ് നൽകിയിട്ടുണ്ട്.

### വയലപ്രയിലെ ഹരിതകാവൽ: വയലപ്ര പാർക്ക്

പുഴയും കടലും ഒന്നായിച്ചേരുന്നിടത്ത്, പ്രകൃതി ഒരുക്കിയ ജൈവവൈവിധ്യത്തിന്റെ വിസ്മയലോകമാണ് വയലപ്ര പാർക്ക്. കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന 'വയലപ്ര പാർക്ക്' ഇത്തരമൊരു വീണ്ടെടുപ്പിന്റെയും കരുതലിന്റെയും കഥയാണ് പറയുന്നത്.

പഞ്ചായത്തിന്റെ അധീനതയിലുള്ള ആറ് ഏക്കറോളം വരുന്ന കായൽപ്പരപ്പിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. പുഴയും കടലും സംഗമിക്കുന്ന പ്രദേശമാണിത്.

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ചെറുതാഴം ഗ്രാമപഞ്ചായത്ത് നേതൃത്വം കൊടുത്തുകൊണ്ട് വയലപ്ര പാർക്കിനെ ഹരിത ടൂറിസം കേന്ദ്രമായി മാറ്റുന്നതിനുള്ള ഇടപെടൽ നടത്തുകയും മാനേജ്മെന്റ് ഭാഗത്ത് നിന്നും വളരെ ക്രിയാത്മകവും സമയബന്ധിതവുമായ ഇടപെടൽ നടത്തിയതിന്റെ അടിസ്ഥാനത്തിൽ വയലപ്ര പാർക്കിനെ ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു.

ജൈവമാലിന്യ സംസ്കരണത്തിനായി റിംഗ് കമ്പോസ്റ്റ്, അജൈവമാലിന്യം ശേഖരിക്കുന്നതിനായി വ്യത്യസ്തയിടങ്ങളിലായി ബിന്നുകൾ, ദ്രവമാലിന്യ സംസ്കരണത്തിന് സോക്പിറ്റ് എന്നീ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് 20 ഓളം ബോധവൽക്കരണ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. വൃത്തിയുള്ളതും ആവശ്യത്തിന് വെള്ളം ലഭ്യമായതുമായ 6 ശുചി മുറികൾ സ്ഥാപിച്ചിട്ടുണ്ട് ദിവസവും രാവിലെയും വൈകുന്നേരവും ശുചിമുറി കഴുകി വൃത്തിയാക്കുന്നുണ്ട്. ടൂറിസം കേന്ദ്രവും പരിസരപ്രദേശവും വൃത്തിയാക്കുന്നതിന് ക്ലീനിങ് സ്റ്റാഫിനെ നിയോഗിച്ചിട്ടുണ്ട്.

ഇന്ന്, കായൽപ്പരപ്പും അതിനു ചുറ്റുമുള്ള വളർന്നുവരുന്ന കണ്ടൽച്ചെടികളും ചേർന്ന് മനോഹരമായ ഒരു ദൃശ്യവിരുന്നാണ് സന്ദർശകർക്ക് സമ്മാനിക്കുന്നത്. ഇവിടെയെത്തുന്നവർക്ക് കണ്ടൽക്കാടുകളുടെ പ്രാധാന്യം വ്യക്തമാക്കുന്ന ബോധവൽക്കരണ ലഘുലേഖകൾ വിതരണം ചെയ്യുന്നുണ്ട്.

### പിണറായി ഗ്രാമത്തിന് ഹരിത തിലകക്കുറിയായി പാനുണ്ട

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിലെ പ്രകൃതി സുന്ദര ദേശങ്ങളിൽ ഒന്നാണ് പാനുണ്ട. പഞ്ചായത്തിലെ പത്താം വാർഡാണിത്. ഈ വാർഡിന്റെ ആറാം മൈൽ റോഡ് ഭാഗവും കണ്ണൂർ കൂത്തുപറമ്പ് റോഡിന്റെ ഭാഗവും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ് ധർമ്മടം മണ്ഡലം എം എൽ എ കൂടിയായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അനുവദിച്ച ആസ്തി വികസന ഫണ്ട് ഉൾപ്പെടെയുള്ള ഫണ്ടുകൾ സമാഹരിച്ച് റോഡ് മെക്കാർഡം നടത്തി ഉന്നത നിലവാരത്തിൽ എത്തിക്കുകയും ആയതിന്റെ ഇരു ഭാഗങ്ങളും പൂച്ചെടികൾ വെച്ച് പിടിപ്പിക്കുകയും ചെയ്തു. അതോടൊപ്പംപാനുണ്ട ബേസിക് യു.പി. സ്കൂളിന് സമീപത്തെ ഉപയോഗ ശൂന്യമായി മാലിന്യം നിറഞ്ഞ പൊതു കുളവും നവീകരിച്ച് മനോഹരമാക്കുകയും ചെയ്തു. എന്നാൽ താമസിയാതെ മനോഹരമായ റോഡും കുളവും മാലിന്യം നിറഞ്ഞ് വലിയ ചർച്ചാ വിഷയമായി. മാധ്യമങ്ങളിൽ വിമർശനങ്ങൾ ഏറെ നിറഞ്ഞു.

അത്തരമൊരു സാഹചര്യത്തിൽ കുളവും റോഡും ശുചിയായി സംരക്ഷിക്കണം എന്ന ചുമതല

ഏറ്റെടുക്കാൻ പ്രദേശത്തെ നാട്ടുകാരിൽ ചിലർ സ്ഥലത്തെ ഗ്രന്ഥശാലയുടെ നേതൃത്വത്തിൽ മുന്നിട്ടിറങ്ങി. ജിതീഷ് പാനുണ്ട,സുരേന്ദ്രൻ ,അംഗജൻ മാസ്റ്റർ തുടങ്ങിയവരായിരുന്നു നേതൃത്വം നല്കിയത്. ആദ്യനാളുകളിൽ വളരെ കുറച്ചു പേർ മാത്രമാണ് ഈ പ്രവൃത്തിയോട് സഹകരിച്ചിരുന്നുള്ളൂ രാവിലെ ആറ് മണി മുതൽ ടീം പ്രവർത്തനം നടത്തും.. ഇങ്ങിനെ ശുചീകരണ നടത്തുന്ന ടീം പ്രവർത്തനത്തിന് ഒരു പേര് കണ്ടെത്തി. **ക്ലീൻ പാനുണ്ട ഗ്രീൻ പാനുണ്ട** . മുഖ്യമന്ത്രിയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് റോഡ് മെക്കാഡം ടാറിങ് ചെയ്തപ്പോൾ റോഡിന്റെ ഇരു ഭാഗത്തും റോഡ് സൗന്ദര്യവല്ക്കരണ പ്രവൃത്തിയുടെ ഭാഗമായി ഹാൻഡ്റൈൽ ഘടിപ്പിച്ച് പൂച്ചെടികൾ ചെടിച്ചട്ടികളിൽ വെച്ച് പിടിപ്പിച്ചിരുന്നു. എന്നാൽ പദ്ധതിയിൽ ഉൾപ്പെടാത്തതിനാൽ ഹാൻഡ്റൈൽ ഇല്ലാത്ത ഭാഗങ്ങളിൽ ക്ലീൻ പാനുണ്ട ഗ്രീൻ പാനുണ്ട കൂട്ടായ്മയുടെ നേതൃത്വത്തിൽ തുക കണ്ടെത്തി ഹാൻഡ്റൈൽ ഘടിപ്പിച്ച് ചെടിച്ചട്ടികൾ വെച്ച് പിടിപ്പിച്ചു. പാനുണ്ടയിൽ നിലവിൽ റോഡിന്റെ ഇരു വശങ്ങളിലുമായി 600 ൽ പരം ചെടികൾ വെച്ച് പിടിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ ചെടികൾ വെച്ച് പിടിപ്പിക്കാനും സൗന്ദര്യ വത്കരണത്തിനും കുളത്തിന്റെ മെയിന്റനൻസിനും ആയി ക്ലീൻ പാനുണ്ട ഗ്രീൻ പാനുണ്ട കൂട്ടായ്മ 3,00,000 രൂപയോളം ചെലവഴിച്ചതായി കൂട്ടായ്മ പ്രവർത്തകർ പറയുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്കു ടീം തുക കണ്ടെത്തിയത് നടൻ കോഴി, കരിങ്കോഴി, തണ്ണീർ മത്തൻ, വാഴക്കുലകൾ, തുടങ്ങിയ നാട്ടുകാർ സംഭാവന ചെയ്ത ആസ്തികൾ പരസ്യമായി ലേലം ചെയ്തായിരുന്നു എന്നും ടീം പ്രവർത്തകർ ഓർക്കുന്നു . പ്രവർത്തനങ്ങൾ നാട്ടുകാരെ അറിയിക്കാൻ രൂപീകരിച് വാട്സാപ്പ് ഗ്രൂപ്പിലെ അംഗങ്ങളും പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിച്ചു. ക്ലീൻ പാനുണ്ട ഗ്രീൻ പാനുണ്ട പ്രവർത്തനങ്ങൾ പുതിയ പുതിയ ഭാവത്തിൽ നടന്നുവരികയാണ്.50 മീറ്റർ അകലത്തിൽ ഇലക്ട്രിക്ക് പോസ്റ്റുകളിൽ 25 ൽ പരം ഡസ്റ്റ് ബിന്നുകൾ സ്ഥാപിക്കുകയും ഹരിത കർമ്മ സേന അംഗങ്ങൾ പ്രസ്തുത ഡസ്റ്റ് ബിന്നുകളിലെ പാഴ്വസ്തുക്കൾ ശേഖരിക്കുന്ന ചുമതല ഏറ്റെടുക്കുകയും ചെയ്യുന്നു . റോഡ് ശുചീകരണ പ്രവർത്തത്തിൽ മാത്രമല്ല , കൂട്ടായ്മ സജീവമാകാറുള്ളത്. പാനുണ്ട, പൊട്ടൻപാറ, എരുവട്ടി, ഓലയിക്കര, എന്നീ ദേശങ്ങളെയെല്ലാം ഹരിത ഗ്രാമമാക്കുക എന്ന ഉദ്ദേശ്യത്തോടെയുള്ള പ്രവർത്തനങ്ങളും കൂട്ടായ്മ ഏറ്റെടുത്തു കഴിഞ്ഞു. ഇതിനായി പ്രദേശത്തെ വീടുകളിൽ 3 ഡസ്റ്റ് ബിന്നുകൾ വീതവും നല്കി. അതിൽ ഒന്നിൽ പ്ലാസ്റ്റിക് വേസ്റ്റുകളും രണ്ടാമത്തേതിൽ കുപ്പി ചില്ലുകൾ മൂന്നാമത്തെത്തിൽ ചെരുപ്പ് ലെതർ വേസ്റ്റുകളും നിക്ഷേപിക്കാൻ നിർദ്ദേശവും നല്കിയിട്ടുണ്ട്.



എല്ലാ ഞായറാഴ്ചയും പാനുണ്ട പ്രദേശത്തുള്ള രണ്ടു കിലോമീറ്റർ ദൂരത്തിൽ റോഡിന്റെ ഇരുവശവും, ബസ് ഷെൽറ്ററുകളും, കുളവും, ക്ലീൻ ചെയ്യുന്ന ജോലി ഒരു മുടക്കവും ഇല്ലാതെ നടന്നുവരുന്നു. കനത്ത മഴയത്തും തണുത്ത രാവിലെകളിലും എല്ലാം ക്ലീനിങ് പരിപാടി മുടങ്ങാതെ നടക്കുന്നുണ്ട്. രാവിലെ 6 മണിക്ക് തുടങ്ങുന്ന ശുചീകരണ പ്രവൃത്തി രാവിലെ 11 മണിവരെ നീളും. . 4 വയസ്സുള്ള കുട്ടി മുതൽ 85 വയസ്സുള്ള സരോജിനി ചേച്ചി വരെ ക്ലീനിങ് പ്രവൃത്തിയിൽ പങ്കെടുക്കുന്നുണ്ട്. ഓരോ ഞായറാഴ്ച കഴിയുന്തോറും ക്ലീനിങ് പ്രവൃത്തിയിൽ പങ്കെടുക്കുന്ന ആൾക്കാരുടെ എണ്ണം കൂടി വരികയാണ്. 45 ൽ പരം ആൾക്കാരാണ് പങ്കെടുക്കുന്നത്. അതിൽ 15 പേർ കുട്ടികളാണ്. എല്ലാ ഞായറാഴ്ചകളിലും ക്ലീനിങ് പ്രവർത്തിയിൽ പങ്കെടുക്കുന്ന കുട്ടികൾക്കും 70 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കും മാസത്തിൽ ഒരു ഞായറാഴ്ച ഇവരെ അനുമോദിക്കുകയും ചെറിയ ഉപഹാരങ്ങൾ നല്കുകയും ചെയ്യും. പാനുണ്ടയിലെ ഈ കൂട്ടായ്മയിലൂടെ പിണറായി ഗ്രാമം സുസ്ഥിര ഹരിത ശുചിത്വ ഗ്രാമമെന്ന പേര് അന്വർത്ഥമാക്കി കഴിഞ്ഞു.

### ഹരിത ടൂറിസത്തിന്റെ മാതൃക: അഴീക്കോട് ചാൽ ബീച്ച്

കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിൽ, പ്രകൃതിരമണീയതയാൽ അനുഗ്രഹീതമായ തീരപ്രദേശമാണ് ചാൽ ബീച്ച്. അറബിക്കടലിന്റെ തീരത്തായി ഏകദേശം 8 കിലോമീറ്ററോളം നീളത്തിൽ പരന്നുകിടക്കുന്ന ഈ പ്രദേശം അപകടരഹിതമായ കടലോരം എന്ന സവിശേഷതയാൽ സഞ്ചാരികൾക്ക് പ്രിയങ്കരമാണ്. നൈസർഗികമായ സൗന്ദര്യവും സുരക്ഷിതത്വവും ഒത്തുചേരുന്ന ചാൽ ബീച്ച് ഇന്ന് ഇന്ത്യയിലെ തന്നെ മികച്ച ഹരിത ടൂറിസം കേന്ദ്രങ്ങളിലൊന്നായി മാറിക്കഴിഞ്ഞു. മാലിന്യ സംസ്കരണത്തിലും ഹരിതവല്ക്കരണത്തിനും മികച്ച മാതൃകയാണ് ചാൽ ബീച്ച്.

ബീച്ചിന്റെ വികസന സാധ്യതകൾ ആദ്യം തിരിച്ചറിഞ്ഞത് അഴീക്കോട്ടെ യുവജനങ്ങളാണ്. അവരുടെ നിരന്തരമായ ഇടപെടലുകളും നിവേദനങ്ങളും അധികാരികളുടെ ശ്രദ്ധ ഈ തീരത്തേക്ക് തിരിച്ചുവിട്ടു. 2005-ൽ അന്നത്തെ എം.എൽ.എ ആയിരുന്ന ശ്രീ. ടി.കെ. ബാലന്റെ ഇച്ഛാശക്തിയാണ് ഈ പ്രദേശത്തെ ടൂറിസം ഡെസ്റ്റിനേഷനായി അംഗീകരിക്കുന്നതിന് വഴിതെളിച്ചത്. തുടർന്ന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ (DTPC) വഴി അടിസ്ഥാന സൗകര്യ വികസനത്തിന് തുടക്കമിടുകയും

ശ്രീ. ടി.കെ. ബാലന്റെ വിയോഗശേഷം, ശ്രീ. എം. പ്രകാശൻ മാസ്റ്റർ എം.എൽ.എ യുടെ



നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും 2006 ഫെബ്രുവരി 2-ന് ബീച്ച് പാർക്ക് നാടിനായി സമർപ്പിക്കുകയും ചെയ്തു. പിന്നീട് ഒരിടവേളയ്ക്ക് ശേഷം ശ്രീ. കെ. വി. സുമേഷ് എം.എൽ.എ യുടെ നേതൃത്വത്തിലാണ് ബീച്ചിന്റെ മുഖച്ഛായ മാറ്റിയ വികസന പ്രവർത്തനങ്ങൾ നടന്നത്. 'മാലിന്യമുക്തം നവകേരളം' ജനകീയ ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഇതിനെ ഒരു ഹരിത ടൂറിസം കേന്ദ്രമായി ഉയർത്തുകയും ചെയ്തു.

### അന്താരാഷ്ട്ര അംഗീകാരം: ബ്ലൂ ഫ്ലാഗ് സർട്ടിഫിക്കേഷൻ

ഡെൻമാർക്ക് ആസ്ഥാനമായുള്ള 'ഫൗണ്ടേഷൻ ഫോർ എൻവയോൺമെന്റൽ എഡ്യൂക്കേഷൻ' (FEE) നൽകുന്ന അന്താരാഷ്ട്ര അംഗീകാരമായ 'ബ്ലൂ ഫ്ലാഗ് സർട്ടിഫിക്കേഷൻ' 2025-ൽ ചാൽ ബീച്ചിന് ലഭിക്കുകയുണ്ടായി. ഇന്ത്യയിലെ ബ്ലൂ ഫ്ലാഗ് അംഗീകാരമുള്ള 13 ബീച്ചുകളിൽ ഒന്നായി ഇതോടെ ചാൽ ബീച്ച് മാറി. ഗുണനിലവാരം, സുരക്ഷ, പരിസ്ഥിതി വിദ്യാഭ്യാസം, പൊതു പരിസ്ഥിതി മാനേജ്മെന്റ് തുടങ്ങിയ കർശനമായ മാനദണ്ഡങ്ങൾ പാലിച്ചാണ് ഈ നേട്ടം കൈവരിച്ചത്.

അഴീക്കോട് പഞ്ചായത്തിലെ 16, 20, 23 വാർഡുകളിലായി വ്യാപിച്ചുകിടക്കുന്ന ഈ ടൂറിസം കേന്ദ്രത്തിനു ഏകദേശം 112 ഏക്കറോളം വിസ്തൃതിയാണുള്ളത് (45 ഹെക്ടർ) വരുന്നു. ഇതിൽ 50 ഏക്കറോളം സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായുള്ള മരക്കൂട്ടങ്ങളാണ്. നിലവിൽ ഡി.ടി.പി.സി


ബ്ലൂ ഫ്ലാഗ് പദവി ലഭിക്കുന്ന കേരളത്തിലെ രണ്ടാമത്തെ ബീച്ച്
ചാൽ ബീച്ച്
അന്താരാഷ്ട്ര ടൂറിസം ഭൂപടത്തിൽ

300 മീറ്റർ ബീച്ച് ഭാഗമാണ് പ്രധാനമായും ടൂറിസം ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്.

നൂറോളം അപൂർവ്വയിനം ഔഷധ സസ്യങ്ങളും ചിത്രശലഭങ്ങളെ ആകർഷിക്കുന്ന സസ്യങ്ങളും ഇവിടെ പരിപാലിക്കുന്നുണ്ട്. വംശനാശ ഭീഷണി നേരിടുന്ന കടലാമകളെ സംരക്ഷിക്കുന്നതിനും ബോധവൽക്കരണത്തിനുമായി പ്രത്യേക കേന്ദ്രം ഈ ബീച്ചിന്റെ പ്രത്യേകതയാണ്.

ഹരിതകേരളം മിഷനുമായി ചേർന്ന് നട്ടുവളർത്തിയ പച്ചത്തുരുത്ത് ബീച്ചിന്റെ ശ്വാസകോശമായി വർത്തിക്കുന്നു. വിശാലമായ പച്ചത്തുരുത്തിൽ കണ്ടൽ ചെടികൾ ഉൾപ്പെടെ വ്യത്യസ്ഥമായ നിരവധി ചെടികൾ വളരുന്നുണ്ട്. പ്രകൃതിരമണീയതയും ശാന്തതയും ശുചിത്വവും ഒത്തുചേരുന്ന അഴീക്കോട് ചാൽ ബീച്ച് സുസ്ഥിര ടൂറിസത്തിന്റെ ഉത്തമ മാതൃകയാണ്.

ജില്ലയിലെ ആദ്യ ഹരിത ടൂറിസ്സം കേന്ദ്രമായി പായം പഞ്ചായത്ത് പെരുമ്പറമ്പിലെ ഇരിട്ടി ഇക്കോ പാർക്കിനെ പ്രഖ്യാപിച്ചു

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി 2024ലെ ഗാന്ധി ജയന്തി ദിനത്തിൽ പായം ഗ്രാമപഞ്ചായത്തിലെ പെരുമ്പറമ്പിലുള്ള ഇരിട്ടി ഇക്കോപ്പാർക്ക് ഹരിത ടൂറിസ്സമായി പ്രഖ്യാപനം നടത്തി. ഹരിതകേരളം മിഷൻ ഹരിത ടൂറിസ്സ കേന്ദ്രങ്ങളായി തെരഞ്ഞെടുത്തവയിൽ ഹരിത ടൂറിസം കേന്ദ്രമായി ആദ്യ അംഗീകാരം നേടിയിട്ടുള്ള പാർക്കാണ് ഇത്. ഹരിത ടൂറിസം കേന്ദ്ര പ്രഖ്യാപനം

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ: ബിനോയ് കുര്യൻ നിർവ്വഹിച്ചു. വിനോദ സഞ്ചാര കേന്ദ്രങ്ങളും അവിടെയ്ക്കുള്ള വഴികളും ഹരിത പെരുമാറ്റ ചട്ടത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഹരിത ടൂറിസം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതിന്റെ ഭാഗമായി പായം പെരുമ്പറമ്പ് ഇക്കോ പാർക്കും തെരഞ്ഞെടുക്കപ്പെട്ടു. മാലിന്യ സംസ്കരണം, ശുദ്ധമായ കുടിവെള്ള ലഭ്യത, ജലസ്രോതസ്സുകളുടെ സംരക്ഷണം, ഊർജ്ജ സംരക്ഷണം, തുടങ്ങിയ വിവിധ ഘടകങ്ങൾ സംയോജിപ്പിച്ചു കൊണ്ടാണ് പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പ്രാദേശിക ജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് 74 ടൂറിസം കേന്ദ്രങ്ങളാണ് ഇത്തരത്തിൽ വികസിപ്പിച്ചിട്ടുള്ളത്. പുതുതായി തെരഞ്ഞെടുക്കപ്പെടുന്നവയും ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി പായം പഞ്ചായത്തിലെ പെരുമ്പറമ്പു ഇക്കോ പാർക്കും ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തിയതിന്റെ ഭാഗമായാണ് പാർക്കിനെ ഹരിത ടൂറിസ്സംകേന്ദ്രമായി അംഗീകരിച്ചിട്ടുള്ളത്..ഇത്തരം കേന്ദ്രങ്ങളിൽ അവസ്ഥ പഠനം, തദ്ദേശഭരണ സ്ഥാപനങ്ങളുമായുള്ള ചർച്ചകൾ, അവതരണം നടത്തൽ, സാധ്യതകൾ, പരിമിതികൾ. നിലവിലെ പ്രശ്നങ്ങൾ ,സ്ഥായിയായ പരിഹാരം നടപടികൾ തുടങ്ങിയ വിവിധ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്തിലും നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ അവസ്ഥാ പഠനവും രണ്ടാം ഘട്ടത്തിൽ സ്ഥാപനതല അവതരണം നടത്തി. കണ്ടെത്തിയ പോരായ്മകൾക്ക് പരിഹാരം കാണുകയും പാർക്കിനെ ഹരിത പ്രോട്ടോക്കോൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തു. അതിന്റെ ഭാഗമായി ഹരിത ടൂറിസ്സം കേന്ദ്രമായി തെരഞ്ഞെടുക്കുകയും ചെയ്തു. മാലിന്യമുക്തം നവ കേരളം ജനകീയ ക്യാമ്പയിന്റ ഭാഗമായി ഇരിട്ടി ബ്ലോക്കിലെ മാതൃകാ പദ്ധതിയായിട്ടാണ് പായം പഞ്ചായത്തിലെ ഇക്കോ പാർക്കിനെയാണ് തെരഞ്ഞെടുത്തിരുന്നത്.

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഹരിത ടൂറിസം കേന്ദ്രമാവുന്ന ഇരിട്ടി ഇക്കോ പാർക്കിന്റെ പ്രഖ്യാപന പരിപാടിയിൽ ജനപ്രതിനിധികൾ , ഗ്രാമ ഹരിത സമിതി ഭാരവാഹികൾ, സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ പ്രതിനിധികൾ, ഹരിത കർമ്മസേനാ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

പുതിയ ആക്ടിവിറ്റികൾ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, വിവര വിജ്ഞാന വ്യാപന



പ്രവർത്തനങ്ങൾ തുടങ്ങിയവ വിപുലീകരിച്ചു കൊണ്ട് ഹരിത ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്




തണലും തണുപ്പുമേറ്റ് വിശ്രമിക്കാൻ പുഴയോട് ചേർന്നൊരിടം. പെരുമ്പറമ്പിലെ ഇരിട്ടി ഇക്കോ പാർക്കിലേക്ക് സന്ദർശകരെ ആകർഷിക്കുന്നതും ഇതുതന്നെയാണ്. പായം ഗ്രാമപഞ്ചായത്ത്, പെരുമ്പറമ്പ് ഗ്രാമഹരിത സമിതി, കേരള വനം വന്യജീവി വകുപ്പ് എന്നിവ ചേർന്ന് ഒരുക്കിയ പാർക്ക് ഇപ്പോൾ കണ്ണൂരിന്റെ ടൂറിസം ഭൂപടത്തിൽ ഇടം നേടിക്കഴിഞ്ഞു. ഇരിട്ടി പുഴയോട് ചേർന്ന് നില്ക്കുന്ന പാർക്കിൽ മരങ്ങൾ നിലനിർത്തിയും .പുതിയ ചെടികൾ വെച്ചുപിടിപ്പിച്ചുമാണ് പാർക്ക് ഒരുക്കിയത്. ഇരിപ്പിടങ്ങൾ, ഊഞ്ഞാൽ, വാച്ചിംഗ് ടവർ, വിവിധ ശിൽപങ്ങൾ, മത്സ്യക്കുളം തുടങ്ങിയവയും ഇവിടെ സന്ദർശകരെ കാത്തിരിക്കുന്നു.

## ജബ്ബാർക്കടവ് പാർക്ക് ഹരിത ടൂറിസ്സം കേന്ദ്രം

പായം ഗ്രാമപഞ്ചായത്തിലെ ജബ്ബാർക്കടവ് പാർക്ക് ഹരിത ടൂറിസം കേന്ദ്രമായി മാറി. വിനോദ സഞ്ചാര കേന്ദ്രങ്ങളും അവിടേയുള്ള വഴികളും ഹരിത പെരുമാറ്റ ചട്ടത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഹരിത ടൂറിസം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതിന്റെ ഭാഗമായി പായത്തെ ജബ്ബാർക്കടവ് പാർക്കും തെരഞ്ഞെടുക്കപ്പെട്ടിരുന്നു. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി മാലിന്യം നിക്ഷേപിക്കപ്പെടുന്ന പൊതുഇടങ്ങൾ സൗന്ദര്യ വൽക്കരിക്കുന്നതിനും പാർക്കുകളാക്കി മാറ്റുന്നതിനും ജനകീയ കൂട്ടായ്മയോടെയുള്ള സാധ്യതകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രമം നടത്തിയിരുന്നു. അത്തരത്തിൽ ജനകീയ കൂട്ടായ്മയോടെ നിർമ്മിച്ച പാർക്കാണ് ജബ്ബാർക്കടവ് പാർക്ക്. ഹരിത ടൂറിസ്സത്തിൽ ഇടം നേടാൻ സാധ്യതയേറെയുള്ള പാർക്ക് എന്ന നിലയിലാണ് പഞ്ചായത്തിന്റെ ആവശ്യപ്രകാരം ഹരിതകേരളം മിഷൻ ഈ പാർക്കിനെ ശുപാർശ ചെയ്തിരുന്നത്. ഹരിത ടൂറിസ്സം കേന്ദ്രത്തിന് ആവശ്യമായ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടാണ് പാർക്കിന്റെ പ്രഖ്യാപനം നടത്തിയത്. മാലിന്യ സംസ്കരണം, ശുദ്ധമായ കുടിവെള്ള ലഭ്യത, ജലസ്രോതസ്സുകളുടെ സംരക്ഷണം, ഊർജ്ജ സംരക്ഷണം, തുടങ്ങിയ വിവിധ ഘടകങ്ങൾ സംയോജിപ്പിച്ചു കൊണ്ടാണ് പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പ്രാദേശിക ജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് നിലവിലുള്ള ടൂറിസ്സം കേന്ദ്രങ്ങളോടൊപ്പം ഈ പാർക്കിനെയും ഉൾപ്പെടുത്തി. ഇത്തരത്തിൽ പായം പഞ്ചായത്തിൽ ഇരിട്ടി ഇക്കോ പാർക്ക് ഇതിനകം തന്നെ ഹരിത ടൂറിസ്സം കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. പുതുതായി തെരഞ്ഞെടുക്കപ്പെടുന്നവയും ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി പായം പഞ്ചായത്തിലെ ജബ്ബാർക്കടവിനെയും ഉൾപ്പെടുത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടത്.



ഇത്തരം കേന്ദ്രങ്ങളിൽ അവസ്ഥാ പഠനം, തദ്ദേശഭരണ സ്ഥാപനങ്ങളുമായുള്ള ചർച്ചകൾ, അവതരണം നടത്തൽ, സാധ്യതകൾ, പരിമിതികൾ .നിലവിലെ പ്രശ്നങ്ങൾ, സ്ഥായിയായ പരിഹാരം നടപടികൾ തുടങ്ങിയ വിവിധ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്തിലും നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ അവസ്ഥാ പഠനം നടത്തിയിരുന്നു. രണ്ടാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി സ്ഥാപനതല പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്തിട്ടുണ്ട്. മാലിന്യ സംസ്കരണ സംവിധാനങ്ങൾ, വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ തുടങ്ങിയവ വിപുലീകരിച്ചു കൊണ്ട് മികച്ച ഹരിത ടൂറിസം കേന്ദ്രമായി മാറുന്നതിന് ജബ്ബാർക്കടവ് പാർക്കിന് സാധിച്ചിട്ടുണ്ട്. പുഴയോട് ചേർന്ന് നില്ക്കുന്ന പാർക്കിൽ മരങ്ങൾ നിലനിർത്തിയും. പുതിയ ചെടികളും മുളകളും വെച്ചുപിടിപ്പിച്ചുമാണ് പാർക്ക് ഒരുക്കിയത്. ഇരിപ്പിടങ്ങൾ, ഊഞ്ഞാൽ, കുട്ടികളെ ആകർഷിക്കുന്ന കളിയുപകരണങ്ങൾ തുടങ്ങിയവയും ഇവിടെ സന്ദർശകർക്ക് വേണ്ടി ഒരുക്കിയിട്ടുണ്ട്.

## നെറ്റ് സീറോ കാർബൺ മാതൃകാ സ്ഥാപനങ്ങൾ

### 1. കണ്ണൂർ സെൻട്രൽ ജയിൽ

#### ഹരിത സ്പർശത്തിലൂടെ നെറ്റ് സീറോ കാർബൺ പദവിയുമായി കണ്ണൂർ സെൻട്രൽ ജയിൽ

“ഹരിത സ്പർശം” കണ്ണൂർ സെൻട്രൽ ജയിലിന്റെ ഹരിത മാതൃകയാണ്. നെറ്റ് സീറോ കാർബൺ പദവി കൈവരിക്കാൻ സ്വീകരിച്ച വിവിധ വഴികളടങ്ങിയ ഒരു പാക്കേജിന്റെ പേരാണ് ഇത്. അനാവശ്യ വിവാദങ്ങളും കുറ്റപ്പെടുത്തലുകളും വേട്ടയാടിയപ്പോഴും ഹരിത സ്പർശമെന്ന പാക്കേജിനെ കൈവിടാതെ



# Kannur Central Jail enters carbon-negative list

**Aathira Haridas**
KOCHI

As many as 11 institutions, most of them educational, have become carbon negative in Kerala. These have been accorded the status by the Haritha Keralam Mission.

Kannur Central Jail is the latest institution to become part of this list. The jail has become the first in the State to enter the list, according to the mission.

The listing is based on a carbon emission audit carried out by the mission. The institutions were part of the Net Zero Carbon Keralam campaign by the mission.

E.K. Somasekharan, district coordinator of the mission in Kannur, said the challenges faced by the jail were multitude.

"We observed many challenges during the carbon audit - managing water, wastewater, and plastic waste were a few. With consistent efforts from the staff and jail inmates, we could address the issues ," said Mr. Somasekharan.

The jail is awaiting an official declaration. "By developing a waste water treatment plant using local knowledge and using the treated water for farming, setting up material collection facilities, segregating waste, and turning cow dung into fertilizer, the jail addressed its emissions," he added.

An official said being one of the oldest jails in the State too posed a problem.

**Those on the list**

The institutions that have become carbon negative are Mar Gregorios College of Law Thiruvananthapuram; Jyothi Engineering College, Thrissur; Teak Museum, Nilambur; Navodaya Adivasi Aided Upper Primary School, Manikavu, Wayanad; College of Engineering, Thalassery, Kannur; AC Kannan Nair Smaraka Govt UP School, Melangot, Kasaragod; Bishop Moore College, Mavelikara; Nehru Arts And Science College, Kanhangad; Kannur Central Jail, GLPS Malappanchery, Kasaragod, and Tashko Stone Crusher Unit, Kasaragod.

The Navodaya school at Manikavu in Wayanad had clinched the status early this year. Interestingly, the school didn't have to carry out any extra work to achieve this status.

**School's result**

"The school has been carrying out a range of sustainable activities. It has maintained a good green cover and has been managing waste well. We had selected nine institutions in the district for carrying out the net zero carbon campaign and among this, the school is the only one that who could achieve the status this early," said Suresh Babu, district coordinator of the Navakeralam Karma Padhathi.



# കണ്ണൂർ സെൻട്രൽ ജയിൽ നെറ്റ് സീറോ കാർബൺ പദവിയിലേക്ക്

കണ്ണൂർ

ലക്ഷ്യം നേടിയ കണ്ണൂർ സെൻടട്രൽ ജയിൽ ജീവനക്കാരുടെയും അവരുടെ നേതൃത്വത്തിന്റെയും ഉറച്ച ചുവടുകൾ രാജ്യത്തിന് സമ്മാനിച്ചത് ലോകം ആഗ്രഹിക്കുന്ന നെറ്റ് സീറോ കാർബൺ അവസ്ഥയാണ്.

കേരളത്തിലെ ഏറ്റവും പഴക്കമേറിയ ജയിലുകളിലൊന്നായ കണ്ണൂർ സെൻടട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തടവുകാരുടെ തിരുത്തൽ കേന്ദ്രം എന്നതിനോടൊപ്പം പരിസ്ഥിതി സംരക്ഷണത്തിന്റെ പുതിയ പ്രായോഗിക പാഠങ്ങൾ പകരുന്ന കേന്ദ്രം കൂടിയാണിത്. നെറ്റ് സീറൊ കാർബൺ എന്ന ലക്ഷ്യം നേടിയ രാജ്യത്തെ ആദ്യ ജയിൽ എന്ന ഖ്യാതി കൂടി സെൻടട്രൽ ജയിൽ നേടി കഴിഞ്ഞു. ഹരിതകേരളം മിഷന്റെ സാങ്കേതിക സഹായത്തോടെ ജയിൽ ജീവനക്കാരുടെ കൂട്ടായ്മയായ ഹരിത സ്പർശമാണ് നെറ്റ് സീറോ കാർബൺ ( Net Zero Carbon) ലക്ഷ്യത്തിലേക്ക് ജയിലിനെ എത്തിച്ചത്. ജയിലിലെ അന്തേവാസികളുടെ മാനസിക പരിവർത്തനത്തിനും, പ്രകൃതിയുമായി ഇണങ്ങിയുള്ള ജീവിതശൈലി രൂപപ്പെടുത്തുന്നതിനും ഉതകുന്ന വൈവിധ്യമാർന്ന 16-ഓളം പദ്ധതികളാണ് ഇതിന്റെ ഭാഗമായി ജയിലിൽ ആവിഷ്കരിച്ചത്. അവ ഓരോന്നും പരിചയപ്പെടുത്തുകയാണിവിടെ.

1. ഹരിത കർമ്മസേന: അന്തേവാസികളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 15 തടവുകാരെ ഉൾപ്പെടുത്തി രൂപീകരിച്ച ഹരിതകർമ്മസേന സംസ്ഥാനത്ത് തന്നെ ആദ്യത്തേതാണ്. ഈ ഹരിതകർമ്മസേന വഴി ജയിലിനകത്ത് മാലിന്യങ്ങൾ ശാസ്ത്രീയമായി തരംതിരിച്ച് സംസ്കരിക്കുന്നു.

2. പത്മതീർഥം: സെൻടട്രൽ ജയിലിലെ ആയിരത്തോളമുള്ള തടവുകാർ ഉല്പാദിപ്പിക്കുന്ന മലിന ജലം സംസ്കരിക്കാൻ യാതൊരു സംവിധാനവും നിലവിൽ ഇല്ല എന്ന വലിയ പ്രതിസന്ധിയിൽ നിന്നാണ് പത്മതീർഥം എന്ന പദ്ധതി ഉടലെടുത്തത്. ജയിലിലെ തടവുകാരുടെ അടുക്കള കുളിമുറി തുടങ്ങിയവിടങ്ങളിൽ നിന്ന് ഓരോ ദിവസവും പുറത്തേക്ക് വിടുന്ന 1,53,000 ലിറ്റർ മലിന ജലം ലളിതമായ വിവിധ സംസ്കരണ സംവിധാനങ്ങൾ ഉണ്ടാക്കി വിവിധ ഘട്ടങ്ങളിലൂടെ കടത്തി വിട്ട് ശുചീകരിക്കുന്ന പ്രക്രിയ, തടവുകാരായ അന്തേവാസികളുടെ നേതൃത്വത്തിൽ തയ്യാറാക്കി. ഇങ്ങിനെ ശുചീകരിക്കുന്ന ജലം പച്ചക്കറി, തെങ്ങ്, വാഴ തുടങ്ങിയവ നനയ്ക്കാൻ ഉപയോഗിക്കുന്നു. ഇതാണ്പത്മതീർഥം . വർഷങ്ങളായി നിലനിന്ന പ്രശ്നത്തിന് ലളിതമായ പരിഹാരം. പത്മ തീർത്ഥത്തിന്റെ ഒരു ഭാഗം മലിന ജല സംസ്കരണം ആണെങ്കിൽ മറ്റൊന്ന് ശുദ്ധജല സംരക്ഷണമാണ്. 12 കിണറുകളും 3

കുളങ്ങളുമാണ് ജയിലിനകത്ത് ഉള്ളത്. ഇവയിൽ ഭൂരിഭാഗവുംനിലവിൽ ഉപയോഗ ശൂന്യമായിരുന്നു. അതിനാൽ വാട്ടർ അതോറിറ്റി പൈപ്പ് മുഖാന്തിരം എത്തിക്കുന്ന വെള്ളമാണ് അന്തേവാസികൾ ഉപയോഗിച്ചു വന്നത്. ഇതിനാകട്ടെ വൻ തുക വാട്ടർ അതോറിറ്റി നല്കേണ്ടുന്ന സാഹചര്യമായിരുന്നു. ജയിലിനകത്തെ കിണറുകളെല്ലാം വൃത്തിയാക്കി ഉപയോഗ പ്രദമാക്കി പരമാവധി വെള്ളം ജയിലിലെ ആവശ്യങ്ങൾക്ക് ഈ കിണറുകളിൽ നിന്ന് എടുക്കാൻ തുടങ്ങി. ഇതിനായി അന്തേവാസികൾക്ക് ബോധവല്കരണം നല്കി. അങ്ങനെ വാട്ടർ അതോറിറ്റിയുടെ ബിൽ തുക കുറയ്ക്കാൻ കഴിഞ്ഞു. പദ്ധതി യാഥാർത്ഥ്യമാക്കിയതിന്റെ ഫലമായി 2024 ജൂൺ മാസം ഒരു ലക്ഷം രൂപ ആയിരുന്ന വാട്ടർ ബില്ല് 2024 നവംബർ മാസം ആവുമ്പോഴേക്കും പകുതിയായി കുറയ്ക്കാൻ സാധിച്ചു. സർക്കാരിനെയും വകുപ്പിനെയും സംബന്ധിച്ചിടത്തോളം ഏറെ മാതൃകാപരമായ പദ്ധതിയായി ഇത് മാറി. ലക്ഷക്കണക്കിന് രൂപയാണ് ഇതിലൂടെ മിച്ചം പിടിക്കാൻ സാധിച്ചത്. അതോടൊപ്പം ഭൂഗർഭ ജല അതോറിറ്റിയുമായി ബന്ധപ്പെട്ട് കിണറുകൾ റീച്ചാർജ്ജ് ചെയ്യുകയും ചെയ്തു.




3. ട്രീ മ്യൂസിയം : വംശനാശം വന്നു കൊണ്ടിരിക്കുന്ന അപൂർവ വൃക്ഷങ്ങളെ സംരക്ഷിക്കുന്നതിന് ലക്ഷ്യമിട്ട് 2020ൽ സെൻട്രൽ ജയിലിൽ നട്ടു വളർത്തിയ ട്രീ മ്യൂസിയത്തിന്റെ വ്യാപന പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. നിലവിൽ 43 ഇനങ്ങളാണിവിടെ വളരുന്നത്. അത് നൂറിനങ്ങളായി വർധിപ്പിക്കുകയാണ് ലക്ഷ്യം.

4. സുഗന്ധ വീഥി : ജയിൽ പരിസരവും ജയിലിനകവശവും, കുറ്റിമുല്ല തൈകൾ നട്ട് കൊണ്ട്, സുഗന്ധപൂരിതവുമാക്കുന്നതിനും ആകർഷകമാക്കുന്നതിനും ലക്ഷ്യമിട്ട പദ്ധതിയാണ് സുഗന്ധ വീഥി. ഹരിതകേരളം മിഷൻ സംഭാവനയായി നൽകിയ 400 കുറ്റിമുല്ല തൈകൾ ജയിൽ വളപ്പിന്റെ മുൻ വശത്ത് നട്ടാണ് പദ്ധതി ആരംഭിച്ചത്. ഇത് ജയിലിന് സമീപമുള്ള ദേശീയ പാതയുടെ ഇരു വശത്തും കൂടാതെ ജയിലിനകത്തേക്കും വ്യാപിപ്പിച്ചു. ഇതിനായി 2000 കുറ്റിമുല്ല തൈകൾ കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് സംഭാവനയായി നല്കി. കൂടുതൽ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ പദ്ധതി വിപുലീകരിച്ചു കൊണ്ടിരിക്കുന്നു . ജയിലിലും പരിസരത്തും സുഗന്ധം പരത്തുക മാത്രമല്ല; ജയിലിലെ വയോജനങ്ങളായ അന്തേവാസികൾക്ക് മുല്ല മാല നിർമ്മിക്കുന്ന ജോലി കൂടി ഇതു വഴി ലഭ്യമാക്കാനും സാധിച്ചു.

5. ഗ്രീൻ ആർട്ട് : ജയിലിലെ പാഴ് മരങ്ങളുപയോഗിച്ച് വിവിധ ഡിസൈനുകളിലുള്ള മനോഹരമായ മെമൻറോകൾ നിർമിക്കുന്ന സംരംഭവും ഹരിത സ്പർശത്തിന്റെ ഭാഗമായി ജയിലിൽ ആരംഭിച്ചു. അന്തേവാസികൾക്ക് തൊഴിൽ എന്നതിനോടൊപ്പം ഉപയോഗ ശൂന്യമായ മരവിഭവങ്ങൾ ഉപയോഗപ്പെടുത്താനും അതൊരു വരുമാന മാർഗ്ഗമായി മാറ്റി എടുക്കാനും ഈ സംരംഭം സഹായിക്കുന്നത്.

6. O'Cart (Zero Carbon Art) : ജയിലിലെ പഴക്കം ചെന്ന മരങ്ങളുടെ പുറംപാളികളും പാഴ് മരങ്ങളും മറ്റ് വസ്തുക്കളും ഉപയോഗിച്ച് ലോകോത്തര നിലവാരത്തിലുള്ള ശില്പ്പങ്ങളും ക്രാഫ്റ്റുകളും നിർമ്മിച്ച് വിപണിയിലിറക്കുന്ന മറ്റൊരു ഹരിത സംരംഭം കൂടി ഹരിത സ്പർശ പദ്ധതിയിലൂടെ ആരംഭിച്ചു. ഏറെ ക്രിയേറ്റിവിറ്റി ഉള്ളതും വിലമതിക്കാനാവാത്തതുമായ സൃഷ്ടികളാണ് ഇതിലൂടെ രൂപം കൊള്ളുന്നത്.

7. ഹരിത തൂലിക : വയനാട് ദുരന്തത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്നതിനായി ചിറക്കൽ ലയൺസ് ക്ലബ്ബുമായി ചേർന്ന് പേപ്പർ പേന നിർമ്മാണം ആരംഭിക്കുകയും 2000 ഓളം പേപ്പർ പേന നിർമ്മിക്കുകയും ചുരൽമലയിലെ വിദ്യാർത്ഥികൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പേപ്പർ പേന നിർമ്മാണം ഒരു സംരംഭമായി അന്തേവാസികൾ ഇന്നും തുടരുന്നുണ്ട്.

8. എന്റെ മാവ് : ജയിലിൽ കോമ്പൗണ്ടിനുള്ളിൽ നൂറോളം ഇനങ്ങളിലായി ഏകദേശം 350 ഓളം മാവുകളാണ് ഉള്ളത്. ബ്രിട്ടീഷുകാരുടെ കാലത്ത് നട്ടുവളർത്തിയവയാണ് ഇവയിൽ ഭൂരിഭാഗവും - പ്രസ്തുത മാവുകളിൽ പലതും പ്രായാധിക്യത്താൽ നശിച്ചു തുടങ്ങിയിട്ടുണ്ട്. പ്രസ്തുത മാവുകളെ സംരംക്ഷിക്കുകായും ആയതിന്റെ ഗുണമേന്മ നിലനിർത്തി പുതു തലമുറ വളർത്തി എടുക്കുകയും ചെയ്തില്ലെങ്കിൽ വൻ ജൈവവൈവിധ്യ നഷ്ടമാണ് സംഭവിക്കുക. ഇവയെ ശാസ്ത്രീയമായ പഠിച്ച് ഡോക്യുമെന്റേഷൻ ചെയ്യുന്നതിനും ഹരിതകേരളം മിഷൻ പദ്ധതി തയ്യാറാക്കി. ഓരോ മാവുകളെയും വിശദമായി പഠിച്ച് മാവിന്റെ പഴക്കം, ഇനം, മാങ്ങയുടെ രുചി, മറ്റു വിശദാംശങ്ങൾ എന്നിവ ഫോട്ടോ സഹിതം ഡിജിറ്റലായി സൂക്ഷിക്കുന്നു പ്രസ്തുത മാവുകൾ ഗ്രാഫ്റ്റ് ചെയ്ത് അതിന്റെ തൈകൾ ഉല്പാദിപ്പിച്ച് ജൈവ വൈവിധ്യം നിലനിർത്താനും സംരക്ഷിക്കാനും സാധിക്കുന്നു .മൂല്യം അളക്കാൻ കഴിയാത്ത പ്രവർത്തനമായി മാറിക്കഴിഞ്ഞു ഇത് .

9. വന്യം: കണ്ണൂർ സെൻട്രൽ പ്രിസൺ കോമ്പൗണ്ടിലുള്ള, മുഴുവൻ ജയിൽ സ്ഥാപനങ്ങളുടെയും സ്ഥലങ്ങളിൽ ഒട്ടേറെ വൃക്ഷങ്ങളും സസ്യങ്ങളും ഉണ്ട്. ഇത്തരത്തിൽ ഈ കോമ്പൗണ്ടിലുള്ള മുഴുവൻ വൃക്ഷങ്ങളുടേയും വൃക്ഷത്തിന്റെ പേര്, ശാസ്ത്രീയ നാമം, തദ്ദേശീയ നാമം, വൃക്ഷത്തിന്റെ ഫോട്ടോകൾ, വൃക്ഷത്തിൻറെ Longitude and Latitude ഉൾപ്പെടുന്ന കൃത്യമായ ലൊക്കേഷൻ എന്നിവ ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ ഗൂഗിൾ എർത്ത് അപ്ലീക്കേഷൻ ഉപയോഗിച്ച് ഡിജിറ്റലായി








സൂക്ഷിക്കുന്നതിനുള്ള പദ്ധതിയാണ് വന്യം. കണ്ണൂർ സിക്കയിലെ ട്രെയിനീസിൻറേയും പരിശീലകരുടേയും സഹകരണത്തോടെയാണ് വന്യം നടപ്പിലാക്കിയത്.

10. സുകൃതം : പ്ലാസ്റ്റിക്കിന് ബദലയായ ഉല്പന്നങ്ങൾ നിർമ്മിച്ചു വ്യാപിപ്പിപ്പിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി പേപ്പർ ബാഗുകളുടെ നിർമ്മാണ യൂണിറ്റ് ജയിലിൽ പ്രവർത്തനം ആരംഭിച്ചു. കാനാറ ബാങ്കിന്റെ സാമ്പത്തിക സഹകരണത്തോടെയാണ് ഈ സംരംഭം പ്രവർത്തിക്കുന്നത്. ജയിലിൽ നിർമ്മിച്ച വിവിധ തരത്തിലുള്ള ബാഗുകൾ സുകൃതം എന്ന പേരിലാണ് വിപണിയിൽ ഇറക്കുക. ഇതിന് പുറമേ മരുന്ന് കവറുകളും ഈ സംരംഭത്തിൽ നിർമിച്ചു വിതരണം ചെയ്യുന്നുണ്ട്.

11. ഫ്രീഡം ചൂലുകൾ : അന്തേവാസികളുടെ സേവനം ഉപയോഗിച്ച് ഗുണനിലവാരമുള്ള ഈർക്കിൽ ചൂലുകൾ നിർമ്മിച്ചു ശുചിത്വ ബദൽ ഉല്പന്ന നിർമ്മാണ മേഖലയിലും ഹരിത സ്പർശം തീർക്കുകയാണ് ജയിലിലെ അന്തേവാസികൾ . പ്രതിമാസം 500 ചൂലുകൾ ഇവിടെ നിർമ്മിക്കാൻ സാധിക്കുന്നു.



12. മനം ഹരിതാഭം : ജയിലിൽ നിന്നും തെറ്റുതിരുത്തൽ പ്രക്രിയയക്ക് ശേഷം ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്ന അന്തേവാസികൾക്ക് ജയിലിൽ നിന്നും സ്നേഹസമ്മാനമായി ഒരു വൃക്ഷതൈ നൽകുന്ന പദ്ധതിയും ഹരിത സ്പർശത്തിന്റ ഭാഗമായി ആരംഭിച്ചിട്ടുണ്ട്.

കണ്ണൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോം അധികാരികളുമായി ചേർന്ന് ഹരിതകേരളം ജില്ലാ മിഷൻ കോ- ഓഡിനേറ്ററുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചകളാണ് ഹരിത സ്പർശത്തിന് തുടക്കമിട്ടത്. തുടർന്ന് എല്ലാ രണ്ടാഴ്ചയിലൊരിക്കലുംസെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോം സൂപ്രണ്ടിന്റെ അധ്യക്ഷതയിൽ ഹരിതകേരളം ജില്ലാ മിഷൻ കോ-ഓഡിനേറ്റർ, ശുചിത്വ മിഷൻ കോ- ഓഡിനേറ്റർ, ക്ലീൻ കേരള കമ്പനി ജില്ലാ മാനേജർ, എന്നിവർ

ഉൾപ്പെട്ട സമിതി യോഗം ചേരുകയും തുടർ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുന്നു. ഇതാണ് ഹരിത സ്പർശ നിർവ്വഹണ രീതി. ഹരിതകേരളം മിഷൻ സംസ്ഥാന മിഷൻ ടീം മുൻകൈ എടുത്ത് ജയിലിനകത്തെ ഹരിതഗൃഹ വാതകങ്ങൾ പുറത്തേക്ക് തള്ളുന്ന അളവ് കണക്കാക്കി ലക്ഷ്യം നേടാൻ കർമ്മപദ്ധതി തയ്യാറാക്കി. പ്രസ്തുത കർമ്മ പരിപാടിയുടെ പ്രവർത്തന ഉദ്ഘാടനം 2025 ജനുവരി 20 ന് ജയിലിൽ വെച്ച് നവകേരളം കർമ്മ പദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ സീമ നിർവ്വഹിച്ചു.

അന്തേവാസികളുടെ ജീവിതചര്യയിൽ സ്വാധീനം ചെലുത്താൻ കഴിയും വിധം ഹരിത പെരുമാറ്റ രീതികൾ കൊണ്ടുവന്ന് അതുവഴി ഹരിത ഗൃഹ വാതക ഉല്പാദനം ഉൾപ്പെടെ ക്രമീകരിച്ചു മാതൃകാ സ്ഥാപനമായി മാറിയ കണ്ണൂർ സെൻട്രൽ ജയിൽ ലോകത്തിന് നല്കുന്ന മാതൃകകളുടെ മനോഹര രൂപങ്ങളാണ്.

## കാർബൺ സന്തുലിതാവസ്ഥയും കടന്ന് തലശ്ശേരി എഞ്ചിനീയറിംഗ് കോളേജ്

ഹരിതകേരളം മിഷന്റെ 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' എന്ന ക്യാമ്പയിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിൽ നടത്തിയ കാർബൺ അക്കൗണ്ടിംഗ് റിപ്പോർട്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഒരു മികച്ച മാതൃകയാണ്. 2050-ഓടെ കാർബൺ എമിഷനും നീക്കം ചെയ്യലും തുല്യമാക്കുക (Net Zero) എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ കോളേജിലെ ഊർജ്ജ ഉപയോഗം, ഗതാഗതം, മാലിന്യ സംസ്കരണം, മരങ്ങളുടെ എണ്ണം എന്നിവ ശാസ്ത്രീയമായി വിശകലനം ചെയ്തപ്പോൾ ലഭിച്ച ഫലങ്ങൾ അത്യന്തം അഭിമാനകരമാണ്.

### അഭിമാനകരമായ നേട്ടം: നെഗറ്റീവ് കാർബൺ എമിഷൻ

കാർബൺ ന്യൂട്രൽ എന്നതിനും അപ്പുറം, കാർബൺ നെഗറ്റീവ് ' (Negative Carbon Emission) എന്ന പദവി കൈവരിക്കാൻ തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിന് സാധിച്ചു. അതായത്, കോളേജ് പുറന്തള്ളുന്ന കാർബണിനേക്കാൾ കൂടുതൽ അളവ് കാർബൺ വിവിധ മാർഗ്ഗങ്ങളിലൂടെ അവിടെ ആഗിരണം ചെയ്യപ്പെടുകയോ ഒഴിവാക്കപ്പെടുകയോ ചെയ്യുന്നു. വർഷത്തിൽ -76.517 ടൺ ($CO_2$ eq) ആണ് ഇവിടുത്തെ നെറ്റ് എമിഷൻ.

### പ്രധാന പ്രവർത്തനങ്ങളും നേട്ടങ്ങളും

പച്ചത്തുരുത്തിലൂടെ കാർബൺ സന്തുലിതാവസ്ഥയിലേക്ക്: മൊട്ടക്കുന്നായ കോളേജിന്റെ ക്യാമ്പസിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ എൻ എസ് എസ്, പി ടി എ എന്നിവരുടെ നേതൃത്വത്തിൽ പച്ചത്തുരുത്ത് ഒരുക്കി. ക്യാമ്പസാകെ തണൽ വിരിക്കാൻ കഴിഞ്ഞത് ഈ നേട്ടത്തിന് കാരണമായി. 2019 മുതൽ ക്യാമ്പസിനെ പച്ചയണിയിക്കാനുള്ള ശ്രമങ്ങൾ നടത്തി. നെല്ലി, മുള തുടങ്ങിയവയാണ് ക്യാമ്പസിൽ ഏറ്റവും അധികം നട്ടു വളർത്തിയത്.

സൗരോർജ്ജ വിപ്ലവം: കോളേജിന്റെ ഈ നേട്ടത്തിന് പിന്നിലെ പ്രധാന ശക്തി 184 kW ശേഷിയുള്ള സോളാർ പ്ലാന്റാണ്. പ്രതിമാസം 21,604 യൂണിറ്റ് (kWh) വൈദ്യുതി ഉത്പാദിപ്പിക്കുന്നതിലൂടെ വലിയൊരു അളവ് കാർബൺ ബഹിർഗമനം തടയാൻ സാധിക്കുന്നു. കോളേജിന്റെ ആവശ്യത്തിന് ശേഷമുള്ള അധിക വൈദ്യുതി (പ്രതിമാസം ഏകദേശം 10,540 യൂണിറ്റ്) കെ.എസ്.ഇ.ബി ഗ്രിഡിലേക്ക് നൽകി വികേന്ദ്രീകൃത ഊർജ്ജ വിതരണത്തിലും ഇവർ പങ്കാളികളാകുന്നു.

ക്യാമ്പസിൽ 912 മരങ്ങളാണ് ഉള്ളത്. ഇത് വർഷത്തിൽ 34.640 ടൺ കാർബൺ ഡയോക്സൈഡിനെ ആഗിരണം ചെയ്യുന്നു. ക്യാമ്പസ് പ്ലാനിംഗിൽ പച്ചപ്പിന് നൽകിയ പ്രാധാന്യമാണ് ഇത് കാണിക്കുന്നത്.

വാഹന ഉപയോഗം: കോളേജ് ക്യാമ്പസിലേക്കുള്ള വാഹന ഉപയോഗം നിയന്ത്രിക്കാൻ കഠിനമായ ശ്രമങ്ങളാണ് നടത്തിയത്. ഡീസൽ, എൽ.പി.ജി എന്നിവയുടെ ഉപയോഗം വളരെ കുറച്ചു കൊണ്ട് വരാൻ സാധിച്ചു. വർഷത്തിൽ 2.314 ടൺ കാർബൺ എമിഷൻ മാത്രമാണ് ഫോസിൽ ഇന്ധനങ്ങളിലൂടെ ഇവിടെ പുറം തള്ളുന്നത്. ഇലക്ട്രിക് വാഹങ്ങളെ പ്രോൽസാഹിപ്പിക്കുന്ന നയമാണ് ഇവിടെ കോളേജ്



സ്വീകരിച്ചത്.

പുനരുപയോഗ ഊർജ്ജത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയും പ്രകൃതി സംരക്ഷണം ഉറപ്പാക്കിയും എങ്ങനെ ഒരു സ്ഥാപനത്തിന് കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാം എന്നതിന് ഉത്തമ മാതൃകയാണ് തലശ്ശേരി എഞ്ചിനീയറിംഗ് കോളേജ്. ഇന്ത്യയുടെയും കേരളത്തിന്റെയും നെറ്റ് സീറോ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വലിയ പങ്കുവഹിക്കാനുണ്ട് എന്ന് ഈ വിജയഗാഥ തെളിയിക്കുന്നു.

## ഗ്രീൻ പ്രോട്ടോക്കോൾ സംരംഭങ്ങൾ

### കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെ ഹരിതഗാഥ

കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ ആണ് ഹരിത സംരംഭങ്ങൾ ആരംഭിച്ചത്. ഹരിത കർമ്മസേനയുടെ പ്രവർത്തനം പ്ലാസ്റ്റിക്ക് ശേഖരണം മാത്രമാണ് എന്ന് ചിന്തിക്കുന്നതിൽ നിന്നും വ്യത്യസ്തമാവുകയാണ് കണ്ണപുരം ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ ആരംഭിച്ച ഹരിതശ്രീ ഹരിത സംരംഭങ്ങൾ അജൈവ മാലിന്യ ശേഖരണത്തോടൊപ്പം തന്നെ വരുമാന വർദ്ധനവും, ജനങ്ങൾക്ക് ആവശ്യമായ സേവനങ്ങളും നൽകുന്നതിനുള്ള മാതൃക പ്രവർത്തനങ്ങൾ നടത്തുകയും ആണ് ഈ സംരംഭം ലക്ഷ്യമിടുന്നത്. മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, അജൈവ മാലിന്യത്തോടൊപ്പം ശേഖരിക്കുന്ന ഉല്പന്നങ്ങളെ പുനരുപയോഗം ചെയ്തു കൊണ്ട് ബദൽ ഉല്പന്നങ്ങൾ ആക്കി മാറ്റുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ആണ് ഇത്തരം സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നത്. പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള കാരങ്കാവിലെ വർക്ക് ഷെഡിൽ ആണ് യൂണിറ്റ് പ്രവർത്തിക്കുന്നത് 14 വാർഡുകളിൽ ആയി 28 ഹരിതകർമ്മസേനാംഗങ്ങൾ ആണ് ഉള്ളത്. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി 2024 ഒക്ടോബർ 3ന് കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് പി.പി ഷാജിർ ആണ് ഹരിത സംരംഭങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചത് പഴന്തുണികളും, കേടായ ബൾബുകളും ഒക്കെ വരുമാന മാർഗ്ഗമാക്കി മാറ്റുകയാണ് ടീം.



### മാതൃക സംരംഭ പ്രവർത്തനങ്ങൾ

1 പഴയ തുണികൾ ഉപയോഗിച്ചുള്ള പൂച്ചട്ടി നിർമ്മാണം : അജൈവ മാലിന്യ ശേഖരണത്തോടൊപ്പം തന്നെ കലക്ഷൻ കലണ്ടർ പ്രകാരം വീടുകളിൽ നിന്നും ശേഖരിക്കുന്ന പഴയ തുണികൾ ഉപയോഗിച്ച് സിമന്റും വിവിധ നിറത്തിലുള്ള പെയിന്റും ഉപയോഗിച്ച് മനോഹരമായ വ്യത്യസ്ത വലുപ്പത്തിൽ ഉള്ള പൂച്ചട്ടികൾ നിർമ്മിച്ച് വിതരണം ചെയ്യുന്നു മണ്ണിൽ വലിച്ചെറിഞ്ഞും, കത്തിച്ചും കളയുന്ന പാഴ്‌വസ്തുക്കളെ ഭൂമിയെ സംരക്ഷിക്കാനും മാലിന്യ ത്തിന്റെ അളവ് കുറക്കാനും , അതോടൊപ്പം വരുമാനവർദ്ധനവിനും ഉപയോഗിക്കുന്നു.

2. LED ബൾബ് റിപ്പയറിംഗ് യൂണിറ്റ് : വീടുകളിൽ കേടായി ഉപേക്ഷിക്കപ്പെടുകയും, വലിച്ചെറിയുകയും ചെയ്യുന്ന ബൾബുകൾ ശേഖരിച്ച് റിപ്പയർ ചെയ്ത് അതാതു വീടുകളിലും സ്ഥാപനങ്ങളിലും തിരിച്ചു നൽകുന്നു ഇതും മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ സഹായിക്കുന്നു നിശ്ചിത ഫീസ് ഈടാക്കിയാണ് ഈ പ്രവർത്തനം നടത്തുന്നത് , ഇതിൽ നിന്നും അധിക വരുമാനം ലഭിക്കുന്നു.

3. ഡിഷ് വാഷർ യൂണിറ്റ് : കല്യാശേരി ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചത് 2,75,000 രൂപ സബ്സിഡിയായി യൂണിറ്റിന് നൽകി ജില്ലയിലെ വിവിധ കാറ്ററിംഗ് യൂണിറ്റുകളുമായി കരാർ വ്യവസ്ഥയിൽ ഏർപ്പെട്ടു കൊണ്ടാണ് യൂണിറ്റിന്റെ പ്രവർത്തനം. കല്യാണങ്ങളിലും, മറ്റ് പരിപാടികളിലും ഉപയോഗിക്കുന്ന പ്ലേറ്റ്, ഗ്ലാസ്സ് എന്നിവ യന്ത്രം ഉപയോഗിച്ച് കഴുകി .തുടച്ച് തിരിച്ചേൽപ്പിക്കുന്നു ഇത് മറ്റ് പഞ്ചായത്തുകളിൽ ഉണ്ടാവുന്ന മാലിന്യത്തിന്റെ അളവ് കുറക്കാൻ സഹായിക്കുന്നു പ്രതിദിനം 2000 മുതൽ 4000 വരെ ശരാശരി പ്ലേറ്റുകൾ ലഭിയ്ക്കുന്നു. നിലവിൽ ഒരു പ്ലേറ്റിന് 2 രൂപ പ്രകാരം ആണ് വാങ്ങുന്നത് അതോടെപ്പം തന്നെ പ്ലേറ്റിൽ ഉണ്ടാവുന്ന ജൈവ മാലിന്യങ്ങൾ യൂണിറ്റിൽ തന്നെ ഉള്ള റിംഗ് കമ്പോസ്റ്റിൽ ശാസ്ത്രീയമായി സംസ്കരിച്ച് വളമാക്കി മാറ്റുകയും ചെയ്യുന്നു. ഇത്തരത്തിൽ അധിക വരുമാനം ഉറപ്പുവരുത്താൻ യൂണിറ്റിന് കഴിയുന്നു.

4. ക്ലീനിംഗ് യൂണിറ്റ് : നിലവിൽ ഉള്ള സാഹചര്യങ്ങളെ വരുമാന മാർഗ്ഗമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആണ് ടീം ഏറ്റെടുക്കുന്നത് വിദേശങ്ങളിലും, മറ്റ് സംസ്ഥാനങ്ങളിലും ഒക്കെ താമസിച്ച് ഓണം, വിഷു, മറ്റ് വിശേഷ സമയങ്ങൾ ഒക്കെ വരുമ്പോൾ നാട്ടിലേക്ക് വരുന്ന കുടുംബങ്ങൾക്ക്



ഏറ്റവും പ്രതിസന്ധിയായി വരുന്നത് ആണ് വീടും, പരിസരവും ക്ലീനായി കിട്ടുക എന്നത് ഇത്തരം സാഹചര്യങ്ങൾ മനസ്സിലാക്കി കൊണ്ടാണ് വീടുകൾ, സ്ഥാപനങ്ങൾ എന്നിവ ശുചീകരിക്കുന്ന പ്രവർത്തനം ക്ലീനിംഗ് യൂണിറ്റ് ടീമിന്റെ നേതൃത്വത്തിൽ ആരംഭിച്ചത്. കല്യാണങ്ങൾ, ഗൃഹപ്രവേശം , തുടങ്ങിയ പരിപാടികളിൽ എല്ലാം തന്നെ യൂണിറ്റിന്റെ സേവനം ജനങ്ങൾക്കു ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്നു പ്രതിമാസം 10-15 വരെ പരിപാടികൾ ക്ലീനിംഗ് യൂണിറ്റിന് ലഭിക്കുന്നു ജനങ്ങൾക്കു നൽകുന്ന സേവനത്തോടൊപ്പം തന്നെ വരുമാനവും ലഭിയ്ക്കുന്നു.

5. ഹരിത മാംഗല്യം യൂണിറ്റ് : പഞ്ചായത്തിലും തൊട്ടടുത്ത പഞ്ചായത്തുകളിലും നടക്കുന്ന കല്യാണങ്ങൾ, മറ്റ് ആഘോഷങ്ങൾ എന്നിവയിൽ ഒക്കെ ഹരിതപ്രോട്ടോകോൾ പാലിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡിസ്പോസിബിൾ ഗ്ലാസ്സ്, പ്ലേറ്റ് എന്നിവയ്ക്കു പകരമായി സ്റ്റീൽ പ്ലേറ്റുകൾ, ഗ്ലാസ്സുകൾ , സെറാമിക് പാത്രങ്ങൾ തുടങ്ങി ഓരോ പരിപാടിയിലേക്കും ആവശ്യമായ രീതിയിൽ ഉള്ള പാത്രങ്ങൾ വാടകയ്ക്ക് നൽകി വരുന്നു അതോടൊപ്പം തന്നെ സേവനം ആവശ്യമുള്ളവർക്ക് സേവനവും നൽകി വരുന്നു.

6. തുണി സഞ്ചി നിർമ്മാണ യൂണിറ്റ് : പ്ലാസ്റ്റിക്ക് സഞ്ചികൾക്ക് നിരോധനം ഏർപ്പെടുത്തിയപ്പോൾ ബദൽ എന്ത് ? എന്ന ചോദ്യത്തിന് ഉത്തരമായാണ് തുണിസഞ്ചി നിർമ്മാണ യൂണിറ്റ് ആരംഭിച്ചത്. കലക്ഷൻ കലണ്ടർ പ്രകാരം ഫീൽഡുകളിൽ നിന്നും ശേഖരിക്കുന്ന സാരികളും, മറ്റ് തുണികളും കഴുകി ക്ലീനാക്കിയാണ് തുണി സഞ്ചികൾ തയ്ക്കുന്നത്. വീടുകളിലും കടകളിലും, വിവിധ മേളകളിലും ആണ് ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത്.

7 ഹരിതമിത്രം ചകിരി കമ്പോസ്റ്റ് - വിതരണ യൂണിറ്റ് : പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തുകളിലെ മുഴുവൻ വീടുകളിലും , സ്ഥാപനങ്ങളിലും റിംഗ് കമ്പോസ്റ്റ് പോലെ ഉള്ള ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നൽകിയിട്ടുണ്ടെങ്കിലും മിക്കതും ഉപയോഗിക്കാതെ കിടക്കുകയാണ് കാരണം ദുർഗന്ധവും, പുഴുക്കൾ നിറയുന്നതും സാദാരണമാണ് ഇതിനെ പ്രതിരോധിക്കാനും , ജൈവ മാലിന്യങ്ങൾ വേഗത്തിൽ ജൈവവളമായി മാറാനും വേണ്ടി ഈ ഉല്പന്നം മുഴുവൻ വീടുകളിലേക്കും വിതരണം ചെയ്യുന്നു വീടുകളിലെയും, സ്ഥാപനങ്ങളിലെയും ജൈവ മാലിന്യ സംവിധാനം ഉപയോഗപ്പെടുത്താനും, അതിൽ നിന്നും ഉണ്ടാവുന്ന വളം സ്വന്തം പച്ചക്കറികൾക്ക് തന്നെ ഉപയോഗിക്കാനും കഴിയുന്നു ഇതുവഴി ഹരിത കർമ്മസേയ്ക്ക് അധിക വരുമാനവും ലഭിക്കുന്നു

8 മത്സ്യ സഞ്ചികളുടെ നിർമ്മാണം : ഫീൽഡിൽ നിന്നും ശേഖരിക്കുന്ന പഴയ കുട തുണി

ഉപയോഗിച്ച് മത്സ്യമാർക്കറ്റിലേക്കാവശ്യമായ സഞ്ചികൾ തയ്യ്ച് കൊടുക്കുന്നു. പ്ലാസ്റ്റിക്ക് സഞ്ചികൾക്ക് ബദൽ ആയും അതോടൊപ്പം പുനരുപയോഗവും ഉറപ്പുവരുത്താൻ കഴിയുന്നു

ഹരിതകർമ്മസേനയുടെ മറ്റൊരു സംരംഭം ആണ് കാറ്ററിംഗ് സർവ്വീസ് എല്ലാ മാസവും ശരാശരി 3 കാറ്ററിംഗ് സർവ്വിസുകൾ വരെ ടീമിന് ലഭിക്കുന്നുണ്ട് ടീമിലെ 11 പേർക്ക് 20 ദിവസത്തെ കാറ്ററിംഗ് യൂണിറ്റിന്റെ പരിശീലനവും ലഭിച്ചിട്ടുണ്ട്. കണ്ണപുരം റെയിൽവേ സ്റ്റേഷൻ ഹരിത റെയിൽവേ സ്റ്റേഷൻ ആക്കി മാറ്റിയതിൽ പ്രധാന പങ്ക് വഹിക്കുന്നതും ഹരിതകർമ്മ സേന ആണ്,

## മാതൃകാ പച്ചത്തുരുത്തുകൾ

### പച്ചപ്പിന്റെ മേലാപ്പൊരുക്കി ജില്ലയിലെമ്പാടും പച്ചത്തുരുത്തുകൾ

വൃക്ഷവല്ക്കരണം എന്നത് പഴക്കമുള്ള പരിചിതമായ ആശയമാണെങ്കിലും പച്ചത്തുരുത്തുകൾ എന്ന ആശയത്തിന് അത്ര പഴക്കമില്ല. അപൂർവ്വം വൃക്ഷ സ്നേഹികൾ ഏറ്റെടുത്ത നടത്തുന്ന വ്യത്യസ്തമായൊരു ശ്രമം എന്നായിരുന്നു പച്ചത്തുരുത്തുകൾ എന്ന ആശയത്തിന് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന നിർവ്വചനം. അങ്ങിനെയൊരു നിർവ്വചനത്തെ സാധാരണ വല്ക്കരിക്കാനും വ്യാപകവല്ക്കരിക്കാനും സാധിച്ചുവെന്നതാണ് ഹരിതകേരളം മിഷൻ കഴിഞ്ഞ പത്ത് വർഷമായി നടത്തിയ ഇടപെടൽ നടത്തിയ ഫലം.

കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമ പഞ്ചായത്ത് നടത്തിയ ശ്രമങ്ങളിൽ നിന്നാണ് പച്ചത്തുരുത്ത് എന്ന ആശയം ജനിച്ചു വന്നത്. ഒരു സെന്റ് ഭൂമിയിൽ മുതൽ ഏക്കർ കണക്കിന് ഭൂമിയിൽ വരെ പച്ചത്തുരുത്തുകൾ ഒരുക്കാം ; സ്വകാര്യ പൊതുഭൂമികളെന്ന പക്ഷ ഭേദം ഇല്ലാതെ. ഇങ്ങിനെയുള്ള ലളിതമായ മാനദണ്ഡങ്ങൾ മാത്രം ബാധകമായ പച്ചത്തുരുത്ത് ഒരുക്കലിന് കണ്ണൂർ ജില്ല നല്ല വിളനിലമായി മാറുകയായിരുന്നു 2018 മുതൽ 2026 വരെയുള്ള കാലം.

മികച്ച രീതിയിലുള്ള പച്ചത്തുരുത്തുകൾക്കുള്ള സംസ്ഥാന ഹരിതകേരളം മിഷൻ പുരസ്കാരങ്ങൾ ഏറ്റവും അധികം വാരിക്കൂട്ടാൻ കണ്ണൂരിന് സാധിച്ചു എന്നതും പച്ചത്തുരുത്തൊരുക്കലിൽ കണ്ണൂരിന്റെ ശ്രമം പാഴായില്ല എന്ന് തെളിയിക്കുന്നു . സംസ്ഥാനത്തെ ഏറ്റവും വലിയ പച്ചത്തുരുത്ത് മുഴക്കുന്ന് ഗ്രാമപഞ്ചായത്തിൽ,136 ഏക്കർ ഭൂമിയിൽ സ്ഥിതിചെയ്യുന്ന അയ്യപ്പൻകാവ് പച്ചത്തുരുത്ത്

ചെറുതാഴം, കണ്ണപുരം, പായം, കുറുമാത്തൂർ, പയ്യാവൂർ തുടങ്ങിയ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഒരുക്കിയ പച്ചത്തുരുത്തും സംസ്ഥാന തലത്തിൽ അംഗീകാരം നേടിയവയാണ്. ദേവഹരിതം എന്ന പേരിൽ ആരാധനാലയ ഭൂമിയിൽ ഒരുക്കിയ 36 പച്ചത്തുരുത്തുകൾ ജില്ലയിൽ ഉണ്ട്. അവയിൽ ഭൂരിഭാഗവും ദേവ വൃക്ഷങ്ങളൊ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട വൃക്ഷങ്ങളോ അടങ്ങിയിട്ടുള്ളത്. 2023 ൽ ജില്ലയിൽ ആരംഭിച്ച "ഓർമ്മ മരം" എന്ന പച്ചത്തുരുത്ത് പദ്ധതിയിലൂടെ നിരവധി ഇടങ്ങളിൽ മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ സാധിച്ചു. ഇതോടൊപ്പം ഹരിതകേരളം മിഷൻ നേതൃത്വത്തിൽ നൽകിയതിലൂടെ 17 വിദ്യാലയങ്ങളിൽ ശലഭോദ്യാനങ്ങൾ തയ്യാറാക്കാനും കഴിഞ്ഞു .

വംശനാശം വന്നു കൊണ്ടിരിക്കുന്ന വൃക്ഷങ്ങൾ (Endangered trees) മാത്രം നട്ടുവളർത്തി സംരക്ഷിക്കുന്ന ട്രീ മ്യൂസിയം കണ്ണൂർ സെൻട്രൽ ജയിലിൽ വളർന്നു വരുന്നുണ്ട്. (സ്നേഹവനം പച്ചത്തുരുത്ത് ) ഭദ്രാക്ഷം, രുദ്രാക്ഷം, കായം, നീല കടമ്പ് കായാമ്പു തുടങ്ങി 37 ഇനങ്ങളാണ് ഇവിടെ വളരുന്നത്. സംസ്ഥാനത്ത് ഇതാദ്യമായാണ് ഒരു ജയിലിൽ പച്ചത്തുരുത്ത് വളരുന്നത്.

## ഉദയഗിരിയുടെ പച്ചത്തുരുത്ത്

കണ്ണൂർ ജില്ലയിൽ കർണാടക വനത്തിനോട് ചേർന്നാണ് ഉദയഗിരി ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. മലയോര മേഖലയായതുകൊണ്ട് തന്നെ ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കൃഷിയാണ്.

കർണാടക വനത്തിൽ നിന്നും ഉത്ഭവിക്കുന്ന കാർത്തികപുരം പുഴ ഏകദേശം എട്ട് കിലോമീറ്റർ നീളത്തിൽ ഉദയഗിരി ഗ്രാമപഞ്ചായത്തിലൂടെ ഒഴുകുന്നു. പുഴയിൽ ഉദയഗിരി ഗ്രാമപഞ്ചായത്തിൽ മാത്രം പത്തോളം തുരുത്തുകൾ ഉണ്ട്.

2014-15 ൽ ആണ് ഉദയഗിരിയിൽ ആദ്യമായി തുരുത്ത് സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങുന്നത്. എന്നാൽ തുടർ പരിപാലനത്തിന്റെ അഭാവവും, നാട്ടുകാരുടെ കടന്നു കയറ്റങ്ങളും മൂലം പദ്ധതി വിജയിച്ചില്ല.

ഹരിതകേരളം മിഷന്റെ ആരംഭത്തിൽ മിഷന്റെ ലക്ഷ്യങ്ങൾ തിരിച്ചറിഞ്ഞ പഞ്ചായത്ത് ഭരണ സമിതിയും തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയും നടത്തിയ ശ്രമങ്ങളാണ് പച്ചത്തുരുത്ത് എന്ന ലക്ഷ്യത്തിലേയ്ക്ക് നയിച്ചത്. ആ കാലത്ത് പഞ്ചായത്തു മെമ്പറായ, ശ്രീ ജോസഫ് വട്ടക്കൊട്ടയിലിന്റെ നേതൃത്വത്തിൽ കർണാടക ഫോറസ്റ്റിൽ നിന്നു കൊണ്ടുവന്ന മുള തൈകൾ 3 ഏക്കറോളം വിസ്തീർണ്ണമുള്ള കാർത്തികപുരം തുരുത്തിൽ വെച്ചു പിടിപ്പിച്ചു. കൃത്യമായ ഇടവേളകളിൽ വളപ്രയോഗം നടത്തി. നാട്ടുകാരോട് സംസാരിച്ച് കൈയ്യേറ്റങ്ങൾ ഒഴിവാക്കി പുഴയിൽ തടയണകൾ കെട്ടി ചാലുകൾ കീറിയാണ് ജലസേചന സൗകര്യം ഒരുക്കിയത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ മുഴുവൻ സാധ്യതകളും ഉപയോഗിച്ചുകൊണ്ടാണ് തുരുത്ത് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയത്. ബ്ലോക്ക് പഞ്ചായത്ത് പദ്ധതി വിഹിതം ഉപയോഗിച്ച് തുടർപ്രവർത്തങ്ങൾ സംഘടിപ്പിച്ചു.

തുരുത്തിലെ മുളകൾക്ക് വെള്ളം നന, സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ നടത്താൻ നാട്ടുകാരും സജീവമായി രംഗത്തിറങ്ങി. പല തവണ മുളകൾ ചീഞ്ഞു നശിച്ചു എങ്കിലും സംരക്ഷണ സമിതിയുടെ സ്ഥിരം ഇടപെടലിൽ മുളകൾ വളർന്നു. ദൂരെ ദിക്കിൽ നിന്നു പോലും ജനങ്ങൾ മുളന്തുരുത്ത് കാണാൻ വരുന്ന രീതിയിൽ പച്ചത്തുരുത്ത് പടർന്നു പന്തലിച്ചു.

## അയ്യപ്പൻകാവ് പച്ചത്തുരുത്ത്

### മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

മുഴക്കുന്നു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയിലൂടെ ഒഴുകുന്ന ബാവലിപ്പുഴയുടെ തീരത്ത് 136 ഏക്കർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന അയ്യപ്പൻകാവ് എന്ന സ്ഥലത്തെ പഞ്ചായത്ത് അധീനതയിലുള്ള പുഴപ്പുറമ്പോക്കിലാണ് സംസ്ഥാനത്തെ ഏറ്റവും വലിയ മനുഷ്യ നിർമ്മിത പച്ചത്തുരുത്ത് സ്ഥിതി ചെയ്യുന്നത്. 2020 നവംബർ 5 നാണ് ഈ പച്ചത്തുരുത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചത്. മഴക്കാലത്ത് രൂക്ഷമായ വെള്ളപ്പൊക്കവും ശക്തമായ നീരൊഴുക്കും അനുഭവപ്പെടുന്നതിനാൽ വൃക്ഷങ്ങൾ വളരുന്നതിന് വളരെയധികം പ്രതിസന്ധി ഉള്ള ഒരു സ്ഥലത്താണ് വെള്ളക്കെട്ടിനെയും നീരൊഴുക്കിനെയും അതിജീവിക്കുവാൻ സാധിക്കുന്ന പ്രത്യേക ഇനം വൃക്ഷത്തൈകൾ കണ്ടെത്തി ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നട്ട് പരിപാലിച്ച് വിസ്തൃതമായ ഒരു പച്ചത്തുരുത്ത് തയ്യാറാക്കിയിരിക്കുന്നത്. വയനാട് അമ്പലവയൽ സ്വാമിനാഥൻ ഫൗണ്ടേഷന്റെ വിദഗ്ധ ഉപദേശം സ്വീകരിച്ചുകൊണ്ടാണ് നടീൽ വസ്തുക്കളുടെ തെരഞ്ഞെടുപ്പും മറ്റും നടത്തിയത്. സ്വാമിനാഥൻ ഫൗണ്ടേഷന് പുറമേ വനംവകുപ്പിന്റെ കണ്ണവം ഡിവിഷൻ ഓഫീസിൽ നിന്നും ആവശ്യമായ വൃക്ഷത്തൈകൾ സമാഹരിച്ചാണ് പച്ചത്തുരുത്ത് നിർമ്മാണം ആരംഭിച്ചത്. പഞ്ചായത്തിലെ 2-ാം



വാർഡിലെ അയ്യപ്പൻ കാവ് കേന്ദ്രീകരിച്ച് പുഴ സംരക്ഷണ സമിതി രൂപീകരിച്ചാണ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. പാലപ്പുഴ കളരി അങ്കണത്തിൽ ആദ്യ യോഗം ചേർന്നത്.

4 വർഷത്തിലേറെ പ്രായമുള്ള 42160 ചെറു വൃക്ഷങ്ങൾ ഇവിടെ വളരുന്നുണ്ട്. അഞ്ചും ആറും മീറ്റർ ഉയരത്തിൽ വരെ വൃക്ഷങ്ങൾ വളർന്ന് പന്തലിച്ചിരിക്കുന്ന കാഴ്ച ഏവരുടേയും കണ്ണിന് കുളിർമയേകും.

പ്രളയത്തെയും നീരൊഴുക്കിനേയും പ്രതിരോധിക്കുന്ന നീർമരുത് , മണിമരുത് , മലവിരിഞ്ഞി, കമ്പിളി വിരിഞ്ഞി, പുണ്യാവ അങ്കോലം, കൊട്ട വാക, കുളിർമാവ്, വെൺ പാല, ഏഴിലംപാല, ചെമ്മരം, ആറ്റുപേഴ്, മലയിലഞ്ഞി, നാഗലിംഗം തോമരാശി തുടങ്ങിയ ഇനം വൃക്ഷങ്ങളും വിവിധ ഇനം കുറ്റിച്ചെടികളും വള്ളിച്ചെടികളും അടങ്ങിയ ജൈവ വൈവിധ്യങ്ങളുടെ കലവറയാണ് ഇപ്പോൾ ഈ പ്രദേശം. ആറളം വന്യജീവി വന്യജീവി സങ്കേതവുമായി അതിർത്തി പങ്കിടുന്ന പുഴയോരത്ത് സ്ഥിതി ചെയ്യുന്ന പച്ചത്തുരുത്തായതിനാൽ ചിത്രശലഭങ്ങളുടേയും വിവിധ ഇനം പക്ഷികളുടേയും താവളമായി ഇവിടം മാറിയിട്ടുണ്ട്.

വിവിധയിനം തുമ്പികളും ഈ പുഴപ്പരപ്പിൽ വിരുന്നെത്തുന്നുണ്ട്. മിസ് കേരളയുൾപ്പെടെ വംശനാശ ഭീഷണി നേരിടുന്ന മത്സ്യങ്ങളെയും ഈ പുഴയിൽ കണ്ടുവരുന്നു.

വിശാലമായ പുഴയോരക്കാഴ്ച ആസ്വദിക്കാൻ പറ്റുന്ന രീതിയിൽ ഇപ്പോൾ തയ്യാറായിട്ടുള്ള



പച്ചത്തുരുത്തിന്റെ അതിർത്തിയിലൂടെയും മരങ്ങൾക്കിടയിലൂടെയും സന്ദർശകർക്ക് സുഗമമായി സഞ്ചരിക്കാൻ സാധിക്കുന്ന തരത്തിൽ നടപ്പാതകളും ഇരിപ്പിടങ്ങളും ഒരുക്കി അനന്തമായ ടൂറിസം സാധ്യതകൾ കണ്ടെത്താൻ സാധിക്കുന്ന ഒരിടമായി ഭാവിയിൽ ഈ പച്ചത്തുരുത്തിനെ മാറ്റിത്തീർക്കാനാണ് ശ്രമം.

ആദ്യഘട്ടത്തിൽ വൃക്ഷത്തൈകൾ നട്ടുവളർത്തിയ 5 ഏക്കർ സ്ഥലത്ത് ഓരോ ഇനം വൃക്ഷങ്ങളുടേയും പേരും ശാസ്ത്രീയ നാമവും അടങ്ങുന്ന ബോർഡുകൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സ്ഥാപിച്ചിട്ടുണ്ട്. മുഴുവൻ വൃക്ഷങ്ങൾക്കും കുറ്റിച്ചെടികൾക്കും ബോർഡ് സ്ഥാപിച്ച് ജിയോ ടാഗ് ചെയ്യുന്നതിനുള്ള പ്രോജക്റ്റ് നടപ്പിലാക്കാനാണ് ശ്രമം.

## കുഞ്ഞിമംഗലം ഗ്രാമ പഞ്ചായത്ത്

### പയ്യന്നൂർ കോളേജ്

ജൈവവൈവിധ്യത്താൽ സമ്പന്നമായ ഇടനാടൻ ചെങ്കൽക്കുന്നുകളും കുന്നിൻചെരിവുകളും നിറഞ്ഞ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിലാണ് പയ്യന്നൂർ കോളേജ്. ഹരിതകേരളം മിഷന്റെ പരിസ്ഥിതി പ്രവർത്തങ്ങൾ ഏറെ സ്വാധീനിച്ച കോളേജുകളിൽ ഒന്നാണ് പയ്യന്നൂർ കോളേജ്. കോളേജിൽ പച്ചത്തുരുത്ത് ഒരുക്കണമെന്ന മിഷന്റെ നിർദ്ദേശം കോളേജ് വിദ്യാർഥികളും അദ്ധ്യാപകരും സ്വീകരിച്ചു.

പശ്ചിമഘട്ടത്തിൽ മാത്രം കാണുന്ന തനതുമരങ്ങളെ (endemic trees) കുറിച്ച് പുതിയതലമുറയ്ക്ക് അറിവ് കൊടുക്കുക എന്നതും, ഇവ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ട് എന്ന ബോധം കുട്ടികളിൽ ഉണ്ടാക്കുക എന്ന ആശയവും നടപ്പിലാക്കുക എന്ന ലക്ഷ്യമാണ് പച്ചത്തുരുത്ത് ഒരുക്കാൻ കാരണം. ആദ്യ ഘട്ടത്തിൽ ജൈവ വൈവിധ്യ ബോർഡിന്റെ സഹായത്തോടെയാണ് ഈ ആരംഭിച്ചത്

ഒരേക്കറിൽ അധികം സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന പയ്യന്നൂർ കോളേജ് പച്ചത്തുരുത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അവിടെ വളരുന്ന എല്ലാ മരങ്ങളുടെയും വള്ളികളുടെയും (woody climbers) സംരക്ഷണ പ്രാധാന്യമാണ്. പശ്ചിമഘട്ടത്തിൽ മാത്രം കാണുന്ന സസ്യങ്ങളുടെ (endemic trees) 100 ഓളം ഇനങ്ങൾ (Species) ആണ് ഇവിടെ നട്ട് പിടിപ്പിച്ചിരിക്കുന്നത്. ഏകദേശം 300 മരങ്ങളാലും , 70 ലധികം വലിയ വള്ളികളാലും , അടിക്കാടായി വളർന്ന നൂറിലധികം ഔഷധസസ്യങ്ങളാലും സമൃദ്ധമായ ഇവിടം ഒരു കാടിന്റെ സ്വാഭാവിക ആവാസ വ്യവസ്ഥ പ്രദാനം ചെയ്യുന്നുണ്ട്. അതുകൊണ്ടുതന്നെ പക്ഷികളുടെയും, പൂമ്പാറ്റകളുടെയും മറ്റ് ജീവജാലങ്ങളുടേയും തുരുത്തായി ഇവിടം മാറിയിരിക്കുന്നു

പയ്യന്നൂർ കോളജ് പച്ചത്തുരുത്തിൽ വളരുന്ന മരങ്ങൾ പലതും വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ രേഖപ്പെടുത്തുന്ന ഇന്ത്യൻ റെഡ് ഡാറ്റാ ബുക്കിൽ ഇടം നേടിയവയാണ്. Critically Endangered വിഭാഗത്തിൽ രേഖപ്പെടുത്തിയ 'തണ്ടിടിയൻ ' എന്ന ഇനത്തിന്റെ (Madhuca bourdillonii) മൂന്ന് മരങ്ങൾ ഇവിടെയുണ്ട്. Phaentuis malabaricus (കുണുക്കി പാണൽ), Syzygium occidentalis (ആറ്റ് ചാമ്പ) വാഴച്ചാൽ പ്രദേശത്ത് മാത്രം കാണപ്പെടുന്ന കാട്ട് ചാമ്പ ഇനം, Syzygium stocksii (കൊല്ലിചാവൽ ) തുടങ്ങിയവ ഇവിടം വളരുന്ന Red data book ൽ രേഖപ്പെടുത്തിയ ഇനങ്ങളിൽ ചിലതാണ്.





അപൂർവ ഔഷധ മരങ്ങളായ Pterospermum rubiginosum (എല്ലൂറ്റി) അണലിവേഗം, എണ്ണപൈൻ (kingiodendron) തുടങ്ങിയവയും ഇവിടെ വളർന്ന് പൂക്കാൻ തുടങ്ങിയിട്ടുണ്ട്. മഴക്കാടുകളിൽ മാത്രം കാണുന്ന ഭക്ഷ്യ യോഗ്യമായ മൂട്ടിൽപഴവും (Baccaurea Courtallensis) മനോഹരമായ പൂക്കളുള്ള വള്ളിമന്ദാരവും (Bauhinia phoenecea) ശ്വേത പുഷ്പിയും (Beamontia) കോളേജ് പച്ചതുരുത്തിലെ പ്രധാനികളാണ്.

### സവിശേഷതകൾ

- പച്ചത്തുരുത്തിലെ മരങ്ങളെല്ലാം പശ്ചിമഘട്ടത്തിൽ മാത്രം കാണപ്പെടുന്ന സംരക്ഷണ പ്രാധാന്യമുള്ള മരങ്ങളാണ്.(Endemic and endangered trees)
- ഔഷധ സസ്യങ്ങളാൽ സമ്പന്നമായ അടിക്കാടുകൾ
- അപൂർവയിനം വള്ളികൾ പടർന്ന് നിൽക്കുന്ന ഉപരി മേലാപ്പ്.



- പല മരങ്ങളും പൂക്കാനും സ്വാഭാവികമായി തൈകൾ ഉൽപ്പാദിപ്പിക്കാനും തുടങ്ങി.
- വിദ്യാർത്ഥികൾക്കും പെതുജനങ്ങൾക്കും തിരിച്ചറിയാൻ ഉതകുന്ന രീതിയിലുള്ള ബോർഡുകളും QR കോഡ് അടക്കമുള്ള പേരു വിവരങ്ങൾ.
- ചെങ്കൽ പാകിയ നടപ്പാതകൾ അതിരുകളിൽ ജൈവ വേലി.
- സംരക്ഷണ പ്രവർത്തനങ്ങളിൽ വിദ്യാർഥികളുടെ സജീവപങ്കാളിത്തം

## കണ്ണൂർ സെൻട്രൽ ജയിൽ ട്രീ മ്യൂസിയം

കേരളത്തിലെ ഏറ്റവും പഴക്കം ചെന്നതും ബ്രിട്ടീഷുകാർ നേരിട്ട് ഭരണം നടത്തിയിരുന്നതുമായ കണ്ണൂർ സെൻടൽ ജയിൽ ഹരിതാഭമാക്കുന്നതും ജയിലിൽ സമഗ്രമായ വികസന പ്രവർത്തനങ്ങൾ നടത്തുന്നതും ലക്ഷ്യമിട്ട് ഹരിതസ്പർശം എന്ന പേരിൽ ജീവനക്കാരുടെ കൂട്ടായ്മയിൽ നിരവധി പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഈ പ്രവർത്തനങ്ങൾ ആയിരത്തോളം തടവുകാർക്ക് മാനസിക പരിവർത്തനത്തിന് വഴിയൊരുക്കുന്നതോടൊപ്പം പുതിയ ഹരിത ജീവിതചര്യം രൂപ്പെടുത്തുവാനും സഹായിക്കുന്നു.



വംശനാശം വന്നുകൊണ്ടിരിക്കുന്ന അപൂർവ്വം വൃക്ഷങ്ങളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2020 ൽ ഹരിതകേരളം മിഷന്റെ സഹായത്തോടുകൂടി സെൻടൽ ജയിലിൽ "സ്നേഹവനം" ട്രീ മ്യൂസിയത്തിന് തുടക്കം കുറിക്കുന്നത്. നിലവിൽ ഈ പച്ചത്തുരുത്ത് എഴുപതോളം അപൂർവ്വ ഇനം സസ്യങ്ങളും അവയുമായി ബന്ധപ്പെട്ട മറ്റു ജീവജാലങ്ങളുമായി സമ്പന്നമാണ്. ഇവയിൽ പശ്ചിമഘട്ടത്തിലെ സ്ഥാനികവും അപൂർവ്വവും വംശനാശഭീഷണി നേരിടുന്നതുമായ വെള്ള പൈൻ, ഉരുപ്പ്, കറുത്ത കുന്തിരിക്കം തുടങ്ങിയവയും കേരളത്തിൽ അപൂർവമായ ഔഷധസസ്യം വിളാർ

മരം (വുഡ് ആപ്പിൾ), സുഗന്ധത്തിന് പേര് കേട്ട രാജമല്ലി, ഗന്ധരാജൻ, പവിഴമല്ലി, സർവ്വസുഗന്ധി, കർപ്പൂരം തുടങ്ങിയവയും അപൂർവയിനം ഔഷധസസ്യങ്ങളായ രുദ്രാക്ഷം, ഭദ്രാക്ഷം, അംഗോലിക, വാത്മീകി ജഡ, കായാമ്പൂ, നാഗ കേസരം, ആന കുറുന്തോട്ടി, ആന തൊണ്ടി തുടങ്ങിയ വൃക്ഷങ്ങളും ഉൾപ്പെടുന്നു.

പച്ചത്തുരുത്തിന്റെ ജൈവവേലിയായി കൈതച്ചക്ക ചെടികളും കുറ്റി മുളത്തൈകളും ആണ് ഉപയോഗിച്ചിരിക്കുന്നത്. ജയിലിൽ തന്നെ നിർമ്മിക്കുന്ന ജൈവവളമാണ് സസ്യങ്ങൾക്ക് നൽകുന്നത് കൂടാതെ പരിപാലിക്കാനായി അന്തേവാസികൾ അടങ്ങുന്ന ഒരു പ്രത്യേക ടീമും നിലവിലുണ്ട്. സ്നേഹവനത്തിന്റെ മുൻവശത്തായി കിലുക്കി, ചെക്കി, ഹനുമാൻ കിരീടം തുടങ്ങിയ സസ്യങ്ങളാൽ സംബന്ധമായ ശലഭോദ്യാനവും മറ്റൊരുവശത്ത് പശ്ചിമഘട്ടത്തിൽ കൊങ്കൺ മേഖലയിൽ പ്രധാനമായും കാണപ്പെടുന്ന കൊക്കം (പിനം പുളി, മരപ്പുളി, കാട്ടമ്പി.. തുടങ്ങിയവ മറ്റു പേരുകളാണ്) മരങ്ങളുടെ തോട്ടവും സ്ഥിതിചെയ്യുന്നു. കടമ്പ് മരം പോലുള്ള ചിത്രശലഭങ്ങളുടെ ആതിഥേയ സസ്യങ്ങളും (ഹോസ്റ്റ് പ്ലാന്റ്), നിരവധി നെക്ടർ പ്ലാന്റുകളും ഉള്ളതുകൊണ്ടുതന്നെ നീലകടുവ, അരളിശലഭം, തവിടൻ, ചുട്ടിക്കറുപ്പൻ, നാരക ശലഭം, വൻചൊട്ട ശലഭം, വഴനപ്പൂമ്പാറ്റ, പുള്ളിവാലൻ, ചോക്ലേറ്റ് ആൽബട്രോസ്, തകര മുത്തി തുടങ്ങിയ 50 ഓളം ചിത്രശലഭങ്ങളുടെ കേന്ദ്രമാണ് ഈ പച്ചത്തുരുത്ത്. കൂടാതെ നിരവധി ഇനം ചിലന്തികൾ, തവളകൾ, പക്ഷികൾ തുടങ്ങിയ ജീവജാലങ്ങളുടെ ആവാസ കേന്ദ്രം കൂടിയാണ് ഇവിടം .

## ചെറുതാഴം ഗ്രാമപഞ്ചായത്ത്

### വയലപ്ര കണ്ടൽ തുരുത്ത്

പുഴയും കടലും ഒന്നായിച്ചേരുന്നിടത്ത്, പ്രകൃതി ഒരുക്കിയ ജൈവവൈവിധ്യത്തിന്റെ വിസ്മയലോകമാണ് കണ്ടൽക്കാടുകൾ. കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന 'വയലപ്ര കണ്ടൽ സംരക്ഷണ പാർക്ക് ഇത്തരമൊരു വീണ്ടെടുപ്പിന്റെയും കരുതലിന്റെയും കഥയാണ് പറയുന്നത്.

പഞ്ചായത്തിന്റെ അധീനതയിലുള്ള ആറ് ഏക്കറോളം വരുന്ന കായൽപ്പരപ്പിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. പുഴയും കടലും സംഗമിക്കുന്ന പ്രദേശമായതിനാൽ ഉപ്പുരസമുള്ള ജലമാണ് ഇവിടുത്തേത്. വേലിയേറ്റ സമയത്ത് കായൽ കരകവിഞ്ഞ് ഒഴുകുന്നത് പതിവായിരുന്നു. ഇതിന്റെ






ഫലമായി പഞ്ചായത്തിലെ പ്രധാന കാർഷിക മേഖലയായ അതിയടം പാടശേഖരത്തിൽ ഉപ്പുവെള്ളം കയറുകയും കൃഷി വ്യാപകമായി നശിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടായിരുന്നു. ഇതിനൊരു ശാശ്വത പരിഹാരം കണ്ടെത്തുക എന്നത് പ്രദേശവാസികളുടെയും പഞ്ചായത്തിന്റെയും ആവശ്യമായിരുന്നു.

അതിർത്തിയിലൂടെ ഒഴുകുന്ന രാമപുരം പുഴയിലെ ചെളി നീക്കി ശുചീകരിച്ചത് ഈ പ്രദേശത്ത് വലിയ മാറ്റങ്ങൾക്ക് തുടക്കമിട്ടു എന്നാൽ അതുകൊണ്ട് മാത്രം പ്രശ്നങ്ങൾ അവസാനിക്കുന്നില്ലെന്ന തിരിച്ചറിവുണ്ടായിരുന്നു.

കരയിടിച്ചിൽ രൂക്ഷമാവുകയും ഉപ്പു വെള്ളത്തിന്റെ കടന്നു കയറ്റം കാരണം പ്രദേശത്താകെ ശുദ്ധജല ക്ഷാമം പ്രധാന പ്രശ്നമാവുകയും ചെയ്തു. ഇവയ്ക്കൊരു പരിഹാരമായിരുന്നു രണ്ട് ഘട്ടങ്ങളായാണ് ഇവിടെ കണ്ടൽ പാർക്ക് ഒരുക്കിയത്. ആദ്യ ഘട്ടത്തിൽ പുഴയുടെ കരയിലെമ്പാടും കണ്ടലുകൾ നട്ടു വളർത്തി. രണ്ടാം ഘട്ടത്തിൽ ബോധവൽക്കരണത്തോടൊപ്പം കണ്ടൽ നടീലും കൂടി ലക്ഷ്യമിട്ടു. അന്തരീക്ഷ മലിനീകരണം തടയാൻ ധാരാളം ഓക്സിജൻ പുറന്തള്ളുക, ചെമ്മീൻ ഉൾപ്പെടെയുള്ള മത്സ്യങ്ങളുടെ പ്രജനനത്തിന് സുരക്ഷിതമായ ഇടമൊരുക്കുക, കരയിടിച്ചിൽ തടയുക, വെള്ളപ്പൊക്കത്തെ നിയന്ത്രിക്കുക എന്നീ ലക്ഷ്യങ്ങളോടെ ആണ് പാർക്ക് നിർമിച്ചത്.

ഈ ഉദ്യമത്തിൽ പിന്തുണയുമായി വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ (WTI), കണ്ണൂർ കണ്ടൽ പ്രോജക്ട് എന്നിവർ കൂടി പങ്കാളികളായി. അവരുടെ സാങ്കേതിക സഹായത്തോടെ വിപുലമായ ബോധവൽക്കരണ പ്രവർത്തങ്ങൾ സംഘടിപ്പിച്ചു. രണ്ടാം ഘട്ടത്തിൽ ആവശ്യമായ നടീൽ വസ്തുക്കൾ പ്രസ്തുത സ്ഥാപനമായിരുന്നു എത്തിച്ചു നല്കിയത്.

വാർഡ് മെമ്പറുടെ നേതൃത്വത്തിൽ സ്വാഗതസംഘം രൂപീകരിച്ചായിരുന്നു രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്, പദ്ധതിയുടെ പ്രചരണാർത്ഥം ചെറുതാഴം ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ (SPC) സൈക്കിൾ റാലി സംഘടിപ്പിച്ചു.

2022 ജനുവരി 10-ന് ബഹുമാനപ്പെട്ട തുറമുഖ, പുരാവസ്തു, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ രണ്ടാം ഘട്ട പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ എത്തിച്ചുനൽകിയ 15,000 കണ്ടൽ തൈകളാണ് തൊഴിലുറപ്പ് തൊഴിലാളികളുടെ സഹകരണത്തോടെ കായൽച്ചെരുവിൽ നട്ടുപിടിപ്പിച്ചത്. വേലിയേറ്റവും മറ്റ് പ്രകൃതിക്ഷോഭങ്ങളും കാരണം ചില തൈകൾ നഷ്ടപ്പെട്ടെങ്കിലും, അവ യഥാസമയം പുനസ്ഥാപിക്കാനും പരിപാലിക്കാനും

പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

### ഇന്നത്തെ വയലപ്ര

ഇന്ന്, കായൽപ്പരപ്പും അതിനു ചുറ്റും വളർന്നുവരുന്ന കണ്ടൽച്ചെടികളും ചേർന്ന് മനോഹരമായ ഒരു ദൃശ്യവിരുന്നാണ് സന്ദർശകർക്ക് സമ്മാനിക്കുന്നത്. ഇവിടെയെത്തുന്നവർക്ക് കണ്ടൽക്കാടുകളുടെ പ്രാധാന്യം വ്യക്തമാക്കുന്ന ബോധവൽക്കരണ ലഘുലേഖകൾ വിതരണം ചെയ്യുന്നുണ്ട്.

ഈ കൂട്ടായ പ്രവർത്തനത്തിനുള്ള അംഗീകാരമായി, 2025 ജൂലൈ 26-ന് അന്താരാഷ്ട്ര കണ്ടൽ ദിനത്തിൽ വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ ഏർപ്പെടുത്തിയ പുരസ്കാരം വയലപ്ര പാർക്കിന് അവരുടെ മറൈൻ പ്രോജക്റ്റ് കോ-ഇൻവെസ്റ്റിഗേറ്റർ സാജൻ ജോണിൽ നിന്നും ഏറ്റുവാങ്ങാൻ സാധിച്ചത് അഭിമാനകരമായ നിമിഷമായിരുന്നു. വരുംതലമുറകൾക്കായി ഈ പച്ചപ്പ് സ്ഥിരമായി നിലനിർത്താനും ശാസ്ത്രീയമായി പരിപാലിക്കാനുമുള്ള പദ്ധതികളാണ് ഇപ്പോൾ വിഭാവനം ചെയ്യുന്നത്.

## പ്രയാങ്കോട്ടം ദേവഹരിതം പച്ചത്തുരുത്ത്

### കണ്ണപുരം ഗ്രാമ പഞ്ചായത്ത്

കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെ കിഴക്കൻ മേഖല ചെങ്കൽക്കുന്നുകളുടെ പ്രദേശമാണ്. ചെറിയ കുന്നുകളും നെൽവയലുകളും ഇവിടെ കാണാം. പ്രയാങ്കോട്ടം ശിവക്ഷേത്രം സ്ഥിതി ചെയ്യുന്നത് ചെങ്കൽക്കുന്നുകൾക്കിടയിലുള്ള ദേവസ്വം ഭൂമിയിലാണ്.ക്ഷേത്ര സേവാ സമിതി ദേവസ്വം ഭൂമിയിലെ സസ്യ-വൃക്ഷാദികളെ ശിവകാനനം എന്ന പേരിൽ സംരക്ഷിച്ചു വന്നിരുന്നു. ക്ഷേത്ര ഭൂമിയുടെ പടിഞ്ഞാറ് ഭാഗം 3 ഏക്കർ വിസ്തൃതിയിൽ തരിശായ മൊട്ടക്കുന്നാണ്. ആ സ്ഥലത്ത് ദേവവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് സംരക്ഷിക്കണമെന്ന് ഏറെക്കാലമായി ഭക്തജനങ്ങൾക്കിടയിൽ നിന്നു ആവശ്യമുയർന്നു കൊണ്ടിരിന്നു. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ട ഗ്രാമ പഞ്ചായത്ത് ഭരണസമിതി ഹരിതകേരളം മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി തരിശ് ഭൂമിയിൽ പച്ചത്തുരുത്ത് ഒരുക്കാൻ തീരുമാനിക്കുകയായിരുന്നു.

2019 ൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചു. ദേവഹരിതം പച്ചത്തുരുത്തിൽ ദേവവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് സംരക്ഷിക്കുന്നതിനൊപ്പം അന്യം നിന്നുപോകുന്ന പ്രാദേശിക സസ്യവൈവിധ്യ സംരക്ഷണവും ഏറ്റെടുത്തു. 49 ഇനത്തിലൂള്ള വൃക്ഷങ്ങളും സസ്യങ്ങളുമാണ് ഇവിടെ നന്നായി വളർന്നുവരുന്നത്.

പച്ചത്തുരുത്ത് പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പ് കടുത്ത ചൂടും ജലക്ഷാമവുമുള്ള ഈ മൊട്ട



കുന്നിനെ തട്ട് തിരിച്ചാണ് വൃക്ഷവൽക്കരണം നടത്തിയത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി പ്രദേശത്തെ 7 തട്ടുകളായിത്തിരിക്കുകയും മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തു. തുടർന്ന് ഘട്ടം ഘട്ടമായി വൃക്ഷ തൈകൾ നട്ടു പിടിപ്പിച്ചു. ഇപ്പോൾ 989 വൃക്ഷങ്ങൾ ഇവിടെ തഴച്ചുവളരുന്നുണ്ട്. പ്രയാങ്കോട്ടം ദേവഹരിതം പച്ചത്തുരുത്ത് അക്ഷരാർത്ഥത്തിൽ മനുഷ്യനിർമ്മിത വനമാണ്.

പച്ചത്തുരുത്തിന്റെ നിർമ്മിതിയോടെ പ്രദേശത്തെ വരൾച്ചയും ചൂടും ജലക്ഷാമവും കുറഞ്ഞതായും കിണറുകളിൽ വെള്ളം വറ്റുന്നത് കുറഞ്ഞതായും സമീപവാസികൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പച്ചത്തുരുത്തിൽ കാടിന്റ ആവാസവ്യവസ്ഥ ക്രമമായി വികസിച്ചുവരുന്നതും വിവിധ ചിത്രശലഭങ്ങളുടെയും പക്ഷികളുടെയും സജീവ സാന്നിധ്യവും പച്ചത്തുരുത്ത് ജൈവകലവറയായി മാറി കഴിഞ്ഞു എന്നതിന്റെ തെളിവാണ്.

## മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

### മൃദംഗശൈലേശ്വരി ക്ഷേത്രത്തിന് തൊടുകുറിയായി ഒരു പച്ചത്തുരുത്ത്

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ പേരാവൂർ ബ്ലോക്കിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന അതിപുരാതന ക്ഷേത്രമാണ് മുഴക്കുന്ന് ശ്രീ മൃദംഗശൈലേശ്വരീ ക്ഷേത്രം. പരശുരാമപ്രതിഷ്ഠിതമായ 108 ദുർക്ഷേത്രങ്ങളിലൊന്നാണിത്. കേരളത്തിന്റെ കലയായ കഥകളി ,കോട്ടയം തമ്പുരാൻ സൃഷ്ടിച്ചത് ഈ ക്ഷേത്രത്തിൽ വച്ചാണ് എന്നാണ് പറയപ്പെടുന്നത്. .

ഈ പ്രദേശം മുൻ കാലങ്ങളിൽ ഔഷധ സസ്യങ്ങളും ഫലവൃക്ഷങ്ങളും കാടുകളും കൊണ്ട് സമ്പന്നമായിരുന്നു. എന്നാൽ അത് പിന്നീട് കുറഞ്ഞു വന്നു. നഗര സ്വഭാവം ഈ ഗ്രാമത്തിനെയും അതുവഴി ഈ ക്ഷേത്രത്തിനെയും പിടി കൂടി. സംസ്ഥാന സർക്കാരിന്റെയും മലബാർ ദേവസ്വം ബോർഡിന്റെയും നേതൃത്വത്തിൽ നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ ക്ഷേത്രത്തോടനുബന്ധിച്ച് നടന്നപ്പോൾ കുറേയേറെ വൃക്ഷ ലതാദികൾ വെട്ടി മാറ്റപ്പെട്ടു. അത്തരമൊരു സാഹചര്യത്തിലാണ്



മുഴക്കുന്ന് ഗ്രാമ പഞ്ചായത്തും ഹരിതകേരളം മിഷനും പച്ചത്തുരുത്ത് എന്ന പദ്ധതി ക്ഷേത്ര സംരക്ഷണ സമിതി മുമ്പാകെ അവതരിപ്പിക്കുന്നത്.

ക്ഷേത്രത്തോട് ചേർന്ന് ഉണ്ടായിരുന്ന 40 സെന്റ് സ്ഥലത്ത് എല്ലാ ആചാരങ്ങളെയും അടിസ്ഥാനമാക്കി ഒരു ചെറിയ ദേവവനം എന്ന ആശയമാണ് ക്ഷേത്രഭരണസമിതിയ്ക്കും ഭക്തജനങ്ങൾക്കും മുമ്പാകെ ഹരിതകേരളം മിഷൻ എത്തിച്ചത്. എല്ലാവരിൽ നിന്നും നല്ല രീതിയിലുള്ള പിന്തുണ ലഭിച്ചപ്പോൾ പലതട്ടായി കിടന്ന സ്ഥലത്തെ ഒറ്റ പ്ലോട്ടാക്കി മാറ്റി. ആ സ്ഥലത്തുണ്ടായിരുന്ന മാലിന്യങ്ങൾ ഒക്കെ നീക്കം ചെയ്തു. മണ്ണ് ഇളക്കിമറിച്ചു. സ്ഥലം ഒരുക്കി . വനം വകുപ്പ് ആവശ്യമായ വൃക്ഷതൈകൾ എത്തിച്ചു നൽകി. ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ സഹകരണത്തോടെ 2022 ജൂലൈ 23ന് മലബാർ ദേവസ്വം ബോർഡ് ചെയർമാൻ എം. ആർ മുരളി ആദ്യ തൈ നട്ട് ദേവഹരിതം പച്ചത്തുരുത്ത് പദ്ധതിക്ക് തുടക്കം കുറിച്ചു. ക്ഷേത്ര പാരമ്പര്യവുമായി ബന്ധപ്പെട്ട 80 വൃക്ഷതൈകളാണ് നട്ടത്.

ആദ്യഘട്ടത്തിൽ വൃക്ഷതൈകൾ സംരക്ഷിക്കുക ശ്രമകരമായിരുന്നു. ജലലഭ്യത ഒരു പ്രധാന വെല്ലുവിളിയായി തീർന്നു. പാർത്ഥ സാരഥി ക്ഷേത്ര പരിസരത്തെ കിണറിൽ വറ്റിയതോടെ ഏപ്രിൽ മെയ് മാസങ്ങളിൽ ജലം തീരെ ലഭിക്കാതെ വന്നു. അതിനാൽ അവിടെ നിന്നും കുറച്ച് അധികം ദൂരെയുള്ള കുളത്തിൽ നിന്നും മോട്ടോർ വച്ച് വൃക്ഷത്തൈകൾ നനയ്ക്കേണ്ട അവസ്ഥയുണ്ടായി .വൃക്ഷങ്ങൾ അതിവേഗ വളർന്നു. വൃക്ഷങ്ങൾ വളർന്നതോടെ വേനൽകാലത്ത് വറ്റിയിരുന്ന പാർത്ഥസാരഥി ക്ഷേത്രത്തിലെ കിണറിലെ വെള്ളം വറ്റാതായി.

തുടക്കത്തിൽ നട്ടിരുന്നതിൽ 95 ശതമാനവും ഇപ്പോൾ നല്ല നിലയിൽ വളർന്നുനിൽക്കുന്നു . കൂവളം, നെല്ലി, മണിമരുത്, കുടപ്പന, ഇലത്തി, പ്ലാശ്, തുടങ്ങി 56 ഓളം വൃക്ഷങ്ങൾ, നാടൻ ചെക്കി, നാരകം തുടങ്ങിയ കുറ്റിച്ചെടികൾ, വേപ്പ്, തുളസി, ചെമ്പരത്തി തുടങ്ങിയ ഔഷധ സസ്യങ്ങൾ, തുമ്പയും മഷിത്തണ്ടുമെല്ലാം അടങ്ങിയ ഓഷധികൾ, വള്ളിപ്പടർപ്പുകൾ . ഇവയാണിപ്പോൾ ഈ പച്ചത്തുരുത്തിന്റെ ശക്തി.

ഓരോ വൃക്ഷത്തിനും വള്ളി പടർപ്പിനും കുറ്റിച്ചെടികൾക്കും അവയുടെ പേരുകൾ തിരിച്ചറിയാനായി ബോർഡുകൾ തയ്യാറാക്കി നല്കി. അതോടൊപ്പം നീതി സാരത്തിലെയും മഹാകവി ഉള്ളൂരിന്റെയുമൊക്കെ മനോഹരമായ വരികൾ ബോർഡുകളിലാക്കി മരങ്ങൾക്കിടയിൽ ഭക്തർക്ക് വായിക്കാനായി സ്ഥാപിച്ചു.



നാഗസ്ഥാനവും, കിരാതമൂർത്തി പ്രതിഷ്ഠയും, പാർത്ഥസാരഥി പ്രതിഷ്ഠയും ദർശിക്കാനെത്തുന്നവരെല്ലാം പച്ചത്തുരുത്തിനിടയിലൂടെ നടന്നു വേണം ഇവ ദർശിക്കാൻ. ഇതിനായി പച്ചതുരുത്തി നിടയിലൂടെ നല്ലൊരു നടപ്പാത നിർമ്മിച്ചു. ഇവിടെയെത്തുന്ന ഓരോ ഭക്തനും പച്ചത്തുരുത്തിന്റെ സംരക്ഷകനായി.

## കരിവള്ളൂർ പെരളം ഭഗവതി ക്ഷേത്രം

### കരിവെള്ളൂർ പെരളം ഗ്രാമ പഞ്ചായത്ത്

കേരളത്തിൽ രാഷ്ട്രീയ ഭൂപടത്തിൽ തങ്കലിപികളിൽ ശോഭിക്കുന്ന പ്രകൃതി രമണീയമായതും നിരവധി ചരിത്ര മുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിച്ചതുമായ പ്രദേശമാണ് കരിവെള്ളൂർ. പ്രസ്തുത പഞ്ചായത്തിലെ പുത്തൂർ നീർത്തടത്തിന്റെയും കൂക്കാനം നീർത്തടത്തിന്റെയും സംഗമസ്ഥലമായ തെക്കുഭാഗം ജൈവാംശം കുറഞ്ഞ മണൽ മണ്ണുള്ള പദ്ധതി പ്രദേശമാണ്. ഇവിടെ സാഭാവികവനങ്ങൾ കുറവാണ്. ശ്രീ പെരളത്ത് ഭഗവതി ക്ഷേത്രത്തിന്റെ അധീനതയിലുള്ള തരിശായി കിടന്ന 40 സെന്റ് പ്രദേശത്താണ് ദേവഹരിതം പച്ചത്തുരുത്ത് ഒരുക്കി ഗ്രാമ പഞ്ചായത്ത് അത്ഭുതം സൃഷ്ടിച്ചത്. തദ്ദേശീയമായ വൃക്ഷങ്ങൾ, ചെറു വൃക്ഷങ്ങൾ, ഔഷധികൾ, കുറ്റിച്ചെടികൾ എന്നിവയ്ക്ക് പ്രാധാന്യം നൽകി വൃക്ഷ തൈകൾ കണ്ടെത്തിയാണ് ഇവിടെ നട്ടു പരിപാലിച്ചത്.

2021 ജൂൺ 5 ലെ പരിസ്ഥിതി ദിനത്തിൽ നീർമരുത് തൈ നട്ടു കൊണ്ടാണ് പച്ചത്തുരുത്ത് ഒരുക്കൽ ആരംഭിച്ചത്. 40 ഇനം സസ്യങ്ങളാണ് ഇവിടെ നട്ടുപിടിപ്പിച്ചത്. കടുത്ത വേനലിൽ മണൽ മണ്ണിൽ നല്ല പരിപാലനം നൽകിയിട്ടു പോലും നട്ട സസ്യങ്ങളുടെ അതിജീവനം വളരെ പ്രയാസകരമായിരുന്നു. നിരവധി തൈകൾ നശിച്ച് അവിടെയെല്ലാം തൈകൾ പുനർ നടീൽ നടത്തി സംരക്ഷിച്ചിട്ടുണ്ട്. ജൈവവേലി കെട്ടി നട്ട തൈകളുടെ സംരക്ഷണവും പരിപാലനവും സമിതി ഏറ്റെടുത്തു നടത്തുന്നു. ചെടികളുടെ പ്രാദേശിക നാമവും ശാസ്ത്രീയ നാമവും രേഖപ്പെടുത്തി ടാഗ് ചെയ്തിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ നെയിംബോർഡും പ്രദർശിപ്പിച്ചിട്ടുണ്ട്.

## തവിടിശ്ശേരി സ്കൂൾ പച്ചത്തുരുത്ത്

### പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്ത്

മലയോര ഗ്രാമമായ തവിടിശ്ശേരി അതിന്റെ സവിശേഷതകളാലും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാലും സമ്പന്നമാണ്. പുഴകളും കാവുകളും മരങ്ങളും പച്ചപ്പട്ടണിഞ്ഞ നെൽപ്പാടങ്ങളും, കുന്നിൻപ്രദേശങ്ങളും, നിറഞ്ഞതാണ് തവിടിശ്ശേരി ഗ്രാമം. എരമം കുറ്റൂർ ഗ്രാമ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ ഒന്നാണിത്. പഞ്ചായത്തിലെ പ്രധാന വിദ്യാലയങ്ങളിൽ ഒന്നാണ് തവിടിശ്ശേരി ഗവ: ഹൈസ്കൂൾ. വടക്ക് പടിഞ്ഞാറ് മേലൂർക്കുളങ്ങര പാറ പ്രദേശത്തിനും കിഴക്ക് തവിടിശ്ശേരി മാതിപാറക്കും വടക്ക് നെടുവപ്പാറ പ്രദേശത്തിനും ഇടയിലായാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്.



1955 ൽ ഏകാധ്യാപക വിദ്യാലയമായി ആരംഭിച്ച് 2013ൽ തവിടിശ്ശേരി ഗവഃ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്ത ഈ വിദ്യാലയത്തിൽ അധ്യാപികയായി സേവനമനുഷ്ഠിച്ച ശ്രീമതി ഏലിക്കുട്ടി ടീച്ചർ 50 സെന്റ് ഭൂമിവിദ്യാലയത്തിനായി സമർപ്പിച്ചാണ് പടിയിറങ്ങിയത്. ഈ ഭൂമിയിൽ ഒരു ഭാഗം കുട്ടികൾക്കുള്ള കളിസ്ഥലം ആയി ഉപയോഗിക്കുന്നു. ബാക്കിയുള്ള ഭാഗത്താണ് ഹരിത കേരള മിഷന്റെ നിർദ്ദേശ പ്രകാരം വൃക്ഷവൽക്കരണ പദ്ധതിയായ പച്ചത്തുരുത്ത് തയ്യാറാക്കിയത്. 2020 ജൂൺ 5ന് പെരിങ്ങോം-വയക്കര ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. വി.എം. ഉണ്ണികൃഷ്ണൻ പച്ചത്തുരുത്തിൽ ആദ്യ തൈ നട്ടു.

വിദ്യാലയത്തിലെ ഇക്കോ ക്ലബ്, സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീം എന്നിവയുടെ നേതൃത്വത്തിൽ അധ്യാപകരും, കുട്ടികളും, പി.ടി.എയും, കൂടാതെ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെയും കഠിനാധ്വാനത്താലാണ് പച്ചത്തുരുത്തിന് വേണ്ട സൗകര്യങ്ങൾ ഒരുക്കിയത്. പച്ചത്തുരുത്ത് തയ്യാറാക്കാൻ തീരുമാനിച്ച പ്രദേശം വംശനാശം വന്നു കൊണ്ടിരിക്കുന്ന തവിടി മരങ്ങൾ സമൃദ്ധമായി കാണപ്പെടുന്ന പ്രദേശമാണ്. ഈ മരങ്ങൾ ധാരാളം ഉള്ളതിനാലാണ് ഈ പ്രദേശത്തിന് തവിടിശ്ശേരി എന്ന പേര് വന്നത്. കണ്ണൂർ ജില്ലയിലെ വൃക്ഷസ്ഥലനാമ പച്ചത്തുരുത്തുകളിൽ ഒന്നാണ് ഇത്. തവിടി, വെങ്കണ, കഞ്ഞിരം, മഹാഗണി, മുള്ളിലം, ഇലഞ്ഞി, കുളിർ മാവ്, വെൺമരുത്, ചന്ദനം, തടിച്ചിൽ, കശുമാവ്, പൂവം തുടങ്ങിയ വൃക്ഷങ്ങളും നിലനാരകം, മേന്തോനി, കുറുന്തോട്ടി,



മുയൽ ചെവിയൻ, കിലുക്കി, കുതിരവാലി തുടങ്ങി നിരവധി ചെറുസസ്യങ്ങളും ആയിരുന്നു പച്ചത്തുരുത്തിനെ ഹരിതാഭമാക്കിയിരുന്നത്. തുടർന്നുള്ള വർഷങ്ങളിൽ പേര, മാവ്, നെല്ലി, പ്ലാവ്, ഞാവൽ, അരിനെല്ലി, സീതപ്പഴം, മുട്ടപ്പഴം തുടങ്ങി നിരവധി ഫലവക്ഷങ്ങളും ഔഷധ സസ്യങ്ങളും കൂടി ഇവിടെ നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഈ പച്ചത്തുരുത്തിൽ 81-ഓളം സസ്യങ്ങളുടെ പേരും ശാസ്ത്രീയ നാമവും ഉൾപ്പെടെയുള്ള നെയിം ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. മനോഹരമായ ജൈവവേലിയും നിർമ്മിച്ചു.

ഈ പച്ചത്തുരുത്തിലെ വെങ്കണമരത്തിന്റെ സംരക്ഷണത്തിലൂടെ അതിന്റെ ഇലയിൽ മുട്ടയിടുന്ന വെങ്കണനീലി എന്ന നിശാശലഭവും, തവിടി മരത്തിന്റെ ഇലകളിൽ മുട്ടയിടുന്ന ചെമ്പഴകൻ ശലഭവും സംരക്ഷിക്കപ്പെടുന്നുണ്ട്. നിശ്ചിത ഇടവേളകളിൽ വിദ്യാർത്ഥികളും അധ്യാപകരും പച്ചത്തുരുത്ത് സന്ദർശിക്കുകയും കളകളെ നീക്കം ചെയ്യുകയും വളപ്രയോഗം നടത്തുകയും ചെയ്താണ് സംരക്ഷണ

പ്രവർത്തനം ഏറ്റെടുക്കുന്നത്.

കുട്ടികളിൽ നല്ല പ്രകൃതി സ്നേഹം വളർത്താനും ചിട്ടയായ കാർഷിക പാരിസ്ഥിതിക പ്രവർത്തനത്തിൽ ഏർപ്പെടുന്നതിനും ഈ ഒരു പ്രവർത്തനത്തിലൂടെ സാധ്യമായി. കൂടാതെ ഒട്ടുമിക്ക ചെടികളും തിരിച്ചറിയാനും അവയുടെ ഉപയോഗ ക്രമവും ശാസ്ത്രീയ നാമവും ഒക്കെ പഠിക്കുവാനും പച്ചത്തുരുത്ത് പദ്ധതിയിലൂടെ സാധിച്ചു എന്നത് വലിയ നേട്ടമാണ്.

ഭാവിയിൽ ലോകത്ത് വെള്ളവും വായുവും ആയിരിക്കും അമൂല്യമായ വസ്തുക്കൾ എന്ന യാഥാർത്ഥ്യം തിരിച്ചറിയുകയും പ്രകൃതി സംരക്ഷണം എന്നത് മറ്റു ജോലികളോടൊപ്പം ഒരു മനോഭാവമായി രൂപപ്പെടേണ്ടതാണ് എന്ന് മനസ്സിലാക്കി പ്രവർത്തിക്കുന്ന വിദ്യാർത്ഥികളെ വാർത്തെടുക്കുകായും ചെയ്തത് വിദ്യാലയത്തെ സംബന്ധിച്ച് കൈവരിക്കാൻ കഴിഞ്ഞ നേട്ടമാണ്.

തവിടിശ്ശേരിയുടെ കുലീനമായ വർത്തമാന കാലത്തിന് എക്കാലവും ഊർജ്ജ പ്രവാഹമായി നിലകൊണ്ടത് ഗവ: ഹൈസ്കൂൾ തവിടിശ്ശേരിയാണ്. വിദ്യാലയം പകർന്നു നൽകിയ മൂല്യ ബോധത്തിൽ നിന്ന് എത്രയോ തലമുറകൾ തങ്ങളുടെ പ്രവർത്തന പന്ഥാവുകളിൽ വിജയത്തിന്റെ അടയാളപ്പെടുത്തലുകൾ നടത്തിയിരിക്കുന്നു. ഇനിവരുന്ന എത്രയോ തലമുറകൾക്കായി നാട്ടുനന്മകളുടെ കരുതൽ ശേഖരവുമായി ഈ പള്ളിക്കൂടം കാത്തിരിക്കുന്നു വേറിട്ട പ്രവർത്തനങ്ങളും വേറിട്ട സ്വപ്നങ്ങളുമായി.

## കിളിയന്തറ തോണിക്കടവ് മുളന്തുരുത്ത്

### പായം ഗ്രാമപഞ്ചായത്ത്

കണ്ണൂർ ജില്ലയിൽ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ കർണാടക സംസ്ഥാനത്തിന്റെ കുടക് മലനിരകളോട് ഓരം ചേർന്ന് കിടക്കുന്ന 31.21 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതാണ് പായം ഗ്രാമ പഞ്ചായത്ത്. പ്രസിദ്ധമായ പഴശ്ശി ജലസേചന പദ്ധതിയുടെ ജലസംഭരണി കൂടിയാണ് പായം. ഇരിട്ടി ,ആറളം പുഴകളുടെ സംഗമഭൂമിയായ പായത്ത് വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന



ഒട്ടേറെ പ്രത്യേകതകളുള്ള ഇടങ്ങളുണ്ട്.

ജനകീയ കൂട്ടായ്മയിലൂടെ പച്ചത്തുരുത്തുകൾ സ്ഥാപിച്ചുകൊണ്ട് സന്ദർശകരെയും പഠന ഗവേഷകരെയും ആകർഷിക്കുന്ന തരത്തിൽ ഇത്തരം ഇടങ്ങൾ ഒരുക്കുന്നതിന് ഹരിതകേരളം മിഷന്റെ സഹകരണത്തോടെ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്

നിരവധി പച്ചത്തുരുത്തുകൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും വേറിട്ടതും ശ്രദ്ധ ആകർഷിക്കുന്നതും പുഴയോട് ചേർന്നു കിടക്കുന്നതുമായ കിളിയന്തറ തോണിക്കടവ് പച്ചത്തുരുത്ത് സമൃദ്ധമായ മുളന്തുരുത്താക്കി മാറ്റുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. പുഴയുടെ തീരത്ത് തരിശ്ശായിക്കിടന്നിരുന്ന ഏകദേശം രണ്ടര ഏക്കറോളം വരുന്ന സ്ഥലത്തിനെ പച്ചപ്പാർന്ന മനോഹരമായ പച്ചത്തുരുത്താക്കുന്നതിൽ നാട്ടുകാരുടെ പിന്തുണ ശ്രദ്ധേയമാണ്. തുടക്കത്തിൽ ഇതിന്റെ സാധ്യത അറിയുന്നതിന് കുറച്ച് മുളം തൈകൾ നട്ടുകൊണ്ട് പുഴ സംരക്ഷണമായിരുന്നു ലക്ഷ്യമിട്ടിരുന്നത്. എന്നാൽ തുടർന്നുള്ള വർഷമാകുമ്പോഴേക്കും മുളകൾ വളർന്നു വന്നത് കൂടുതൽ തൈകൾ നട്ടുപിടിപ്പിക്കുന്നതിനും പ്രേരണയായി. അവിടെനിന്നാണ് പിന്നീട് പച്ചത്തുരുത്ത് എന്ന ഹരിതകേരളം മിഷന്റെ ആശയത്തിലേക്ക് പ്രവർത്തനങ്ങൾ എത്തിയത്.

കുറെയധികം ഈറ്റ തൊഴിലാളികൾ ജീവിക്കുന്ന ഈ പ്രദേശത്ത് നിരവധി കുടുംബങ്ങൾ മുളകൊണ്ട് കരകൗശല വസ്തുക്കൾ നിർമ്മിച്ച് വില്പന നടത്തി ഉപജീവനം നടത്തുന്നു. അതുകൊണ്ട് തന്നെ മുളംതൈ നട്ടുപിടിപ്പിച്ചാൽ കൂടുതൽ പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നുമുള്ള വീക്ഷണവും ഇങ്ങനെ ഒരു പ്രവർത്തനം നടത്താൻ സഹായകരമായി.

ഇവിടെ ഒരുക്കിയിട്ടുള്ള പച്ചത്തുരുത്തിൽ 36 വിവിധ ഇനം മുളം തൈകൾ വയനാടിൽ നിന്നും കൊണ്ടുവന്നാണ് നട്ടുപിടിപ്പിച്ചിട്ടുള്ളത്. അതിൽ പ്രധാനമായും നൂത്തൻ,ക്രീപ്പർ ,ബൾക്കോവ,. പോളിമോർഫ,എലിഫന്റ് ബാംബൂ,ബ്ലാക്ക് ബാംബൂ, തുല്ഡ പെൻസിൽ ബാംബൂ ,ഗ്വാഡ ,ബുദ്ധ ബാംബൂ തുടങ്ങിയ മുളകൾ ഇവിടെ നന്നായി വളരുന്നുണ്ട്.

ഇതിന്റെ പ്രവർത്തനങ്ങൾ പഞ്ചായത്ത് ജനപ്രതിനിധികളുടെ ഏകോപനത്തിൽ പ്രദേശത്തുള്ള ജനങ്ങൾ അവരുടെ കൂട്ടായ്മയിലൂടെയുള്ള നിസ്വാർത്ഥമായ സന്നദ്ധ പ്രവർത്തനമാണ് ഈ നേട്ടം കൈവരിക്കാനിടയാക്കിയത്.

ഈ കൂട്ടായ്മയിലുൾപ്പെട്ടവർ ചേർന്നുള്ള ജനകീയ കമ്മിറ്റിയാണ് പച്ചത്തുരുത്തിന്റെ പരിപാലനമുൾപ്പെടെയുള്ള സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നത്. തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ ഹരിതകർമ്മ സേനാംഗങ്ങൾ എന്നിവരുടെയും പ്രവർത്തനങ്ങൾ ഇങ്ങനെ ഒരു പച്ചത്തുരുത്ത് തയ്യാറാക്കുവാൻ ഏറെ സഹായകരമായിട്ടുണ്ട്.. പഞ്ചായത്തിന്റെ ഈയൊരു പ്രവർത്തനത്തിൽ നബാർഡിന്റെ പൂർണ്ണ പിന്തുണയും ലഭിച്ചിട്ടുണ്ട്.

ഇത്തരത്തിൽ നിരവധി കൂട്ടായ്മയുടെ സഹായത്തോടെ തയ്യാറാക്കിയ ഈ പച്ചത്തുരുത്തിൽ 2800 ലധികം മുളകൾ പടർന്നുപന്തലിച്ച് നിൽക്കുന്നുണ്ട്. കൃത്യമായ ജൈവവേലി സ്ഥാപിച്ചുകൊണ്ട് ഇതിനെ സംരക്ഷിക്കുന്ന തരത്തിലേക്ക് കൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ട് അതോടൊപ്പം തന്നെ ഇതിന്റെ ഭാഗമായി പറയാവുന്ന പ്രധാനപ്പെട്ട മറ്റൊരു ലക്ഷ്യം കൂടി പഞ്ചായത്ത് കൈവരിച്ചിട്ടുണ്ട്. മുളയുടെ ഉല്പന്നം കൊണ്ട് ഉപജീവന മാർഗ്ഗം കണ്ടെത്തുന്ന നിരവധി പേർ പഞ്ചായത്തിലുണ്ട്. അവർക്ക് മുളം കൊട്ട നിർമ്മാണം പോലുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് അസംസ്കൃത വസ്തുവായി പ്രായം ചെന്ന മുളകളെ ഉപയോഗപ്പെടുത്താനാണ് പഞ്ചായത്തിന്റെ ശ്രമം

**ചെറുതാഴം മുള പച്ചത്തുരുത്ത്** (കോട്ടക്കുന്ന് മുള പാർക്ക്)

ചെറുതാഴം ഗ്രാമപഞ്ചായത്തിൽ മൂന്നാം വാർഡിൽ കോട്ടപ്പുഴയുടെ തീരത്ത് വളർന്നു വരുന്ന മനോഹരമായ മുളന്തുരുത്ത് ആരെയും ആകർഷിക്കുന്ന ഒന്നായി മാറിയിട്ടുണ്ട്. കോട്ടപ്പുഴയുടെ തീരത്ത് കാടു മൂടി അധിനിവേശ സസ്യങ്ങൾ നിറഞ്ഞുനിൽക്കുന്ന ഒരേക്കർ ഭൂമിയിലാണ് വിവിധ മുളകൾ

നട്ടു വളർത്തിയത്. പരമാവധി തരിശ് ഭൂമികൾ പച്ചത്തുരുത്തുകളായി മാറ്റുക എന്ന പഞ്ചായത്ത് പ്രസിഡണ്ട് എം ശ്രീധരന്റെ നേതൃത്വത്തിലുള്ള ഭരണ സമിതിയുടെ സമീപനമാണ് കോട്ടക്കുന്ന് മുളന്തുരുത്ത് എന്ന ലക്ഷ്യത്തിലേക്കെത്താൻ സഹായകമായത്. തൃശ്ശൂരിലെ കേരള ഫോറെസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ലഭിച്ച മുള തൈകളാണ് ഇവിടെ നട്ടു വളർത്തിയത്. ഇത്തരമൊരു മുളന്തുരുത്ത് ഒരുക്കുന്നതിന്റെ ഭാഗമായി കോട്ടക്കുന്ന് പ്രദേശത്തെ ജനങ്ങളും ഹരിതകേരളം മിഷൻ, KFRI, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ പ്രതിനിധികളും, സന്നദ്ധ പ്രവർത്തകരും ചേർന്ന് സ്വാഗതസംഘം രൂപീകരിച്ചു. തൊഴിലുറപ്പു തൊഴിലാളികളുടെ



സഹകരണത്തോടെ അധിനിവേശ സസ്യങ്ങളെ പൂർണമായും പിഴുതെറിഞ്ഞു. കൃഷിവകുപ്പിന്റെ മേൽനോട്ടത്തിലാണ് ഈ പ്രവൃത്തി നടത്തിയത്. 1800 വിവിധ ഇനം മുള തൈകൾ തൃശ്ശൂർ KFRI സൗജന്യമായി എത്തിച്ചു തന്നു. 01.06.2023 ൽ ബഹു. എംഎൽഎ ശ്രീ. എം വിജിൻ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി പി ദിവ്യ, ഹരിതകേരളം മിഷൻ കോർഡിനേറ്റർ ഇ കെ സോമശേഖരൻ എന്നിവരുടെ സാന്നിധ്യത്തിൽ ബഹു. സ്പീക്കർ എ എൻ ഷംസീർ പരിപാടി ഉദ്ഘാടനം ചെയ്തു. എൻ എസ് എസ്, എസ് പി സി വളണ്ടിയർ,പരിസ്ഥിതി പ്രവർത്തകർ സന്നദ്ധ വളണ്ടിയർമാർ തുടങ്ങി ആയിരത്തോളം പേർ മുള നാടാനായി ഒത്തുചേർന്നു. നിറഞ്ഞു സുന്ദരമായ വിവിധ ഇനം മുളകളും ഇരിപ്പിടങ്ങളും ബോർഡുകളും എല്ലാം ഈ പ്രദേശത്തെ ടൂറിസം കേന്ദ്രമാക്കി മാറ്റി. സിനിമ, വീഡിയോ ഷൂട്ടിംഗ് സേവ് ദി ഡേറ്റ് പരിപാടി തുടങ്ങിയ നിരവധി ആവശ്യങ്ങളുമായി സഞ്ചാരികളുടെ കേന്ദ്രമായി ഇവിടം ഇപ്പോൾ മാറി കഴിഞ്ഞു.

## ആരണ്യകം മുള തുരുത്ത്

### കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്



കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പെടുന്ന 50.79 ച.കി മീറ്റർ വിസ്തീർണമുള്ള കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് തീർത്തും ഒരു കാർഷിക ഭൂപ്രദേശമാണ് അന്യം നിന്നു പോകുന്ന കാർഷിക സംസ്കൃതിയെ നിലനിർത്താനും, വീണ്ടെടുക്കാനുമായി ശ്രദ്ധേയമായ ഇടപെടലുകളാണ് ഗ്രാമപഞ്ചായത്ത് നടത്തിയത്. ഒട്ടേറെ തലയെടുപ്പുള്ള കാർഷിക സ്ഥാപനങ്ങളാൽ സമ്പന്നമാണ്, രാഷ്ട്ര നിർമ്മാതാക്കളായ ജവഹർലാൽ നെഹ്റു, വി വി ഗിരി, ഇന്ദിരാഗാന്ധി, ഇഎംഎസ് എന്നിവരുടെ പാദസ്പർശമേറ്റ കരിമ്പം ജില്ലാ കൃഷി ഫാം, ലോകപ്രശസ്തമായ പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രം, ഇന്ത്യയിലെ ഏറ്റവും പ്രമുഖമായ കൃഷി വിജ്ഞാനകേന്ദ്രം, കരിമ്പം ജൈവവൈവിധ്യ കേന്ദ്രം വികസന, പരിശീലന കേന്ദ്രം തുടങ്ങി ഒട്ടേറെ കാർഷിക പ്രധാനമായ സ്ഥാപനങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന ഭൂപ്രദേശമാണിത്. അത്തരമൊരു പ്രദേശത്ത് ഹരിതകേരളം മിഷന്റെ പരിസ്ഥിതി പുനഃ സ്ഥാപന നിർദ്ദേശങ്ങൾക്ക് വലിയ സ്വീകാര്യതയാണ് ലഭിച്ചത്. അതിലൊന്നായിരുന്നു ശ്രീകൃഷ്ണ ഭൂമിയിലെ മുളന്തുരുത്ത്.

2017 ജൂൺ അഞ്ചിന് പരിസ്ഥിതി ദിനത്തിൽ ശ്രീ ജയിംസ് മാത്യു എംഎൽഎയാണ് കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിലെ മുണ്ടേരി ശ്രീകൃഷ്ണ ക്ഷേത്ര ഭൂമിയിൽ മുള തൈകൾ നട്ടു പച്ചത്തുരുത്തിന്റെനടീൽ ഉദ്ഘാടനം നിർവഹിച്ചത് അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ ഐ വി നാരായണൻ അധ്യക്ഷനായി. രണ്ട് ഏക്കർ ക്ഷേത്ര ഭൂമിയിലാണ് ആരണ്യകം എന്ന പേരിൽ പച്ചത്തുരുത്ത് നട്ടുവളർത്തിയത്. ഹരിത ഗൃഹ വാതകങ്ങളെ ചെറുക്കാൻ ഉപകരിക്കുന്ന വലിയ മുളം കൂട്ടങ്ങളുടെ ഒരു കാനനഭൂമിയായി ഇവിടം ഇപ്പോൾ മാറിക്കഴിഞ്ഞു. ഗോൾഡൻ ബാംബൂ ,ലാത്തി മുള, ബിലാത്തിമുള, ശീമമുള, രണ്ടിനം ഈറ്റകൾ , കല്ലൻ മുള, ഇല്ലിമുള, പൊള്ളൻ മുള തുടങ്ങി പത്തോളം വ്യത്യസ്ത ഇനത്തിൽപ്പെട്ട മുളകൾ ഈ പച്ചത്തുരുത്തിൽ വളരുന്നുണ്ട്. ഈ പച്ചത്തുരുത്തിനെ വലം വെച്ച് ഒഴുകിയിരുന്ന തോട് വർഷങ്ങൾക്ക് മുന്നേ വറ്റി വരണ്ട രീതിയിലായിരുന്നു. പച്ചത്തുരുത്തിൽ മുളകൾ ഉയർന്ന് വളർന്നതോടെ ആ തോട്ടിൽ നിറയെ ഏത് വേനൽക്കാലത്തും നീരണിയുന്ന അവസ്ഥയായി മാത്രമല്ല ശ്രീകൃഷ്ണ ക്ഷേത്രത്തോട് അനുബന്ധിച്ച് നിലവിലുള്ള കുളത്തിലും എല്ലാ വേനൽക്കാലത്തും തെളിനീർ നിറഞ്ഞു. ആരണ്യകം പച്ചത്തുരുത്ത് ഇന്ന് കുറുമാത്തൂരിന്റെയും മുണ്ടേരിയുടെയും പച്ചപ്പിന്റെ പറുദീസയാണ്.

ഈ പച്ചത്തുരത്തിലൂടെ ഒഴുകിയിരുന്ന ഒരു കൊച്ചു അരുവിയേയും വീണ്ടെടുക്കാനായി, സമീപ പ്രദേശങ്ങളിലെ ജലസ്രോതസ്സുകളിൽ ജലലഭ്യത വർദ്ധിച്ചു എന്നതും പ്രത്യേകതയാണ്, തീർത്ഥാടകരെയും ഗ്രാമീണരെയും കുട്ടികളെയും,പാരിസ്ഥിതിക പ്രവർത്തകരെയും എല്ലാം തന്നെ ഏറെ ആകർഷിച്ച ഘടകമാണിത്,

ഇന്നിവിടം ജൈവവൈവിധ്യങ്ങളുടെ കലവറയാണ് പൂജക്കൊരിങ്ങിനിൽക്കുന്ന പൂക്കളുടെയും,

മധുരം നുകരാൻ എത്തുന്ന പൂമ്പാറ്റകളുടെയും ഒരു പറുദീസയായി മാറിയിരിക്കുകയാണ് ഈ പച്ചത്തുരുത്ത്.

## മഴൂർ ശ്രീസ്ഥ പച്ചത്തുരുത്ത്

### കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്

പ്രദേശ വാസികളും സമീപ പ്രദേശങ്ങളിൽ നിന്നുള്ളവർ പ്ലാസ്റ്റിക് അടക്കമുള്ള ഖര മാലിന്യങ്ങളും കല്യാണ വീടുകളിൽ നിന്നുള്ള ഭക്ഷണ അവശിഷ്ടങ്ങളും അറവു മാലിന്യങ്ങളും കൊണ്ട് തള്ളി ഒരു നാടിന്റെ ഉറക്കം കെടുത്തിയ മാലിന്യക്കൂമ്പാരത്തെ, പച്ചപ്പ് നിറഞ്ഞ, ജലസമൃദ്ധമായ പച്ചത്തുരുത്തായി മാറ്റിയ അനുഭവ കഥയാണ് കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 16 മഴൂരിന് പറയാനുള്ളത്.

അധിനിവേശ സസ്യങ്ങളും മുൾ ചെടികളും നിറഞ്ഞ കുന്നിൻ ചെരിവിനെ മനോഹരമായ പച്ചത്തുരുത്തായി പരിണമിപ്പിച്ചെടുത്തതിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ കഠിനാധ്വാനവും ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധി ഗോവിന്ദേട്ടന്റെ അർപ്പണ മനോഭാവവും തന്നെയാണ് കാരണം. മനുഷ്യന് കടന്നുചെല്ലാൻ പറ്റാത്ത മുൾക്കാടുകളിൽ കയറി അവയെ പരുവപ്പെടുത്തി, കുന്നിൻ ചെരിവുകളെ തട്ടുകളായ് തിരിച്ച്, മഴക്കുഴികൾ നിർമ്മിച്ച് ഏറെ പണിപ്പെട്ടാണിവിടെ മരതൈകൾ നട്ടത്.ആദ്യഘട്ടത്തിൽ 50 സെന്റ് സ്ഥലത്താണ് വൃക്ഷതൈകൾ നട്ടത് തക്ക്,ഈട്ടി,മരുത്,പുഴമരുത്,താന്നി തുടങ്ങിയവയാണ് ആദ്യഘട്ടത്തിൽ നട്ടത്.

2019 സെപ്റ്റംബർ 28 ന് അന്നത്തെ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ വി സുമേഷാണ് ഒന്നാം ഘട്ടത്തിലെ ആദ്യ വൃക്ഷത്തെ .അന്നത്തെ കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ ഐ വി നാരായണൻ അധ്യക്ഷത വഹിച്ചു. 50 സെന്റ് ഭൂമിക്കും ജൈവവേലി നിർമ്മിച്ചു. വേലിയോട് ചേർന്ന് പല വിധ മുളകളും നട്ടു. മൺ കൈയ്യാലകൾ നിർമ്മിച്ച് അതിനു മുകളിൽ ഔഷധ സസ്യമായ രാമച്ചം നട്ടു പിടിപ്പിച്ചു.200 ൽ അധികം മഴ കുഴികൾ നിർമ്മിച്ചു.പച്ചത്തുരുത്ത് നിർമ്മിക്കുന്നതിന് മുമ്പ് കുന്നിൻ മുകളിൽ നിന്നുമുള്ള മഴ വെള്ളം കുത്തി ഒലിച്ചു ഒരു തോട് പോലെ ഒഴുകിയിരുന്നു. മഴക്കുഴികൾ നിർമ്മിക്കുകയും തട്ട് തിരിക്കുകയും ചെയ്തതോടെ ഈ പ്രദേശത്ത പെയ്യുന്ന മഴവെള്ളത്തിന്റെ ഒരു തുള്ളി പോലും പുറത്തേക്ക് ഒഴുകാത്ത അവസ്ഥയിലായി.

2021 ൽ 50 സെന്റ് സ്ഥലത്ത് കൂടി പ്ലാവ്, മാവ് എന്നിവ നട്ടു പിടിപ്പിച്ചു. 2022 ൽ വീണ്ടും 50 സെന്റ് സ്ഥലത്ത് നെല്ലി, പുളി, മാവ് തുടങ്ങിയ ഫല വൃക്ഷ തൈകൾ നട്ടു.2023 ൽ അര ഏക്കർ സ്ഥലത്ത് വീണ്ടും ഫലവൃക്ഷ തൈകളും മഹാഗണിയും മുളയും നട്ടു. ഈ പ്രവർത്തനങ്ങളുടെ ഫലമായി . പച്ചത്തുരുത്തിന്റെ അടിവാരത്ത് നീരുറവ ഉണ്ടായി. ഫെബ്രുവരി അവസാനം വരെ ഈ നീരുറവ വറ്റാറില്ല. ഇപ്പോൾ ആകെ രണ്ട് ഏക്കറിൽ പച്ചത്തുരുത്ത് വ്യാപിച്ചിട്ടുണ്ട്. എല്ലാ മരങ്ങളും വളർന്ന് വലുതായി തുടങ്ങി. ഈ പച്ചത്തുരുത്തിനെ പരിചരിക്കാൻ ഒമ്പത് അംഗങ്ങൾ ഉള്ള .പച്ചത്തുരുത്ത് സംരക്ഷണ സമിതി സജീവമായി പ്രവർത്തിക്കുന്നു. കാലാവസ്ഥ വ്യതിയാനം ഉയർത്തുന്ന വെല്ലു വിളി നേരിടാൻ കാർബൺ ന്യൂട്രൽ പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്ക് മുന്നേറാനുള്ള തുടക്കമായി ജില്ലയിൽ ഏറ്റവും അധികം പച്ചത്തുരുത്തുകൾ ഉള്ള പ്രദേശമായി മാറാൻ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

## പായം ഗ്രാമ പഞ്ചായത്ത്

### ജബ്ബാർക്കടവ് പച്ചത്തുരുത്ത്

ജബ്ബാർക്കടവ് പച്ചത്തുരുത്ത് സ്ഥിതി ചെയ്യുന്നത് കണ്ണൂർ ജില്ലയിൽ ഇരിട്ടി പട്ടണത്തിൽ നിന്ന് നാല് കിലോമീറ്റർ അപ്പുറമുള്ള പായം ഗ്രാമപഞ്ചായത്തിലേക്കുള്ള ജബ്ബാർക്കടവ് പാലം കഴിഞ്ഞുള്ള സ്ഥലത്തെ കവാടത്തിലാണ്.

പഴശ്ശി ഇറിഗേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പുഴയോര ഭൂമിയിലാണ് ഈ പാർക്ക്. മാലിന്യ



നിക്ഷേപ കേന്ദ്രമായി മാറിയ ഈ പ്രദേശം ജനങ്ങൾക്ക് വലിയ തലവേദനയായി മാറിയിരുന്നു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്ന മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനം വ്യാപിപ്പിച്ചപ്പോഴാണ് ജബ്ബാർക്കടവിലെ ഈ പ്രദേശം ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെട്ടത്. പ്രദേശം ശാശ്വതമായി വൃത്തിയായി സൂക്ഷിക്കാൻ വഴികൾ തേടുമ്പോഴാണ് പായം ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഭാഗങ്ങളിൽ നടന്നു വരുന്ന വ്യത്യസ്ത ക്യാമ്പയിൻ ജബ്ബാർക്കടവ് പ്രദേശത്തെ നാട്ടുകാരുടെയും ഗ്രന്ഥശാലാ പ്രവർത്തകരുടെയും ശ്രദ്ധയിൽ പെട്ടത്. കക്കൂസ് മാലിന്യം ടാങ്കർ ലോറികളിൽ ഈ പ്രദേശത്ത് നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപെട്ട നാട്ടുകാരും ജനപ്രതിനിധികളും ഈ മാലിന്യ നിക്ഷേപ കേന്ദ്രം വൃത്തിയാക്കി അവിടെ പച്ചത്തുരുത്തും കുട്ടികളുടെ ഒരു പാർക്കും സ്ഥാപിക്കുന്നതിന് തീരുമാനിച്ചു.മാലിന്യമലകൾ മാറ്റി പാർക്കുകൾ തീർത്ത് സംസ്ഥാന മാതൃക സൃഷ്ടിച്ചു കൊണ്ടിരിക്കുകയായിരുന്നു അക്കാലത്ത് പായം പഞ്ചായത്തിലെ മറ്റ് പ്രദേശങ്ങൾ . ഗ്രാമ



പഞ്ചായത്ത് വൈസ് പ്രസിഡണ്ട് അഡ്വ. വിനോദിന്റെ നേതൃത്വത്തിൽ ജബ്ബാർ കടവും ഇത്തരത്തിൽ പാർക്കാക്കി മാറ്റാനുള്ള ആലോചനകൾ മുറുകി. പ്രദേശത്തെ ഗ്രന്ഥശാല പ്രവർത്തകർ കൂടി ഈ പ്രവർത്തനത്തിന്റെ ഭാഗമായി. തൈകൾ കണ്ടെത്താനും പാർക്കിന് ആവശ്യമായ സംരക്ഷണ ഭിത്തി ഒരുക്കാനും കുട്ടികൾക്കുള്ള വിനോദ ഉപാധികൾ സംഘടിപ്പിക്കാനും ഗ്രാമ പഞ്ചായത്തിനോടൊപ്പം ഗ്രന്ഥശാലാ പ്രവർത്തകരും സജീവമായി രംഗത്തിറങ്ങി. 2022 ഫെബ്രുവരി മാസത്തിലാണ് പച്ചത്തുരുത്താക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് നാട്ടുകാരുടെ വിപുലമായ യോഗം വിളിച്ചു ചേർത്തു കൊണ്ട് പച്ചത്തുരുത്ത് നിർമ്മിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടിയിട്ടുള്ള ഒരു സംരക്ഷണ സമിതി വാർഡ് മെമ്പറുടെ നേതൃത്വത്തിൽ അവിടെ രൂപീകരിച്ചു.

വയനാട്ടിലെ ബാംബൂ പാർക്കിൽ നിന്ന് 200 ലധികം മുള തൈകളും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച മറ്റ് ഫലവൃക്ഷ തൈകളും കൂടി ഇവിടെ നട്ടു വളർത്തി. ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് അവരുടെ പദ്ധതി വിഹിതം ഉപയോഗിച്ച് വിനോദ ഉപകരണങ്ങൾ സ്ഥാപിച്ചു നല്കി. സന്ദർശകർക്ക് വിശ്രമിക്കാൻ പറ്റാവുന്ന രീതിയിലുള്ള ഒരു പച്ചതുരുത്തായി കഴിഞ്ഞ രണ്ട് വർഷം കൊണ്ട് തന്നെ ഈ കേന്ദ്രം മാറിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പൂർണ്ണമായും ജനകീയപങ്കാളിത്തത്തോടു കൂടിയാണ് ഇതിന്റെ പ്രവർത്തനം നടന്നു വരുന്നത്. ആദ്യഘട്ടത്തിൽ എൻഎസ്എസ് വളണ്ടിയർമാരുടെ സേവനവും നിർമ്മാണത്തിന്റെ ഭാഗമായി ലഭിച്ചിരുന്നു. ഇപ്പോൾ നൂറുകണക്കിനാളുകൾ സന്ദർശിക്കുന്ന കേന്ദ്രമായി ഈ പച്ചത്തുരുത്ത് മാറിയിട്ടുണ്ട്. പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനുള്ള സജീവമായ സംരക്ഷണ സമിതി നിലവിലുണ്ട് എന്നതാണ് ഈ പാർക്കിന്റെ വിജയ രഹസ്യം.

## അഞ്ചരക്കണ്ടി ഗ്രാമ പഞ്ചായത്ത്

### ആതുരാലയത്തിന് ആശ്വാസമേകി പച്ചപ്പിന്റെ കൂടാരം

കണ്ണൂർ നഗരത്തിൽ നിന്നും 16 കി മീ കിഴക്കുമാറിയാണ് അഞ്ചരക്കണ്ടി ഗ്രാമ പഞ്ചായത്ത്. വൈദേശിക ഭരണ കാലത്ത് സുഗന്ധ വ്യഞ്ജനങ്ങളുടെ പ്രശസ്ത കച്ചവട കേന്ദ്രങ്ങളിലൊന്നായിരുന്നു അഞ്ചരക്കണ്ടി. പിന്നീട് വർഷങ്ങൾ ഏറെ കഴിഞ്ഞപ്പോഴും കാർഷിക മേഖലയെ കൈവിടാതെ ഈ ഗ്രാമം വ്യത്യസ്ത പാതകളിലൂടെ മുന്നേറുന്നു അത്തരം മുന്നേറ്റത്തിന്റെ മികച്ച ഉദാഹരണങ്ങളിലൊന്നാണ് കണ്ണാടി വെളിച്ചത്തെ പച്ചത്തുരുത്ത്. ഫാമിലി ഹെൽത്ത് സെന്ററിന്റെ കോംബൗണ്ടിനോടനുബന്ധിച്ചുള്ള 30 സെന്റ് ഭൂമിയിലാണ് പച്ചത്തുരുത്ത് തയ്യാറാക്കിയിട്ടുള്ളത്.



വികസന സാധ്യത ഏറെയുള്ള സ്ഥാപനമാണ് ഫാമിലി ഹെൽത്ത് സെന്റർ. ആയതിന് ഉപയോഗിക്കാമായിരുന്ന ഭൂമിയിൽ കെട്ടിടങ്ങൾക്കു പകരം പച്ചപ്പ് വളരണമെന്ന പഞ്ചായത്ത് പ്രസിഡണ്ടിന്റെയും ഭരണസമിതിയുടെയും ദൃഢനിശ്ചയമാണ് കണ്ണാടി വെളിച്ചത്തെ പച്ചത്തുരുത്തിന്റെ ആവിർഭാവത്തിന് കാരണമായത്. നിറഞ്ഞ പാറക്കെട്ടുകൾ വെട്ടിയൊരുക്കി ഭൂമിയെ കൃഷിയോഗ്യമാക്കാൻ ഏറെ യത്നങ്ങൾ നടത്തിയാണ് പച്ചത്തുരുത്ത് തയ്യാറാക്കിയത്. 2022 ആഗസ്ത് ഒന്നിനാണ് ഈ പച്ചത്തുരുത്തിൽ ആദ്യ തൈ നട്ടത്. നൂറ്റി എഴുപത്തിയഞ്ചോളം വിവിധങ്ങളായ സസ്യലതാദികൾ ഇവിടെ നട്ടു വളർത്തിയിട്ടുണ്ട്.

തേക്ക്, ഉപ്പില, വങ്കണ, കുരുന്ന്, കശുമാവ്. ആര്യവേപ്പ്. തീപ്പെട്ടി മരം, മുരിക്ക്, ആഫ്രിക്കൻ മഹാഗണി, കടച്ചക്ക, മുരിങ്ങ പ്ലാവ്, മരുത്, കറിവേപ്പില ,ചെക്കി, പപ്പായ ചാമ്പ തുടങ്ങിയവയും വിവിധയിനം മാവുകളും പ്ലാവുകളും ഒപ്പം പേര വാട്ടർ ആപ്പിൾ, പപ്പായ, സപ്പോട്ട,റമ്പൂട്ടാൻ, വേപ്പ്, കടച്ചക്ക, സർവ്വസുഗന്ധി, ജാതിക്ക തുടങ്ങിയവ വളരുന്നു.

ഇക്സോറ, ജഡായു ചെമ്പരത്തി, കനകാംബരം, നന്ദ്യാർവട്ടം, അരളി അർബ്ബുദ നാശിനി, ചെടിച്ചക്ക, സീതമുടി, ചെക്കി തുടങ്ങിയവ ചെടികളും ഈ പച്ചത്തുരുത്തിന് നിറം നൽകുന്നു. പ്രകൃത്യായുള്ള പാറകളും പ്രത്യേകമായി കെട്ടിയൊരുക്കിയിരിക്കുന്ന നടപ്പാതയും ഈ പച്ചത്തുരുത്തിന്റെ ആകർഷങ്ങളാണ്. ഫാമിലി ഹെൽത്ത് സെന്ററിലെത്തുന്നവർക്കും നാട്ടുകാർക്കും തണലിടമായും കാഴ്ചയൊരുക്കിയും ഈ പച്ചത്തുരുത്ത് വളർന്നു പടരുകയാണ്.

## കണ്ണപുരം പി.എച്ച്.സി. പച്ചത്തുരുത്ത്

### കണ്ണപുരം ഗ്രാമപഞ്ചായത്ത്

കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെ കിഴക്ക് ഭാഗത്ത് പത്താം വാർഡിലാണ് കണ്ണപുരം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ സബ് സെന്ററായ പുഞ്ചവയൽ പ്രൈമറി ഹെൽത്ത് സെന്റർ സ്ഥിതിചെയ്യുന്നത്. പ്രദേശം ഇടനാടൻ ചെങ്കൽക്കുന്നുകളുടെ ഭാഗമാണ്. കുന്നിന്റെ താഴെ നെൽവയലുകളും കാണപ്പെടുന്നു. കുന്നിൻമേട് തട്ടിനിരത്തിയാണ് പച്ചത്തുരുത്തിനു വേണ്ടി 20 സെന്റ് സ്ഥലമൊരുക്കിയത്. പാറക്കൂട്ടങ്ങൾ നിറഞ്ഞ വരണ്ട ഭൂമിയാണ് ആശുപത്രിസ്ഥലം. ഒരു വൃക്ഷംപോലും ഉണ്ടായിരുന്നില്ല. വേനൽക്കാലത്തെ കൊടും ചൂടും ആശുപത്രിയുടെ പ്രവർത്തനത്തെ താളം തെറ്റിക്കുന്നത് പതിവായിരുന്നു. ഈ



സാഹചര്യത്തിലാണ് ആശുപത്രി അധികൃതരും ഗ്രാമപഞ്ചായത്ത് ഭരണ സമിതിയും ഹരിത കേരള മിഷന്റെ സഹകരണത്തോടെ പരിസരം ഹരിതസൗഹൃദമാക്കാൻ തീരുമാനിച്ചത്. തീവ്രപരിശ്രമത്തിലൂടെ ചുരുങ്ങിയ കാലം കൊണ്ട് വരണ്ട ഭൂമിയെ ഹരിത സമൃദ്ധമാക്കിത്തീർത്തു.

വംശനാശം വന്നുകൊണ്ടിരിക്കുന്ന പ്രാദേശിക സസ്യങ്ങളെയാണ് ഇവിടെ നട്ടുവളർത്തി സംരക്ഷിക്കുന്നത്. 16 ഇനത്തിലുള്ള 44 വൃക്ഷങ്ങൾ തലയെടുപ്പോടെ വളർന്നു വരുന്നു.

ഇലഞ്ഞി, ഉങ്ങ്, ഏഴിലം പാല, കരിങ്ങാലി, കൂവളം, ചെറുനാരകം, ഞാവൽ, നീർമരുത് നെല്ലി, പുല്ലാനി, പേര, മാവ്, സപ്പോട്ട, സീതപ്പഴം തുടങ്ങിയവയാണ് പ്രധാനമായും നട്ടു പരിപാലിച്ചു വരുന്നത്. ഗ്രാമപഞ്ചായത്തിന്റെ ഇതുവരെയുള്ള ഭരണസാരഥികളുടെ ഓർമ്മകൾ നിലനിർത്തുന്നതിനായി ഓർമ്മ മരങ്ങളും ഈ പച്ചത്തുരുത്തിൽ പരിപാലിച്ചു വളർത്തുന്നുണ്ട്. 10 പേർ അടങ്ങുന്ന സംരക്ഷണ സമിതിയും രൂപീകരിച്ചിട്ടുണ്ട്.

പച്ചത്തുരുത്തിന്റെ നിർമ്മിതിയോടെ ആശുപത്രി അന്തരീക്ഷം മനസ്സിന് കുളിര് പകരുന്ന ഹരിതാന്തരീക്ഷമായി മാറി. രോഗികൾക്കും ജീവനക്കാർക്കും ആശ്വാസം ലഭിച്ചു.

കുന്നിൻമേട്ടിൽ നിർമ്മിച്ചെടുത്ത പച്ചത്തുരുത്ത് നാളെയുടെ ജൈവനിധിയാണ്. പരിസ്ഥിതി സംരക്ഷണത്തിന്റെ സുസ്ഥിര മാതൃകയാണ്. ഗ്രാമീണ കൂട്ടായ്മയുടെ എക്കാലത്തെയും കൈപ്പുണ്യം

## ഗവ: യുപി സ്കൂൾ പുറച്ചേരി

### ചെറുതാഴം ഗ്രാമപഞ്ചായത്ത്

ചെറുതാഴം ഗ്രാമ പഞ്ചായത്തിലെ പുറച്ചേരി ഗവ.യു.പി. സ്കൂളിലെ കുട്ടികൾ ഒരുക്കിയ വിദ്യാവനം പച്ചത്തുരുത്ത് വേറിട്ടൊരു പ്രവർത്തനമാണ്. ചെറുതാഴം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ജൈവ വൈവിധ്യ പച്ചത്തുരുത്തുകൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇവിടെ ഇത് തയ്യാറാക്കിയത് എങ്കിലും ഇതിന്റെ സംഘാടനത്തിൽ വിദ്യാർത്ഥികൾ കാണിക്കുന്ന നേതൃത്വമാണ് പ്രത്യേകം എടുത്ത് പറയേണ്ടത്. 2023 ജൂൺ അഞ്ചിനാണ് ഈ പച്ചത്തുരുത്തിൽ ആദ്യ തൈ നട്ടത്. അന്നത്തെ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. പി.പി. ദിവ്യയാണ് ആദ്യ തൈ നട്ടത്.

വനം വകുപ്പിന്റ സാമൂഹ്യ വനവല്ക്കരണ വിഭാഗം നടപ്പിലാക്കുന്ന വിദ്യാവനം പദ്ധതിയുടെ സഹായങ്ങളും ഇതിന് ലഭിച്ചു. 50 ൽ പരം ഫലവൃക്ഷങ്ങളും അതിനുശേഷം വളർത്തിയടുത്ത ചെറു വൃക്ഷങ്ങളും ഔഷധസസ്യതോട്ടവും കുറ്റിച്ചെടികളും ഉൾപ്പെടുന്നതാണ് ഈ പച്ചത്തുരുത്ത് . 15 സെന്റ് ഭൂമിയിലാണ് പച്ചത്തുരുത്തുള്ളത്. വിവിധ തരം മാവുകൾ. പ്ലാവ്.നെല്ലി, തുടങ്ങിയ വലിയ വൃക്ഷങ്ങളും പേര സിതപ്പഴം ,സപ്പോട്ട, അരളി, മൾബറി തുടങ്ങിയ നിരവധി ചെറുമരങ്ങളും ചെടികളും വള്ളിച്ചെടികളും ഔഷധസസ്യങ്ങളും ഈ പച്ചത്തുരുത്തിൽ വളരുന്നുണ്ട്.

യു പി വിഭാഗത്തിലെ ഹരിത സേനാംഗങ്ങളായ സേവനസന്നദ്ധരായ 40 കുട്ടികൾ 5 ഗ്രൂപ്പുകളായി തിരിഞ്ഞാണ് പച്ചത്തുരുത്തിനെ പരിപാലിക്കുന്നത്. സ്കൂൾ സമയത്തും സമയം കഴിഞ്ഞാലും



അവധിക്കാലത്തും കുട്ടികളുടെ ഗ്രൂപ്പുകൾ ഈ തോട്ടത്തിലെത്തും.

സ്കൂളിലെ ഭക്ഷണത്തിന്റെ മാലിന്യങ്ങൾ വളമാക്കി മാറ്റി തൈകൾക്ക് നല്കാനുള്ള സംവിധാനവും ഇവിടെ ഒരുക്കിയിട്ടുണ്ട്. മനോഹരമായ ജൈവവേലിയും ഇവിടെ ഉണ്ടു. എന്നാൽ അവ നിർമ്മിച്ചത് ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി തൊഴിലാളികളാണ്. പച്ചത്തുരുത്തിലെ എല്ലാ സസ്യങ്ങൾക്കും ലേബലിങ് നടത്തിയിട്ടുണ്ട്. ഇതിനകത്ത് നടപ്പാതയും കുട്ടികൾക്ക് ഇരുന്നു പഠിക്കുന്നതിനും വിശ്രമിക്കുന്നതിനും ആവശ്യമായ ഇരിപ്പിടങ്ങളും ഒരുക്കിയിട്ടുണ്ട്. കിളികൾക്ക് വെള്ളം കുടിക്കാനുള്ള സൗകര്യങ്ങളും ഇവിടെ ഒരുക്കിയിട്ടുണ്ട്.

## റെസിഡൻസ് അസ്സോസിയേഷനുകൾക്ക് ഹരിത - ശുചിത്വ ഗ്രേഡിംഗ്

സംസ്ഥാനത്ത് റസിഡൻസ് അസോസിയേഷനുകൾ ശക്തമായ കൂട്ടായ്മയാണ്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ പോലെ ഒട്ടനവധി സാമൂഹിക പ്രവർത്തനങ്ങളും ശേഷീവൽക്കരണ പ്രവർത്തനങ്ങളും ഈ സംവിധാനം നടത്തിവരുന്നുണ്ട്. അതിലൊന്നാണ് മാലിന്യ സംസ്കരണ- ഹരിതവല്കരണ മേഖലയിലെ പ്രവർത്തനങ്ങൾ. സംസ്ഥാനത്തും ജില്ലയിലും ഒട്ടേറെ പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടന്നുവെങ്കിലും അവയുടെ ഫലപ്രാപ്തി ഉറപ്പുവരുത്താൻ ഔദ്യോഗിക സംവിധാനങ്ങൾ ഇല്ലാതിരുന്നത് പരാതികൾക്ക് കാരണമായിരുന്നു. എന്നാൽ കണ്ണൂർ ജില്ല , ഇക്കാര്യത്തിൽ വ്യത്യസ്ത ചുവടാണ് മുന്നോട്ട് വെച്ചത്. റസിഡൻസ് അസോസിയേഷനുകൾ നടത്തിയ ഹരിത - ശുചിത്വ പ്രവർത്തനങ്ങൾ വിശദമായ മോണിറ്ററിംഗിന് വിധേയമാക്കി ഫലപ്രാപ്തി ഉറപ്പുവരുത്താൻ വിപുലമായ സംവിധാനമാണ് തയ്യാറാക്കിയത്. സംസ്ഥാനതലത്തിൽ തന്നെ ശ്രദ്ധേയമായ മാതൃകയായിരുന്നു ഇത്. ജില്ലയിലെ റസിഡൻസ് അസോസിയേഷനകളുടെ വിപുലമായ ജനറൽ ബോഡിയോഗം, ഫെഡറേഷൻ ഓഫ് റസിഡൻസ് അസോസിയേഷൻ എന്ന ജില്ലാ തല സംവിധാനത്തിന്റെ സഹായത്തോടെ വിളിച്ചു ചേർത്താണ് വ്യത്യസ്ത മോണിറ്ററിംഗ് രീതിക്ക് തുടക്കമിട്ടത്.

നടത്താൻ പോകുന്ന ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിശദീകരിച്ചു കുറിപ്പ് തയ്യാറാക്കി നല്കി അസോസിയേഷനുകളെ ക്യാമ്പയിനിന്റെ ഭാഗമാക്കി.

പൂർത്തീകരിക്കേണ്ടുന്ന പ്രവർത്തനങ്ങളുടെ കലണ്ടർ തയ്യാറാക്കി അസോസിയേഷനുകളുടെ പങ്കാളിത്തത്തിനായ് നല്കി. ഈ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താൻ റെസി. അസോസിയേഷൻ ഭാരവാഹികളുടെ ജില്ലാ തല പൊതു യോഗങ്ങൾ വിവിധ തവണ വിളിച്ചു ചേർത്തു. മോണിറ്ററിംഗിന് രീതി ശാസ്ത്രം തയ്യാറാക്കി. മോണിറ്ററിംഗിനോടൊപ്പം ഗ്രേഡിംഗ് നൽകലും ജില്ലാ തല പുരസ്കാരങ്ങളും കൂടി ഏർപ്പെടുത്തി .

അവസാന ഘട്ടത്തിലെത്തിയപ്പോൾ 38 അസ്സോസിയേഷനുകളാണ് പുരസ്കാര വിഭാഗങ്ങളിലും ഗ്രേഡിംഗ് നൽകൽ വിഭാഗത്തിലും ഉണ്ടായിരുന്നത്.



ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ,അജൈവ മാലിന്യ സംസ്കരണം സംവിധാനങ്ങൾ, അവയുടെ മേന്മ, ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഹരിത പെരുമാറ്റചട്ടങ്ങളുടെ പാലനം, മാലിന്യ കൂനകൾ നീക്കം ചെയ്തു സൗന്ദര്യ വൽക്കരണം തുടങ്ങിയ ഘടകങ്ങളിലാണ് പുരസ്കാരങ്ങൾ



ഏർപ്പെടുത്തിയത്.

130 മാർക്കുള്ള ചോദ്യാവലി തയ്യാറാക്കിയാണ് ഗ്രേഡിംഗ് നടത്തിയത്. 70 മാർക്ക് മുതൽ 80 മാർക്ക് വരെ 3 സ്റ്റാർ ഗ്രേഡിംഗ്, 81 മാർക്ക് മുതൽ 100 മാർക്ക് വരെ 4 സ്റ്റാർ ഗ്രേഡിംഗ്, 101 മാർക്ക് മുതൽ 130 മാർക്ക് വരെ 5 സ്റ്റാർ ഗ്രേഡിംഗ് . ഈ രീതിയിലാണ് റെസിഡൻസ് ഗ്രേഡിംഗ് നൽകിയത്. 41 റെസിഡൻസ് അസോസിയേഷനുകളിൽ 10 എണ്ണം ഫൈവ് സ്റ്റാർ ഗ്രേഡ് നേടി. 17 എണ്ണത്തിന് ഫോർ സ്റ്റാറും 11 എണ്ണത്തിന് ത്രീ സ്റ്റാറും ലഭിച്ചു. ജില്ലാ തലത്തിൽ വലിയ ആഘോഷമായാണ് പുരസ്കാരങ്ങളും ഗ്രേഡിംഗുകളും സമ്മാനിച്ചത്.

## കതിരൂർ ഗ്രാമ പഞ്ചായത്ത്

### ശ്മശാനങ്ങൾക്കും ഉണ്ടൊരു മാതൃക ഇവിടെ....



കതിരൂരിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കു രണ്ട് പതിറ്റാണ്ടോളം പഴക്കമുണ്ട്. പ്ലാസ്റ്റിക്ക് ശേഖരണത്തിനും മറ്റ് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കും വ്യത്യസ്ത രീതികൾ കൊണ്ടു വന്നതും സംസ്ഥാനത്തെ ആദ്യ മാതൃകയായി മാറിയതുമെല്ലാം കതിരൂരാണ്. അക്കൂട്ടത്തിലൊരു മാതൃകയാണ് കതിരൂരിലെ വാതക ശ്മശാനം. 2015 ലാണ് ഈ ശ്മശാനം പ്രവർത്തനം ആരംഭിച്ചത്. എന്നാൽ ശ്മശാന ഉപയോഗത്തിൽ ബോധവല്ക്കരണം വ്യാപിപ്പിക്കുകയും ഹരിത പെരുമാറ്റ ചട്ടം നടപ്പിലാക്കാൻ ശ്രമങ്ങൾ ഊർജിതപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തത് 2017 മുതലാണ്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 54 സെന്റ് സ്ഥലത്ത് ജലനിധി കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള ശുചിത്വ ഫണ്ട് ഉപയോഗപ്പെടുത്തി അതിമനോഹരമായ കെട്ടിടത്തോടുകൂടി നിർമ്മിച്ചതാണ് കുണ്ടുചിറ വാതക ശ്മശാനം. ജില്ലയിലെ ആദ്യ വാതക ശ്മശാനം കൂടിയാണിത്. 2015 സെപ്തംബർ 3 ന് ബഹു.എം. എൽ.എ കോടിയേരി ബാലകൃഷ്ണനാണ് ഇത് ഉദ്ഘാടനം ചെയ്തത്. ഇവിടെ ഉപയോഗപ്പെടുത്തു ന്ന ജലം ശുചീകരിച്ച് കൃഷി ആവശ്യങ്ങൾക്ക് നല്കുകയും ശ്മശാനം മനോഹരമായ ഉദ്യാനമായി മാറ്റുകയും ചെയ്തു. ചടങ്ങുകൾ നടത്താൻ പ്രത്യേക സംവിധാനങ്ങൾ, ചടങ്ങുകളെല്ലാം ഹരിത പ്രോട്ടോക്കോൾ പാലിച്ച് ഇങ്ങിനെ നിരവധി മാതൃകകൾ ഇവിടെ നിന്ന് പകർത്താൻ ഉണ്ട്. നെറ്റ് സീറോ കാർബൺ എന്ന ലക്ഷ്യത്തിലേക്കുള്ള വഴി കൂടിയാണ് ഈ വാതക ശ്മശാനം.

## ഓക്കില - കേളകത്തെ ശലഭ ഗ്രാമം

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയിലൂടെ ഒഴുകുന്ന ചീങ്കണ്ണി പുഴയിലൂടെ എല്ലാ വർഷവും ഡിസംബർ മുതൽ ഫെബ്രുവരി വരെ നീളുന്ന പതിനായിരക്കണക്കിന് വരുന്ന ആൽബട്രോസ് ശലഭങ്ങളുടെ ദേശാടനം ഒരു വിസ്മയ കാഴ്ചയാണ്. ചില വർഷങ്ങളിൽ പാലുകാച്ചിയിൽ നീലക്കടുവ ഇനത്തിൽ പെട്ട ആയിരക്കണക്കിന് ചിത്രശലഭങ്ങളെ കാണാം. കാർഷിക വിളകളുടെ വർദ്ധനവിന് കർഷകരെ ഏറ്റവുമധികം സഹായിക്കുന്ന പൂമ്പാറ്റകളെ സംബന്ധിച്ച് പഠനം നടത്തണമെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയും ഒരു വർഷം നീണ്ട പഠനത്തിന്റെ ഭാഗമായി






കണ്ടെത്തിയ 167 ഇനം പൂമ്പാറ്റകളുടെ ചിത്രങ്ങളും വിവരണങ്ങളും വിദഗ്ധരുടെ ലേഖനങ്ങളും ഉൾപ്പെടുത്തി ഓക്കില എന്ന പേരിൽ പഠന ഗ്രന്ഥം പ്രസിദ്ധീകരിക്കുകയും ചെയ്തു. കേളകത്തെ സംസ്ഥാനത്തെ ആദ്യ ശലഭഗ്രാമമാക്കി മാറ്റാനുള്ള പ്രവർത്തനപദ്ധതിക്ക് രൂപം നൽകി കഴിഞ്ഞു. വളയംചാലിൽ ചീങ്കണ്ണിപ്പുഴയോരത്ത് ലഭിച്ച 7 ഏക്കർ സ്ഥലത്ത് ശലഭോദ്യാനം നിർമ്മിക്കാൻ തീരുമാനിച്ചു. ഹരിതകേരളം മിഷന്റെയും കേളകം ഗ്രാമ പഞ്ചായത്തിന്റെയും നേതൃത്വത്തിൽ പൂമ്പാറ്റകളെ കുറിച്ചുള്ള ഒരു സർവേ നടത്തുകയും 2025 സെപ്റ്റംബർ 16 ന് ഹരിതകേരളം മിഷൻ സംസ്ഥാന പച്ചത്തുരുത്ത് അവാർഡ് വിതരണ വേദിയിൽ വെച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എം പി രാജേഷ് ഓക്കില പ്രകാശനം നടത്തുകയും ചെയ്തു.

### തെളിമ: പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ സമഗ്ര മാലിന്യ നിർമ്മാർജ്ജനപദ്ധതി





ഹരിതകേരളം മിഷൻ എന്ന ആശയത്തെ നെഞ്ചേറ്റി പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് വിജയകരമായി നടപ്പിലാക്കിയ ക്യാമ്പയിനാണ് സമഗ്ര മാലിന്യ സംസ്കരണ പദ്ധതി. ബ്ലോക്ക് പരിധിയിലെ എഴ് ഗ്രാമപഞ്ചായത്തുകളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കിയത്. 2016 ഫെബ്രുവരി 29-ന് പി. കരുണാകരൻ എം.പി. യാണ് പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത്. പദ്ധതിക്ക് തെളിമ' എന്ന് നാമകരണം നിർവ്വഹിച്ചതും ലോഗോ പ്രകാശനം ചെയ്തതും പദ്ധതിയുടെ ബ്രാൻഡ് അംബാസിഡർ കൂടിയായ കൈതപ്രം ദാമോദരൻ നമ്പൂതിരിയാണ്.

ആദ്യ ഘട്ടം എന്ന നിലയിൽ ഗാർഹിക ഉറവിട മാലിന്യസംസ്കരണ ഉപാധികൾ സംബന്ധിച്ച വിശദമായ വിവരശേഖരണം നടത്തി . ആയതിന്റെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും തൊഴിലുറപ്പ് പദ്ധതി മുഖേനയും വീടുകളിൽ ജൈവ മാലിന്യസംസ്കരണ സംവിധാനങ്ങൾ ഉണ്ടാക്കി.

ഗ്രാമപഞ്ചായത്തുകൾ നിർദ്ദേശിച്ച പട്ടണങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് 2016-17 വാർഷിക പദ്ധതിയിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിച്ചു.

'തെളിനീരിനായ് ഒരു കരുതൽ' എന്ന പേരിൽ ജലാശയ ശുചീകരണ ക്യാമ്പയിൻ (2017 മെയ് 21-28 തീയതികളിൽ) സംഘടിപ്പിച്ചു.

ജനങ്ങളിൽ ശുചിത്വബോധം സൃഷ്ടിക്കുന്നതിനായി കലാജാഥകൾ, വിളംബര ജാഥകൾ, ലഘുലേഖകൾ, സ്കൂൾ അസംബ്ലികളിൽ ശുചിത്വ പ്രതിജ്ഞ, മെഗാ തിരുവാതിര തുടങ്ങിയവ സംഘടിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായുള്ള ബ്ലോക്കുതല കോർക്കമ്മിറ്റിയും ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായുള്ള പഞ്ചായത്തുതല കോർക്കമ്മിറ്റിയും ഗ്രാമപഞ്ചായത്ത് മെമ്പർ ചെയർമാനും, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കൺവീനായ വാർഡ്തല ശുചിത്വ കമ്മിറ്റികളുമാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയത്.

## ചിറക്കൽ ഗ്രാമ പഞ്ചായത്ത്

### ചിറയിലെ വെള്ളം തെളിഞ്ഞു; ചിറക്കലിന്റെ മനസ്സും

കണ്ണൂർ ജില്ലയിലെ അതിപുരാതനമായ ജലസംഭരണികളിലൊന്നാണ് ചിറക്കൽ ചിറ. 13 ഏക്കറോളം

സ്ഥലത്ത് പരന്നു കിടക്കുന്ന ജലസംഭരണിക്ക് 3മീറ്റർ നീളവും 162 മീറ്റർ വീതിയും ഉണ്ട്. ചിറക്കൽ ഗ്രാമപഞ്ചായത്തിൽ ചിറക്കൽ കോവിലകത്തിന്റെ ഉടമസ്ഥതയിലുള്ളതാണീ ചിറ. പ്രദേശത്തെ ഭൂജലവിതാനം വർധിപ്പിക്കുന്നതിനും വരൾച്ചയെ പ്രതിരോധിക്കുന്നതിനും ഏറെ സഹായകരമാണ ഈ ചിറ.

ചെങ്കല്ലുപയോഗിച്ച് നിർമിച്ച ഈ ചിറ പക്ഷേ കാലപഴക്കം കാരണം തകർന്നിരുന്നു. മാത്രമല്ല മണ്ണും മാലിന്യങ്ങളും അടിഞ്ഞ് ചിറയുടെ ജലസംഭരണശേഷി കുറഞ്ഞിരുന്നു. മാലിന്യങ്ങൾ വലിച്ചെറിഞ്ഞ് ജലം മലിനമായി മാറുകയും ചെയ്തു. 2016 ൽ ഹരിതകേരളം മിഷന്റെ ഉത്ഭവത്തോടെ വെള്ളം, വൃത്തി, വിളവ് മേഖലകളിലെ വീണ്ടെടുപ്പിനായി വിപുലമായ ചർച്ചകൾ ഉയർന്നു വന്നു . ആ കൂട്ടത്തിൽ ചിറക്കൽ ചിറ സംരക്ഷണമെന്ന ആശയവും ശക്തിയായി ഉയർന്നുവന്നു.ബഹുമാനപ്പെട്ട അന്നത്തെ കണ്ണൂർ എം.പി. പി.കെ.ശ്രീമതി ടീച്ചർ അന്നത്തെ ധനവകുപ്പ് മന്ത്രി തോമസ് ഐസക് , ഹരിതകേരളം മിഷൻ എക്സി വൈസ് ചെയർപേഴ്സൺ ഡോ. ടി. എൻ സീമ എന്നിവർ ഉൾപ്പെടെയുള്ളവർ ചിറ സന്ദർശിക്കുകയും പുനരുദ്ധാരണ പ്രവർത്തനത്തിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്തു. തുടർന്ന് നവീകരണത്തിനുള്ള എസ്റ്റിമേറ്റ് ചെറുകിട ജലസേചന വിഭാഗം തയ്യാറാക്കി ജില്ലാ കല്ക്ടർക്ക് സമർപ്പിക്കുകയും ജില്ലാ കലക്ടർ അതു അനുമതിക്കായി ജലവിഭവ വകുപ്പിലേക്ക് സമർപ്പിക്കുകയും ചെയ്തു. പി.കെ ശ്രീമതി യുടെ ഇടപെടലിനെ തുടർന്ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പ്രത്യേക താൽപര്യം എടുത്താണ് പദ്ധതിക്ക് അനുമതി ലഭ്യമാക്കിയത്..

ഈ പദ്ധതിയുടെ ഭാഗമായി ചിറയിൽ അടിഞ്ഞുകൂടി കിടന്ന മണ്ണും മാലിന്യങ്ങളും മാറ്റുകയും, പൊളിഞ്ഞുവീണഭാഗങ്ങളിലെ സംരക്ഷണ ഭിത്തി പുതുതായി ചെങ്കല്ലുപയോഗിച്ച് നിർമിക്കുകയും ചെയ്തു. സമീപപ്രദേശങ്ങളിൽ നിന്നും റോഡിലൂടെ ഒഴുകി വരുന്ന മലിനജലവും മഴ വെള്ളവും ചിറയിൽ വന്ന് നിറയുന്നത് ഒഴിവാക്കാൻ ചിറയുടെ കിഴക്ക് ഭാഗത്തുള്ള ഓവുചാലുമായി യോജിപ്പിക്കുന്ന തരത്തിൽ പുതുതായി ഓവുചാൽ നിർമ്മിക്കുക എന്നീ പ്രവൃത്തികളാണ് നടത്തിയത്. ചിറക്കൽ ചിറ നവീകരണ പ്രവൃത്തിക്ക് ശേഷം ചിറയ്ക്ക് ചുറ്റുമുള്ള റോഡും പരിസര മേഖലകളും ടൂറിസം സാധ്യതകൾ കൂടി കണക്കിലെടുത്തു പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാം വിധം നവീകരിക്കുകയും ചെയ്തു.





കൂടാതെ സംരക്ഷണ ഭിത്തി ഉയരം കൂട്ടി നവീകരിക്കൽ, സമീപ പ്രദേശങ്ങളിലെ റോഡിൽ നിന്നും ഒഴുകിവരുന്ന മഴ വെള്ളം സുഗമമായി ഒഴുകുന്നതിന് സൗകര്യം ഒരുക്കൽ, പൊതുജനങ്ങൾക്കായി ഇരിപ്പിട നിർമ്മാണം എന്നീ കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി പദ്ധതി പൂർത്തിയാക്കി .അഴിക്കോട് മണ്ഡലം എം എൽ എ കെ.വി. സുമേഷ്, ചിറക്കൽ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി എന്നിവരുടേയും പ്രദേശ വാസികളുടെയും നിരന്തരമായ ഇടപെടലാണ് ചിറക്കൽ ചിറ പുനരുദ്ധാരണം എന്ന ലക്ഷ്യം കണ്ടത്.

## ജൈവ മാലിന്യ സംസ്കരണത്തിൽ - വ്യത്യസ്ത മാതൃകയായി ആന്തൂർ നഗരസഭയിലെ ഭൂമിക ഹരിത കർമ്മ സേന

അജൈവ മാലിന്യ സംസ്കരണ സംവിധാനം, ഹരിത സംരംഭങ്ങൾ എന്നിവയിൽ സംസ്ഥാന തലത്തിൽ മികച്ച ഹരിത കർമ്മസേനയായി തെരഞ്ഞെടുത്ത ഭൂമിക ഹരിത കർമ്മസേനയുടെ വ്യത്യസ്ത മാതൃകയാണിത്. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ആന്തൂർ നഗരസഭ, ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിലൂടെ 'മാലിന്യമുക്തം നവകേരളം' എന്ന ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ ഒരു മാതൃകയായി മാറിയിരിക്കുകയാണ്. 2015-ൽ രൂപീകൃതമായ ഈ നഗരസഭ, നിഫ്റ്റ്, ഗവ: എൻജിനീയറിംഗ് കോളേജ്, പറശ്ശിനിക്കടവ് മുത്തപ്പൻ മഠപ്പുര തുടങ്ങിയ സുപ്രധാന സ്ഥാപനങ്ങളും ടൂറിസം കേന്ദ്രങ്ങളും ഉൾക്കൊള്ളുന്ന പ്രദേശമാണ്.

ജൈവമാലിന്യ സംസ്കരണത്തിനായി 7 തുമ്പൂർമുഴി പ്ലാന്റുകളും ഒരു വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റും കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

ഓരോ വാർഡിലും ഒരു ഹരിതകർമ്മസേന എന്ന നിലയിൽ 28 ഹരിത കർമ്മ സേന അംഗങ്ങൾ പ്രവർത്തിക്കുന്നു.

നഗരസഭയിൽ ആകെ 8460 വീടുകളും, 956 സ്ഥാപനങ്ങളുമാണ് നിലവിലുള്ളത്. ജൈവ മാലിന്യ സംസ്കരണത്തിന് റിംഗ് കമ്പോസ്റ്റ്, ബൊക്കാഷി ബക്കറ്റ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ ഉപാധികൾ നഗരസഭ മുഖേന വിതരണം ചെയ്തിട്ടുണ്ട്. ഉറവിട മാലിന്യസംസ്കരണ ഉപാധികളുടെ തുടർ പരിപാലന നടപടികൾ ഹരിതകർമ്മസേനയെ ജൈവമാലിന്യ ചുമതലപ്പെടുത്തികൊണ്ട്

നഗരസഭയിലെ ഗാർഹിക സംവിധാനങ്ങൾ 100 ശതമാനം ഉറപ്പ് വരുത്തിയിട്ടുണ്ട്.

നഗരസഭയിലെ വീടുകളിലും, സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള ബിറ്റ് നോട്ടീസ്, ബ്രോഷറുകൾ, സോഷ്യൽ മീഡിയയിലുടെയുള്ള പ്രചരണം, ഉറവിട ജൈവമാലിന്യ സംസ്കരണ ഉപാധികളുടെ പ്രദർശനം എന്നിവ സംഘടിപ്പിച്ചിട്ടുള്ളതാണ്. കൂടാതെ നഗരസഭയിലെ വാർഡുകളിൽ നിന്നും വൃത്തിയുള്ളതും, മാതൃകാപരമായി ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്ന വീടുകളിലെ കുടുംബനാഥൻ / നാഥ എന്നവർക്ക് സ്വച്ഛതാ അവാർഡുകൾ നൽകി ആദരിച്ചിട്ടുള്ളതാണ്.

നഗരസഭയിലെ ലൈസൻസ് ഉള്ള 30 ഓളം കടയിൽ നിന്നാണ് ജൈവമാലിന്യങ്ങൾ ശേഖരിക്കുന്നത്. രാവിലെ 7 മണിക്ക് ഓരോ ക്ലസ്റ്ററിൽ നിന്നും ഓരോ പേരടങ്ങുന്ന നാല് പേരാണ് നഗരസഭയുടെ വണ്ടിയിൽ ജൈവമാലിന്യം ശേഖരിക്കുന്നത്. ഒരു ദിവസം 250Kg മുതൽ 400 kg വരെയാണ് ജൈവമാലിന്യം ശേഖരിക്കുന്നത് ഒരു കടയിൽ നിന്ന് 50 രൂപ യൂസർ ഫീ ആണ് വാങ്ങുന്നത്.. ജൈവമാലിന്യം ശേഖരിച്ച് വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റിൽ നിക്ഷേപിക്കുന്നു.

ആദ്യം ചകിരിച്ചോറ് ഇനോക്കുലം ഒരിഞ്ച് കനത്തിൽ ഇട്ട് അതിന്റെ മുകളിൽ 20 Kg ജൈവമാലിന്യം ഇട്ടതിനു ശേഷം ഒരിഞ്ച് കനത്തിൽ ചകിരിച്ചോറ് ഇനോക്കുലം ഇട്ടതിനു ശേഷം 20 kg ജൈവ മാലിന്യം ഇടും. ഇങ്ങനെ ലെയർ ആയിട്ടാണ് ജൈവമാലിന്യം ഇടുന്നത്. പിറ്റേദിവസം രാവിലെ ജൈവമാലിന്യം ശേഖരിച്ച് വന്നതിനുശേഷം കടമ്പേരിയിലെ വിൻഡ്രോ കമ്പോസ്റ്റിലേക്ക് എത്തിക്കും.

അത് 30 ദിവസം ആകുമ്പോഴേക്കും വളമായിട്ട് മാറും . ഈ ജൈവവളം കിലോ ഗ്രാമിന് 20 രൂപ നിരക്കിൽ ഭൂമിക ജൈവവളം എന്ന പേരിൽ വിപണിയിൽ ലഭ്യമാണ് .നഗരസഭയുടെ മുന്നിൽ വിപണന കേന്ദ്രത്തിൽ വച്ച് വിപണനം നടത്തുകയും ആവശ്യക്കാർക്ക് വീടുകളിൽ എത്തിച്ചു കൊടുക്കുകയും ചെയ്യുന്നുണ്ട്.

മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായി (Reduce) നഗരസഭ മാതൃകാപരമായ തീരുമാനങ്ങൾ കൈക്കൊണ്ടിരിക്കുന്നു.



## മാതൃകയായി ഗുണ്ഡിക - കടുക്കാപ്പാലം തോട് നവീകരണം



പ്രദേശത്തെ കാർഷിക മേഖലയുടെ ജീവനാഡിയായ ഗുണ്ഡിക - കടുക്കാപ്പാലം തോട് ഇന്ന് ഒരു വലിയ മാറ്റത്തിന്റെ പാതയിലാണ്. ഗുണ്ഡിക മുതൽ കടുക്കാപ്പാലം വരെ 2.5 കിലോമീറ്റർ നീളത്തിലും ശരാശരി 3 മീറ്റർ വീതിയിലുമാണ് ഈ തോട് കടന്നുപോകുന്നത്. തോടിന്റെ ഇരുഭാഗങ്ങളിലുമായി 5 ഹെക്ടറോളം കൃഷിഭൂമിയും 25 ഹെക്ടർ തരിശുഭൂമിയും വ്യാപിച്ചുകിടക്കുന്നു.

എന്നാൽ, സമഗ്രമായ നവീകരണം നടക്കുന്നതിന് മുൻപ് ഈ തോടിന്റെയും അതിനെ ആശ്രയിക്കുന്ന കർഷകരുടെയും അവസ്ഥ വളരെ ശോചനീയമായിരുന്നു. തോടിൽ വ്യാപകമായി ചെളിയും മാലിന്യങ്ങളും അടിഞ്ഞുകൂടിയതോടെ സ്വാഭാവികമായ ജലപ്രവാഹം പൂർണ്ണമായും നിലച്ചു. ഇത് മഴക്കാലത്ത് രൂക്ഷമായ വെള്ളപ്പൊക്കത്തിന് കാരണമാവുകയും, തോടിലെ വെള്ളം കരകവിഞ്ഞൊഴുകി ഇരുവശങ്ങളിലുമുള്ള കൃഷിയിടങ്ങളിൽ കയറുന്നത് പതിവാകുകയും ചെയ്തു. ഇതോടെ ഗുണ്ഡിക, കടുക്കാപ്പാലം പാടശേഖരങ്ങളിൽ ഒന്നാം വിള കൃഷി ചെയ്യാൻ കർഷകർക്ക് സാധിക്കാത്ത വലിയൊരു പ്രതിസന്ധിയുണ്ടായി. കൂടാതെ, തോടിന്റെ കരകൾ വ്യാപകമായി ഇടിയുന്നതും വലിയൊരു വെല്ലുവിളിയായി മാറി.

കർഷകരുടെ ദുരിതങ്ങൾക്ക് ശാശ്വത പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെയാണ് അധികൃതർ തോടിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. വർഷങ്ങളായി തോടിൽ അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും പൂർണ്ണമായും നീക്കം ചെയ്ത് തോടിന്റെ ആഴം വർദ്ധിപ്പിക്കുകയും ജലത്തിന്റെ സുഗമമായ ഒഴുക്ക് പുനഃസ്ഥാപിക്കുകയും ചെയ്തു. രൂക്ഷമായ കരയിടിച്ചിൽ തടയുന്നതിനായി പരിസ്ഥിതി സൗഹൃദമായ രീതികളാണ് ഇവിടെ അവലംബിച്ചത്. കയർഭൂവസ്ത്രവും കല്ലും ഉപയോഗിച്ച് തോടിന്റെ ഇരുവശങ്ങളിലും ബലമുള്ള പാർശ്വഭിത്തികൾ നിർമ്മിച്ച് കരകളെ സംരക്ഷിച്ചു. ഇതിനുപുറമെ, ജലസംരക്ഷണത്തിനും വേനൽക്കാലത്തെ ജലലഭ്യത ഉറപ്പാക്കുന്നതിനും കൃഷിക്കാവശ്യമായ വെള്ളം സംഭരിച്ച് നിർത്തുന്നതിനുമായി തോട്ടിൽ തടയണയും നിർമ്മിച്ചു.



മാധ്യമം

കാണാം, കയർ ഭൂവസ്ത്രം വിരിച്ച ഹുണ്ഢികത്തോട്

ഈ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതോടെ ഗുണ്ഡിക - കടുക്കാപ്പാലം തോടിന്റെ മുഖച്ഛായ തന്നെ മാറിയിരിക്കുകയാണ്. നീരൊഴുക്ക് സുഗമമായതോടെ മഴക്കാലത്തെ വെള്ളക്കെട്ടിന് പരിഹാരമാവുകയും,

കർഷകർക്ക് യാതൊരു ആശങ്കയുമില്ലാതെ ഒന്നാം വിള കൃഷിയിറക്കാൻ സാധിക്കുകയും ചെയ്തു. കൂടാതെ, തടയണയുടെ നിർമ്മാണത്തോടെ പ്രദേശത്തെ 25 ഹെക്ടറോളം വരുന്ന തരിശുഭൂമിയിലേക്ക് കൂടി കൃഷി വ്യാപിപ്പിക്കാനുമുള്ള അനുകൂല സാഹചര്യമാണ് ഇപ്പോൾ ഒരുങ്ങിയിട്ടുള്ളത്. നാടിന്റെ കാർഷിക പുരോഗതിക്കും പാരിസ്ഥിതിക സംരക്ഷണത്തിനും ഒരുപോലെ കരുത്തേകുന്നതാണ് ഈ നവീകരണ പദ്ധതി.

## കൊട്ടിയൂർ വൈശാഖോത്സവം : ഗ്രീൻ പ്രോട്ടോക്കോളിന്റെ മാതൃക

ഒരു മാസം നീണ്ടു നിൽക്കുന്ന ഉത്സവാഘോഷങ്ങൾ നടക്കുന്ന ജില്ലയിലെ വളരെ പ്രധാനപ്പെട്ട ഒരു ആരാധനാലയമാണ് കൊട്ടിയൂർ മഹാദേവ ക്ഷേത്രം. പശ്ചിമഘട്ട മലനിരകളുടെ മടിത്തട്ടിൽ ബാവലിപ്പുഴയോടു ചേർന്ന് കൊട്ടിയൂർ ഗ്രാമ പഞ്ചായത്തിലാണ് ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ബാവലിപ്പുഴയുടെ കൈവഴികളാൽ ചുറ്റപ്പെട്ട്, പ്രകൃതി രമണീയമായി വനത്തിനുള്ളിലാണ് ക്ഷേത്രം ഉള്ളത്. ജില്ലക്കകത്തു നിന്നും സമീപ ജില്ലകളിൽ നിന്നും കൂടാതെ സമീപ സംസ്ഥാനങ്ങളിൽ നിന്നു പോലുമുള്ള ലക്ഷക്കണക്കിന് ആളുകളാണ് ഉത്സവകാലത്ത് കൊട്ടിയൂർ ക്ഷേത്രത്തിൽ എത്തിച്ചേരാറുള്ളത്. മെയ് - ജൂൺ മാസങ്ങളിൽ ഒരു മാസക്കാലമാണ് ഇവിടെ ഉൽസവം. ദിവസേന അനേകായിരങ്ങൾ വന്നു പോകുന്ന സ്ഥലമായതിനാൽ വൻ തോതിലുള്ള ജൈവ-അജൈവ മാലിന്യങ്ങൾ  ഇക്കാലയളവിൽ ക്ഷേത്രപരിസരങ്ങളിലും ബാവലിപ്പുഴയിലും രൂപപ്പെടാറുണ്ട്.

ഉത്സവങ്ങളും ആഘോഷങ്ങളും ഹരിത പെരുമാറ്റച്ചട്ടം പാലിച്ചു കൊണ്ട് നടപ്പിലാക്കുക എന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത പരിപാടിയുടെ ഭാഗമായി  നടപ്പിലാക്കി വരുന്ന പരിപാടിയാണ് പ്ലാസ്റ്റിക്ക് മുക്ത കണ്ണൂർ.

2022 വർഷം മുതലാണ് കൊട്ടിയൂർ ഉത്സവം ഹരിതോത്സവമായി സംഘടിപ്പിക്കാൻ തുടങ്ങിയത്. തുടർന്ന് 2025 വരെ ഇതേ രീതിയിൽ ഹരിതോത്സവമായി വൈശാഖോത്സവം സംഘടിപ്പിച്ചു.

കൊട്ടിയൂർ ക്ഷേത്ര ഏകദേശം 1.5 കിലോമീറ്റർ ചുറ്റളവിൽ ഉള്ളതും രണ്ടു പുഴകളുടെ ഇടയിലായി അക്കരെയും ഇക്കരെയും ആണ് ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഈ പ്രദേശങ്ങളിൽ ആളുകൾ എത്താൻ സാധ്യതയുള്ള ഇടങ്ങളിൽ എല്ലാം തന്നെ നൂറോളം ഓല കൊട്ടകളും ദേവസ്വം തയ്യാറാക്കി നൽകിയ സൂചന ബോർഡുകളും സ്ഥാപിച്ചു

എല്ലാ ദിവസവും രാവിലെ 9 മണി മുതൽ ഉത്സവ നഗരിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന അജൈവമാലിന്യങ്ങളും  ശേഖരിക്കുകയും യഥാസമയം താൽക്കാലിക എം.സി.എഫിൽ എത്തിക്കുകയും





ചെയ്തു. എല്ലാദിവസവും ആറ് വീതം ഹരിതകർമസേന അംഗങ്ങളും അവധി ദിനങ്ങളും ഉത്സവ പ്രാധാന്യമുള്ള ജനങ്ങളുടെയും പിറ്റേദിവസം പഞ്ചായത്തിലെ മുഴുവൻ ഹരിതകർമ്മസേന അംഗങ്ങളും ഉത്സവ നഗരിയിലെത്തി മേൽ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

ജൈവമാലിന്യങ്ങൾ ആയ ഭക്ഷണാവശിഷ്ടങ്ങളും ഓടപ്പൂവ് (ഈറ്റ വേട്ടി ചതച്ചാണ് ഓടപ്പൂവ് ഉണ്ടാക്കുന്നത്.) ചപ്പ്ചവറുകൾ എന്നിവയും ദേവസ്വം ഭൂമിയിൽ തയ്യാറാക്കിയ കമ്പോസ്റ്റ് പിറ്റുകളിൽ നിക്ഷേപിക്കുകയും, ഓരോദിനവും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ദേവസ്വം ഏർപ്പാടാക്കിയ വാഹനത്തിൽ താൽക്കാലിക എം.സി.എഫ് എൽ എത്തിച്ചതിനു ശേഷം ക്ലീൻ കേരള കമ്പനിയുടെ കലണ്ടർ പ്രകാരമുള്ള തരംതിരിവ് നടത്തുകയും ചെയ്തു.

ഉത്സവം ആരംഭിച്ച് അടുത്ത ദിവസം മുതൽ ഒരു മാസക്കാലമാണ് ഹരിതകർമസേന ഈ പ്രവർത്തനം നിർവഹിച്ചത്. ഉത്സവകാലം സമാപിച്ചതിനുശേഷം നഗരിയിലെ മുഴുവൻ മാലിന്യങ്ങളും ശേഖരിച്ച് തരംതിരിച്ച് സൂക്ഷിക്കുകയും ചെയ്തു.

കൊട്ടിയൂർ ഹരിതോത്സവ നഗരിയിലെ ദൈനംദിന പ്രവർത്തനങ്ങളുമായി ജില്ലയിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപങ്ങളിലെയും ഹരിതകർമസേന പ്രവർത്തകർ സ്വമേധയായി പ്രവർത്തന സഹായവുമായി എല്ലാ വർഷവും എത്താറുണ്ട് എന്ന പ്രത്യേകത മറ്റെവിടെയും ദർശിക്കാത്ത ഒന്നാണ്.

28 ദിവസത്തെ ഉത്സവ സമാപനത്തിനു ശേഷം മുഴുവൻ അജൈവ മാലിന്യങ്ങളും ശേഖരിച്ച് ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ പൊതു ശുചീകരണ യജ്ഞം നടത്തുവാൻ എല്ലാ വർഷവും സാധിക്കാറുണ്ട്. യുവജന സംഘടനകളാണ് പൊതു ശുചീകരണ യജ്ഞത്തിന് നേതൃത്വം നല്കുന്നത്.

ഹരിത കർമ്മ സേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയാണ് ചെയ്യുന്നത്. 2023 മുതൽ കൈ മാറിയ അജൈവ മാലിന്യത്തിന്റെ അളവ്



Mathrubhumi മാതൃഭൂമി

**നവകേരളം കർമപദ്ധതി സംഘം കൊട്ടിയൂർ സന്ദർശിച്ചു**

08/06/2022 IRITTY Pg 13

ചുവടെ ചേർക്കുന്നു.

**2023 -ൽ 11ടൺ (10110kg)**

**2024 ൽ 31 ടൺ (30600kg)**

**2025 ൽ 25 ടൺ (24590 kg)**

ലക്ഷക്കണക്കിന് ജനങ്ങൾ പങ്കെടുക്കുന്ന ഉത്സവ പരിപാടിയിൽ ഹരിത പെരുമാറ്റ ചട്ടം നടപ്പിലാക്കുന്നത് ഏറെ വൈഷമ്യം ഉള്ളതാണെങ്കിലും കൊട്ടിയൂർ വൈശാഖോത്സവം സംസ്ഥാനത്തിന് നല്കിയത് മികച്ച മാതൃകയാണ്.

## ഹരിത മാതൃകയായി കണ്ണവം വെളുമ്പത്ത് മഖാം ഉറൂസ്: ആഘോഷങ്ങളിലെ പ്ലാസ്റ്റിക് വിമുക്ത മുന്നേറ്റം

ആഘോഷങ്ങൾ പലപ്പോഴും വൻതോതിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങളാണ് പ്രകൃതിയിൽ അവശേഷിപ്പിക്കാറുള്ളത്. എന്നാൽ ഇതിനൊരു മികച്ച തിരുത്തലായി മാറിയിരിക്കുകയാണ് പതിനായിരക്കണക്കിന് ആളുകൾ പങ്കെടുത്ത കണ്ണവം വെളുമ്പത്ത് മഖാം ഉറൂസ്. പൂർണ്ണമായും ഹരിത പെരുമാറ്റച്ചട്ടം (Green Protocol) പാലിച്ച് നടന്ന ഈ ജനകീയ ആഘോഷം പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് വലിയൊരു മാതൃകയാണ് നൽകുന്നത്.

ഹരിത കേരളം മിഷൻ, ജില്ലാ ഭരണകൂടം എന്നിവയ്ക്കൊപ്പം പാട്യം, ചിറ്റാരിപ്പറമ്പ് എന്നീ ഗ്രാമപഞ്ചായത്തുകളുടെ സംയുക്തവും കൃത്യവുമായ ഇടപെടലുകളാണ് ഈ പ്ലാസ്റ്റിക് മുക്ത ഉറൂസ് സാധ്യമാക്കിയത്. പരിപാടി ആരംഭിക്കുന്നതിന് രണ്ട് മാസം മുമ്പ് തന്നെ മുന്നൊരുക്കങ്ങൾ സ്വീകരിക്കാനും ആസൂത്രണം ചെയ്യാനും അധികൃതർ ശ്രദ്ധിച്ചിരുന്നു.

രണ്ട് പഞ്ചായത്തുകളിലെയും ഹരിത കർമ്മ സേന അംഗങ്ങളാണ് അജൈവ മാലിന്യ ശേഖരണത്തിനും ശുചിത്വ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയത്. അഞ്ച് ദിവസങ്ങളിലായി നടന്ന ഉറൂസ് വേദിയിലും പരിസരത്തും ഒരു പ്ലാസ്റ്റിക് കഷണം പോലും വീഴാതെ അവർ കാത്തുസൂക്ഷിച്ചു. ശേഖരിച്ച മാലിന്യങ്ങൾ എം.സി.എഫിലേക്ക് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) മാറ്റുന്നതിനായി പരിസ്ഥിതി സൗഹൃദമായ 50 ഓലക്കൊട്ടകൾ നേരത്തെ തന്നെ തയ്യാറാക്കി ഉപയോഗിച്ചത് ഏറെ ശ്രദ്ധേയമായി.

ഉറൂസിൽ പങ്കെടുക്കാനെത്തിയവർക്ക് മഖാം ജമാഅത്ത് നൽകിവരുന്ന ചുക്കുകാപ്പി വിതരണം ചെയ്യുതിലും ഈ ഹരിത മാതൃക കാണാമായിരുന്നു. ഒറ്റത്തവണ മാത്രം ഉപയോഗിക്കുന്ന ഗ്ലാസുകൾക്ക് പകരം സ്റ്റീൽ ഗ്ലാസുകളാണ് ഇതിനായി ഉപയോഗിച്ചത്. ഹരിത കേരളം മിഷന്റെ പ്രത്യേക ഇടപെടലാണ് ഇതിന് കാരണമായത്. കൂടാതെ, ആഘോഷങ്ങൾക്ക് ശേഷം ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ പരിസര പ്രദേശം പൂർണ്ണമായും ശുചീകരിക്കുകയും ചെയ്തു.



പൊതുപരിപാടികളിൽ ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ സ്റ്റീൽ പാത്രങ്ങളും ഗ്ലാസുകളും വിതരണം ചെയ്യുന്നു.

വീടുകളിൽ തുണിസഞ്ചികൾ വിതരണം ചെയ്തും, സ്വാപ്പ് ഷോപ്പുകൾ വഴിയും പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നു.

## ബസ്സ്റ്റാന്റുകളുടെ ശുചിത്വ ഹരിതവൽക്കരണ അവസ്ഥാ പഠനത്തിൽ സംസ്ഥാന മാതൃകയുമായ് ജില്ല

ജില്ലയിലെ ബസ്സ്റ്റാൻഡുകളിലെ ശുചിത്വ - മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഹരിത പെരുമാറ്റ ചട്ട നടപടികൾ, യാത്രക്കാർക്കുള്ള സൗകര്യങ്ങൾ തുടങ്ങിയ കാര്യങ്ങളിലെ അവസ്ഥ സംബന്ധിച്ച് ജില്ലയിൽ നടത്തിയ പഠനങ്ങൾ സംസ്ഥാനത്തിന് തന്നെ മാതൃകയായി മാറി. 2024 ഒക്ടോബർ മൂന്നാം വാരത്തിലാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ അവസ്ഥാ പഠനം സംഘടിപ്പിക്കുന്നതിന് തുടക്കമിട്ടത്. മൂന്ന് കെ.എസ്. ആർ. ടി. സി.സ്റ്റാന്റുകളും തദ്ദേശ ഭരണ സ്ഥാപന ഉടമസ്ഥതയിലുള്ള 32 ബസ് സ്റ്റാൻഡുകളുമാണ് ജില്ലയിൽ ഉളത്. ബസ് സ്റ്റാന്റുകളുടെ ശുചിത്വ - മാലിന്യ സംസ്കരണ സംവിധാനങ്ങൾ, അവയുടെ പരിപാലനം, ബസ് സ്റ്റാന്റുകളിലെ മലിന ജല സംസ്കരണ സംവിധാനങ്ങൾ, ബസ്സ്റ്റാന്റ് സൗന്ദര്യ വല്ക്കരണം, യാത്രക്കാർക്കുള്ള സൗകര്യങ്ങൾ, ഹരിത പെരുമാറ്റ ചട്ടപാലനത്തിനായി നടത്തിയ ശ്രമങ്ങൾ തുടങ്ങിയ കാര്യങ്ങളാണ് അവസ്ഥാ പഠനത്തിൽ ഉൾപ്പെടുത്തി ശേഖരിച്ചത്.

ജില്ലയിലെ കോളേജുകളിൽ രൂപീകരിച്ച ഗ്രീൻ ബ്രിഗേഡ് ടീമുകളെയും എൻ.എസ് എസ് ടീമുകളെയും ഉപയോഗപ്പെടുത്തിയാണ് അവസ്ഥാ പഠനം നടത്തിയത്. ആദ്യ പഠനം പയ്യന്നൂർ കെ.എസ്.ആർ.ടിസി ബസ് സ്റ്റാൻഡിനെ കേന്ദ്രീകരിച്ച് പയ്യന്നൂർ കോളേജിലെ എൻ.എസ് എസ് വിദ്യാർത്ഥികളാണ് നടത്തിയത്. 2024 ഒക്ടോബർ 24 മുതലാണിവിടെ സർവ്വെ നടത്തിയത്..

തുടർന്ന് ഇരിട്ടി മുനിസിപ്പൽ ബസ് സ്റ്റാൻഡിലെ അവസ്ഥാ പഠനം സംഘടിപ്പിച്ചു .ഇരിട്ടി ഇ.എം. എസ് സ്മാരക ഐ. എച്ച് ആർ.ഡി കോളേജിലെ എൻ.എസ് എസ് യൂനിറ്റിലെ അംഗങ്ങളാണ് അവസ്ഥാ പഠനം നടത്തിയത്. ശ്രീകണ്ഠാപുരം മുനിസിപ്പൽ ബസ് സ്റ്റാൻഡിലെ അവസ്ഥാ പഠനത്തിന് ശ്രീകണ്ഠാപുരം എസ്. ഇ. എസ് കോളേജിലെ എൻ.എസ്. എസ് ടീമാണ് നേതൃത്വം നല്കിയത്.



അഞ്ചരക്കണ്ടി ബസ് സ്റ്റാന്റ് , ചക്കരക്കൽ ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ അവസ്ഥാ പഠനത്തിന് നേതൃത്വം നല്കിയത്. മുണ്ടേരി നെഹർ കോളേജിലെ എൻ.എസ് എസ് ടീമംഗങ്ങളാണ്. കൃത്യമായ ചോദ്യാവലികളുടെ സഹായത്തോടെ എൻ. എസ് എസ് പ്രോഗ്രാം ഓഫീസർമാരുടെ പിന്തുണയോടെയായിരുന്നു അവസ്ഥാ പഠനം .പഠന പ്രവർത്തനങ്ങൾക്ക് ഹരിതകേരളം മിഷൻ ബ്ലോക്ക് കോ- ഓഡിനേറ്റർമാർ നേതൃത്വം നല്കി. തയ്യാറാക്കിയ അവസ്ഥാ പഠന റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് 2025 നവംബർ 4 ന് സമർപ്പിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. കെ.കെ. രത്നകുമാരി, ജില്ലാ കളക്ടർ അരുൺ കെ വിജയൻ, എന്നിവർ പഠന റിപ്പോർട്ട് ഏറ്റുവാങ്ങി.

### എന്റെ പാത്രം നിന്റെ കണ്ണാടി... ചപ്പാരപ്പടവിന്റെ നൂതന മാതൃക

കുട്ടികളിൽ ശുചിത്വ ശീലം രൂപപ്പെടുത്തുന്നതിന്ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നടപ്പിലാക്കിയ നൂതന പദ്ധതിയാണ് എന്റെ പാത്രം നിന്റെ കണ്ണാടി. ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലെയും അംഗൻവാടികളിലെയും ഭക്ഷണം പാഴാക്കി കളയുന്ന ശീലം മാറ്റിയെടുക്കുന്നതിനാണ് ഈ ക്യാമ്പയിൻ പഞ്ചായത്ത് ആവിഷ്കരിച്ചത്. മുഴുവൻ ഭക്ഷണവും കഴിക്കാതെ ബാക്കിയാക്കി കളയുന്ന കുട്ടികളുടെ രീതിയിൽ മാറ്റം വരുത്താനും അതിലൂടെ ജൈവ മാലിന്യങ്ങളുടെ അളവ് കുറയ്ക്കാനും സഹായിക്കുന്ന ബോധവല്ക്കരണ പരിപാടിയായിരുന്നു ഇത്. ഭക്ഷണം കഴിച്ചു കഴിഞ്ഞാൽ അതിനകത്ത് ഒന്നും ബാക്കി വെക്കാതെ പാത്രം കണ്ണാടി പോലെ വെട്ടി തിളങ്ങണം. ഭക്ഷണം കഴിച്ചു കഴിഞ്ഞാൽ ഓരോ



കുട്ടിയും അവരുടെ പാത്രം ചങ്ങാതിമാർക്ക് മുഖം നോക്കാൻ കാണിച്ചുകൊടുക്കണം .ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതിയാണ് ഈ പദ്ധതിക്ക് രൂപം നല്കിയത്. ഈ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നു എന്ന് ഉറപ്പ് വരുത്താൻ എല്ലാ വിദ്യാലയങ്ങളിലും അംഗൻവാടികളിലും രക്ഷാകർതൃ സമിതികളുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് സംവിധാനം ഉണ്ടാക്കുകയും ചെയ്തു.

### കേരളം അറിഞ്ഞു; ബന്ധാരകളെപ്പറ്റിയും ജലസമൃദ്ധിയെപ്പറ്റിയും കുറുമാത്തൂരിലൂടെ

തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വലിയൊരു പഞ്ചായത്താണ് കുറുമാത്തൂർ മലഞ്ചെരിവുകളും വയലേലകളും നിറഞ്ഞ നാട്. കഠിനമായ വരൾച്ച പല കുറി വേട്ടയാടിയ നാട് . കുറുമാത്തൂർ പഞ്ചായത്തിലെ പ്രധാന ജല നിർഗമന മാർഗങ്ങളിൽ ഒന്നാണ് കുറുമാത്തൂർ പുഴ. കാലിക്കടവിൽ



നിന്ന് തുടങ്ങി പാറാട് വരെ 18 കിലോമീറ്റർ ഒഴുകി വളപട്ടണം പുഴയിൽ ചേരുന്ന പുഴ (തോട്) .

1990 കളിൽ പല വർഷങ്ങളിലും ഈ പുഴ വറ്റിവരണ്ട്, ജലശോഷണം സംഭവിച്ച് ഉപ്പ് വെള്ളം കയറുന്ന അവസ്ഥയിലെത്തി. പുഴയുടെ ഇരുകരകളിലും നിരവധി വയലേലകളും കൃഷിഭൂമികളും ശുദ്ധജലം കിട്ടാതെ വലഞ്ഞു. വർഷങ്ങളായി ഈ പ്രദേശങ്ങളിലെ ജനങ്ങൾ അനുഭവിച്ച പ്രതിസന്ധികൾ പറഞ്ഞറിയിക്കാൻ കഴിയാത്തവയായിരുന്നു തൊഴിലുറപ്പു പദ്ധതിയിൽ പെടുത്തി തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ 2012 ൽ കുറുമാത്തൂർ പുഴയിൽ റഗുലേറ്റർ നിർമ്മിച്ചു. തൊഴിലുറപ്പ് പദ്ധതിയിൽ ഇത്തരമൊരു പദ്ധതി സംസ്ഥാനത്ത് തന്നെ ആദ്യത്തേതായിരുന്നു.

പക്ഷേ കുറുമാത്തൂർ പുഴയെ ആശ്രയിക്കുന്ന പ്രദേശങ്ങളിലെ ജലക്ഷാമം രൂക്ഷമായി തന്നെ തുടർന്നു. അതിനൊരു ശാശ്വത പരിഹാരമായത് ഹരിതകേരളം മിഷന്റെ ഉത്ഭവത്തോടെയാണ്. മിഷന്റെ ആശയങ്ങളിൽ നിന്ന് വീണ്ടെടുത്ത ഊർജ്ജവുമായി ജയിംസ് മാത്യു എം. എം എൽ യുടെ നേതൃത്വത്തിൽ നടത്തിയ ശ്രമങ്ങളാണ് കുറുമാത്തൂരിന്റെ ശുദ്ധജല സംരക്ഷണം എന്ന ലക്ഷ്യം ഫലപ്രാപ്തിയിൽ എത്തിയത്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റിന്റെയും ചെറുകിട ജലസേചന വകുപ്പിന്റയും സഹായത്തോടെ ഗോവൻ മാതൃകയായ ബന്ധാര രീതിയിൽ 3 ഡാമുകളും 18 ചെറുതടാകങ്ങളും ഈ പുഴയിൽ നിർമ്മിച്ചു. . പഞ്ചായത്തിലെ 17 വാർഡുകളിൽ പത്തിലധികം വാർഡുകളിലെ ജനങ്ങൾക്ക് ഈ ജലസംഭരണികൾ ഉപകാരപ്രദമാകുന്നുണ്ട്.

ഇതിനൊക്കെ പുറമേ ഹരിതകേരളം മിഷൻ നിർദ്ദേശങ്ങൾക്കനുസരിച്ച് നടത്തിയ ബോധപൂർവ്വമായ ഇടപെടലിലൂടെ ഈ ഗ്രാമം ഇന്ന് ജലസമൃദ്ധ പഞ്ചായത്തായി മാറിക്കഴിഞ്ഞു. 2023-24, 24-25 വർഷങ്ങളിലായി ജല സംരക്ഷണത്തിന് മാത്രമായി 98 പ്രൊജക്ടുകളാണിവിടെ ഏറ്റെടുത്തത്.

തോടുകളുടെ ആഴം കൂട്ടൽ, ചെറു തടയണകൾ, ബ്രഷ് ഫുഡ് ചെക്ക് ഡാം, കല്ലു കൊണ്ടുള്ള തടയണ എന്നിങ്ങനെയുള്ള പദ്ധതികളാണ് ഏറ്റെടുത്തത്. 16 ചെക്ക് ഡാമുകളും ചെറു തോടുകളിൽ 10 തടയണകളും ഉൾപ്പെടെ 24 തടയണകളും നിർമ്മിച്ചു. ഭൂജല വകുപ്പിന്റെ പദ്ധതിയിലാണ് മൂന്നു തടയണകൾ നിർമ്മിച്ചിത്. കൂടാതെ ബ്ലോക്ക് പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും സഹകരണത്തോടുകൂടിയാണ് 19 തടയണകൾ നിർമിച്ചത്. അമൃത് സരോവർ പദ്ധതിയിൽ പെടുത്തി പൊതുകുളങ്ങളായ തീയന്നൂർ വയൽകുളം, പന്നിയൂർ കുരുമുളക് ഗവേഷണ കേന്ദ്രത്തിലെ കുളം എന്നിവ പുനരുദ്ധരിച്ചു. തൊഴിലുറപ്പ് പദ്ധതിയിൽ 48 ഉം നീർത്തട പദ്ധതിയിൽ 112 ഉം കിണറുകൾ റീച്ചാർജ് ചെയ്തു.

വേനൽക്കാലത്ത് കുറുമാത്തൂരിന്റെ തെളിനീർ സംഭരണികളായ വിസിബികൾ വാട്ടർ തീം പാർക്കുകളായി മാറിയപ്പോൾ സമീപ പ്രദേശങ്ങളിലെ സന്ദർശകരുടെ പറുദീസയായും മാറി.

കുറുമാത്തൂർ മോഡൽ ബന്ധാര എഫ് ആർ.ബി ഷട്ടറുകൾ സ്ഥാപിച്ച് ഏത് വേനലിലും നിറഞ്ഞ നിൽക്കുന്ന ജലാശയങ്ങളായി പുഴകളേ മാറ്റിയത് ഒരു കാഴ്ച തന്നെയാണ്.

## ക്ഷീരസംഘം - ഹരിതസംഘം -

### മാതൃകാ സംഘങ്ങൾ ആയി ജില്ലയിലെ ക്ഷീര സംഘങ്ങൾ

ജില്ലയിലെ മുഴുവൻ ക്ഷീര സഹകരണ സംഘങ്ങളെയും ഹരിതവും ശുചിത്വവുമുള്ള സ്ഥാപനങ്ങളാക്കി മാറ്റുന്നത് ലക്ഷ്യമിട്ട ക്യാമ്പയിന്റെ ആദ്യ ഘട്ടമായ "ക്ഷീരസംഘം-ഹരിതസംഘം ക്യാമ്പയിൻ സർവ്വെ പൂർത്തിയാക്കി. 2023 നവംബർ 26 നാണ് സർവ്വെ തുടങ്ങിയത്. ക്ഷീര വികസന വകുപ്പ്, ഹരിത കേരള മിഷൻ, ശുചിത്വ മിഷൻ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ക്ഷീരസംഘം ഹരിതസംഘം" സർവെ നടത്തിയത്. സംസ്ഥാനത്ത് ഇത്തരമൊരു കാമ്പയിനും സർവ്വെയും ഇതാദ്യത്തേതാണ്.ക്ഷീര സഹകരണ സംഘങ്ങൾ ശുചിത്വവും ഹരിതവുമായ സ്ഥാപനങ്ങളായി മാറ്റുന്നതിനുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നേരത്തേ ക്ഷീര സംഘങ്ങൾക്ക് നല്കിയിരുന്നു.

പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണം, ക്ഷീര സ്ഥാപന ശുചിത്വം, ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ തുടങ്ങിയ കാര്യങ്ങളിലാണ് മാർഗ്ഗ നിർദ്ദേശങ്ങൾ നല്കിയിരുന്നത്. നേരിട്ടുള്ള പരിശോധനയിൽ ലഭിക്കുന്ന സ്കോറിന്റെ അടിസ്ഥാനത്തിൽ സംഘങ്ങൾക്ക് എ പ്ലസ് ,എ, ബി,എന്നീ ഗ്രേഡുകളാണ് നൽകിയത്. 2024 ഫെബ്രുവരി 5 നു കണ്ണൂർ ജില്ലാ ക്ഷീര സംഗമത്തിന്റെ ഭാഗമായി ചെറുതാഴം സർവ്വീസ് സഹകരണ ബാങ്ക് അഗ്രിമാർട്ട്, പിലാത്തറയിൽ വെച്ച് ക്ഷീര വികസന വകുപ്പ് മന്ത്രി ജെ ജെ. ചിഞ്ചു റാണി അവർഡുകളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

ജില്ലയിൽ ഒന്നാം സ്ഥാനം ലഭിച്ച ക്ഷീര സഹകരണ സംഘങ്ങൾ

1. കണ്ണപുരം ക്ഷീര വ്യവസായ സഹകരണ സംഘം
2. തലശ്ശേരി ക്ഷീര വ്യവസായ സഹകരണ സംഘം
3. പിണറായി ക്ഷീരോൽപാദക സഹകരണ സംഘം

## കോളയാട് പഞ്ചായത്തിന്റെ ശുചിത്വ - മാലിന്യ സംസ്കരണ മാതൃകകൾ

### മാലിന്യമില്ലാത്ത മാംഗല്യം

മാലിന്യ സംസ്കരണത്തിലും ശുചിത്വത്തിലും മാതൃകയായി കോളയാട് പഞ്ചായത്ത് പഞ്ചായത്തിൽ നടക്കുന്ന എല്ലാ വിവാഹങ്ങളിലും മറ്റ് ആഘോഷ വേളകളിലും പ്ലാസ്റ്റിക്ക് പൂർണ്ണമായും ഉപേക്ഷിച്ച് ഭക്ഷണം വിളമ്പാൻ വാഴയിലകളും, സ്റ്റീൽ പ്ലേറ്റുകളും, ഡിസ്പോസിബിൾ ഗ്ലാസ്സിന് പകരം ചില്ല് / സ്റ്റീൽ ഗ്ലാസ്സുകളും ഉപയോഗിക്കുന്നു കൂടാതെ ഹരിത മാംഗല്യ പദ്ധതി നടപ്പിലാക്കുന്ന വധു വരൻമാർക്ക് സാക്ഷ്യ പത്രം നൽകുന്നു വിവാഹം രജിസ്ട്രേഷൻ ചെയ്യുന്ന സമയത്ത് തന്നെ ഹരിത പ്രോട്ടോകോൾ പാലിച്ചാണ് വിവാഹം നടത്തുന്നത് എന്ന് രേഖാമൂലം എഴുതി വാങ്ങുന്നു കോളയാട് പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതി തുടർന്ന് ഇരിക്കൂർ, മാട്ടൂൽ, ചെങ്ങളായി, പടിയൂർ എന്നീന പഞ്ചായത്തുകളും ഏറ്റെടുത്തു മാലിന്യത്തിന്റെ അളവ് കുറക്കാനും, പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനും ഇതുമൂലം സാധിച്ചു ഇത് പിന്നീട് ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കി വരുന്നു.

### ബോട്ടിൽ ബൂത്ത്

സംസ്ഥാനത്ത് തന്നെ ബോട്ടിൽ ബൂത്ത് എന്ന ആശയം ആദ്യമായി നടപ്പിലാക്കിയ പഞ്ചായത്താണ് കോളയാട് കണ്ണൂർ ജില്ലയിലെ മലയോര പഞ്ചായത്താണ് ഇത് വയനാട്ടിലേക്കുള്ള നൂറു കണക്കിന്




സഞ്ചാരികൾ സഞ്ചരിക്കുന്ന സംസ്ഥാന പാതയുടെ ഇരുഭാഗത്തു നിന്നും കുപ്പികൾ ശേഖരിക്കുക എന്ന ദുഷ്ക്കരമായ പ്രവൃത്തി പഞ്ചായത്തും നാട്ടുകാരും ചെയ്യാൻ തുടങ്ങി എങ്കിലും വനമേഖലയിലെ തോടുകളിലൂടെ വലിച്ചെറിഞ്ഞ നൂറുകണക്കിന് കുപ്പികൾ ഒഴുകി പോകുന്ന കാഴ്ചയാണ് കാണാൻ കഴിയുക ഈ പ്രശ്നം എങ്ങിനെ പരിഹരിക്കണമെന്ന ചിന്തയിൽ നിന്നാണ് കുപ്പി ബൂത്ത് ( ബോട്ടിൽ ബൂത്ത് ) എന്ന ആശയം ഉണ്ടായത് കണ്ണൂർ ഗവ. ഐ.ടി. ഐ ആണ് കുപ്പി ബൂത്ത് രൂപകല്പന ചെയ്തത് ചായം പൂശി മനോഹരമാക്കി ശുചിത്വ മുദ്രാവാക്യങ്ങൾ എഴുതി 25 എണ്ണം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചു ഒന്നിന് പിറകെ ഒന്നായി ബൂത്തിൽ കുപ്പികൾ നിറഞ്ഞു കവിയാൻ തുടങ്ങി ഇതോടെ കുപ്പികൾ വലിച്ചെറിയുന്ന ശീലം കുറഞ്ഞു വഴിയരികിൽ കുപ്പി കണ്ടാൽ നാട്ടുകാർ തന്നെ അവ ശേഖരിച്ചു ബൂത്തിൽ നിക്ഷേപിക്കുകയും ചെയ്യുന്ന രീതിയും വളർന്നു വന്നു പരിസര ശുചിത്വം ഉറപ്പു വരുത്തുന്നതോടൊപ്പം ഒരു കിലോ കുപ്പിക്ക് 20 രൂപ നിരക്കിൽ വരുമാനവും



## മുഖ്യമന്ത്രിയുടെ ഹരിത അവാർഡ് 2018-19

1. സംസ്ഥാന തലം ഒന്നാം സ്ഥാനം - പടിയൂർ പഞ്ചായത്ത്

2. ജില്ലാ തലം ഒന്നാം സ്ഥാനം - ചെറുതാഴം ഗ്രാമ പഞ്ചായത്ത്





3. നഗരസഭാ തലം രണ്ടാം സ്ഥാനം - ആന്തൂർ നഗരസഭ



## മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ - 2024 - 25

1. സംസ്ഥാന തലം ഒന്നാം സ്ഥാനം - കണ്ണൂർ ജില്ല




2. നഗരസഭാതലം - ഒന്നാം സ്ഥാനം - ആന്തൂർ നഗരസഭ




**3. ഹരിത കർമ്മ സേന വിഭാഗം സംസ്ഥാന തലം - ഒന്നാം സ്ഥാനം**

ഭൂമിക ഹരിത കർമ്മസേന ആന്തൂർ നഗരസഭ

4. ബ്ലോക്ക് പഞ്ചായത്ത് തലം ഒന്നാം സ്ഥാനം - തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്




രാജ്യത്തെ നൂറു ശുചിത്വനഗരങ്ങളുടെ പട്ടികയിൽ കേരളത്തിൽ നിന്ന് രണ്ടാം സ്ഥാനവും ദേശീയപട്ടികയിൽ അമ്പത്തിമൂന്നാം സ്ഥാനവും നേടി മട്ടന്നൂർ നഗരസഭ.

മാലിന്യ മുക്തനവ കേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ നടത്തിയ വിവിധ പ്രവർത്തനങ്ങൾ ഈ നേട്ടം കൈ കൈവരിക്കുന്നതിന് സഹായകരമായിട്ടുണ്ട്.

ജില്ലാ തലത്തിൽ മികച്ച ഹരിത കർമ്മ സേന ആയി വൃത്തി കോൺക്ലേവിൽ കണ്ണപുരം, പെരളശ്ശേരി, ചപ്പാരപ്പടവ്, കുറുമാത്തൂർ എന്നീ പഞ്ചായത്തുകളുടെ അവതരണ നടത്തി.



ഒരു തൈ നടാം ക്യാമ്പയിനിൽ ഏറ്റവും കൂടുതൽ തൈകൾ കൈമാറിയതിനുള്ള അവാർഡ് സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം കണ്ണൂരിന് ലഭിച്ചു.



പച്ചത്തുരുത്തുകളിൽ ഏറ്റവും കൂടുതൽ വിസ്തൃതിയുള്ള പഞ്ചായത്തുരുത്തിനുള്ള അവാർഡ് സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം കണ്ണൂരിന് ലഭിച്ചു.

മികച്ച പച്ചത്തുരുത്തുകൾക്കുള്ള 11 അവാർഡുകൾ കണ്ണൂർ ജില്ലയ്ക്ക് സ്വന്തമായി.

തദ്ദേശസ്ഥാപന തലം - സംസ്ഥാന തലം ഒന്നാം സ്ഥാനം - മുഴക്കുന്ന് പച്ചതുരുത്ത്

ദേവഹരിതം പച്ചതുരുത്ത് - സംസ്ഥാന തലം - രണ്ടാം സ്ഥാനം - പ്രയാങ്കോട്ടം -കണ്ണപുരം ഗ്രാമപഞ്ചായത്ത്

മൂന്നാം സ്ഥാനം - മൃദംഗ ശൈലേശ്വരി ക്ഷേത്രം മുഴക്കുന്ന്



മൂന്നാം സ്ഥാനം - കരിവെള്ളൂർ പെരളം ദേവഹരിതം പച്ചതുരുത്ത്, കരിവെള്ളൂർ ഗ്രാമ പഞ്ചായത്ത്



കലാലയവിഭാഗം: സംസ്ഥാന തലം ഒന്നാം സ്ഥാനം - പയ്യന്നൂർ കോളേജ് പച്ചതുരുത്ത് കുഞ്ഞിമംഗലം ഗ്രാമ പഞ്ചായത്ത്

സ്ഥാപന തല പച്ചതുരുത്ത് - സംസ്ഥാന തലം ഒന്നാം സ്ഥാനം - കണ്ണൂർ സെൻട്രൽ ജയിൽ ട്രീ മ്യൂസിയം

വിദ്യാലയ പച്ചതുരുത്ത് - സംസ്ഥാന തലം ഒന്നാം സ്ഥാനം -തവിടിശ്ശേരി സ്കൂൾ പച്ചതുരുത്ത് - പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്



കണ്ടൽ തുരുത്ത് വിഭാഗം - സംസ്ഥാനതലം ഒന്നാം സ്ഥാനം - വയലപ്ര പാർക്ക് - കണ്ടൽ തുരുത്ത് - ചെറുതാഴം ഗ്രാമപഞ്ചായത്ത്.

മുളം തുരുത്ത് വിഭാഗം സംസ്ഥാന തലം രണ്ടാം സ്ഥാനം -

കോട്ടക്കുന്ന് മുളം തുരുത്ത് - ചെറുതാഴം ഗ്രാമ പഞ്ചായത്ത്

കിളിയന്തറ തോണിക്കടവ് മുളം തുരുത്ത് പായം ഗ്രാമപഞ്ചായത്ത്

മൂന്നാം സ്ഥാനം : ആരണ്യകം മുളം തുരുത്ത് - കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത്

കേന്ദ്ര ജല ശക്തി മന്ത്രാലയത്തിന്റെ ആറാമത് ജല അവാർഡ് പായം ഗ്രാമ പഞ്ചായത്തിന് ലഭിച്ചു.



# മിഷൻ നേട്ടങ്ങളുടെ പ്രവർത്തന വഴികൾ

നേടാൻ പഞ്ചായത്തിന്റെ ഈ ആശയത്തിലൂടെ കഴിഞ്ഞു ഇത് പിന്നീട് മുഴുവൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിച്ചു

## ജില്ലയെ തേടിയെത്തിയ പുരസ്കാരങ്ങൾ, അവാർഡുകൾ

### ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ

ജില്ലയിൽ പല പട്ടണങ്ങളിലും പ്രാന്ത പ്രദേശങ്ങളിലും മാലിന്യക്കൂനകൾ ഒരു അവിഭാജ്യ ഘടകമെന്ന പോലെ 2020 വരെ കാണാമായിരുന്നു - ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച മാലിന്യ മുക്തം നവ കേരളം ക്യാമ്പയിനിന്റെ ഇടപെടലോടെ ജില്ലയിൽ ഇത്തരം മാലിന്യക്കൂനകൾ ഒന്നൊന്നായി പോയി മറഞ്ഞു.

മാലിന്യക്കൂനകൾ മാറ്റിയെടുക്കാൻ കഴിഞ്ഞു എന്ന് മാത്രമല്ല



അവിടങ്ങളിൽ പൂന്തോട്ടങ്ങളോ പാർക്കുകളൊ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ സന്നദ്ധ സംഘടനകളുടെയും സ്ഥാപനകളുടെയും മുൻകൈയ്യിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ രൂപം കൊണ്ടു.ഇത്തരം പാർക്കുകളും പുന്തോട്ടങ്ങളും സുസ്ഥിരമായി സംരക്ഷിക്കാനും പരിപാലിക്കാനും സംഘടനാ സംവിധാനങ്ങൾ പ്രാദേശികമായി ഉണ്ടായി എന്നതും അവ ശക്തമായി ഇപ്പോഴും നിലനിൽക്കുന്നു എന്നതും പ്രധാന നേട്ടമാണ്. ജില്ലയിൽ പായം പഞ്ചായത്താണ് ഇതിൽ മുന്നിൽ നില്ക്കുന്നത്. പ്രസ്തുത പഞ്ചായത്തിൽ മാത്രം 14 പാർക്കുകളും പുന്തോട്ടങ്ങളും ഉണ്ടായിട്ടുണ്ട്.

ജില്ലയിൽ ഇത്തരത്തിൽ മാലിന്യക്കൂനകൾ മാറ്റി പാർക്കുകൾ /പൂന്തോട്ടങ്ങൾ എന്നിവ ഉണ്ടാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പേര് | സ്നേഹാരാമം |
|---|---|
| കണ്ണൂർ കോർപ്പറേഷൻ | 1. കക്കാട് പുഴയോരം |
| | 2. വുമൺസ് കോളേജ് മുൻവശം |
| | 3. എടക്കാട് വില്ലേജ് ഓഫീസ് സമീപം |
| | 4. ജെ എസ് പോൾ കോർണർ |
| | 5. എസ് എൻ ട്രസ്റ്റ് സ്കൂൾ പരിസരം |
| | 6.എളയാവൂർ പരിസരം |
| | 7.പള്ളിക്കുന്ന് ഹൈവേ |
| തലശ്ശേരി നഗരസഭ | എം എൽ എ ഓഫീസ് പരിസരം |
| | ഡി എം സി പരിസരം |
| | പുതിയ ബസ് സ്റ്റാൻഡ് സമീപം |
| മട്ടന്നൂർ നഗരസഭ | 1.കല്ലൂർ കനാൽക്കര |
| | 2.മട്ടന്നൂർ സ്കൂളിനു സമീപം |
| | 3. കളറോഡ് പാലം |
| | 4. മട്ടന്നൂർ മൃഗാശുപത്രിക്ക് സമീപം |
| പയ്യന്നൂർ നഗരസഭ | സബ് ട്രഷറി |
| | കോറോം വില്ലേജ് ഓഫീസ് റോഡ് |
| | പെരുമ്പ ബസ് വേ ജംഗ്ഷൻ |
| | മൂരി കൊവ്വൽ |
| | പയ്യന്നൂർ പെരുമ്പ മാർക്കറ്റ് |
| | കണ്ടോത്ത് ഗവൺമെന്റ് ആയുർവേദ ഹോസ്പിറ്റൽ നോർത്ത് |
| | വെള്ളൂർ ഗവ എച്ച് എസ് എസ് |
| | സ്റ്റേഡിയം മാവിച്ചേരി റോഡ് |
| | ജ്യോതിസദനം റോഡ് |
| | കണ്ടോത്ത് ഗവൺമെന്റ് ആയുർവേദ ഹോസ്പിറ്റൽ സൗത്ത് |
| | മുത്തത്തി ജംഗ്ഷൻ |

| | |
|---|---|
| | താഴത്തുവയൽ ചിൽഡ്രൻസ് പാർക്ക് |
| | പെരുമ്പ കോറോം റോഡ് ബസ് സ്റ്റോപ്പ് |
| | കരമേൽ വാർഡ് 38 |
| ആന്തൂർ നഗരസഭ | പറശ്ശിനിക്കടവ് ബസ് സ്റ്റാന്റിന് സമീപം |
| | എം.സി.എഫ്. കടമ്പേരി |
| | സി കെ കുന്ന് |
| | നഗരസഭയുടെ എതിർവശം |
| | കൈരളി വായനശാലക്ക് സമീപം |
| | കുഞ്ഞരായാൽ പി എച്ച് സിക്ക് സമീപം |
| | മൊറാഴ സെൻടൽ |
| ശ്രീകണ്ഠാപുരം നഗരസഭ | ശ്രീകണ്ഠാപുരം പുഴയുടെ തീരം, |
| | നേടുങ്ങോം സ്കൂൾ പരിസരം, |
| | മിനി എം സി എഫ് ചെമ്പൻതൊട്ടി, |
| | ശ്രീകണ്ഠാപുരം പാലം, |
| | പയ്യാവൂർ റോഡ് |
| പാനൂർ നഗരസഭ | പാനൂർ ബസ് സ്റ്റാൻഡ്, kkvmphss |
| തളിപ്പറമ്പ് നഗരസഭ | പുഷ്പഗിരി |
| | ഗവ താലൂക്ക് ഹോസ്പിറ്റൽ കരിമ്പമ്പം |
| ഇരിട്ടി നഗരസഭ | ടേക് എ ബ്രേക്ക് പയ്യാഞ്ചേരി മൂക്ക്, |
| | ഉളിയിൽ പാലം, ചാവശ്ശേരി, |
| | വെളിയമ്പ്രാ സ്കൂൾ, കീഴൂർക്കുന്ന് |
| | ഉളിയിൽ പി വി റോഡ് |
| ചെങ്ങളായി | ചേരൻ കുന്ന് |
| കൊളച്ചേരി | ചേലേരി എൽ പി സ്കൂളിന് സമീപം |
| കടമ്പൂർ | തന്നട റോഡ് സൈഡ്, ചാല |
| | കണ്ണാടിച്ചാൽ |
| ചെമ്പിലോട് | മണിയലംചിറ, കോയ്യോട് |
| മുണ്ടേരി | പക്ഷിസങ്കേതം |
| പെരളശേരി | വലിയകണ്ടി |
| | കോട്ടം ഈസ്റ്റ് LP സ്കൂളിന് സമീപം |
| | ബാവോട് UP സ്കൂളിന് സമീപം |
| കുറുമാത്തൂർ | പൊക്കുണ്ട് |
| | കുറുമത്തൂർ എച്ച് എസ് എസ് ന് മുൻവശം |
| പായം | തന്തോട് കടത്തുംകടവ് സ്കൂളിന് സമീപം |
| | ജബ്ബാർക്കടവ് പാർക്ക് |

| | |
|---|---|
| | പായം ഗവ യുപി സ്കൂളിന് സമീപം |
| | കുന്നോത്ത് സ്കൂളിന് സമീപം |
| | വള്ളിത്തോട് 3 പാർക്കുകൾ |
| | പെരുമ്പറമ്പ് യു പി സ്കൂൾ പരിസരം |
| | കൂട്ടുപുഴ ചെക്ക് പോസ്റ്റിന് സമീപം |
| | കോളിക്കടവ് ആശുപത്രിക്ക് സമീപം |
| | കിളിയന്തറ സ്കൂളിന് മുന്നിൽ |
| | കല്ലുമുട്ടി |
| | പെരുമ്പറമ്പ് ഇക്കോ പാർക്ക് |
| | പേരട്ട സ്കൂൾ |
| തില്ലങ്കേരി | തില്ലങ്കേരി ടൌൺ |
| കീഴല്ലൂർ | പാലയോട് തെരു |
| ആറളം | കീഴ്പ്പള്ളി |

## ജൂൺ 5 ഒന്നാം ഉത്സവം - ലോക പരിസ്ഥിതി ദിനം

ഭൂമിയുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രവർത്തനങ്ങളെ തടയുന്നതിനുള്ള മാർഗങ്ങൾ കുട്ടികളെ പരിശീലിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഈ ദിനാചരണവുമായി ബന്ധപ്പെട്ട് ജില്ലയിൽ എമ്പാടും നടപ്പിലാക്കിയത്. വൃക്ഷത്തൈകൾ നട്ടു സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ മഴയറിവ് മഴവെള്ള സംഭരണം ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം, ജൈവ രജിസ്റ്ററുകൾ തയ്യാറാക്കൽ പൊതുസ്ഥല ശുചീകരണം ജല സ്രോതസ്സുകൾ ശുചീകരിക്കൽ മാലിന്യ തരംതിരിവ് തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ ഈ ദിനാചരണത്തിന്റെ ഭാഗമായി മുഴുവൻ വിദ്യാലയങ്ങളിലും ഏറ്റെടുത്ത് നടപ്പിലാക്കി.

## ജൂൺ 17 രണ്ടാം ഉത്സവം -മരുവൽക്കരണ വിരുദ്ധ ദിനം

വരൾച്ചയും മരുവൽക്കരണവും പ്രതിരോധിക്കുന്നതിനും കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതും ആണ് ഈ ദിനാചരണം കൊണ്ട് ലക്ഷ്യമാക്കുന്നത്. വരണ്ടുണങ്ങികിടക്കുന്ന ഭൂമിയെ സംരക്ഷിച്ച് മണ്ണിന്റെ ജൈവാംശം തിരിച്ചുപിടിക്കുന്നതിനുള്ള പ്രക്രിയയിൽ കുട്ടികളെ പങ്കാളികളാക്കുക അന്തരീക്ഷത്തെ അറിയുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക കൃഷി ആരംഭിക്കുക ഹരിത നിയമാവലിയെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക തുടങ്ങിയവയാണ് ഈ ദിനാചരണത്തിന്റെ ഭാഗമായി ജില്ലയിൽ നടന്ന പ്രവർത്തനങ്ങൾ.

## ജൂലൈ 1 മൂന്നാം ഉത്സവം - ഡോക്ടർ ദിനം

ആരോഗ്യമെന്നാൽ ജീവിത ശൈലിയാണെന്ന് കുട്ടികളെ മനസ്സിലാക്കിപ്പിക്കുന്നതിനും അതിനായി ഭക്ഷണരീതിയിൽ പാലിക്കേണ്ട മാറ്റങ്ങൾ എന്താണെന്നും വ്യായാമം വാക്സിനേഷൻ തുടങ്ങിയവയുടെ പ്രാധാന്യവും കുട്ടികളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ടത്. ജീവിത ശൈലി രോഗങ്ങളുടെ ചാർട്ടുകൾ തയ്യാറാക്കുക പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ സന്ദർശിക്കുക ഡോക്ടറുമായി സംസാരിക്കുക കൊതുകു നിവാരണത്തെ പറ്റി മനസ്സിലാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ ദിനാചരണത്തിൽ സംഘടിപ്പിക്കപ്പെട്ടത്. ജില്ലയിലെ ഏതാണ്ട് എല്ലാ സ്കൂളുകളിലും ഈ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.

### ജൂലൈ 28 നാലാം ഉത്സവം ലോക പ്രകൃതി സംരക്ഷണ ദിനം

ആരോഗ്യമുള്ള പരിസ്ഥിതി നിലനിർത്തുന്നത് പ്രകൃതിയെയും പ്രകൃതിവിഭവങ്ങളെയും സംരക്ഷിക്കേണ്ടത് ആവശ്യമാണ്. വായു വെള്ളം മണ്ണ് മരങ്ങൾ മൃഗങ്ങൾ മൂലകങ്ങൾ തുടങ്ങിയവയെല്ലാം ജീവൻ നിലർത്തുന്നതിന് ആവശ്യമായ ഘടകങ്ങളാണ്. പക്ഷികൾക്കും ചെറു ജീവികൾക്കും കുടിക്കുന്നതിന് ചെറു മൺപാത്രങ്ങളിൽ വെള്ളം വെച്ച് കിളി കുളം സ്ഥാപിക്കുന്നതിന് കുട്ടികളെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനമാണ് ലോക പ്രകൃതി സംരക്ഷണ ദിനത്തിന്റെ ഭാഗമായി ജില്ലയിൽ നടന്നത്.

### ആഗസ്റ്റ് 9 അഞ്ചാം ഉത്സവം പുനരുപയോഗ ദിനം

പല വസ്തുക്കളും ഒരിക്കൽ മാത്രം ഉപയോഗിച്ച് വലിച്ചെറിയുന്ന ശീലം ഈ കാലഘട്ടത്തിൽ വർദ്ധിച്ചു വരുന്നതായി കാണാം. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങളുടെ അളവ് വർദ്ധിക്കുന്നതിന് ഈ പ്രവർത്തനങ്ങൾ കാരണമായിതീർന്നിട്ടുണ്ട്. പ്ലാസ്റ്റിക്കിന് ബദലായി പുനരുപയോഗ യോഗ്യമായ സാധനങ്ങൾ ഉപയോഗിക്കാൻ കഴിഞ്ഞാൽ മാലിന്യത്തിന്റെ അളവ് വലിയ രീതിയിൽ കുറക്കാൻ സാധിക്കും. പഴയ വസ്തുക്കൾ ഉപയോഗിച്ച് ബാഗ് പോലെയുള്ള അവശ്യവസ്തുക്കൾ നിർമ്മിക്കാൻ കുട്ടികളെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുകയും ഈ നിലയ്ക്കുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയുമാണ് ഈ ദിനാചരണത്തിലൂടെ ജില്ലയിൽ നടന്നത്.

### ആഗസ്റ്റ് 29 ആറാം ഉത്സവം ദേശീയ കായിക ദിനം

കൂട്ടായി നടത്തപ്പെടുന്ന കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ആരോഗ്യവും നല്ല സുഹൃത്ത് ബന്ധങ്ങളും സ്ഥാപിക്കുന്നതിന് സാധിക്കും. നമ്മുടെ നാട്ടിൻപുറങ്ങളിലെ പഴയകാല കായിക വിനോദങ്ങളായ കുട്ടിയും കോലും തലപ്പന്തുകളി, കക്ക് കളി തുടങ്ങിയ കളികൾ കുട്ടികൾക്ക് പരിചയപ്പെടുത്തി അവരെ ഈ വിനോദങ്ങളിൽ ഏർപ്പെടുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിനാണ് ആറാം ഉത്സവം ജില്ലയിലെ വിദ്യാലയങ്ങളിൽ സംഘടിപ്പിക്കപ്പെട്ടത്

### സെപ്റ്റംബർ 16 ഏഴാം ഉത്സവം ഓസോൺ ദിനം

ആഗോളതാപനം കാലാവസ്ഥ വ്യതിയാനം തുടങ്ങിയവയ്ക്ക് കാരണമായിത്തീരുന്നതും ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് ഏറ്റവും ആവശ്യമായതുമായ ഓസോൺ പാളി മനുഷ്യരുടെ ഇടപെടൽ കാരണം നശിക്കുകയും ഭൂമിയിലെ ജീവന്റെ നിലനിൽപ്പ് ഭീഷണിയിൽ ആയി മാറുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

മനുഷ്യന്റെ ഇത്തരം ദോഷകരമായ പ്രവർത്തനങ്ങൾ തിരിച്ചറിയുന്നതിനും വേണ്ട തിരുത്തലുകൾ വരുത്തുന്നതിനായി ഇടപെടുന്നതിനും ആണ് ഓസോൺ ദിനം ലക്ഷ്യമിട്ടത്.

ഓസോൺ പാളിക്ക് ദോഷകരമായി മാറുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ഏതൊക്കെ ഉപകരണങ്ങളാണ് വീടുകളിൽ ഉപയോഗിക്കുന്നത് മൂലം ഓസോൺ പാളിയുടെ നാശത്തിന് കാരണമാകുന്നത് എന്നും കണ്ടെത്തുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ടത്. ഓരോ കുട്ടിയും അഞ്ചു വീടുകൾ സന്ദർശിച്ച് അവിടെയുള്ള ഇത്തരം ഉപകരണങ്ങളുടെ വിവരശേഖരണം നടത്തുന്നു. വീട്ടുകാരെ ഈ വിഷയത്തിൽ ബോധവാന്മാരാക്കുകയും ചെയ്യുന്ന പ്രവർത്തനം ജില്ലയിൽ ആവേശ പൂർവം ഏറ്റെടുക്കുകയുണ്ടായി.

### ഒക്ടോബർ രണ്ട് എട്ടാം ഉത്സവം ഗാന്ധി ജയന്തി

കുട്ടികളിൽ മാലിന്യം അലക്ഷ്യമായി ഉപേക്ഷിക്കാതെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള മനോഭാവം വളർത്തിയെടുക്കുകയാണ് ഈ ദിനാചരണം കൊണ്ട് ലക്ഷ്യമിട്ടത്. പരിസര ശുചീകരണം, സേവന സന്നദ്ധത എന്നിവ കുട്ടികളെ പരിചയപ്പെടുത്തുന്നതിനാണ് ഈ ദിനാചരണത്തിൽ

പ്രധാനമായും ലക്ഷ്യമിട്ടത്. വേസ്റ്റ് ഓഡിറ്റ് ചെയ്യുന്ന രീതി കുട്ടികളെ പരിചയപ്പെടുത്തുകയും ശുചിത്വ ഓഡിറ്റിംഗ് നടത്തുകയും മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ സന്ദർശിക്കുകയും പരിസര ശുചീകരണം നടത്തുകയും ഈ ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ടു. മാലിന്യമുക്ത നാട് എന്ന സന്ദേശം കുട്ടികളിൽ എത്തിക്കുന്നതിന് ജില്ലയിൽ ഈ പ്രവർത്തനങ്ങൾ കൊണ്ട് പ്രേരകമായി തീർന്നിട്ടുണ്ട്.

## ഒക്ടോബർ 16 ഒമ്പതാം ഉത്സവം ലോക ഭക്ഷ്യ ദിനം

ഭക്ഷ്യസുരക്ഷ,എല്ലാവർക്കും പോഷകമൂല്യമുള്ള ഭക്ഷണം പട്ടിണി ഇല്ലാതാക്കൽ തുടങ്ങിയ ആവശ്യങ്ങൾ എങ്ങനെ നേടിയെടുക്കാം എന്ന് ചിന്തിക്കുവാൻ കുട്ടികളെ പ്രേരിപ്പിക്കുന്ന ക്യാമ്പയിനാണ് ലോക ഭക്ഷ്യ ദിനത്തിൽ ഹരിതകേരളം മിഷന്റെ ഭാഗമായി ജില്ലയിലെ വിദ്യാലയങ്ങളിൽ സംഘടിപ്പിക്കപ്പെട്ടത്.

കാർഷിക മേഖലയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് പ്രാദേശിക ഭക്ഷ്യ വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭക്ഷ്യമേള, നാടൻ വിഭവങ്ങളുടെ പ്രചരണം പോഷകമൂല്യമുള്ള നാടൻ ഭക്ഷ്യവസ്തുക്കൾ തയ്യാറാക്കുന്നരീതി എന്നിവ കുട്ടികളെ പരിചയപ്പെടുത്തുന്ന പ്രവർത്തനങ്ങൾ മദർ പി ടി എ യുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ടു.

## നവംബർ 17 പത്താം ഉത്സവം സാർവ ദേശീയ വിദ്യാർഥി ദിനം

മെച്ചപ്പെട്ട ഒരു സമൂഹത്തിന്റെ സൃഷ്ടിക്കായി വിദ്യാർത്ഥികൾ പ്രവർത്തിക്കുന്നു എന്നതാണ് ഈ ദിനാചരണം നൽകുന്ന സന്ദേശം. ഹരിതോത്സവത്തിന്റെ ഭാഗമായി ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ അവലോകനം ചെയ്തുകൊണ്ട് സ്കൂളുകളെ ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപിക്കുക ഹരിത നിയമാവലി പാലിക്കുന്നതിൽ എത്രത്തോളം വിജയം കണ്ടെത്തി എന്നിവ പരിശോധിക്കുക ഇനിയും പരിഹരിക്കേണ്ട പ്രശ്നങ്ങളിൽ കൂടുതൽ ശ്രദ്ധയോടെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക എന്നിവയാണ് ഈ ദിനാചരണത്തിന്റെ ഭാഗമായി ലക്ഷ്യമിട്ടത്.

## പ്ലാസ്റ്റിക്ക് നിരോധനം നടപ്പിലാക്കാൻ ബദൽ ഉൽപ്പന്നങ്ങൾ

ശുചിത്വ മാലിന്യ പരിപാലനത്തിൽ ജില്ലയിൽ നടത്തിയ മറ്റൊരു പ്രധാന പരിപാടിയാണ് ബദൽ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വിതരണം ചെയ്യുക എന്നത്. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കവറുകളും നിശ്ചിത മൈക്രോൺ താഴെയുള്ള പ്ലാസ്റ്റിക് ഇതര സഞ്ചികളും പൂർണമായി ഒഴിവാക്കുക






എന്ന ലക്ഷ്യം മുൻനിർത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ വ്യത്യസ്ഥ ബദൽ ഉൽപ്പന്നങ്ങൾ വ്യാപകമായി ഉപയോഗിക്കാനുള്ള പ്രവർത്തങ്ങൾ നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും കുടുംബശ്രീയുടെ സംരംഭമായി തുണി സഞ്ചി നിർമ്മാണ യൂണിറ്റുകളും പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകളും സ്ഥാപിക്കുകയും മികച്ച രീതിയിലുള്ള ബദൽ ഉൽപന്ന പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുകയുമുണ്ടായി.

കൂടാതെ വേസ്റ്റ് ടു ആർട്ട് പരിപാടിയുടെ ഭാഗമായി കര കൗശല വസ്തുക്കളും അലങ്കാര വസ്തുക്കളും നിർമ്മിച്ചു കൊണ്ടുള്ള പ്രവർത്തനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ചില ഗ്രൂപ്പുകൾ നടത്തി വന്നിട്ടുണ്ട്.

### ഹരിത ഭൂമിക

അജൈവ മാലിന്യത്തിൽ നിന്നും പാഴ് വസ്തുക്കളിൽ നിന്നും വിവിധ ഉല്പന്നങ്ങൾ ഉണ്ടാക്കാമെന്ന തിരിച്ചറിവ് സംരംഭ മാതൃകയിലേക്ക് വികസിച്ചു കൊണ്ടിരിക്കുമ്പോൾ തന്നെ മാലിന്യ സംസ്കരണ മേഖലയിൽ എന്നും മുമ്പന്തിയിൽ നിന്ന മട്ടന്നൂർ നഗരസഭ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ താത്പര്യപൂർവ്വം മുന്നോട്ട് വരികയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു.

കോഴി മാലിന്യ സംസ്കരണ പ്ലാന്റ്, മികച്ച ആർ.ആർ.എഫ്, നഗര ജൈവ മാലിന്യങ്ങളിൽ നിന്ന് ഹരിതമിത്രം ജൈവവളം ഉൽപാദിക്കുന്ന നിർമ്മാണ ശാല,മാലിന്യ സംസ്കരണ സംവിധാനമൊരുക്കാൻ ബഫർ സോൺ സംവിധാനങ്ങളിലേക്കുള്ള ശ്രമങ്ങൾ തുടങ്ങിയ സുസ്ഥിര ശ്രമങ്ങൾ നടത്തിയ മാലിന്യ സംസ്കരണ നഗരസഭയാണ് മട്ടന്നൂർ. മാലിന്യത്തിൽ നിന്ന് ധനം എന്ന മുദ്രാവാക്യം വിജയിപ്പിക്കാൻ ഉതകുന്ന പ്രവർത്തനങ്ങളോട് നഗരസഭ എന്നും പ്രതിപത്തി പുലർത്തിയിരുന്നു. സംരംഭപ്രാധാന്യമുള്ള ഒരു മേള ഏറ്റെടുക്കാമോയെന്ന ചർച്ച മട്ടന്നൂർ നഗരസഭ ഒട്ടും മടികൂടാതെ ഏറ്റെടുത്തു . തുടർന്ന് മേളയുടെ രീതി, സംഘാടനസ്വഭാവം തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യാൻ നഗരസഭാ വൈസ് ചെയർമാൻ, പി. പുരുഷോത്തമൻ, സെക്രട്ടരി വിനോദ്, ഹെൽത്ത് ഇൻസ്പെക്ടർ ലതീഷ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ബഹു. ജില്ലാ കലക്ടറുമായി ചർച്ച നടത്തി. ഇതായിരുന്നു മട്ടന്നൂർ ഹരിത ഭൂമിക മേളയിലേക്കുള്ള ആദ്യ ചുവട് വെപ്പ്. തുടർന്ന് മട്ടന്നൂരിൽ നഗരസഭ മുൻകൈയെടുത്ത് വിപുലമായ സംഘാടക സമിതി രൂപീകരിച്ചു.

പ്രദർശന സ്റ്റാളുകളിലേക്കുള്ള സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ജില്ലാതലത്തിൽ ഹരിതകേരളം മിഷനാണ് നിർവ്വഹിച്ചത്. മൂന്ന് ദിവസങ്ങളിലായാണ് മേള ആസൂത്രണം ചെയ്തത്. എല്ലാ ദിവസവും വിവിധ അനുബന്ധപരിപാടികൾ ഉണ്ടായിരുന്നു. മേളയിൽ ഇലക്ട്രോണിക്, ഇലക്ട്രിക്കൽ മാലിന്യങ്ങൾ വില കൊടുത്തുവാങ്ങുന്ന കൗണ്ടർ ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു. കിണർ

വെള്ളം പരിശോധനക്കായ് ഒരു കൗണ്ടർ പ്രവർത്തിച്ചു. വിവിധ വകുപ്പുകളുടെ സ്റ്റാളുകളും മേളയിൽ ഉണ്ടായി. - (ഞങ്ങളും കൃഷിയിലേക്ക്, (കൃഷി വകുപ്പ്) വനിതാ-ശിശു വകുപ്പ്, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, കുടുംബശ്രീ, മട്ടനൂർ നഗരസഭ, ഫുഡ് കോർട്ട് എന്നിവ). ക്വിസ് മൽസരങ്ങൾ, പാഴ് വസ്തുക്കളിൽനിന്ന് ഉല്പന്നനിർമ്മാണ മൽസരങ്ങൾ, മികച്ച സ്റ്റാളിനുള്ള മൽസരം എന്നിവയും മേളയുടെ ഭാഗമായി സംഘടിപ്പിച്ചു.

## ആരാമം പടിയൂർ 2017

വൃത്തിക്കും വെള്ളത്തിനും അന്നത്തിനുമായൊരു ജനകീയ പ്രസ്ഥാനം എന്ന നിലയിൽ കണ്ണൂർ ജില്ലയിലെ പടിയൂർ കല്യാട് ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച ക്യാമ്പയിനാണ് ആരാമം പടിയൂർ. മറ്റെല്ലായിടത്തുമെന്ന പോലെ ജൈവ അജൈവ ഖരമാലിന്യങ്ങളുടെയും ദ്രവമാലിന്യങ്ങളുടെയും സംസ്കരണം ഈ പഞ്ചായത്തിലും വലിയ വെല്ലുവിളിയായി നിലനിന്നിരുന്ന കാലഘട്ടത്തിലാണ് ഇങ്ങനെ ഒരു ക്യാമ്പയിന് ഗ്രാമപഞ്ചായത്ത് തുടക്കം കുറിച്ചത്. പഞ്ചായത്ത് പരിധിയിലെ വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ, വ്യാപാര വ്യവസായി പ്രതിനിധികൾ, വായനശാല ക്ലബ്ബ് പ്രതിനിധികൾ, യുവജന മഹിളാ സംഘടനാ ഭാരവാഹികൾ, ആരാധനാലയങ്ങളുടെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി രൂപീകരിച്ച ജനകീയ കമ്മിറ്റിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. ജനകീയ ബോധവൽകരണ പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് നിരോധിത പ്ലാസ്റ്റിക്കുകളുടെ ഉപയോഗവും നിയന്ത്രണവും ജലാശയങ്ങളുടെ ശുചീകരണവും പൊതു ഇടങ്ങളിലെ ശുചിത്വ പരിപാലനവുമാണ് ആദ്യഘട്ടത്തിൽ ഊന്നൽ നൽകിയ മേഖല. തുടർന്ന് പഞ്ചായത്തിനകത്ത് ഫ്ലക്സ് നിരോധനം, നിരോധിത പ്ലാസ്റ്റിക് പിടിച്ചെടുക്കൽ, പൊതുപരിപാടികളിൽ നിന്നും ഫ്ലക്സ് പോലുള്ള നിരോധിത വസ്തുക്കൾ ഒഴിവാക്കൽ എന്നിവയും വ്യാപകമായി നടപ്പിലാക്കിയതോടെ ജനങ്ങൾ ഈ പരിപാടിയെ നെഞ്ചേറ്റുന്ന സാഹചര്യം ഉണ്ടായി. ഹരിതകേരളം മിഷന്റെ ആരംഭ ഘട്ടം മുതൽ തന്നെ ഗ്രാമപഞ്ചായത്തിന്റെ ഈ പരിപാടിയുമായി സഹകരിച്ച് പ്രവർത്തിക്കാൻ തുടങ്ങി. കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ ആഭിമുഖ്യത്തിൽ കരനെൽ കൃഷി വ്യാപനം, ഇലവാഴ കൃഷിക്കായി ഗ്രൂപ്പ് സംരംഭങ്ങൾ, നാസ്കരണ കൃഷി തുടങ്ങിയ പ്രവർത്തനങ്ങൾ ഈ ക്യാമ്പയിന്റെ ഭാഗമായി പഞ്ചായത്തിനകത്ത് വ്യാപകമായ തോതിൽ ആരംഭിക്കുകയുണ്ടായി. തോടുകളും ജലാശയങ്ങളും മാലിന്യമുക്തമാക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായി പഞ്ചായത്തിലെ എല്ലാ പ്രധാന തോടുകളും ജനകീയ പങ്കാളിത്തത്തോടെ ശുചീകരിച്ചു. ജനകീയ ബോധവൽക്കരണ പ്രവർത്തനത്തിന്റെ ഭാഗമായി മൂന്ന് ദിവസം നീണ്ടുനിന്ന ശുചിത്വ സന്ദേശ ജാഥ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടെയും ജനകീയ സമിതി പ്രവർത്തകരുടെയും നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. ഇത് ജില്ലയിൽ തന്നെ മാതൃകാപരമായ ഒരു പ്രവർത്തനമായി മാറി പഞ്ചായത്തിന്റെ കിഴക്കേയറ്റമായ പായം പഞ്ചായത്തിന്റെ അതിർത്തി മുതൽ പടിഞ്ഞാറെ അതിർത്തിയായ മണ്ണൂർ പാലം വരെ സ്ഥിതി ചെയ്യുന്ന സംസ്ഥാന പാതയിൽ ആയിരക്കണക്കിന് ബഹുജനങ്ങളെ അണിനിരത്തിക്കൊണ്ട് ശുചിത്വ ചങ്ങല തീർത്ത് പാതയുടെ ഇരുവശത്തെയും മാലിന്യം ശേഖരിച്ച് ശുചീകരിക്കുവാനും സാധിച്ചു. ഈ പ്രവർത്തനങ്ങളുടെയെല്ലാം ഫലമായി മുഖ്യമന്ത്രിയുടെ പ്രഥമ ഹരിത അവാർഡ് കരസ്ഥമാക്കാനും ജില്ലയിലെ ആദ്യ ശുചിത്വപഞ്ചായത്തായി മാറാനും പടിയൂർ-കല്യാട് ഗ്രാമപഞ്ചായത്തിന് സാധിച്ചു

## പൊതു ശുചീകരണ ക്യാമ്പയിൻ 2017

2017 മുതൽ നാളിതുവരെ ഹരിതകേരളം മിഷനും ശുചിത്വമിഷനും സംഘടിപ്പിച്ച വിവിധ ക്യാമ്പയിനുകൾ മാലിന്യത്തിന്റെ അളവു കുറക്കുന്നതിനെപ്പറ്റിയും മാലിന്യം വലിച്ചെറിയുന്നതും കത്തിക്കുന്നതും ശിക്ഷാർഹമായ പ്രവൃത്തിയാണെന്നതിനെ പറ്റിയും ഉള്ള അവബോധം പൊതുജനങ്ങളിൽ രൂപപ്പെടാൻ വലിയ തോതിൽ സഹായകമായിട്ടുണ്ട്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം, മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം, പാതയോരം ഹരിതയോരം, ഹരിത നിയമ സാക്ഷരത തുടങ്ങിയ ക്യാമ്പയിനുകൾ ജനങ്ങളിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന്റെ ആവശ്യകത സംബന്ധിച്ച

കാഴ്ചപ്പാട് സൃഷ്ടിക്കാൻ ഇടയായിട്ടുണ്ട്.

കുട്ടികളിൽ മാലിന്യ സംസ്കരണത്തിനായുള്ള ശീലവൽക്കരണം സാധ്യമാക്കുന്നതിന് ചക്ക - മാങ്ങാ -തേങ്ങ, പെൻസിൽ, ഗ്രീഷ്മോത്സവം തുടങ്ങിയ ക്യാമ്പയിനുകളും കളക്ടേഴ്സ് അറ്റ് സ്കൂൾ, പെൻ ബൂത്തുകൾ തുടങ്ങിയ അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്കൂളുകളിൽ സ്ഥാപിച്ച നടപടിയും വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ഏർപ്പെടുത്തിയ ഹരിത അവാർഡ് , അവാർഡ് നിർണ്ണയത്തിനായി ജില്ലാതലത്തിൽ ഗ്രാമ പഞ്ചായത്തുകൾ നടത്തിയിട്ടുള്ള അവതരണങ്ങൾ, ശുചിത്വ മികവ് - 2020 എന്നീ പരിപാടികൾ ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന തനതായതും മികവാർന്നതുമായ പ്രവർത്തനങ്ങൾ മറ്റുള്ളവർക്ക് കൂടി പങ്കുവെക്കുന്നതിന് സാഹചര്യമൊരുക്കി. ഒരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന ഭൂപ്രദേശങ്ങൾ മാലിന്യ മുക്തമാക്കുകയും ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങൾ വ്യാപകമാക്കുകയും ചെയ്യുക എന്ന പൊതു അവബോധത്തിലേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉയർന്നിട്ടുണ്ട് എന്നതാണ് ഹരിതകേരളം മിഷനും ശുചിത്വമിഷനും സംഘടിപ്പിച്ച ഇത്തരം ക്യാമ്പയിനുകളുടെ ഫലമായി ഉണ്ടായിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട നേട്ടം.

ഇക്കാലയളവിൽ സംസ്ഥാനം 2 പ്രളയങ്ങളെയാണ് അതിജീവിച്ചത്. 2018ലെ പ്രളയം കണ്ണൂർ ജില്ലയിൽ കാര്യമായ പ്രശ്നങ്ങൾ സൃഷ്ടിക്കാതെ കടന്നു പോയി. എന്നാൽ 2019 ൽ അതിന്റെ എല്ലാ വിധ ദുരന്തങ്ങളും ഏറ്റുവാങ്ങേണ്ടതായും വന്നു. ജില്ലയിലെ മലയോര മേഖലയിലാകെ ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടായപ്പോൾ താഴ്ന്ന പ്രദേശങ്ങൾ ദിവസങ്ങളോളം വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന സ്ഥിതിയുമുണ്ടായി. വീട്ടുകളും കിണറുകളും പൂർണ്ണമായും വെള്ളത്തിനടിയിലായി. റോഡുകൾക്കും പാലങ്ങൾക്കും കെട്ടിടങ്ങൾക്കും നാശം സംഭവിച്ചു.

ഒരാഴ്ച നീണ്ടു നിന്ന പ്രളയത്തിനു ശേഷം വെള്ളമിറങ്ങിയപ്പോൾ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യുക എന്ന വെല്ലുവിളിയാണ് ഉയർന്നു വന്നത്. ചെളിയും മാലിന്യങ്ങളും കെട്ടിക്കിടക്കുന്നത് പകർച്ചവ്യാധി പെരുകാൻ കാരണമാകുമെന്ന തിരിച്ചറിവിനെ തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യ വകുപ്പും ഹരിതകർമ്മ സേന വളണ്ടിയർമാരും ജില്ലയിലെ കുടുംബശ്രീ സംവിധാനവും, തൊഴിലുറപ്പു തൊഴിലാളികളും സന്നദ്ധ പ്രവർത്തകരും നാട്ടുകാരും ദിവസങ്ങളോളം ഒത്തൊരുമിച്ച് നിന്നു കൊണ്ട് പ്രളയാനന്തര ശുചീകരണ ദൗത്യം വിജയിപ്പിക്കുകയുണ്ടായി. ജില്ലാ ഹരിതകേരളം മിഷനും ശുചിത്വമിഷനും ജില്ലയിൽ നടന്ന മൊത്തം പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. പ്രളയത്തിൽ മുങ്ങിപ്പോയ വീടുകളും കിണറുകളും ശുചിയാക്കുന്ന പ്രവർത്തനമാണ് ആദ്യഘട്ടത്തിൽ നടന്നത്.

വെള്ളം കയറിയ കിണറുകളിൽ ക്ലോറിനേഷനും സൂപ്പർ ക്ലോറിനേഷനും നടത്തി കിണർ വെള്ളം കുടിക്കാനും ഭക്ഷണം പാകം ചെയ്യാനും ഉപയോഗിക്കാവുന്ന അവസ്ഥയിലേക്ക് ആക്കി തീർക്കുക എന്ന ചുമതലയാണ് ആരോഗ്യ വകുപ്പും കുടുംബശീ പ്രവർത്തകരും ആദ്യമായി ഏറ്റെടുത്തത്. വെള്ളം കെട്ടിക്കിടന്ന വീടുകൾ കഴുകി തുടച്ച് വൃത്തിയാക്കി ജനവാസയോഗ്യമാക്കുന്നതിന് സന്നദ്ധ പ്രവർത്തകരുടെ സേവനം ജില്ലയിലെല്ലായിടത്തും ലഭ്യമായി. വീടുകളിൽ വെള്ളത്തിനടിയിലായി നശിച്ചുപോയ കിടക്കകൾ, തലയണകൾ, വസ്ത്രങ്ങൾ തുടങ്ങിയ ജൈവ മാലിന്യങ്ങളും മറ്റ് അജൈവ മാലിന്യങ്ങളും ഹരിതകർമ്മ സേനയുടെ നേതൃത്വത്തിൽ ശേഖരിച്ച് തരം തിരിച്ച് ജൈവ മാലിന്യങ്ങൾ അനുയോജ്യമായ സ്ഥലങ്ങളിൽ കുഴിച്ചുമൂടുകയും അജൈവ മാലിന്യങ്ങൾ ഉണക്കിയെടുത്ത് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയാണുണ്ടായത്. പ്രളയാനന്തരം പുഴകളുടെയും തോടുകളുടേയും വശങ്ങളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ ശേഖരിച്ച് നീക്കം ചെയ്യുക എന്നതും വളരെ ശ്രമകരമായ ജോലിയായിരുന്നു.

## ഹരിത ഉത്സവങ്ങൾ 2017

ഹരിത പെരുമാറ്റ ചട്ടം ജില്ലയിൽ നടപ്പിലാക്കുന്നതിൽ ഏറെ സംഭാവന ചെയ്തത് ആരാധനാലയങ്ങളും

അതിന് നേതൃത്വം നൽകുന്ന സംഘടനാ സംവിധാനങ്ങളുമാണ്. ജില്ലയിൽ ക്ഷേത്ര ഉൽസവങ്ങളിൽ ഹരിത പെരുമാറ്റ ചട്ടം നടപ്പിലാക്കുന്നതിന് തുടക്കം കുറിച്ചത് ചെറുകുന്ന് അന്നപൂർണ്ണേശ്വരി ക്ഷേത്രത്തിലാണ്. കൊറോണ ഇളവ് ലഭിച്ച കാലത്തെ ഏപ്രിൽ മാസത്തെ വിഷു വിളക്ക് ഉൽസവക്കാലത്താണ് പ്രസ്തുത ക്ഷേത്ര ഉൽസവത്തിൽ ഹരിത പെരുമാറ്റ ചട്ടം നടപ്പിൽ വരുത്തിയത്. അന്നത്തെ ജില്ലാ കളക്ടർ ചന്ദ്രശേഖർ ഇക്കാര്യത്തിൽ നല്കിയ നേതൃത്വം തൊട്ടടുത്ത ജൂൺ മാസം നടന്ന കൊട്ടിയൂർ ക്ഷേത്ര ഉൽസവത്തിലും കണ്ണവം ഉറൂസിലും ചെറുകുന്ന് താവം ചർച്ചിലും ഹരിത പെരുമാറ്റ ചട്ടം നടപ്പിലാക്കുന്നതിൽ നന്നായി പ്രയോജനപ്പെട്ടു. തുടർന്നത് ജില്ലയിലെ ഏതാണ്ടെല്ലാ പരിപാടികളിലും പ്രാബല്യത്തിൽ കൊണ്ടു വരാൻ സഹായകരമായി.

കൊട്ടിയൂർ ഉൽസവത്തിൽ ലക്ഷക്കണക്കിന് ജനങ്ങളാണ് ഓരോ വർഷവും പങ്കെടുക്കുന്നത്. ഒരു മാസം നീളുന്ന കൊട്ടിയൂർ ക്ഷേത്ര ഉൽസവ പ്രദേശത്തെ അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ കൊട്ടിയൂർ ഗ്രാമ പഞ്ചായത്ത് ഹരിതകർമ്മ സേനയ്ക്കൊപ്പം ജില്ലയിലെ മുഴുവൻ ഹരിത കർമ്മ സേനാംഗങ്ങളും ഊഴമിട്ട് 2023 മുതൽ സഹകരിക്കുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്.

ഓരോ വർഷവും 30 ലക്ഷത്തോളം പേരാണ് പ്രസ്തുത ഉൽസവം കാണാൻ എത്തുന്നത്. ഇവർ ഉപേക്ഷിക്കുന്നതോ ഉല്പാദിപ്പിക്കുന്നതോ ആയ മാലിന്യങ്ങൾ മുഴുവൻ ശേഖരിക്കപ്പെടുകയും കൃത്യമായി സംസ്കരിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്താൻ സാധിക്കുകയും ചെയ്തു. 2023 -ൽ 11 ടൺ അജൈവ മാലിന്യമാണ് ക്ലീൻ കേരള കമ്പനിക്ക് ഉൽസവ സ്ഥലത്ത് നിന്ന് കൈമാറിയത്. 2024 ൽ 31 ടൺ അജൈവ മാലിന്യവും 2025 ൽ 25 ടൺ അജൈവ മാലിന്യവും ക്ലീൻ കേരള കമ്പനിക്ക് കൈമാറി. ഇത്തരമൊരു ശേഖരണവും കൈ മാറലും ജില്ലയിലെ ഹരിത പെരുമാറ്റ ചട്ട പാലനത്തിൽ ചെറുതല്ലാത്ത സ്വാധീനമാണ് ചെലുത്തിയത് എന്നത് വസ്തുതയാണ്.

### ഹരിത മംഗല്യം 2017

മാലിന്യ സംസ്കരണത്തിലും ശുചിത്വത്തിലും മാതൃകകൾ കാട്ടി ജില്ല യിലെ ചില പഞ്ചായത്തുകൾ വ്യത്യസ്തമായതും പൊതുജനങ്ങൾക്ക് ഗുണകരമായതുമായ പദ്ധതികൾ നടപ്പിലാക്കാൻ ഇതിനോടകം


വെള്ളം കുടിക്കാൻ ഡിസ്പോസിബിൾ ഗ്ലാസില്ല, സദ്യ വിളമ്പാൻ പ്ലാസ്റ്റിക് ഇലയില്ല

മാതൃകയായി ഹരിത മംഗല്യം

മുന്നോട്ട് വന്നു. പഞ്ചായത്തിൽ വിവാഹങ്ങളിലും മറ്റ് ആഘോഷ വേളകളിലും പ്ലാസ്റ്റിക് പൂർണമായും ഉപേക്ഷിച്ച് ഭക്ഷണം വിളമ്പാൻ വാഴയിലകളും ഡിസ്പോസിബിൾ ഗ്ലാസിന് പകരം ചില്ല്/ സ്റ്റീൽ ഗ്ലാസുകൾ നൽകി വിവാഹങ്ങൾ ഹരിത വിവാഹമായി നടത്താൻ തയ്യാറായി പഞ്ചായത്തുകൾ മുന്നോട്ടുവന്നു. ജില്ലയിലെ കോളയാട്, മാട്ടൂൽ, ചെങ്ങളായി, പടിയൂർ, ഇരിക്കൂർ പഞ്ചായത്തുകൾ ഹരിത മാംഗല്യം പദ്ധതി 2017 മുതൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നു. ഗ്രാമ പഞ്ചായത്തുകൾ ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം പൊതു പരിപാടികൾ നടത്തി ഏറെ മുന്നേറ്റമുണ്ടാക്കിയിട്ടുണ്ട്. മേൽ പഞ്ചായത്തുകളിൽ ഹരിത മംഗല്യ പദ്ധതി നടപ്പിലാക്കുന്ന വധുവരന്മാർക്ക് സാക്ഷ്യപത്രം നൽകുന്നു. വിവാഹ രജിസ്ട്രേഷൻ സമയത്ത് ഹരിത പ്രോട്ടോകോൾ പാലിച്ചാണ് വിവാഹം നടത്തിയതെന്ന സാക്ഷ്യപത്രം നൽകിയാൽ മാത്രമേ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. നിയമം പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും മാലിന്യത്തിന്റെ അളവ് കുറച്ചു കൊണ്ടു വരുവാനും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ ഇതുമൂലം സാധിച്ചിട്ടുണ്ട്.

ഹരിത മാംഗല്യം കുടുംബശ്രീ ഇലകളിലൂടെ ആഘോഷ വേളകളിലെ പ്ലാസ്റ്റിക്ക് മുക്തമാക്കുക എന്ന ലക്ഷ്യം വെച്ച് കുടുംബശ്രീ മുഖേന വാഴയിലകൾ നൽകുന്ന പദ്ധതി 2018 മുതൽ പടിയൂർ, പായം പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നുണ്ട്.

## ഹരിതോത്സവം

നിനച്ചിരിക്കാതെയുള്ള പെരുമഴ, വെള്ളപ്പൊക്കം എന്നിവയ്ക്കൊപ്പം ചിലപ്പോൾ നമുക്കു ലഭിക്കേണ്ട മഴ ലഭിക്കാതിരിക്കുകയും അന്തരീക്ഷ ഊഷ്മാവിൽ ഗണ്യമായ വർദ്ധന ഉണ്ടാകുകയും ചെയ്യുന്ന അവസ്ഥ കേരളം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതോടൊപ്പം സംസ്ഥാനം നേരിടുന്ന പ്രധാന പ്രശ്നമാണ് ജലസ്രോതസ്സുകളുടെ മലിനീകരണം. പുതിയ രോഗങ്ങൾ സംസ്ഥാനത്ത് വ്യാപകമാകുന്നതായി നമുക്കു കാണാൻ കഴിയും. ഈ അവസ്ഥ നേരിടുന്നതിന് നമ്മുടെ കാഴ്ചപ്പാടുകളിൽ മാറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു. പ്രകൃതിയെ അറിഞ്ഞ്, അതിന്റെ നന്മകളെ ആസ്വദിച്ച് നമ്മൾ ജീവിക്കുന്ന പരിസ്ഥിതിയെ സ്നേഹിക്കാൻ കഴിയണം. പ്രകൃതിയെ സ്നേഹിച്ചു തുടങ്ങുന്ന ഒരാളിനും അതിനെ മലിനമാക്കാനോ നശിപ്പിക്കുവാനോ സാധിക്കില്ല. അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിന് വ്യക്തികൾക്കും സമൂഹത്തിനും വലിയ സംഭാവന നൽകാൻ കഴിയും. പ്രകൃതിയോടിണങ്ങി ജീവിക്കുന്നതിന്റെ ഗുണഫലങ്ങൾ തിരിച്ചറിഞ്ഞു തുടങ്ങേണ്ടത് വിദ്യാലയങ്ങളിൽ നിന്നാണ്. ക്ലാസ് മുറികളിൽ നിന്ന് പുറത്തിറങ്ങി പ്രകൃതിയെ കാണുന്നതിനും നിരീക്ഷിക്കുന്നതിനും തൊട്ടറിയുനനതിനും കുട്ടികൾക്ക് കൂടുതൽ അവസരങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഹരിതോത്സവം എന്ന കാമ്പയിനിലൂടെ സ്കൂളുകളെ ഹരിതവിദ്യാലയങ്ങളായി മാറ്റുന്നതിനും വിദ്യാർഥികളിൽ കൂടുതൽ ഹരിതബോധവും ഹരിതശീലവത്കരണവും സാധ്യമാക്കുക എന്നതാണ് ലക്ഷ്യം.ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ആയാണ് മിഷന്റെ ആഭിമുഖ്യത്തിൽ സ്കൂൾതല ഹരിതോത്സവം സംഘടിപ്പിച്ചത്.

## ബോട്ടിൽ പെൻ ബൂത്ത് സ്ഥാപിക്കലും, കളക്ട്രേറ്റ് ശുചീകരണവും 2018

ഓഫീസുകളും പരിസരവും മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി കണ്ണൂർ കളക്ട്രേറ്റ് കോമ്പൗണ്ടിൽ ബോട്ടിൽ ബൂത്ത്, പെൻ ബൂത്ത് എന്നിവ സ്ഥാപിക്കുകയും ഹരിതകേരളം മിഷന്റെയും ശുചിത്വ മിഷന്റെയും നേതൃത്വത്തിൽ കളക്ട്രേറ്റ് കോമ്പൗണ്ട് ശുചീകരിക്കുകയും ചെയ്തു.

## പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾ 2018

2018 ഓഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയം ജില്ലയെ കടുത്തതോതിൽ ബാധിച്ചിട്ടില്ലെങ്കിലും മറ്റു ജില്ലകളിൽ കേരളം ഇതിനുമുമ്പ് ദർശിച്ചിട്ടില്ലാത്ത വിധത്തിലുള്ള വലിയ നാശനഷ്ടം ആണ് ഉണ്ടാക്കിയത്. കൊട്ടിയൂർ, കേളകം, കണിച്ചാർ, അയ്യങ്കുന്ന്, ആറളം എന്നീ പഞ്ചായത്തുകളിലെ 12 വില്ലേജുകളെയാണ് പ്രളയം ദുരിതത്തിൽ ആഴ്ത്തിയത്. ജില്ലയിൽ എമ്പാടും കടുത്ത വെള്ളപ്പൊക്കം ഉണ്ടായെങ്കിലും അവ ദുരന്തം വിതച്ചത് ഈ വില്ലേജുകളിൽ മാത്രമായിരുന്നു.

ബാവലി പുഴ, കൊട്ടിയൂർ, കേളകം പഞ്ചായത്തുകളിൽ വഴിമാറി ഒഴുകുകയും വീടുകൾക്കും കാർഷിക വിളകൾക്കും വലിയതോതിൽ നാശനഷ്ടം ഉണ്ടാവുകയും ചെയ്തു.

കണ്ണൂർ ജില്ലയിൽ പ്രളയം കൂടുതൽ ദുരിതം വിതയ്ക്കാത്ത സാഹചര്യത്തിൽ വയനാട്, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ ദുരിതമനുഭവിക്കുന്ന ജനങ്ങളെ സഹായിക്കാൻ കണ്ണൂർ ജില്ലാ ഭരണകൂടത്തോടൊപ്പം ഹരിതകേരളമിഷനും നല്ല രീതിയിലുള്ള ഇടപെടലാണ് നടത്തിയത്.

സംസ്ഥാന മിഷനിൽ നിന്നും കൺസൾട്ടന്റ് ശ്രീ.ടി.പി. സുധാകരൻ നേരിട്ടു ജില്ലയിൽ എത്തി നടത്തിയ ചർച്ചയെ തുടർന്ന് ജില്ലയിൽ നിന്ന് 73 ടീമുകളാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മറ്റു ജില്ലകളിലേക്ക് പോയിട്ടുള്ളത്. കണ്ണൂർ കോർപ്പറേഷൻ മേയർ കുമാരി ലതയുടെ നേതൃത്വത്തിൽ 64 അംഗസംഘം കൂത്തുപറമ്പ് നഗരസഭ, തളിപ്പറമ്പ് നഗരസഭ, ഇരിട്ടി നഗരസഭ, ആന്തൂർ നഗരസഭ, മട്ടന്നൂർ നഗരസഭ, റബ്കോ ഗ്രാമപഞ്ചായത്തുകളായ കുറുമാത്തൂർ, പരിയാരം, മലപ്പട്ടം, മാലൂർ, ചിറക്കൽ, പായം, തില്ലങ്കേരി, എടക്കാട് ബ്ലോക്ക് പഞ്ചായത്തുകൾ, കണ്ണൂർ ഐ.ടി.ഐ. നൈപുണ്യ സേന, തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്, എൻ. എൻ.എസ്. യൂണിറ്റുകളായ സർ സയ്ദ് കോളേജ്, തളിപ്പറമ്പ് കോ ഓപ്പറേറ്റീവ് കോളേജ്, പയ്യന്നൂർ കോളേജ്, മഹാത്മാ കോളേജ് ഇരിട്ടി 18 സ്വയം സഹായ സംഘങ്ങൾ, 14 ഗ്രന്ഥശാലകൾ, 19 സന്നദ്ധസംഘടനകൾ എന്നിവരാണ് ഹരിതകേരളം മിഷന്റെ പ്രേരണയാൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പോയത്.

സംസ്ഥാന മിഷനിൽ നിന്നുള്ള നിർദ്ദേശത്തെ തുടർന്ന് കണ്ണൂർ ഗവ. ഐ.ടി.ഐ യിൽ നിന്നുള്ള 123 അംഗ ടീം എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി, കുന്നുകര, അത്താണി എന്നീ പ്രദേശങ്ങളിലെ വീടുകളിൽ വിവിധ സാങ്കേതിക പ്രവർത്തനങ്ങൾ നടത്താൻ കണ്ണൂരിൽ നിന്ന് യാത്ര തിരിച്ചു. മാതൃകാ പ്രവർത്തനമാണ് നൈപുണ്യ കർമ്മസേന ദുരിത മേഖലയിൽ കാഴ്ച വെച്ചത്.

2019 ൽ സംസ്ഥാനത്തുണ്ടായ കനത്ത മഴയും വെള്ളപ്പൊക്കവും ഉരുൾപൊട്ടലും കണ്ണൂർ ജില്ലയിൽ വലിയ തോതിൽ അനുഭവപ്പെട്ടു. ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുകയുണ്ടായി. പ്രസ്തുത ക്യാമ്പുകളിൽ ശുചിത്വ പ്രവർത്തനങ്ങൾ നടത്താൻ ഹരിതകേരളം മിഷൻ മുന്നിട്ടറങ്ങി. റിസോഴ്സ് പേഴ്സൺമാരുടെ സഹായത്തോടെയായിരുന്നു ശുചിത്വ പ്രവർത്തനങ്ങൾ നടത്തിയത്. ക്യാമ്പ് ക്ലീനിംഗിനായി ഗ്രാമപഞ്ചായത്തുകളിൽ സന്നദ്ധ പ്രവർത്തകരെ അണിനിരത്താനും കഴിഞ്ഞു.



## സ്വാപ് ഷോപ്പ് 2018

തളിപ്പറമ്പ് നഗരസഭയിലെ സ്വാപ് ഷോപ് പുതിയൊരു മാതൃകയാണ് സൃഷ്ടിക്കുന്നത്. വീടുകളിൽ ഉപയോഗിക്കാതെ കിടക്കുന്നതും ഉപയോഗയോഗ്യവുമായ വസ്തുങ്ങൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ എന്നിവ സ്കൂൾ വിദ്യാർത്ഥികൾ, ഹരിതകർമ്മസേന തുടങ്ങിയവർ മുഖേന മാസത്തിൽ ഒരു തവണ ശേഖരിച്ച് ടൗൺസ്ക്വയറിൽ എത്തുന്ന ആവശ്യക്കാർക്ക് കൈമാറുന്ന ഈ പദ്ധതി ജൂലൈ 2018 ന് ബഹു. ജില്ലാ കലക്ടർ മീർ മുഹമ്മദ് അലി ഐ എ എസ് ഉദ്ഘാടനം ചെയ്തു. തുടർന്ന് ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ എല്ലാ മാസത്തെയും രണ്ടാം ശനിയാഴ്ച ഈ പദ്ധതി ടൗൺ സ്ക്വയറിൽ നടന്നു പോരുന്നു. ഇതിലൂടെ തുണിത്തരങ്ങൾ, ഇലക്ട്രോണിക് വേസ്റ്റ് തുടങ്ങിയവയിലൂടെ ഉണ്ടാകുന്ന മാലിന്യങ്ങൾ വളരെയധികം കുറയ്ക്കാൻ സാധിക്കുന്നു.

ആന്തൂർ നഗരസഭയുടെ കീഴിൽ ധർമ്മശാല കോംപ്ലക്സിൽ പ്രവർത്തിച്ചു വരുന്ന സ്വാപ് ഷാപ്പിൽ നിലവിൽ തുണിത്തരങ്ങൾ, ചെറു ഇലക്ട്രോണിക് വസ്തുക്കൾ, എന്നിവയ്ക്കാണ് പ്രാധാന്യം നൽകി വരുന്നത്. നഗരസഭ പരിധിയിൽ അതിഥി തൊഴിലാളികൾ കൂടുതലായി താമസിക്കുന്നതിനാൽ സ്വാപ് ഷോപ്പിന്റെ പ്രവർത്തനം മികച്ച രീതിയിലാണ് നടന്നു വരുന്നത്. സ്വാപ് ഷോപ്പിന്റെ പ്രവർത്തനം ഹരിതകർമ്മേ സേന തന്നെയാണ് നടത്തിവരുന്നത്.

## പാതയോരം ഹരിതയോരം 2019

'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന പൊതുബോധം സൃഷ്ടിക്കുക, പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതിനെതിരെ ജനകീയശ്രദ്ധ ആകർഷിക്കുക, പൊതുസ്ഥലങ്ങളുടെ ശുചീകരണ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ ജില്ലയിൽ നടപ്പിലാക്കിയ ശുചീകരണ പരിപാടിയായിരുന്നു "പാതയോരം ഹരിതയോരം."

ശുചീകരണത്തിന്റെ ഭാഗമായി പരിയാരം ഗ്രാമപഞ്ചായത്തിലെ കുപ്പം മുതൽ എംബേറ്റ് വരെയുള്ള 9 കി.മീ. ദേശീയ പാതയോരത്ത് ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. 150 ക്ലസ്റ്ററുകൾ ആയി തിരിച്ച് രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, വാർഡ് മെമ്പർമാർ, കുടുംബശ്രീ - തൊഴിലുറപ്പ് പ്രവർത്തകർ, വ്യാപാര വ്യവസായി പ്രവർത്തകർ, മോട്ടോർ തൊഴിലാളികൾ തുടങ്ങി ആയിരത്തിലേറെ ആളുകൾ പരിപാടിയിൽ പങ്കെടുത്തു. ശുചീകരണത്തിന്റെ ഭാഗമായി ശേഖരിച്ച പ്ലാസ്റ്റിക് ബോട്ടിലുകൾ, മറ്റ് അജൈവ വസ്തുക്കൾ എന്നിവ സ്ക്രാപ്പ് മർച്ചന്റ് അസോസിയേഷന്റെ സഹായത്തോടെ സംസ്കരണ



കേന്ദ്രങ്ങളിലേക്ക് കയറ്റി അയക്കുകയാണ് ഉണ്ടായത്.

### ജലാശങ്ങൾ വൃത്തിയാക്കൽ 2019

ജില്ലയിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജല സംരക്ഷണ പ്രവർത്തങ്ങൾ ഊർജിതമായി നടത്തിയിട്ടുണ്ട്. അതിൽ പ്രധാനമായും തോട്, പുഴ, കുളം മറ്റ് ജല സ്രോതസ്സുകൾ എന്നിവ വൃത്തിയാക്കുന്നതിനുള്ള ജനകീയ കൂട്ടായ്മയിലൂടെയുള്ള പ്രവർത്തങ്ങളാണ് നടത്തിയത്. അതോടൊപ്പം മാഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും നഗരസഭകളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെയും ഭാഗമായി പദ്ധതികൾ ആസൂത്രണം ചെയ്ത് ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, എൻ എസ് എസ് വളണ്ടിയർമാർ, ഹരിതകർമ്മസേന, കുടുംബശ്രീ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് ഈ ജല സംരക്ഷണ പരിപാടികൾ നടത്തിയിട്ടുള്ളത്. കഴിഞ്ഞ 10 വർഷ കാലയളവിനുള്ളിൽ എടുത്തു പറയാവുന്ന വിധത്തിലുള്ള മാതൃകയായ പ്രവർത്തനമാണ് ജില്ലയിലെ കാനാമ്പുഴ പുനരുജ്ജീവനത്തിന്റെ ഭാഗമായി നടന്ന ശുചീകരണ പരിപാടി. ഈ പ്രവർത്തനം സംസ്ഥാനാത്തു തന്നെ മാതൃകയാകുന്ന രീതിയിൽ വിജയിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഇത്തരം ജല സംരക്ഷണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടത്തിയതിന് ജില്ലയിലെ പായം ഗ്രാമപഞ്ചായത്തിന് ദേശീയ പുരസ്കാരം ലഭിച്ചത് അഭിമാനകരമായ നേട്ടമാണ്.

### മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം 2019

ഹരിതകേരളം മിഷന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യത്തിൽ നിന്നുംസ്വാത്രന്ത്യം' എന്ന ക്യാമ്പയിൻ നല്ല രീതിയിൽ സംഘടിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വിവിധ മാലിന്യക്കൂനകളിലെ മാലിന്യങ്ങൾ ഈ ക്യാമ്പയിന്റെ ഭാഗമായി ശാസ്ത്രീയമായി സംസ്കരിക്കുവാൻ സാധിച്ചിട്ടുണ്ട്. കേരള സ്ക്രാപ്പ് മർച്ചന്റ് അസോസിയേഷൻ മുഖാന്തിരം 2045 ടൺ മാലിന്യം നീക്കം ചെയ്തിട്ടുണ്ട്. കൂടാതെ ക്ലീൻ കേരള കമ്പനി മുഖാന്തിരം 20.6 ടൺ ഷ്രഡ്ഡഡ് പ്ലാസ്റ്റിക് ശേഖരിച്ചിട്ടുണ്ട്.

### ക്ലീൻ ക്യാമ്പസ് - ഗ്രീൻ ക്യാമ്പസ് 2019



ജില്ലാ ഹരിതകേരളം മിഷനും ജില്ലയിലെ സ്കൂളുകളിലും കോളേജുകളിലും പ്രവർത്തിക്കുന്ന എൻഎസ്എസ് യൂണിറ്റുകളും സംയുക്തമായി നടപ്പിലാക്കിയ പൊതു ശുചീകരണ പരിപാടിയാണ് ക്ലീൻ ക്യാമ്പസ് ഗ്രീൻ ക്യാമ്പസ്. ഈ ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ ഓരോ എൻഎസ്എസ് യൂണിറ്റിന്റെയും നേതൃത്വത്തിൽ ഓരോ തദ്ദേശ വാർഡുകൾ ദത്തെടുത്ത് ശുചീകരണ പ്രവർത്തനം നടത്തുന്ന പ്രവർത്തനമാണ് ഇതിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ടത്. ജില്ലയിൽ 74 വാർഡുകളിൽ ഈ ക്യാമ്പയിൻ വിജയകരമായി നടന്നു.

## ഹരിത ഇലക്ഷൻ 2019

2019 ലോകസഭാ തെരെഞ്ഞെടുപ്പ് പ്രകൃതിക്ക് ദോഷം ചെയ്യുന്ന ഫ്ളക്സ്, പ്ലാസ്റ്റിക്, ഡിസ്പോസിബിൾ ഇനങ്ങൾ എന്നിവ ഒഴിവാക്കി പൂർണ്ണമായും ഹരിതപെരുമാറ്റച്ചട്ടം പാലിച്ചുകൊണ്ട് സംഘടിപ്പിക്കുന്നതിന് ഹരിതകേരളം ജില്ലാമിഷൻ എല്ലാ മുന്നൊരുക്കങ്ങളും നടത്തി. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, പോളിംഗ് ബൂത്തുകളിലെ പ്രവർത്തനങ്ങൾ തുടങ്ങി മുഴുവൻ മേഖലയിലും ഗ്രീൻ പ്രോട്ടോക്കോൾ ഉറപ്പാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് ജില്ലാ ഭരണകൂടം നിർദ്ദേശം നൽകി. പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ജില്ല, നിയോജകമണ്ഡലം, തദ്ദേശസ്വയംഭരണ സ്ഥാപനം അടിസ്ഥാനത്തിൽ ഫെസിലിറ്റേഷൻ ടീമിനെ രൂപീകരിക്കുകയും, അവരുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും ചെയ്തു. കൂടാതെ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാർ, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, പോളിംഗ് ഉദ്യോഗസ്ഥന്മാർ, ഫെസിലിറ്റേഷൻ ടീമംഗങ്ങൾ, വളണ്ടിയർമാർ തുടങ്ങിയവർക്ക് ഹരിത തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം നൽകുകയും ചെയ്തു.

## ബ്രേക്ക് ദ ചെയിൻ ക്യാമ്പയിൻ

കോവിഡ് 19 മഹാമാരിയുടെ വ്യാപനം തടയുന്നതിനായി സംസ്ഥാന സർക്കാർ ആദ്യഘട്ടത്തിൽ തന്നെ നടപ്പിലാക്കിയ ബ്രേക്ക് ദ ചെയിൻ ക്യാമ്പയിൻ ഭാഗമായുള്ള ഫീൽഡ് പ്രവർത്തനങ്ങളിൽ ജില്ലാ ഹരിതകേരളം മിഷൻ നല്ല രീതിയിൽ തന്നെ ഇടപെടുകയുണ്ടായി. ഇരിട്ടി താലൂക്കിലെ പഞ്ചായത്തുകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ചുമതല ഹരിതകേരളം ജില്ലാ മിഷനെയാണ് ഏൽപ്പിച്ചിരുന്നത്. ജില്ലയിലെ റിസോഴ്സ് പേഴ്സൺമാരുടേയും ഇന്റേൺഷിപ്പ് ട്രെയിനിമാരുടെയും നേതൃത്വത്തിൽ ഓരോ പഞ്ചായത്തിലെയും ടൗണുകളിലെയും വ്യാപാരസ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള ബോധവൽക്കരണവും പരിശോധനയും നടക്കുകയുണ്ടായി. ബ്രേക്ക് ചെയിൻ ക്യാമ്പയിനിന്റെ ഭാഗമായി ആന്തൂർ നഗരസഭയിലെ ഹരിതകർമ്മസേന വളണ്ടിയർമാർക്ക് കേരള ശാസ്ത്ര സാഹിത്യ പരിഷത്തും ഐആർസിടിസിയുമായി സഹകരിച്ചുകൊണ്ട് മിഷന്റെ നേതൃത്വത്തിൽ സാനിറ്റൈസർ&ഹേൻഡ് വാഷ് എന്നിവയുടെ നിർമ്മാണത്തിൽ പരിശീലനം നൽകുകയുണ്ടായി. പരിശീലനം നേടിയ ഹരിതകർമ്മ സേനാംഗങ്ങളുടെ നേതൃത്വത്തിൽ നഗരസഭാ പരിധിയിൽ സാനിറ്റൈസർ ഹാൻഡ് വാഷ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുകയും നല്ല രീതിയിൽ പ്രവർത്തിച്ച് ജില്ലയുടെ നാനാഭാഗങ്ങളിലും അവരുടെ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുകയുണ്ടായി

## ഇറച്ചി മാലിന്യ സർവ്വേ

ജില്ലയിൽ അറിവുമാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും നിരത്തുകളിലും വലിച്ചെറിയപ്പെടുന്ന പ്രവണത വ്യാപകമായ ഘട്ടത്തിലാണ് ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നതും സംസ്കരിക്കപ്പെടുന്നതുമായ മാലിന്യത്തിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനും അധിക സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതിനുമായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ അറവുമാലിന്യ സർവേക്ക് തുടക്കം കുറിച്ചത്. അറവുമാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണത്തിന് ജില്ലയിൽ ആകെ ഉണ്ടായിരുന്നത് ഒരു ചിക്കൻ വെയിസ്റ്റ് റെന്ററിങ്ങ് പ്ലാന്റ് മാത്രമായിരുന്നു. പാപ്പിനിശ്ശേരിയിൽ പ്രവർത്തിച്ചു വന്ന പ്രസ്തുത സ്ഥാപനം 2019 ലെ പ്രളയത്തെ തുടർന്ന് കേടുപാടുകൾ വന്നു പ്രവർത്തനം

നിലച്ച സാഹചര്യത്തിൽ ജില്ലയിലെ കോഴിയിറച്ചി മാലിന്യ സംസ്കരണ മേഖല വലിയ പ്രതിസന്ധി നേരിടുകയുണ്ടായി. ഈ ഘട്ടത്തിലാണ് പുതിയ ഒരു പ്ലാന്റ് കൂടി ആരംഭിക്കുക എന്ന ഉദ്ദേശത്തോടുകൂടി ജില്ലയിൽ ഇറച്ചി മാലിന്യ സർവ്വേ സംഘടിപ്പിച്ചത്. പരിശീലനം സിദ്ധിച്ച 20 വളണ്ടിയർമാരെ നിയോഗിച്ച് പ്രത്യേകമായി തയ്യാറാക്കിയ മൊബൈൽ ആപ്പ് ഉപയോഗപ്പെടുത്തിയാണ് സർവ്വേ പ്രവർത്തനം സംഘടിപ്പിച്ചത്. സർവേയിലൂടെ കണ്ടെത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലയിലെ മട്ടന്നൂർ നഗരസഭയിലെ പൊറോറ ട്രഞ്ചിങ് ഗ്രൗണ്ടിൽ പ്രതിദിനം 40ടൺ സംസ്കരണശേഷിയുള്ള കോഴിയിറച്ചി മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുകയുണ്ടായി. ഈ പ്ലാന്റു കൂടി പ്രവർത്തനക്ഷമമായതോടെ ജില്ലയിലെ ഇറച്ചി മാലിന്യം പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും ഉപേക്ഷിക്കുന്ന പ്രവണത കുറഞ്ഞുവന്നു.

## കാട്ടരുവിക്കൊരു കൂട്ട്

കണ്ണൂർ ജില്ലയിലെ വിമാനത്താവള നഗരമായ മട്ടന്നൂർ പട്ടണത്തിന്റെ ഹൃദയഭാഗത്തുനിന്നും ഏറെ ദൂരെയല്ലാതെ പൂങ്കോട്ടുകാവ് എന്ന പ്രദേശത്ത് 50 ഏക്കറോളം വിസ്തൃതിയിലുള്ള നിത്യഹരിത വനം സ്ഥിതിചെയ്യുന്നു. വനം വന്യജീവി വകുപ്പിന്റെ അധീനതയിലുള്ള പ്രദേശമാണ് പൂങ്കോട്ട്കാവ്. ഈ വനപ്രദേശത്തിന്റെ മദ്ധ്യത്തിലൂടെ വനത്തിന്റെ ജീവനാഡി പോലെ ഒരു കാട്ടരുവി ഒഴുകി മട്ടന്നൂർ നഗരത്തിന് സമീപത്തു കൂടി അഞ്ചരക്കണ്ടി പുഴയിൽ ചേരുന്നു. മട്ടന്നൂർ നഗരസഭയോട് ചേർന്നു കിടക്കുന്ന മാലൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ഉത്ഭവിക്കുന്ന അരുവിയാണ് പൂങ്കോട്ടുകാവിലൂടെ ഒഴുകുന്നത്. മാലൂർ ടൗണിലെ വ്യാപാര കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്ന പ്രദേശത്ത് കൂടിയാണ് ഈ അരുവി ഒഴുകി ഈ വനമേഖലയിലേക്ക് പ്രവേശിക്കുന്നത്. അതുകൊണ്ടുതന്നെ ടൗണിലെ എല്ലാവിധ മാലിന്യങ്ങളെയും ആവാഹിച്ചു കൊണ്ടാണ് ഈ അരുവി വനത്തിൽ പ്രവേശിക്കുന്നത്. വേനൽക്കാലമായാൽ വറ്റിപ്പോകുന്ന ഈ അരുവിയിൽ കൂടി മഴക്കാലത്ത് വളരെയധികം പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ഒഴുകി വനപ്രദേശത്ത് വന്ന് അടിയുന്നത് പതിവാണ്. ഇത് കാരണം അരുവിയുടെയും വനഭൂമിയുടെയും നൈസർഗികത നഷ്ടപ്പെടുകയും പ്രദേശം മാലിന്യക്കൂമ്പാരമായി മാറുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ഈ അരുവിയെയും വനഭൂമിയെയും മാലിന്യമുക്തമാക്കുന്നതിന് വേണ്ടി മട്ടന്നൂർ നഗരസഭയും ഹരിതകേരളം മിഷനും ഒന്നിച്ചു ചേർന്നു കൊണ്ട് "കാട്ടരുവിക്ക് ഒരു കൂട്ട്" എന്ന പദ്ധതിക്ക് തുടക്കം കുറിച്ചത്. നഗരത്തിന്റെ യാതൊരുവിധ തിരക്കുകളോ ബഹളങ്ങളോ ഇല്ലാതെ ശാന്തത ലഭിക്കാനും ശുദ്ധവായു ശ്വസിക്കാനും ആഗ്രഹിക്കുന്ന അനേകം ആളുകൾ ദിനം പ്രതി ഇവിടെ സന്ദർശിക്കുന്നു. നമ്മുടെ ജില്ലയിൽ തന്നെ അപൂർവ്വമായി മാത്രം കണ്ടുവരുന്ന കാവടി വേര് എന്ന ഒരിനം ശുദ്ധജലകണ്ടൽ സസ്യവും രുദ്രാക്ഷം എന്ന വൃക്ഷവും മറ്റനേകം അപൂർവ്വ ഇനം സസ്യജാലങ്ങളും അപൂർവ്വ ഇനത്തിൽപെട്ട തവളകളും ചിത്രശലഭങ്ങളും ഈ വനപ്രദേശത്ത് കണ്ടുവരുന്നു. അതുകൊണ്ടു തന്നെ വളരെയധികം പാരിസ്ഥിതിക പ്രാധാന്യമുള്ള ഒരു പ്രദേശമാണ് ഇത്. ഈ വനപ്രദേശത്തെ മാലിന്യമുക്തമാക്കി സംരക്ഷിക്കാൻ മട്ടന്നൂർ നഗരസഭക്കും വനവകുപ്പിനും പുറമെ മട്ടന്നൂർ PRNSS കോളേജിലെ NSS യൂനിറ്റും പ്രദേശത്തെ സന്നദ്ധ സംഘടനകളും ഹരിതകേരളം മിഷനും കൈ കോർത്തതിൻറെ ഫലമായാണ് കാട്ടരുവിക്കൊരു കൂട്ട് എന്ന പദ്ധതി യാഥാർത്ഥ്യമായത്. 2019ലെ കാലവർഷത്തിനു ശേഷം നവംബർ മാസത്തിലാണ് ഈ പ്രവർത്തനം ആരംഭിച്ചത്. തുടർന്നുള്ള വർഷങ്ങളിലും ഈ കാട്ടരുവിയെ മാലിന്യമുക്തമാക്കുന്നതിനുള്ള തനത് പ്രവർത്തനം വർധിച്ച ജനപങ്കാളിത്തത്തോടെ നടന്നു വരുന്നു.

## പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് ടാറിങ് 2019

പ്ലാസ്റ്റിക്ക് മാലിന്യം ഡിസ്പോസ് ചെയ്യുന്നതിനും പുനരുപയോഗം സാധ്യമാക്കുന്നതിനുമായി ശേഖരിച്ച് ഷ്രഡ്ഡ് ചെയ്ത് റോഡ് ടാറിങ്ങിന് ഉപയോഗിക്കുന്ന രീതിക്ക് ജില്ലയിൽ തുടക്കം കുറിച്ചത് 2019 ലാണ്. ജില്ലയിൽ പ്ലാസ്റ്റിക്ക് ഉപയോഗിച്ച് ടാറിങ്ങ്, റീ ടാറിങ്ങിനായി പി.ഡബ്ല്യു.ഡി (റോഡ്സ് വിഭാഗം) പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് 9 റോഡുകളുടെ നിർമ്മാണ പ്രവൃത്തി നടത്തി. വിവിധ ആർ ആർ എഫുകളിലെ പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റുകളിൽ പൊടിക്കുന്ന പ്ലാസ്റ്റിക് ക്ലീൻ കേരള

കമ്പനി ശേഖരിച്ച് കോൺട്രാക്ടർമാർക്ക് ടാറിങ്ങിനായി നൽകുകയാണുണ്ടായത്.

## ഇ-വേസ്റ്റ് ശേഖരണം 2019

ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ വളർച്ചയും പുതിയ ഉൽപ്പന്നങ്ങളുടെ വിപണനവും ഇ-വേസ്റ്റിന്റെ ഒരു വൻ ശൃംഖലതന്നെ സൃഷ്ടിക്കുന്നു. ഓഫീസുകളിലും വീടുകളിലും ഒരുപോലെ ഈ മാലിന്യം രൂപപ്പെടുന്നു. അശാസ്ത്രീയമായി ഇ-വേസ്റ്റ് കൈകാര്യം ചെയ്യുന്നത് ആ മേഖലയിലെ തൊഴിലാളികളുടേയും കൂടാതെ പൊതു സമൂഹത്തിന്റേയും ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കും. ഇതിനാലാണ് ഗവൺമെന്റ് ഇ-മാലിന്യങ്ങൾ ശേഖരിച്ച് സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. ഇ-മാലിന്യശേഖരണം ജില്ലയിൽ നല്ല നിലയിൽ നടന്നുവരുന്നു. ഓഫീസുകളിൽ പ്രത്യേക ക്യാമ്പയിനുകളിലൂടെ ഇമാലിന്യം ശേഖരിക്കുന്ന പ്രവർത്തനം സംഘടിപ്പിക്കുന്നു. ക്ലീൻ കേരളകമ്പനി മുഖേനയാണ് ശേഖരിച്ച ഇ മാലിന്യം കൈയൊഴിയുന്നത്. ഇതിനുപുറമെ സ്വകാര്യ സ്ക്രാപ്പ് ശേഖരണ വിഭാഗക്കാരും ഇ-മാലിന്യം ശേഖരിക്കുന്നുണ്ട്.

## സീറോ വേസ്റ്റ് ഓൺഗ്രൗണ്ട് പദ്ധതി 2019

തെരഞ്ഞെടുക്കപ്പെട്ട വാർഡുകളിൽ എല്ലാ വീടുകളിലും മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിക്കാനും മറ്റ് സ്ഥാപനങ്ങളിലെ ജൈവമാലിന്യങ്ങൾ അതാതിടങ്ങളിൽ തന്നെസംസ്കരിക്കാനും സംവിധാനമൊരുക്കുക, അജൈവമാലിന്യങ്ങൾ ശേഖരിക്കുകയും എം.സി.എഫുകളിലെത്തിക്കുകയും ചെയ്യുക, തോടുകളും ജലാശയങ്ങളും ശുചീകരിച്ച് സംരക്ഷിക്കുക, നിരത്തുകൾ മാലിന്യമുക്തമാക്കുക, എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കിയ പദ്ധതിയാണ് സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് പദ്ധതി. ജില്ലയിൽ മട്ടന്നൂർ നഗരസഭയിലാണ് പദ്ധതി നടപ്പിലാക്കിയത്. അതിശീഘ്രം വളർന്നുകൊണ്ടിരിക്കുന്ന കണ്ണൂർ ജില്ലയിലെ നഗരമാണ് മട്ടന്നൂർ. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം ഈ പ്രദേശത്തിന്റെ നഗരവൽക്കരണത്തിന് ആക്കം കൂട്ടി. നഗരസഭയെ സംബന്ധിച്ച് അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം തന്നെ പ്രാധാന്യമുള്ളതാണ്. ഗ്രാമാന്തരീക്ഷത്തിൽ നിന്ന് നാഗരികതയിലേക്കുള്ള പ്രയാണത്തിൽ, -പ്രദേശത്തെ മണ്ണും, വായുവും നദിയും തോടുകളും ശുചിയായി സൂക്ഷിക്കുക എന്ന





ഉദ്ദേശത്തോടെയാണ് Zero Waste on Ground എന്ന പദ്ധതി മട്ടന്നൂരിൽ നടപ്പിലാക്കിയത്. ശുചിത്വ മിഷൻ ആണ് ഇതിന്റെ പ്രായോജകർ.

## നൈപുണ്യ കർമ്മ സേന 2019

2019 കണ്ണൂർ ജില്ലയിൽ ഉണ്ടായിട്ടുള്ള പ്രളയത്തിന്റെ ഭാഗമായി വീടുകളിൽ വെള്ളം കയറി കേടുപാടുകൾ സംഭവിച്ച ഇലക്ട്രിക്-ഇലക്ട്രോണിക് ഉപകരണങ്ങളും ഫർണിച്ചറുകളും വാതിൽ, ജനൽ കതകുകളും മറ്റും വിവിധ ഐടിഐകളിലെ നൈപുണ്യ കർമ്മ സേനയുടെ നേതൃത്വത്തിൽ സൗജന്യമായി റിപ്പയർ നടത്തി ഉപയോഗ്യമാക്കുന്ന പ്രവർത്തനത്തിന് ഹരിതകേരളം മിഷൻ നേതൃത്വം നൽകുകയുണ്ടായി. തൃശ്ശൂർ ജില്ലയിലെ മാള, ചാലക്കുടി ഐടിഐകളിൽ നിന്നും കണ്ണൂർ ഗവൺമെന്റ് ഐടിഐയിൽ നിന്നും കാസർഗോഡ് എൽബിഎസ് എൻജിനീയറിങ് കോളേജിൽ നിന്നുമുള്ള അധ്യാപകരും വിദ്യാർത്ഥികളും പൂർവ്വ വിദ്യാർത്ഥികളുമാണ് ഈ പ്രവർത്തനം നിർവഹിച്ചത്. 9 ദിവസങ്ങളിലായി 51 അധ്യാപകരും 122 വിദ്യാർത്ഥികളും ക്യാമ്പുകളിൽ അണിനിരന്നു. പ്രളയബാധിത പ്രദേശങ്ങളായ ഏഴോം, ചെങ്ങളായി ഇരിക്കൂർ മലപ്പട്ടം കണ്ണൂർ കോർപ്പറേഷൻ ശ്രീകണ്ഠാപുരം നഗരസഭ ഇരിട്ടി നഗരസഭ എന്നിവിടങ്ങളിലെ ദുരിതബാധിതർക്കാണ് ഇതിന്റെ ഗുണം ലഭിച്ചത്. 38 വീടുകളിൽ വയറിങ് ജോലികൾ, 58 വീടുകളിൽ പ്ലംബിങ് ജോലികൾ, 256 ഇലക്ട്രോണിക് റഫ്രിജറേഷൻ വർക്കുകൾ, 54 കാർപെന്ററി വർക്കുകൾ, 7 മെക്കാനിക്കൽ വർക്കുകൾ, 2 ഗ്യാസ് സ്റ്റൗ റെഗുലേറ്റർ വർക്കുകൾ എന്നിവ നിർവഹിച്ചു. 269 കുടുംബങ്ങൾക്ക് ഇവരുടെ സേവനം ലഭ്യമായി.

## ഹരിത നിയമബോധവല്ക്കരണ ക്യാമ്പയിൻ

ശുചിത്വ മാലിന്യ സംസ്കരണ മേഖല കേരളം ഇന്നു നേരിടുന്ന വികസന പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. മാലിന്യങ്ങളുടെ അളവ് കുറയ്ക്കുകയും ഉണ്ടാക്കുന്ന മാലിന്യത്തെ സുരക്ഷിതമായി കൈകാര്യം ചെയ്യുകയും ഉൾപ്പെടെ ഒട്ടേറെ കാര്യങ്ങളിൽ ഇനിയും നമുക്ക് ഏറെ മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളുടേയും ഇടപെടലോടെ മാത്രമെ ഇക്കാര്യത്തിൽ ചെറിയ മാറ്റങ്ങൾ പോലും ഉണ്ടാക്കാൻ സാധിക്കൂ. ഇതിനായി ഹരിതകേരളം മിഷനും ശുചിത്വമിഷനും ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന നിരവധി പ്രവർത്തനങ്ങളിലൊന്നാണ് കുട്ടികളിലൂടെയുള്ള ഇടപെടൽ. ഇതിന്റെ ആദ്യഘട്ട പ്രവർത്തനമാണ് തദ്ദേശ ഭരണസ്ഥാപന അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും ജില്ലാ പ്ലാനിംഗ് കമ്മിറ്റി ഹാളിൽ വെച്ച് 26.02.2019 ന് ഡി.പി.സി ഹാളിൽ ഏകദിന പരിശീലനം നടത്തി. 29 അദ്ധ്യക്ഷന്മാരുൾപ്പടെ 41 പഞ്ചായത്തുകളിൽ നിന്നായി 92 പേർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.

## ജാഗ്രതോത്സവം

കുട്ടികളിൽ ആരോഗ്യശീലം വളർത്തുകയും അതുവഴി ആരോഗ്യമുള്ള കുടുംബവും സമൂഹവും സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ ബാലസഭ പദ്ധതിയുടെ ഭാഗമായി ബാലസഭകുട്ടികളിലൂടെ ഹരിതകേരളം മിഷൻ ആവിഷ്കരിച്ചു നടപ്പിലാക്കിയ തദ്ദേശീയ രോഗ പ്രതിരോധ പ്രവർത്തന ഉദ്യമമാണ് ജാഗ്രതോത്സവം. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുള്ള പ്രതിദിനം

പ്രതിരോധം ജാഗ്രതോത്സവം പരിപാടിയുടെ ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത്/നഗരസഭ തല പരിശീലനം പൂർത്തീകരിച്ചു. ജില്ലാ തലത്തിൽ ജാഗ്രതോത്സവം ഏപ്രിൽ 30 നും ജൂൺ 10 നും ഇടയിൽ ദ്വിദിന ക്യാമ്പുകളയാണ് നടന്നത്. കില, സാക്ഷരതാ മിഷൻ, ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് ജാഗ്രതോത്സവങ്ങൾ സംഘടിപ്പിച്ചത്. കൊതുകിന്റെ ലോകം, എലിവാഴും കാലം, ജലജന്യ രോഗം എന്നിവ സംബന്ധിച്ച ക്ലാസ്സുകളും, നടത്തുകയുണ്ടായി. കുടുംബശ്രീയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ നാടൻ വിഭവങ്ങളാണ് കുട്ടികൾക്ക് ഭക്ഷണമായി നൽകിയതത്.

കുടുംബശ്രീ റിസോഴ്സ് പേഴ്സൺമാർ, ആരോഗ്യ വകുപ്പിൽ നിന്ന് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ, സാക്ഷരതാ പ്രേരക്മാർ, ഗ്രാമപഞ്ചായത്ത് അസി. സെക്രട്ടറിമാർ തുടങ്ങിയവർ വാർഡുകളിൽ ജാഗ്രതോത്സവത്തിന് നേതൃത്വം നൽകി. വാർഡ് മെമ്പറുടെ നേതൃത്വത്തിൽ കുട്ടികളുടെ രക്ഷാകർത്താക്കളും സാമൂഹ്യ-സാംസ്കാരിക പ്രവർത്തകരുമടങ്ങുന്ന കമ്മിറ്റികളാണ് ജാഗ്രതോത്സവത്തിന്റെ സംഘാടകരായി പ്രവർത്തിച്ചത്. കുട്ടികൾ തങ്ങളുടെ ചുറ്റുപാടുകൾ നിരീക്ഷിച്ച് പകർച്ച വ്യാധി ഉറവിടങ്ങൾ കണ്ടെത്തി അവ ഒഴിവാക്കാൻ എന്തെല്ലാം ചെയ്യാമെന്നു മഴക്കാലത്തിനു മുമ്പേ വേണ്ട മുൻകരുതലുകൾ സ്വീകരിക്കാൻ എന്തെല്ലാം ചെയ്യണമെന്ന് ഒരു ലഘു പദ്ധതി തയ്യാറാക്കി

ജാഗ്രതോത്സവം ജില്ലാ പരിശീലനത്തിൽ 85 ആർ.പി. മാർ പങ്കെടുത്തു. രണ്ടാംഘട്ട പരിശീലനത്തിൽ 11 ബ്ലോക്കുകളിലും കൂടി ആകെ 582 പേർ പങ്കെടുത്തു. 81 തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും ജാഗ്രതോത്സവം പരിപാടി നടത്തി ആകെ 8047 ആളുകളാണ് സി ഡി എസ് തല ക്യാമ്പയിനിൽ പങ്കെടുത്തത്. ജില്ലയിലെ 1545 വാർഡുകളിൽ 1472 വാർഡിലും ജാഗ്രതോത്സവം 2 ദിവസങ്ങളിലായി നടത്തുകയുണ്ടായി. ആകെ 51200 ആളുകളാണ് പരിപാടിയിൽ പങ്കെടുത്തത്. ജില്ലയിൽ ആകെ 2400 ബാലസഭകളിലായി 37000 അംഗങ്ങൾ നിലവിൽ ഉണ്ട്.അതിൽ ഏകദേശം 35000 ബാലസഭാ കുട്ടികൾ ജാഗ്രതോത്സവം ക്യാമ്പയിനിൽ പങ്കെടുത്തു.

### ഫ്രീഡം ഫ്രം വേസ്റ്റ് ക്യാമ്പയിൻ

ഹരിതകേരളം മിഷന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 'മാലിന്യത്തിൽ നിന്നും മോചനം' എന്ന ക്യാമ്പയിൻ നല്ല രീതിയിൽ സംഘടിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ മാലിന്യക്കൂനകളിലെ മാലിന്യങ്ങൾ ഈ ക്യാമ്പയിന്റെ ഭാഗമായി ശാസ്ത്രീയമായി സംസ്കരിക്കുവാൻ സാധിച്ചിട്ടുണ്ട്. കേരള സ്ക്രാപ്പ് മർച്ചന്റ് അസോസിയേഷൻ മുഖാന്തിരം 204.5 ടൺ മാലിന്യം നീക്കം ചെയ്തിട്ടുണ്ട്. കൂടാതെ ക്ലീൻ കേരള കമ്പനി മുഖാന്തിരം 20.6 ടൺ ഷെഡ്ഡ ഡ്പ്ലാസ്റ്റിക് ശേഖരിച്ചിട്ടുണ്ട്..

### ശുചിത്വമികവ് - 2019

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിൽ മികച്ച രീതിയിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാഴ്ച വെച്ച തദ്ദേശ ഭരണസ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്നതിനായി 06.03.2019 ന് കണ്ണൂർ ജില്ല ആസൂത്രണസമിതി ഹാളിൽ വെച്ച് ശുചിത്വ മികവ് സംഘടിപ്പിച്ചു.

ബ്ലോക്ക് തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട 21 ഗ്രാമപഞ്ചായത്തുകളും 3 നഗരസഭകളുമാണ് ജില്ലാതല മികവ് അവലോകനത്തിൽ പങ്കെടുത്തത്. ഹരിതകേരളം ജില്ലാ കോ -ഓഡിനേറ്റർ ശ്രീ.ഇ.കെ. സോമശേഖരൻ ആമുഖഭാഷണവും സ്വാഗതവും ആശംസിച്ചു. ജില്ലാ പ്ലാനിംഗ് ഓഫീസർ ശ്രീ. കെ.പ്രകാശൻ അദ്ധ്യക്ഷത വഹിച്ചു. ജൈവവൈവിധ്യ ബോർഡ് അംഗം ശ്രീ.കെ.വി.ഗോവി ന്ദൻ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

പങ്കെടുത്ത ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കഴിഞ്ഞ രണ്ടു വർഷ കാലത്തെ അവർ നടത്തിയ ശുചിത്വ പ്രവർത്തനങ്ങൾ മത്സരബുദ്ധിയോടെ തന്നെ അവതരിപ്പിക്കുകയുണ്ടായി. വളരെ ഗൗരവത്തോടെയാണ് ഈ പരിപാടിയെ സമീപിച്ചത് എന്ന് ഓരോരുത്തരുടേയും അവതരണവും

അതിന് വേണ്ടി നടത്തിയ തയ്യാറെടുപ്പുകളും സാക്ഷ്യപ്പെടുത്തുന്നു.

### തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ പദവി 2020

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 12 ഇന പരിപാടിയിലെ ഒരു ഇനമായിരുന്നു 2020 ഒക്ടോബർ 2 നകം സംസ്ഥാനത്തെ 500 തദ്ദേശഭരണ സ്ഥാപനങ്ങളെയെങ്കിലും ശുചിത്വ പദവി കൈവരിച്ച തദ്ദേശഭരണ സ്ഥാപനങ്ങളാക്കി മാറ്റുക എന്നത്. 47 ഗ്രാമപഞ്ചായത്തുകളും 4 നഗരസഭകളുമാണ് നമ്മുടെ ജില്ലയിൽ ആദ്യഘട്ടത്തിൽ പ്രഖ്യാപനം നടത്താനായി ലക്ഷ്യമിട്ടിരുന്നത്. ലക്ഷ്യം കൈവരിക്കുന്നതിനായി മികച്ച പ്രവർത്തനമാണ് ജില്ലയിൽ സംഘടിപ്പിക്കപ്പെട്ടത്. ഇതേ തുടർന്ന് 49 ഗ്രാമപഞ്ചായത്തുകളും 5 നഗര സഭകളും ശുചിത്വപദവിയുള്ള തദ്ദേശസ്ഥാപനങ്ങളായി പ്രഖ്യാപിക്കപ്പെട്ടു. മാർഗ്ഗ നിർദ്ദേശപ്രകാരമുള്ള ഘടകങ്ങൾ പ്രാവർത്തികമാക്കിയ തദ്ദേശ സ്ഥാപനങ്ങൾ സ്വയം മൂല്യനിർണ്ണയം നടത്തുകയും ഇപ്രകാരം നടത്തിയ മൂല്യനിർണ്ണയത്തിൽ 60% മാർക്ക് ലഭിച്ച സ്ഥാപനങ്ങൾ ആദ്യഘട്ടത്തിൽ സ്വയം പ്രഖ്യാപനം നടത്തുകയുമാണ് ഉണ്ടായത്. പിന്നീട് ജില്ലാ കലക്ടർ നിയോഗിച്ച പരിശോധന സംഘം ഈ തദ്ദേശഭരണ സ്ഥാപനങ്ങളിലും മറ്റ് ഘടകങ്ങൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിലും പരിശോധന നടത്തുകയും മൂല്യനിർണ്ണയം നടത്തുകയും ചെയ്തു. തുടർന്ന് അർഹരാണെന്ന് കണ്ടെത്തിയവർക്കും ശുചിത്വ പദവി നല്കാൻ ജില്ലാ കളക്ടറോട് ശുപാർശ ചെയ്യുകയും ചെയ്തു. ആദ്യഘട്ടത്തിൽ 49 ഗ്രാമപഞ്ചായത്തുകൾക്കും 5 നഗരസഭകൾക്കും രണ്ടാംഘട്ടത്തിൽ 2021 മാർച്ച് 31 നകം 19 ഗ്രാമപഞ്ചായത്തുകൾക്കും 2 നഗരസഭകൾക്കും ശുചിത്വ പദവി ലഭിക്കുകയുണ്ടായി.

### വൃത്തിയുള്ള കേരളം വലിച്ചെറിയൽ മുക്ത ക്യാമ്പയിൻ 2023

കണ്ണൂരിനെ മാലിന്യം വലിച്ചെറിയപ്പെടാത്ത ജില്ലയെന്ന ലക്ഷ്യത്തിനായ് ഊർജിതമായ ഒരുക്കങ്ങൾ നടത്തി. മാലിന്യക്കൂനകൾ നീക്കം ചെയ്യാൻ ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തി. ജില്ലയിലെമ്പാടും 2023 ഏപ്രിൽ 30 ന് ശുചിത്വ ഹർത്താൽ ആചരിച്ചു. തെരുവോരങ്ങളും പൊതു ഇടങ്ങളും ശുചീകരിക്കാൻ ജനങ്ങൾ ഒന്നടങ്കം രംഗത്തിറങ്ങി. സ്ഥാപനങ്ങൾ, വീടുകൾ, തോടുകൾ, ഇടവഴികൾ, തുടങ്ങി എല്ലായിടങ്ങളിലും സംഘടനകളുടെയും വീട്ടുകാരുടെയും സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. .ശുചിത്വ ഹർത്താലിൽ ജില്ലയിൽ 163 മാലിന്യ കൂനകൾ പൂർണമായും ശുചീകരിച്ചു. ശുചീകരണ പ്രവർത്തനങ്ങളുടെ ജില്ലാ തല ഉദ്ഘാടനം നാറാത്ത് പഞ്ചായത്തിൽ നടന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, ജില്ലാ കളക്ടർ എന്നിവർ പങ്കെടുത്തു





# വലിച്ചെറിയരുത്; പിടിവീഴും

നവകേരളം കർമ പദ്ധതി രണ്ടിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തും ജില്ലാ ഭരണകൂടവും സംഘടിപ്പിച്ച 'വലിച്ചെറിയൽ മുക്ത ജില്ല' ക്യാമ്പയിൻ ആലോചനാ യോഗത്തിൽ നവകേരളം കർമ പദ്ധതി കോ ഓർഡിനേറ്റർ ഡോ. ടി എൻ സീമ സംസാരിക്കുന്നു

## മാലിന്യം വലിച്ചെറിയൽ മുക്ത ജില്ലയ്ക്കായ് പ്രത്യേക ഗ്രാമസഭ ചേരും

**കണ്ണൂർ**

മാലിന്യം വലിച്ചെറിയുന്നത് തടയാൻ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വലിച്ചെറിയൽവിരുദ്ധ ഗ്രാമസഭ ചേരാൻ നിർദേശം. നവകേരളം കർമപദ്ധതി രണ്ടിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തിന്റെയും ജില്ലാ ഭരണ കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ നടന്ന 'വലിച്ചെറിയൽ മുക്ത ജില്ല' ക്യാമ്പയിന്റെ ആലോചനാ യോഗത്തിലാണ് നിർദേശം. മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ നടപടി കർശനമാക്കണമെന്ന് ക്യാമ്പയിന്റെ പ്രസക്തി വിശദീകരിച്ച നവകേരളം കർമപദ്ധതി കോ ഓർഡിനേറ്റർ ടി എൻ സീമ പറഞ്ഞു. നിയമത്തെക്കുറിച്ച് ബോധവാന്മാരല്ലാത്തവരെ ബോധവൽക്കരിക്കണം. ക്യാമ്പസുകളിലെ തെരഞ്ഞെടുപ്പുകളിലും ഹരിത പ്രോട്ടോക്കോൾ പാലിക്കണം. മാലിന്യം വലിച്ചെറിയുന്നത് തടയാൻ മുഴുവൻ വകുപ്പുകളും ഒരുമിച്ചുനിന്ന് പ്രവർത്തിക്കണമെന്നും സീമ പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി പി ദിവ്യ അധ്യക്ഷയായി. ഹരിത കേരള മിഷൻ ജില്ലാ കോ ഓർഡിനേറ്റർ ഇ കെ സോമശേഖരൻ പദ്ധതി വിശദീകരിച്ചു.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിനോയ് കുര്യൻ, സ്ഥിരംസമിതി അധ്യക്ഷൻ വി കെ സുരേഷ് ബാബു, കോർപ്പറേഷൻ സ്ഥിരംസമിതി അധ്യക്ഷൻ എം പി രാജേഷ്, സബ് കലക്ടർ അനുകുമാരി, എഡിഎം കെ കെ ദിവാകരൻ, തളിപ്പറമ്പ് ആർഡിഒ ഇ പി മേഴ്സി, തദ്ദേശ വകുപ്പ് ജോ. ഡയറക്ടർ ടി ജെ അരുൺ എന്നിവർ സംസാരിച്ചു.

കൊണ്ട് ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി. മാലിന്യക്കൂനകൾ പൂങ്കാവനങ്ങളാക്കുന്ന പൂന്തോട്ട ചലഞ്ചിന്റെ പോസ്റ്റർ കല്യാശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് നിർവ്വഹിച്ചു. ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷൻമാരുടെ നേതൃത്വത്തിലാണ് ഈ പരിപാടി മികച്ച രീതിയിൽ നടത്തിയത്.

ശുചിത്വ ഹർത്താലിന്റെ ഭാഗമായി പേരാവൂർ ഗ്രാമ പഞ്ചായത്ത് ജനകീയ പുഴയോര ശുചീകരണ പരിപാടി സംഘടിപ്പിച്ചു . ഗ്രാമ പഞ്ചായത്തിനെ രണ്ടായി പകുത്ത് ഒഴുകുന്ന കാഞ്ഞിരോട് പുഴയുടെ ആറ് കിലോ മീറ്റർ ദൂരമാണ് ജനകീയ പടയണി തീർത്ത് ശുചീകരിച്ചത്.

ആറ് വാർഡുകളിലൂടെ ഒഴുകി ബാവലിപ്പുഴയിൽ ചേരുന്ന കാഞ്ഞിരപ്പുഴയെ നാല് ക്ലസ്റ്ററുകളായി തിരിച്ചാണ് ശുചീകരണം നടത്തിയത്. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും കുടുംബശ്രീ,തൊഴിലുറപ്പ്, ഹരിതകർമ്മസേന പ്രവർത്തകർ, മോർണിംഗ് ഫൈറ്റേഴ്സ് അക്കാദമിയിലെ കായികതാരങ്ങൾ തുടങ്ങി 827 പേർ ശുചീകരണത്തിന് അണിനിരന്നു. ശേഖരിച്ച മാലിന്യം തരം തിരിച്ച് ഉണക്കി ക്ലീൻ കേരള കമ്പനിക്ക് കൈമാറി. ഒരൊറ്റ ദിവസത്തെ ശുചിത്വ ഹർത്താലിൽ മാത്രം ജില്ല ശേഖരിച്ചത് 247 ടൺ മാലിന്യം. ശേഖരിച്ച മുഴുവൻ അജൈവ മാലിന്യങ്ങളും ക്ലീൻ കേരള കമ്പനിയാണ് നീക്കം ചെയ്തത്. ശുചിത്വ ഹർത്താൽ ദിനത്തിൽ കണ്ണൂർ ജില്ലയിൽ ശുചീകരണ പ്രവർത്തനങ്ങൾക്കായ് രംഗത്തിറങ്ങിയത് 26,317 പേരാണ്.

വിദ്യാർത്ഥികൾ, സാമുഹ്യ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, രാഷ്ട്രീയ നേതാക്കൾ, ജനപ്രതിനിധികൾ ,ഹരിത കർമ്മ സേനാംഗങ്ങൾ, വ്യാപാരികൾ, തുടങ്ങി എല്ലാ മേഖലയിലും പെട്ടവർ പ്രവർത്തനങ്ങളിൽ വ്യാപൃതരായി.

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ 2023 ഒക്ടോബർ 2 മുതൽ 2024 മാർച്ച് 31 വരെ സമയ ബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇതുമായി ബന്ധപ്പെട്ട് കൊണ്ട് ജില്ല, ബ്ലോക്ക്, തദ്ദേശസ്വയംഭരണ സ്ഥാപന തലങ്ങളിൽ വിവിധ യോഗങ്ങൾ ചേരുകയും ഘടകസ്ഥാപങ്ങളിലും മറ്റ് പൊതു മേഖലാ സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും അതാത് സ്ഥാപന മേധാവികളുടെ നേതൃത്വത്തിൽ ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന് ആവശ്യമായ തീരുമാനങ്ങളും പ്രവർത്തന പരിപാടികളും ആവിഷ്കരിക്കുകയുണ്ടായി. ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, തദ്ദേശ സ്വയം ഭരണ വകുപ്പ്, കൃഷി വകുപ്പ്, കുടുംബശ്രീ മിഷൻ, വിദ്യാഭ്യാസ വകുപ്പ്, ജലസേചന വകുപ്പ്, മണ്ണ് ജല സംരക്ഷണ വകുപ്പ്, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടാണ് ക്യാമ്പയിൻ പ്രവർത്തനം ജില്ലയിൽ വിജയിപ്പിച്ചത്.

മണ്ണും ജലവും വായുവും മാലിന്യ മുക്തമാക്കുന്നതിന് വേണ്ടി വിവിധ തരത്തിലുള്ള പ്രചരണ പരിപാടികൾ ജില്ലയിൽ നടത്തി.ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്കിറ്റിലൂടെയും മറ്റു








പരിപാടികളിലൂടെയും ശുചിത്വ സന്ദേശ ജാഥകൾ നടത്തിയും മികച്ച പ്രകടനം കാഴ്ച വെച്ചു കൊണ്ട് മുഴുവൻ ആളുകളെയും പങ്കെടുപ്പിച്ച് ക്യാമ്പയിൻ നല്ല നിലയിൽ നടത്താൻ ഉള്ള ശ്രമം നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി വിവിധ ഘട്ടങ്ങളിൽ സർക്കാർ നിർദ്ദേശിച്ച പ്രകാരം സമയബന്ധിതമായി സ്ഥാപനങ്ങളെയും പൊതു ഇടങ്ങളെയും മാലിന്യ മുക്തമാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തങ്ങൾ നടത്തിയിട്ടുണ്ട്.ഇതിന്റെ ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി വിവിധ തരത്തിലുള്ള മാലിന്യ ശേഖരണ സംസ്കരണ ഉപാധികളും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തി കൊണ്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഹരിത വിദ്യാലയം

ക്യാമ്പയിന്റെ ഭാഗമായി വിദ്യാലയങ്ങളെ ശുചിത്വവും ഹരിതാഭമാക്കുന്നതിന് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നല്ല രീതിയിലുള്ള പ്രവർത്തങ്ങൾ നടത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലുള്ള വിദ്യാഭ്യാസ സമിതി പ്രത്യേകമായി വിളിച്ച് ചേർക്കുകയും വിദ്യാലയങ്ങളിൽ



നടപ്പിലാക്കേണ്ട ശുചിത്വ മാലിന്യ പരിപാലന പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശം നൽകുകയും അതിലൂടെ വിദ്യാർഥികൾ ഉൾപ്പെടെയുള്ളവരെ പങ്കാളികളാക്കി കൊണ്ട് ഹരിത വിദ്യാലയം എന്ന ലക്ഷ്യം കൈവരിക്കുകായും ചെയ്തു

ആവശ്യമായ എല്ലാ വിദ്യാലയങ്ങളിലും ആവശ്യമായ ശുചിത്വ സന്ദേശ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തു. ജൈവ അജൈവ ദ്രവമാലിന്യ സംസ്കരണത്തിന് വേണ്ട ഉപാധികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

## കലാലയങ്ങളും ഗ്രീൻ ബ്രിഗേഡുകളിലൂടെ ഹരിത വഴിയിലേക്ക്

ഹരിത ശുചിത്വ വല്ക്കരണ പ്രവർത്തനങ്ങളിൽ കലാലയ തല പങ്കാളിത്തവും വിദ്യാർത്ഥി നേതൃത്വവും ഉറപ്പ് വരുത്തുക ലക്ഷ്യമിട്ട് കണ്ണൂർ ജില്ല ഏറ്റെടുത്ത വ്യത്യസ്ത ക്യാമ്പയിനാണ് ഗ്രീൻ ബ്രിഗേഡ്. ശുചിത്വ സമൃദ്ധവും ഹരിതവുമായ ക്യാമ്പസ് , ലക്ഷ്യമിട്ടുള്ള കോളേജ് വിദ്യാർത്ഥികളുടെ കൂട്ടായ്മയാണ് ഇത്. കോളേജിലെ നാഷനൽ സർവ്വീസ് സ്കീം വിദ്യാർത്ഥികൾക്കിടയിൽ നിന്ന് നിശ്ചിത എണ്ണം വിദ്യാർത്ഥികളെ കണ്ടെത്തിയാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഗ്രീൻ ബ്രിഗേഡ് രൂപീകരിച്ചത്. ജില്ലയിലെ പയ്യന്നൂർ കോളേജിലാണ് ഗ്രീൻ ബ്രിഗേഡ് പ്രവർത്തനം ആരംഭിച്ചത്. തുടർന്ന് ജില്ലയിലെ 15 കോളേജുകളിലേക്ക് ഇതിന്റെ പ്രവർത്തനം വ്യാപിപ്പിച്ചു.

മാലിന്യമില്ലാത്ത ക്യാമ്പസ്, ഹരിത പെരുമാറ്റ രീതികൾ അവലംബിച്ചുള്ള ക്യാമ്പസ് പരിപാടികൾ, മാലിന്യങ്ങളുടെ അളവ് കുറക്കുന്നതിനായുള്ള സാമൂഹ്യ ബോധവല്കരണ പ്രവർത്തനങ്ങൾ, ക്യാമ്പസിൽ പച്ചത്തുരുത്തുകൾ ഒരുക്കൽ, വംശനാശം വന്ന് കൊണ്ടിരിക്കുന്ന ജന്തു - സസ്യജാലങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ, ക്ലീൻ ആൻഡ് ഗ്രീൻ കാമ്പസ് ഇവന്റുകൾ, ശുചിത്വ മാരത്തോണുകൾ സംഘടിപ്പിക്കൽ, റോഡ്ഷോകൾ, ബൈക്ക് റാലികൾ , പരിസ്ഥിതിക്യാമ്പയിൻ , കോളനി ദത്തെടുക്കൽ, പഠന പര്യടന യാത്രകൾ, ഫോക്കസ് പഠനങ്ങൾ, സർക്കാരും സർവ്വകലാശാലയും നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ എന്നിങ്ങനെ ഒട്ടേറെ പ്രവർത്തനങ്ങൾ വിവിധ ഏജൻസികൾ മിഷനുകൾ സന്നദ്ധ സംഘടനകൾ, സർവ്വകലാശാല ഡിപ്പാർട്ട്മെന്റുകൾ തുടങ്ങി പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്നതിന് നേതൃത്വം നല്കുന്നതിനാണ് ഗ്രീൻ ബ്രിഗേഡ് രൂപീകരിച്ചത്.

നാഷനൽ സർവ്വീസ് സ്കീം കാഡറ്റുകൾക്കു പുറമേ, എൻ. സി.സി, ഭൂമിത്ര ക്ലബ്, തുടങ്ങിയവയിലെ പരിസ്ഥിതി പ്രവർത്തന താല്പര്യമുള്ള കുട്ടികളേയും ഇതിൽ അംഗങ്ങളാക്കി. എന്നാൽ ടീം നേതൃത്വം നാഷനൽ സർവ്വീസ് സ്കീം അംഗങ്ങൾക്കായിരിക്കും. ഓരോ ഗ്രീൻ ബ്രിഗേഡിലും പ്രിൻസിപ്പൽ കണ്ടെത്തി നിയോഗിക്കുന്ന 50 കുട്ടികൾക്കാണ് അംഗത്വം നല്കിയത്. ലളിതമായിരുന്നു ഇവരുടെ




പ്രവർത്തനം. എല്ലാ ക്ലാസുകളിലും ഹരിത പെരുമാറ്റ രീതികൾ അനുവർത്തിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കൽ, തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ട് സന്ദർശിച്ചും ഹരിതകർമ്മസേന അംഗങ്ങളുടെ പ്രവർത്തനങ്ങൾ കണ്ടുപഠിച്ചും സമൂഹത്തിൽ ശുചിത്വ ഹരിത സംസ്കാരം വളർത്തിയെടുക്കാൻ പരിശ്രമിക്കൽ തുടങ്ങിയ കാര്യങ്ങളാണ് ഗ്രീൻ ബ്രിഗേഡുമാർ ചെയ്യുന്നത്.

ഗ്രീൻ ബ്രിഗേഡുകളുടെ മോണിറ്ററിങ്ങ് ചുമതല എൻ.എസ്. എസ് പ്രോഗ്രാം ഓഫീസർക്കാണ്. ജില്ലയിൽ താഴെ പറയുന്ന കോളേജുകളിലാണ് ഗ്രീൻ ബ്രിഗേഡ് നടപ്പിലാക്കിയത് : പയ്യന്നൂർ കോളേജ്,കോളേജ് ഓഫ് അപ്ലൈഡ് സയൻസ് പയ്യന്നൂർ, ഗുരുദേവ് ആർട്സ് & സയൻസ് കോളേജ്, തളിപ്പറമ്പ് ആർട്സ് & സയൻസ് കോളേജ്, ഐടിഎം കോളേജ് ഓഫ് ആർട്സ് & സയൻസ് കുറ്റ്യാട്ടൂർ , പിലാത്തറ കോ-ഓപ്പറേറ്റീവ് ആർട്സ് & സയൻസ് കോളേജ്, AMSTEC കോളേജ് കല്ല്യാശ്ശേരി, മൊറാഴ കോഓപ്പറേറ്റീവ് ആർട്സ് & സയൻസ് കോളേജ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ്, വിളയങ്കോട് ഇഎംഎസ് മെമ്മോറിയൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് പായം, നവജ്യോതി കോളേജ്, ചെറുപുഴ, NEST ഇൻസ്റ്റിറ്റ്യൂട്ട്, കരിവെള്ളൂർ പിലാത്തറ സെന്റ് ജോസഫ് കോളേജ്, കോഓപ്പറേറ്റീവ് ആർട്സ് ആൻഡ് സയൻസ് കോളേജ്, മാടായി,മൊറാഴ കോളേജ്,എസ്ഇഎസ് കോളേജ്, ശ്രീകണ്ഠപുരം, KMM ഗവ.കോളേജ് കണ്ണൂർ, ഡീപോൾ കോളേജ്, എടത്തൊട്ടി, ഗവ. ബ്രണ്ണൻ കോളേജ് ,നിർമ്മലഗിരി കോളേജ്,ഐഎച്ച്ആർഡി നെരുവമ്പ്രം, ഐഎച്ച്ആർഡി പട്ടുവം, NAM കോളേജ്, കല്ലിക്കണ്ടി. ഗ്രീൻ ബ്രിഗേഡ് അംഗങ്ങളായ വിദ്യാർത്ഥികൾ വ്യക്തിപരമായും കൂട്ടമായും നടത്തുന്ന ഇടപെടൽ പ്രത്യേകം തിരിച്ചറിയാൻ സാധിക്കുന്നു എന്നതാണ് ഈ ഐ. ഇ. സി. പ്രവർത്തനത്തിന്റെ വിജയം

### പെൻസിൽ ക്യാമ്പ്

കുടുംബശ്രീ ബാലസഭ കുട്ടികൾക്ക് ശുചിത്വബോധം വളർത്തുന്നതിനുവേണ്ടി ജില്ലയിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ഈ ഒരു പ്രവർത്തനം ക്യാമ്പയിനായി നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി കുട്ടികൾക്ക് അവബോധം ഉണ്ടാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

### ക്ഷീര ഭവനം സുന്ദര ഭവനം

കന്നുകാലി വളർത്തൽ നാടിന്റെ വരുമാനത്തിന്റെ പ്രധാന ഭാഗമാണ് എങ്കിലും അവ ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശനങ്ങൾ പരിഹരിക്കുകയും കന്നുകാലി വളർത്തൽ കേന്ദ്രങ്ങൾ ശുചിത്വ കേന്ദ്രങ്ങളായി മാറ്റുകയും ചെയ്യുക എന്ന ആശയം മാലിന്യ മുക്തം നവ കേരളത്തിന്റെ ഭാഗമായി ജില്ലയിൽ ഉയർന്നു വന്ന പ്രത്യേക ആശയമാണ്. ഈ ആശയം ക്ഷീര വികസന വകുപ്പ് ജില്ലാ ഉദ്യോഗസ്ഥരുമായി പങ്കുവെച്ചതിന്റെ തുടർച്ചയായി ജില്ലയിൽ രൂപപ്പെട്ട ക്യാമ്പയിൻ പ്രവർത്തനമാണ് "ക്ഷീര ഭവനം സുന്ദര ഭവനം".

കന്നുകാലി വളർത്തലിനോടൊപ്പം ശുചിത്വ - മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ഉയർന്ന പ്രാധാന്യം നല്കാൻ കർഷകരെയും സമൂഹത്തെയും പ്രേരിപ്പിക്കാൻ ഡയറിഫാമുകൾക്കും പശു മറ്റ് കന്നുകാലി വളർത്ത് കേന്ദ്രങ്ങൾക്കും ഹരിത പദവി നൽകുക എന്നതാണ് ഈ ക്യാമ്പയിന്റെ ലക്ഷ്യം.

"ക്ഷീരഭവനം സുന്ദരഭവനം " എന്ന പേരിലാണ് ക്യാംപെയിൻ സംഘടിപ്പിച്ചത് ഫാമുകളുടെ ശുചിത്വം എന്താണെന്നും അതെങ്ങിനെ സുസ്ഥിരമായി നേടാമെന്നും ക്ഷീര കർഷകരെ ബോധവല്കരിക്കുന്നതോടൊപ്പം ഹരിതവും ശുചിത്വവുമായ ഡയറിഫാമുകൾ എന്ന ലക്ഷ്യം നേടുന്നതിന് കന്നുകാലി വളർത്ത് കേന്ദ്രവുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളും പാൽ, വളം, മൃഗങ്ങൾ മുതലായ ഫാമിൽ നിന്ന് പുറത്തുപോകുന്ന എല്ലാ ഘടകങ്ങളും കൃത്യമായും സൂക്ഷ്മമായും നിരീക്ഷിക്കാൻ സംവിധാനം ഏർപ്പെടുത്താനും ലക്ഷ്യമിട്ടാണ് ഈ ക്യാമ്പയിൻ സംഘടിപ്പിച്ചത്- ഡയറി ഫാമുകൾക്കും തൊഴുത്തുകൾക്കും ഹരിത പദവി ഒരുക്കുന്നതിന് സഹായകരമായ മാർഗ്ഗരേഖ ക്ഷീര വികസന വകുപ്പിന്റെ സഹായത്തോടെ ഹരിതകേരളം മിഷനും ശുചിത്വ മിഷനും ചേർന്ന് തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

ഫാമിലെ മൃഗങ്ങൾ ഉല്പാദിപ്പിക്കുന്ന മൂത്രം ശേഖരിച്ച് സൂക്ഷിക്കാനോ അവ സുരക്ഷിതമായി സോക്കേജ് പിറ്റ് പോലുള്ള സംവിധാനങ്ങളിലേക്ക് മാറ്റാനോ സ്ഥിരം സൗകര്യം ഒരുക്കൽ, മഴവെള്ളം കയറാത്ത വിധം ചാണകക്കുഴികൾ കല്ല് വെച്ച് പടുത്തുയർത്തൽ, കറവ ഉപകരണങ്ങൾ പതിവായി വൃത്തിയാക്കാനും അണുവിമുക്തമാക്കാനും നടപടികൾ, ഫാമിലേക്കു പുതുതായി കൊണ്ടു വരുന്നമൃഗങ്ങളെയും രോഗബാധിതരായ മൃഗങ്ങളെയും ക്വാറന്റൈൻ ചെയ്യാൻ പ്രത്യേക സംവിധാനം ഒരുക്കൽ, ധാതുക്കളുടെ പാക്കറ്റുകൾ സുരക്ഷിതമായി സൂക്ഷിക്കാനും ഹരിത കർമ്മ സേനക്ക് കൈമാറാനും സംവിധാനം ഒരുക്കൽ തുടങ്ങി നിരവധി നിർദ്ദേശങ്ങൾ മാർഗ രേഖയിൽ ഉൾപ്പെടുത്തി. ജില്ലയിലെ ക്ഷീര വികസന സൊസൈറ്റികൾ കേന്ദ്രീകരിച്ചാണ് ക്ഷീര ഭവനം സുന്ദര ഭവനം പ്രവർത്തനം സംഘടിപ്പിച്ചത്. സൊസൈറ്റി ആസ്ഥാനം ഹരിത സ്ഥാപനമായി പ്രഖ്യാപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ പൂർത്തീകരിക്കുകയും ആയത് മോണിറ്റർ ചെയ്യാൻ ജില്ലാതല ടീം രൂപീകരിച്ച് മോണിറ്ററിംഗ് നടത്തുകയും ചെയ്തു. പ്രസ്തുത മോണിറ്ററിങ്ങിൽ നിശ്ചിത നിലവാരം പുലർത്താത്ത ക്ഷീര സംഘങ്ങൾക്ക് നിശ്ചിത ഇടവേള അനുവദിച്ച് നൽകുകയും പ്രസ്തുത ഇടവേളക്ക് ശേഷം മോണിറ്ററിംഗ് നടത്തുകയും ചെയ്തു. അങ്ങനെ നിശ്ചിത കാലയളവിൽ എല്ലാ ക്ഷീര സംഘങ്ങളും ഹരിത പദവി എന്ന ലക്ഷ്യത്തിൽ എത്തി എന്നുറപ്പിക്കാൻ സാധിച്ചു. ഇതായിരുന്നു ആദ്യ ഘട്ടം.

രണ്ടാം ഘട്ടത്തിൽ ക്ഷീര സംഘപരിധിയിലെ കന്നുകാലി തൊഴുത്തുകളുടെ ശുചിത്വം ഉറപ്പു വരുത്താൻ മാർഗ രേഖ തയ്യാറാക്കി. പ്രസ്തുത മാർഗ രേഖ പ്രകാരം സുസ്ഥിര നടപടികൾ പൂർത്തീകരിക്കാൻ സമയ പരിധി അനുവദിച്ചു. പ്രസ്തുത സമയ പരിധി പൂർത്തീകരിച്ച ഉടൻ ജില്ലാ തല മോണിറ്ററിങ് ടീം വീണ്ടും കന്നുകാലി വാസ കേന്ദ്രങ്ങൾ സന്ദർശിക്കുകയും മാനദണ്ഡങ്ങളുടെ പാലനം വിലയിരുത്തുകയും അവയുടെ ഫല പ്രാപ്തി ഉറപ്പു വരുത്തുകയും ചെയ്തു. ഇങ്ങനെ നിരന്തരമായ മോണിറ്ററിങ് അവലോകന യോഗങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ജില്ലയിലെ ക്ഷീര മേഖല ഹരിത പദവി നേടുകയും സുസ്ഥിരത കൈ വരിക്കുകയും ചെയ്തു. മാലിന്യ മുക്തം നവ കേരളം എന്ന ക്യാമ്പയിനിൽ സംസ്ഥാനത്തെ വ്യത്യസ്ത ഇടപെടൽ ആയിരുന്നു കണ്ണൂർ ജില്ലയിലെ ക്ഷീര ഭവനം സുന്ദര ഭവനം എന്ന പരിപാടി.

### ച്യയിങ്ഗം സ്യയിപ്പാണ്: ഒരു മാതൃകാ പരിസ്ഥിതി ക്യാമ്പയിൻ

മൈക്രോ പ്ലാസ്റ്റിക് മലിനീകരണത്തിനെതിരെ കണ്ണൂർ ജില്ലയിൽ നടന്ന ശ്രദ്ധേയമായ ഒരു ബോധവൽക്കരണ പരിപാടിയാണ് 'ചുയിങ്ഗം സുയിപ്പാണ്'. കണ്ണൂർ ബ്ലോക്ക് പഞ്ചായത്തും ഹരിതകേരളം മിഷനും സംയുക്തമായാണ് ഈ ക്യാമ്പയിന് രൂപം നൽകിയത്. വിദ്യാർത്ഥികളിൽ മൈക്രോ പ്ലാസ്റ്റിക് മലിനീകരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, പരിസ്ഥിതിക്കും ആരോഗ്യത്തിനും ഹാനികരമായ ചുയിങ്ഗത്തിന്റെ ഉപയോഗം കുറയ്ക്കുക, മാലിന്യമുക്തമായ ഒരു വിദ്യാലയ അന്തരീക്ഷം കെട്ടിപ്പടുക്കുക ഇതൊക്കെ ആയിരുന്നു ഈ ക്യാമ്പയിന്റെ പ്രധാന ലക്ഷ്യങ്ങൾ.

കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിലെ നാല് ഗ്രാമപഞ്ചായത്തുകളിലെ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലാണ് ക്യാമ്പയിന്റെ രണ്ടാം ഘട്ടം സംഘടിപ്പിച്ചത്. പരിസ്ഥിതി ശാസ്ത്രജ്ഞരുടെ നേതൃത്വത്തിൽ ചുയിങ്ഗം എങ്ങനെ പരിസ്ഥിതിയെ നശിപ്പിക്കുന്നു എന്നതിനെക്കുറിച്ച് ക്ലാസുകൾ നൽകി. എൻ.എസ്.എസ്



(NSS) വളണ്ടിയർമാരുടെ നേതൃത്വത്തിൽ കലാരൂപങ്ങളിലൂടെ വിഷയം അവതരിപ്പിച്ചു.

ബോധവൽക്കരണ പരിപാടികൾക്ക് ശേഷം കുട്ടികൾ സ്വമേധയാ തങ്ങളുടെ പക്കലുള്ള ചുയിങ്ഗം അധ്യാപകർക്ക് കൈമാറുകയും അത് ഉപയോഗിക്കില്ല എന്ന് ഉറപ്പുവെടുക്കുകയും ചെയ്തു. വളപട്ടണം ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥിനികൾ ഇതിന് തുടക്കം കുറിച്ചത് വലിയ വാർത്താപ്രാധാന്യം നേടി.

### ഗ്രീൻ ഹവർ 2025-26

കണ്ണൂർ താവക്കര ഗവൺമെന്റ് യുപി സ്കൂളിലായിരുന്നു ഈ വേറിട്ട പരീക്ഷണത്തിന് തുടക്കമിട്ടത്. ഹരിത കേരളം മിഷന്റെ 'ജലമാണ് ജീവൻ' കാമ്പയിന്റെ രണ്ടാം ഘട്ടമെന്ന നിലയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. കേവലം ബോധവൽക്കരണ ക്ലാസുകളിൽ ഒതുങ്ങാതെ, കുട്ടികളെ



നേരിട്ട് ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക എന്നതായിരുന്നു ഇതിന്റെ പ്രത്യേകത.

ഈ പരിപാടിയുടെ ഏറ്റവും ആകർഷകമായ ഘടകം "മാലിന്യത്തിൽ നിന്നും സർഗാത്മകതയിലേക്ക്" എന്ന ശില്പശാലയായിരുന്നു. പാഠപുസ്തക രചന കമ്മിറ്റി അംഗവും സംസ്ഥാന അധ്യാപക അവാർഡ് ജേതാവുമായ ശ്രീ പ്രമോദ് അടുത്തില കുട്ടികൾക്ക് പ്ലാസ്റ്റിക് കുപ്പികളിൽ നിന്ന് മനോഹരമായ പാവകളെ നിർമ്മിക്കാൻ പരിശീലനം നൽകി.

ഉപയോഗശൂന്യമെന്ന് കരുതി വലിച്ചെറിയുന്ന പ്ലാസ്റ്റിക് വസ്തുക്കൾ എങ്ങനെ കലാരൂപങ്ങളായി മാറ്റാം എന്ന് കുട്ടികൾ ഇതിലൂടെ പഠിച്ചു. പരിശീലനത്തിന് ആവശ്യമായ കുപ്പികൾ കുട്ടികൾ തന്നെ സ്കൂൾ പരിസരം ശുചീകരിച്ച് ശേഖരിച്ചു എന്നത് ഈ പ്രവർത്തനത്തിന്റെ ആത്മാർത്ഥത വെളിപ്പെടുത്തുന്നു.



ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ശ്രീ ഇ.കെ. സോമശേഖരൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ശുചിത്വമിഷൻ പ്രതിനിധികളും അധ്യാപകരും വിദ്യാർത്ഥികളും കൈകോർത്തു. കണ്ണൂർ കോർപ്പറേഷനിലെ ഹരിതകർമ്മസേന പ്രവർത്തകരായ റീനയും സുജിനയും ചേർന്ന് ശുചീകരണ പ്രവർത്തനങ്ങൾ ഫ്ലാഗ് ഓഫ് ചെയ്തത് സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരുടെ പങ്കാളിത്തം ഉറപ്പാക്കി.

പാപ്പിനിശ്ശേരി ആരോൺ യുപി സ്കൂളിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച പരിസ്ഥിതി

ബോധവൽക്കരണ സ്കിറ്റും പരിപാടിക്ക് മിഴിവേകി. ഓരോ ആഴ്ചയിലും ഒരു നിശ്ചിത സമയം (ഗ്രീൻ ഹവർ) ശുചിത്വത്തിനായി മാറ്റിവെക്കുന്നത് കുട്ടികളിൽ ഉത്തരവാദിത്തബോധം വളർത്താൻ സഹായിക്കുന്നു.

## ജൈവ ഗ്രാമം പദ്ധതി 2026

ജൈവമാലിന്യ സംസ്കരണത്തിന് സർക്കാർ കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് ജൈവ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ജില്ലയിൽ ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി ജില്ലാതലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനളിലും ശില്പശാലകൾ സംഘടിപ്പിച്ചു കൊണ്ട് പദ്ധതികൾ വിശദീകരണം നടത്തി. തുടർന്ന് വീടുകളിലും സ്ഥാപനങ്ങളിലും വിവര ശേഖരണം ഹരിതകർമ്മസേന മുഖേന നടത്തി ജൈവഗ്രാമം എന്ന പേരിൽ ജൈവ മാലിന്യ ശേഖരണവും സംസകരണവും നടപ്പിലാക്കിക്കൊണ്ട് മാതൃകാ പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നത്. കണ്ണൂർ ജില്ലയിൽ ഈ മാതൃകാ പ്രവർത്തനം നടത്തുന്നതിന് ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ടത് കീഴല്ലൂർ , പെരളശ്ശേരി, കല്യാശ്ശേരി, പട്ടുവം എന്നീ പഞ്ചായത്തുകളും കൂത്തുപറമ്പ് നഗരസഭയുമാണ്. തദ്ദേശ സ്വയംഭരണ വകുപ്പ്, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ തുടങ്ങി വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് പ്രവർത്തനം നടത്തുന്നത്. നിലവിൽ വീടുകളിലെയും സ്ഥാപനങ്ങളുടെയും ജൈവ മാലിന്യ സംസ്കരണ ഉപാധികളുടെ ഉപയോഗം, പരിപാലനം തുടങ്ങിയവ മനസ്സിലാക്കുകയും ഉപാധികൾ ഇല്ലാത്ത ഇടങ്ങളിൽ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന വിധത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുകൊണ്ട് ലക്ഷ്യം കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## ഹരിത പോലീസ് കാഡറ്റ്

നവകേരളം കർമ്മ പദ്ധതി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പായം പഞ്ചായത്തിലെ പത്ത് സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെട്ട അൻപത് വിദ്യാർത്ഥികളെ ചേർത്ത് ഹരിത പോലീസ് കാഡറ്റുകൾ രൂപീകരിച്ചു. തെരഞ്ഞെടുക്കപ്പെട്ട വിദ്യാത്ഥികൾക്കു യൂണിഫോം , ഐഡിന്റിറ്റി കാർഡ് എന്നിവ നൽകി. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്യത്തിൽ പായം





# പായത്തിനി പച്ചപ്പിനായി 'ഹരിത പൊലീസ് കെഡറ്റ്'

▶▶ ആദ്യ ഘട്ടത്തിൽ 50 വിദ്യാർഥികളെ തിരഞ്ഞെടുത്തു പരിശീലനം തുടങ്ങി

**ലക്ഷ്യം**

"സമ്പൂർണ ശുചിത്വ പഞ്ചായത്തായി നേരത്തെ പായത്തെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഈ രംഗത്ത് കൂടുതൽ കരുതൽ പകരുകയാണു ഹരിത പൊലീസ് കെഡറ്റ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഭാവിതലമുറയിലേയ്ക്കു അവബോധം സൃഷ്ടിക്കാൻ ഏറ്റവും നല്ല മാർഗം എന്ന നിലയിൽ കൂടിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

പി.രജനി, പ്രസിഡന്റ്, പായം പഞ്ചായത്ത്

പഞ്ചായത്ത് നടപ്പിലാക്കുന്ന ഈ പദ്ധതി സംസ്ഥാനത്തിനു തന്നെ മാതൃകയാണ് . പഞ്ചായത്ത് ലെ 10 വിദ്യാലയങ്ങളിലെ നാലാം ക്ലാസ് മുതൽ ഒൻപതാം ക്ലാസ്സുവരെയുള്ള വിദ്യാർഥികളാണ് ഈ പദ്ധതിയിൽ അംഗങ്ങളാകുന്നത്. ഓരോ വിദ്യാലയത്തിലേയും തെരഞ്ഞെടുക്കപ്പെട്ട 5 വീതം വിദ്യാർത്ഥികളിയാണ് GPC യിൽ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയത് തുടർന്നുള്ള വർഷങ്ങളിൽ ഈ പദ്ധതിയിൽ പുതിയ കുട്ടികളെ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

മണ്ണിനെയും ജലത്തെയും പ്രകൃതിയെയും സംരക്ഷിക്കുന്നതിനും കുട്ടികളിൽ സാമൂഹ്യ ബോധവും പ്രതിബദ്ധതയും വളർത്തുന്നതിനും വിദ്യാലയങ്ങളിലും വീടുകളിലും പൂന്തോട്ടങ്ങളും പച്ചത്തുരുത്തുകളും സ്ഥാപിക്കുന്നതിനും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ പഠിക്കുന്നതിനും മറ്റുള്ളവർക്ക് പകരുന്നതിനും നേതൃത്വപരമായ പങ്ക് വഹിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്.

ഇതിന്റെ തുടർ പ്രവർത്തനത്തിന്റെ ഭാഗമായി ഒരു ക്യാമ്പ് സംഘടിപ്പിച്ചു കുട്ടികളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും കുട്ടികളെ ബോധ്യപ്പെടുത്തുന്നതിന് ചെടികൾ വച്ചു പിടിപ്പിക്കുന്നതിനും ഹരിത പെരുമാറ്റ ചട്ടങ്ങൾ പാലിക്കുന്നതിനും മാലിന്യ സംസ്കരണങ്ങളിൽ പരിശീലനം നൽകുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു

### ശുചിത്വപാഠം - ടോക്ക് ഷോ

കുട്ടികളിൽ ശുചിത്വ ശീലം ചെറുപ്പത്തിൽ തന്നെ ഊട്ടിയുറപ്പിക്കുക എന്ന ഉദ്ദേശത്തോടെ ജില്ലാ ഹരിതകേരളം മിഷനും പെരളശ്ശേരി ഗ്രാമപഞ്ചായത്തും സംയുക്തമായി സംഘടിപ്പിച്ച പരിപാടിയാണ് ശുചിത്വ പാഠം ടോക് ഷോ . പെരളശ്ശേരി ഗ്രാമപഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും ഒരേ ദിവസം എല്ലാ ക്ലാസ് മുറികളിലും മുൻകൂട്ടി പരിശീലനം ലഭിച്ച ആർ പി മാരുടെ നേതൃത്വത്തിൽ ഹരിതനിയമങ്ങൾ സംബന്ധിച്ച വിഷയം അവതരിപ്പിച്ചു കൊണ്ടാണ് ടോക് ഷോ സംഘടിപ്പിച്ചത്. ഗ്രാമപഞ്ചായത്തിലെ 28 വിദ്യാലയങ്ങളിലുള്ള 183 ക്ലാസ് മുറികളിലായി അയ്യായിരത്തിലേറെ



പെരളശേരി പറഞ്ഞുതരുന്നു

# വൃത്തിയുടെ പാഠങ്ങൾ

സ്വന്തം ലേഖകൻ

[illegible]

നല്ല ശീലങ്ങൾ ചെറുപ്പത്തിൽത്തന്നെ പിന്തുടരാം എന്ന് പഠിപ്പിച്ച് പെരളശേരി പഞ്ചായത്തിൽ ശുചിത്വപാഠം ടോക്ഷോ. സമ്പൂർണ ശുചിത്വ പഞ്ചായത്താക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായി സ്കൂളുകളിൽ സംഘടിപ്പിച്ച ടോക്ക് ഷോ പൂർത്തിയായി. ഹരിത വിദ്യാലയങ്ങളാക്കിയും ക്ലാസ് മുറികൾ ഹരിത മുറികളാക്കുന്നതിനുമാണ് ടോക് ഷോ സംഘടിപ്പിച്ചത്. വീടുകൾ ഹരിത വീടുകളാക്കുന്നതിനുള്ള തുടർപരിശീലനങ്ങളും ശുചിത്വ ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിക്കും.

പെരളശേരി എ കെ ജി സ്മാരക ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ ഹൈസ്കൂൾ, യുപി വിഭാഗത്തിലെ മുഴുവൻ ക്ലാസുകളിലുമായിരുന്നു രണ്ടാംഘട്ട ടോക്ക് ഷോ. ശുചിത്വ ശീലങ്ങൾ വളർത്താനും അവ വീടുകളിലും ക്ലാസ് മുറികളിലും സമൂഹത്തിലും എത്തിക്കാനുമുള്ള ക്ലാസുകളാണ് സംഘടിപ്പിച്ചത്. സംസ്ഥാനത്ത് ആദ്യമായി കുട്ടികളുടെ ഹരിത പൊലീസും പഞ്ചായത്തിലാണ് ആരംഭിച്ചത്. ജില്ലാ പൊതു വിദ്യാഭ്യാസ യജ്ഞം കോ ഓഡിനേറ്റർ പി വി പ്രദീപ് കുമാർ ടോക്ക് ഷോ ഉദ്ഘാടനംചെയ്തു. എൻ ബീന അധ്യക്ഷയായി. ചെറുമാവിലായി യുപി സ്കൂളിൽ മൂന്നാംഘട്ടം ടോക്ക് ഷോ സംഘടിപ്പിച്ച് പഞ്ചായത്തിലെ എല്ലാ ക്ലാസുകളിലും എല്ലാ വിദ്യാർഥികളിലേക്കും ശുചിത്വ ക്ലാസ് എന്ന ലക്ഷ്യം പൂർത്തിയാക്കി. പഞ്ചായത്ത് വൈസ് പ്രസിഡന്റ് വി പ്രശാന്ത് ഉദ്ഘാടനംചെയ്തു. എൻ ബി നിഷ അധ്യക്ഷയായി.

വിദ്യാർഥികളും 200 ഓളം ആർ പി മാരും സന്നദ്ധപ്രവർത്തകരും പരിപാടിയിൽ പങ്കാളികളായി. പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, പഞ്ചായത്ത് ആസൂത്രണ സമിതി അംഗങ്ങൾ, സമഗ്ര ശിക്ഷാ കേരളം പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, ഗ്രന്ഥശാലാ പ്രവർത്തകർ, ഹരിതകേരള മിഷൻ ആർ പി മാർ , ആരോഗ്യ വിഭാഗം ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവരെ ആർ പി മാരായി അണിനിരത്തി കൊണ്ടാണ് പരിപാടി സംഘടിപ്പിച്ചത്. വിദ്യാർത്ഥികളുടെ വീടുകൾഹരിത ഭവനങ്ങൾ ആക്കി മാറ്റുക,വിദ്യാലയങ്ങൾ ഹരിത വിദ്യാലയങ്ങൾ ആക്കി തീർക്കുക, ക്ലാസ് മുറികൾ ഹരിത ക്ലാസ്സ്മുറികൾ ആക്കി മാറ്റുക എന്നീ ലക്ഷ്യങ്ങളോടു കൂടിയുള്ള പരിശീലനമാണ് ഈ പരിപാടിയിലൂടെ വിദ്യാർഥികൾക്ക് നൽകിയത്. സംസ്ഥാനത്തു തന്നെ വിദ്യാർത്ഥികൾക്കിടയിൽ ഇത്തരം ഒരു ക്യാമ്പയിൻ ആദ്യമായാണ് സംഘടിപ്പിക്കപ്പെട്ടത്. ഈ പരിപാടി വൻ വിജയമായതിനെ തുടർന്ന് പഞ്ചായത്തിനകത്ത് ഹരിത സ്റ്റുഡന്റ് പോലീസിംഗ്, കുട്ടികളുടെ ശുചിത്വ പ്രക്ഷേപണ പരിപാടിയായ ഗ്രീൻ റേഡിയോ എന്നീ പ്രവർത്തനങ്ങൾളും സംഘടിപ്പിക്കുകയുണ്ടായി. അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ പ്രതിരോധം തീർക്കുന്നതിനായി "ജലമാണ് ജീവൻ" എന്ന പേരിൽ ഹരിതകേരളം മിഷൻ സംഘടിപ്പിച്ച ജലജന്യ രോഗങ്ങൾ സംബന്ധിച്ച ബോധവൽക്കരണ പരിപാടിയും പെരളശ്ശേരി ഗ്രാമപഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും സംഘടിപ്പിച്ചതും ടോക് ഷോ പരിപാടിയിലൂടെ ആയിരുന്നു.

## കൃഷി പരിസ്ഥിതി പുനസ്ഥാപനം

### ഒരു തൈ നടാം : കുടുംബശ്രീ യൂണിറ്റുകളിൽ

പരിസ്ഥിതി പുനസ്ഥാപന ലക്ഷ്യവുമായി സർക്കാർ നിർദ്ദേശപ്രകാരം ഒരു തൈ നടാം വൃക്ഷവൽക്കരണ ജനകീയ ക്യാമ്പയിൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 3 മുതൽ സപ്തംബർ 30 വരെയുള്ള കാലയളവിലാണ് സംഘടിപ്പിച്ചത്. ഈ ക്യാമ്പിന്റെ ഭാഗമായി ലോക സൗഹൃദ ദിനത്തിൽ തദ്ദേശസ്വയംഭരന സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തുന്ന "ചങ്ങാതിക്കൊരു

തൈ" ക്യാമ്പയിനിൽ കുടുംബശ്രീ പ്രവർത്തകർ തങ്ങളുടെ സുഹൃത്തുക്കൾക്ക് വൃക്ഷ തൈകൾ കൈമാറിക്കൊണ്ട് സൗഹൃദം പങ്കുവെച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീ സി.ഡി എസ് എ .ഡിഎസ് എന്നിവയുടെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെയാണ് ക്യാമ്പയിൻ നടത്തിയത്. കൂടാളി പഞ്ചായത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ കെ.കെ രത്നകുമാരിയാണ് ഉദ്ഘടനം നിർവ്വഹിച്ചത്. മറ്റു തദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ അധ്യക്ഷൻമാർ ഉദ്ഘാടനം നടത്തി.

## ചങ്ങാതിക്കൊരു തൈ

ലോക സൗഹൃദ ദിനമായ ആഗസ്റ്റ് 3 ന് സുഹൃത്തുക്കൾ തമ്മിൽ വൃക്ഷത്തൈകളുടെ കൈമാറൽ പരിപാടിയുമായി ഹരിതകേരളം മിഷൻ. സൗഹൃദം മഹാവൃക്ഷമായി വളരട്ടെ എന്ന ആശയവുമായി ഒരു തൈ നടാം ജനകീയ വൃക്ഷവത്ക്കരണ ക്യാമ്പയിന്റെ ഭാഗമായി പരിപാടി സംഘടിപ്പിച്ചു.

സൗഹൃദ ദിനത്തിലും അനുബന്ധ ദിവസങ്ങളിലും നടത്തിയ പരിപാടിയിൽ ജില്ലയിലെ സ്കൂളുകൾ, കലാലയങ്ങൾ, ഓഫീസുകൾ, സ്ഥാപനങ്ങൾ, വായനശാലകൾ ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, തുടങ്ങിയവ സുഹൃത്തുക്കൾക്ക് നട്ടുവളർത്താൻ വൃക്ഷത്തൈകൾ പരസ്പരം കൈമാറിയാണ് പരിപാടി സംഘടിപ്പിച്ചത്. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ജില്ലയിൽ സൃഷ്ടിച്ച പച്ചത്തുരുത്തുകളിലും തൈകൾ നട്ടു.

പുതിയ നിരവധി പച്ചത്തുരുത്തുകൾക്കും അന്ന് തുടക്കം കുറിച്ചു. പരിസ്ഥിതി പുനഃസ്ഥാപനം, നെറ്റ് സീറോ കാർബൺ കേരളം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പരിപാടി സംഘടിപ്പിച്ചത്. കുട്ടികളിൽ പരിസ്ഥിതി സ്നേഹം വളർത്തുന്നതിനും ചങ്ങാതിക്കൊരു തൈ പരിപാടിയിലൂടെയുള്ള വൃക്ഷത്തൈ കൈമാറ്റം ലക്ഷ്യമിട്ടു . ചങ്ങാതിയുടെ പേരിൽ മണ്ണിലൊരു തൈ നട്ട് പരിപാലിക്കുന്നതിലൂടെ മണ്ണും മനുഷ്യനും തമ്മിലുള്ള ജൈവബന്ധവും സുഹൃത്തുക്കൾ തമ്മിലുള്ള ആത്മബന്ധവും മഹാവൃക്ഷം പോലെ വളരട്ടെയെന്ന സന്ദേശംകൂടി കുട്ടികളിലെത്തും. 2025 സെപ്റ്റംബർ 30 നകം ഒരുകോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള സർക്കാരിന്റെ പദ്ധതി വിജയിപ്പിക്കുന്നതിന് ജില്ലയ്ക്ക്


ഉയരും ചങ്ങാതിത്തൈകൾ

നൽകിയ ക്വാട്ടയിലധികം തൈകൾ കൈമാറികൊണ്ട് സംസ്ഥാനത്ത് തന്നെ ഏറ്റവും കൂടുതൽ തൈകൾ കൈമറിയ ജില്ല എന്ന ബഹുമതിക്ക് അർഹത നേടി.

ഒരു തൈ നടാം ക്യാമ്പയിൻ വിജയിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുംബശ്രീ അംഗങ്ങൾ, അയൽക്കൂട്ടങ്ങൾ, മഹാത്മാഗാന്ധി ദേശീയ-ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഫോറസ്ട്രി വിഭാഗം തുടങ്ങിയവർ നൽകിയ സഹകരണമാണ് ഇന്ന ഈ നേട്ടം കൈവരിക്കാൻ സഹായിച്ചത്

## ഹരിത സമൃദ്ധി വാർഡ്,തരിശുരഹിത ഗ്രാമം

ഗാർഹിക തലത്തിൽ ഉറവിട ജൈവ മാലിന്യ സംസ്കരണ ഉപാധികൾ വഴി ഉൽപാദിപ്പിച്ച


ഹരിതസമൃദ്ധിയിലേക്ക് കണ്ണപുരം

ജൈവമാലിന്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വീടുകളിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കുകയും അതു വഴി വിഷരഹിത പച്ചക്കറികൾ വീടുകളിൽ തന്നെ ഉല്പാദിപ്പിക്കുകയും ചെയ്യുന്നതിൽ ജില്ലയിൽ വളരെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.

ജില്ലയിലെ 15 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 989 ഏക്കറോളം തരിശുഭൂമി കൃഷി യോഗ്യമാക്കി. ഇതിലും ഗാർഹിക തലത്തിൽ ഉൽപാദിപ്പിച്ച ജൈവ മാലിന്യ സംസ്കരണത്തിൽ നിന്നും ലഭിച്ച ജൈവവളം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

തെങ്ങിന് തടം മണ്ണിന് ജലം (2024-2025)- ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ ഈ ഒരു ക്യാമ്പയിൻ നടത്തിയത് തൊഴിലുറപ്പ് പദ്ധതിയിയുടെ സഹകരണത്തോടെയാണ്. ജില്ലയിൽ പന്ത്രണ്ടായിരം തെങ്ങുകൾക്ക് തടം എടുത്തിട്ടുണ്ടെങ്കിലും പൂർണ്ണമായും വിജയകരമായിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ തുലാ വർഷ കാലത്ത് ജലം മണ്ണിലേക്കിറങ്ങാൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച ഈ പദ്ധതിയിൽ പഞ്ചായത്തിലെ 358 തെങ്ങുകൾക്ക് തടം തയ്യാറാക്കുകയുണ്ടായി .

## നെറ്റ്സീറോ കാർബൺ പ്രവർത്തനങ്ങൾ

ജില്ലയിലെ 23 തദ്ദേശ ഭരണ സ്ഥാപനങ്ങളാണ് നെറ്റ് സീറോ പദവിക്കായുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നല്കുന്നത് അവയിൽ നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ഇവയാണ്

a) നെറ്റ് സീറോ കാർബൺ പദ്ധതിയുമായി ബന്ധപ്പെട്ട് ഓരോ വാർഡിലും മൂന്ന് പേർ അടങ്ങുന്ന റിസോഴ്സ് ടീം സജ്ജമാക്കി ആവശ്യമായ പരിശീലനം നൽകി.

അവയുടെ നേതൃത്വത്തിൽവീട്ടുമുറ്റ സദസ്സുകൾ സംഘടിപ്പിച്ചു.

b) പ്രാദേശിക ജനകീയ കൂട്ടായ്മകൾ രൂപീകരിച്ച് വിവാഹം, ഉത്സവങ്ങൾ, മറ്റു ചടങ്ങുകൾ എന്നിവയിൽ ഹരിത പെരുമാറ്റചട്ടം പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തി.

c) അജൈവ മാലിന്യംതരം തിരിച്ചു ഹരിതകർമസേനയ്ക്ക് കൈമാറുന്നു എന്ന് ഉറപ്പുവരുത്താനും പ്രാദേശിക ജനകീയ കൂട്ടായ്മകൾ മുഖാന്തിരം ശ്രമം നടത്തി.

d) ഹരിതകർമ്മസേന മുഖാന്തിരം ഫിലമെന്റ് ബൾബുകൾ ഉപയോഗിക്കുന്ന വീടുകൾ

/ സ്ഥാപനങ്ങൾ കണ്ടെത്തി LED ബൾബുകളിലേക്കുള്ള മാറ്റം ഉറപ്പുവരുത്തി. 16 ഗ്രാമ പഞ്ചായത്തുകളിൽ ഫിലമെന്റ് രഹിത പഞ്ചായത്ത് പ്രഖ്യാപനം നടത്തി.

e) LED ബൾബ് റിപ്പയറിങ്ങിന് 10 ഗ്രാമ പഞ്ചായത്തുകളിൽ ഹരിത കർമ്മസേന അംഗങ്ങളിൽ നിന്നുള്ള ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു

f) ചപ്പാരപ്പടവ്, പായം, കണ്ണപുരം, പെരളശ്ശേരി, പിണറായി വേങ്ങാട്, ചെറുതാഴം. മുഴക്കുന്ന്, അഞ്ചരക്കണ്ടി എന്നീ പഞ്ചായത്തുകളിൽ ഊർജ്ജ ഓഡിറ്റ് നടത്തി. പഞ്ചായത്ത് ഓഫീസിലും ഘടക സ്ഥാപനങ്ങളിലും ഊർജ്ജ ഉപയോഗം കാര്യക്ഷമമാക്കാൻ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപിച്ചു.

g) ബഹുജന പങ്കാളിത്തത്തോടെ പൊതു ഇടങ്ങളും പൊതു ജലാശയങ്ങളും ശുചീകരിച്ചു.

h) 23 ൽ 14 പഞ്ചായത്തുകളിൽ കുടുംബശ്രീയുടെ സഹായത്തോടെ ഹരിത ഭവനം പദ്ധതി നടപ്പിലാക്കി.

i) 23 നെറ്റ് സീറൊ കാർബൺ ഗ്രാമ പഞ്ചായത്തുകളിലും പച്ചത്തുരുത്തുകൾ തയ്യാറാക്കി.

j) വീടുകളിൽ പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കാൻ അനർട്ടിന്റെ സഹായത്തോടെ 23 തദ്ദേശ ഭരണ സ്ഥാപനങ്ങളിലും സൗരോർജ്ജ പ്രദർശന പരിപാടി സംഘടിപ്പിച്ചു.

k) 23 തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ എല്ലാ അങ്കണവാടികളും ഫിലമെന്റ് രഹിത അങ്കണവാടികളായി മാറി

l) 23 പഞ്ചായത്തുകളിൽ 18 എണ്ണത്തിലെ വീടുകളിൽ കിണർ റീചാർജ്ജിങ് നടപ്പിലാക്കി.

m) കണ്ണപുരം മൊകേരി എന്നീ പഞ്ചായത്തുകളിൽ സോളാർ പദ്ധതിയുമായി ബന്ധപ്പെട്ട ശില്പശാല സംഘടിപ്പിച്ചു.

o) ണ്ണപുരം ഗ്രാമ പഞ്ചായത്തിൽ ഊർജ ഉപകരണങ്ങളുടെ ബദൽ ഉൽപ്പന്നങ്ങളുടെ പ്രദർശന വിപണ മേള സംഘടിപ്പിച്ചു.

p)കണ്ണപുരം മൊകേരി എന്നീ പഞ്ചായത്തുകളിൽ അധിനിവേശ സസ്യങ്ങളുമായി ബന്ധപ്പെട്ട സെമിനാറും ഉപ്പ് വെള്ളം കയറുന്നതിനെതിരെ ഉള്ള ശില്പശാലയും സംഘടിപ്പിച്ചു.

q) ജില്ലയിലെ നെറ്റ് സീറൊ കാർബൺ പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന വിവിധ സ്ഥാപനങ്ങളിലെ കാർബൺ ഉദ്ഗമനം കണക്കാക്കാനും നെറ്റ് സീറൊ കാർബൺ എന്ന ലക്ഷ്യത്തിലേക്ക് എത്തിക്കാനും ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 23 തദ്ദേശ ഭരണ സ്ഥാപനങ്ങളിലാണ് ഈ പ്രവർത്തനം ജില്ലയിൽ നടക്കുന്നത്. 23 തദ്ദേശ ഭരണ സ്ഥാപന പരിധിയിലുമായി ഏകദേശം 610 സർക്കാർ, അർധസർക്കാർ, സഹകരണ സ്ഥാപനങ്ങൾ ഉണ്ട്. അവയുടെ കാർബൺ ഉദ്വമം അളവ് കണക്കാക്കുവാൻ വലിയ തോതിൽ മനുഷ്യ വിഭവ ശേഷി ആവശ്യമാണ്. നിലവിൽ ഹരിതകേരളം മിഷനിൽ അത്തരം മനുഷ്യ വിഭവ ശേഷി ഇല്ലാത്തതിനാൽ അവ കണ്ടെത്താൻ തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിലെ എൻ.എസ്. എസ് യൂണിറ്റുകളുടെ സഹായം തേടാൻ തീരുമാനിക്കുകയും സംസ്ഥാന ഹരിതകേരളം മിഷന്റെ സഹായത്തോടെ പരിശീലന പരിപാടി സംഘടിപ്പിക്കാൻ ധാരണ ആവുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 2025 നവംബർ 22-ന് കണ്ണൂർ ജില്ലാ ആസൂത്രണ സമിതി ഹാളിൽ വെച്ച് കോളേജ് വിദ്യാർത്ഥികൾക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു.

### നെറ്റ് സീറോ കാർബൺ എമിഷൻ: കണക്കെടുപ്പിന് കോളേജ് വിദ്യാർത്ഥികളും (2025)

ജില്ലയിലെ നെറ്റ് സീറൊ കാർബൺ പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന വിവിധ സ്ഥാപനങ്ങളിലെ കാർബൺ ഉദ്വമനം കണക്കാക്കാനും നെറ്റ് സീറോ കാർബൺ എന്ന ലക്ഷ്യത്തിലേക്ക് എത്തിക്കാനും




ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വവുമായ് ജില്ലയിലെ എട്ട് കോളജിലെ 89 വിദ്യാർത്ഥികൾ രംഗത്ത്. ജില്ലയിലെ 23 തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ വിവിധ സ്ഥാപനങ്ങളുടെ കാർബൺ പുറന്തള്ളലിന്റെയും സംഭരണത്തിന്റെയും കണക്കെടുപ്പിന് സന്നദ്ധ വളണ്ടിയർമാരായാണ് കോളേജ് വിദ്യാർത്ഥികൾ രംഗത്തിറങ്ങിയത്. 23 തദ്ദേശ ഭരണ സ്ഥാപന പരിധിയിലുമായി ഏകദേശം 610 സർക്കാർ, അർധസർക്കാർ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ കാർബൺ ഉദ്വമന അളവാണ് കണക്കാക്കേണ്ടത്. വലിയ തോതിൽ മനുഷ്യ വിഭവ ശേഷി ആവശ്യമായ പ്രവർത്തനമാണ് ഉദ്ഗമന അളവ് കണ്ടെത്തൽ. ഇതിനായി ജില്ലയിലെ കോളേജുകളിലെ എൻ.എസ്. എസ് യൂണിറ്റുകളുടെ സഹായത്തോടെയാണ് വളണ്ടിയർമാരെ കണ്ടെത്തിയത്. ഇത്തരത്തിൽ കണ്ടെത്തിയ വളണ്ടിയർമാർക്ക് 2025 നവംബർ 22-ന് കണ്ണൂർ ജില്ലാ ആസൂത്രണ സമിതി ഹാളിൽ വെച്ച് പരിശീലനം നല്കി. WIRAS കോളേജ് വിളക്കോട്, പയ്യന്നൂർ കോളേജ്, മട്ടന്നൂർ കോൺകോർഡ് ആർട്സ് ആൻഡ് സയൻസ് കോളേജ്, ഡീ പോൾസ് കോളേജ് പേരാവൂർ, സെന്റ് ജോസഫ് കോളേജ് പിലാത്തറ, ഇ.എം.എസ്



കോളേജ് ഓഫ് അപ്ലൈഡ് സയൻസ് ഇരിട്ടി, തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജ്, നെഹാർ (NAHER) കോളേജ് കാഞ്ഞിരോട് എന്നീ കോളേജുകളിലെ വിദ്യാർത്ഥികൾക്കാണ് പരിശീലനം നല്കിയത്. ജില്ലാ, സംസ്ഥാന മിഷൻ ടീം അംഗങ്ങളാണ് പരിശീലന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയത്.

## പച്ചപ്പിന്റെ പാഠങ്ങൾ : പരിസ്ഥിതി ക്യാമ്പ്

ഹരിതകേരളം മിഷനും ശ്രീകണ്ഠാപുരം നഗരസഭയും സംയുക്തമായിട്ടാണ് നാട്ടുസസ്യങ്ങളെയും വള്ളിച്ചെടികളെയും തിരിച്ചറിയാനും സംരക്ഷിക്കാനുമായി കോട്ടൂർ ജൈവവൈവിധ്യ പാർക്കിൽ പച്ചപ്പിന്റെ പാഠങ്ങൾ എന്ന് പരിസ്ഥിതി ശില്പശാല സംഘടിപ്പിച്ചത്. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ജനപ്രതിനിധികൾ,അധ്യാപകർ, സ്കൂൾ കോളജ് വിദ്യാർത്ഥികൾ, പരിസ്ഥിതി പ്രവർത്തകർ, ഹരിതകേരളം മിഷൻ പ്രവർത്തകർ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവരാണ് ശില്പ ശാലയിൽ പങ്കാളികളായത്. പരിസ്ഥിതി വിദഗ്ധനും ഹരിതകേരളം മിഷൻ പച്ചത്തുരുത്ത് സംസ്ഥാന ഫാക്കൽട്ടി ടീം അംഗവുമായ ശ്രീ.വി.സി ബാലകൃഷ്ണൻ പരിശീലന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി.

ജില്ലയിൽ പുതുതായി നട്ടുവളർത്താൻ ലക്ഷ്യമിട്ട പച്ചത്തുരുത്തിലേക്കാവശ്യമായ വൃക്ഷതൈകൾ ഉല്പാദിപ്പിക്കുന്നതിനുള്ള നഴ്സറി തയ്യാറാക്കുന്നതിനുള്ള ശ്രമങ്ങളും പരിശീലനത്തിന്റെ ഭാഗമായി ജില്ലയിൽ ആരംഭിക്കുന്നതാണ്.

## നീലക്കുറിഞ്ഞി സഹവാസ ക്യാമ്പ്

മെയ് 22,23 തീയ്യതികളിൽ ആറളം വന്യജീവി സങ്കേതത്തിൽ വച്ച് നീലക്കുറഞ്ഞി സഹവാസ ക്യാമ്പ് സംഘടിപ്പിച്ചു. പ്രകൃതിയെ അറിയാനും പരിസ്ഥിതി സംരക്ഷണത്തിൽ കുട്ടികളിൽ അവബോധം



സൃഷ്ടിക്കുന്നതിനും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിയ സഹവാസ ക്യാമ്പ് കുട്ടികളിൽ അറിവും ആവേശവും ഉണ്ടാക്കുന്നതിന് കാരണമായി . കാടിനെ അറിയുന്നതിന് ചീങ്കണ്ണപുഴയോരത്തു സംഘടിപ്പിച്ച വനത്തിലൂടെയുള്ള നടത്തം കുട്ടികളിൽ ജൈവ വൈവിധ്യത്തിന്റെയും ആവാസ വ്യസ്ഥയുടെയും പ്രാധാന്യവും കാട്ടിലെ ജീവജാലങ്ങളുടെയും വിവിധ സസ്യങ്ങളുടെയും പ്രത്യേകതയും ജീവിതരീതിയും വൈവിധ്യവും അടുത്തറിയാൻ സഹായിച്ചു . ആറളം വന്യജീവി സങ്കേതത്തിലെ ഉദ്യോഗസ്ഥരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും സഹകരണം ഈ പരിപാടി വിജയിപ്പിക്കുന്നതിന് സഹായകരമായിട്ടുണ്ട് നീലക്കുറിഞ്ഞി പ്രശ്നോത്തരിയിൽ കണ്ണൂർ ജില്ലയിലെ വിവിധ ബ്ലോക്കുകളിലെ മത്സരങ്ങളിൽ പങ്കെടുത്ത കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്. ഈ കുട്ടികൾ തുടർന്നും പ്രകൃതിയുടെ കാവലാളായി മാറുന്ന തരത്തിലേക്ക് വളർത്തിയെടുക്കാനുള്ള ശ്രമമാണ് ഹരിതകേരളം മിഷൻ ചെയ്യാനുദ്ദേശിക്കുന്നതെന്നെ സന്ദേശം കുട്ടികൾ പൂർണ്ണമായും

നെഞ്ചിലെറ്റിയതായിട്ടാണ് അവരുടെ പ്രതികരണങ്ങളിൽ നിന്നും മനസിലായത് .

### പുഴയോരങ്ങളിൽ മുളപ്പാടങ്ങൾ

പുഴയോരങ്ങളിലെ കരയിടിച്ചിൽ തടയാനും കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് ക്രമീകരിക്കുന്നതിനുമായി നബാർഡിന്റെ ധന സഹായത്തോടെ 10 കിലോ മീറ്റർ പുഴയോരത്തായി യി 5000 മുളം തൈകൾ നട്ടു പിടിപ്പിച്ചു.

### പച്ചത്തുരുത്തുകളുടെ ശൃംഗല

ജല സംരക്ഷണ പ്രവർത്തനങ്ങളോടൊപ്പം ഭൂമിയിലെ പച്ചപ്പ് സംരക്ഷിക്കാൻ പച്ചത്തുരുത്തുകളും പൂന്തോട്ടങ്ങളും തയ്യാറാക്കുന്ന പ്രവർത്തനവും ഗ്രാമ പഞ്ചായത്തിൽ ഏറ്റെടുത്തു. 16 പച്ചത്തുരുത്തുകളും 14 പൂന്തോട്ടങ്ങളും പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചു.

### ഇക്കോ പാർക്ക്

പഴശ്ശി പദ്ധതിയുടെ കരയിലുണ്ടായിരുന്ന ഏക തരിശ് ഭൂമിയിൽ ജല സേചന, വനം വകുപ്പുകളുടെ സഹകരണത്തോടെ ഇക്കോ പാർക്ക് സ്ഥാപിച്ചു.

ഇങ്ങനെ വ്യത്യസ്തവും എന്നാൽ സുസ്ഥിരവുമായ പ്രവർത്തങ്ങളാണ് ഗ്രാമ പഞ്ചായത്തിനെ ഏറ്റവും ഉയർന്ന പുരസ്കാരം ലബ്ധിയിലേക്ക് എത്തിച്ചത്.

### നദീതട മുളവൽക്കരണ പ്രദർശന പദ്ധതി

നെറ്റ് സീറോ കാർബൺ കേരളം പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്ത് എന്ന നിലയിൽ പായം പഞ്ചായത്ത് നബാർഡിന്റെ സഹായത്തോടെ നദീ തീരത്ത് മുള വച്ച് പിടിപ്പിക്കുന്ന പദ്ധതിയുടെ ഭാഗമായി ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, സി.ഡി.എസ് അംഗങ്ങൾക്ക് നദീ തട മുളവൽക്കരണ പ്രദർശന പദ്ധതിയിൽ പരിശീലനം നൽകി. നദീ തീരത്ത് 10 കി.മീ ദൂരത്തിൽ 5000 മുളകളാണ് നടുന്നത്.

### ഹരിത വിത്തുപുര

കൃഷിയിലേക്കിറങ്ങാൻ താല്പര്യം കാണിച്ചവർ പോലും പിന്നോട്ടടിച്ച വിഷയമാണ് വിത്തിന്റെ ലഭ്യതക്കുറവ്. യഥാസമയം വിത്തു കിട്ടിയാൽ ഇനിയും ഒട്ടേറെ പേർ കൃഷിയിലേക്കിറങ്ങും എന്ന വസ്തുത മനസിലാക്കിയാണ് വിത്തുപുര എന്ന ആശയവുമായി ഹരിതകേരളം മിഷൻ രംഗത്തിറങ്ങുന്നത്. സാമൂഹ്യ മാധ്യമങ്ങളുടെ സേവനം പരമാവധി ഉപയോഗപ്പെടുത്തിയും പരസ്പര കൈമാറ്റത്തിലൂടെയും വിത്തിന്റെ പ്രത്യേകിച്ച് പച്ചക്കറിവിത്തിൻറെ ലഭ്യത യഥാസമയം ഉറപ്പുവരുത്തലാണ് വിത്ത് പുരയുടെ ലക്ഷ്യം. വിത്ത് പുരയിലേക്കുള്ള ആദ്യ വിത്ത് നിക്ഷേപം 28/08/2020 ന് പരിയാരത്തെ കർഷകയായ ചന്ദ്ര ജ്യോതിയിൽ നിന്നും ജില്ലാ മിഷൻ ടീം ഏറ്റുവാങ്ങി. വിത്ത് ശേഖരണം ജില്ലയിൽ നടന്നു കൊണ്ടിരിക്കുന്നു. ഇതിന്റെ തുടർച്ചയെന്നോണം ജില്ലയിലെ 600 കർഷകരെ ഉൾപ്പെടുത്തി "ഹരിതം" എന്ന പേരിൽ വാട്സാപ്പ് കൂട്ടായ്മ രൂപീകരിക്കുകയും ജില്ലാ തലത്തിൽ കോവിഡ് കാല പച്ചക്കറി കൃഷി മത്സരം നടത്തുകയും ചെയ്തിട്ടുണ്ട്.

### പൈതൃകം ഗ്രാഫ്റ്റിംഗ് പരിശീലനം

ജില്ലയിലെ നൂറ്റാണ്ടുകൾ പഴക്കമുള്ളവ ഉൾപ്പെടെ നല്ല ഗുണനിലവാരവും ഉല്പാദന ശേഷിയുള്ളവയുമായ നാടൻ മാവുകൾ, നാടൻ പ്ലാവുകൾ എന്നിവയുടെ ഗുണനിലവാരം ഒട്ടും കുറഞ്ഞുപോകാതെ തനതായി സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച പദ്ധതിയാണ് "പൈതൃകം" ഗ്രാഫ്റ്റിംഗ് പരിശീലനം. ഹരിതകർമ്മസേനക്ക് അധികവരുമാനം കണ്ടെത്തുന്നതിനുള്ള ഒരു ഹരിതസംരംഭം എന്ന രീതിയിലാണ് ജില്ലാമിഷൻ ഈ പ്രവർത്തനത്തെ രൂപപ്പെടുത്തിയത്.

ആദ്യഘട്ടത്തിൽ കണ്ണപുരം, ചപ്പാരപ്പടവ് ചെറുതാഴം, കുറുമാത്തൂർ എന്നീ 4 പഞ്ചായത്തുകളിലെ ഹരിതകർമ്മസേനാ ഗ്രൂപ്പുകൾ ഇതിനായുള്ള പരിശീലനപരിപാടിയിൽ പങ്കെടുക്കുകയും ഗ്രാഫ്റ്റിംഗ് നഴ്സറികൾ ആരംഭിക്കുകയും ചെയ്തു. മറ്റ് ഹരിതകർമ്മസേനാ അംഗങ്ങളുടെ കൂടി സഹകരണത്തോടെ ഗ്രാഫ്റ്റ് ചെയ്ത തൈകൾ വിപണനം നടത്താനും സാധിച്ചു. അന്യംനിന്നുപോകുന്ന വ്യത്യസ്ത ഇനം പ്ലാവ്, മാവ് എന്നിവ സംരക്ഷിക്കുന്നതിന്റെ ഭാഗമായാണ് ഈ പദ്ധതി മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ചത് ഒരു പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനമാണ് ഗ്രാഫ്റ്റിംഗ് പരിശീലനം

### ഓർമ്മ മരം: ഓർമ്മ തുരുത്ത് പദ്ധതി

സർക്കാർ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിസ്ഥിതി പുനഃസ്ഥാപനം ലക്ഷ്യം വെച്ച് കൊണ്ട് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ഒരു തൈ നടാം ജനകീയ ക്യാമ്പയിനിലൂടെ വൃക്ഷവൽക്കരണം നടത്തുന്നതിന് വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ








കോട്ടയം പഞ്ചായത്ത് ഭരണ സമിതിയുടെ (2020-25) ഓർമ്മയ്ക്കായി എരുവട്ടി കാവിനടുത്തുള്ള ക്ഷേത്രക്കുളത്തിന്റെ പരിസരത്ത് പഞ്ചായത്ത് പ്രസിഡന്റ് സി രാജീവൻ ഓർമ മരം നടുന്നു

പിണറായി

കോട്ടയം പഞ്ചായത്ത് ഭരണസമിതിയുടെ (2020–25) ഓർമ്മയ്ക്കായി മുഴുവൻ അംഗങ്ങളും എരുവട്ടി കാവിനടുത്തുള്ള ക്ഷേത്രക്കുളത്തിന്റെ പരിസരത്ത് ഓർമ മരം നട്ടു. പഞ്ചായത്ത് പ്രസിഡന്റ് സി രാജീവൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് എം ധർമജ അധ്യക്ഷയായി. പി ജിഷ, പഞ്ചായത്ത് സെക്രട്ടറി സജിത, ഹരിത കേരളം മിഷൻ ബ്ലോക്ക് കോ–ഓഡിനേറ്റർ ബാലൻ വയലേരി എന്നിവർ സംസാരിച്ചു.

അവരവരുടെ പേരിൽ ഓർമ്മ മരങ്ങൾ നട്ടുകൊണ്ട് ഓർമ്മത്തുരുത്ത് സ്ഥാപിച്ചു. 2020- 25 വർഷത്തെ ഭരണസമിതിയുടെ കാലയളവിലെ പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളുടെ സ്മരണയ്ക്കായി അവരവരുടെ പേരിൽ ഓർമ്മമരങ്ങൾ നട്ടുകൊണ്ട് ഓർമ്മത്തുരുത്ത് സ്ഥാപിച്ചു

ഓർമ്മത്തുരുത്ത് എന്ന നിലയിൽ ജില്ലയിലെ 26 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളാണ് ഈ മഹത്തായ പ്രവർത്തനം ആദ്യ ഘട്ടത്തിൽ ഏറ്റെടുത്തു നടത്തിയത്. ജില്ലയിലെ തരിശായി കിടിക്കുന്ന വിവിധ ഇടങ്ങളിലുൾപ്പടെ ഫലവൃക്ഷ തൈകളും മറ്റിനം തൈകളും നട്ടുകൊണ്ടാണ് ഓർമ്മത്തുരുത്ത് സ്ഥാപിച്ചത്. നെറ്റ് സീറോ കാർബൺ ജനകീയ ക്യാമ്പയിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ സർക്കാർ നടപ്പിലാക്കി വരികയാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പരിണിതഫലങ്ങൾക്ക് പരിഹാരം കാണുന്നതിന് പരമാവധി മരങ്ങൾ വച്ചു പിടിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തിവരുന്നത്. കുട്ടികളുടെ പിറന്നാൾ ദിനത്തിൽ കല്യാണങ്ങളിലും ഗൃഹപ്രവേശനങ്ങളിലും അതുപോലെ പ്രമുഖ വ്യക്തികളുടെ ഓർമ്മക്കുമായി തൈകൾ നട്ട് സംരക്ഷിക്കുന്ന പ്രവർത്തനം കൂടി ഈ ക്യാമ്പിന്റെ ഭാഗമായി നടത്തുന്നു.

## ജല സംരക്ഷണ ഉപ മിഷൻ പ്രവർത്തനങ്ങൾ

### 'ഇനി ഞാൻ ഒഴുകട്ടെ' ക്യാമ്പയിൻ 2019

ജലസംരക്ഷണം, ജലസുരക്ഷാ എന്നീ മേഖലകളിൽ കേരളത്തിൽ മുമ്പെങ്ങും ഇല്ലാത്ത വിധമുള്ള ക്രിയാത്മക പ്രവർത്തനങ്ങളാണ് കഴിഞ്ഞ എട്ടു വർഷങ്ങളിലായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നത് . 'ജലമാണ് ജീവൻ' ബോധവൽക്കരണ ക്യാമ്പയിൻ, പുഴകൾക്ക് പുതുജീവൻ ഏകിക്കൊണ്ടുള്ള നദി പുനരുദ്ധാരണ പ്രവർത്തനങ്ങൾ, ജല ഗുണനിലവാര പരിശോധനാലാബുകൾ, നീർച്ചാലുകളെ ഡിജിറ്റൽ മാപ്പിൽ അടയാളപ്പെടുത്തുന്ന മാപ്പത്തോൺ, രാജ്യത്ത് ആദ്യമായി തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിൽ ജല ബജറ്റ്, 'ക്വാറികളിലെ ജലം കൃഷിയിടങ്ങളിലേക്ക്' തുടങ്ങി നിരവധി നൂതന കർമ്മ പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയത്.

ഇതിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ച പദ്ധതിയാണ് ജലസ്രോതസ്സുകളുടെയും നീർച്ചാലുകളുടെയും ജനകീയ വീണ്ടെടുപ്പ് ലക്ഷ്യമിട്ട് സംഘടിപ്പിച്ച "ഇനി ഞാൻ ഒഴുകട്ടെ" ക്യാമ്പയിൻ. ഈ ക്യാമ്പയിൻ ഇതിനകം രണ്ടു ഘട്ടങ്ങൾ പൂർത്തീകരിച്ചു . കേരളത്തെ മാതൃകാപരമാം വിധം ശുചിത്വമുള്ള സംസ്ഥാനമാക്കി മാറ്റാൻ ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മാലിന്യമുക്തം നവകേരളം പദ്ധതിയിൽ സംസ്ഥാനത്തെ മുഴുവൻ നീർച്ചാലുകളും ജലസ്രോതസ്സുകളും ശുചീകരിച്ച് വീണ്ടെടുക്കുന്ന പ്രവർത്തനവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ലക്ഷ്യം നേടാനായി "ഇനി ഞാൻ ഒഴുകട്ടെ" കാമ്പയിന്റെ മൂന്നാംഘട്ടത്തിന് സംസ്ഥാനത്ത് തുടക്കം കുറിച്ചിരിക്കുകയാണ്. നാടിന്റെ പച്ചയും മണ്ണിന്റെ നന്മയും ജലത്തിന്റെ ശുദ്ധിയും പരിസരങ്ങളുടെ വൃത്തിയും വീണ്ടെടുക്കാനുള്ള ജനകീയ തീവ്ര യജ്ഞത്തിൽ അതിപ്രധാനമാണ് നീർച്ചാലുകളുടെ വീണ്ടെടുപ്പ് ലക്ഷ്യമിട്ടുള്ള ഈ ക്യാമ്പയിൻ.

## ജല ബജറ്റ് 2023

ഒരു പ്രദേശത്തിന്റെ ജലലഭ്യതയും ജലവിനിയോഗവും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന ആധികാരിക രേഖയാണ് ജലബജറ്റ്. ശാസ്ത്രീയമായ രീതിശാസ്ത്രം ഉപയോഗിച്ച് ഓരോ പ്രദേശത്തിന്റെയും ജലലഭ്യതയും, ആവശ്യകതയും കണ്ടെത്തി അതിലൂടെ ജലമിച്ചമാണോ, കമ്മിയാണോ എന്ന് മനസ്സിലാക്കി ജലകമ്മിയുള്ള കാലത്തേക്ക് ജലമിച്ചമുള്ള സമയത്ത് ജലം സംഭരിച്ച് സംരക്ഷിച്ച് പ്രയോജനപ്പെടുത്താനും ജലമലനീകരണം, ജല ദുരുപയോഗം എന്നിവ തടയാനും ജലഗുണത ഉറപ്പു വരുത്താനുമുള്ള കർമ്മ പരിപാടി തയ്യാറാക്കലാണ് ജലബജറ്റ് കൊണ്ട് ഉദ്ദേശിക്കുന്നത്.



സംസ്ഥാനത്ത് തന്നെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജല ബജറ്റ് തയ്യാറാക്കിയ ആദ്യ ജില്ല കണ്ണൂരാണ്. ഈ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ 71 ഗ്രാമപഞ്ചായത്തുകളിലെയും, 9 നഗരസഭകളിലെയും, കണ്ണൂർ കോർപ്പറേഷനിലെയും ജല ബജറ്റുകൾ തയ്യാറാക്കുകയും പഞ്ചായത്ത് തല ജല ബജറ്റുകൾ ക്രോഡീകരിച്ചുകൊണ്ട് 11 ബ്ലോക്ക് ജല ബജറ്റ് സംസ്ഥാനത്തിലാദ്യമായി ജില്ലാ ജല ബജറ്റും തയ്യാറാക്കി. ഇന്ത്യയിൽ തന്നെ ആദ്യമായി ജല ബജറ്റ് തയ്യാറാക്കുന്ന കോർപ്പറേഷനായി കണ്ണൂർ കോർപ്പറേഷൻ മാറിയതും ഹരിതകേരളം മിഷന്റെ ഈ പദ്ധതിയിലൂടെ ആണ്.

## പുഴ പുനരുജ്ജീവനം

### 1. കാനാമ്പുഴ പുനരുജ്ജീവനം

ഒരു കാലത്ത് കണ്ണൂർ നഗരത്തിനു കുടിവെള്ളം നൽകിക്കൊണ്ട് നഗരത്തിന്റെ പ്രാന്തപ്രദേശത്തുകൂടെ ഒഴുകിയിരുന്ന നദിയായിരുന്നു ക നാമ്പുഴ. കനാമ്പുഴ ഒഴുകിയിരുന്ന പ്രദേശം കാനത്തൂരയും അത് ബ്രിട്ടീഷുകാരുടെ കാലത്ത് കാനന്നൂരെന്നും പിന്നീട് കണ്ണൂരെന്നും വിളിക്കപ്പെട്ടുവെന്ന് കരുതപ്പെടുന്നതായി പ്രസിദ്ധ ചരിത്രകാരൻ ചിറക്കൽ.ടി.ബാലകൃഷ്ണൻ രേഖപ്പെടുത്തിയിട്ടുണ്ട്.

മുണ്ടേരി ഗ്രാമപഞ്ചായത്തിലെ അയ്യപ്പൻ മലയിൽ നിന്നും ഉൽഭവിക്കുന്ന ഒരു ചെറിയ അരുവിയാണ് മാച്ചേരി, കാപ്പാട്, തിലാന്നൂർ, എളയാവൂർ, താഴെചൊവ്വ പ്രദേശങ്ങളെ ജലസമൃദ്ധമാക്കി മാറ്റുന്ന പുഴയായി രൂപാന്തരപ്പെട്ട് 10 കി.മീ ഒഴുകി ആദികടലായിൽ വെച്ച് അറബിക്കടലിൽ പതിച്ചിരുന്നത്.

അരനൂറ്റാണ്ട് മുമ്പ് വരെ ജലസമൃദ്ധവും മത്സ്യസമൃദ്ധവുമായിരുന്നു ഈ പുഴ. കാലാന്തരത്തിൽ സംഭവിച്ച പുഴ കയ്യേറ്റവും തീരങ്ങളിൽ സ്ഥാപിതമായ മരമില്ലുകളിലെ തടികളും അവശിഷ്ടങ്ങളും പുഴയിലേക്ക് നിക്ഷേപിക്കുന്നതും കാരണം വേനൽക്കാലങ്ങളിൽ പുഴയുടെ സ്വാഭാവിക ഒഴുക്കിന് തടസ്സമുണ്ടാവുകയും തന്മൂലം മലിനജലം തളം കെട്ടി നിൽക്കുന്ന ഏതാനും ജലാശയങ്ങളായി രൂപാന്തരം പ്രാപിക്കുകയും പുഴ നാമാവശേഷമാവുകയും ചെയ്തു. സമീപ പ്രദേശങ്ങളിൽ കൂടുതൽ വാസഗൃഹങ്ങളും വാണിജ്യകേന്ദ്രങ്ങളും ഉയർന്നു വന്നപ്പോൾ ഇവിടെ നിന്നുള്ള മലിനജലവും പുഴയിലേക്ക് ഒഴുക്കി വിടുന്ന സ്ഥിതിയുണ്ടായി.പുഴ മെലിയുകയും പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ പുഴയെ മൂടുകയും പുഴ ദുർഗ്ഗന്ധ വാഹിനിയാവുകയും ചെയ്തു. പുഴ ശോഷിച്ചതോടെ പുഴയുടെ ജലസംഭരണ ശേഷി കുറയുകയും കാലവർഷത്തിൽ പുഴ കരകവിഞ്ഞൊഴുകുകയും സമീപവാസികൾ പ്രളയ ദുരിതത്തിൽ അകപ്പെടുകയും ചെയ്യുന്ന അവസ്ഥയും പതിവായി.

മുണ്ടേരി പഞ്ചായത്തിലെ അയ്യപ്പൻ മലയിൽനിന്നും ആരംഭിച്ച് പത്തു കിലോമീറ്ററോളം ഒഴുകി അറബികടലിൽ ചെന്ന് ചേരുന്നു. ഇരുകരകളിലും ഉണ്ടായിരുന്ന വിശാലമായ കൃഷിയിടങ്ങളിൽ ജലമെത്തിച്ചിരുന്നത് ഈ പുഴയിൽ നിന്നായിരുന്നു. നഗരവൽകരണം പുഴയിലേക്കുള്ള നീരൊഴുക്കിനെ

തളർത്തി, പുഴമെലിയുകയും പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ പുഴയെ മൂടുകയും പുഴയിൽ നിന്നുള്ള ഒഴുക്ക് പാടെ തടസ്സപ്പെടുകയും ചെയ്തു. മഴക്കാലത്ത് വെള്ളം കൃഷി സ്ഥലത്തേക്കും സമീപത്തുള്ള വീടുകളിലേക്കും കയറാൻ തുടങ്ങുകയും മഴ അവസാനിച്ചാൽ പുഴ ദുർഗന്ധ വാഹിനിയായി മാറുകയുംചെയ്യുന്നതായിരുന്നു 2017 മെയ് മാസം വരെ കാനാമ്പുഴയുടെ പ്രധാന പ്രശ്നം.

കണ്ണൂർ മണ്ഡലത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകാനായി 'കണ്ണൂർ കാലത്തിനൊപ്പം' എന്ന പേരിൽ ഒരു മണ്ഡലതല വികസന സെമിനാർ സംഘടിപ്പിച്ചു. സെമിനാറിൽവെച്ചാണ് കാനാമ്പുഴയെ പുനർജനിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ ഉയർന്നുവന്നത്. തുടർന്ന് അതിനുള്ള കർമ്മ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള ശ്രമം തുടങ്ങി.

കാനാമ്പുഴയുടെ ഇരുകരകളിലും താമസിക്കുന്ന കർഷകർ, രാഷ്ട്രീയ-സാംസ്കാരിക-സാമൂഹ്യസന്നദ്ധ പ്രവർത്തകർ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ട് താഴെചൊവ്വയിൽ സംഘടിപ്പിച്ച വിപുലമായ യോഗത്തിൽ മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ രക്ഷാധികാരിയും മേയർ ഇ.പി. ലത ചെയർപേഴ്സണും എൻ, ചന്ദ്രൻ കൺവീനറായും കമ്മിറ്റി രൂപീകരിച്ചു. തുടർന്ന് 2017 ഫെബ്രുവരി 19 ന് ഒമ്പതു കേന്ദ്രങ്ങളിൽ പ്രാദേശിക ' യോഗങ്ങൾ ചേർന്നു.

2017 മെയ് ഏഴിന് ആയിരത്തിലധികം പേർ പങ്കെടുത്ത പുഴയെ അറിയാൻ യാത്ര സംഘടിപ്പിച്ചു. കണ്ടമ്പത്ത് എന്ന സ്ഥലത്തു നിന്ന് തുടങ്ങി പുഴ ഒഴുകി കടലിൽ ചേരുന്ന ആദി കടലായി എന്ന സ്ഥലം വരെ 10 കി മീ ദൂരം ഉത്സവമാക്കികൊണ്ടുള്ള യാത്ര സംഘടിപ്പിച്ചു.

കാനാമ്പുഴയുടെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്താൻ ഉതകും വിധത്തിലുള്ള ഒരു സപ്ലിമെന്റ് തയ്യാറാക്കി ബഹു. മുഖ്യമന്ത്രി 2017 മെയ് 10ന് സപ്ലിമെന്റ് പ്രകാശനം ചെയ്തു.പുഴയെ വീണ്ടും മലിനമാക്കരുത് എന്ന അഭ്യർത്ഥനയുമായി 2017 മെയ് 13 ന് പുഴയോരത്തെ വീടുകളിലും സ്ഥാപനങ്ങളിലും ദീപം തെളിയിക്കൽ നടത്തി.

പുഴയെ മൂടിയിരുന്ന മാലിന്യങ്ങൾ നീക്കുന്നതിന് 5000 ലധികം വാളണ്ടിയർമാരാണ് പങ്കെടുത്തത്. പുഴയോരത്ത് വൃക്ഷതൈകൾവെച്ച് പിടിപ്പിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പുഴയോര പച്ചപ്പ് എന്നപരിപാടി ജൂൺ 5ന് സംഘടിപ്പിച്ചു. 5343 വൃക്ഷ തൈകളാണ് ജൂൺ മാസം നട്ടത്.പുഴയുടെ വിശദാംശങ്ങൾ ശേഖരിക്കാനായി പഠന സംഗമം 2017 ജൂലൈ 10ന് സംഘടിപ്പിച്ചു.വിദഗ്ധരുടെ



കൂടിച്ചേരൽ 2017 ഓഗസ്റ്റ് 17-നു നടന്നു.വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ 324 ഓളം കർഷകരും വിദഗ്ധരും ഉദ്യോഗസ്ഥരും പങ്കെടുത്തശിൽപ്പശാല 2017 ഒക്ടോബർ 3ന് സംഘടിപ്പിച്ചു. 373.71 കോടി രൂപയുടെ മാസ്റ്റർ പ്ലാനാണ് ശില്പശാലയിൽ രൂപം കൊണ്ടത്.

ജില്ലയിൽ രൂപം കൊണ്ട മാസ്റ്റർ പ്ലാനിന് അവസാനരൂപം നൽകാനായി ഹരിതകേരളം മിഷൻ സംസ്ഥാന തലത്തിൽ 2018 മാർച്ച് 28ന് ശില്പശാല സംഘടിപ്പിച്ചു. സംസ്ഥാനതല ഉദ്യോഗസ്ഥരും പുനരുജ്ജീവന പദ്ധതി കർമ്മസമിതി അംഗങ്ങളും പങ്കെടുത്ത ശിൽപ്പശാലയിൽ വെച്ച് മാസ്റ്റർപ്ലാൻ അംഗീകരിക്കുകയും തുടർ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തു.

സർക്കാർ പണത്തിനോ, അനുമതികൾക്കോ കാത്തു നിൽക്കാതെ നീർത്തട വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താൻ നീർത്തട തല സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചു. പ്രാദേശിക യോഗങ്ങൾ നാലു നീർത്തടങ്ങളിലായി ചേർന്നു.നീർത്തടതല സമിതികൾക്ക് കീഴിലായായി സൂക്ഷ്മ തല നീർത്തട കമ്മിറ്റികൾ രൂപീകരിച്ചു. 2018 മെയ് 31നു കാനാമ്പുഴ തീരത്തുള്ള മൂന്ന് നീർത്തടങ്ങളിലേയും 10 കുളങ്ങൾ പുനരുദ്ധരിക്കുകയും ശുചീകരിക്കുകയും ചെയ്തു.165 ഏക്കർ കൃഷിക്കനുയോജ്യമായ തരിശു ഭൂമി കാനാമ്പുഴയുടെ ഇരു കരകളിലുമുണ്ട്. ഈ തരിശ് ഭൂമിയിൽ പുഴയുടെ ഇരുകരകളിലുമായി എട്ടു കിലോമീറ്ററോളം വ്യാപ്തിയിൽ പച്ചക്കറി കൃഷിചെയ്തു.

കാർഷിക കലണ്ടറുണ്ടാക്കി കൃഷി നടത്തി, തുറമുഖ വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ പച്ചക്കറികൃഷിയുടെ വിളവെടുപ്പ് ഉത്ഘാടനം ചെയ്തു.കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ പ്ലാസ്റ്റിക്കിനെതിരെ വിപുലമായ പ്രചാരണ പരിപാടിസംഘടിപ്പിച്ചു. എല്ലാവീട്ടിലും സൗജന്യമായി തുണി സഞ്ചികൾ വിതരണംചെയ്യുന്ന പ്രവർത്തനവും കാനാമ്പുഴയിൽ നടന്നു.താഴെചൊവ്വ, കാപ്പാട്, മുടിക്കപാലം, ബണ്ടുപാലം എന്നീ മേഖലകളിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കഭീഷണി ലഘൂകരിക്കാൻ നീർത്തടാധിഷ്ഠിത ഇടപെടൽ സഹായിച്ചു.കാനാമ്പുഴ പ്രദേശത്തെ രണ്ട് വി സി ബികളുടെ നിർമ്മാണം പൂർത്തീകരിച്ചു.

### 2.കക്കാട് പുഴ ശുചീകരണം

കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ ഉൾപ്പെടുന്ന കക്കാട് പുഴയെ മാലിന്യമുക്തമാക്കാൻ ഹരിതകേരളം മിഷൻ രണ്ടാം വാർഷികത്തിൽ തുടക്കം കുറിച്ചു. അനധികൃത കൈയേറ്റങ്ങളും, മലിനീകരണവും വർഷങ്ങൾക്കു മുമ്പേ കക്കാട് പുഴയെ ഇല്ലാതാക്കി. പുനരുദ്ധാരണ പ്രവർത്തഞങ്ങൾക്ക് ഡിസംബർ 8 ന് കണ്ണൂർ കോർപ്പറേഷൻ മേയർ ഇ.പി. ലത തുടക്കമിട്ടു. മലബാർ അവയർനസ് ആന്റ് റെസ്ക്ക് സെന്റർ ഫോർവൈൽഡ് ലൈഫ് (MARC) എന്ന സംഘടന ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. കാട്ടാമ്പള്ളിയിൽനിന്ന് 6 മത്സ്യത്തൊഴിലാളികൾ 4 ഫൈബർ ബോട്ടുകളിലായി ഈ പ്രവർത്തനത്തിൽ പങ്കാളികളായി. പുഴയുടെ ഏറെ മലിനമായിരുന്ന 400 മീറ്ററോളം ഭാഗത്ത് ഇതിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.

പുഴക്കരയിലെ കാട് വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികളിൽ 27 കോർപ്പറേഷൻ തൊഴിലാളികൾ പങ്കാളികളായി. നവീകരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം ബഹുമാനപ്പെട്ട ആരോഗ്യ സാമൂഹ്യ നീതി വകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചർ നിർവ്വഹിച്ചു. പി.കെ. ശ്രീമതി ടീച്ചർ എം.പി., കെ.എം. ഷാജി എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. സുമേഷ്, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാർ തുടങ്ങിയവർ മുഖ്യാഥിതികളായി. കോർപ്പറേഷൻ മേയർ ഇ.പി, ലത അധ്യക്ഷത വഹിച്ച യോഗത്തിൽ ഡെപ്യൂട്ടി മേയർ പി.കെ. രാഗേഷ് സ്വാഗതം പറഞ്ഞു.പുഴ മാസ്റ്റർപ്ലാൻ തയ്യാറാക്കലിന്റെ ഉദ്ഘാടനവും ഇതോടൊപ്പം നടന്നു. കൂടാതെ ബോധവൽക്കരണത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യ ശേഖരണ മത്സരം സംഘടിപ്പിച്ചു. കണ്ണൂർ യൂണിവേഴ്സിറ്റി ക്യാമ്പസ് വിദ്യാർത്ഥികൾ, MAI ടീമംഗങ്ങൾ, പ്രദേശത്തെ അങ്ങാടി യൂണിറ്റ്, പൊതുപ്രവർത്തകർ എന്നിവരടങ്ങിയ എട്ടു ടീമുകൾ പങ്കെടുത്തു. മത്സര പരിപാടി മേയർ ഫ്ളാഗ് ഓഫ് ചെയ്തു.

### 3.ബാവലിപ്പുഴ ശുചീകരണം : ക്ലീൻ ബാവലി ഗ്രീൻ മലയോരം

കണ്ണൂർ ജില്ലയിലെ ഏറ്റവും ദൈർഘ്യമുള്ള വളപട്ടണം പുഴയുടെ പ്രധാന പോഷകനദിയാണ് ബാവലി പ്പുഴ. ജില്ലയിലെ പ്രധാന കുടിവെള്ള സ്രോതസ്സായ പഴശ്ശി റിസർവോയറിലേക്ക് വലിയ തോതിൽ വെള്ളമൊഴുകിയെത്തുന്നത് ഈ പുഴയിൽ നിന്നാണ്. വയനാട് ജില്ലയിലെ ബ്രഹ്മഗിരി മലനിരകളിൽ നിന്ന് ഉൽഭവിക്കുന്ന ബാവലിപ്പുഴ കൊട്ടിയൂർ ഗ്രാമപഞ്ചായത്തിൽ വെച്ച് കണ്ണൂർ ജില്ലയിൽ പ്രവേശിക്കുന്നു. കൊട്ടിയൂർ, കേളകം, കണിച്ചാർ, പേരാവൂർ, മുഴക്കുന്ന് പഞ്ചായത്തുകളിലൂടെ ഒഴുകി പായം പഞ്ചായത്തിൽ വെച്ച് ബാരാപ്പുഴയുമായി ചേർന്ന് ഇരിട്ടി പുഴയായി മാറുന്നു. പിന്നിട്ട രണ്ട് വർഷങ്ങളിലെ പ്രളയവും ഉരുൾപൊട്ടലും കാരണം സമീപപ്രദേശങ്ങളിലെ മുഴുവൻ മാലിന്യങ്ങളും പുഴയിലേക്ക് ഒഴുകിയെത്തുകയും പുഴവെള്ളം മലിനമാവുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് ഹരിതകേരളം മിഷനും ഡി.വൈ.എഫ്.ഐ.പേരാവൂർ ബ്ലോക്ക് കമ്മിറ്റിയും മണത്തണക്കൂട്ടം എന്ന സന്നദ്ധ സംഘടനയും കൊട്ടിയൂർ മുതൽ മുഴക്കുന്ന് വരെയുള്ള 5 ഗ്രാമപഞ്ചായത്ത് ഭരണസമിതികളും, വനം വകുപ്പ് ഉദ്യോഗസ്ഥരും പ്രദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എൻ.എസ്.എസ്., എൻ.സി. സി., സ്റ്റുഡന്റ് പോലീസ് വിഭാഗത്തിലെ വിദ്യാർത്ഥികളും പ്രദേശത്തെ ക്ലബ് വായനശാല സന്നദ്ധ സംഘടനാ വളണ്ടിയർമാരും, കുടുംബശ്രീ പ്രവർത്തകരും തൊഴിലുറപ്പ് തൊഴിലാളികളും ചേർന്ന് ക്ലീൻ ബാവലി ഗ്രീൻ മലയോരം എന്ന പേരിൽ ഒരു ജനകീയ ക്യാമ്പയിന് തുടക്കമിടുകയും ബാവലിപ്പുഴ ശുചീകരണ പ്രവർത്തനം ഏറ്റെടുക്കുകയും ചെയ്തത്.


Post Category

ബാവലിപ്പുഴ ശുചീകരണ യജ്ഞത്തിന് തുടക്കമായി; പങ്കാളികളായത് നാലായിരത്തിലേറെ പേർ

ഈ പ്രദേശങ്ങളിൽ നിന്നും പുഴയിലേക്ക് വെള്ളമൊഴുകിയെത്തുന്ന എല്ലാ തോടുകളും ചെറു നീർച്ചാലുകളും മാലിന്യമുക്തമാക്കുന്ന പ്രവർത്തനമാണ് ഈ ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ടത്. കൊട്ടിയൂർ ഗ്രാമപഞ്ചായത്തിലെ ചെകുത്താൻ തോടു മുതൽ മുഴക്കുന്ന് പഞ്ചായത്തിലെ പാലപ്പുഴ വരെ 30 കിലോമീറ്ററോളം ദൂരത്തിലാണ് ശുചീകരണ പ്രവർത്തനം നടന്നത്. തോടുകളിലും, പുഴയിലും ഇവയുടെ കരയിലെ ചെടിപ്പടർപ്പുകളിലും അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ, കുപ്പികൾ, തുണികൾ മറ്റ് ജൈവ - അജൈവ മാലിന്യങ്ങൾ എന്നിവയാണ് നീക്കം ചെയ്തത്. 2020 ജനുവരി മാസം 11 ന് കൊട്ടിയൂർ ഗ്രാമപഞ്ചായത്തിലെ മന്ദംചേരിയിൽ വെച്ച് സംസ്ഥാന വ്യവസായ യുവജനക്ഷേമ വകുപ്പുമന്ത്രി ശ്രീ.ഇ.പി. ജയരാജൻ ഉദ്ഘാടനം നിർവ്വഹിച്ച ശുചീകരണ പരിപാടിയിലും 30 കി.മീ. ദൈർഘ്യം വരുന്ന പുഴയോരങ്ങളിലും മറ്റു നീർച്ചാലുകളിലുമായി പ്രദേശത്തെ ആയിരക്കണക്കിന് ആളുകളാണ് അണിനിരന്നത്. ഉത്സവ സമാനമായ അന്തരീക്ഷത്തിൽ



നടന്ന പരിപാടിക്ക് അകമ്പടിയായി പ്രദേശവാസികളുടെ വകയായി ചെണ്ടമേളം, ബാന്റ് മേളം, നാടൻ പാട്ടുകൾ, തുടങ്ങിയ കലാപരിപാടികളും പായസവിതരണവും സംഘടിപ്പിക്കപ്പെട്ടു.

ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി ജലാശയങ്ങളിൽ നിന്നും നീക്കം ചെയ്ത ജൈവ അജൈവ മാലിന്യങ്ങൾ യഥാവിധി സംസ്കരിക്കുന്നതിനായി ഹരിതകേരളം മിഷനും ക്ലീൻകേരള കമ്പനിയുമായി ചേർന്ന് പഞ്ചായത്തുകളിലെ ഹരിത കർമ്മ സേനാ വളണ്ടിയർ മാർക്ക് മാലിന്യങ്ങൾ തരംതിരിക്കുന്നതിനാവശ്യമായ പരിശീലനം മുൻകൂട്ടി നൽകുകയും ശേഖരിച്ച മാലിന്യങ്ങൾ നേരത്തെ നിശ്ചയിച്ച കേന്ദ്രങ്ങളിൽ എത്തിച്ച് ഉണക്കി തരം തിരിച്ച ശേഷം ക്ലീൻ കേരളാ കമ്പനിക്ക് കൈമാറുകയും ചെയ്തു .

ബാവലിപ്പുഴയുടെ തെളിമയും പരിശുദ്ധിയും നില നിർത്താനാവശ്യമായ തുടർപ്രവർത്തനങ്ങൾ അടങ്ങിയ കർമ്മ പദ്ധതി തയ്യാറാക്കി ആവശ്യമായ കർമ്മപഥത്തിലേക്ക് നീങ്ങുന്നതിനുള്ള തയ്യാറെടുപ്പും ബാവലിപ്പുഴ ശുചീകരണ പരിപാടിയുടെ സംഘാടകരുടെ ഭാഗത്തു നിന്നും മിഷന്റെ ഭാഗത്തു നിന്നും സ്വീകരിച്ചു വരുന്നുണ്ട്.

### 4.അഞ്ചരക്കണ്ടി പുഴ ശുചീകരണം

- ഏകദേശം 48 കിലോമീറ്റർ ദൈർഘ്യം വരുന്ന അഞ്ചരക്കണ്ടി പുഴ ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലൂടെയും ഒരു നഗരസഭയിലുടെയും കടന്നുപോകുന്നു. മാങ്ങാട്ടിടം പഞ്ചായത്തിലെ ആയിത്തര മമ്പറം ഭാഗത്ത് പുഴ സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. ഹരിതകേരളം മിഷൻ കൺസൽട്ടന്റ് ശ്രീ എൻ ജഗജീവൻ പ്രവൃത്തി ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, കൃഷി ഓഫീസർ, പ്രദേശവാസികൾ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെ എഴുപതോളം നാട്ടുകാർ പുഴയോര സംരക്ഷണ പ്രവർതനത്തിന്റെ ഭാഗമായി രാമച്ചം, ഈറ്റ തുടങ്ങിയവ നട്ടുപിടിപ്പിച്ചു.ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ അഞ്ചരക്കണ്ടി പുഴ സംരക്ഷണത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി. 2018 - 19 വർഷത്തിൽ ആയിരത്തോളം പേരെ പങ്കെടുപ്പിച്ച് വിപുലമായ സർവ്വേ നടത്തിയാണ് മാസ്റ്റർ പ്ലാനിനുള്ള വിവരശേഖരണം നടത്തിയത്

### 5. സുഖമായി ഒഴുകട്ടെ ചാലത്തോട്

കാനാമ്പുഴ ജീവന പദ്ധതിയുടെയും ഇനി ഞാൻ ഒഴുകട്ടെ ക്യാമ്പയിനുകളുടെയും ആവേശം ഉൾക്കൊണ്ടുകൊണ്ട് ചെമ്പിനോട് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച തോട് പുനരുജ്ജീവന ക്യാമ്പയിൻ ആണ് "ചാലത്തോടും സുഖമായി ഒഴുകട്ടെ" എന്ന് പേരിലുള്ള ജനകീയ തോട് പുനരുദ്ധാരണ ക്യാമ്പയിൻ. ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ വടക്ക് കിഴക്കേ അതിർത്തിയിൽ നിന്ന് ആരംഭിച്ച് നടാൽ ഭാഗത്ത് വെച്ച് മമ്മ പുഴയിൽ ചേർന്ന് കടലിലേക്ക് പതിക്കുന്ന തോടിന് 8 കിലോമീറ്റർ അധികം നീളമുണ്ട്. തോടിന്റെ 7 കിലോമീറ്റർ നീളത്തിലുള്ള ഭാഗമാണ് 4 റീച്ചുകൾ ആയി തിരിച്ച് ശുചിയാക്കിയത്. ഇതിനായി നാട്ടുകാരുടെ വിപുലമായ യോഗം വിളിച്ചുചേർത്ത് ജനകീയ സമിതി രൂപീകരിച്ചു. തോടരികിലെ കാടുകൾ വെട്ടിത്തെളിച്ചു ചെളിയും എക്കലും മാലിന്യങ്ങളും നീക്കംചെയ്തു മണ്ണ് നിറഞ്ഞ് നികന്നു പോയ ഭാഗങ്ങൾ യന്ത്ര സഹായത്തോട് കൂടി ചെളി നീക്കി ഒഴുക്ക് പുനസ്ഥാപിച്ചു. തോടിനെ തിരിച്ചുപിടിക്കുന്ന പ്രവർത്തനത്തിൽ സമൂഹത്തിലെ വിവിധ തുറകളിൽ ഉള്ള നൂറുകണക്കിന് ആളുകളാണ് അണിനിരന്നത്.

### ജല സംഗമം 2019

ഹരിതകേരളം മിഷന്റെ ആരംഭത്തോടെ ജല സംരക്ഷണ പ്രവർത്തങ്ങളുടെ ഉള്ളടക്കവും രീതിശാസത്രവും ഏറെ മാറാൻ തുടങ്ങി. ഒട്ടനവധി തദ്ദേശ സ്ഥാപനങ്ങൾ വ്യത്യസ്ത പ്രവർത്തങ്ങളിലൂടെ വിവിധ വകുപ്പുകളെയും സംഘടനകളെയും മിഷനുകളെയും സംഘടിപ്പിച്ചു കൊണ്ട് ജല സംരക്ഷണ പ്രവർത്തങ്ങൾക്ക് രൂപം നൽകി. ജലമാണ് ജീവൻ എന്ന സന്ദേശമുയർത്തിയാണ് ഹരിതകേരളം മിഷൻ ക്യാമ്പയിൻ എറ്റെടുത്തത്. ഇത്തരത്തിൽ എറ്റെടുത്ത് വിജയം കൈവരിച്ച മാതൃകകളുടെ അവതരണം ജില്ലാ തലത്തിൽ കണ്ണൂരിൽ സംഘടിപ്പിച്ചു. ഇതൊരു നവീന രീതിയായിരുന്നു. 14 തദ്ദേശ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തങ്ങൾ അവതരിപ്പിച്ചു. ജില്ലാ ആസൂത്രണ സമിതി ഹാളിൽ 31.01.2019 ന് നടന്ന ജല സംഗമം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി.സുമേഷ് ഉദ്ഘാടനം ചെയ്തു.

ജില്ലയിലെ 14 പഞ്ചായത്തുകളാണ് തങ്ങൾ നടപ്പിലാക്കിയതും തുടർന്ന് കൊണ്ടിരിക്കുന്നതുമായ വിപുലമായ ജലസംരക്ഷണമാതൃകകളും ആശയങ്ങളും അവതരിപ്പിച്ചത്..

### ജലസഭ 2019

ഒരുവർഷം 3000 മീറ്റർ ശരാശരി മഴ ലഭിക്കുന്ന നമ്മുടെ സംസ്ഥാനം വേനൽക്കലത്ത് രൂക്ഷമായ വരൾച്ചയും മഴക്കാലത്ത് വെള്ളപ്പൊക്കവും അനുഭവിക്കുന്ന സംസ്ഥാനമായി മാറിയിരിക്കുകയാണ്. പെയ്തുകിട്ടുന്ന മഴയെ പരമാവധി മണ്ണിലാഴ്ത്തി ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനും ജലസ്രോതസ്സുകളെ മലിനപ്പെടുത്തുന്നതിനെതിരെയും ജനപങ്കാളിത്തത്തോടുകൂടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനമാണ് ഹരിതകേരള മിഷൻ നടത്തിക്കൊണ്ടിരിക്കുന്നത്

ഇതിന്റെ ഭാഗമായി കുടുംബശ്രീ മിഷനുമായി സംയോജിപ്പിച്ചുകൊണ്ട് ജില്ലയിലെ 71 ഗ്രാമപഞ്ചായത്തുകളും 9 മുൻസിപ്പാലിറ്റികളും കണ്ണൂർ കോർപ്പറേഷനിലുമായി 19088 അയൽക്കൂട്ടങ്ങളിലെ 267523 അംഗങ്ങൾക്ക് ജല സംരക്ഷണ പ്രവർത്തനങ്ങളെ കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു.

### ജലമാണ് ജീവൻ :

ജലജന്യ രോഗങ്ങളുടെ വ്യാപനവും ഭൂഗർഭജല വിനിയോഗവും തടയാനും ജല സംരക്ഷണ പ്രവർത്തങ്ങൾ ശക്തിപ്പെടുത്താനും ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ ഭരണ വകുപ്പ്, ആരോഗ്യവകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടത്തിയ ക്യാമ്പയിനാണ് "ജലമാണ് ജീവൻ". ജില്ലയിൽ വളരെ ഊർജിതമായി പ്രസ്തുത ക്യാമ്പയിൻ സംഘടിപ്പിക്കാൻ സാധിച്ചു.

ക്യാമ്പയിന്റെ ഒന്നാംഘട്ടമായി 2025 ആഗസ്റ്റ് മാസത്തിൽ ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും പരിധിയിലെ കിണറുകളിൽ ക്ലോറിനേഷൻ നടത്തുന്നതിന് സാധിച്ചു. ,ജലാശയങ്ങൾ മാലിന്യ



മുക്തമാക്കുന്നതിന് വ്യാപകമായി ലഘുലേഖകൾ വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്. ക്ലോറിനേഷൻ പ്രവർത്തനങ്ങൾ ജനപ്രതിനിധികളുടെ നേതൃത്വത്തിലാണ് നടന്നത്. ആശാ വർക്കർമാർ,ഹരിതകർമ്മ സേന ,കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരും ക്യാമ്പയിന്റെ ഭാഗമായി പങ്കെടുത്തു.

തുടർ പ്രവർത്തനങ്ങൾ എന്ന നിലയിൽ തോടുകൾ, കുളങ്ങൾ, ജലാശയങ്ങൾ എന്നിവ മാലിന്യം കലരാതെ ശുചിത്വ പൂർണ്ണമാക്കുന്നതിനുള്ള വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിച്ചു. തോടു നടത്തം തോടു സഭകൾ എന്നിവ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഹരിതകർമ്മസേനകൾ , കുടുംബശ്രീ തൊഴിലുറപ്പ് തൊഴിലാളികൾ മറ്റു സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരുടെ നേതൃത്വത്തിൽ നടത്തി. കോളേജുകളിലെയും ഹയർ സെക്കൻഡറി സ്കൂളുകളിലെയും എൻ. എസ് എസ് വളണ്ടിയർ മാരുടെ നേതൃത്വത്തിൽ തോടിനെ അറിയാം തോടു നടത്തവും പഴശ്ശി കനാലുകൾ കടന്നുപോകുന്ന ഇടങ്ങളിൽ കാനാൽ നടത്തവും സംഘടിപ്പിച്ചു. തോടു നടത്തത്തിലൂടെ വിദ്യർത്ഥികൾ കണ്ടെത്തുന്ന വിവരങ്ങൾ പ്രത്യേക ഫോർമാറ്റിൽ തയ്യാറാക്കി തദ്ദേശ സ്വയം ഭരണ പ്രതിനിധികൾക്ക് സമർപ്പിക്കുകയും ചെയ്തു.

| | |
|---|---|
| ക്ലോറിനേറ്റ് ചെയ്ത ആകെ കിണറുകൾ | - 488814 |
| പൊതുസ്ഥാപനങ്ങളിൽ ശുചീകരിച്ച ടാങ്കുകളുടെ എണ്ണം | - 49087 |

## തോടു നടത്തം - തോടു സഭകൾ

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സഹകരണത്തോടെ സംസ്ഥാന വ്യാപകമായി നടക്കുന്ന ജലമാണ് ജീവൻ ജനകീയ ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തോടുകളിൽ തോടുനടത്തം സംഘടിപ്പിച്ചു.




ഹയർ സെക്കൻഡറി സ്കൂളിലെ എൻ.എസ്.എസ്. വളണ്ടിയർമാരുടെയും അധ്യാപകരുടെയും പിന്തുണയിലാണ് തോടു നടത്തം സംഘടിപ്പിച്ചത്.

മലിനീകരിക്കപ്പെടുന്ന ജലാശയങ്ങളെ മാലിന്യ മുക്തമാക്കുന്നതിന് ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായിട്ടാണ് പരിപാടി നടത്തിയത്. ജലം അമൂല്യമാണെന്നും ജലാശയങ്ങൾ സംരക്ഷിക്കേണ്ടത് നാടിന്റെ ആവശ്യമാണെന്നും സമൂഹത്തിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് വിദ്യാർത്ഥികളിലൂടെ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത്.

തോടു നടത്തത്തിലൂടെ കുട്ടികൾ കണ്ടെത്തിയ വിവരങ്ങൾ അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഹരിതകേരളം മിഷൻ കോർഡിനേറ്റർമാർ ,എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമാർ നേതൃത്വത്തിലാണ് പരിപാടി നടത്തിയത്.

### നനവ് -പാനൂർ ബ്ലോക്ക്

ഭൂജല ലഭ്യതയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റത്തെ ജാഗ്രതയോടെ പരിഗണിക്കാൻ ലക്ഷ്യമിട്ട് പാനൂർ ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച ക്യാമ്പയിനാണ് “നനവ്”.

വരൾച്ചാ പ്രതിരോധത്തിനും കാർഷിക വിള വർദ്ധനവിനും ഉതകുന്ന വിധത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കലാണ് ഈ ക്യാമ്പയിൻ കൊണ്ട് ലക്ഷ്യമിടുന്നത്. 2021-22 സാമ്പത്തിക വർഷത്തിലാണ് നനവിന് തുടക്കം കുറിച്ചത്. പാനൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ നാല് ഗ്രാമ പഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തിന്റെയും നേതൃത്വത്തിലാണ് ഈ ക്യാമ്പയിൻ നടപ്പിലാക്കിയത്. സമ്പൂർണ്ണ ജല സംരക്ഷണ പദ്ധതിയാണ് നനവ്. ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും നീർത്തടാടിസ്ഥാനത്തിൽ നടത്തി ജല ലഭ്യതയും കൃഷിയും




ഉല്പാദന ക്ഷമതയും വർധിപ്പിക്കയാണ് ഈ ക്യാമ്പയിനിലൂടെ ലക്ഷ്യമിട്ടത്. കാർഷിക മേഖലക്ക് പ്രാധാന്യമുള്ള ബ്ലോക്ക് പഞ്ചായത്തിൽ വ്യാപകമായി അനുഭവപ്പെട്ടു തുടങ്ങിയിരിക്കുന്ന ജലക്ഷാമവും ജലമലിനീകരണവും കൃഷി വളർച്ചാക്കുറവും പരിഹരിക്കുന്നതിന് കുളങ്ങൾ, തോടുകൾ, കനാലുകൾ, കിണറുകൾ. മറ്റ് ജലസ്രോതസ്സുകൾ എന്നിവ നവീകരിക്കുക. ശുചീകരിക്കുക, നീരൊഴുക്ക് സുഗമമാക്കുക ജലസംരക്ഷണത്തിനാവശ്യമായ തടയണകൾ നിർമ്മിക്കുക. 450 ഹെക്ടർ തരിശായി കിടക്കുന്ന പ്രദേശം കൃഷിയ്ക്ക് ഉപയുക്തമാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ഇവയിൽ ഏറ്റെടുത്തത്. ഇതിനായി പ്രത്യേക പദ്ധതി രേഖ തയ്യാറാക്കി

എല്ലാ പഞ്ചായത്തിലും നീർത്തടാടിസ്ഥാനത്തിലാണ് കർമ്മ പദ്ധതി തയ്യാറാക്കിയത് എല്ലാ പഞ്ചായത്തിലും നീർത്തടാടിസ്ഥാനത്തിൽ സംഘാടക സമിതികളും ബ്ലോക്ക് തല സമിതിയും രൂപീകരിച്ചു. മൈനർ ഇറിഗേഷൻ, സോയിൽ കൺസർവേഷൻ എന്നീ വകുപ്പുകളും നനവിന് പിന്തുണ നൽകി

വിവരശേഖരണം, തോട് നടത്തം, തോട് സഭ, ജലസഭ, ജല കൺവെൻഷൻ, ജലബജറ്റ് തയ്യാറാക്കൽ എന്നിവ നനവിന്റ ഭാഗമായി സംഘടിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് നനവ് പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം 10,56,000/- രൂപയും 2025-26 സാമ്പത്തിക വർഷം 15,00,000/- രൂപയും ചെലവഴിച്ചു. നനവിന്റ ഭാഗമായി നാല് ഗ്രാമ പഞ്ചായത്ത് പരിധിയിൽ കിണർ റീചാർജിംഗ് പ്രവൃത്തികൾ നടത്തി - ആയതിന്റെ വിശദാംശങ്ങൾ ചുവടെ:

| | |
|---|---|
| 2021-22 | 43 |
| 2022-23 | 62 |
| 2023-24 | 74 |
| 2024-25 | 80 |



# പാനൂർ ബ്ലോക്കിന്റെ തോട്സഭക്ക് കേന്ദ്രത്തിന്റെ പ്രശംസ

കണ്ണൂർ

പാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ തോട്സഭക്ക് ജൽ മിഷൻ കേന്ദ്ര സംഘത്തിന്റെ പ്രശംസ. മഴവെള്ള സംരക്ഷണ പ്രവൃത്തികൾ പരിശോധിക്കാനെത്തിയ കേന്ദ്രസംഘത്തിന്റെ റിപ്പോർട്ടിലാണ് തോട്സഭയെ അഭിനന്ദിച്ചത്.

ജൽ ശക്തി അഭിയാൻ കേന്ദ്ര നോഡൽ ഓഫീസർ മൊണാലിസ ഡാഷ്, സിഎംഡിഡി ഡപ്യൂട്ടി ഡയറക്ടർ അശുതോഷ് ആനന്ദ് എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. ജില്ലയിലെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ച് ഹരിതകേരളം മിഷൻ നേതൃത്വത്തിൽ നടന്ന 'ക്യാച്ച് ദ റെയിൻ' പ്രവൃത്തികൾ വിലയിരുത്തി.

2021 ഡിസംബർ അഞ്ചിനാണ് കതിരൂർ പഞ്ചായത്തിലെ ആദ്യ തോട് സഭ ചേർന്നത്. സംസ്ഥാനത്തെ ആദ്യ തോട് സഭയായിരുന്നു ഇത്. തുടർന്ന് പന്ന്യന്നൂർ , ചൊക്ലി പഞ്ചായത്തുകളിലും തോട് സഭകൾ സംഘടിപ്പിച്ചു.

മാലിന്യം മൂടി ഒഴുക്ക് നിലച്ച തോടുകൾ തിരിച്ചുപിടിക്കാൻ ഹരിത കേരളം മിഷൻ ആരംഭിച്ച ഇനി ഞാൻ ഒഴുകട്ടെ ക്യാമ്പയിനിന്റെ ഭാഗമായി നനവ് പദ്ധതിയിലാണ് തോടുകൾ ശുചീകരിച്ച് നിലനിർത്താൻ ജനകീയ ശ്രമം നടത്തിയത്.

തോടുകൾ ശുചീകരിക്കാനുള്ള ജനകീയ പങ്കാളിത്തത്തിന്റെ ഉത്തമ മാതൃകയാണ് തോട് സഭകളെന്നും പഞ്ചായത്തുകളുടെ നേതൃത്വത്തിലുള്ള മികച്ച ജല സംരക്ഷണ പ്രവർത്തനമാണിതെന്നും കേന്ദ്ര സംഘം റിപ്പോർ

2025-26 100

## തോട് സഭയിലൂടെ നനവിലേക്ക്

തണ്ണീർത്തടങ്ങളെ കൃഷിയോഗ്യമായ ഭൂമിയാക്കി മാറ്റുന്നതിനും കാർഷിക വിളകൾക്ക് ജലസേചനം നടത്തുന്നതിനും വെള്ളപ്പൊക്ക സാധ്യത കുറയ്ക്കുന്നതിനും തോടുകൾ നിലനിന്നാലേ സാധിക്കൂ. തോടുകൾ ദീർഘകാലം നിലനില്ക്കണമെന്ന ആവശ്യകത പുതു തലുറയെ ഓർമ്മപ്പെടുത്താനുള്ള ശ്രമങ്ങളിലൊന്നാണിത്. പഞ്ചായത്ത് പരിധിയിലെ ഏറ്റവും പ്രധാനപ്പെട്ട തോട് കേന്ദ്രീകരിച്ചുള്ള കൂട്ടായ്മയായിരുന്നു തോട് സഭ.തോട് കടന്നു പോകുന്ന പ്രദേശത്തെ ജനപ്രതിനിധികളും സാമൂഹിക പ്രവർത്തകരും വിദ്യാർത്ഥികളും കുടുംബശ്രീ പ്രവർത്തകരുമാണ് തോട് സഭയിൽ പങ്കെടുത്തത്. തോട് സഭകൾക്ക് മുന്നേ തന്നെ തോടിനെ സംബന്ധിച്ച് പഠനം നടത്തി കുറിപ്പ് തയ്യാറാക്കി തോട് സഭയിൽ അവതരിപ്പിക്കുകയും , തോട് ശുചീകരണം നടത്തുകയും ചെയ്തു .

ജില്ലയിൽ ആദ്യം തോട് സഭ സംഘടിപ്പിച്ചത് കതിരൂർ ഗ്രാമ പഞ്ചായത്തിലെ കല്ലുമ്പ്രം - പൊന്ന്യം തോട് കേന്ദ്രീകരിച്ച് കല്ലുമ്പ്രത്തായിരുന്നു. മൂന്ന് കിലോമീറ്റർ നീളമുള്ളതാണ് ഈ തോട്. അന്നത്തെ ജില്ലാ കളക്ടർ എസ്. ചന്ദ്രശേഖരൻ IAS തോട് സഭ ഉദ്ഘാടനം ചെയ്തു. പാനൂർ ബ്ലോക്കിലെ എല്ലാ പഞ്ചായത്തുകളിലും തുടർന്ന് തോട് സഭകൾ വളരെ നല്ല രീതിയിൽ സംഘടിപ്പിച്ചു. ഇത്തരത്തിൽ തോട് സഭ എന്ന ആശയം അവതരിപ്പിച്ചതിന് ദേശീയ ജല കമ്മീഷൻ പാനൂർ ബ്ലോക്ക് പഞ്ചായത്തിനെ

പ്രത്യേകം അഭിനന്ദിച്ചിരുന്നു

## ജലഗുണ നിലവാര പരിശോധനാ ലാബ്

ജില്ലയിൽ ജലഗുണനിലവാര പരിശോധനാ ലാബുകൾ 21 എണ്ണമാണ് ഇതിനകം സ്ഥാപിച്ചിട്ടുള്ളത്. ജലഗുണ നിലവാരം പരിശോധിച്ച് കൊണ്ട് ജലജന്യ രോഗങ്ങൾ മറ്റ് സംക്രമിക രോഗങ്ങൾ എന്നിവയെ പ്രതിരോധിക്കുന്നതിന് വേണ്ടിയാണ് ജല പരിശോധനാ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ജല സംരക്ഷണം, ജല സാക്ഷരത എന്നിവ ഇതിലൂടെ നടപ്പിലാക്കുന്നതിന് ഹരിതകേരളം മിഷൻ ജല ഉപമിഷൻ എന്ന രീതിയിൽ പ്രവർത്തിച്ചു വരുന്നു. നിലവിൽ ജല പരിശോധന സാധാരണ ജനങ്ങൾക്ക് ചിലവ് കുറഞ്ഞ രീതിയിൽ ലഭ്യമാകും എന്ന് ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട ഹയർ സെക്കന്ററി സ്കൂളുകളിലാണ് ജലഗുണ പരിശോധനാ ലാബുകൾ ആരംഭിച്ചത്. ധർമ്മടം മണ്ഡലത്തിൽ ഉൾപ്പെട്ട എല്ലാ പഞ്ചായത്തുകളിലും ഓരോ ഹയർ സെക്കന്ററി സ്കൂളുകളിലും ജലഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിച്ചു കൊണ്ടാണ് പ്രവർത്തനത്തിന് തുടക്കം കുറിച്ചത്.

1. ധർമ്മടം - പാലയാട് ഗവ.ഹയർ സെക്കണ്ടറി സ്കൂൾ
2. പിണറായി - പിണറായി ഗവ.ഹയർ സെക്കണ്ടറി സ്കൂൾ
3. അഞ്ചരക്കണ്ടി - അഞ്ചരക്കണ്ടി ഗവ.ഹയർ സെക്കണ്ടറി സ്കൂൾ
4. കടമ്പൂർ - കാടാച്ചിറ ഹയർ സെക്കണ്ടറി സ്കൂൾ
5. ചെമ്പിലോട് - ചാല ഗവ.ഹയർ സെക്കണ്ടറി സ്കൂൾ
6. മുഴപ്പിലങ്ങാട് - മുഴപ്പിലങ്ങാട് ഗവ.ഹയർ സെക്കണ്ടറി സ്കൂൾ
7. പെരളശേരി - പെരളശേരി എ.കെ.ജി സ്മാരക ഗവ.ഹയർ സെക്കണ്ടറി സ്കൂൾ
8. വേങ്ങാട് - ഇ.കെ. നായനാർ സ്മാരക ഗവ. ഹയർ സെക്കണ്ടറി സ്കൂൾ

ജില്ലാപഞ്ചായത്ത് വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ 13 ഹയർ സെക്കണ്ടറി സ്കൂളുകളിലെ കെമിസ്ട്രി ലാബുകളോട് ചേർന്ന് ജല പരിശോധന ലാബുകൾ നിർമാണം പൂർത്തീകരിച്ചിട്ടുണ്ട്.

1. GHSS മയ്യിൽ
2. GHSS കുറുമാത്തൂർ
3. GHSS കണിയൻചാൽ
4. GHSS ചിറ്റാരിപറമ്പ
5. GVHSS കതിരൂർ
6. GHSS ആറളം
7. GHSS എടയന്നൂർ
8. GHSS മണത്തണ
9. GBHSS മാടായി
10. EMS GHSS പാപ്പിനിശ്ശേരി
11. GHSS വളപട്ടണം
12. GHSS പടിയൂർ
13. GHSS ഉളിക്കൽ

## ജലസമൃദ്ധിയിലേക്ക് ഒരു ജനത: പായം ഗ്രാമപഞ്ചായത്തിന്റെ ദേശീയ നേട്ടം

കേരളത്തിന്റെ മണ്ണും മനസ്സും ഒരുപോലെ കുളിർപ്പിച്ചുകൊണ്ട്, കണ്ണൂർ ജില്ലയിലെ പായം ഗ്രാമപഞ്ചായത്ത് ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ടിരിക്കുകയാണ്. കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ ആറാമത് ദേശീയ ജലപുരസ്കാരത്തിൽ (National Water Award), മികച്ച വില്ലേജ് പഞ്ചായത്ത് എന്ന



വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയാണ് പായം ചരിത്രം കുറിച്ചത്. 2024 നവംബർ 18-ന് ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ വെച്ച് രാഷ്ട്രപതി ദ്രൗപതി മുർമുവിൽ നിന്നും പായം ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ഈ പരമോന്നത പുരസ്കാരം ഏറ്റുവാങ്ങി. തദ്ദേശ സ്ഥാപന സമിതിയുടെയും ഹരിതകേരളം മിഷന്റെയും കൂട്ടായ ശ്രമങ്ങളാണ് ഈയൊരു പുരസ്കാരം നേടാൻ പഞ്ചായത്തിനെ പ്രാപ്തമാക്കിയത്. ചിട്ടയായ വിവിധ പ്രവർനത്തങ്ങളാണ് പുരസ്കാര മികവിലേക്ക് നയിച്ചത്. ജല സംരക്ഷണ മേഖലയിൽ കർമ്മപദ്ധതി തയ്യാറാക്കി കൊണ്ടാണ് ശ്രീമതി പി കെ രചനയുടെ നേതൃത്വത്തിലുള്ള ഗ്രാമപഞ്ചായത്ത് ഭരണസമിതി ജലസംരക്ഷണ കർമ്മപദ്ധതി തയ്യാറാക്കിയത്. തുടർന്ന് താഴെ ചേർത്ത പ്രവർത്തങ്ങൾ ഘട്ടം ഘട്ടമായി ഏറ്റെടുത്തു.

### കിണർ റീചാർജിങ് പദ്ധതി

ഭൂജല നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി കിണർ റീച്ചാർജിങ് വ്യാപിക്കാൻ ജല സംരക്ഷണ കർമ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പ്രവർത്തങ്ങൾ സംഘടിപ്പിച്ചു. പഞ്ചായത്ത് പരിധിയിൽ കഴിഞ്ഞ 4 വർഷത്തിനിടെ 88 കിണറുകൾ റീച്ചാർജ് ചെയ്യാൻ സാധിച്ചു. ഇത് മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, നീർത്തട വികസന പദ്ധതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് ചെയ്തത്. ഗ്രാമ പഞ്ചായത്ത് പരിധിയിലെ മുഴുവൻ സർക്കാർ സ്ഥാപനങ്ങളിലെയും കിണറുകളിൽ എല്ലാം ഇത്തരത്തിൽ മഴ വെള്ള റീചാർജ് സംവിധാനം ഏർപ്പെടുത്താൻ സാധിച്ചു.

## ഗ്രീൻ ഇനിഷ്യേറ്റീവ്

കുട്ടികളിൽ നിന്ന് പകർത്താം, കുട്ടികളെ മാതൃകയാക്കാം എന്ന ലക്ഷ്യത്തോടെ ജില്ലയിലെ ഹരിതവും ശുചിത്വവുമായ പ്രവർത്തനങ്ങളിൽ കുട്ടികളെ കേന്ദ്രീകരിച്ചുള്ളതും കുട്ടികളുടെ നേതൃത്വത്തിൽ നടന്നതുമായ പ്രവർത്തനങ്ങളെ പൊതുവേദിയിൽ കൊണ്ടു വരുന്ന കുട്ടികളുടെ പരിപാടിയാണ് "ഗ്രീൻ ഇനീഷ്യേറ്റീവ്".

2025 ആഗസ്ത് ഒന്നിന്ന് ( വെള്ളിയാഴ്ച )രാവിലെ 10 മണി മുതൽ കണ്ണൂർ ജില്ലാ ആസൂത്രണ സമിതി ഹാളിൽ വെച്ചാണ് പരിപാടി സംഘടിപ്പിച്ചത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്താലും അല്ലാതെയും ജില്ലയിൽ കുട്ടികളുടെ നേതൃത്വത്തിൽ നടന്ന ശ്രദ്ധേയമായ പല പ്രവർത്തനങ്ങളെ പൊതുജന ശ്രദ്ധയിൽ കൊണ്ടുവരാൻ ലക്ഷ്യമിട്ടാണ് ഗ്രീൻ ഇനീഷ്യേറ്റീവ് സംഘടിപ്പിച്ചത്.




ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, വിദ്യാഭ്യാസ വകുപ്പ്, വിദ്യാകിരണം മിഷൻ, സന്നദ്ധ സംഘടനയായ മോർ എന്നിവ ചേർന്നാണ് ഗ്രീൻ ഇനീഷേറ്റീവ് സംഘടിപ്പിച്ചത്. ഇത്തരം പ്രവർത്തനങ്ങൾ ഭാവിയിൽ തുടരാൻ സഹായകരമായ വിധത്തിൽ നിരീക്ഷകരായ അധ്യാപകരുടെയും വിദഗ്ധ പാനലുകാരുടെയും മുന്നിലാണ് ഗ്രീൻ ഇനിഷേറ്റീവ് അവതരിപ്പിച്ചത്. കഴിഞ്ഞ ഒരു വർഷക്കാലയളവിൽ കുട്ടികളുടെ പങ്കാളിത്തത്തോടെ സംഘടിപ്പിച്ച വ്യത്യസ്തമായ ക്യാമ്പയിൻ പ്രവർത്തനങ്ങളാണ് വേദിയിൽ അവതരിപ്പിക്കപ്പെട്ടത് . വിദ്യാലയങ്ങളിൽ ഇത്തരം മാതൃകകളുടെ എണ്ണം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ച സ്കൂളുകളിൽ കുട്ടികളുടെ നേതൃത്വത്തിൽ (സമ്മർദ്ദത്താലല്ലാതെ ) ഹരിത ശുചിത്വ പ്രവർത്തനങ്ങൾ വിപുലമായി , തുടർച്ചയായി ഒരു വിദ്യാഭ്യാസ വർഷം മുഴുവൻ സംഘടിപ്പിക്കുവാനും കിട്ടുന്ന ഏതൊരവസരവും ഇത്തരം ഇടപെടലിനായ് കുട്ടികൾ ഉപയോഗപ്പെടുത്തുന്ന സാഹചര്യം രൂപപ്പെടുത്തുവാനും ഗ്രീൻ ഇനീഷേറ്റീവ് ഉപകരിക്കപ്പെടണം. ഇത്തരമൊരു ഗ്രീൻ ഇനീഷേറ്റീവ് പരിപാടി സംസ്ഥാനത്ത് ആദ്യത്തെ പരിപാടിയാണ്..

താഴെ ചേർത്ത അവതരണങ്ങളാണ് ഗ്രീൻ ഇനീഷേറ്റീവിൽ നടന്നത്,

1. കൊളന്ത എ.എൽ. പി.സ്കൂൾ , മലപ്പട്ടം
2. സെന്റ് തെരെസാസ് സ്കൂൾ , കണ്ണൂർ
3. രാജീവ് ഗാന്ധി ഹയർ സെക്കണ്ടറി സ്കൂൾ മൊകേരി സ്കൂൾ
4. കെ.പി.ആർ ഗവ. എച്ച്.എസ്സ്.എസ്സ് കല്യാശ്ശേരി
5. കാരിസ് യു.പി.സ്കൂൾ മാട്ടറ, ഉളിക്കൽ പഞ്ചായത്ത്.
6. മുല്ലക്കൊടി എ.യു.പി സ്കൂൾ, മയ്യിൽ പഞ്ചായത്ത്
7. ഗവ:എൽ പി. സ്കൂൾ, -പേരട്ട, പായം ഗ്രാമ പഞ്ചായത്ത്.
8. യുപി സ്കൂൾ, തരുവണതെരു കതിരൂർ ഗ്രാമപഞ്ചായത്ത്
9. എ.കെ.ജി എസ് ജി. എച് എസ് പെരളശ്ശേരി
10. ജി.എച്.എസ് എസ് തടിക്കടവ്
11. ഗ്രീൻ ക്രിയേറ്റീവ വളപട്ടണം.



വിവിധ വിദ്യാഭ്യാസ ഉപജില്ലകളിൽ നിന്നുള്ള അധ്യാപക പ്രതിനിധികളും പരിപാടിയിൽ നിരീക്ഷകരായി പങ്കെടുത്തു. പങ്കെടുത്ത കുട്ടികൾക്കു എല്ലാം പങ്കാളിത്ത സാക്ഷ്യപത്രം ബഹുമാനപ്പെട്ട ജില്ലാ കളക്ടർ ശ്രീ. അരുൺ കെ വിജയൻ സമ്മാനിച്ചു.

### "സ്റ്റുഡൻസ് തീരസംരക്ഷണസേന." MASS GHSS എട്ടിക്കുളം

ഏഴിമലയുടെ താഴ്‌വരയിൽ ജൈവവൈവിധ്യം കൊണ്ട് ധന്യമാക്കപ്പെട്ട മനോഹര കടലോര ഗ്രാമമാണ് എട്ടിക്കുളം. ഈ പ്രദേശത്ത് മത്സ്യബന്ധന - അനുബന്ധ തൊഴിലുകൾ ചെയ്ത് ഉപജീവനം നടത്തുന്ന ഗ്രാമവാസികളാണ് ഏറെയും. ഇവിടുത്തെ ഏക പൊതു വിദ്യാലയമാണ് MASS GHSS എട്ടിക്കുളം. ഏഴിമല എന്ന ജൈവ വൈവിധ്യ ഭൂമി വരും തലമുറയ്ക്കായി കാക്കാനും, കുടിവെള്ളം സംരക്ഷിക്കാനും, തീരദേശം മാലിന്യ മുക്തമാക്കുന്നതിനും ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഇടപെടാനും വേണ്ടിയുള്ള കുട്ടികളുടെ കൂട്ടായ്മയാണ് സ്കൂൾ PTA യുടെയും നാട്ടുകാരുടേയും പഞ്ചായത്തിന്റേയും, പൂർണ്ണ സഹായത്തോടെ കഴിഞ്ഞ ഒൻപത് വർഷമായി സ്കൂളിൽ പ്രവർത്തിച്ചു വരുന്നത്.

കടൽ പ്ലാസ്റ്റിക്ക് മുക്തമാക്കേണ്ടത് നമ്മുടെ ഓരോരുത്തരുടേയും ഉത്തരവാദിത്വമാണ്. വേലിയേറ്റ സമയത്ത് തിരമാലകൾ കരയിലേക്ക് ഏറിവരുമ്പോൾ നിരവധി പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ തീരത്ത് നിക്ഷേപിക്കപ്പെടുന്നു. ഇവയുടെ പ്രശ്നം കാരണം കടലോര വാസികൾക്കും, തീരത്തെ ചെറു ജീവികൾക്കും അവയുടെ പ്രജനന ത്തിനും(ചെറു ഞണ്ട്, പീച്ച് etc) ഏറെ പ്രയാസം ഉണ്ടാകുന്നു. ഇവയ്ക്ക് തങ്ങളാൽ കഴിയാവുന്ന പ്രവർത്തനങ്ങൾ ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഒൻപത് വർഷം മുമ്പ് സന്നദ്ധരായ അമ്പത് കുട്ടികളെ അംഗങ്ങളാക്കി കുട്ടികളുടെ തീര സംരക്ഷണ സേന ആരംഭിച്ചത്. ശേഷം ഇന്ത്യൻ റെഡ് ക്രോസ്, കേരള ഫയർ & സേഫ്റ്റി ഡിപ്പാർട്ട്മെന്റ്, കേരള കോസ്റ്റൽ പോലിസ്,പെയിൻ & പാലിയേറ്റീവ്, വിവിധ പരിസ്ഥിതി സംഘടനകൾ തുടങ്ങിയ യിൽ നിന്നും നിരന്തരം ട്രെയിനിംഗ് ലഭ്യമാക്കി കുട്ടികളുടെ ഒരു മികച്ച സന്നദ്ധ സംഘമാക്കാൻ സാധിച്ചു.

തീരശുചീകരണം,പരിസ്ഥിതി സംരക്ഷണ പ്രർത്തനങ്ങൾ, ജൈവവൈവിധ്യ സംരക്ഷണ ,ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയുമായി ഈ സംഘം മുന്നോട്ടു പോകുന്നു.

എട്ടിക്കുളം തീരം വളരെ മനോഹരമായത് കൊണ്ടു തന്നെ വൈകുന്നേരങ്ങളിൽ ധാരാളം ടൂറിസ്റ്റുകൾ എത്താറുണ്ട് .തീരം ശുചിത്വ പൂർണ്ണമാക്കാൻ കടലമ്മയുടെ കുരുന്നുകൾ ഈ സേനയിലൂടെ, പഞ്ചായത്തുതല ഹരിതസേനയുമായി കൈകോർക്കുന്നു..




സേനയുടെ മികവാർന്ന പ്രവർത്തനത്തിന് കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2023ലെ മികച്ച വിദ്യാലയ പ്രവർത്തനത്തിനുള്ള അംഗീകാരം ലഭിച്ചു.

സീഡ് അവാർഡ് ,ദേശീയ ബാലശാസ്ത്ര കോൺസ് അംഗീകാരങ്ങൾ എന്നിവയിലും നേടി.

ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ "ശുചിത്വ സാഗരം സുന്ദര തീരം"പരിപാടികളിലും പങ്കാളിയാണ്. കടലോരമായതിനാൽ തീര ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ എല്ലാ പ്രശ്നബാധിത സമയങ്ങളിലും സേന സജീവമായി ഇടപെടാറുണ്ട്.

## വാട്ടർ വളണ്ടിയർ സേന: ജലസംരക്ഷണത്തിനായുള്ള സമൂഹ-സഹവർത്തിത പരിപാടി

ജല സംരക്ഷണത്തിനും ജലസാക്ഷരതക്കുമായി കണ്ണൂർ ജില്ല ആവിഷ്കരിച്ച തനത് ക്യാമ്പയിനാണ് വാട്ടർ വളണ്ടിയർ സേന ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം, ശുചിത്വം എന്നിവ സമൂഹത്തിന്റെ കടമയാക്കി വളർത്തി കൊണ്ടുവരൽ, ജല ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ മഴവെള്ള ശേഖരണം ഒരു മന്ത്രം പോലെ സമൂഹ മനസ്സിൽ ഉറപ്പിക്കാനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തൽ, ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം സ്വയം താല്പര്യമുണർത്തുന്ന പ്രവർത്തനമായി വളർത്തി കൊണ്ടുവരൽ, പരിസ്ഥിതി സുസ്ഥിരത കൊണ്ടുവരാനുള്ള ശ്രമങ്ങളിൽ സന്നദ്ധ സംഘടനകളുടെ പിന്തുണ ഉറപ്പുവരുത്തൽ എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ ക്യാമ്പയിൻ സംഘടിപ്പിച്ചത്. 2025 നവംബർ മാസം മുതലാണ് ക്യാമ്പയിൻ ആരംഭിച്ചത്. പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നല്കി കണ്ടെത്തുന്ന സന്നദ്ധ പ്രവർത്തകരുടെ (വളണ്ടിയർമാരെ) നേതൃത്വത്തിലാണ് ഈ ക്യാമ്പയിൻ. ഓൺലൈൻ രജിസ്ട്രേഷനായാണ് (Google Form വഴി). വളണ്ടിയർമാരുടെ പങ്കാളിത്തം ഉറപ്പ് വരുത്തിയത്.. പ്രാദേശികാടിസ്ഥാനത്തിലുള്ള ഗ്രൂപ്പുകളാണ് രൂപീകരിച്ചത്. ഇങ്ങനെ രൂപീകരിക്കുന്ന ഒരോ ഗ്രൂപ്പിനും രജിസ്റ്റർ നമ്പർ നല്കി. ഓരോ ഗ്രൂപ്പിനും ഓൺലൈനായി രണ്ടാഴ്ചയിൽ ഒരിക്കൽ ക്ലാസുകൾ നല്കി. 'ജലസംരക്ഷണ , ജല സാക്ഷരതാ പ്രവർത്തനങ്ങൾ സംബന്ധിച്ച് തയ്യാറാകുന്ന മൊഡ്യൂൾ അനുസരിച്ച ക്ലാസുകളാണ് ഓൺലൈനായി സംഘടിപ്പിച്ചത്.

### പ്രവർത്തന മേഖല

കണ്ണൂർ ജില്ലയിൽ യൂണിയൻ സർക്കാർ ഔദ്യോഗികമായി പ്രഖ്യാപിച്ച ജലക്ഷാമ മേഖല (സെമി ക്രിട്ടിക്കൽ ) കളായ പാനൂർ, തലശ്ശേരി, കണ്ണൂർ ബ്ലോക്കുകളിലാണ് വാട്ടർ വളണ്ടിയർ സേന രൂപീകരണത്തിന്റെ ആദ്യഘട്ടം നടന്നത്. ഇതിന് പുറമെ ജില്ലയിലെ മറ്റ് ബ്ലോക്ക് പരിധിയിലെ കുട്ടികൾ കോളേജ് വിദ്യാർത്ഥികൾ, സാങ്കേതിക മേഖലയിലെ വിദ്യാർത്ഥികൾ, യുവജനങ്ങൾ, മറ്റ്

മുതിർന്നവർ എന്നിവർക്കും വാട്ടർ വളണ്ടിയർ സേനയിൽ അംഗത്വം നല്കി.

### പ്രവർത്തന രീതി (Methodology)

വിവിധ ഘട്ടങ്ങളായാണ് ഈ പരിപാടി സംഘടിപ്പിച്ചത് . ജില്ലയിലാകെ 237 പേർ ഒന്നാം ഘട്ടത്തിൽ വളണ്ടിയർമാരായി രജിസ്റ്റർ ചെയ്തു. ബോധവല്ക്കരണത്തിന് പരമാവധി സാമൂഹിക മാധ്യമങ്ങളെയാണ് ഉപയോഗിച്ചത് റീലുകൾ നിർമ്മിക്കൽ, മുദ്രാവാക്യങ്ങൾ തയ്യാറാക്കൽ, ചിത്രങ്ങൾ തയ്യാറാക്കൽ, പോസ്റ്ററുകൾ തയ്യാറാക്കൽ, സ്റ്റിക്കറുകൾ തയ്യാറാക്കൽ, ഒറ്റയാൾ നാടകങ്ങൾ സംഘടിപ്പിക്കൽ, വിവിധ തല മൽസരങ്ങൾ സംഘടിപ്പിക്കൽ, ജല ഗുണ പരിശോധനകൾ സംഘടിപ്പിക്കൽ, തുടങ്ങിയ മേഖലകളായാണ് ബോധവല്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത് .ഇങ്ങിനെ ഓരോ ഗ്രൂപ്പും നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തി ഗ്രേഡ് തിരിച്ച് ഓരോ വളണ്ടിയർ സേനാ അംഗത്തിനും ബാഡ്ജ് നല്കി ആദരിക്കുകയും ചെയ്തു. ഈ പ്രവർത്തനങ്ങൾ നടത്താൻ ജില്ലാതല വിലയിരുത്തൽ സമിതി രൂപീകരിച്ചു പ്രവർത്തിച്ചു.

ജില്ലാ തല വിലയിരുത്തൽ സമിതിയുടെ ഘടന:

ജില്ലാ കോ. ഓർഡിനേറ്റർ, ഹരിതകേരളം മിഷൻ,

ജില്ലാ കോ. ഓർഡിനേറ്റർ, ശുചിത്വമിഷൻ,

മോർ (MORE) ഡറക്ടർ എന്നിവർ ചേർന്ന് നാമനിർദ്ദേശം ചെയ്യുന്ന സംരക്ഷണ മേഖലയിലെ സന്നദ്ധ പ്രവർത്തകരായ രണ്ട് വിദഗ്ധർ.

വളണ്ടിയർ സേനാ അംഗങ്ങൾക്ക് സിൽവർ വളണ്ടിയർ ബാഡ്ജ്, ഗോൾഡ് വളണ്ടിയർ ബാഡ്ജ്, പ്ലാറ്റിനം വളണ്ടിയർ ബാഡ്ജ് എന്നിവയാണ് നല്കുന്നത്.



## ജലസംരക്ഷണം പഠിപ്പിക്കാൻ വളന്റിയർമാരെത്തുന്നു

**സുപ്രിയ സുധാകർ**

**കണ്ണൂർ**

ജലസ്രോതസ്സുകളുടെ പുനരുജ്ജീവനവും പുനരുപയോഗവും ശുചിത്വവും സമൂഹത്തിന്റെ കടമയാക്കി വളർത്തിയെടുക്കാൻ ജല വളന്റിയർമാരെത്തുന്നു. മഴവെള്ള ശേഖരണം ഉൾപ്പെടെയുള്ള സംരക്ഷണപ്രവർത്തനങ്ങൾ ജനമനസ്സുകളിലേക്ക് ആഴത്തിലെത്തിക്കാനുള്ള ഉദ്യമത്തിന്റെ ഭാഗമായാണിത്. വളന്റിയർമാരെ കണ്ടെത്താനുള്ള രജിസ്ട്രേഷൻ 25ന് ആരംഭിക്കും.

ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, ഭൂഗർഭ ജലവകുപ്പ്, സന്നദ്ധ സംഘടനയായ മോർ എന്നിവയാണ് സേനാരൂപീകരണത്തിന് നേതൃത്വം നൽകുന്നത്. കണ്ണൂർ സർവകലാശാലയിലെയും വിദ്യാലയങ്ങളിലെയും സാങ്കേതിക കലാലയങ്ങളിലെയും എൻഎസ്എസ്, കുടുംബശ്രീ, ഗ്രന്ഥശാലകൾ എന്നിവയുടെ സഹായവുമുണ്ടാകും.

താൽപ്പര്യമുള്ളവർക്ക് ഓൺലൈനിൽ വളന്റിയറായി രജിസ്റ്റർ ചെയ്യാം. ഇവരെ പ്രാദേശികാടിസ്ഥാനത്തിലുള്ള ഗ്രൂപ്പായി തിരിക്കും. ഇതിന് ഓരോ രജിസ്റ്റർ നമ്പറും നൽകും. ഓരോ ഗ്രൂപ്പിനും ഓൺലൈനായി രണ്ടാഴ്ചയിൽ ഒരിക്കൽ ക്ലാസുകൾ നൽകും. ഓരോ പ്രാദേശിക ഗ്രൂപ്പിലും കുറഞ്ഞത് അഞ്ച് പേരാണ് ഉണ്ടാകുക. കൂടിയത് 30 പേരും. ഒരു പ്രമോട്ടറും സഹപ്രമോട്ടറും ഉണ്ടാകും.

ജലസംരക്ഷണ, ജല സാക്ഷരതാ പ്രവർത്തനങ്ങൾ സംബന്ധിച്ച് തയ്യാറാക്കുന്ന മൊഡ്യൂൾ അനുസരിച്ചാണ് ഓൺലൈനായി ക്ലാസുകൾ നൽകുക. കണ്ണൂർ ജില്ലയിൽ ജലക്ഷാമ മേഖല (സെമി ക്രിട്ടിക്കൽ)കളായ പാനൂർ, തലശേരി, കണ്ണൂർ ബ്ലോക്കുകളിലാണ് വാട്ടർ വളന്റിയർ സേന ആദ്യ ഘട്ടത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. ഒന്നാം ഘട്ടത്തിൽ വാട്ടർ വളന്റിയർ ഗ്രൂപ്പ് രൂപീകരണവും സംഘടനാ സംവിധാനത്തിലേക്ക് ഉയർത്തിക്കൊണ്ടുവരലും നടത്തും. വളന്റിയർമാരുടെ ഗ്രൂപ്പുകൾ പ്രാദേശിക അടിസ്ഥാനത്തിലാണ് രൂപീകരിക്കുക. രണ്ടാംഘട്ടത്തിൽ ബോധവൽക്കരണ ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തും. ബോധവൽക്കരണത്തിന് സമൂഹമാധ്യമങ്ങളെയും ഉപയോഗിക്കും.

ജല സംരക്ഷണ, ജല സാക്ഷരതാ പ്രവർത്തന മേഖലയിലെ പ്രാദേശിക പ്രശ്നങ്ങൾ കണ്ടെത്തി പരിഹാര നിർദേശങ്ങൾ തയ്യാറാക്കുകയാണ് പ്രാദേശിക ഗ്രൂപ്പുകളുടെ ആദ്യ പ്രവർത്തനം. സാമ്പത്തിക ബാധ്യത ഇല്ലാതെ അടിയന്തരമായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ, സാമ്പത്തിക പിന്തുണയോടെ ഏറ്റെടുക്കേണ്ടവ, ദീർഘകാലാടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ടവ എന്നിങ്ങനെ പട്ടികയാക്കി തിരിക്കും. മുൻഗണനാക്രമം നിശ്ചയിച്ച് ഏറ്റെടുക്കുന്ന പദ്ധതികൾ ഓരോ ഘട്ടങ്ങളിലും അവലോകനം നടത്തി പോയിന്റ് നൽകും. പ്രാദേശിക ഗ്രൂപ്പുകൾക്ക് ലഭിക്കുന്ന പോയിന്റ് പരിഗണിച്ച് ഗ്രൂപ്പിലെ വളന്റിയർമാർക്ക് ബാഡ്ജ് സമ്മാനിക്കും. പോയിന്റുകളെ അടിസ്ഥാനപ്പെടുത്തി ഗ്രൂപ്പുകൾക്ക് വിവിധ പുരസ്കാരങ്ങളും നൽകും.

## ശുചിത്വ മാലിന്യ സംസ്കാരവുമായി ബന്ധപ്പെട്ട ബോധ വൽക്കരണ പ്രവർത്തനങ്ങൾ

ഇതിന്റെ ഭാഗമായി നാടകങ്ങൾ സംഗീത ശില്പങ്ങൾ ഓട്ടൻതുള്ളൽ എന്നിവ നടത്തി

| | | |
|---|---|---|
| പെരളശ്ശേരി | - | നൃത്ത സംഗീത ശില്പം |
| ആന്തൂർ നഗരസഭ | - | നൃത്ത സംഗീത ശില്പം |
| കണ്ണപുരം | – | സ്കിറ്റ് |
| ചെറുതാഴം | - | നൃത്ത സംഗീത ശില്പം |
| ഏഴോം | - | ഓട്ടൻതുള്ളൽ |
| കുറ്റ്യാട്ടൂർ | - | നാടകം – ഭൂമിയുടെ കാവൽക്കാർ |
| മട്ടന്നൂർ നഗരസഭ | – | സ്കിറ്റ്, നൃത്ത സംഗീത ശില്പം |
| കൂത്തുപറമ്പ് നഗരസഭ | – | നാടകം |

# ശുചിത്വസന്ദേശ നാടകവുമായി ചെറുതാഴത്തെ ജനപ്രതിനിധികൾ

പിലാത്തറ

മാലിന്യമുക്തമായ വഴികളും പുഴകളും വീടും തോടുകളുമാണ് യഥാർഥ വികസനവും ജീവിതത്തിന്റെ സൗന്ദര്യവുമെന്നോർമിപ്പിച്ച് ചെറുതാഴം പഞ്ചായത്ത് ഒരുക്കിയ സംഗീത നാടകം 'ശുചിത്വം മഹത്വം' ശ്രദ്ധേയമാകുന്നു.

മാലിന്യ നിർമാർജന പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ പൂർണതയിലെത്തിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് പഞ്ചായത്തംഗങ്ങൾ അണിനിരക്കുന്ന ശുചിത്വ ബോധവൽക്കരണ ജാഥ പ്രയാണമാരംഭിച്ചത്. പ്ലാസ്റ്റിക് കത്തിക്കുന്നതും വലിച്ചെറിയുന്നതും വലിയ സാമൂഹ്യദ്രോഹമാണെന്നും മഹാവ്യാധികൾ പടരാതിരിക്കാൻ ജനം ജാഗ്രത കാണിക്കണമെന്നും നാടകം ഓർമിപ്പിക്കുന്നു.



ചെറുതാഴം പഞ്ചായത്ത് ജനപ്രതിനിധികൾ അവതരിപ്പിക്കുന്ന സംഗീത നാടകം 'ശുചിത്വം മഹത്വം'

കലാജാഥയിൽ പഞ്ചായത്തംഗങ്ങളായ യു രാധ, ടി വി സരിത, എ വി നിത്യ, എം ടി സബിത, കെ വി ബിന്ദു, ടി വി അജിത, ടി വി കമല, പി പി അംബുജാക്ഷൻ, യു രാമചന്ദ്രൻ, കുടുംബശ്രീ പ്രവർത്തകരായ കെ ലിജിത, ഇ വി ഷിജ, ഹെൽത്ത് ഇൻസ്പെക്ടർ പി ഗോപാലകൃഷ്ണൻ എന്നിവരാണ് രംഗത്ത്. നിത്യ ബാലകൃഷ്ണൻ, അമർചന്ദ് എന്നിവർ ഗാനങ്ങൾ ആലപിച്ചു. നാടക പ്രവർത്തകനായ എം വി ചന്ദ്രനാണ് രചനയും സംവിധാനവും. ജോൺസൺ പുഞ്ചക്കാട്, ജയൻ ഏഴോം എന്നിവരാണ് പിന്നണിയിൽ. എം വിജിൻ എംഎൽഎ പര്യടനം ഉദ്ഘാടനംചെയ്തു. പിലാത്തറ സെന്റ് ജോസഫ് കോളേജ്, ചെറുതാഴം ടിസ്സ് സ്കൂൾ എന്നിവിടങ്ങളിൽ ആദ്യ ദിനം പരിപാടികൾ അവതരിപ്പിച്ചു.

## പൂർണമായി വിജയിക്കാതെ പോയ പ്രവർത്തനങ്ങൾ

**1. തരിശ് രഹിത ഗ്രാമം പദ്ധതി:** കൈപ്പാട് നിലങ്ങളിൽ കണ്ടലുകൾ വളർന്ന് ഉപയോഗിക്കാൻ പറ്റാതായ പ്രശ്നവും ചില ഭാഗങ്ങളിൽ വേലിയേറ്റ പ്രളയം ഉണ്ടായതും ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് തടസ്സം ആയി.

**2. ഹരിത സമൃദ്ധി വാർഡുകൾ:** ഹരിതകേരളം മിഷനും കൃഷിവകുപ്പും സംയോജിച്ചാണ് ഈ പ്രവർത്തനം നടത്തേണ്ടിരുന്നത് എങ്കിലും ചില സ്ഥലങ്ങളിൽ കൃഷി വകുപ്പിന്റെ ഭാഗത്ത് നിന്നും ഉണ്ടായ സഹകരണ കുറവ് ഈ ലക്ഷ്യം പൂർത്തീകരിക്കാൻ തടസ്സമായി .

**3. തെങ്ങിനു തടം മണ്ണിന് ജലം:** മുൻ കാലങ്ങളിൽ കൃത്യമായി അനുവർത്തിച്ചു വന്ന ഒരു പ്രവർത്തനമാണ് ഇത്. എന്നാൽ ഇപ്പോൾ തൊഴിലുറപ്പ് പദ്ധതിയുടെ പരിധിയിൽ വരാത്തതും തടം തുറന്നാൽ അതിലേക്ക് ആവശ്യമായ വളം ലഭ്യമല്ലാത്തതും ഈ ക്യാമ്പയിൻ പ്രവർത്തനം മുൻപോട്ട് കൊണ്ട് പോകുന്നതിന് തടസ്സമായി.

**4. ഹരിതവീഥി:** മുൻ കല്യാശ്ശേരി എംഎൽഎ ടിവി രാജേഷിന്റെ നേതൃത്വത്തിൽ കെഎസ്ടിപി റോഡിന്റെ ഇരുവശത്തുമായി സൗന്ദര്യവൽക്കരിക്കുന്നതിന്റെ ഭാഗമായി അഞ്ചു തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തുടർച്ചയായി മൂന്നു മാസക്കാലം ആരംഭിച്ച പദ്ധതി. തുടർ സംരക്ഷണം ഏറ്റെടുക്കാത്തതിനാൽ തന്നെ 5 പഞ്ചായത്തിലും പരാജയമായിരുന്നു.

**5. നാപ്കിൻ ഫ്രീ പഞ്ചായത്ത്:** മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട വെല്ലുവിളിയായി സിന്തറ്റിക് നാപ്കിനുകൾ മാറിയപ്പോൾ അതിന് ബദൽ ആയി ആണ് ഈ പദ്ധതി നടപ്പിലാക്കിയത്. പഞ്ചായത്ത് തല സമിതിയുടെ നേതൃത്വത്തിൽ അങ്കണവാടി,ആശ വർക്കർമാർ,ഹരിതകർമ്മസേന,കുടുംബശ്രീ മറ്റു സന്നദ്ധ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തിയാണ് ഈ പദ്ധതി ആവിഷ്കരിച്ചത്.15 ലക്ഷം രൂപ പദ്ധതിക്കായി വിനിയോഗിച്ചു.കോട്ടൺ പാഡുകൾ, മെൻസ്ട്രുവൽ കപ്പ് എന്നിവ വിതരണം ചെയ്തു. ഈ പദ്ധതി തുടർന്ന് നടപ്പിലാക്കാൻ കഴിഞ്ഞില്ല.

**6. ഗ്രീൻ ബ്രിഗേഡ്:** നിലവിലെ കല്യാശ്ശേരി മണ്ഡലം എംഎൽഎ ശ്രീ എം വിജിലിന്റെ നേതൃത്വത്തിൽ ആരംഭിച്ച പദ്ധതിയാണ് ഇത്. ക്യാമ്പസിലെ പരിസ്ഥിതി ഹരിത ശുചിത്വ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന കോളേജ് വിദ്യാർഥികളുടെ കൂട്ടായ്മയാണ് ഗ്രീൻ ബ്രിഗേഡ്.തുടക്കത്തിൽ മണ്ഡലത്തിലെ 9 കോളേജുകളിലാണ് പദ്ധതി ആരംഭിച്ചത്.പിന്നീട് ജില്ലയിലെ വിവിധ കോളേജുകളിൽ പദ്ധതി വ്യാപിപ്പിച്ചെങ്കിലും വിജയം കണ്ടില്ല.

**7. മുടി മാലിന്യ സംസ്കരണം:** സ്ഥലം കണ്ടെത്താൻ കഴിയാത്തതും പുതിയ ടെക്നോളജി ഉപയോഗപ്പെടുത്താൻ സാധിക്കാത്തതും മൂലം ഈ പദ്ധതി വിജയിപ്പിക്കാൻ കഴിഞ്ഞില്ല

**8. ഗോവർദ്ധൻ പ്ലാന്റ്:** പാപ്പിനിശ്ശേരി പഞ്ചായത്തിൽ ആരംഭിച്ച ഈ പ്ലാന്റ് തുടക്കത്തിൽ നല്ല രീതിയിൽ പോയെങ്കിലും പിന്നീട് പ്രവർത്തനം നിർത്തി വയ്ക്കുകയാണ് ചെയ്തത്.

**9. അക്കേഷ്യ ഫ്രീ പഞ്ചായത്ത്:** ചെറുതാഴം ഗ്രാമ പഞ്ചായത്തിൽ ആരംഭിച്ച പ്രത്യേക പദ്ധതിയാണ് ഇത്. പഞ്ചായത്തിലെ 365 ഹെക്ടർ സ്ഥലത്താണ് അക്കേഷ്യ വ്യാപിച്ചു കിടക്കുന്നത്. ഇതിന്റെ പ്രത്യേക സ്വഭാവം കൊണ്ട് തന്നെ തൊട്ടടുത്ത് മറ്റു ചെടികൾക്ക് വളരാനും പറ്റില്ല. പ്രദേശവാസികൾക്ക് ശ്വാസം മുട്ടൽ അലർജി പോലുള്ള അസുഖങ്ങളും ഉണ്ടാവുന്നു..ആദ്യ ഘട്ടം ഈ ക്യാമ്പയിൻ നല്ല രീതിയിൽ ആരംഭിച്ചെങ്കിലും അക്കേഷ്യകൾ നശിപ്പിക്കാൻ പറ്റാതെ ആയതോടെ ഈ പദ്ധതി നിർത്തിവെച്ചു.

# ഹരിതകേരളം മിഷനിലൂടെ സാധ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണം

### നിലവിലുണ്ടായിരുന്ന പ്രതിസന്ധികൾ. അവയെ മറികടന്ന് നേടിയ നേട്ടങ്ങൾ.

പ്രകൃതി ഭംഗി കൊണ്ട് അനുഗ്രഹീതമാണ് ജില്ല. ഒമ്പത് പുഴകൾ, ജില്ലയുടെ പടിഞ്ഞാറൻ ഭാഗത്ത് 82 കിലോമീറ്റർ നീളത്തിൽ കടൽ തീരവുമായ് അറബിക്കടൽ, ജില്ലയുടെ കിഴക്ക് ഭാഗത്ത് പശ്ചിമഘട്ടം നല്ലൊരു കാവലാളായ് പച്ചപ്പ് വിരിച്ച് പ്രൗഢിയോടെ ഇങ്ങിനെ ഭൂമിശാസ്ത്രപരമായി വൈവിധ്യമാർന്ന ജില്ലയിൽ കാർഷിക മേഖലയും ജലസംരക്ഷണ മേഖലയും ഒരുപാട് വെല്ലുവിളികളെ നേരിടുകയാണ്. നെല്ലും കുരുമുളകും ഇഞ്ചിയും പച്ചക്കറിയും മരച്ചീനിയും ഉൾപ്പെട്ടിരുന്ന കാർഷിക മേഖല പ്ലാന്റേഷൻ കൃഷിയിലേക്കും മറ്റ് വാണിജ്യ കൃഷികളിലേക്കും ഒറ്റയടിക്ക് പരിവർത്തനം ചെയ്യപ്പെടുകയും വാണിജ്യ വിളകളുടെ വ്യാപാരത്തിൽ അനിശ്ചിതത്വം സ്ഥിരം രീതിയാവുകയും ചെയ്തപ്പോൾ ഉണ്ടായ പ്രതിസന്ധിക്ക് പുറമേ കീടരോഗബാധയും ജലസേചന സൗകര്യങ്ങളുടെ അഭാവവും ഒക്കെ ജില്ലയിലും കാർഷിക മേഖലയെ തളർത്തിയിട്ടുണ്ട്. ജില്ല നേരിട്ട പ്രതിസന്ധികൾ തരണം ചെയ്യാൻ കഴിഞ്ഞ പത്ത് വർഷക്കാലം നടത്തിയ ശ്രമങ്ങളാണ് ഈ ഭാഗത്ത് പരാമർശിക്കുന്നത്.

### ശുചിത്വ-മാലിന്യ സംസ്കരണം

മാലിന്യ സംസ്കരണം ഗ്രാമ-നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയായി 1994ലെ കേരള പഞ്ചായത്ത് രാജ് നഗര പാലികാ നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും കേവലം ഓവുചാലുകളുടെ നിർമ്മാണമോ വർഷത്തിൽ ഒരിക്കൽ നടക്കുന്ന ഓട ശുചീകരണ പ്രവർത്തനങ്ങളോ മാത്രമായിരുന്നു മാലിന്യ സംസ്കരണം മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കിവന്നിരുന്ന പ്രവർത്തനം. കണ്ണൂർ ജില്ലയിൽ 2015 മുൻപ് നിലവിലുണ്ടായിരുന്ന 6 നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാർ അതാത് നഗരസഭ പരിധിയിലെ ടൗണുകളിൽ മാത്രം നിത്യേന ശുചീകരണ പ്രവർത്തനം നടത്തിവന്നിരുന്നു. ഇതിനുപുറമേ ഫുൾടൈം കണ്ടിജന്റ് തസ്തിക

നിലവിൽ ഉണ്ടായിരുന്ന അഴീക്കോട്,ചിറക്കൽ, പുഴാതി, പള്ളിക്കുന്ന് കീഴൂർ ചാവശ്ശേരി എന്നീ പഞ്ചായത്തുകളിലും ടൗൺ ശുചീകരണം ഫലപ്രദമായി നടന്നിരുന്നു. കണ്ണൂർ നഗരസഭയിലെ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന ചേലോറ ഢമ്പിംഗ് ഗ്രൗണ്ട്, തലശ്ശേരി നഗരസഭയിലെ പെട്ടിപ്പാലം തുടങ്ങിയ പ്രദേശങ്ങൾ ഇത്തരം മാലിന്യ നിക്ഷേപങ്ങൾ കുമിഞ്ഞു കൂടുന്ന കേന്ദ്രങ്ങളായി മാറുകയും പരിസരപ്രദേശങ്ങളിലെ ജനജീവിതം ദുസ്സഹമായതിനെ തുടർന്ന് വലിയതോതിൽ ജനകീയ പ്രക്ഷോഭങ്ങൾ പലപ്പോഴായി ഉയർന്നു വരികയും ചെയ്തിട്ടുണ്ട്.

മാലിന്യ ശേഖരണത്തിന്റെ നിലവിലുള്ള അവസ്ഥ മനസ്സിലാക്കുന്നതിനായി ജില്ലയിൽ ഒരു വർഷം രൂപപ്പെടുന്ന അജൈവ മാലിന്യത്തിന്റെ കണക്ക് തയ്യാറാക്കുന്ന പ്രവർത്തനം ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുകയുണ്ടായി.

### വെള്ളം

കേരള സംസ്ഥാന രൂപീകരണ വേളയിൽ ജില്ല ഏറെ പ്രതീക്ഷയോടെ കാത്തിരുന്ന ഒന്നായിരുന്നു വിശാലമായ നെൽപാടങ്ങളെയും കര പ്രദേശങ്ങളെയും കൃഷി നിബിഡമാക്കാൻ പ്രയോജനപ്പെടുന്ന ഒരു വൻകിട ജലസേചന പദ്ധതി എന്ന സ്വപ്നം. അതായിരുന്നു 1960കളിൽ രൂപകല്പന പൂർത്തിയാക്കിയ പഴശ്ശി ജല സേചന പദ്ധതി. 1961 ൽ അതിന്റെ തറക്കല്ലിട്ടു. നീണ്ട 17 വർഷത്തെ നിർമ്മാണ പ്രക്രിയക്ക് ശേഷം 1978 ൽ അന്നത്തെ ബഹു. പ്രധാനമന്ത്രി മൊറാർജി ദേശായി പദ്ധതി ഉദ്ഘാടനം ചെയ്തു. പക്ഷേ കനാലുകളിൽ കൂടി അഞ്ച് കിലോമീറ്റർ ദൂരത്തിൽ പോലും വെള്ളമൊഴുക്കാൻ പല കാരണങ്ങളിലും സാധിച്ചില്ല.

ജില്ല നേരിട്ട പ്രധാന പ്രതിസന്ധികളിൽ ഒന്നായിരുന്നു പഴശ്ശി ജലസേചന പദ്ധതിയുടെ പൂർത്തീകരണവും കനാലുകൾ വഴിയുള്ള ജലസേചനവും. സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിലെ ആദ്യത്തെ ജലസേചന പദ്ധതിയാണ് ഇത്. ജില്ലയിലെ ഇരിട്ടി, തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ് താലൂക്കുകളിലായി വ്യാപിച്ചുകിടക്കുന്ന 16500 ഹെക്ടർ ഭൂമിയിലെ ജലസേചനം ലക്ഷ്യമാക്കിയാണ് ഈ പദ്ധതി ആരംഭിച്ചത്. 4 കോടി രൂപ അടങ്കലുള്ള പദ്ധതിയായിരുന്നു അത്. വളപട്ടണം നദിക്ക് കുറുകെ കുയിലൂരിൽ ഒരു ഡൈവേഴ്സ് ബാരേജ്, 46 കിലോമീറ്റർ നീളത്തിൽ ഇടതുവശത്തുള്ള പ്രധാന കനാൽ, 75 കിലോമീറ്റർ നീളത്തിൽ ആറ് ബ്രാഞ്ച് കനാലുകളും, 165 കിലോമീറ്റർ നീളത്തിൽ വിതരണ കനാലുകളും, 118 കിലോമീറ്റർ നീളത്തിൽ ഫീൽഡ് ബോഡുകളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. എല്ലാ വർഷവും സംസ്ഥാന ബജറ്റിൽ നാമമാത്ര തുക നീക്കിവെക്കാറുണ്ടെങ്കിലും അതൊന്നും പദ്ധതിയെ സജീവമാക്കാനോ വേനൽക്കാലത്ത് കനാൽ വഴിയുള്ള ജലസേചനം നടത്താനൊ സഹായിച്ചിരുന്നില്ല. ഹരിതകേരളം മിഷന്റെ രൂപീകരണത്തോടെ പഴശ്ശി പദ്ധതിയുടെ ദുർബലാവസ്ഥ സജീവ ചർച്ചാ വിഷയമായി.. തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷന്മാരുടെ ഭാഗത്ത് നിന്ന് ശക്തമായ എതിർപ്പുയർന്നതും സംസ്ഥാന തലത്തിലേക്കു കൂടി പടർന്നതും പുതിയൊരു ഇടപെടലിലേക്ക് പഴശ്ശി പദ്ധതിയുടെ നടത്തിപ്പിനെ നയിച്ചു. ഇത്തരം ഇടപെടൽ പഴശ്ശി ഇറിഗേഷൻ വിഭാഗത്തിലെ ജീവനക്കാരിൽ നല്ലൊരു ഉണർവ്വ് ഉണ്ടാക്കി കനാലുകൾ സജ്ജമാക്കി ജലമൊഴുക്കാൻ അവർ അത്യദ്ധ്വാനം ചെയ്തു. 2018 ലെയും 2019ലെയും വെള്ളപ്പൊക്കത്തിൽ പ്രധാന കനാലിലെ അണ്ടർ ടണൽ ഉൾപ്പെടെ പലയിടത്തും കനാൽ ഒലിച്ചു പോയി. അത്തരം കേടുപാടുകൾ എല്ലാം തീർത്ത് 2020 മുതൽ കനാലുകളിൽ വെള്ളം ഒഴുക്കാൻ തുടങ്ങി. 2024 ഏതാണ്ട് 45 കിലോമീറ്റർ ദൈർഘ്യത്തിൽ കനാലിൽ ജലം ഒഴുകി എത്തി. 2026 ജനവരി മുതൽ പൂർണമായും പദ്ധതി ലക്ഷ്യം കൈവരിച്ചു കഴിഞ്ഞു.നാട്ടുകാരും ഉദ്യോഗസ്ഥരും ഉൾപ്പെടെ വലിയൊരു വിഭാഗം എഴുതി തള്ളിയൊരു പദ്ധതിയെ വിജയത്തിലേക്ക് നയിക്കാൻ കഴിയുമെന്നും ഒരു മാറ്റം ഉണ്ടാവുമെന്നും കേരള ജനത കരുതിയതായിരുന്നില്ല .

2) ജില്ലയിൽ ചെറുതും വലുതുമായ 9 നദികളും ഏതാണ്ട് 3417 കി.മി ദൂരമുള്ള തോടുകളുമാണുള്ളത് ((അവലംബം - സംസ്ഥാന ആസൂത്രണ ബോർഡ്) മണലും മാലിന്യങ്ങളും നിറഞ്ഞ് തോടുകളുടെയും പുഴകളുടെയും ഒഴുക്ക് തടസ്സപ്പെട്ടുകായും, മഴക്കാലത്ത് വ്യാപക വെള്ളപ്പൊക്കവും വേനൽ

കാലത്ത് രൂക്ഷമായ വരൾച്ചയും നേരിടുകയും ചെയ്തു . തോടുകളുടെയും പുഴകളുടെയും ജീവൻ വീണ്ടെടുക്കണമെന്ന ചർച്ച ജനകീയാസൂത്രണ പദ്ധതിയുടെ ആരംഭം (1995) മുതൽ ജില്ലയിലും ശക്തമായി മുഴങ്ങി. ചിലയിടങ്ങളിൽ ചെറിയ തോതിൽ ശ്രമങ്ങൾ തുടങ്ങിയെങ്കിലും മറ്റു പല പ്രവർത്തനങ്ങൾക്കും കിട്ടിയ പിന്തുണ ഇത്തരം പ്രവർത്തനങ്ങൾക്ക് ജില്ലയിൽ കിട്ടിയതേ ഇല്ല. 1990 മുതൽ തോടുകളെല്ലാം മാലിന്യ നിക്ഷേപ കേന്ദ്രങ്ങളായി മാറിക്കഴിഞ്ഞിരുന്നു. പ്രത്യേകിച്ച് നഗര പ്രദേശങ്ങളിലെ തോടുകൾ. ജില്ലയിലെ നഗര വളർച്ച ഈയൊരു പ്രക്രിയക്ക് ആക്കം കൂട്ടി. തോടുകളിൽ നിറഞ്ഞ മാലിന്യങ്ങൾ സ്വാഭാവികമായി പുഴകളിലേക്കും നീങ്ങി എത്തി.

കണ്ണൂർ നഗരത്തിലെ പടന്നത്തോട്, തളിപ്പറമ്പ നഗരത്തിലെ കീഴാറ്റൂർ തോട്, പയ്യന്നൂർ നഗരത്തിലെ പെരുവത്തോട്, തലശ്ശേരി നഗരത്തിലെ തോട്, ഇങ്ങിനെ നിരവധി നിരവധി ഉദാഹരണങ്ങൾ.

ഹരിതകേരളം മിഷന്റെ തുടക്കത്തോടെ ജില്ലയിൽ സജീവമായ ചർച്ചാ മേഖലകളിലൊന്നായ് തോടുകളും പുഴകളും മാറി. തോടുകളുടെയും കുളങ്ങളുടെയും പുഴകളുടെയും വീണ്ടെടുപ്പ് ജില്ലയിൽ എല്ലാ ഭാഗത്തും സജീവ ചർച്ചയായി.

ഉദാഹരണം നോക്കൂ പേരാവൂർ മേഖലയിൽ ബാവലിപ്പുഴ മാലിന്യക്കൂമ്പാരമായി മാറിയതായിരുന്നു പ്രധാന ചർച്ച. വയനാട് അതിർത്തിയിൽ നിന്നും ഉദ്ഭവിച്ചു 108 കിലോ മീറ്റർ പിന്നീട് അറബികടലിൽ ചേരുന്ന നദിയാണ് വളപട്ടണം പുഴ. പ്രസ്തുത പുഴയുടെ മേൽഭാഗം അറിയപ്പെടുന്നത് ബാവലിപ്പുഴ എന്ന പേരിലാണ്. അഞ്ചു ഗ്രാമ പഞ്ചായത്തുകളിലൂടെയാണ് ബാവലി ഒഴുകുന്നത്. ഈ പുഴയും കൈവഴിയും മലീനസമായത് ചർച്ച ചെയ്യാൻ യുവജന സംഘടനയായ ഡി.വൈ.എഫ്.ഐ പേരാവൂരിൽ ബഹുജന യോഗം വിളിച്ചു ചേർത്തു. സംഘടനയുടെ നേതൃത്വത്തിൽ തോടുകളും പുഴകളും ശുചീകരിക്കുമെന്ന തീരുമാനം എടുത്തു. സ്വാഭാവിമായും ഹരിതകേരളം മിഷനും പ്രസ്തുത ചർച്ചയുടെ ഭാഗമായി ചർച്ച സജീവമായി.

അതൊരു വലിയ ക്യാമ്പയിനായി രൂപമെടുത്തു - ക്ലീൻ ബാവാലി . ഗ്രീൻ ബാവലി. പിന്നീട് മലയോര മേഖലയാകെ കണ്ടത് വലിയ ശുചീകരണ മഹോൽസവമായിരുന്നു. ജലാഞ്ജലി എന്ന് യജ്ഞത്തിന് പേരിട്ടു. കൊട്ടിയൂർ, കേളകം, കണിച്ചാർ, പേരാവൂർ, മുഴക്കുന്ന് പഞ്ചായതുകളുടെയും പേരാവൂർ ബ്ലോക്ക് പഞ്ചായത്തിന്റെയും നേതൃത്വത്തിൽ ക്യാമ്പയിൻ ശക്തമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, സംഘടനകളും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കൈകോർത്തു. പഞ്ചായത്തുകളിൽ, വാർഡുകളിൽ സംഘാടക സമിതികൾ രൂപീകരിക്കപ്പെട്ടു. തുടർ പ്രവർത്തന രേഖകൾ തയ്യാറാക്കി. മൂന്ന് മാസം നീണ്ട ശുചീകരണ യജ്ഞം 2020 ജനുവരി 11 മുതൽ ആരംഭിച്ചും തോട് ശുചീകരണ പരിപാടികളും , ബോധവല്ക്കരണ പരിപാടികളുമായി ഇങ്ങിനെ നിരവധി നിരവധി പരിപാടികൾ. ഇങ്ങിനെ പരിപാടികളുടെ ഒന്നാം ഘട്ടം ഗംഭീരമായി മുന്നേറി. രണ്ടാം ഘട്ടം തുടർ പ്രവർത്തനങ്ങൾ വേണമെന്ന നിർദ്ദേശം ഉയർന്നു. പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയും ഹരിതകേരളം മിഷനും CWDRDM ഉം സംയുക്തമായി രണ്ടാം ഘട്ടം ഏറ്റെടുക്കാൻ ധാരണയായി.. ബാവലിപ്പുഴയുടെ സംരക്ഷണത്തോടൊപ്പം ഇതിന്റെ നീർത്തട പരിധിയിൽ ഉൾപ്പെടാത്ത മാലൂർ, കോളയാട് ഗ്രാമപഞ്ചായത്തുകളെയും ഉൾപ്പെടുത്തി വേണം പദ്ധതി എന്ന നിർദ്ദേശവും ശക്തമായി ജല സുരക്ഷാ - ജല സാക്ഷരതാ ലക്ഷ്യം വെച്ച് പദ്ധതി തയ്യാറാക്കി. തോട്, പുഴ ശുചീകരണത്തോടൊപ്പം ബ്ലോക്ക് പരിധിയിലെ ചെറുനീർത്തടങ്ങളിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നേതൃത്വത്തിൽ "നീരുറവ " എന്ന പേരിൽ പുതിയൊരു സമഗ്ര പദ്ധതി കൂടി പേരാവൂർ ബ്ലോക്കിൽ തയ്യാറാക്കി. സംസ്ഥാനത്ത് ഇത്തരത്തിലൊരു ഇടപെടൽ ആദ്യമായിട്ടായിരുന്നു

3) തളിപ്പറമ്പ് മണ്ഡലത്തിലെ പ്രധാന ചെറുപുഴയാണ് കുറുമാത്തൂർ പുഴ. കാലിക്കടവിൽ നിന്ന് തുടങ്ങി പാറാട് വരെ 18 കിലോമീറ്റർ ഒഴുകി വളപട്ടണം പുഴയിൽ ചേരുന്ന പുഴ . വറ്റിവരണ്ട്, ജലശോഷണം സംഭവിച്ച് ഉപ്പ് വെള്ളം കയറുന്ന പ്രദേശമായി മാറി. പുഴയുടെ ഇരുകരകളിലും നിരവധി വയലേലകളും കൃഷിഭൂമികളും ശുദ്ധജലം കിട്ടാതെ വലഞ്ഞു. വർഷങ്ങളായി ഈ പ്രദേശങ്ങളിലെ

ജനങ്ങൾ അനുഭവിച്ച പ്രതിസന്ധികൾ പറഞ്ഞറിയിക്കാൻ കഴിയാത്തവയാണ്. ഈ പ്രശ്നത്തിന് പരിഹാരം കാണാൻ പല ശ്രമങ്ങൾ നടത്തി എങ്കിലും അതിനൊരു ശാശ്വത പരിഹാരമായത് 2016 ൽ ഹരിതകേരളം മിഷന്റെ ഉത്ഭവത്തോടെയാണ്. മിഷന്റെ ആശയങ്ങളിൽ നിന്ന് വീണ്ടെടുത്ത ഊർജ്ജവുമായി ജയിംസ് മാത്യു എം. എം എൽ യുടെ നേതൃത്വത്തിൽ നടത്തിയ ശ്രമങ്ങളാണ് കുറുമാത്തൂരിന്റെ ശുദ്ധജല സംരക്ഷണം എന്ന ലക്ഷ്യം ഫലപ്രാപ്തിയിൽ എത്തിയത്. ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ സഹായത്തോടെ ഗോവൻ മാതൃകയായ ബണ്ഡാര രീതിയിൽ 3 ഡാമുകളും, 18 ചെറു തടയണകളും .ഈ പുഴയിൽ നിർമിച്ചു പഞ്ചായത്തിലെ 17 വാർഡുകളിൽ പത്തിലധികം വാർഡുകളിലെ ജനങ്ങൾക്ക് ഈ ജലസംഭരണികൾ ഉപകാരപ്രദമാകുന്നുണ്ട്. 18 തടയണകൾക്ക് പുറമെ, കുറുമാത്തൂർ ഗ്രാമപഞ്ചായത്തിൽ മറ്റ് നിരവധി ജലസംരക്ഷണ പ്രവർത്തനങ്ങളും നടപ്പാക്കിയിട്ടുണ്ട്.

| തോടുകൾ ശുചീകരിച്ചത് (ആകെ 67 തോടുകളിൽ) | 2024-25 വർഷം 30 എണ്ണം |
|---|---|
| 2023-24 വർഷം | 31 എണ്ണം |
| 2022-23 വർഷം | 13 എണ്ണം |
| 2021-22 വർഷം | 20 എണ്ണം |
| കിണറുകൾ റീചാർജ് ചെയ്തത് | 148 |

(അവലംബം : കുറുമാത്തൂർ പഞ്ചായത്ത് വികസന റിപ്പോർട്ട് 2024)

ചെറുതാഴം ഗ്രാമ പഞ്ചായത്തും ജല സംരക്ഷണ പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് കിണർ റീചാർജ്ജിംഗ്, തോട് ശുചീകരണം പച്ചത്തുരുത്ത് രൂപീകരണം തരിശിടൽ കൃഷി വ്യാപനം എന്നീ കാര്യങ്ങളിൽ വളരെ വ്യത്യസ്ത രീതികൾ അവലംബിച്ച തദ്ദേശ ഭരണ സ്ഥാപനമാണ്. 428 ഏക്കർ നെൽവയൽ ഉള്ള പഞ്ചായത്തിൽ 137തോടുകൾ (34 കി.മി) ഉണ്ട്. ഇവയിൽ ആകെ 27 വി.സി.ബികൾ ഉണ്ട്. ഇവയിൽ 10 എണ്ണത്തിൽ താഴെയാണ് ഉപയോഗപ്രദമായവ. 137 തോടുകളിൽ കഴിഞ്ഞ 10 വർഷത്തിനിടെ 107 എണ്ണവും ശുചീകരിക്കുകയും ആറ് വി. സി. ബികൾ പുതുതായി നിർമ്മിക്കുകയും ചെയ്തു. ചെറുതാഴം സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ മഴവെള്ള കിണർ റീചാർജ്ജ് പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിരുന്നു 512 കിണറുകൾ ഇത്തരത്തിൽ റീചാർജ്ജ് ചെയ്തു. (അവലംബം : ചെറുതാഴം പഞ്ചായത്ത് വികസന റിപ്പോർട്ട് 2024)

### പത്ത് വർഷത്തിനിടെ പഞ്ചായത്ത് പരിധിയിൽ 19 പച്ചത്തുരുത്തുകൾ തയ്യാറാക്കാൻ സാധിച്ചു.

ജല സംരക്ഷണ പ്രവർത്തനത്തിൽ ദേശീയ പുരസ്കാരം നേടിയ പായം ഗ്രാമപഞ്ചാ യത്തിന്റെ പ്രവർത്തനങ്ങൾ വളരെയധികം ശ്രദ്ധേയമായതാണ്. കടുത്ത ജലക്ഷാമം നേരിട്ട ഉദയഗിരി, വിളമന പ്രദേശങ്ങൾ ഉൾപ്പെടെ വലിയ പ്രതിസന്ധികൾ നേരിട്ട ഗ്രാമ പഞ്ചായത്താണ് പായം. പക്ഷേ 2022 മുതൽ വാഹനത്തിൽ കുടിവെള്ളം വിതരണം ചെയ്യാത്ത പഞ്ചായത്തുകളുടെ പട്ടികയിലേക്ക് പഞ്ചായത്ത് മാറി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ജല സംരക്ഷണ പ്രവർത്തനങ്ങൾ വിപുലമായി ഏറ്റെടുക്കുകയും. ജല മലിനീകരണത്തിന് എതിരെ ജനബോധം ഉയർത്താൻ തോടു സഭകൾ സംഘടിപ്പിക്കുകയും പുഴ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു. 2024 വർഷം 410 താല്ക്കാലിക തടയണകൾ നിർമ്മിച്ചു. പുഴയരിക് സംരക്ഷണത്തിനായ് മുള വെച്ച് പിടിപ്പിച്ചു. വിപുലമായ രീതിയിൽ കിണർ റിച്ചാർജ് പ്രവൃത്തി ഏറ്റെടുത്തു നടത്തി. മണ്ണ് ജല സംരക്ഷണത്തിന് പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കി. തെങ്ങിന് തടം മണ്ണിന് ജലം എന്ന പേരിൽ ജല റീചാർജ്ജ് പ്രവർത്തനം ജനകീയവല്ക്കരിച്ചു ഗ്രീൻ വളണ്ടിയർമാരായ സ്കൂൾ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ജലസംരക്ഷണ ക്ലാസുകളും ക്യാമ്പുകളും നടത്തി. തോടുകളും

കുളങ്ങളും മാലിന്യ മുക്തമാക്കാൻ മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി വിപുലമായ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. മാലിന്യകൂനകൾ മഴുവൻ മാറ്റി പച്ചത്തുരുത്തുകൾ സ്ഥാപിക്കുകയും പാർക്കുകൾ സ്ഥാപിക്കയും ചെയ്തു. പഴശ്ശി ജലസംരക്ഷണ പദ്ധതിയുടെ ഭാഗമായ തരിശ് ഭൂമിയിൽ വനം വകുപ്പും ജല സേചന വകുപ്പുമായി ചേർന്ന് ഇക്കോ പാർക്ക് സ്ഥാപിച്ചു. തുടങ്ങിയ പ്രവർത്തനങ്ങളാണ് പായം ഗ്രാമ പഞ്ചായത്തിനെ ദേശീയ അവാർഡിന് അർഹയാക്കിയത്.

ജില്ല നേരിടുന്നൊരു പ്രധാന പ്രശ്നമാണ് ഭൂജലത്തിന്റെ താഴ്ച . 2017 ലെ ഗ്രൗണ്ട് വാട്ടർ റിസോഴ്സ് അസസ്മെന്റ് റിപ്പോർട്ട് പ്രകാരം ഭൂജലചൂഷണം നടക്കുന്ന പ്രദേശങ്ങളായി കണ്ണൂർ, പാനൂർ ബ്ലോക്കുകളെ അടയാളപ്പെടുത്തിയിരുന്നു. അമിതമായ കുഴൽകിണർ നിർമ്മാണം, റീചാർജ്ജിങ് കുറവ് തുടങ്ങി കാരണങ്ങൾ ഇതിനുണ്ട്. ഈയൊരു പ്രശ്നത്തിന് പരിഹാരമായി പാനൂർ ബ്ലോക്ക് 2021 മുതൽ ഏറ്റെടുത്തു നടപ്പിലാക്കിയ മാതൃകാ യജ്ഞമാണ് നനവ് പദ്ധതി. ജല സംരക്ഷണ, ജല സാക്ഷരതാ പ്രവർത്തനങ്ങളിൽ ബോധവല്ക്കരണം, പ്രായോഗിക പ്രവർത്തനങ്ങൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾക്ക് പോയ വർഷം തുടക്കം കുറിക്കാനായി. സംസ്ഥാനത്ത് ആദ്യമായി തോടു സഭകൾ ചേർന്നതും നനവിന്റെ ഭാഗമാണ്. പ്രസ്തുത പ്രവർത്തനം ഫലം കണ്ട് തുടങ്ങി എന്നതിന്റെ അടയാളങ്ങൾ ഭൂഗർഭജല നിരപ്പിൽ രേഖപ്പടുത്തപ്പെട്ടിട്ടുണ്ട് എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടക്കാത്ത തലശ്ശേരി കണ്ണൂർ ബ്ലോക്കുകളിലെ ഭൂജലനിരപ്പ് അപകടകരമാം വിധം താഴുകയാണ്.

പ്രകൃതി പ്രതിഭാസങ്ങളിൽ പ്രതിസന്ധി സൃഷ്ടിക്കുന്ന ഒന്നാണ് വരൾച്ച. ജില്ലയിലും വരൾച്ച പ്രധാന പ്രതിസന്ധിയാണ്. ജില്ലയിലെ ആകെയുള്ള 1290 വില്ലേജുകളിൽ 119 എണ്ണമാണ് 1995 ജനകീയാസൂത്രണ പദ്ധതി ആരംഭകാലം മുതൽ വരൾച്ചാ ബാധിതമായി കണക്കാക്കപ്പെടുന്നത്. 20 ശതമാനത്തിൽ കൂടുതൽ പ്രദേശങ്ങളിൽ 10 ശതമാനത്തിൽ കൂടുതൽ മഴ കുറഞ്ഞാൽ ആ പ്രദേശങ്ങളെയാണ് വരൾച്ച ബാധിത പ്രദേശങ്ങളായി കണക്കാക്കുന്നതാണ്. എന്നാൽ 2017 ലെ കൊടും വരൾച്ചയിൽ ജില്ലയിൽ പ്രശ്ന ബാധിത പ്രദേശമായി പ്രഖ്യാപിച്ചത് മുഴപ്പിലങ്ങാട് അഴിക്കോട്, രാമന്തളി, പാനൂർ, പള്ളിക്കുന്ന്, ധർമ്മടം, കണ്ണൂർ മുനിസിപ്പാലിറ്റി, എടക്കാട്, തലശ്ശേരി, തിരുവങ്ങാട്, കരിവെള്ളൂർ, എന്നിവയെയായിരുന്നു.

ഹരിതകേരളം മിഷന്റെ ആരംഭത്തോടെ വരൾച്ചയുടെ വലിയ ചർച്ചാവിഷയമായി. ജനകീയാസൂത്രണ ആരംഭ കാലത്ത് വരൾച്ച ചർച്ചയായിരുന്നു. എന്നാൽ വരൾച്ച തുടർന്നു എങ്കിലും പിന്നീട് അത് സംബന്ധിച്ച ചർച്ച മറവിയിലേക്ക് മറഞ്ഞു. പിന്നീട് ഇക്കാര്യം വീണ്ടും സജീവ ചർച്ചയായത് ഹരിതകേരളം മിഷന്റെ വരവോടെയായിരുന്നു. ഇക്കാലത്തിൽ മിഷൻ ശക്തമായ നിലപാട് എടുത്തു. വരൾച്ച ബാധിത പ്രദേശങ്ങളുടെ പട്ടിക തയ്യാറാക്കി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി തുടർ പ്രവർത്തനങ്ങൾ തുടങ്ങി. കിണർ റീചാർജ്ജ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ,തട്ട് തിരിക്കൽ, മഴക്കുഴി നിർമ്മാണം, പച്ചത്തുരുത്ത് നിർമ്മാണം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ തുടർച്ചയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുത്തു. കടുത്ത വരൾച്ച നേരിട്ട പ്രദേശങ്ങൾ പലതും നീരണിഞ്ഞു. കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിലെ മുണ്ടേരിയിലെ മുളപച്ചത്തുരുത്തിന് ഇങ്ങിനെ വരൾച്ചയെ തുരത്തിയ അനുഭവം പറയാനുണ്ട്. പായം പഞ്ചായത്തിലെ ഉദയഗിരി വാർഡിനും ഇത്തരം അനുഭവങ്ങൾ നിരത്താനുണ്ട്.

വരൾച്ച ബാധിതമായി പ്രഖ്യാപിച്ച 119 വില്ലേജുകളിലും ഇത്തരം പ്രവർത്തനങ്ങൾ 10 വർഷത്തിനിടെ നടന്നു. ഫലം നിലവിൽ വരൾച്ച സാധ്യത ഉള്ള വില്ലേജുകളുടെ എണ്ണം 10 ൽ താഴെയായി കുറഞ്ഞു. ജലമിഷൻ പ്രവർത്തനങ്ങളിലൂടെ ജില്ലയിലെ മുഴുവൻ വീടുകളിലും പൈപ്പ് വഴി ജലം എത്തിക്കാൻ കഴിഞ്ഞ പത്ത് വർഷത്തിനിടെ സാധിച്ചതും ശ്രദ്ധേയമാണ്

ഭൂമിയിലെ ഏറ്റവും ജൈവസമ്പന്ന ആവാസവ്യവസ്ഥകളിൽ പ്രധാനപ്പെട്ടവയാണ് കണ്ടൽകാടുകൾ. വനങ്ങൾ ആഗിരണം ചെയ്യുന്ന കാർബണിനേക്കാൾ അമ്പതിരട്ടി കാർബൺ വലിച്ചെടുക്കാനുള്ള ശേഷി ഇത്തരം കണ്ടൽക്കാടുകൾക്കുണ്ട് എന്നാണ് ശാസ്ത്രവാദം . അതുവഴി അന്തരീക്ഷ മലിനീകരണം

ഒരു പരിധി വരെ കുറയ്ക്കാനും ഇവ സഹായിക്കുന്നു. അതോടൊപ്പം ഇവ ധാരാളം ഓക്സിജനും പുറത്ത് വിടുന്നു. വ്യത്യസ്തയിനം മത്സ്യങ്ങളടക്കമുള്ള ജലജീവികൾക്ക് സുരക്ഷിതമായി പ്രജനനം നടത്താനും, പക്ഷികൾക്ക് കൂടുകൂട്ടാനും ഈ പ്രദേശങ്ങളാണ് അഭികാമ്യം. മാത്രമല്ല പ്രകൃതി ദുരന്തങ്ങളെ ചെറുക്കാനും ഇവക്ക് അത്ഭുതകരമായ ശേഷിയുണ്ട്. കണ്ടൽ കാടുകൾ വ്യാപകമായി നശിപ്പിക്കുന്ന പ്രവണത ജില്ലയിൽ കഴിഞ്ഞ 15 വർഷത്തിനിടെ ഏറിവരികയാണ്. ചെമ്മീൻ കൃഷി വ്യാപിക്കുന്നതിനായി തലശ്ശേരി, എരഞ്ഞോളി, മുഴപ്പിലങ്ങാട്, നാറാത്ത്, ചെറുതാഴം, ഏഴോം പയ്യന്നൂർ, പാപ്പിനിശ്ശേരി തുടങ്ങിയ പ്രദേശങ്ങളിൽ കണ്ടൽ നശീകരണം പ്രധാന പ്രശ്നമായിരുന്നു. ഹരിതകേരളം മിഷൻ വൃക്ഷവൽക്കരണ പരിപാടിയായ പച്ചത്തുരുത്തുകളുടെ ഭാഗമായി കണ്ടൽ തുരുത്ത് തയ്യാറാക്കാൻ തുടങ്ങി. ഇതോടെ പലയിടത്തും ചർച്ച കണ്ടൽ തുരുത്തിനെതിരായി. മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അണിനിരത്തി ഈ വിഷയം സജീവ ചർച്ചയാക്കി പ്രസ്തുത ചർച്ചകൾ ഫലം കണ്ടു തുടങ്ങി എന്നതാണ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വളരുന്ന കണ്ടൽ പച്ചത്തുരുത്തുകൾ തെളിയിക്കുന്നത്. മുണ്ടേരിക്കടവ്, ചാൽ ബീച്ച്, ചെറുതാഴം വയലപ്ര, ഏഴോം, പാപ്പിനിശ്ശേരി, മുഴപ്പിലങ്ങാട്, നാറാത്ത് പുല്ലൂപ്പിക്കടവ്, എരഞ്ഞോളി, കൊളച്ചേരി, എന്നിവിടങ്ങളിലെല്ലാം ഇത്തരം കണ്ടൽ പച്ചത്തുരുത്തുകൾ വളരുകയാണ്. കണ്ണൂർ കണ്ടൽ പ്രൊജക്ട് പോലുള്ള വിവിധ എൻ.ജി.ഒകളുടെ സഹായത്തോടെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നേതൃത്വത്തിലാണ് ഇവയിൽ പലതും നട്ടുവളർത്തിയിട്ടുള്ളത്. തുടർന്നും വിപുലമായ തോതിൽ ഇത്തരം പച്ചത്തുരുത്തുകൾ ഒരുക്കാനാണ് മിഷൻ ശ്രമിക്കുന്നത്.

### വൃത്തി

ജില്ലയിൽ മാലിന്യ സംസ്കരണ മേഖലയിൽ എടുത്തു പറയാവുന്ന പ്രയാസങ്ങൾ സൃഷ്ടിച്ച പ്രദേശങ്ങളാണ് തലശ്ശേരി നഗരസഭയും കണ്ണൂർ കോർപ്പറേഷനും പയ്യന്നൂർ നഗരസഭയും തളിപ്പറമ്പ് നഗരസഭയും. നഗരമാലിന്യ സംസ്കരണം വലിയ വെല്ലുവിളിയായി ഈ പ്രദേശങ്ങളിൽ മാറി.

ചെറുകിട നഗരങ്ങളിലും പഞ്ചായത്തുകളിലും മാലിന്യ സംസ്കരണത്തിന് പ്രത്യേക പദ്ധതിയോ സംവിധാനമോ ഇല്ലായിരുന്നു. പ്ലാസ്റ്റിക്ക് ഉൾപ്പെടുന്ന അജൈവ മാലിന്യങ്ങൾ ശേഖരിക്കപ്പെടേണ്ടതാണ് എന്ന ചിന്തയോ എന്നതിനെ കുറിച്ചുള്ള അറിവും അവ എവിടെ ശേഖരിക്കും ആർക്ക് കൈമാറും


മാലിന്യ സംസ്കരണം

കണ്ണൂർ ഒന്നാമത്


ദേശാഭിമാനി

# സമ്പൂർണ മാലിന്യമുക്തമായി ജില്ല

## മാലിന്യസംസ്കരണ രംഗത്തെ കണ്ണൂർ മാതൃക


ദേശാഭിമാനി

# ജില്ലാ ജലബജറ്റ് പ്രകാശിപ്പിച്ചു

## ശുചിത്വത്തിനായി 5 പഠനറിപ്പോർട്ട്

എന്ന ചിന്തയൊന്നും ജില്ലയിൽ 2015 വരെ വ്യാപകമായി ഉണ്ടായിരുന്നില്ല. കതിരൂർ, ചെമ്പിലോട്, മയ്യിൽ പോലുള്ള പഞ്ചായത്തുകളിൽ മാത്രമായിരുന്നു ഇത്തരത്തിൽ അജൈവ മാലിന്യ ശേഖരണ കാര്യത്തിൽ മാതൃകാ പ്രവർത്തനങ്ങൾ നടന്നത്. അജൈവമാലിന്യ ശേഖരണത്തിന് നഗരസഭകളിൽ കണ്ടിജന്റ് ജീവനക്കാരെ നിയോഗിച്ചിരുന്നുവെങ്കിലും അവർ ശേഖരിക്കുന്ന മാലിന്യങ്ങൾ ജൈവം , അജൈവം എന്ന വേർതിരിവില്ലാതെ ട്രഞ്ചിംഗ് ഗ്രൗണ്ടുകൾ എന്ന പേരിലറിയപ്പെട്ട ഭൂമിയിൽ കൊണ്ട് തള്ളുകയായിരുന്നു. ഇവയാകട്ടെ ഒട്ടേറെ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയും ചെയ്തു.

## മാറ്റങ്ങളുടെ കാലം

2017ൽ ഹരിതകേരളം മിഷൻ പ്രവർത്തനം സജീവമായതോടെയാണ് ഹരിതകർമ്മ സേനകളുടെ രൂപീകരണം ആരംഭിച്ചത്. ബിക്കൺ പഞ്ചായത്തുകൾ എന്ന നിലയിൽ കണ്ടെത്തിയ 20 ഗ്രാമ പഞ്ചായത്തുകളിലാണ് ഹരിതകർമ്മസേന രൂപീകരിക്കപ്പെട്ടത്. (ചെറുതാഴം, കരിവെള്ളൂർ, പടിയൂർ, മലപ്പട്ടം, ചെങ്ങളായി, മയ്യിൽ, പരിയാരം, പിണറായി, കൂടാളി, പെരളശ്ശേരി, കതിരൂർ, മാങ്ങാട്ടിടം, മുഴക്കുന്ന് പായം, കണ്ണപുരം, തില്ലങ്കേരി, കോളയാട് ,കുറുമാത്തൂർ, വേങ്ങാട്, ഏഴോം)

മാലിന്യശേഖരത്തിന് രൂപീകരിക്കുന്ന ടീമിൽ അംഗങ്ങളാവാൻ ആളെ കിട്ടാനില്ല എന്നതായിരുന്നു ഏറ്റവും മികച്ചത് എന്നറിയപ്പെട്ട പ്രസ്തുത പഞ്ചായത്തുകളിലെ അനുഭവം. അജൈവ മാലിന്യങ്ങൾ ശേഖരിക്കാനോ സൂക്ഷിക്കാനോ കെട്ടിടമോ ഭൂമിയൊ ഇല്ല എന്നത് മറ്റൊരു കീറാമുട്ടി. കണ്ടിജന്റ് ജീവനക്കാർഉണ്ടല്ലോ പിന്നെയെന്തിനാ ഹരിതകർമ്മസേന എന്നതായിരുന്നു നഗരസഭകളുടെ സമീപനം. ജനപ്രതിനിധികളേക്കാൾ മോശമായിരുന്നു ബഹുഭൂരിപക്ഷം ജീവനക്കാരുടെയും സമീപനം എന്നാൽ ജില്ലാപഞ്ചായത്ത് പ്രസിഡണ്ട്, കളക്ടർ തുടങ്ങിയവർ നല്കിയ നേതൃത്യം ലക്ഷ്യത്തിലേക്കുള്ള വേഗത കൂട്ടി.

ഹരിതകേരളം മിഷന്റെ ജാഗ്രതയോടെയുള്ള ഇടപെടൽ പ്രവർത്തനങ്ങളെ മുന്നോട്ട് നയിച്ചു. വാതിൽപ്പടി മാലിന്യ ശേഖരണത്തിന് യൂസർഫീ ഏർപ്പെടുത്തിയതും അത് പിരിഞ്ഞു കിട്ടുന്നതും മുതൽ ഹരിതകർമ്മസേനയിലെ കൊഴിഞ്ഞു പോക്ക് തടയലും അവരുടെ ശേഷി വികസന പരിപാടികളുമെല്ലാം ഒരു ഭാഗത്ത് നടന്നപ്പോൾ ശേഖരിക്കുന്ന പാഴ് വസ്തുക്കൾ സൂക്ഷിക്കാൻ സംസ്കരിക്കാനും ഇടമില്ലാത്ത അവസ്ഥക്ക് സമയബന്ധിതമായ പരിഹാരം കണ്ടെത്താൻ മിഷന്റെ നേതൃത്വത്തിൽ കഴിഞ്ഞു.

ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിൽ 2017 -18 കാലയളവിൽ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ ബോട്ടിൽ ബൂത്തുകൾ സംസ്ഥാനത്തെ തന്നെ ഈ രംഗത്തെ ആദ്യ ഇടപെടലാണ്. മാത്രമല്ല ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് സഞ്ചികൾ കോളയാട് ഗ്രാമ പഞ്ചായത്തിൽ നിരോധിച്ച അന്നത്തെ പഞ്ചായത്ത്പ്രസിഡന്റ് ശ്രീ.സുരേഷിന്റെയും സെക്രട്ടറി ശ്രീമതി മുന്നയുടെയും നേതൃത്വത്തിലുള്ള ഭരണസമിതി ഇടപെടലും ജില്ലയിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ആവേശം നല്കി. 2017 ൽ ഹരിതകേരളം മിഷൻ പ്രവർത്തനം സജീവമാക്കുന്നതിന്റെ ഭാഗമായി അന്നത്തെ ജില്ലാ പഞ്ചായത്ത്

പ്രസിഡന്റ് ശ്രീ. കെ. വി. സുമേഷിന്റെയും കളക്ടർ മിർ മുഹമ്മദിന്റെയും നേതൃത്വത്തിൽ പ്ലാസ്റ്റിക് നിയന്ത്രിത ജില്ല എന്ന ക്യാമ്പയിൻ കൊണ്ടുവന്നതും ശ്രദ്ധേയ നീക്കങ്ങളായിരുന്നു.

ബീക്കൺ പഞ്ചായത്തുകളിലെ ഹരിതകർമ്മസേനാ രൂപീകരണത്തെ തുടർന്ന് മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സേനാ രൂപീകരണം ഹരിതകേരളം മിഷൻ ഏറ്റെടുത്തു. കൂട്ടത്തിൽ എം.സി.എഫ്, മിനി എം സി.എഫ്, ബോട്ടിൽ ബൂത്തുകൾ തുടങ്ങിയവ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലേക്കും വ്യാപിപ്പിക്കാനും തുടങ്ങി. ഈ പ്രവർത്തനങ്ങൾക്കെല്ലാം ചുക്കാൻ പിടിച്ചത് ഹരിതകേരളം മിഷനായിരുന്നു.

## വിളവ്

28400 ഹെക്ടർ വയൽ ഭൂമിയാണ് റവന്യു വകുപ്പിന്റെ 1905 ലെ കണക്ക് പ്രകാരം നെൽകൃഷി ചെയ്യുന്നതായി കണ്ണൂർ ജില്ലയിൽ ഉള്ളത്. ഇതിൽ ഒരു പൂവും ഇരുപ്പൂവും കൃഷി ചെയ്യുന്ന വയൽ ഭൂമി ഉൾപ്പെടും. പുനം കൊത്ത് ഉൾപ്പെടെ ചെയ്യുന്ന കരഭൂമി ഈ കണക്കിൽ ഉൾപ്പെടുന്നില്ല. 1920 മുതൽ സംസ്ഥാനത്തിന്റെ തെക്കൻ ഭാഗത്ത് നിന്ന് വടക്കൻ ഭാഗത്തേക്ക് കുടിയേറ്റം ആരംഭിച്ചു. ഇത് 1980 വരെ തുടർന്നു. 1921 മുതൽ 1971 വരെ കാലയളവിലാണ് ജില്ലയിൽ റബ്ബർ കൃഷി വ്യാപിച്ചത്. ഈ കാലയളവിൽ കരഭൂമിയിലെ നെൽകൃഷി കുറയാൻ തുടങ്ങി. 1980 ന് ശേഷമാണ് ജില്ലയിൽ സമ്മിശ്ര കൃഷി വ്യാപിച്ചത്. 2016 ൽ ജില്ലയുടെ 55 -98 ശതമാനം ഭൂമിയിലും സമ്മിശ്ര കൃഷി നടന്നിരുന്നതായി പഠനങ്ങൾ പറയുന്നു. 1921- 71 കാലഘട്ടത്തിൽ സമ്മിശ്ര കൃഷി 14.64 ശതമാനമായിരുന്നു. 1921 ൽ ജില്ലയിൽ 28 ശതമാനം ഭൂമിയിൽ റബ്ബർ കൃഷി വ്യാപിച്ചു എന്നും കണ്ണൂർ സർവ്വകലാശാല നടത്തിയ


മാതൃഭൂമി
മാലിന്യമുക്തം നവ കണ്ണൂർ
ശുചിത്വത്തിലേക്ക് വലിയ ചുവടുവെപ്പ്


മലയാള മനോരമ
പ്രാദേശികം
ഹരിതവൃന്ദാവനം






പഠനത്തിൽ പറയുന്നു.

1996 ൽ ജനകീയ ആസൂത്രണ ആരംഭകാലത്ത് ജില്ലയിൽ 13,100 ഹെക്ടർ വയൽ ഭൂമി തരിശായി കിടക്കുകയായിരുന്നുവെന്ന പഠനവും ലഭ്യമാണ്. ഹരിതകേരളം മിഷന്റെ ആരംഭകാലത്ത് കണ്ണൂർ ജില്ലയിൽ ആകെ നെൽ വയലുകളുടെ 34.89 ശതമാനം ഭൂമിയിൽ മാത്രമേ നെൽകൃഷി ഉണ്ടായിരുന്നുള്ളൂ എന്ന പഠന റിപ്പോർട്ടും നമ്മുടെ മുന്നിലുണ്ട്. ( ആ കാലഘട്ടത്തിൽ ആകെ കൃഷിഭൂമിയുടെ 76 ശതമാനത്തിലും വിവിധ തരം വിളകൾ കൃഷി ചെയ്തിരുന്നു എന്ന കാര്യവും ശ്രദ്ധിക്കേണ്ടതുണ്ട് ) ജനകീയാസൂത്രണ പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ ഏറ്റവും അധികം പ്രധാന്യം ലഭിച്ച വിഷയങ്ങളായിരുന്നു നെൽകൃഷിയും പച്ചക്കറി കൃഷിയും. തരിശുഭൂമികൾ കൃഷി ഇടങ്ങളാക്കാൻ ബോധ പൂർവ്വമായ ശ്രമങ്ങൾ ആ കാലയളവിൽ നടന്നു. എന്നാൽ വീണ്ടും തരിശിടൽ വർധിക്കുകയും 2016-17 കാലഘട്ടത്തിൽ ഹരിതകേരളം മിഷന്റെ വരവോടെ ഇതൊരു പ്രധാന ചർച്ചാവിഷയമായി ജില്ല ഏറ്റെടുക്കുകയും ചെയ്തു. ആയത് ഫലം ചെയ്തുവെന്നതാണ് തുടർന്നിങ്ങോട്ട് കണ്ണൂരിലെ കാർഷിക മേഖല തരുന്ന ചിത്രം.



അധ്യായം 7

# സുസ്ഥിര പരിസ്ഥിതിക്കായുള്ള ഭാവി പ്രവർത്തനങ്ങൾ

പരിസ്ഥിതി പുനരുജ്ജീവന പ്രവർത്തനങ്ങൾ ലോകത്തും രാജ്യത്തും വളരെ വർഷങ്ങൾക്ക് മുന്നേ ആരംഭിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ പത്ത് വർഷത്തെ പ്രവർത്തനങ്ങൾ വ്യത്യസ്ത തലങ്ങളിൽ ജില്ലയിൽ ചെറുതല്ലാത്ത പ്രതിഫലനങ്ങൾ ഉണ്ടാക്കി തുടങ്ങിയിട്ടുണ്ട്. ഒന്നൊ രണ്ടൊ വകുപ്പുകൾ മാത്രം മുമ്പ് ഏറ്റെടുത്ത് നടത്തിയിരുന്ന പ്രവർത്തനങ്ങളിൽ നിന്ന് വ്യത്യസ്തമായി സർക്കാറിന്റെ വ്യക്തമായ നിലപാടിന്റെ പിൻബലത്തിലും നേതൃത്വത്തിലും പൊതുജനങ്ങളുടെ ആശയങ്ങളും ശക്തമായ ഇടപെടലുകളും പ്രായോഗീക തലത്തിൽ കൊണ്ടുവരാൻ കഴിഞ്ഞ പത്ത് വർഷമാണ് ജില്ലയിൽ കടന്നു പോയത്. മാലിന്യ സംസ്കരണ മേഖലയിൽ ഈ മാറ്റം ജില്ലയിൽ നല്ല പോലെ പ്രകടമാണ്. വാതിൽപ്പടി ശേഖരണം, പൊതുസ്ഥല ശുചിത്വ പരിപാലനം, വൃക്ഷവൽക്കരണം , ഹരിത പെരുമാറ്റച്ചട്ട പാലനം, ജലസ്രോതസുകളുടെ പുനരുജ്ജീവനം, തോടു സംരക്ഷണം, തുടങ്ങിയ മേഖലകളിൽ മാറ്റത്തിന്റെ കാറ്റ് പ്രകടമാണ്. ഇത്തരം മാറ്റങ്ങൾ വേണമെന്ന് ചിന്തിക്കുന്നവരുടെ എണ്ണം വർധിപ്പിക്കാൻ കഴിഞ്ഞ പത്ത് വർഷക്കാലത്തെ ഇടപെടലുകൾ വഴി കഴിഞ്ഞിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെയുള്ള നിരവധിപ്രശ്നങ്ങൾക്ക് പ്രാദേശിക പരിഹാരങ്ങൾ ഉണ്ടാവേണ്ടതുണ്ട്. ജില്ലയുടെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾക്ക് സഹായകരമായ പ്രവർത്തനങ്ങൾ എല്ലാ മേഖലയിലും ഉണ്ടാവേണ്ടതുണ്ട്. ഇത്തരം സഹായകരമായ പ്രവർത്തനങ്ങൾ എല്ലാ പല മേഖലയിൽ നിന്നും ഉണ്ടായി വരുന്നുണ്ട് ഇതിന്റെ വേഗത വർധിപ്പിക്കാൻ നല്ല രാസ ത്വരകം

പോലെ പ്രവർത്തിക്കുക എന്നതാണ് ഹരിതകേരളം മിഷൻ ഏറ്റെടുക്കേണ്ടുന്ന ഉത്തരവാദിത്വം എന്ന കാര്യം മിഷൻ തിരിച്ചറിയുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലയിൽ ഏറ്റെടുക്കാൻ സാധിക്കുന്ന ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ സമർപ്പിക്കുന്നു.

### വെള്ളം

1) വരുന്ന പത്ത് വർഷത്തിനിടെ കണ്ണൂർ ജില്ല അനുഭവിക്കാൻ പോകുന്ന ഏറ്റവും വലിയ പ്രതിസന്ധി ശുദ്ധജല ക്ഷാമവുമായി ബന്ധപ്പെട്ടതായിരിക്കും. ഇക്കാര്യം കണക്കിലെടുത്ത് ജില്ലയിലെ 26 ലക്ഷം കുടുംബങ്ങളെയും അണിനിരത്തുന്ന വിധത്തിലുള്ള ജല സംരക്ഷണ- ജല സാക്ഷരതാ ക്യാമ്പയിന് തുടക്കം കുറിക്കണം.വാട്ടർ വളണ്ടിയർ എന്ന പേരിൽ അറിയപ്പെടുന്ന ക്യാമ്പയിൻ പൂർണമായും സന്നദ്ധ പ്രവർത്തനം മാത്രം ഉപയോഗപ്പെടുത്തിയിട്ടുള്ളതായിരിക്കും. ഭൂജല വകുപ്പ്, ശുചിത്വമിഷൻ, ഇറിഗേഷൻ വകുപ്പ് തുടങ്ങി വിവിധ വകുപ്പുകളും സന്നദ്ധ സംഘടനകളും ഒത്തൊരുമിച്ചു കൊണ്ടുള്ള പ്രവർത്തനമാണ് വാട്ടർ വളണ്ടിയർ. വിശദമായ പ്രവർത്തന കലണ്ടർ തയ്യാറാക്കും. ജലക്ഷാമമുള്ള മേഖലകളിൽ കിണർ റീച്ചാർജ്ജ് വ്യാപനം, ഉപ്പുവെള്ളം കയറുന്ന പ്രദേശങ്ങളിലെ ഉയർന്ന പ്രദേശങ്ങളിൽ ശാസ്ത്രീയമായി മഴവെള്ള റീചാർജ് ചെയ്യാൻ പദ്ധതി തയ്യാറാക്കൽ, ജല മലിനീകരണത്തിന്റെ ദൂഷ്യ വശങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്താൻ പറ്റുന്ന വിധത്തിൽ വിവിധതരത്തിലുള്ള ബോധവല്ക്കരണ പരിപാടികൾ എന്നിവ വാട്ടർ വളണ്ടിയർ ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിക്കും.

2) ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേക്ക് എന്ന ലക്ഷ്യത്തിൽ ഊന്നിയ കർമപരിപാടി ജില്ലാ പഞ്ചായത്തിന്റെയും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ തയ്യാറാക്കി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കും.

3) ജലമാണ് ജീവൻ ക്യാമ്പയിൻ രണ്ടാം ഘട്ടം ജില്ലയിൽ വ്യത്യസ്ത പ്രവർത്തനങ്ങളുമായി ഏറ്റെടുക്കും. ജില്ലയിലെ മുഴുവൻ തോടുകളുടെയും കുളങ്ങളുടെയും ശാസ്ത്രീയ മാപ്പിംഗ് സംവിധാനം ജില്ലയിലെ കോളേജ് എൻ.എസ്.എസുകളുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കൽ, ജില്ലയിലെ തകർന്ന കുളങ്ങളുടെ പുനരുദ്ധാരണത്തിനും തുടർപരിപാലനത്തിനുമായി വിപുലമായ ജനകീയ കൂട്ടായ്മയുടെ രൂപീകരണം, പുഴയോരങ്ങളിൽ മുള വെച്ചു പിടിപ്പിക്കുന്നതിന് ജനകീയ മുളവ്യാപന പരിപാടി, എല്ലാ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലും ജല ഗുണ പരിശോധനാ ലാബുകൾ സ്ഥാപിക്കലും അവയുടെ പ്രവർത്തനം ഉറപ്പു വരുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ ക്യാമ്പയിൻ സംഘടിപ്പിക്കൽ എന്നിവയായിരിക്കും ഈ ക്യാമ്പയിനിലെ പ്രധാന ഘടകങ്ങൾ.

4) ജലഗുണനിലവാര പരിശോധന ലാബുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ലാബുകൾ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, എം.എൽ എ , എംപി വികസന ഫണ്ടുകൾ എന്നിവയുടെ സഹായത്തോടെ സ്ഥാപിക്കാനും നിലവിലുള്ള ലാബുകളെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ മികച്ച ജല ലാബിനെ കണ്ടെത്താനും ജില്ലയിൽ പദ്ധതികൾ ആവിഷ്കരിക്കും.

5) വിവിധ വകുപ്പുകൾ നിർമ്മിച്ച വി. സി. ബി( വെന്റ്റഡ് ക്രോസ് ബാർ) കളുടെ പുനരുജ്ജീവനത്തിനും സംരക്ഷണത്തിനുമായ് പ്രത്യേക കർമ്മ പരിപാടി തയ്യാറാക്കും.

6) ജില്ലയിലെ എല്ലാ പുഴകളുടെയും പഠനത്തിനും തുടർന്ന് തുടർന്ന് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇടപെടലിനുമായി ജില്ലാ പഞ്ചായത്തിന്റെ പിന്തുണയോട പദ്ധതി തയ്യാറാക്കും.

7) സെമി ക്രിട്ടിക്കൽ ബ്ലോക്കുകളായ പാനൂർ, തലശ്ശേരി, കണ്ണൂർ എന്നിവിടങ്ങളിലെ ജലവിതാനം ഉയർത്തുന്നതിന് ഉതകുന്ന കർമ്മ പരിപാടി ബ്ലോക്കു പഞ്ചായത്തുകളുടെ നേതൃത്വത്തിൽ തയ്യാറാക്കി നടപ്പിൽ വരുത്തും.

8) ജില്ലയിലെ എല്ലാ തോടുകളും ശുചീകരിക്കാനും പുനരുദ്ധരിക്കാനും വിപുലമായ ശ്രമങ്ങൾ മിഷൻ എകോപിപ്പിച്ച് സംഘടിപ്പിക്കും.

9) നീർത്തട മാസ്റ്റർപ്ലാനിനെ അടിസ്ഥാനമാക്കി എല്ലാ തോടുകളും പുനരുജ്ജീവിപ്പിക്കും. ഇവിടെ തുടർപ്രവർത്തനമാക്കി കൃഷി വ്യാപിപ്പിക്കും.

### വൃത്തി:

1) ഹരിതകർമ്മസേന നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച പഠനം സംഘടിപ്പിക്കും. അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തന പദ്ധതി നടപ്പാക്കും.

2) ഹരിതകർമ്മസേന പ്രവർത്തനം പൂർണമായും യന്ത്രവൽക്കരിക്കാനുള്ള (വാതിൽപ്പടി ശേഖരണം മുതൽ എം സി.എഫിലെ തരം തിരിവ് വരെ) പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കും.

3) ജൈവ മാലിന്യ സംസ്കരണത്തിന് ഹരിതകർമ്മസേനകളുടെ നേതൃത്വത്തിൽ ജില്ലയിൽ വിപുലമായ കർമ്മപദ്ധതിയും ക്യാമ്പയിനും സംഘടിപ്പിക്കും.

4) ദ്രവമാലിന്യ സംസ്കരണം പ്രാദേശിക തലം മുതൽ ജില്ലാതലം വരെ നടപ്പാക്കുന്നതിനായി വികേന്ദ്രീകൃത സംവിധാനങ്ങൾ ഏർപ്പെടുത്തും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇതിനായി കർമപരിപാടി തയ്യാറാക്കി നടപ്പാക്കും.

5) മാലിന്യത്തിൽ നിന്ന് പൂന്തോട്ട പാർക്കുകൾ നിർമ്മിച്ച നിരവധി കേന്ദ്രങ്ങൾ ജില്ലയിലുണ്ട്. പക്ഷേ അവയുടെ സംരക്ഷണം മെല്ലെ മെല്ലെ കുറഞ്ഞുവരികയാണ്. ഇക്കാര്യം പരിഗണിച്ച് മാലിന്യങ്ങൾ മാറ്റി നിർമ്മിച്ച പുന്തോട്ട പാർക്കുകൾ വിവിധ സ്ഥാപനങ്ങൾ, വ്യക്തികൾ, സംഘടനകൾ തുടങ്ങിയവരുടെ സഹായത്തോടെ സംരക്ഷിക്കാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തും.

6) കോളേജുകളിൽ ആരംഭിച്ച ഗ്രീൻ ബ്രിഗേഡ് പ്രവർത്തനം സജീവമാക്കാൻ വ്യത്യസ്ത പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. ഇതിനായ് ജില്ലയിൽ കോർ ഗ്രൂപ്പ് രൂപീകരിക്കും. എൻ.എസ് എസ്, ഭൂമിത്രസേന, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, തെരഞ്ഞെടുക്കപ്പെട്ട കോളേജ് അധ്യാപകർ എന്നിവർ കോർ ഗ്രൂപ്പിൽ അംഗങ്ങളായുണ്ടാവും. വിശദാംശങ്ങൾ തയ്യാറാക്കാൻ പ്രത്യേക ശില്പശാല സംഘടിപ്പിക്കും.





7) പൂർണമായും മാലിന്യം വലിച്ചെറിയാത്ത സുസ്ഥിര ശുചിത്വ ജില്ലയായി മാറ്റുന്നതിന് കർമപദ്ധതി തയ്യാറാക്കി നടപ്പാക്കും

**വിളവ്:**

1) നെൽവയൽ നികത്തൽ പ്രത്യക്ഷത്തിൽ കുറഞ്ഞ തോതിലാണ് നടക്കുന്നതെങ്കിലും തരിശിടൽ വളരെ വ്യാപകമാണ്. അതോടൊപ്പം പല കാരണങ്ങളാലും കരഭൂമിയും തരിശിടുന്നത് വർധിക്കുന്നു.

ഈ പ്രവണത നിരുൽസാഹപ്പെടുത്താൻ കാർഷിക മേഖലയിലെ വിവിധ സംഘടനകളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ഏകോപ്പിച്ചു കൊണ്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിൽ തരിശിടങ്ങളുടെ ഉടമസ്ഥത, വിസ്തീർണം തുടങ്ങിയ കാര്യങ്ങളിൽ വിവര ശേഖരണം നടത്തുകയും ( തരിശ് ഭൂമി ഡയറക്ടറി ) ലഭ്യമായ വിവരങ്ങൾ വ്യാപകമായി പ്രസിദ്ധീകരിക്കുകയും ചെയ്യും. തുടർന്ന് തരിശ് ഭൂമികൾ കൃഷിയോഗ്യമാക്കാൻ താല്പര്യമുള്ളവർക്ക് ഭൂമി ലീസിന് നല്കാൻ ഉടമകളെ പ്രേരിപ്പിക്കുന്ന ക്യാമ്പയിൻ സംഘടിപ്പിക്കുകയും ചെയ്യും. ഈയൊരു പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കാൻ വിദഗ്ധരെയും പ്രായോഗിക പരിജ്ഞാനം ഉള്ളവരെയും പങ്കെടുപ്പിച്ചു കൊണ്ട് ജില്ലാതല ശില്പശാലയും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കും.

2) പച്ചത്തുരുത്തുകൾ എന്ന പദ്ധതി ഇപ്പോൾ ജനകീയമായിട്ടുണ്ട്. ആരാധനാലയങ്ങളിൽ ദേവഹരിതം എന്ന പ്രവർത്തനവും വിജയം വരിച്ചു കഴിഞ്ഞു. എന്നാൽ ഇനിയും ധരാളം ഭൂമി ഇത്തരത്തിൽ പച്ചത്തുരുത്തുകൾക്കായ് ഉപയോഗപ്പെടുത്താനായി ബാക്കി ഉണ്ട്. വ്യക്തികളുടെ സ്മരണ നിലനിർത്താൻ വേണ്ടിയുള്ള പച്ചത്തുരുത്ത് സ്മാരകങ്ങൾ തയ്യാറാക്കുന്ന പ്രത്യേക പരിപാടി ജില്ലയിൽ നടപ്പിലാക്കും. പച്ചത്തുരുത്ത് ഒരുക്കാൻ ഭൂമി സംഭാവന നല്കുകയും (രജിസ്റ്റർ ചെയ്തു നല്കേണ്ടതില്ല) അദ്ധ്വാനത്തിനാവശ്യമായ ധനം നല്കുകയും ചെയ്യുന്ന വ്യക്തിയുടെ ആഗ്രഹ പ്രകാരം സ്മാരക പച്ചത്തുരുത്തു തയ്യാറാക്കി കൊടുക്കൽ, ബന്ധുക്കളുടെ ചരമം, മറ്റ് ഓർമ്മ ചടങ്ങുകൾ എന്നിവ ഓർമ്മപ്പെടുത്തും വിധം മരങ്ങൾ നട്ട് ഒരുക്കുന്ന സ്മൃതി വന പച്ചത്തുരുത്ത്, പ്രാദേശിക സ്ഥലനാമങ്ങളെ ഓർമ്മിപ്പിക്കുന്ന വൃക്ഷ തൈകൾ നടുന്ന സ്ഥലനാമ പച്ചത്തുരുത്ത് വ്യാപിപ്പിക്കൽ.

3) കെട്ടിടങ്ങൾ നിറയുകയാണ് കണ്ണൂർ ജില്ലയിലും. ഇവ ഭൂമിയിലെ പച്ചപ്പിനെ വിഴുങ്ങി

കൊണ്ടിരിക്കുന്നു. നെറ്റ് സീറോ കാർബൺ ലക്ഷ്യത്തിൽ എത്തിക്കുന്നതിൽ പച്ചപ്പിന്റെ വ്യാപ്തി പ്രധാന ഘടകമാണ്. കെട്ടിടങ്ങളുടെ മുകൾ ഭാഗത്തും ( ടെറസ് കൃഷി) വശങ്ങളിലും ചെടികൾ നട്ടുവളർത്തുന്ന ( വെർട്ടിക്കൽ ഫാമിങ്ങ് ) ടവർ ഫാമിങ്ങ് ) തുടങ്ങിയവ പ്രോൽസാഹിപ്പിക്കാൻ കൃഷി വിജ്ഞാനകേന്ദ്രം പോലുള്ള സംവിധാനങ്ങൾ, കർഷക സംഘടനകൾ, കൃഷി കൂട്ടം, എഫ് . പി. ഒ തുടങ്ങിയവയെ അണിനിരത്തി ജില്ലാ തല ശില്പശാലകൾ സംഘടിപ്പിക്കും. മികച്ച ടെറസ് കൃഷി, ടവർ ഫാമിങ് വെർട്ടിക്കൽ ഫാമിങ്ങ് എന്നിവയ്ക്ക് ജില്ലാതലത്തിൽ പ്രോത്സാഹനം നല്കും.

4) വിദ്യാലയങ്ങളിൽ ശലഭോദ്യാനങ്ങൾക്ക് നല്ല സാധ്യതയാണ്. നിലവിൽ നിരവധി വിദ്യാലയങ്ങളിൽ ശലഭോദ്യാനങ്ങൾ ഉണ്ട്. പക്ഷേ, ഇവയ്ക്ക് തുടർ പരിചരണം കിട്ടുന്നത് വളരെ കുറവാണ്. ഇക്കാര്യം കണക്കിലെടുത്ത് ജില്ലയിലെ എല്ലാ എൽ.പി, യു. പി സ്കൂളുകളിലും ശലഭോദ്യാന നിർമിതിക്ക് ഹരിതകേരളം മിഷൻ മുൻകൈ എടുക്കും. അവയുടെ തുടർ സംരക്ഷണം ലക്ഷ്യമിട്ട് പ്രത്യേക മോണിറ്ററിങ്ങ് സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കാൻ ഹരിതകേരളം മിഷൻ മുന്നിട്ടിറങ്ങും. മികച്ച ശലഭോദ്യാനത്തിന് ജില്ലാതല പുരസ്കാരം നല്കും.

5) അങ്കണവാടികൾ ജില്ലയിൽ സജീവമാണ്. ഇവയിൽ നെറ്റ് സീറോ ലക്ഷ്യത്തോടെ അംഗൻജ്യോതി എന്ന ഊർജ്ജ സംരക്ഷണ പ്രവർത്തനം ഇതിനകം ആരംഭിച്ചിട്ടുമുണ്ട്. അങ്കണവാടിയിൽ സ്ഥിരമായി പച്ചക്കറി ഉല്പാദനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രത്യേക പദ്ധതി നടപ്പിലാക്കാൻ ഹരിതകേരളം മിഷൻ കർമ്മ പദ്ധതി തയ്യാറാക്കും. ഇത്തരത്തിൽ അംഗൻജ്യോതി, സുസ്ഥിര പച്ചക്കറി കൃഷി, ജൈവ മാലിന്യ സംസ്കരണത്തിന് സ്ഥിരം സംവിധാനം, കുട്ടികൾക്കിടയിൽ അജൈവ മാലിന്യങ്ങളോടുള്ള സമീപനത്തിലെ നിലപാട് എന്നീ ഘടകങ്ങൾ പരിഗണിച്ച് മികച്ച അംഗൻവാടികൾ ബ്ലോക്ക് തലത്തിൽ കണ്ടെത്തി പ്രത്യേക പുരസ്കാരം നല്കും.

6) കൃഷി ചെയ്യുന്നതോടൊപ്പം അത് കാണാൻ ജനങ്ങൾ വരികയും അതൊരു വരുമാന മാർഗ്ഗമായി മാറ്റാൻ കഴിയുന്ന ഫാം ടൂറിസം ജില്ലയിൽ വളർന്നു വികസിക്കേണ്ടതുണ്ട്. ഇതിനായ് കൃഷി വകുപ്പ്, ടൂറിസം വകുപ്പ്, ടൂറിസം മേഖലയിലെ വിവിധ സംഘടനകൾ എന്നിവയുടെയുടെ ജില്ലാ കൺസോർഷ്യം രൂപീകരിക്കും.

7) വിദ്യാലയങ്ങളിലെ പച്ചത്തുരുത്തുകൾ, പൂന്തോട്ട നിർമ്മാണം, ശലഭോദ്യാനം, ചെറിയ പാർക്ക് നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളെ ഉൾപ്പെടുത്തി വിദ്യാലയങ്ങൾ ഗ്രേഡ് ചെയ്യുകയും അതനുസരിച്ച് വിദ്യാലയങ്ങൾക്ക് സ്റ്റാർ പദവി നല്കുകയും ചെയ്യും. ഈ പ്രവർത്തനം തുടർച്ചയായി അഞ്ച് വിദ്യാലയ വർഷങ്ങളിലും നടത്തും.

8) മേൽ പ്രവർത്തനങ്ങൾക്ക് പുറമേ യൂണിയൻ -സംസ്ഥാന സർക്കാരുകൾ, ജില്ലാ ആസൂത്രണ സമിതി, ജില്ലാ പഞ്ചായത്ത് ഉൾപ്പെടുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവയും വിവിധ സർക്കാർ വകുപ്പുകളും നല്കുന്ന നിർദ്ദേശങ്ങൾ കൂടി മിഷൻ എന്ന നിലയിൽ ഏറ്റെടുക്കും

9) പുഴകൾ, തോടുകൾ എന്നിവ ശുചിയായി നിലനിർത്തുകയും ഇതിന്റെ ഓരങ്ങളിൽ ചെടികളും പച്ചത്തുരുത്തുകളും നട്ട് പരിപാലിക്കും.

### നെറ്റ് സീറോ കാർബൺ ജില്ല:

1) ജില്ലയിൽ നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുറമെ എല്ലാ തദ്ദേശ സ്ഥാപനങ്ങളെയും നെറ്റ് സീറോ കാർബൺ പദവിയിലെത്തിക്കാനുള്ള പ്രവർത്തന പരിപാടികൾ ആവിഷ്കരിക്കും.

2) നെറ്റ് സീറോ പഞ്ചായത്തുകളിലെ എല്ലാ സ്ഥാപനങ്ങളെയും നിശ്ചിത കാലയളവിൽ നെറ്റ് സീറോ പദവിയിലെത്തിക്കാനുള്ള പരിപാടി തയ്യാറാക്കി നടപ്പാക്കും.

3) നെറ്റ് സീറോ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് യുവജനങ്ങൾ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവർക്ക് വിപുലമായ ബഹുജന വിജ്ഞാന പരിപാടി സംഘടിപ്പിക്കും.